# തകഴി കൃതികളുടെ സ്ത്രീപക്ഷവായന: നോവലുകളെ ആധാരമാക്കിയുള്ള പഠനം

*കാലിക്കറ്റ് സർവ്വകലാശാലയിൽ*
*ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി*
*സമർപ്പിക്കുന്ന പ്രബന്ധം*

**ദീപാജോർജ്ജ് വി.**

**മലയാള–കേരളപഠനവിഭാഗം**
**കാലിക്കറ്റ് സർവ്വകലാശാല**

**2023**

# A FEMININE PERSPECTIVE OF LITERARY WORKS OF THAKAZHI :
# (A Study Based on Novels)

*Thesis submitted to*
*the University of Calicut in partial fulfillment of*
*the requirements for the award of the Degree of*

**DOCTOR OF PHILOSOPHY IN MALAYALAM**


**DEEPA GEORGE V.**



**DEPARTMENT OF MALAYALAM AND KERALA STUDIES**
**UNIVERSITY OF CALICUT**

**2023**

# സത്യപ്രസ്താവന

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന **''തകഴി കൃതികളുടെ സ്ത്രീപക്ഷവായന : നോവലുകളെ ആധാരമാക്കിയുള്ള പഠനം''** എന്ന പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെലോഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോ സമർപ്പിച്ചിട്ടുള്ളതല്ലെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: കാലിക്കറ്റ് സർവ്വകലാശാല
തീയതി:

ദീപാജോർജ്ജ് വി.

**ഡോ. കെ. വി. തോമസ്**
സുവർണ്ണ രേഖ
എരഞ്ഞിപ്പാലം
റിപ്പബ്ലിക്ക് റോഡ്, കോഴിക്കോട്

# സാക്ഷ്യപത്രം

**ദീപാജോർജ്ജ് വി.** സമർപ്പിച്ച ''**തകഴി കൃതികളുടെ സ്ത്രീപക്ഷവായന : (നോവലുകളെ ആധാരമാക്കിയുള്ള പഠനം)''** എന്ന പ്രബന്ധം പരീക്ഷകർ നിർദ്ദേശിച്ച ഭേദഗതികൾ വരുത്തി പരിഷ്ക്കരിച്ച കോപ്പിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല

**ഡോ. കെ. വി. തോമസ്**
ഗവേഷണമാർഗ്ഗദർശി

**മലയാള-കേരളപഠന വിഭാഗം**
**കാലിക്കറ്റ് സർവ്വകലാശാല**

**ഡോ. കെ. വി. തോമസ്**
സുവർണ്ണ രേഖ
എരഞ്ഞിപ്പാലം
റിപ്പബ്ലിക്ക് റോഡ്, കോഴിക്കോട്

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി ദീപാജോർജ്ജ് വി., സമർപ്പിക്കുന്ന **''തകഴി കൃതികളുടെ സ്ത്രീപക്ഷ വായന : നോവലുകളെ ആധാരമാക്കിയുള്ള പഠനം''** എന്ന പ്രബന്ധം എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: കാലിക്കറ്റ് സർവ്വകലാശാല
തീയതി:

**ഡോ. കെ. വി. തോമസ്**
ഗവേഷണമാർഗ്ഗദർശി

**ഡോ. എം. ബി. മനോജ്**
അസിസ്റ്റന്റ് പ്രൊഫസർ
മലയാള-കേരളപഠന വിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി ദീപാജോർജ്ജ് വി., സമർപ്പിക്കുന്ന **''തകഴി കൃതികളുടെ സ്ത്രീപക്ഷ വായന : നോവലുകളെ ആധാരമാക്കിയുള്ള പഠനം''** എന്ന പ്രബന്ധം ഉപമാർഗ്ഗദർശി എന്ന നിലയിൽ എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: കാലിക്കറ്റ് സർവ്വകലാശാല
തീയതി:

**ഡോ. എം. ബി. മനോജ്**
ഗവേഷണഉപമാർഗ്ഗദർശി

# നന്ദി

വിഷയസ്വീകരണം മുതൽ പ്രബന്ധസമർപ്പണംവരെ വിഷയത്തിന്റെ വിവിധവശങ്ങൾ ചർച്ചചെയ്ത് സ്വതന്ത്രവും ക്രിയാത്മകവും സൗഹാർദ്ദപരവുമായ നിർദ്ദേശങ്ങൾ നൽകിയ മാർഗ്ഗദർശി ഡോ. കെ. വി. തോമസ് സാറിനും, ആദ്യന്തം എഴുത്തിനും ചിന്തയ്ക്കും മനസ്സിനും തെളിച്ചം പ്രധാനം ചെയ്ത് പ്രബന്ധത്തെ നിരന്തരം പുതുക്കിയ ഉപമാർഗ്ഗദർശി ഡോ. എം. ബി. മനോജ്സാറിനും ഗവേഷണത്തിന്റെ പൂർത്തീകരണത്തിനായിസഹായിച്ച വകുപ്പധ്യക്ഷൻ ഡോ. പി. സോമനാഥൻസാറിനും പല രീതിയിൽ ഇടപ്പെട്ട അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും .....

കാലിക്കറ്റ് സർവ്വകലാശാല ലൈബ്രറി, കേരളസർവ്വകലാശാല ലൈബ്രറി, കാര്യവട്ടം കാമ്പസ് ലൈബ്രറി, കേരളസാഹിത്യ അക്കാദമി ലൈബ്രറി, ആലുവ യൂണിയൻ ക്രിസ്ത്യൻകോളേജ് ലൈബ്രറി, എറണാകുളം പബ്ലിക്ക് ലൈബ്രറി, പറവൂർ പബ്ലിക്ക് ലൈബ്രറി, പറവൂർ കെടാമംഗലം പപ്പുക്കുട്ടി മെമ്മോറിയൽ ലൈബ്രറി, കാലടി സംസ്കൃതസർവ്വകലാശാല ലൈബ്രറി, ചേന്ദമംഗലം ലൈബ്രറി എന്നീ ലൈബ്രറികളിലെ ജീവനക്കാർക്കും....

ഗവേഷണകാലത്തുടനീളം ഒപ്പമുണ്ടായിരുന്ന എന്റെ എല്ലാ സുഹൃത്തുക്കൾക്കും, ഗവേഷകസുഹൃത്തുകൾക്കും, വി. സി. എസ്. ഹയർ സെക്കണ്ടറിയിലെ പ്രിൻസിപ്പാളിനും, അധ്യാപക അനധ്യാപകസുഹൃത്തുക്കൾക്കും......

സ്വർഗ്ഗസ്ഥരായ എന്റെ മാതാപിതാക്കൾക്കും .....

പ്രിയപ്പെട്ട കുടുംബാംഗങ്ങൾക്കും.....

ഡി.റ്റി.പി വർക്കുകൾ ഭംഗിയായി നിർവ്വഹിച്ച ബിന ഫോട്ടോസ്റ്റാറ്റിലെ ജീവനക്കാർക്കും.....

എനിക്ക് എന്നും വഴികാട്ടിയായ എന്റെ നല്ല പാതി ശ്രീ. കെ. ടി. മാത്തച്ചനും.......

ഗവേഷണവഴിയിൽ എല്ലാസഹായവുമായി കൂടെനിന്ന എന്റെ മക്കൾ ടോമിനും, ശ്യാമിനും.......

സർവ്വോപരി വഴിതെളിച്ച, വഴിനടത്തിയ ദൈവത്തിനും, ദൈവമാതാവിനും...

എല്ലാവർക്കും, എല്ലാറ്റിനും ഹൃദയം നിറയെ സ്നേഹം... നന്ദി....

**ദീപാജോർജ്ജ്. വി**

# ഉള്ളടക്കം


| | പേജ് നമ്പർ |
|---|---|
| **ആമുഖം** | 1 - 7 |
| **അധ്യായം 1** | 9 - 46 |
| **സ്ത്രീവാദം- -ചരിത്രത്തിന്റെ നാൾ വഴികളിലൂടെ** | |
| സ്ത്രീവാദം ഉൽഭവം | 9 |
| പാശ്ചാത്യസ്ത്രീപ്രസ്ഥാനവും തരംഗമുന്നേറ്റവും | 12 |
| വിവിധകാലങ്ങളിലെ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ | 14 |
| സൈക്കോ അനാലിറ്റിക് ഫെമിനിസം | 22 |
| ആന്റി ഫെമിനിസം | 22 |
| സ്ത്രീശാക്തീകരണം ഭാരതത്തിൽ | 22 |
| സ്ത്രീശാക്തീകരണം കേരളത്തിൽ | 26 |
| സംഘബോധവും കേരളീയ സ്ത്രീകളും | 28 |
| സ്ത്രീസമരചരിത്രം | 28 |
| സ്ത്രീസാഹിത്യവും സങ്കൽപവും | 32 |
| നവോത്ഥാന ചിന്തകളിലെ സ്ത്രീപരാമർശങ്ങൾ | 33 |
| സമൂഹത്തിൽ സ്ത്രീനേരിടുന്ന വെല്ലുവിളികൾ | 34 |
| മാധ്യമങ്ങളിലെ സ്ത്രീ ചിത്രീകരണം | 36 |
| ഭാഷയിലെ പുരുഷാധിപത്യ പ്രവണത | 39 |
| സ്ത്രീ സ്വാതന്ത്ര്യം കലാപ്രസ്ഥാനത്തിൽ | 39 |
| സ്ത്രീ നാടകചരിത്രം  മലയാള സാഹിത്യത്തിൽ | 40 |
| ശിൽപകലയിലെ സ്ത്രീസാന്നിദ്ധ്യം | 41 |
| ഫെമിനിസ്റ്റ് ഫിലിം തിയറി | 42 |
| ഉപസംഹാരം | 42 |
| **അധ്യായം 2** | 47 -58 |
| **പുതുയുഗപ്പിറവി** | |
| പുരോഗമന സാഹിത്യപ്രസ്ഥാനം | 48 |
| തകഴി ശിവശങ്കരപ്പിള്ള | 49 |
| കേസരി ബാലകൃഷ്ണപ്പിള്ള | 53 |
| എം. പി. പോൾ | 54 |
| കേശവദേവ് | 55 |

വൈക്കം മുഹമ്മദ് ബഷീർ 55
ലളിതാംബിക അന്തർജ്ജനം 56
ഉപസംഹാരം 57

**അധ്യായം 3** **59 - 117**
**രണ്ടിടങ്ങഴി വർഗ്ഗവിപ്ലത്തിന്റെ വിജയം**

കഥാസാരം 59
രണ്ടിടങ്ങഴി: സ്ത്രീയുടെ നിലയും സ്ഥാനവും 64
പാരമ്പര്യനിരാസവും പാരമ്പര്യഖണ്ഡനവും 65
വ്യവസ്ഥയുടെ വിയോജിപ്പുകൾ 68
ചിരുത വർഗബോധത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സൗന്ദര്യം 71
കുടുംബദർശനം രണ്ടിടങ്ങഴിയിൽ 83
പെണ്ണും മണ്ണും രണ്ടിടങ്ങഴിയിൽ 88
പെണ്ണിന്റെ കാഴ്ചവട്ടങ്ങൾ രണ്ടിടങ്ങഴിയിൽ 90
സത്രീപുരുഷ സൗഹൃദവും പ്രണയവും രണ്ടിടങ്ങഴിയിൽ 92
ചിരുതയിലെ മനോവിപ്ലവം 95
ദളിത് നവോത്ഥാനം 97
കാർഷിക സംസ്കാരത്തിൽ ഊന്നിയ സ്ത്രീജീവിതങ്ങൾ 99
കൈവശാവകാശവും കൈമാറ്റവും ചിരുതയുടെ കർതൃത്വവും 103
കഥാപാത്ര നിരൂപണം 106
ഉപസംഹാരം 113

**അധ്യായം 4** **119 - 189**
**മിത്തും മിത്തിനുള്ളിലെ സ്ത്രീസഹനവും**

കഥാസാരം 119
സ്നേഹത്തിന്റെ കൊടിക്കൂറയേന്തുന്ന പെണ്ണ് 125
പാരിസ്ഥിതികദർശനത്തിന്റെ പൊരുൾ ചെമ്മീനിൽ 126
റാഡിക്കൽ ഫെമിനിസം ചെമ്മീൻ എന്ന നോവലിൽ 130
പ്രതിസന്ധിയും നിലനിൽപ്പും 134
കറുത്തസ്ത്രീകളും സൗന്ദര്യസങ്കൽപ്പവും 136
ആഗോളവത്കരണവും സ്ത്രീ സാന്നിധ്യവും ചെമ്മീൻ എന്ന നോവലിൽ 138
പുരാവൃത്തവും ചെമ്മീൻ എന്ന നോവലും 141
ആചാരാനുഷ്ഠാനവും കടലമ്മ എന്ന ദൈവവും ചെമ്മീനിൽ 146
കാലദർശനം ചെമ്മീൻ എന്ന നോവലിൽ 150
ആൺനോട്ടവും സദാചാരവും ചെമ്മീനിൽ 151

കഥാപാത്ര നിരൂപണം 152
ഉപസംഹാരം 185

**അധ്യായം 5** **191 - 263**
**ജീവിതപരിണാമത്തിന്റെ ഇതിഹാസം**

കഥാസാരം 192
കുടുംബ ദർശനവും ജീവിതവീക്ഷണവും 196
സമൂലപരിവർത്തനസ്ത്രീവാദത്തിന്റെ അംശങ്ങളും ഏണിപ്പടികൾ എന്ന നോവലും. 211
പരിവർത്തനവും കാഴ്ച്ചപ്പാടും 214
പരിവർത്തനത്തിന്റെ ചില ചെറുചലനങ്ങൾ 216
കാലദർശനം ഏണിപ്പടികളിൽ 217
ബ്യൂറോക്രാറ്റിക് സംവിധാനവും സ്ത്രീകളും 223
രാഷ്ട്രീയ ചിന്തകളുടെ സ്വാംശീകരണത്തിൽ സ്ത്രീകഥാപാത്രങ്ങളുടെ പങ്ക് 226
കഥാപാത്ര നിരൂപണം 229
ഉപസംഹാരം 259

**അധ്യായം 6** **265 - 266**
**തുടർപഠനസാധ്യതകളും പഠനപരിമിതിയും**

**അധ്യായം 7** **267 - 279**
**വിലയിരുത്തലുകളും കണ്ടെത്തലുകളും**

**ഗ്രന്ഥസൂചി** **281 - 288**

# ആമുഖം

തകഴികൃതികളുടെ സ്ത്രീപക്ഷവായന : നോവലുകളെ ആധാരമാക്കിയുള്ള പഠനം എന്ന ഗവേഷണ പ്രബന്ധം തകഴികൃതികളുടെ സ്ത്രീപക്ഷനിലപാടുകളെ കുറിച്ചുള്ള സൈദ്ധാന്തികവിമർശനമാണ് ലക്ഷ്യമാക്കുന്നത്. തകഴിയുടെ നോവലുകളെല്ലാംതന്നെ മലയാളസാഹിത്യത്തിൽ ഏറെ ചർച്ചചെയ്യപ്പെട്ടിട്ടുള്ളതാണ്. കാലദേശസംബന്ധിയും സംസ്ക്കാരസംബന്ധിയുമായ തകഴിസാഹിത്യത്തെ പുതുവായനയിലൂടെ വിലയിരുത്താനാണ് ഈ ഗവേഷണപ്രബന്ധം ശ്രമിക്കുന്നത്. നിസ്വരെന്ന് മാത്രം വിലയിരുത്തിയ സ്ത്രീകഥാപാത്രങ്ങളാണ് തകഴിയുടെ നോവലുകളിൽ കാണപ്പെടുന്നത്. ഈ കഥാപാത്രങ്ങൾ തങ്ങൾ ജീവിച്ച സമൂഹത്തിൽ ചില അടയാളപ്പെടുത്തലുകൾ നടത്തുന്നുണ്ട്. പുനർവായനയിലൂടെ ഈ അടയാളപ്പെടുത്തലുകളെ വിലയിരുത്തകയാണ് പ്രബന്ധത്തിൽ ഈ നോവലുകളിലെ സ്ത്രീകഥാപാത്രങ്ങളുടെ ജീവിതദർശനങ്ങളും തത്വചിന്തകളും കാലപ്രവാഹത്തിൽ ഒലിച്ചുപോകാതെ നിലനിൽക്കുന്നു. സ്ത്രീ, പ്രകൃതിയുടെ വഴിയാണ് തിരഞ്ഞെടുക്കുന്നതെന്നും, സ്ത്രീസത്ത സ്ഥാണുവായ ഒരു രാശിയിൽ കുടുങ്ങികിടക്കുന്നില്ലായെന്നും ഫെമിനിസ്റ്റ് സൈദ്ധാന്തികർ അഭിപ്രായപ്പെടുന്നു. (*ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രം*, ഗിസ്സലോ ഏക്കർ, പരിഭാഷ :ജാനകി, ഡോ. കെ. ഗോപിനാഥ്) ഇത്തരത്തിൽ തകഴികൃതികളിലെ തിരഞ്ഞെടുത്ത മൂന്നുനോവലുകളിലെ സ്ത്രീസത്തയെക്കുറിച്ചുള്ള വിശകലനം നടത്തുമ്പോൾ, ഈ സ്ത്രീകൾ അവരുടെ ജീവിതസാഹചര്യങ്ങളിൽ പുലർത്തുന്ന ധൈഷണികവ്യാപാരങ്ങൾ ഏക്കാലത്തും പ്രസക്തമാണെന്ന് മനസ്സിലാകും. പുരുഷന്റെ കീഴിൽ നിന്നുകൊണ്ട് പുരുഷചിന്തകൾക്കും മേലെ അവർ പ്രകടിപ്പിക്കുന്ന ജീവിതവീക്ഷണങ്ങൾ സവിശേഷശ്രദ്ധ ആകർഷിക്കുന്നതാണ്.

കേരളീയജീവിതത്തിന്റെ സമസ്തമേഖലകളെയും പ്രതിഫലിപ്പിക്കുന്നതാണ് തകഴിക്കൃതികൾ. കയ്യൂക്കിന്റെ പിൻബലത്തിൽ സ്ത്രീയെ ലൈംഗിക ഉപകരണമാക്കുന്ന അധികാരരൂപങ്ങളെയും, അടുക്കളയുടെ നാല് ചുവരുകൾക്കുളളിൽ ഒതുക്കപ്പെട്ട് പുരുഷന്റ കാമനകൾക്ക് വിധേയമാകുന്ന സ്ത്രീകളെയും, ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി എന്ന പരമ്പരാഗത സങ്കല്പ്പത്തെ മുറുകെപിടിച്ച് പുരുഷനെ ഈശ്വരനായി കണ്ട് ആരാധിക്കുന്ന പതിവ്രതകളെയും പുരുഷമേധാവിത്വത്തിന് വഴങ്ങാത്തവരെയും വേശ്യാവൃത്തിയിൽ ഏർപ്പെട്ടവരെയും തകഴിയുടെ നോവൽ സാമ്രാജ്യത്തിൽ നിന്നും വായിച്ചെടുക്കാം.

വെള്ളത്താൽ ചുറ്റപ്പെട്ട ആറുകരകളുള്ള ചെറിയൊരു പ്രദേശത്ത് കായലിനെയും, കൃഷിയെയും, ജീവനോപാധിയാക്കി കൊണ്ട് പ്രകൃതിയോട് ഇണങ്ങിയും പോരാടിയും അതിജീവിച്ചുകഴിയുന്ന നിസ്വരായ മനുഷ്യരുടെ ജീവിതങ്ങൾ ഉൾകൊള്ളുന്നതാണ് രണ്ടിടങ്ങഴി എന്ന നോവൽ. ജന്മികുടിയാൻ വ്യവസ്ഥിതിയുടെ അനാരോഗ്യകരമായ പ്രവണതകൾക്കെതിരെ ശബ്ദമുയർത്തുകയും, പുരുഷനോടൊപ്പം തോളോട്തോൾ ചേർന്ന് വിപ്ലവത്തിന് പിന്തുണ നൽകുകയും ചെയ്യുന്ന ആർജവമുള്ള സ്ത്രീകളെയും രണ്ടിടങ്ങഴി എന്ന നോവലിൽ കാണാം. മിത്തുകളിൽ കുരുങ്ങി, ജീവിതത്തോട് മല്ലടിക്കുന്ന തുറയിലെ സാധാരണ സ്ത്രീ ജീവിതങ്ങളെയാണ് ചെമ്മീൻ എന്ന നോവലിൽ പരാമർശിക്കുന്നത്. സ്ത്രീയെ ഏണിപ്പടിയാക്കി അധികാരസിരാകേന്ദ്രം കൈയാളുന്ന പുരുഷകേസരികൾ അടങ്ങുന്ന ലോകത്തെയാണ് ഏണിപ്പടികൾ എന്ന നോവലിൽ പരാമർശിക്കുന്നത്.

കുട്ടനാടിന്റെ പശിമയേറിയ മണ്ണുപോലെ ബലപ്പെടുത്തിയ തകഴിക്കൃതികളിലെ സ്ത്രീചിന്തകളെ വിശകലനം ചെയ്യുമ്പോൾ, സമൂഹത്തിലെ പുരുഷനീതി ചോദ്യംചെയ്യപ്പെടുകയാണ്. നവോത്ഥാന സാഹിത്യകാരിൽ പ്രധാനിയായ തകഴി പാർശ്വവത്കരിക്കപ്പെട്ട സ്ത്രീകൾക്കാണ് തന്റെ കഥകളിൽ സ്ഥാനംനൽകിയത്. അതുവഴി അന്നത്തെ സമൂഹത്തിൽ സ്ത്രീശാക്തീകരണത്തിന് പിന്തുണ നല്കുന്ന സ്ത്രീവിരുദ്ധ ചിന്തകളുടെ ഘടകങ്ങളും തകഴി കൃതികളിൽ ദർശിക്കാനാവും. മനശാസ്ത്രത്തിന്റേയും സാമൂഹ്യശാസ്ത്രത്തിന്റേയും കാഴ്ച്ചപ്പാടുകൾ ഉപയോഗപ്പെടുത്തിയിട്ടുള്ള തകഴി, സ്ത്രീ പുരുഷബന്ധത്തെ കുറിച്ചുള്ള സമൂഹത്തിന്റെ ചിന്തകളേയും പ്രവൃത്തികളേയും തന്റെ കൃതികളിൽ ആവിഷ്കരിക്കുന്നു.

**പ്രസക്തി**

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ജീവിതത്തിന്റെ സമസ്ത മേഖലകളിലും സ്ത്രീ മുന്നേറ്റം കാണുവാൻ കഴിയും. നിർഭാഗ്യവശാൽ സ്ത്രീകളുടെ സാമൂഹികപദവി ഇന്ന് തുലോം ശോചനീയമാണ്. സ്ത്രീശാക്തീകരണത്തിന്റെ ചിന്താസാന്നിദ്ധ്യം എത്താതിരുന്ന ഒരു കാലമായിരുന്നിട്ടുപോലും വ്യക്തിത്വവും ആർജവവും താൻ പോരിമയുമുള്ള നാരീസമൂഹപ്രതിഷ്ഠ നടത്തുവാൻ ഇരുപതാംനൂറ്റാണ്ടിലെ കുട്ടനാടിന്റെ ഇതിഹാസകാരനു സാധിച്ചു. സാമൂഹിക മൂല്യങ്ങൾക്ക് പലവിധ വെല്ലുവിളികൾ രൂപപ്പെട്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് തകഴിക്കൃതികളിലെ സ്ത്രീപക്ഷവും, അതേസമയം ഈ കൃതികളിൽ ഉള്ളടങ്ങുന്ന സ്ത്രീവിരുദ്ധവുമായ ചിന്തകളെ വർത്തമാന കാലസമൂഹത്തിന് മുന്നിൽ എത്തിക്കുക എന്നതാണ് ഈ വിഷയത്തിന്റെ സമകാലിക പ്രസക്തി.

ജീവിതത്തിന്റെ പ്രശ്നങ്ങളിൽ നിന്നും ഒളിച്ചോടി ആത്മഹത്യയിലും കൊലപാതകത്തിലും അഭയംതേടുന്ന ആധുനികലോകം തകഴി കൃതികളിലെ അതിജീവനചിന്ത ഉൾകൊള്ളേണ്ടതാണ്. അദ്ദേഹത്തിന്റെ നോവൽസാഹിത്യ ത്തിൽ പ്രകടമാകുന്ന സാമൂഹികപരിവർത്തനവും, ആ പരിവർത്തനത്തിലൂടെ ഉരു ത്തിയിരുന്ന കുടുംബസങ്കൽപ്പങ്ങളെയും സ്ത്രീകഥാപാത്രങ്ങളെയും സൂക്ഷ്മമായി വിലയിരുത്തേണ്ടതും, തകഴിയുടെ സ്ത്രീകഥാപാത്രങ്ങളുടെ പ്രത്യേകത കളെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതും, ഈ പഠനത്തിന്റെ പ്രസക്തി എടുത്തുകാട്ടു ന്നു.

**പഠനരീതി**

നോവലുകളിലെ സാമൂഹികരാഷ്ട്രീയ സാംസ്കാരിക പരിപ്രേക്ഷ്യത്തെ വെളിപ്പെടുത്തുന്നതോടൊപ്പം കഥാപാത്രനിരൂപണം, കുടുബദർശനം, ദലിത് വാദം, സ്ത്രീപാരിസ്ഥിതികവാദം, സ്ത്രീവാദ ആശയങ്ങൾ, തുടങ്ങിയ പുതുവായ നകൾ ഈ പ്രബന്ധത്തിന്റെ രീതി ശാസ്ത്രത്തിൽപ്പെടുന്നു. ആധുനികവും ആധുനി കാനന്തരവുമായ നിരൂപണ പദ്ധതികളുടെ അടിസ്ഥാനത്തിലാണ് ഈ ഗവേഷണം പുരോഗമിക്കുന്നത്.

**പഠന ലക്ഷ്യം**

നവോത്ഥാനസാഹിത്യകാരൻമാരിൽ പ്രധാനിയായ തകഴി ശിവശങ്കരപ്പിള്ള യുടെ നോവലുകളെക്കുറിച്ച് ഏറെ പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും അതിലെ സ്ത്രീകഥാപാത്രങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ തുലോം വിരളമാണ്. തിരഞ്ഞെ ടുത്ത മൂന്ന് നോവലിലെ സ്ത്രീകഥാപാത്രങ്ങൾ സമൂഹത്തിന് നൽകുന്ന പാഠമെ ന്തെന്ന് കണ്ടെത്തുകയാണ് ഈ പ്രബന്ധത്തിന്റെ പഠനലക്ഷ്യം. നല്ലൊരു കർഷക തൊഴിലാളിയായ ചിരുതയും, അന്ധവിശ്വാസത്തെ എതിർത്തുകൊണ്ട് മരണത്തെ പ്പുൽകിയ കറുത്തമ്മയും അധികാരദുർമോഹവും സ്ത്രീവിഷയത്തിലുള്ള താൽപ ര്യവും ജീവിതത്തിലുടനീളം പുലർത്തുന്ന കേശവപ്പിള്ളയും സമൂഹത്തിന് ചില നേരറിവുകളെ നൽകുന്നുണ്ട്. അത് നല്ലതാവാം, തീയതാവാം. തിരഞ്ഞെടുത്ത ഈ നോവലുകളിലെ സ്ത്രീകഥാപാത്രങ്ങളുടെ നല്ലതും തീയതുമായ അംശങ്ങളെ കണ്ടെത്തുകയാണ് പ്രബന്ധപഠനത്തിന്റെ ലക്ഷ്യം. പുരുഷാധിപത്യത്തിൻകീഴിൽ വളരുന്ന ഈ നോവലുകളിലെ സ്ത്രീ സമൂഹം എത്തരത്തിൽ തങ്ങളുടെ സ്വത്വം വെളിപ്പെടുത്തുന്നുവെന്നതും ഈ പ്രബന്ധപഠനത്തിന്റെ ലക്ഷ്യമാണ്.

**പൂർവ്വ പഠനങ്ങൾ**

തകഴിക്കൃതികളെക്കുറിച്ചുള്ള നിരവധി പഠനങ്ങൾ ലഭ്യമാണെങ്കിലും അതിലെ സ്ത്രീകഥാപാത്രങ്ങളെക്കുറിച്ച്, വിശിഷ്യ ആ നോവലുകളെ നിയന്ത്രിച്ചു കൊണ്ട് പാർശ്വഭാഗങ്ങളിൽ ജീവിക്കുന്ന സ്ത്രീകഥാപാത്രങ്ങളെക്കുറിച്ചുള്ള പഠന പഠനങ്ങൾ ഇന്നും വിരളമാണ്. തകഴിയുടെ നോവലുകളെക്കുറിച്ചും എഴുത്തുരീതി കളെക്കുറിച്ചും പ്രതിപാദിക്കുന്ന നിരവധി കൃതികളുണ്ട്. ഡോ. പി. വേണുഗോപാ ലൻ രചിച്ച തകഴി വഴി (1997), പ്രൊഫ. ജി. ബാലചന്ദ്രന്റെ തകഴിയുടെ സർഗ്ഗപഥ ങ്ങൾ (2013), തകഴി ഓർമ കാലം, പഠനം (എഡി) കെ. ജയലാൽ (2011), എം. എം. നാരായണൻ രചിച്ച നോവൽ സൗന്ദര്യവും വൈരുദ്ധ്യവും (2017) വത്സലൻ വാതു ശ്ശേരിയുടെ പരീക്കുട്ടി എന്ന വാസ്കോഡമഗാമ (2015) തകഴി കാലഭൂപടങ്ങൾ (എ ഡി) ഷാജിജേക്കബ് (2012) തകഴി പഠനങ്ങൾ (എഡി) പന്മന രാമചന്ദ്രൻനായർ (2016), നോവൽ മലയാളത്തിൽ തകഴി മുതൽ മുകുന്ദൻവരെ പ്രൊ. എസ് ഗുപ്തൻനായർ തുടങ്ങി നിരവധി പഠനങ്ങളും തകഴി വായനയും പുനർവായ നയും (എഡി) രാജേഷ് ചിറപ്പാട് (2012) പയ്യന്നൂർ കുഞ്ഞിരാമന്റെ തകഴി ജ്ഞാന പീഠ ജേതാവ്, കഥയിലെ തകഴിച്ചിട്ട (പി. സുഷമ) അയ്യപ്പപ്പണിക്കരുടെ ലേഖന ങ്ങൾ തുടങ്ങിയ നിരൂപണ കൃതികളും ഷിജി പി. വിയുടെ തകഴിയുടെയും കേശ വദേവിന്റെയും നോവലുകളിൽ പ്രതിഫലിക്കുന്ന രാഷ്ട്രീയജീവിതം, തകഴി യുടെയും, സി. വി. യുടെ നോവലുകളിലെ സാമൂഹിക ജീവിതം, തകഴിയുടെയും രാജൻ കൃഷ്ണന്റെയും രചനകളിൽ നിഴലിക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ കൃ ഷ്ണൻ. ഒ, കയർ എന്ന നോവലിനെ അടിസ്ഥാനമാക്കി തകഴിയുടെ ഭാഷയെക്കു റിച്ച് ഒരു പഠനം, രവീന്ദ്രൻ പി. കെ, തകഴിയുടെ നോവലുകളിലെ സാമൂഹ്യപ്രതി ഫലനം, അന്നമ്മ ജേക്കബ് എന്നീ ഗവേഷണപ്രബന്ധങ്ങളും പൂർവ്വപഠനങ്ങളിൽ പെടുന്നവയാണ്. തകഴി എന്ന സാഹിത്യകാരന്റെ കാഴ്ചപ്പാടുകളെയും എഴുത്ത് രീതികളെയും വിശകലനം ചെയ്യുന്നുണ്ടെങ്കിലും, തകഴി എന്ന ദേശത്തെ അന്താരാ ഷ്ട്രതലങ്ങളിലെത്തിച്ച കൃതികളിലെ സാമൂഹ്യപരിവർത്തനങ്ങളെക്കുറിച്ചും അതിലെ സ്ത്രീകഥാപാത്രങ്ങളെക്കുറിച്ചുമുള്ള പഠനങ്ങൾ ഇനിയും ഉണ്ടാകേണ്ട താണ്.

ഒരു സമൂഹം വികസിതമെന്ന് വിശേഷിക്കപ്പെടണമെന്നുണ്ടങ്കിൽ അവി ടത്തെ സ്ത്രീകളുടെ സാമൂഹികപദവി വിമർശനാത്മകമായി പഠന വിധേയമാക്കേ ണ്ടതുണ്ട്. ഈയൊരു കാഴ്ച്ചപ്പാടിൽ നോക്കുമ്പോൾ മേൽ പ്രസ്താവിച്ച തകഴി കൃതികളെ കുറിച്ചുള്ള പഠനങ്ങളിലെല്ലാം സാഹിത്യകാരൻ എന്ന നിലയിൽ അദ്ദേ ഹത്തിന്റെ രചനാ വൈഭവത്തെയും അവയിലെ രാഷ്ട്രീയസാമൂഹ്യ സാംസ്കാ

രിക മാനങ്ങളെയും പരാമർശവിധേയമാക്കുന്നുണ്ടെങ്കിലും തകഴി എന്ന കൊച്ചു ദേശത്തിന്റെ പ്രശ്നങ്ങൾക്ക് എങ്ങനെ സർവ്വദേശിയ മാനം കൈവരുന്നുവെന്നും ഈ കൃതികൾ വായനക്കാരിലേയ്ക്കു സംക്രമിപ്പിക്കുന്ന സാമൂഹിക അവസ്ഥാന്തര ങ്ങളും സ്ത്രീ മനസ്സിന്റെ നിഗൂഢവ്യാപാരങ്ങളും എന്തെല്ലാം എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് കാലഘട്ടത്തിന് ഉതകുന്ന ഉത്തരങ്ങൾ കണ്ടെത്തുക എന്നത് വ്യ ത്യ സ്തമായി ഉണ്ടാകേണ്ട കാര്യമാണ്.

**പ്രബന്ധരൂപം**

ഉപക്രമവും ഉപസംഹാരവും കൂടാതെ ആറ് അധ്യായങ്ങൾ ഈ പ്രബന്ധ ത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒന്നാം അധ്യായത്തിൽ ഫെമിനിസത്തിന്റെ ഉദ്ഭവം പാശ്ചാത്യ സ്ത്രീപ്രസ്ഥാനവും സ്ത്രീവാദതരംഗങ്ങളുടെ മുന്നേറ്റവും, വിവിധ കാലങ്ങളിൽ രൂപപ്പെട്ട ഫെമിനിസ്റ്റ് വാദങ്ങൾ, തിരഞ്ഞെടുക്കപ്പെട്ട നോവ ലുകളിലെ സ്ത്രീ കഥാപാത്രങ്ങളിൽ സ്ത്രീവാദങ്ങൾ എപ്രകാരം പ്രവർത്തി ക്കുന്നു എന്നതാണ് അടുത്ത ഭാഗം. സ്ത്രീ ശാക്തീകരണം ഭാരതത്തിൽ, സ്ത്രീ ശാക്തീകരണം കേരളത്തിൽ, സംഘബോധവും കേരളീയസ്ത്രീകളും, സ്ത്രീവാദ സിദ്ധാന്തങ്ങളും കേരളീയസമൂഹവും, സ്ത്രീസാഹിത്യവും സങ്കൽപ്പവും, നവോ ത്ഥാനചിന്തകളിലെ സ്ത്രീപരാമർശങ്ങൾ, മാധ്യമങ്ങളിലെ സ്ത്രീചിത്രീകരണം, സമൂഹത്തിൽ സ്ത്രീ നേരിടുന്ന വെല്ലുവിളികൾ, ഭാഷയിലെ പുരുഷാധിപത്യപ്രവ ണത, സ്ത്രീസ്വാതന്ത്ര്യം കലാപ്രസ്ഥാനത്തിൽ, ശില്പകലയിലെ സ്ത്രീ സാന്നി ദ്ധ്യം, ഫെമിനിസ്റ്റ് ഫിലിം തിയറി എന്നിവയാണ് സ്ത്രീവാദവും ചരിത്രത്തിന്റെ നാൾവഴികളും എന്ന ശീർഷകത്തിലുള്ള ഒന്നാം അധ്യായം പഠന വിധേയമാക്കുന്ന ത്. പുതുയുഗപ്പിറവിയെന്ന് പേരിട്ടിരിക്കുന്ന രണ്ടാം അധ്യായത്തിൽ നവോത്ഥാന ചിന്തകരെ പരിചയപ്പെടുത്തുന്നു. ഇവരിൽ പ്രധാനിയായ തകഴി ശിവശങ്കരപ്പിള്ള യുടെ കൃതികളെ കാലഘടനയുടെ അടിസ്ഥാനത്തിലും, കാലഘട്ടസവിശേഷതക ളുടെ അടിസ്ഥാനത്തിലും പരിചയപ്പെടുത്തുന്നു.

തകഴിയുടെ നോവലുകളിൽ കാർഷിക വിപ്ലവചിന്ത ആഹ്വാനം ചെയ്യുന്ന നോവലാണ് രണ്ടിടങ്ങഴി. മൂന്നാമധ്യായത്തെ വർഗ്ഗവിപ്ലവത്തിന്റെ വിജയം എന്ന് നാമകരണം ചെയ്തിരിക്കുകയാണ്. സ്ത്രീസാന്നിധ്യം ശക്തമായ അടയാളങ്ങൾ സൃഷ്ടിക്കുന്ന ഈ കൃതി ഇന്നും വായിക്കപ്പെടുകയും അതിൽ പരാമർശിക്കുന്ന സ്ത്രീകഥാപാത്രങ്ങൾ സമൂഹത്തിന്റെ ഭാഗമായി വർത്തിക്കുകയും ചെയ്യുന്നുണ്ട്. വിപ്ലവത്തിന്റെ ചൂടിനുംചൂരിനുമൊപ്പം കാർഷിക മേഖലയുടെ പ്രതിസന്ധികളെ വെളിപ്പെടുത്തി ഒരു നവയുഗസൃഷ്ടിക്കായി തൊഴിലാളികളെ ആഹ്വാനം ചെയ്യുക എന്ന ദൗത്യവും കൂടി രണ്ടിടങ്ങഴി എന്ന നോവലിൽ സാധിതമാകുന്നുണ്ട്. രണ്ടിട

ങ്ങഴി എന്ന നോവലിലെ വിപ്ലവകഥാപാത്രങ്ങളെക്കുറിച്ചുള്ള പുതുവായനയും, കുടുംബദർശനവും കഥാപാത്ര നിരൂപണവുമാണ് മൂന്നാമത്തെ അധ്യായത്തിൽ ചേർത്തിട്ടുള്ളത്. മിത്തുകളുടെ പുനരാവിഷ്കരണത്തിലൂടെ നെയ്തൽ സമൂഹ ത്തിന്റെ കഥ പറയുന്ന ചെമ്മീൻ എന്ന നോവലിന്റെ വായനയാണ് നാലാം അധ്യാ യം. 'മിത്തിനകത്തെ സ്ത്രീസഹനങ്ങൾ' എന്ന് നാമകരണം ചെയ്തിരിക്കുന്നു നാലാമധ്യായത്തെ. ചരിത്രത്തിലും രാഷ്ട്രീയത്തിലും ചില അടയാളപ്പെടുത്തലുക ളുമായി രംഗത്തെത്തിയ നോവലാണ് ഏണിപ്പടികൾ. മേൽപറഞ്ഞ അടയാളപ്പെ ടുത്തലുകളെ പുതുവായനയ്ക്ക് വിധേയമാക്കുകയാണ് അഞ്ചാമധ്യായത്തിൽ. വ്യവസ്ഥാപിത കുടുംബഘടനയെ നിലനിർത്താനായി സ്വയം ഹോമിക്കപ്പെടുന്ന സ്ത്രീകഥാപാത്രങ്ങളെ ഈ നോവലിൽ കാണാം. 'ജീവിതപരിണാമത്തിന്റെ ഇതി ഹാസം' എന്ന പേരാണ് അഞ്ചാമധ്യായത്തിന് ശീർഷകമായി കൊടുത്തിട്ടുള്ളത്. വായനയ്ക്കും, പുനർവായനയ്ക്കുമപ്പുറം കാലഘട്ടം ആവശ്യപ്പെടുന്ന ചില ചിന്ത കൾ തകഴിയുടെ നോവലുകളിൽ എപ്രകാരം പ്രകാശിതമാകുന്നുവെന്ന അന്വേഷ ണവും കൂടി അഞ്ചാമധ്യായത്തിൽ പരാമർശിക്കപ്പെടുന്നു.

ദലനം ചെയ്യപ്പെട്ട ദളിതസമൂഹത്തിന്റെ ജീവിതം പരാമർശിക്കുന്ന രണ്ടിട ങ്ങഴി, പുരാവൃത്തപരാമർശത്തെ ഉദാത്തമാക്കുന്ന ചെമ്മീൻ, തിരുവനന്തപുരം എന്ന ഭരണസിരാകേന്ദ്രത്തിലെ അധികാര ഇടനാഴികളെ വരച്ചുകാട്ടുന്ന ഏണിപ്പ ടികൾ തുടങ്ങിയ കൃതികൾ ഇവിടെ പഠിക്കുന്നു. ഈ കൃതികളെ വിശകലനം ചെയ്യുമ്പോൾ, ഇതിലെ കഥാപാത്രങ്ങൾ നമ്മുടെ പരിസരപ്രദേശങ്ങളിൽ ജീവി ക്കുന്നവരായി മാറുന്നു. തകഴിക്കൃതികളിലെ സ്ത്രീകഥാപാത്രങ്ങളെ നിരൂപണ വിധേയമാക്കുന്നതോടൊപ്പം നോവലിലെ ജീവിതപരിസരങ്ങൾ മുന്നോട്ട്വയ്ക്കുന്ന സാമൂഹികരാഷ്ട്രീയമാനം എപ്രകാരമാണ് പിന്നീടുള്ള സമൂഹത്തിന് നിയാമക ശക്തിയായി വർത്തിച്ചതെന്ന് ഈ പ്രബന്ധത്തിലൂടെ തെളിയിക്കുന്നു. ആറാമധ്യാ യത്തിൽ പരാമർശിക്കുന്ന വസ്തുത പ്രബന്ധവിഷയത്തിന്റെ തുടർപഠനസാധ്യത കളെക്കുറിച്ചും പഠനപരിമിതികളെക്കുറിച്ചുമാണ്.

ഉപസംഹാരമായ ഏഴാമധ്യായത്തിൽ തകഴിക്കൃതികളുടെ പുനർവായനയി ലൂടെ ഉരുത്തിരിഞ്ഞുവരുന്ന സ്ത്രീകഥാപാത്രങ്ങളുടെ വീക്ഷണങ്ങളെ പൊതു വായി അവതരിപ്പിക്കുന്നു. കൂടാതെ തിരഞ്ഞെടുത്ത നോവലുകളിലെ പ്രധാന ആശയങ്ങളെ അക്കമിട്ടവതരിപ്പിക്കുന്നു.

സോഷ്യലിസ്റ്റ്കമ്മ്യൂണിസ്റ്റ് ആശയസംഹിതകളും, തന്റെ ചുറ്റുപാടും കണ്ണു തുറന്ന് നോക്കാനുള്ള സാമൂഹ്യ അവബോധവുമാണ് ഓരോ കൃതികളിലൂടേയും, തകഴി എന്ന സാഹിത്യകാരൻ വരച്ചുവച്ചത്. തിരഞ്ഞെടുത്ത നോവലുകളെ

സൂക്ഷ്മവിചിന്തനം ചെയ്യുമ്പോൾ അതിലെ സാമൂഹ്യരാഷ്ട്രീയ സാംസ്കാരിക പരിപ്രേക്ഷ്യങ്ങൾ കണ്ടെത്താനുള്ള ഉദ്യമത്തിന്റെ ഭാഗമാണ് ഈ പ്രബന്ധം.

ഓരോ കാലഘട്ടവും ഓരോ അടയാളങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് കടന്നുപോകുന്നത്. ചില അടയാളങ്ങൾ അനശ്വരങ്ങൾ ആണ്. അനശ്വരങ്ങളായ കഥാപാത്രങ്ങളുടെ നിർമ്മിതികൾ കാലത്തിനപ്പുറമായി വായിക്കപ്പെടുകയും അതത് കാലത്തോട് ചേർത്ത്വെച്ച് ജീവിത വിചിന്തനത്തിനുള്ള ചേരുവകൾ ഉൾക്കൊണ്ട് മുന്നോട്ടുപോകാൻ വായനക്കാരനെ പ്രാപ്തനാക്കുകയും ചെയ്യുന്നു. ഗ്രാമീണ ജനതയുടെ മുഖപ്രസാദമായ തകഴികൃതികളിലെ സ്ത്രീ കഥാപാത്രങ്ങളെക്കുറിച്ചുള്ള ഈ പഠനം വർത്തമാനകാലത്തിന് നൽകുന്നതും പരിവർത്തനത്തിനുള്ള കാഹളധ്വനികളാണ്.

# അധ്യായം 1

# സ്ത്രീവാദം ചരിത്രത്തിന്റെ നാൾ വഴികളിലൂടെ

പ്രപഞ്ചോൽപ്പത്തിയെകുറിച്ചുള്ള ബൈബിൾ പരാമർശത്തിൽ നിന്ന് സൂചി തമകുന്നത്, പുരുഷന്റെ ഏകാന്തതയ്ക്കുള്ള പരിഹാരമാർഗം എന്ന നിലയിലാണ് ദൈവം അവന്റെ വാരിയെല്ലിൽനിന്ന് സ്ത്രീയെ സൃഷ്ടിച്ചത്. "ദൈവമായ കർത്താവ് അരുൾ ചെയ്തു മനുഷ്യൻ ഏകനായിരിക്കുന്നത്നന്നല്ല. അവന് ചേർന്ന ഇണയെ ഞാൻ നല്കും അതുകൊണ്ട് ദൈവമായ കർത്താവ് മനുഷ്യനെ ഗാഢനിദ്രയിലാക്കി. ഉറങ്ങികിടന്ന അവന്റെ വാരിയെല്ലിൽനിന്ന് ഒന്നെടുത്തശേഷം അവിടെ മാംസം കൊണ്ടുമൂടി. മനുഷ്യനിൽ നിന്നെടുത്ത വാരിയെല്ലുകളിൽ ഒന്നിൽനിന്ന് അവിടന്ന് ഒരുസ്ത്രീയ്ക്ക് രൂപം കൊടുത്തു. അവൻ അവളെ തന്റെ മുന്നിൽ കൊണ്ടുവന്നു. അപ്പോൾ അവൻ പറഞ്ഞു, ഒടുവിൽ ഇതാ എന്റെ അസ്ഥി യിൽനിന്നുള്ള അസ്ഥിയും, മാംസത്തിൽനിന്നുള്ള മാംസവും നരനിൽ നിന്ന് എടു ക്കപ്പെട്ടതുകൊണ്ട് നാരി എന്ന് വിളിക്കപ്പെടും[1] (2. 18-23) ഈ പൗരാണികസങ്കൽ പ്പമനുസരിച്ച് സ്ത്രീ, പുരുഷന് വിധേയയും അവന്റെ കാമനകൾ പൂർത്തികരിക്കാ നുള്ള കേവലം ഉപകരണവുമാണ്. സ്ത്രീയുടെ അസ്തിത്വം ഇല്ലെങ്കിൽ ഈ പ്രപഞ്ചം തന്നെ ശൂന്യമാണെന്നും, സ്ത്രീയിലൂടെയാണ് പുരുഷൻ പൂർണതയിൽ എത്തുന്നതെന്നും ധ്വന്യാത്മകമായി വായിച്ചെടുക്കാം. ഇങ്ങനെനോക്കുമ്പോൾ ചരി ത്രാതീത കാലം മുതൽക്കേ പുരുഷമേധാവിത്വവ്യവസ്ഥിതി, സ്ത്രീയെ തങ്ങളുടെ ചട്ടുകങ്ങളാക്കി അടുക്കളപിന്നാമ്പുറങ്ങളിൽ ഒതുക്കുന്ന പ്രവണത പുലർത്തി പോരുന്നതായി കാണാവുന്നതാണ്. കാലാകാലങ്ങളായിട്ടുള്ള സ്ത്രീപക്ഷരചന കൾ പഠനവിധേയമാക്കുമ്പോൾ, ഫെമിനസത്തിന്റെ ഉത്ഭവത്തെയും അതിന്റെ കാരണം, പ്രസ്ഥാനങ്ങൾ എന്നിങ്ങനെ ഒരു പഠനമേഖലയെ കണ്ടെത്താൻ സാധി ക്കും. ഫെമിനിസത്തിന്റെ വളർച്ച, വിവിധശാഖകൾ, അതുപോലെ മലയാള ത്തിലും, ലോകഭാഷകളിലും ഫെമിനിസ്റ്റ് പ്രസ്ഥാനത്തിൽ ഉൾപ്പെട്ട സാഹി ത്യകൃതികൾ, പാശ്ചാത്യരാജ്യങ്ങളിലെ ഫെമിനിസ്റ്റ് പ്രവണതകളുടെ ചുവടുപിടിച്ച് ഭാരതത്തിലും വിശേഷിച്ച് കേരളത്തിലും വന്ന മാറ്റങ്ങൾ ഇവയെക്കുറിച്ചെല്ലാം വിശകലനം ചെയ്യേണ്ടതാണ്.

### സ്ത്രീവാദം ഉത്ഭവം

സ്ത്രീവാദത്തിന്റെ ചരിത്രത്തിൽ, സ്ത്രീവാദപ്രസ്ഥാനങ്ങളുടെയും സിദ്ധാ ന്തങ്ങളുടെയും മേധാവികൾ പടിഞ്ഞാറൻ യൂറോപ്പിൽ നിന്നും, വടക്കേ അമേരിക്ക

യിൽ നിന്നുമുള്ള വെള്ളക്കാരായ മധ്യവർഗ സ്ത്രീകളായിരുന്നു. 1851 ൽ അമേരിക്കൻ സ്ത്രീവാദികളോട് സ്വജേണർ ട്രൂത്ത് (Sojourner Truth) നടത്തിയ പ്രസംഗത്തിന് ശേഷമാണ് മറ്റുപ്രദേശങ്ങളിലെ സ്ത്രീകൾ, സ്ത്രീസ്വാതന്ത്ര്യത്തെപ്പറ്റി ചിന്തിക്കാൻ തുടങ്ങിയത്. 1960 കളിൽ അമേരിക്കയിൽ ഉടലെടുത്ത പൗരാവകാശ പ്രസ്ഥാനവും, ആഫ്രിക്ക, കരീബിയ, ലാറ്റിൻ അമേരിക്കയുടെ ഭാഗങ്ങൾ എന്നിവടങ്ങളിലെ യൂറോപ്യൻ അധിനിവേശത്തിന്റെ തകർച്ചയും സ്ത്രീവാദ മുന്നേറ്റത്തിന് ആക്കംകൂട്ടി. കറുത്തവർഗ സ്ത്രീവാദികളായ ആഞ്ചല ഡേവിസും (Angela Yvonne Davis) ആലിസ് വാക്കറും (Alice Malsenior Tallulah–Kate Walker) സ്ത്രീവാദത്തിന്റെ വംശകേന്ദ്രിതത്വത്തെ വിമർശിക്കുന്നു. സ്ത്രീവാദം, സ്ത്രീവിമോചനപ്രസ്ഥാനം, സ്ത്രീപ്രസ്ഥാനം തുടങ്ങിയ സംജ്ഞകൾ കൊണ്ട് വിവക്ഷിക്കുന്ന സാമൂഹ്യപ്രസ്ഥാനമാണ് ഫെമിനിസം. സാമൂഹികവും, ലിംഗപരവുമായ സമത്വം, ലിംഗപരിവർത്തനം ഒഴിവാക്കിക്കൊണ്ടുള്ള സാമൂഹ്യരാഷ്ട്രീയ പരിവർത്തനം എന്നീ ആശയങ്ങൾക്കുവേണ്ടിയാണ് ഫെമിനിസ്റ്റ്പ്രസ്ഥാനങ്ങൾ നിലകൊള്ളുന്നത്. അത് പുരുഷവിദ്വേഷപരമാണ് എന്ന തെറ്റിദ്ധാരണ വ്യാപകമാണ്. സമത്വത്തിനായി വാദിക്കുന്നതിനൊപ്പം സ്ത്രീയുടെ വ്യത്യസ്ഥത ഉയർത്തിപ്പിടിക്കുകയും സ്ത്രീയുടെ സാമൂഹ്യധർമ്മം ശരിയായ അർത്ഥത്തിൽ വിലയിരുത്തപ്പെടണമെന്ന് വാദിക്കുകയും ചെയ്യുന്നു ഈ പ്രസ്ഥാനം. സ്ത്രീകളുടെ രാഷ്ട്രീയവും സാമൂഹികവുമായ മുന്നേറ്റമാണ് സ്ത്രീവാദ പ്രസ്ഥാനങ്ങൾ ലക്ഷ്യമിടുന്നത്. ഇരുപതാം നൂറ്റാണ്ടാണ് സ്ത്രീവാദ ആശയങ്ങൾക്ക് ശക്തിപകർന്നത്. ബ്രിട്ടനും അമേരിക്കയും ആയിരുന്നു പ്രഭവകേന്ദ്രങ്ങൾ. സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള സംഘടിത പ്രസ്ഥാനങ്ങളുടെ തുടക്കം ബ്രിട്ടനിലായിരുന്നു. അതിനുതുടക്കം കുറിച്ചുകൊണ്ട് 1903 ൽ സ്ത്രീ വോട്ടവകാശം ലക്ഷ്യമാക്കി, എമ്മലിൻ പാൻ കഴ്സറ്റ് (Emmeline Pankhurst) വിമൻ സോഷ്യൽ ആന്റ് പൊളിറ്റിക്കൽ യൂണിയൻ (Woman Social and Political Union) സ്ഥാപിച്ചു. 1910 ൽ ജർമനിയിൽ വച്ചുനടന്ന സോഷ്യലിസ്റ്റ് വിമൻ കോൺഗ്രസ്സിൽ (Socialist Woman Congress) ക്ലാര സെറ്റ്കിൻ (Clara Zetkin) മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനമായി പ്രഖ്യാപിച്ചത് സ്ത്രീയുടെ മുന്നേറ്റത്തിന്റെ അടയാളമായി ചരിത്രത്തിൽരേഖപ്പെടുത്തുന്നു. സ്ത്രീയുടെ സാമൂഹികാവകാശങ്ങൾക്കു വേണ്ടിയുള്ള പ്രവർത്തനം എന്ന നിലയിൽ ആണ് ഈ ഘട്ടത്തിലും സ്ത്രീവാദം ആരംഭിച്ചത്.

സ്ത്രീവർഗത്തിന്റെ അവകാശങ്ങൾക്കും, അന്തസ്സിനുംവേണ്ടി പ്രകാശിതമായ ആദ്യത്തെ ആഖ്യായികയായിരുന്നു മേരി വൂൾസ്റ്റൺ ക്രാഫ്റ്റിന്റെ (Wollstone

craft) വനിതാവകാശ സമർത്ഥനം (A Vindication of the Rights of women-1792). 'തലമുറകളിലൂടെ സ്ത്രീ അനുഭവിച്ച അടിമത്തവും, നിശബ്ദമായി പൊറുത്തുപോന്ന അനീതിയും, സമൂഹത്തിന്റെ പുരുഷമേൽകോയ്മയുടെ കുറ്റകര മായസൃഷ്ടിയാണെന്ന് അവർ ആരോപിച്ചു. സാമൂഹ്യപരിഷ്കരണത്തിലൂടെയും നീതിനിഷ്ഠമായ വിദ്യാഭ്യാസത്തിലൂടെയും നേടിയെടുക്കേണ്ട അവകാശങ്ങൾക്കു മാത്രമേ, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ ഉദാത്തലക്ഷ്യങ്ങൾ സഫലമാക്കാൻ കഴിയൂ എന്നവർ പ്രഖ്യാപിച്ചു. ഫെമിനിസം എന്ന ചിന്താപദ്ധതിയുടെ ആദ്യകാല ഘട്ടത്തിലെ ഗൗരവപൂർണമായ കൃതിയാണ് ഇതെന്ന കാര്യത്തിൽ തർക്കമില്ല. പ്രകൃതിയുടെ സുന്ദരമായ വൈകല്യം (Paradise lost) എന്ന് സ്ത്രീയെവിശേഷി പ്പിച്ച മിൽട്ടൻ അടക്കമുള്ള സാഹിത്യശ്രേഷ്ഠൻമാരുടെ സ്ത്രീസങ്കല്പത്തെ ചോദ്യം ചെയ്തുകൊണ്ടുള്ള ആദ്യകാല ഫെമിനിസ്റ്റ്ആഖ്യായിക ആയിരുന്നു ഈ കൃതി. സ്ത്രീയ്ക്കു നൽകേണ്ട വിദ്യാഭ്യാസത്തിലെ സ്ത്രീപക്ഷഘടകങ്ങൾക്കുവേണ്ടി യുക്തിയുടെ പിൻബലത്തിൽ ശക്തമായ വാദമുഖങ്ങൾ അണിനിരത്തിയ ഈ കൃതി, അന്ന് നിലനിന്നിരുന്ന വ്യവസ്ഥാപിത പുരുഷാധിപത്യത്തെ പ്രകോപിപ്പി ക്കുക തന്നെചെയ്തു'[2] (2000: 2).

എക്കാലത്തും സ്വീകാര്യമായ നിർവചനം ഇന്നുവരെ ഫെമിനിസത്തിനുണ്ടാ യിട്ടില്ല എന്നത് സ്ത്രീഅനുഭവങ്ങളുടെ സങ്കീർണത അത്രയേറെ വൈജാത്യവും വൈവിധ്യവും പുലർത്തുന്നു എന്നതുകൊണ്ടാണ്. ഫെമിനിസത്തിന്റെ അജണ്ട വളരെ വലുതാണ്. സ്ത്രീയുടെ അവകാശങ്ങളെ കുറിച്ചുള്ള അവബോധം, ബോധ വത്കരണം, പീഡിതമായ സ്ത്രീത്വത്തിന്റെ പുരുഷ വിദ്വേഷം, ലൈംഗിക സ്വാത ന്ത്ര്യം, സാമൂഹികമായ ജീവിതത്തിന്റെ സ്വയം നിർണയാവകാശം ഇങ്ങനെ നീണ്ടു നീണ്ടു പോകുന്നു ഫെമിനിസത്തിന്റെ തലങ്ങൾ. മേൽപറഞ്ഞവയിലെ പല സംഗ തികളും പരസ്പര ബന്ധിതമോ പൂരകമോ ആണ്. അതുകൊണ്ട് തന്നെ ഫെമി നിസം പ്രയോഗതലത്തിൽ ഏകരൂപമുള്ള പ്രതിഭാസമല്ല. സമാനതകളും സാമ്യ ങ്ങളും ഏറെയുണ്ടെങ്കിലും അതിലേറെവൈവിധ്യം ഏത് സ്ത്രീശാക്തികരണ പ്രവർത്തനങ്ങളുടേയും പിന്നിലുണ്ട്. മിത്തുകളുടെ പുനർവായനയും, അപനിർമ്മാ ണവും പുനപ്രതിഷ്ഠയും സ്ത്രീവിമോചനത്തിന് വളരെ പ്രധാനമായ വിഷയമാ ണ്. സാമൂഹികഘടനയും മതങ്ങളും, പാരമ്പര്യവും നിർമ്മിച്ച പലമിത്തുകളും സ്ത്രീയെ കീഴാളായും, വാക്ക് നഷ്ടപ്പെട്ടവളായും ചിത്രീകരിച്ചിരുന്നു. പുരുഷമേൽകോയ്മയുടെ നിലനിൽപ്പിന് ആധാരശിലകളായി തീർത്തുവച്ച ഈ ബിംബകല്പനകളിൽ ഒന്നും സ്ത്രീയ്ക്ക് അവളെ വിവരിക്കാനുള്ള ഇടംകിട്ടിയില്ല എന്നത് സ്ത്രീവിമോചനപ്രസ്ഥാനത്തിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിക്കുന്നു.

**പാശ്ചാത്യ സ്ത്രീപ്രസ്ഥാനവും, തരംഗമുന്നേറ്റവും**

പാശ്ചാത്യ സ്ത്രീവാദചിന്തകൾ മൂന്നു കാലഘട്ടങ്ങളിലായാണ് വികാസം നേടിയത്. അവ ഒന്നാംതരംഗം, രണ്ടാംതരംഗം, മൂന്നാംതരംഗം എന്നീ പേരുകളിൽ ചരിത്രത്തിൽ ഇടംനേടി. ഈ മൂന്നുഘട്ടവും ആവശ്യപ്പെട്ടത്, സ്ത്രീയ്ക്ക് സമൂഹത്തിൽ ലഭിക്കേണ്ട പൊതുവായുള്ള അവകാശങ്ങളെക്കുറിച്ചാണ്.

**ഒന്നാംതരംഗം**

തുല്യപങ്കാളിത്തം, സ്വത്തവകാശം എന്നിവയെ പ്രചരിപ്പിക്കുക വിധേയത്വ വിവാഹത്തേയും ഭാര്യയ്ക്കും മക്കൾക്കും മേലുള്ള ഭർത്താവിന്റെ ഉടമസ്ഥതയെ എതിർക്കുക തുടങ്ങിയ അവകാശങ്ങളുമായാണ് ഒന്നാം തരംഗം ആവിർഭവിച്ചത്. ബ്രിട്ടനിലേയും, അമേരിക്കൻ ഐക്യനാടുകളിലേയും സ്ത്രീവാദപ്രവർത്തനങ്ങളുടെ ദീർഘ കാലയളവിനെയാണ് ഒന്നാംതരംഗ സ്ത്രീവാദമായ് കണക്കാക്കുന്നത്. ലൈംഗികവും, പ്രത്യുൽപ്പാദനപരവും, സാമ്പത്തികവുമായ അവകാശങ്ങൾക്കു വേണ്ടി ബോധവത്കരണം നടത്തിയ വനിതകളിൽ പ്രധാനികളായിരുന്നു വോൾട്ടറിൻ ഡെക്ലെയർ (Voltarin De clair), മാർഗരറ്റ് സങ്ങ്ഗർ (Margreat Sangvar) തുടങ്ങിയവർ. ഇവരിലൂടെ ഒന്നാം തരംഗത്തിലെ സ്ത്രീവാദാശയങ്ങൾ ഏറെ പ്രചാരം നേടി.

1918ലെ പൗരപ്രാധിനിത്യനിയമ പ്രകാരം, മുപ്പതുവയസ്സു പ്രായമുള്ള കുടിംബിനികളായ സ്ത്രീകൾക്ക് സമ്മതിദാനാവകാശം ഉറപ്പാക്കി. 1928 ൽ ഇരുപത്തിയൊന്ന്വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കും വോട്ടവകാശം ലഭ്യമായി. അമേരിക്കയിലെ എല്ലാസംസ്ഥാനങ്ങളിലെയും സ്ത്രീകൾക്ക് വോട്ടവകാശം നൽകി കൊണ്ടുള്ള അമേരിക്കൻ ഭരണഘടനയുടെ 19-ാം ഭേദഗതി നിലവിൽ വന്നതോടെ ഒന്നാംതരംഗ സ്ത്രീവാദത്തിന്റെ അലകൾ അവസാനിച്ചു. ഒന്നാംതരംഗ സ്ത്രീവാദത്തെ പരാമർശിക്കുമ്പോൾ സ്മരിക്കേണ്ട പ്രധാന വ്യക്തികളാണ് ലൂക്രിഷ്യവോട്ട് (Lukrishiyavot), ലൂസിസ്റ്റോൺ (Lusistone), എലിസബേത്ത് കാഡിസ്റ്റാന്റൺ (Elizebath cadistanten), സൂസൺ ബി ആന്റണി (Susan B Antony) തുടങ്ങിയവർ.

**രണ്ടാംതരംഗം**

സ്ത്രീവിവേചനം, ലിംഗസമത്വം തുടങ്ങിയ പ്രശ്നങ്ങളെകുറിച്ച് ചർച്ച ചെയ്യുകയാണ് രണ്ടാംതരംഗം. 1960 മുതൽ 1980 ന്റെ ഉത്തരാർദ്ധം വരെ രണ്ടാം

തരംഗത്തിന്റെ കാലഘട്ടമായി പൊതുവെകണക്കാക്കപ്പെടുന്നു. ഒന്നാംതരംഗം സമ്മതിദിനാവകാശത്തിനു വേണ്ടിയാണ് നിലകൊണ്ടതെങ്കിൽ, രണ്ടാംതരംഗം തുല്യതയ്ക്കും വിവേചനരാഹിത്യത്തിനും വേണ്ടിയാണ് നിലകൊണ്ടത്.

'ദി സെക്കന്റ് സെക്സ്' (The second Sex) എന്ന പ്രബന്ധം രചിച്ച ഫ്രഞ്ച് എഴുത്തുകാരിയും തത്ത്വചിന്തകയുമായ 'സിമോൺ ദി ബൂവ്വ' (Simon de bour) സ്ത്രീവാദചിന്തയുടെ അടിസ്ഥാനരൂപത്തെ കുറിച്ചും, അടിച്ചമർത്തലിനു വിധേയ മാകുന്ന സ്ത്രീകളെകുറിച്ചും സംസാരിക്കുന്നു. സാർത്രിന്റെ അസ്തിത്വവാദത്തെ മുറകെപിടിക്കുന്ന ആശയമാണ് സിമോണിന്റേത്. ഒരാൾ സ്ത്രീയായിജനിക്കുക യല്ല എന്നും, അങ്ങനെയായിതീരുകയാണ് എന്നും അഭിപ്രായപ്പെടുന്നു[3] (2015, 17) 'ദി സെക്കന്റ് സെക്സ്' (The Second Sex) എന്ന കൃതി. സ്ത്രീ അഭിലഷണീയ മാതൃകയാക്കേണ്ടത് പുരുഷനെയാണ് എന്നുവാദിച്ച മേരി വൂൾസ്റ്റൺ ക്രാഫ്റ്റിനെ (A Vindication of the Rights of women-1792) എതിർത്തുകൊണ്ട് സ്ത്രീക്കു പുരോഗമിക്കണമെങ്കിൽ ഇത്തരം മനോഭാവങ്ങളെ മാറ്റിയേതീരു എന്ന് സിമോൺ ദിബൂവ്വ പ്രഖ്യാപിക്കുന്നു.

രണ്ടാംതരംഗത്തിൽ അറിയപ്പെടുന്ന എഴുത്തുകാരിയാണ് 'ബെറ്റി ഫ്രീഡൻ (Betti Friedan). ഒരു സ്ത്രീയ്ക്ക് ശിശുപരിപാലനത്തിലൂടേയും, വീട് നോക്കലി ലൂടെയും മാത്രമേ സംതൃപ്തി ലഭിക്കൂ എന്ന ആശയത്തെ 'ദി ഫെമിനയിൻ മിസ്റ്റിക്' (The feminian Mystic) എന്ന കൃതിയിലൂടെ അവർ വിമർശിക്കുന്നു. ഭർത്താവിനെയും, കുട്ടികളെയും പരിചരിക്കുന്നതിലൂടെ സംതൃപ്തി കണ്ടെത്താം എന്നുവിശ്വസിക്കുന്ന സ്ത്രീസമൂഹങ്ങളെയും അവർ വിമർശിക്കുന്നു. സ്ത്രീകൾ കുടുംബത്തിന്റെ സ്വത്വത്തിൽ തങ്ങളുടെ സ്വത്വത്തെ പൂർണമായും നഷ്ടപ്പെടു ത്താൻ ഈ വിശ്വാസം കൊണ്ട് കഴിയുമെന്ന് അവർ പറയുന്നു. കഥേതരവിഭാഗങ്ങ ളുടെ കൂട്ടത്തിൽ പ്രചുരപ്രചാരം നേടിയ കൃതിയാണ് ദി ഫെമിനയിൻ മിസ്റ്റിക് (The feminian Mystic). രണ്ടാംതരംഗത്തിന്റെ ആദ്യനാളുകളിൽതന്നെ സൈദ്ധാ ന്തികരാഷ്ട്രീയ നിലപാടുകളിലൂന്നിയ അനേകം സ്ത്രീവാദങ്ങൾ രൂപപ്പെട്ടു. പുരു ഷാധികാരത്തെ ലിംഗവിവേചനമായി സങ്കൽപ്പിക്കുന്ന സെക്സിസം (Sexisam), ലിബറൽ സ്ത്രീവാദം (Libaral feminism) തുടങ്ങിയവ രൂപപ്പെട്ടത് ഈ കാലയള വിലാണ്. സ്ത്രീകളോടുള്ള എല്ലാതരം ആക്രമണം ലിബറൽ സ്ത്രീവാദത്തിന്റെ തലത്തിൽ വരുന്നു.

**മൂന്നാംതരംഗം**

മൂന്നാംതരംഗം പ്രത്യയശാസ്ത്രത്തിന്റെ കാതൽ ലിംഗഭേദത്തെയും ലൈംഗീകതയെയും സംബന്ധിച്ച വ്യാഖ്യാനമാണ്. സൂക്ഷ്മരാഷ്ട്രീയത്തിൽ താല്പ്പര്യം പുലർത്തുന്ന സ്ത്രീവാദികളെ മൂന്നാംതരംഗത്തിൽ കാണാം. ലിംഗങ്ങൾ തമ്മിൽ സുപ്രധാനമായ വ്യത്യാസങ്ങൾ ഉണ്ടെന്നുവിശ്വസിക്കുന്ന കരോൾ ജാനിനെ (Carol Janney) പോലുള്ള സ്ത്രീവാദികൾ സ്ത്രീപുരുഷൻമാർതമ്മിൽ അന്തർലീനമായ വ്യത്യാസം ഒന്നുംതന്നെയില്ല എന്നുവിശ്വസിക്കുകയും, ലിംഗപദവികൾ, സാമൂഹികവ്യവസ്ഥാപനം വഴി ഉണ്ടാകുന്നതാണെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു. പത്തൊമ്പതാംനൂറ്റാണ്ടിലെ പാശ്ചാത്യസ്ത്രീവാദപ്രസ്ഥാനങ്ങൾ തുല്യതയ്ക്കും, വ്യത്യസ്തതകൾക്കുമിടയിൽ ചാഞ്ചാടിക്കൊണ്ടിരുന്നു. സ്ത്രീപുരുഷന്മാർ പരസ്പരപൂരകങ്ങളാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് സ്ത്രീവാദങ്ങൾ സജീവമായി നിലനിന്നിരുന്നകാലഘട്ടമാണ് പത്തൊമ്പതാംനൂറ്റാണ്ട്. ആധുനിക സ്ത്രീവാദത്തിന്റെ ഓരോ തരംഗവും തുല്യതയ്ക്കും വ്യത്യസ്തതകൾക്കുമിടയിൽ ചാഞ്ചാടിയിട്ടുണ്ട്. വ്യവഹാരങ്ങളുടെയും അധികാര സ്ഥാപനങ്ങളുടെയും കേന്ദ്രസ്ഥാനത്ത് പുരുഷത്വം നിലനിൽക്കുന്നിടത്തോളം സ്ത്രീത്വത്തിന്റെ നില അസ്ഥിരമായിത്തുടരുകതന്നെ ചെയ്യും.

**വിവിധ കാലങ്ങളിലെ ഫെമിനിസ്റ്റ് സിദ്ധാന്തങ്ങൾ**

ഫെമിനിസ്റ്റ്പ്രസ്ഥാനത്തിന്റെ വളർച്ചയുടെ ഘട്ടങ്ങളിൽ സ്ത്രീശാക്തീകരണ സിദ്ധാന്തങ്ങൾക്ക് പുതിയ രൂപവും ഭാവവും കൈവന്നു. വിവിധ പ്രത്യയശാസ്ത്രങ്ങളുടെ കീഴിൽ ഫെമിനിസമെന്ന മഹാവൃക്ഷത്തിന് ശാഖോപശാഖകൾ ഉണ്ടാകാൻ തുടങ്ങി. വിവിധ ലക്ഷ്യപൂർത്തികരണത്തിനായി പല പേരുകളിൽ ഫെമിനിസ്റ്റ്സിദ്ധാന്തങ്ങൾ നമ്മുടെ സമൂഹത്തിൽ രൂപംകൊണ്ടു. സ്ത്രീ സമൂഹത്തിന്റെ, സാമൂഹികവും, മാനസികവുമായ വളർച്ചയുടെ തോതായി ഇത്തരം ഫെമിനിസ്റ്റ്സംഘടനകളെ കണക്കാക്കാം.

ലിബറൽ ഫെമിനിസം (Liberal Feminism), കൾച്ചറൽ ഫെമിനിസം (Cultural Feminism), ഇക്കോ ഫെമിനിസം (Eco Feminism), മാർക്സിയൻ ഫെമിനിസം (Marxian Feminism), റാഡിക്കൽ ഫെമിനിസം (Radical Feminism), ബ്ലാക്ക് ഫെമിനിസം (Black Feminism), സൈക്കോ അനാലിറ്റിക് ഫെമിനിസം (Psychoanalaytic Feminism), ആന്റി ഫെമിനിസം (Anty Feminism), എന്നിങ്ങനെ ഫെമിനിസത്തിന് രൂപവും ഭാവവും മാറി വരുംതോറും

സ്ത്രീ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പുതിയ രൂപത്തിലും ഭാവത്തിലും അവൾ ജീവിക്കുന്ന ഇടങ്ങളിൽ പ്രകടമാകുന്നു എന്നതുതന്നെ സ്ത്രീവാദആശയങ്ങളുടെ പ്രസക്തിയെ വർദ്ധിപ്പിക്കുന്നു.

**ലിബറൽഫെമിനിസം (Liberal Feminism)**

മുഖ്യധാരാസമൂഹത്തിന്റെ ഘടനയിലേയ്ക്ക് സ്ത്രീകളെസമന്വയിപ്പിക്കുന്ന രീതിയെയാണ് ലിബറൽഫെമിനിസം എന്നുവിശേഷിപ്പിക്കുന്നത്. നിയമങ്ങൾ, രാഷ്ട്രീയസ്ഥാപനങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ ജീവിതം എന്നിവയ്ക്ക് ലിബറൽ ഫെമിനിസം പ്രാധാന്യംനല്കുന്നു. നിയമപരവും, രാഷ്ട്രീയവുമായ അവകാശ ങ്ങൾ നിഷേധിക്കുന്നത് സമത്വത്തിനുള്ള പ്രധാനതടസ്സമായി അവർ കരുതുന്നു. സ്ത്രീകളെ രാഷ്ട്രീയ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ ലിബറൽഫെമിനിസ്റ്റു കൾ ശ്രമിക്കുന്നു. ഫെമിനിസത്തിൽ പുരുഷൻമാരുടെ പങ്കാളിത്തത്തെ സജീവ മായി പിൻതുണയ്ക്കുന്നു ലിബറൽഫെമിനിസം. 19-ാം നൂറ്റാണ്ടിൽ ആരംഭിച്ച ലിബറൽഫെമിനിസത്തിൽ പുരോഗമനവാദികളായ പുരുഷൻമാർക്കൊപ്പം സ്ത്രീകൾക്കും പ്രാധാനപങ്കുണ്ട്.

ലിംഗ വിവേചനത്തിന്റെ ഭാഗമായി പുരുഷാധികാരത്തെ കണ്ടിരുന്ന ലിബ റൽ ഫെമനിസം ആദ്യകാല സ്ത്രീമുന്നേറ്റങ്ങളിൽതന്നെ പ്രബലമായശാഖയായി രുന്നു. ലിബറലിസത്തിന്റെ മനുഷ്യത്വപരതയിൽ ഊന്നുന്ന മഹത്തായ ജീവിതദർശനത്തെ സ്ത്രീവാദവുമായി സംയോജിപ്പിക്കുകയാണ് ലിബറൽഫെമി നിസം. അവകാശതുല്യത, വ്യക്തിസ്വാതന്ത്ര്യം, വിമോചനം, നീതിബോധം തുടങ്ങി യ മൂല്യങ്ങളുടെ സ്ത്രൈണവത്കരണമാണ് ലിബറൽ ഫെമിനിസം എന്നു പറ യാം. ലിംഗാധികാരം പുരുഷാധികാരമായി മാറുന്ന നിലവിലുള്ള സാമൂഹികവ്യവ സ്ഥിതിയിൽ പരമാവധി തുല്യതയും, അവകാശങ്ങളും നേടിയെടുക്കാനാണ് ലിബ റൽ ഫെമിനിസത്തിന്റെ ശ്രമം. പൂർണ്ണപൗരത്വം സ്ത്രീക്കുനേടാനായുള്ള സമരതന്ത്രങ്ങളാണ് ലിബറൽഫെമിനിസ്റ്റുകൾ ആവിഷ്കരിച്ചത്. സ്ത്രീക്കുംപുരു ഷനും ഇടയിലെ വ്യത്യസ്തകളെ മറികടക്കാനോ കുറയ്ക്കാനോകഴിയുമെന്ന് ആദ്യകാല ലിബറൽ ഫെമിനിസ്റ്റുകൾ വിശ്വസിച്ചു. സ്ത്രീ, പുരുഷന് തുല്യമാ ണെന്നും, സാമൂഹികമായ വിവേചനം കൊണ്ടാണ് സ്ത്രീയുടെ നില താണുപോയെതെന്നും ലിബറൽ ഫെമിനിസ്റ്റുകൾ കരുതുന്നു. വിദ്യാഭ്യാസ ത്തിന്റെയും തൊഴിൽപ്രാതിനിധ്യത്തിന്റേതുമായ തുല്യഅവസരങ്ങൾ സ്ത്രീയുടെ കീഴാളനിലയെ പരിഹരിക്കുമെന്നും, ലിബറൽഫെമിനിസ്റ്റുകൾ വിശ്വസിച്ചു. പുരു ഷനു തുല്യമായ തലത്തിൽതന്നെ അവൾക്ക് എത്താമെന്നും, ലിബറൽഫെമിനിസ്റ്റു

ചിന്ത ഉറച്ചു വിശ്വസിക്കുന്നു. പൂർണ്ണപൗരത്വം സ്ത്രീക്കുനേടാനായുള്ള സമരതന്ത്ര ങ്ങളാണ് ലിബറൽഫെമിനിസ്റ്റുകൾ ആവിഷ്കരിച്ചത്. സ്ത്രീക്കുംപുരുഷനും ഇട യിലെ വ്യത്യസ്ഥതകളെ മറികടക്കാനോ, കുറയ്ക്കാനോ, കഴിയുമെന്ന് ആദ്യകാല ലിബറൽഫെമിനിസ്റ്റുകൾ കരുതിപ്പോന്നു. സ്ത്രീക്കും പുരുഷനും ഇടയിൽ മനശാ സ്ത്രപരമൊ, ഭാഷാപരമൊ ആയ ഏതെങ്കിലും തരത്തിലുള്ള വ്യത്യസ്തകൾ ഇല്ലെന്നു സ്ഥാപിക്കാനാണ് ലിബറൽ ഫെമിനിസം എക്കാലവും ശ്രദ്ധിച്ചത്. കാലാ കാലങ്ങളായി അടിച്ചമർത്തപ്പെട്ടതുകൊണ്ടും, സാമൂഹികമായി പിൻതളളപ്പെട്ടതു കൊണ്ടും മാത്രമാണ് സ്ത്രീക്ക് പുരുഷന്റെ നിലവാരത്തിലെയ്ക്ക് എത്താൻ കഴി യാതെപോയത്. ശ്രേണിബദ്ധമായ സാമൂഹികവ്യവസ്തിതിയിൽ സ്ത്രീയുടെ കീഴ് നിലയെ ഉയർത്തി പുരുഷന്തുല്യമാക്കുന്നിടത്താണ് ലിബറൽ ഫെമിനിസ്റ്റുകളുടെ വിമോചന ആശയം ചെന്ന് നിൽക്കുന്നത്. സ്ത്രീയുടെ പങ്കാളിത്തം സ്വകാ ര്യപൊതുരംഗങ്ങളിൽ ഉറപ്പുവരുത്തിയാൽ മാത്രമേ, ലിംഗഅസമത്വങ്ങൾ അവസാ നിപ്പിക്കൂ എന്ന് ലിബറൽ ഫെമിനിസം എടുത്തു പറയുന്നു.

### സാംസ്കാരികസ്ത്രീവാദം (Cultural Feminism)

1970 കളിൽ രൂപമെടുത്ത സ്ത്രീവാദപ്രസ്ഥാനമാണ് കൾച്ചറൽഫെമിനിസം പുരുഷനാൽ നിർവചിക്കപ്പെട്ട സ്ത്രീനിർമ്മിതികൾ എപ്രകാരം സ്ത്രീകളുടെ സ്വ ഭാവത്തെ വിലകുറച്ചുകളയുന്നുവെന്ന് കൾച്ചറൽഫെമിനിസം ചർച്ച ചെയ്യുന്നു. സ്ത്രീസത്തയിൽ ഉൾപ്പെടുന്ന വീക്ഷണമാണ് കൾച്ചറൽഫെമിനിസത്തിന്റേത്. സ്ത്രീകളും പുരുഷൻമാരും തമ്മിലുള്ള സഹജമായവ്യത്യാസങ്ങളെ വിവരിക്കാൻ കൾച്ചറൽഫെമിനിസം ഉപയോഗിച്ചുവരുന്നു. 1972 ൽ സോഷ്യലിസ്റ്റ് ഫെമിനിസ്റ്റായ എലിസബത്ത് കാഡി (Elizebath Cady Stanton) അവരുടെ പ്രധാനകൃതിയായ ഡിക്ലറേഷൻ ഓഫ് സെന്റിമെന്റ്സ് (Declaration of Sentiments) എന്ന കൃതിയിൽ എല്ലാ റാഡിക്കൽഫെമിനിസത്തിനു ബാധകമായി കൾച്ചറൽഫെമിനിസം എന്നലേബൽ ഉപയോഗിച്ചു. ആലിസ് എക്കോൾസി (Alice Echols) ന്റെ 'കൾച്ച റൽഫെമിനിസം, ഫെമിനിസ്റ്റ് മുതലാളിത്തവും അശ്ലീല വിരുദ്ധപ്രസ്ഥാനവും' എന്നലേഖനത്തിലൂടെ കൾച്ചറൽഫെമിനിസത്തെ കുറിച്ച് ഒരു അവബോധം സമൂ ഹത്തിൽ വളർത്താൻ സാധിച്ചു. സാംസ്കാരിക സ്ത്രീവാദം സ്ത്രീയെ വായിച്ചെ ടുക്കുന്നത് അവളുടെ നിഷ്ക്രിയത്വം അവളുടെ ശാന്തതയെയും വൈകാരികത യെയും പരിപോഷിപ്പിക്കാനുള്ള സന്നദ്ധതയായിട്ടാണ്. കൂടാതെ അവൾ പ്രകടിപ്പി ക്കുന്ന ആത്മനിഷ്ഠത വിപുലമായ സ്വയം അവബോധമായും കണക്കാക്കപ്പെടു

ന്നു. ഏറ്റവും പ്രധാനപ്പെട്ടതും, പാർശ്വവത്കരിക്കപ്പെട്ടതുമായ വിഭാഗമായി സ്ത്രീജനങ്ങളെ കണക്കാക്കുന്നവരാണ് സാംസ്കാരിക ഫെമിനിസ്റ്റുകൾ.

**പാരിസ്ഥിതിക സ്ത്രീവാദം (Eco Feminism)**

സ്ത്രീയുടെയും, പ്രകൃതിയുടെയും നേർക്ക് ഉയരുന്ന അധീശത്വമനോഭാവവും ചൂഷണവും തകർക്കുന്നത് പ്രപഞ്ചത്തിന്റെ സന്തുലിതാവസ്ഥയാണ് എന്നബോധ്യത്തിൽ നിന്നും രൂപംകൊണ്ടതാണ് പാരിസ്ഥിതിക സ്ത്രീവാദം. ഫെമിനിസ്റ്റ്ദർശനത്തെയും, പരിസ്ഥിതിദർശനത്തെയും ബന്ധിപ്പിക്കുന്ന സ്വതന്ത്ര മേഖലയാണിത്. സ്ത്രീവാദത്തിന്റെ വിവിധധാരകളിലെ ആശയങ്ങൾ സ്വീകരിച്ച ഇക്കോഫെമിനിസം, ആധുനികതയുടെ ആൺനോട്ടത്തിനെതിരെയുള്ള പ്രതിരോധരാഷ്ട്രീയമായി ഇക്കോഫെമിനിസത്തെ മാറ്റുന്നു. ഇക്കോഫെമിനിസ്റ്റുകൾ ആഗ്രഹിച്ചത് സ്ത്രീയുടെ മോചനത്തിലൂടെ ഭൂമിയും സർവ്വചരാചരങ്ങളും സ്വതന്ത്രരാവുന്ന അവസ്ഥയാണ്. മണ്ണിൽ തുല്യതയോടെ നിന്നുപോരാടാനുള്ള അവകാശങ്ങൾ നേടിയെടുക്കലാണ് പാരിസ്ഥിതിക സ്ത്രീവാദികളുടെ ലക്ഷ്യം.

പാരിസ്ഥിതിക സ്ത്രീവാദത്തിൽ പ്രതിരോധപ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന പ്രധാനഘടകങ്ങൾ വ്യവസായ, ശാസ്ത്ര, സാങ്കേതിക വിദ്യയുടെ കടന്നുകയറ്റവും, നവമുതലാളിത്ത ജ്ഞാനപദ്ധതികളും കൈകോർക്കുന്ന വർത്തമാന സാഹചര്യവുമാണ്. പ്രകൃതിയുടെയും സ്ത്രീയുടെയും കഴിവും, സൃഷ്ടിപരതയും അംഗീകരിക്കാനും, ഋതുചക്രവാളങ്ങളുടെ താളവും പ്രാധാന്യവും മനസ്സിലാക്കാനും, ഭൂമുഖത്തെ ഓരോ വസ്തുവും ജൈവശൃംഖലയിലെ പ്രധാന കണ്ണിയാണെന്ന് തിരിച്ചറിയാനുമുള്ള ഒരു പുതുബോധത്തിന്റെ ആവശ്യകത ഇതോടെ ഉയർന്നുവന്നു.

ഫ്രഞ്ച്ഫെമിനിസ്റ്റായ ഫ്രാൻസ്വ ദ യുബോൺ (Francoise d Eubonne) ആണ് പാരിസ്ഥിതിക സ്ത്രീവാദത്തിന് ദാർശനിക വ്യാഖ്യാനം നൽകിയത്. അവരുടെ 'ഫെമിനിസം അല്ലെങ്കിൽ മരണം' എന്ന കൃതിയിൽ സ്ത്രീയെ രക്ഷിക്കാൻ ഒരു പാരിസ്ഥിതികവിപ്ലവം ആവശ്യമാണെന്ന് പറയുന്നു. മണ്ണിനുംപെണ്ണിനും സുരക്ഷിതത്വം നല്കാൻ ഇത്തരം സ്ത്രീവാദങ്ങൾക്കു മാത്രമേകഴിയു എന്നവർ വിശ്വസിച്ചു. ഇക്കോഫെമിനിസം എന്നപ്രയോഗം ഇംഗ്ലീഷിൽ പ്രയോഗിച്ചത് സോഷ്യൽഇക്കോളജിയുടെ ഉപജ്ഞാതാവായ മുറ്റേബുച്ച് (Murray –Bookch: 1921-2006) ആണ്. പാരിസ്ഥിതികസ്ത്രീവാദത്തിൽ ദാർശനികചിന്ത പകർന്ന് നല്കിയത് നെസ്ത്രാ കിംഗ് (Ynestra king) ആണ്, സൂസൺ ഗ്രിഫിന്റെ (Susan

Grif) സ്ത്രീയുംപ്രകൃതിയും (women and nature- The Roaring insider her-1978), മേരിഡാലിയുടെ (Mary Daly) ഗൈനക്കോളജി (Gynaecology-1979) കരൊളിൻ മർച്ചന്റിന്റെ (Carolin Merchant) പ്രകൃതിയുടെ മരണം (The death of nature – women ecology and the Scintific revolution – 1980) തുടങ്ങിയ കൃതികൾ പാരിസ്ഥിതിക സ്ത്രീവാദവായനയിൽ ഏറെ പ്രതീക്ഷയർപ്പിച്ചു.

**മാർക്സിയൻ ഫെമിനിസം (Marxian Feminism)**

ലിംഗവിവേചനത്തെ വർഗവിവേചനവും സാമ്പത്തികബന്ധങ്ങളുമായി ബന്ധപ്പെടുത്തി ചിത്രീകരിക്കുന്ന മാർക്സിയൻഫെമിനിസ്റ്റുകൾ മുതലാളിത്തത്തിന്റെ ഒരുസൃഷ്ടിയായിതന്നെ പുരുഷാധിപത്യത്തെ കാണുന്നു. സാമൂഹിക പരിവർത്തനത്തിലൂടെ ലിംഗ വിവേചനത്തെയും വർഗ്ഗ വിവേചനത്തെയും പരിഹരിക്കാനാവും എന്ന് മാർക്സിസ്റ്റ് ഫെമിനിസ്റ്റുകൾ കരുതുന്നു. മുതലാളിത്തത്തിലൂടേയും സ്വകാര്യസ്വത്തിന്റെ വ്യക്തിഗത ഉടമസ്ഥതയിലൂടെയും സ്ത്രീകൾ ചൂഷണംചെയ്യപ്പെടുന്ന വഴികളെ മാർക്സിയൻഫെമിനിസം വിശകലനം ചെയ്യുന്നു. മുതലാളിത്തവ്യവസ്ഥിതിയെ പൊളിച്ചെഴുതുന്നതിലൂടെ മാത്രമേ സ്ത്രീവിമോചനം സാധ്യമാകുകയുള്ളൂ എന്ന് മാർക്സിയൻ ഫെമിനിസ്റ്റുകൾ വാദിക്കുന്നു. മാർക്സിയൻ ഫെമിനിസ്റ്റ്ചിന്തകൾ സോഷ്യലിസ്റ്റ് ഫെമിനിസത്തിനും, ഭൗതീകവാദ ഫെമിനിസത്തിനും സമാനമാണ്.

മാർക്സിസ്റ്റ് സിദ്ധാന്തങ്ങളെ അടിസ്ഥാനപ്രമാണമാക്കികൊണ്ടുള്ള സ്ത്രീപക്ഷസമീപനമാണ് മാർക്സിസ്റ്റ് ഫെമിനിസം. വർഗാധികാരത്തിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുക, വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തെ നിർണയിക്കുന്നതിൽ സാമ്പത്തികബന്ധങ്ങൾക്കും ഉത്പാദനബന്ധങ്ങൾക്കുമുള്ള പങ്ക് അപഗ്രഥിക്കുക, മർദ്ദിതവർഗ്ഗത്തിന്റെ ഭാഗത്തുനിന്ന് സമൂഹത്തെകാണുക തുടങ്ങിയസാധ്യതകൾ മാർക്സിസ്റ്റ്ചിന്ത തുറന്നിട്ടു. മർദ്ദിത-മർദ്ദക ബന്ധങ്ങൾ മനുഷ്യനിർമ്മിതമാണെന്ന് പ്രഖ്യാപിച്ച മാർക്സിസ്റ്റ്ചിന്തയോട് ലിംഗാധികാരം ദൈവഹിതമല്ലെന്ന് പ്രഖ്യാപിച്ച് മാർക്സിയൻ സ്ത്രീവാദം ആഭിമുഖ്യം പുലർത്തി.

മാർക്സിസത്തിന്റെ പുരുഷകേന്ദ്രീകൃതസ്വഭാവം പ്രായോഗികമായ തലങ്ങളിൽ സ്ത്രീകളുടെ സവിശേഷമായപ്രശ്നങ്ങൾക്ക് പരിഗണന നൽകിയിട്ടില്ല. മുതലാളിത്തത്തിന്റെ വിശകലനം പുരുഷപക്ഷത്ത് നിന്നുകൊണ്ടാണ് ഉണ്ടായതെന്നും അധ്വാനത്തിന്റെസങ്കല്പം പുരുഷന് പ്രയോജനകരമാണെന്നും മാർക്സിസ്റ്റ് സിദ്ധാന്തത്തിലൂടെ തിരിച്ചറിയപ്പെട്ടു. സ്ത്രീയുംപുരുഷനും പ്രകൃതിയോടും,

ഉൽപാദന, പ്രത്യുൽപ്പാദനസങ്കൽപ്പങ്ങളോടും വ്യത്യസ്തമായതരത്തിലാണ് പ്രതികരിക്കുന്നതെന്നസങ്കൽപ്പം മാർക്സിസ്റ്റ് ചിന്തയിലില്ല. എന്നിരുന്നാലും മാർക്സിസ്റ്റ്ഫെമിനിസത്തിൽ സ്ത്രീകളുടെ ഗാർഹിക അധ്വാനം വിലമതിക്കപ്പെട്ടില്ല. മാർക്സിസത്തിന്, ലിംഗാധിഷ്ഠിത മാനങ്ങൾനൽകി സ്വീകരിക്കാനാണ് മാർക്സിസ്റ്റ്ഫെമിനിസ്റ്റുകൾ ശ്രമിച്ചത്. അലക്സാണ്ട്ര കൊള്ളൻ (Alexandra Colon) (റഷ്യ) ക്ലാര സെറ്റ്കീൻ (Clara Zetkin) (ജർമനി) എമ്മോ ഗോഡ് (Emmo God) തുടങ്ങിയവർ മാർക്സിയൻഫെമിനിസത്തിന്റെ പ്രചാരകരായിരുന്നു.

**സമൂലസ്ത്രീവാദം (Radical Feminism)**

റാഡിക്കൽഫെമിനിസത്തിൽ പുരുഷാധികാരത്തെ സ്ത്രീഅടിമത്തത്തിന്റെ അടിസ്ഥാനഘടകമായി സങ്കൽപ്പിക്കുന്നു. സ്ത്രീയുടെസ്ഥാനം പുരുഷൻ നിർണയിക്കുന്നതിനെ റാഡിക്കൽ ഫെമിനിസം ചോദ്യംചെയ്യുന്നു. വൈയക്തികബന്ധങ്ങളിലെ അസമത്വങ്ങളെയും, അതൃപ്തികളെയുമാണ് റാഡിക്കൽഫെമിനിസം വെളിപ്പെടുത്തുന്നത്. ലിബറൽഫെമിനിസം, മിതവാദമാണെങ്കിൽ, റാഡിക്കൽ ഫെമിനിസം തീവ്രസ്വഭാവമുള്ളതാണ്.

ലിബറൽഫെമിനിസത്തിന്റെ മാർദ്ദവമുള്ള നിലപാടുകളോട് വിയോജിച്ച്കൊണ്ടാണ് അമേരിക്കൻ ഫെമിനിസ്റ്റുകൾക്കിടയിൽനിന്ന് റാഡിക്കൽഫെമിനിസത്തിന്റെവരവ്. സത്രീപുരുഷ തുല്യതയുടെയും, സ്വാതന്ത്ര്യത്തിന്റെയും സമവാക്യങ്ങൾ റാഡിക്കൽഫെമിനിസ്റ്റുകൾ സ്വീകരിക്കുന്നു. പിതൃവ്യവസ്ഥയെ മർദ്ദിതാവസ്ഥയുടെ മൂലകാരണമായി കാണുമ്പോൾതന്നെ, സ്ത്രീയുംപുരുഷനും വ്യത്യസ്ത വിഭാഗങ്ങൾ തന്നെയായിരിക്കുമെന്ന് റാഡിക്കൽഫെമിനിസ്റ്റുകൾ വിശ്വസിക്കുന്നു. ജൈവഘടനയിൽ മാത്രമുള്ള സ്ത്രീപുരുഷ സമീപനത്തിലെ ലിംഗാധിഷ്ഠിത മാനത്തോട് റാഡിക്കൽഫെമനിസ്റ്റുകൾ കലഹിക്കുകയാണ് ചെയ്യുന്നത്. പുരുഷാധികാരത്തെ എല്ലാത്തരം ചൂഷണത്തിന്റേയും അടിത്തറയായി കണ്ടുകൊണ്ട് ലിംഗസമത്വത്തിന്റെ പ്രത്യക്ഷരൂപങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾക്ക് റാഡിക്കൽ ഫെമിനിസം പ്രമുഖ്യംനൽകുന്നു.

ഫെമിനിസത്തിന്റെ റാഡിക്കൽകാഴ്ച്ചപ്പാടിന് വിപ്ലവാത്മകമായസംഭാവനകൾ നൽകിയത് കാനഡക്കാരിയായ ഷുലാമിത്ത് ഫയർസ്റ്റോണാണ് (Shulamith Firestone) അവരുടെ 'ദി ഡയലിക്ടിക് ഓഫ് സെക്സ്' (The Dialectic of Sex) (1970). എന്ന ഗ്രന്ഥമാണ് റാഡിക്കൽഫെമിനിസത്തിന് വിപ്ലവാത്മകമായകാഴ്ച്ചപ്പാട് നൽകിയത്.

'സ്ത്രീപുരുഷവൈരുദ്ധ്യത്തിന്റെ രാഷ്ട്രീയ മനഃശാസ്ത്രങ്ങളെ വിലയിരുത്താൻ, മാർക്സിയൻസോഷ്യലിസ്റ്റ് ചിന്താപദ്ധതിയിലെ വർഗ്ഗാധിഷ്ഠിത വിശകലനം കൊണ്ടുമാത്രം സാധ്യമല്ലെന്ന് ഫയർസ്റ്റോൺ കരുതുന്നു. ജൈവപ്രകൃതിയുടെ ഒരുപകുതി പുനരുൽപാദനത്തന്റെയും സംരക്ഷണത്തിന്റെയും മുഴുവൻ ഉത്തരവാദിത്വവും ഏൽക്കണമെന്ന സമകൽപ്പന പുരുഷൻ അവന്റെ താല്പര്യത്താൽ അടിച്ചേല്പിച്ചതിന്റെ ഫലമാണ്. അതിന്റെ പരിണിതഫലമാണ് സ്ത്രീയുടെ പീഢിതാവസ്ഥ. സ്ത്രീയുടെ ജൈവശാസ്ത്രപരമായ പ്രത്യേകതയാണ് അവളുടെ അടിമത്തത്തിൽ കലാശിച്ചത്. തന്റെ അധീശ്വത്വം ഉറപ്പിക്കാൻ പുരുഷനെ പ്രധാനമായും സഹായിക്കുന്നത് കുടുംബവ്യവസ്ഥയാണെന്ന് ഫയർസ്റ്റോൺ കരുതുന്നു'[4] (1970, 12).

പുരുഷൻ കുടുംബം സംരക്ഷിക്കുന്നത് കൊണ്ടുള്ള പ്രത്യുപകാരമായാണ് കുടുംബത്തിൽ സ്ത്രീ പുരുഷനെ സ്വീകരിക്കുന്നതും അവന്റെ കുഞ്ഞുങ്ങളെ പെറ്റുപോറ്റുന്നതും. പ്രത്യുൽപാദനപരമായ, ജൈവശാസ്ത്ര അധിഷ്ഠിതമായ അടിമത്തത്തിൽനിന്ന് സ്ത്രീയെ വിമോചിപ്പിച്ച് കുഞ്ഞുങ്ങളുടെ സംരക്ഷണത്തിന്റെയും, വളർത്തിയെടുക്കലിന്റെയും ചുമതല മൊത്തത്തിലുള്ള പങ്കാളിത്തത്തോടെ നിർവഹിക്കപ്പെടുമ്പോൾ മാത്രമേ സ്ത്രീയുടെ ലിംഗപരമായ അസമത്വം അവസാനിക്കൂ. കുടുംബം എന്നസങ്കല്പത്തെ അപ്പാടെ നിരസിക്കുന്ന ഫയർസ്റ്റോൺ, ശാസ്ത്രസാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് പ്രകൃതി സ്ത്രീയ്ക്ക് നൽകിയ അവശതകൾ പരിഹരിക്കാനാവുമെന്ന് ഉറച്ചു വിശ്വസിക്കുന്നു. ഇങ്ങനെ സ്വതന്ത്രയാക്കപ്പെടുമ്പോൾ വെറുമൊരു സാമ്പത്തിക ഘടകം മാത്രമായ കുടുംബത്തിന്റെ കെട്ടുപാടുകളിൽ നിന്ന് അവൾ മുക്തയാകും.

ഗാർഹികമായ തൊഴിലുകളിൽ നിന്ന് സ്ത്രീയെമോചിപ്പിക്കുക തന്നെയാണ്വേണ്ടതെന്ന് ഫയർസ്റ്റോൺ കൂട്ടിച്ചേർക്കുന്നു. അത് വേതന വിധേയമാക്കുന്നതല്ല പരിഹാരം. സാമ്പത്തികസ്വാതന്ത്ര്യം പുരുഷവിധേയത്വത്തിൽ നിന്ന് സ്ത്രീയെമോചിപ്പിക്കാം, പക്ഷേ പ്രത്യുൽപാദനപരം മാത്രമല്ലാത്ത ആഹ്ലാദകരമായ, സ്വതന്ത്രമായ, ലൈംഗികാനുഭവങ്ങൾ കുടുംബവ്യവസ്ഥയുടെ തകർച്ചയിലൂടെ മാത്രമെ സാധ്യമാകുയെന്ന് ഫയർസ്റ്റോൺ കരുതുന്നു. വിവാഹം സ്ത്രീയുടെ അവസ്ഥയെ കൂടുതൽ പരിതാപകരം ആക്കുകയേയുള്ളു എന്ന് ഫയർസ്റ്റോൺ വാദിക്കുന്നു. ദാമ്പത്യം പ്രശ്ന സങ്കീർണമാകുന്നതിന്റെ ഒട്ടേറെ ഉദാഹരണങ്ങൾ മുമ്പിൽ ഉണ്ടായിരിക്കുമ്പോഴും ഞങ്ങൾ വ്യത്യസ്ഥരാണെന്ന അയഥാർത്ഥ്യമായൊരു സുരക്ഷിതത്വത്തെയാണ് സ്ത്രീ സ്വാംശീകരിക്കാൻ ശ്രമിക്കുന്നത്. വിവാഹം എന്ന സ്ഥാപനത്തെ കുറ്റപ്പെടുത്തുന്നതിനുപകരം അതിലെ

പങ്കാളികളെ കുറ്റപ്പെടുത്താനുള്ള പ്രവണതയാണ് കാണുന്നത്. ഈവ്യവസ്ഥ നില നിൽക്കുന്നിടത്തോളം സ്ത്രീപുരുഷ ബന്ധത്തിലെ സമമല്ലാത്ത അധികാരവ്യ വസ്ഥ തുടരുകതന്നെ ചെയ്യുമെന്ന് ഫയർസ്റ്റോൺ പറയുന്നു. വൈകാരികവും മാന സികവുമായി കൂടുതൽ സംതൃപ്തി നൽകുന്ന മറ്റു സാധ്യതകളെക്കുറിച്ച് നാം ചിന്തിക്കേണ്ടതാണെന്നു കൂടി ഫയർസ്റ്റോൺ പറഞ്ഞു വെയ്ക്കുന്നു. സ്ത്രീപുരുഷ കുടുംബബന്ധങ്ങളെക്കുറിച്ചും അതിലെ സാമ്പത്തിക നയങ്ങളെക്കുറിച്ചും വിപ്ലവ കരമായ ചിന്തകളാണ് ദി ഡയലിക്ടിക് ഓഫ് സെക്സ് എന്ന ഗ്രന്ഥത്തിൽ ഷൂല സ്മിത്ത് ഫയർ സ്റ്റോൺ പ്രതിപാദിക്കുന്നത്.

കുടുംബബന്ധങ്ങളെ നിരാകരിക്കുന്ന റാഡിക്കൽഫെമിനിസത്തിന്റെ നില പാടുകൾ, സ്ത്രീ പുരുഷബന്ധങ്ങളിൽ ഉലച്ചിൽ വരുത്തുന്ന ഒട്ടേറെപ്രശ്നങ്ങൾ സൃഷ്ടിക്കുകയുണ്ടായി. പുരുഷലോകത്തിന്റെ അവകാശ അധികാരങ്ങളിലേയ്ക്ക് സ്ത്രീയുടെ തന്റേടത്തോടെയുള്ള ഇടിച്ചുകയറലിനു റാഡിക്കൽഫെമിനിസം വഴി വെച്ചു. സ്ത്രീകളുടെ അവകാശങ്ങൾ പുരുഷന്റേതായ ദാക്ഷിണ്യങ്ങൾക്കായി കാത്തു നിൽക്കേണ്ടതല്ലെന്നും റാഡിക്കൽഫെമിനിസം പ്രഖ്യാപിച്ചു. ലൈംഗികത യുടെ പൂർവ്വധാരണകളേയും റാഡിക്കൽഫെമിനിസം ആക്രമിച്ചിട്ടുണ്ട്. ന്യൂ യോർക്കിലെ വിഖ്യാതയായ റാഡിക്കൽഫെമിനിസ്റ്റ് സൂസൺ ബ്രൗൺമില്ലർ (Susan Brownmiller) (1935). 1970 കളിൽ റാഡിക്കൽഫെമിനിസ്റ്റ്ചിന്തയുടെ ഭാഗ മായി ബലാൽസംഗത്തിനിരയായ സ്ത്രീകൾക്കായി പുനരധിവാസകേന്ദ്രങ്ങൾ ആരംഭിക്കുകയുണ്ടായി. സ്ത്രീകളുടെ മൂടിവെക്കപ്പെടാത്ത അനുഭവ ആവിഷ്കാര ങ്ങളിലൂടെ ബലാൽസംഗത്തിന് എതിരായി ജനരോഷം ഉയർത്തപ്പെടുകയും, അത്തരം കൃത്യങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾ അവഹേളിക്കപ്പെടേണ്ടതല്ലെന്ന മനോഭാവം സൃഷ്ടിക്കപ്പെടുകയുണ്ടായി. സ്ത്രീ-പുരുഷ മനസ്സുകളെ അനേകത ലത്തിൽ പഠനവിധേമാക്കിയ മനശാസ്ത്രസമീപനങ്ങൾ ബലാൽസംഗത്തിന്റെ മനഃ ശാസ്ത്രത്തെ വിരളമായേ ചർച്ച ചെയ്യുന്നുള്ളു. സിഗ്മണ്ട് ഫ്രോയിഡ് (Sigmund Freud) അതേകുറിച്ച് ഏറെ നിശബ്ദനാണ്. വളരെ മൃദുവായ ലൈംഗിക സമീപ നത്തിലെ ഒരപഭ്രംശം എന്ന നിലയക്കല്ലാതെ അപഗ്രഥിക്കപ്പെടേണ്ട ഗൗരവപൂർണ്ണ മായ മാനസികപ്രശ്നമായി സ്ത്രീയുടെ മേലുള്ള കടന്നുകയറ്റം പഠിക്കപ്പെടാത്തത് എന്തു കൊണ്ടാണെന്ന് ആലോചിക്കേണ്ടതുണ്ടെന്ന് സൂസൺ ബ്രൗൺമില്ലർ പറയു ന്നു. പുരുഷന്റെ സ്വഭാവവൈകൃതങ്ങളെ ദയാപൂർവ്വം സമീപിക്കുന്ന പുരുഷമന സ്സാണ് അതിനു പിറകിൽ എന്നുകൂടി അവർ പറയുന്നു.

**ബ്ലാക്ക് ഫെമിനിസം (Black Feminism)**

ബ്ലാക്ക് ഫെമിനിസത്തിന്റെ ആവിർഭാവത്തിനുകാരണം അടിമത്തമാണ്. പുരുഷാധിപത്യത്തിന്റേയും വംശീയതയുടെയും ഫലമായി കറുത്തസ്ത്രീകൾക്ക് അടിമത്തത്തിന് അകത്തുംപുറത്തും ഒരു വ്യക്തിത്വം ഉണ്ടായിരുന്നില്ല. അടിമത്ത്വത്തിന്റെ കാലംമുതൽ ബ്ലാക്ക്ഫെമിനിസം നിലവിലുണ്ട്. 1892 ൽ അന്നജൂലിയ കൂപ്പർ (Anna Julia Cooper) എഴുതിയ 'എ വോയ്സ് ഫ്രം ദി സൗത്ത്' എന്ന പുസ്തകം ബ്ലാക്ക് ഫെമിനിസ്റ്റ് വീക്ഷണം പ്രകടിപ്പിക്കുന്ന ആദ്യത്തെ സാഹിത്യകൃതികളിലൊന്നാണ്. 1904 ൽ സ്ഥാപിതമായ നാഷ്ണൽ കളേർഡ് വിമൻസ് ക്ലബ്ബ് (National Coloured Womans Club), 1909 ൽ സ്ഥാപിതമായ നാഷ്ണൽ അസോസിയേഷൻ ഫോർ ദി അഡ്വാൻസ്മെന്റ് ഓഫ് കളേർഡ് പ്യൂപ്പിൾ (National Association for the Advancement of coloured people), 1921 ൽ സ്ഥാപിതമായ നാഷ്ണൽ അസോസിയേഷൻ ഓഫ് വേജ് ഏണേഴ്സ് (National Association of wage Earners) എന്നീ സംഘടനകൾ കറുത്തവർഗക്കാരായ സ്ത്രീകൾക്കുവേണ്ടി വാദിച്ചു.

ബ്ലാക്ക്ഫെമിനിസ്റ്റ്രാഷ്ട്രീയം പ്രധാനമായും ശ്രമിച്ചത്, സമൂഹത്തിന്റെ രാഷ്ട്രീയചട്ടക്കൂടിൽ മാറ്റംവരുത്താൻ ശ്രമിക്കുന്ന സമാനചിന്താഗതിക്കാരായ വ്യക്തികളുടെ ഒരുകൂട്ടം രൂപീകരിച്ചുകൊണ്ടാണ്. അതുവഴി വ്യക്തിപരമായ അനുഭവങ്ങളും ചരിത്രത്തിലെ ആളുകളുടെ അനുഭവങ്ങളും അറിയുന്നതിനും, മനസിലാക്കുന്നതിനും സാധിച്ചു. വർണ്ണാന്ധത എന്നആശയം സ്ഥാപനങ്ങളിൽ ഒരു തരംതിരിവ് സൃഷ്ടിക്കുന്നത് പോലെ, കറുത്തസ്ത്രീകൾ സ്വത്വരാഷ്ട്രീയത്തിന്റെ പുതിയ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയും അവരുടെ ആശങ്ക പ്രകടിപ്പിക്കാൻ ഒരു സുരക്ഷിതായ ഇടംനേടുകയും ചെയ്തു. ബ്ലാക്ക്ഫെമിനിസത്തിന്റെ കടന്നുവരവ് അന്നുവരെ സമൂഹത്തിൽ നിലനിന്നിരുന്ന അടിമയുടമസമ്പ്രദായങ്ങൾക്കും, മറ്റ് ഉച്ചനീചത്വങ്ങൾക്കും പരിഹാരം കാണാൻ പരിശ്രമിച്ചു.

**സൈക്കോ അനാലിറ്റിക് ഫെമിനിസം (Psycho Analytic Feminism)**

സൈക്കോ അനാലിറ്റിക് ഫെമിനിസത്തിനാധാരം ഫ്രോയിഡിയൻ ചിന്തകളും നിഗമനങ്ങളുമാണ്. ഫ്രോയ്ഡിന്റെ ആശയഗതികളെ മുൻനിർത്തി സ്ത്രീപക്ഷചിന്തകളെ പരിശോധിക്കുന്നു. ഭാഷയിലെ ഓരോ പദവും വ്യാപരിക്കുന്ന ആശയം മറുപുറത്തെ ആസ്പദമാക്കിയാണ് നിലനിൽക്കുന്നതെന്ന് ഫെമിനിസ്റ്റ്

വക്താക്കൾ പറയുന്നു. ഉദാഹരണം ആണ്-പെണ്ണ്, അവൻ-അവൾ, രാത്രി-പകൽ, അപ്പൻ-അമ്മ, വെളുപ്പ്-കറുപ്പ്, പൂർവ്വപദത്തിന്റെ സാന്നിധ്യത്തിന് ഉത്തരപദത്തെ ഇകഴ്ത്തുകയൊ പുകഴ്ത്തുകയൊ ചെയ്യാൻ കഴിയും. സ്ത്രീപുരുഷവ്യക്തിത്വങ്ങളുടെ വിശകലനത്തിനായി ഫ്രോയ്ഡ് ചൂണ്ടിക്കാട്ടുന്ന ചില പദങ്ങൾകൂടി നോക്കുക. Dominant × Submissive, Harsh × Gentle ഇതിലെ പോസിറ്റീവ് ആശയങ്ങൾ പുരുഷവ്യക്തിത്വത്തിനും നെഗറ്റീവ് സ്ത്രീവ്യക്തിത്വത്തിനും ചേർക്കുന്ന പ്രവണതയാണ് കാണുന്നത്. ഇത്തരത്തിലുള്ള പാർശ്വവൽക്കരണത്തിലൂടെ സ്ത്രീയുടെ നിലപാടുകളെ താഴ്ത്തിക്കളയുന്ന പ്രവണതയാണ് നിലവിലുള്ളത്. ഈ പ്രവണതകളെ പഠിക്കുന്ന മേഖലകളെ സൈക്കോ അനാലിറ്റിക് ഫെമിനിസം എന്ന വിഭാഗത്തിലുൾപ്പെടുത്തുന്നു.

**ആന്റിഫെമിനിസം (Anti Feminism)**

ഏത് ആശയത്തിനും അതിനെതിരായി മറ്റൊരാശയം പിറവിയെടുക്കുക സ്വാഭാവികമാണ്. ഫെമിനിസത്തിനെതിരായി രൂപമെടുത്തതാണ് ആന്റിഫെമിനിസം. സ്ത്രീവാദ ആശയങ്ങളെ പ്രതിരോധിക്കുക, ഫെമിനിസ്റ്റ് ആശയങ്ങളിലെ കാപട്യങ്ങളെ തുറന്നുകാണിക്കുക, ഫെമിനിസത്തിനെതിരായ എതിർകൃതികൾ സൃഷ്ടിക്കുക തുടങ്ങിയവയെല്ലാം ഈ ശാഖയിൽ വരുന്നു. കുടുംബത്തിന് ഊന്നൽ കൊടുക്കുന്നവരാണ് ആന്റിഫെമിനിസത്തിന്റെ ആശയസംവാദകർ. സ്ത്രീയെ യാഥാസ്ഥിതികതയിലേക്ക് തള്ളിവിടാൻ ഇവർ ആഗ്രഹിക്കുന്നു. അബോർഷൻ ഉൾപ്പെടെയുള്ള നയങ്ങളെ ഇവർ ശക്തമായ രീതിയിൽ എതിർക്കുന്നു. പുരുഷന്മാരുടെ മാത്രമല്ല സ്ത്രീകളുടെയും ശക്തമായ പിന്തുണ ആന്റിഫെമിനിസ്റ്റിക് ഗ്രൂപ്പിനുണ്ട്.

**സ്ത്രീശാക്തീകരണം ഭാരതത്തിൽ**

സ്ത്രീവാദചിന്ത എന്ന സംജ്ഞ നമ്മുടെ സാഹിത്യത്തിലുംസമൂഹത്തിലും സംസ്കാരത്തിലും അനുനിമിഷം പ്രതിവിനിമയം ചെയ്യപ്പെടുന്ന പദമാണ്. ഇന്ത്യൻ സ്ത്രീവാദചിന്തയുടെ ശക്തി സ്രോതസ്സായി പറയപ്പെടുന്ന സാഹിത്യകൃതിയാണ് സംഘകാലകവിതകൾ. ഭൂപ്രകൃതി, കാലം, ജീവിതസാഹചര്യം എന്നിവയോടൊപ്പം മത്രമെ മനുഷ്യാനുഭവത്തിന്റെ, സ്ത്രീഅനുഭവത്തിന്റെ കാവ്യവത്കരണം സാധ്യമാകൂ എന്നുള്ളദർശനമാണ് സംഘകാലകൃതികൾ പങ്കുവെക്കുന്നത്. ലോകത്തിലെ ആദ്യത്തെ പാരിസ്ഥിതിക കാവ്യശാസ്ത്രം (Eco-poetics) എന്നുകൂടി സംഘകാലകൃതികളെ വിളിക്കാം.

കാലാന്തരത്തിൽ സംഘകാലസംസ്കാരം വിസ്മൃതിയിലാവുകയും പുരുഷാധിപത്യത്തിന് പ്രാധാന്യം ലഭിക്കുന്ന ഭാരതീയ, വൈദേശിക ചിന്താപദ്ധതികൾ ഇതിന്റെഫലമായി സമൂഹത്തിൽ സ്ഥാനം കൈയടക്കുകയും ചെയ്തു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ കടന്നുവരവോടെ ഭാരതത്തിൽ സ്ത്രീശാക്തീകരണത്തിന്റെ നവോത്ഥാനചിന്ത കടന്നുവരാൻ തുടങ്ങി. "ആദ്യം നിങ്ങൾ സ്ത്രീകളെ വിദ്യഅഭ്യസിപ്പിക്കുക എന്നിട്ട് അവരുടെ പാട്ടിനു വിടുക. തങ്ങൾക്ക് എന്ത് പരിഷ്കാരം വേണ്ടതെന്ന് അപ്പോൾ തന്നെ പറഞ്ഞു കൊള്ളും"[5] (1999, 5) സ്വാമി വിവേകാനന്ദന്റെ ഈ അഭിപ്രായം ശ്രീനാരായണഗുരുവിന്റെ വിദ്യകൊണ്ട് സ്വതന്ത്രരാകുവിൻ എന്ന ആശയത്തോട് ചേർന്നു നിൽക്കുന്നു.

1910 ൽ സരളാദേവി ചൗധുരാണി സ്ഥാപിച്ച ഭാരത് സ്ത്രീ മഹാ മണ്ഡൽ ആണ് ഭാരതത്തിലെ പ്രധാനപ്പെട്ട സ്ത്രീസംഘടന. 1917 ൽ ആനി ബസന്റും മാർഗരറ്റ് കസിൻസും ചേർന്ന് മദ്രാസ് കേന്ദ്രമാക്കി വിമൻസ് ഇന്ത്യൻ അസോസിയേഷൻ (Womans India Association) രൂപീകരിച്ചു. സ്ത്രീധർമ്മ എന്നൊരു മുഖപത്രവും ഈ സംഘടന പ്രസിദ്ധീകരിച്ചിരുന്നു. 1926 ൽ വിമൻസ് കൗൺസിൽ ഓഫ് ഇന്ത്യ (Womens Council of India) രൂപീകൃതമായി. 1927 ൽ ആരംഭിച്ച ആൾ ഇന്ത്യ മഹിളാ അസോസിയേഷന്റെ പ്രധാനലക്ഷ്യം വിദ്യാഭ്യാസം, സ്വാതന്ത്ര്യം, വോട്ടവകാശം എന്നീ അവകാശങ്ങൾ നേടിയെടുക്കുക എന്നതായിരുന്നു. 1935 ൽ എല്ലാ ഇന്ത്യൻസ്ത്രീകൾക്കും വോട്ടവകാശം ലഭിച്ചത് മേൽപറഞ്ഞ സംഘടനയുടെ ശ്രമഫലമായിട്ടാണ്. ഐക്യരാഷ്ട്രസംഘടന 1975 ൽ ആണ് അന്തരാഷ്ട്ര സ്ത്രീവർഷമായി ആചരിച്ചത്. അതേ കാലയളവിൽ തന്നെ ഹൈദ്രബാദിൽ ആരംഭിച്ച പ്രോഗസ്സീവ് ഓർഗനൈസേഷൻ ഓഫ് വിമൻ (Progressive Organisation of Women) എന്ന സംഘടനയുടെ പ്രാധാന്യം കൂടി എടുത്തു പറയേണ്ടതാണ്. ഇന്ത്യൻ സാഹചര്യങ്ങളിൽ ജീവിച്ചുവരുന്ന സ്ത്രീകളുടെ പ്രശ്നങ്ങളെ പഠിക്കാൻ മേൽപറഞ്ഞ സംഘടനകളുടെ സ്വാധീനം കൊണ്ടു കഴിഞ്ഞു.

സാമൂഹിക മാറ്റത്തിനുവേണ്ടി ഇന്ത്യയിൽ പത്തൊമ്പതാം നൂറ്റാണ്ടിൽ സജീവമായ പരിഷ്കരണപ്രസ്ഥാനങ്ങളിൽ പങ്കെടുത്തുകൊണ്ട് കടന്നുവന്ന സ്ത്രീകൾ സാമൂഹീക, രാഷ്ട്രീയരംഗത്ത് നിർണ്ണായകമായ പ്രവർത്തനങ്ങൾ നടത്തി. ശൈശവ വിവാഹം, സതി, ദേവദാസി സമ്പ്രദായം, പർദ്ദ, സ്ത്രീധനം, ബഹുഭാര്യാത്വം, ബഹുഭർതൃത്വം, പെൺശിശുഹത്യ തുടങ്ങി സ്ത്രീകളുടെ സാമൂഹികപദവി സംബന്ധിച്ച പ്രശ്നങ്ങൾവരെ വിമർശിക്കപ്പെട്ടു. സ്ത്രീകൾക്കെതിരെ നിലനിൽക്കുന്ന മതാചാരങ്ങൾ, സാമൂഹിക വിശ്വാസങ്ങൾ, അന്ധവിശ്വാസങ്ങൾ

എന്നിവയ്ക്കെതിരെ സ്ത്രീകൾ ശക്തമായി പ്രവർത്തിച്ചു. സരോജിനി നായിഡു, സാവിത്രിഭായ് ഫുലെ, രേണുകറായ്, സുചേതാകൃപലാനി, രമാഭായി, കമലാദേവി തുടങ്ങിയവരുടെ നേതൃത്വത്തിൽ സ്ത്രീകളുടെ സംഘടിതമായ മുന്നേറ്റമായിരുന്നു ഭാരതത്തിൽ നടന്നത്. ഇന്ത്യയിൽ സ്ത്രീ പ്രസ്ഥാനങ്ങളെ കുറിച്ചു നടത്തിയിട്ടുള്ള ഭൂരിഭാഗം പഠനങ്ങളിലും സ്ത്രീചരിത്രത്തിന്റെ മുഖ്യപ്രസ്ഥാനങ്ങളിൽ സവർണ്ണ-മധ്യ-ഉപരി വർഗ്ഗ സ്ത്രീകളുടെ പരാമർശങ്ങളാണുള്ളത് എന്ന് പ്രത്യേകം പരാമർശിക്കേണ്ട വസ്തുതയാണ്. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരിൽ സ്ത്രീവിമോചനാശയങ്ങൾ രൂപപ്പെടാൻ കാലം പിന്നെയും കാത്തിരിക്കേണ്ടിവന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ നടന്ന സാമൂഹിക പരിഷ്കരണത്തിന്റെയും, വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ശ്രമങ്ങളുടെയും ഗുണഭോക്താക്കൾ സ്ത്രീകളാണ്. ഇന്ത്യൻ സാമൂഹിക പ്രസ്ഥാനങ്ങളിൽ സ്ത്രീ മുന്നേറ്റത്തിന് നേതൃത്വം കൊടുത്തത് സ്ത്രീകളാണ്. ഇരുപതാം നൂറ്റാണ്ടിന്റെ സാമൂഹിക മുന്നേറ്റത്തിന് അടിത്തറയായി തീർന്നതും സ്ത്രീകൾ തന്നെ. സ്ത്രീ വിദ്യാഭ്യാസത്തിലുണ്ടായ പുരോഗതിയാണ് ഈ വളർച്ചക്ക് കാരണമെന്ന് കരുതിയസ്ത്രീകൾ, വ്യക്തിത്വത്തിന്റെ പൂർണ്ണ വളർച്ചയ്ക്ക് സഹായിക്കുന്ന വിദ്യഭ്യാസം വേണമെന്ന് വാദിച്ചു.

സാമൂഹിക പരിഷ്കരണ പ്രസ്ഥാനത്തിലും, ഗാന്ധിജിയുടെ പ്രത്യയശാസ്ത്ര കാഴ്ച്ചപ്പാടിലും സ്ത്രീകളെ ഇന്ത്യയുടെ മാതൃത്വ സങ്കൽപ്പത്താൽ ചിത്രീകരിക്കുന്ന പ്രവണത ശക്തമായിരുന്നു. കുടുംബം എന്ന സങ്കൽപ്പത്തിൽ സർവ്വംസഹകളായിത്തീർന്ന സ്ത്രീമാതൃകകൾക്ക് ഏറെ പ്രാധാന്യം ലഭിച്ചു. 1917 നും 27 നും ഇടയ്ക്ക് മൂന്നു പ്രധാനപ്പെട്ട സ്ത്രീസംഘടനകൾ നിലവിൽ വന്നു. വിമൻ ഇന്ത്യൻ അസോസിയേഷൻ (Women Indian Association), നാഷ്ണൽ കൗൺസിൽ ഓഫ് വിമൻ ഇൻ ഇന്ത്യ (National Council of Women in India), ആൾ ഇന്ത്യ വിമൻസ് കോൺഫറൻസ് (All India Women Conference) എന്നിവ രൂപീകരിച്ചു. 1917 ലാണ് സരോജിനി നായിഡുവിന്റെ നേതൃത്വത്തിൽ ഇന്ത്യൻ സ്ത്രീകളുടെ വോട്ടവകാശത്തിനു വേണ്ടി മോണ്ടേഗുവിനെ കാണാൻ പോയത്.
കീഴ്ജാതി ദരിദ്രകർഷക വിഭാഗത്തിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ ഈ സ്ത്രീസംഘനടകൾക്കുള്ളിൽ ഗൗരവമായി പരിഗണിക്കപ്പെട്ടില്ല. എന്നിരുന്നാലും ദേശിയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിലെ നേതാക്കൾ സ്ത്രീസംഘടകളുമായി ബന്ധം സ്ഥാപിച്ചു. വിദേശ വസ്ത്ര ബഹിഷ്കരണം, മദ്യ വിരുദ്ധ സമരം, ഉപ്പു സത്യാഗ്രഹം, ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം എന്നിവയിൽ സജീവമായി പങ്കെടുത്തത്. കീഴ്ജാ

തി-ദരിദ്രകർഷക തൊഴിലാളി സ്ത്രീകളായിരുന്നു എന്നത് സ്വാതന്ത്ര്യസമര ചരിത്രത്തിലെ കീഴാളവിഭാഗത്തിന്റെ പ്രാതിനിധ്യത്തെക്കുറിക്കുന്നു.

**സ്ത്രീശാക്തീകരണം കേരളത്തിൽ**

കേരളത്തിൽ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്ന ആദ്യത്തെ സമ്മേളനം വാവന്നൂരിലാണ് നടന്നത്. അതിനുശേഷം കേരളത്തിലങ്ങോളമിങ്ങോളം സ്ത്രീവിമോചന പ്രവർത്തനങ്ങൾ ലക്ഷ്യം വച്ചു കൊണ്ടുള്ള ചെറിയ ഫെമിനിസ്റ്റ് ഗ്രൂപ്പുകൾ ഉണ്ടായി. മാനുഷി, സമത, പ്രചോദന, ചേതന, ഗ്രാമീണവനിതാസംഘം, പ്രബുദ്ധത, അന്വേഷി, അഭയ, ബോധന തുടങ്ങിയ സംഘടനകൾ ആധുനികകാലത്ത് സ്ത്രീപ്രശ്നങ്ങളെകുറിച്ച് അവബോധമുണർത്താൻ പരിശ്രമിക്കുന്ന സംഘടനകളാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിലാണ് ഫെമിനിസ്റ്റ് ആശയങ്ങളുടെ മുന്നേറ്റം കേരളത്തിൽ ഉണ്ടായത്. നിരവധി സ്ത്രീപ്രശ്നങ്ങൾ സമൂഹത്തിന്റെ പലതലങ്ങളിലും ചർച്ച ചെയ്യപ്പെട്ടു. സ്ത്രീത്വത്തിന്റെ വിവിധമാനങ്ങൾ, ലിംഗപദവി, സ്ത്രീകൾ നേരിടുന്ന ദാരിദ്ര്യാവസ്ഥ, ആഗോളവത്കരണവും സ്ത്രീപ്രശ്നങ്ങളും, സ്ത്രീകളുടെ മനുഷ്യാവകാശം, സാഹിത്യം, കല, മാധ്യമം, സംസ്കാരം, തുടങ്ങിയ ഇടങ്ങളിൽ സ്ത്രീകളുടെ സാന്നിധ്യം, ന്യൂനപക്ഷ മുസ്ലീം, ക്രിസ്ത്യൻ സ്ത്രീകളുടെ അവകാശപ്രശ്നങ്ങൾ തുടങ്ങിയവയിലെല്ലാം പുതിയ പഠനങ്ങളും, സംവാദങ്ങളും പ്രയോഗപദ്ധതിയും ആവിഷ്കരിക്കപ്പെടുന്നത് സ്ത്രീവാദ സൈദ്ധാന്തികരുടെ പ്രവർത്തനങ്ങളുടെ കാലഘട്ടത്തിൽ ആണ്.

സ്ത്രീവാദചിന്തകളുടെയും പ്രവർത്തനങ്ങളുടെയും കാലഘട്ടത്തിൽതന്നെ ദളിത്ജനങ്ങളുടെ ഇടയിൽനിന്നും സ്ത്രീവിമോചനവീക്ഷണങ്ങൾ മുന്നോട്ടുവച്ചുകൊണ്ടുള്ള കൂട്ടായ്മ രൂപപ്പെടുന്നതായികാണാം. ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറുകളിലാണ് ദളിത്സ്ത്രീപ്രസ്ഥാനം സജീവമായത്. ദളിത് സ്ത്രീകളുടെ ആവശ്യങ്ങൾ, അംഗീകാരങ്ങൾ മറ്റു സ്ത്രീസംഘടനകൾ നിറവേറ്റാതെ വന്നപ്പോഴാണ് ദളിത് ഫെമിനിസ്റ്റ്പ്രസ്ഥാനങ്ങൾ രൂപപ്പെട്ടത്. ദളിത്സ്ത്രീകളുടെ പ്രശ്നങ്ങൾ ജാതിയിൽ ഉയർന്ന സ്ത്രീകളുടേതിനു തുല്യമല്ലെന്ന് അവർ തുറന്നുപറഞ്ഞു. സ്ത്രീ എന്നുപറയുമ്പോൾ പൊതുസമൂഹം കീഴാളസ്ത്രീയെന്നൊ ആദിവാസി സ്ത്രീയെന്നൊ ഓർക്കാറില്ലെന്നും ഈ സംഘടന വിമർശനം ഉന്നയിച്ചു.

സ്ത്രീ സ്വാതന്ത്ര്യത്തിന്റെ പ്രധാനപ്പെട്ട ഘടകം ഒരു വ്യക്തിയായി ജീവിക്കാനുള്ള ഇച്ഛ. വ്യക്തിയായി അംഗീകരിക്കപ്പെടാനും തനിക്കുവേണ്ടിയും, സമുദാ

യത്തിനുവേണ്ടിയും സ്വന്തം കഴിവുകൾ ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യവും, അവസരങ്ങളും ഉണ്ടാക്കിയെടുക്കുക എന്നതാണെങ്കിൽ കേരളത്തിലെ സ്ത്രീകൾ എവിടെയാണ് നിലകൊള്ളുന്നു എന്നത് എല്ലാകാലത്തും പ്രസക്തമായ ചോദ്യമാണ്.

ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങളോട് താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ സ്ത്രീകൾ വിദ്യാഭ്യാസകാര്യത്തിൽ മുൻപന്തിയിലാണ്. എങ്കിലും വിദ്യാഭ്യാസരംഗത്ത് നടന്നുകൊണ്ടിരിക്കുന്ന സ്വകാര്യവത്കരണം ദരിദ്രരായ തൊഴിലാളികളുടെയും, ദളിതരുടെയും, ആദിവാസികളുടെയും മത്സ്യതൊഴിലാളികളുടെയുമൊക്കെ മക്കൾക്ക് വിദ്യഭ്യാസം നേടാനുള്ള അവസരങ്ങളിലും അവകാശങ്ങളിലുമാണ് കൈകടത്തുന്നത്. സ്വകാര്യവത്കരണത്തിന്റെ ബാക്കിപത്രമായിരുന്നു വിദ്യഭ്യാസം നിഷേധിക്കപ്പെട്ട അനേകം പെൺകുട്ടികളുടെ ആത്മഹത്യ ഒരു കാലംവരെ കേരളത്തിൽ സജീവമായ വാർത്തയായിരുന്നു.

വിവാഹവും, കുടുംബവും ഇന്നത്തെ സമൂഹത്തിൽ സ്ത്രീയ്ക്ക് സുരക്ഷ നൽകുന്ന പ്രധാനപ്പെട്ട ഘടകങ്ങളായി ഉയർത്തി കാണിക്കുന്നുണ്ടെങ്കിലും ഈ രണ്ട് സ്ഥാപനങ്ങളുടെയും വിശ്വാസ്യത നാൾക്കുനാൾ ചോദ്യം ചെയ്യപ്പെടുകയാണ്. സ്വാതന്ത്ര്യത്തിനും സമത്വത്തിനും കടിഞ്ഞാണിടാനാണ് ഈ രണ്ടുസ്ഥാപനങ്ങളും ശ്രമിക്കുന്നത്. സമൂഹത്തിന്റെകണ്ണിൽ വിവാഹമെന്നാൽ സ്ത്രീസുരക്ഷയ്ക്ക് അനിവാര്യമായ കാര്യമാണ്. എന്നാലിത് സാമ്പത്തികമൊ, വൈകാരികമൊ, ശാരീരികമൊ ആയ സുരക്ഷ നല്കുന്നില്ല എന്നു പറയാം. കുടുംബത്തിനും വിവാഹത്തിനും കാലാകാലങ്ങളായി ദിവ്യത്വമോ, പരിശുദ്ധിയോ നല്കുന്നതുകൊണ്ട് അതിനെ വിമർശനപരമായി നോക്കി കാണാൻ നാം ധൈര്യം കാണിക്കാറില്ല. ഗൃഹാന്തരീക്ഷം സ്ത്രീകളുടെ പ്രവർത്തനമണ്ഡലമാകുന്നതോടൊപ്പം ആ സംവിധാനത്തിനുള്ളിൽ അവർ അനുഭവിക്കുന്ന അവഹേളനം, വിവേചനം, ദുഃഖം തുടങ്ങിയ ഒരു മറയ്ക്കപ്പുറം നടക്കുന്നകാര്യങ്ങൾ സമൂഹം അറിയുന്നില്ല എന്നതാണ്. വിശ്വസിക്കാവുന്ന ഒരു ബദൽസംവിധാനം അവൾക്കില്ലാത്തതുകൊണ്ട് എത്ര അതൃപ്തിയിലും ആ മതിൽക്കെട്ടിൽതന്നെ അവൾ കഴിഞ്ഞു കൂടുന്നു. തന്മൂലം പരിഹരിക്കാനാവാത്തതും സങ്കീർണവുമായ അവസ്ഥകളിലാണ് സ്ത്രീ എത്തിച്ചേരുന്നത്. കേരളത്തിലെ സ്ത്രീകൾക്കിടയിൽ പെരുകി വരുന്ന വിവാഹമോചനം, സംതൃപ്തമല്ലാത്ത വിവാഹജീവിതത്തിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗമായി ഇന്നുപൊതുവായി സ്ത്രീകൾ ഉപയോഗിച്ചു വരുന്നുണ്ട് കൂടാതെ സ്ത്രീകൾ അനുഭവിക്കുന്ന സ്വാതന്ത്ര്യബോധത്തിന്റെ പ്രതിഫലനമായി വിവാഹമോചനത്തെ സൂചിപ്പിക്കുന്നുമുണ്ട്. അറേഞ്ച്ഡ് മാരേജും, ലൗമാരേജും, ഭിന്ന ലൈംഗീക വിവാഹങ്ങളും പൊതുവെ കണ്ടുവരുമ്പോൾ ഇതിൽനിന്ന് വ്യത്യസ്തമായി ജീവിക്കാനും

തനിക്ക് ഇഷ്ടപ്പെട്ട ജീവിതപങ്കാളിയെ മാധ്യമങ്ങളിൽ നിന്ന് കണ്ടെത്താനും, നില വിലുള്ള കുടുംബസംവിധാനത്തെയും മക്കളെയും മറന്ന് പുതിയ ഇണയെ കണ്ടെ ത്താനുള്ള അനാരോഗ്യകരമായ പ്രവണതയും സ്ത്രീകളിൽകണ്ടുവരുന്നതായി പല റിപ്പോർട്ടുകളും സൂചിപ്പിക്കുന്നു. ഈ സ്വാതന്ത്ര്യം പലപ്പോഴും പല സ്ത്രീകൾക്കും പാരതന്ത്ര്യമായി മാറാറുണ്ട് എന്നതും വർത്തമാനകാലസംഭവ ങ്ങൾ സൂചിപ്പിക്കുന്നു.

**സംഘബോധവും കേരളീയസ്ത്രീകളും**

ജനസംഖ്യയുടെ പകുതിയിലേറെ സ്ത്രീകളുള്ള കേരളത്തിൽ സ്ത്രീക ളുടെ സംഘടിത ശക്തിയെപറ്റി അവർ ഇന്നും ബോധവതികൾ അല്ല. നമ്മുടെസമൂ ഹത്തിൽ ആഴത്തിൽ വേരോടിയ ആൺകോയ്മയെന്ന അടിമയുടമസമ്പ്രദായത്തെ എതിർക്കുക എന്ന നിലയ്ക്ക് കേരളത്തിൽ ഇന്ന് സ്ത്രീശാക്തീകരണത്തിന് വള രെയധികം പ്രാധാന്യമുണ്ട്. പാതിവ്രത്യമഹിമയുടെ നാടായകേരളത്തിൽ ഭർത്താ വിന്റെ എച്ചിൽപാത്രത്തിൽ മാത്രമേ ഭക്ഷണംകഴിക്കൂ എന്ന സവിശേഷമായ ഒരാ ചാരമുണ്ട്. സ്ത്രീകളുടെ മുഖ്യധർമ്മം ഭർതൃശുശ്രൂഷയാണെന്ന് വിചാരിക്കുന്ന ആയിരക്കണക്കിന് സ്ത്രീകളുടെ ഇടയിലാണ് കാലഘട്ടം സ്ത്രീശാക്തീകരണ ത്തിന്റെ വിത്ത് പാകിയത്. അത് നൂറുമേനി വിളവെടുത്തിട്ടില്ല എന്നത്, നമ്മുടെ ചുറ്റുപാടും നടക്കുന്ന സ്ത്രീചൂഷണ സംഭവങ്ങൾ തെളിയിക്കുന്നു.

ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറുകളുടെ ആദ്യഘട്ടത്തിലാണ് കേരളത്തിൽ സ്ത്രീവാദം ശക്തി പ്രാപിച്ചത്. ഇന്ന് സ്ത്രീപ്രസ്ഥാനം നിഷേധിക്കാ നാവാത്തവിധം സ്വതന്ത്രമായ ഒരിടംനേടി എടുത്തിട്ടുണ്ട്. എങ്കിലും ഇതിന് നിര വധി പോരായ്മകളും പരിമിതികളും ഉണ്ട്. എന്നാൽ വരുംകാലങ്ങളിൽ നിരവധി ശാക്തീകരണ സാധ്യതകൾ കേരളത്തിലെ സ്ത്രീശാക്തീകരണ രംഗത്തുണ്ടാകു മെന്ന് പ്രത്യാശിക്കാം.

**സ്ത്രീ സമരചരിത്രം**

കേരളത്തിന്റെ സാമൂഹ്യഘടനയിൽ ദായക്രമത്തിന്റെ പരിവർത്തനം നല്ലതും തീയതുമായ ഒട്ടേറെ മാറ്റങ്ങൾ സൃഷ്ടിച്ചു. ഇതുപോലെ കുടുംബഘടന യിലും വിശിഷ്യ സ്ത്രീപുരുഷ ബന്ധങ്ങളിലും മക്കത്തായക്രമം ചിലമാറ്റങ്ങൾ വരുത്തി. ഈ മാറ്റങ്ങൾ മൂലമുണ്ടായ അടിച്ചമർത്തലുകൾക്കും, പീഡന ങ്ങൾക്കുമിടയിൽ സ്ത്രീകൾ ഒന്നിക്കുകയും, സമത്വത്തിനു വേണ്ടി പോരാടുകയും ചെയ്തു. സ്ത്രീസമരചരിത്രങ്ങളെക്കുറിച്ച് പരാമർശിക്കുമ്പോൾ ഓർത്തിരിക്കേണ്ട പ്രധാനപേരുകളിലൊന്ന് തോട്ടക്കാട്ട് ഇക്കാവമ്മയുടേതാണ്. സ്ത്രീവിമോചനത്തി

ന്റെയും ഉന്നമനത്തിന്റെയും ആവശ്യകതയെപ്പറ്റിയുള്ള ബോധവും പുരുഷാധികാരത്തെ ചെറുക്കാനുള്ള തന്റേടവും ഇക്കാവമ്മയ്ക്ക് ഉണ്ടായിരുന്നു. കാവ്യരചനയിൽ സ്ത്രീകൾക്കുള്ള സാമർത്ഥ്യക്കുറവിനെ അസഭ്യഭാഷയിൽ അധിക്ഷേപിച്ച പുരുഷകവിയെ അതേഭാഷയിൽ തിരിച്ചധിക്ഷേപിച്ച ഇക്കാവമ്മയിലാണ് സ്ത്രീവാദത്തിന്റെ തുടക്കം. 1859 ൽ നടന്ന ചാന്നാർ ലഹള സ്ത്രീമുന്നേറ്റത്തിന്റെ ധീരമായ ചുവടുവെയ്പ്പാണ്. പുരുഷന് ആനന്ദിക്കാനുള്ള വെറും ഒരു ഉപകരണമായി സ്ത്രീശരീരം മാറുന്നതിനെതിരെയും തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടിയും നടന്ന മേൽമുണ്ട്സമരം അഥവാ ചാന്നാർലഹളയും കീഴാള സ്ത്രീസമുദായത്തിന്റെ ശാക്തീകരണപ്രവർത്തനങ്ങളിൽ ഏറ്റവും മികച്ചതായി കണക്കാക്കാം"[6] (1988, 743-44).

"1905-ൽ അയ്യൻകാളിയുടെ നേതൃത്വത്തിൽ നടന്ന പുലയ മഹായോഗത്തിൽ സ്ത്രീകൾ അവരുടെ കല്ലുമാലകൾ പൊട്ടിച്ചെറിഞ്ഞ് പ്രതിഷേധിച്ചു. ചരിത്രത്തിൽ അറിയപ്പെടുന്ന കല്ലുമാലസമരം കീഴാള ജാതിയുടെ അടിസ്ഥാന അവകാശങ്ങൾക്കുവേണ്ടിയുള്ള സമരമായി കണക്കാക്കാം"[7] (1988, 433). ജാതിയമായ അടിമത്തത്തിനും സ്ത്രീയുടെ മേലുള്ള പുരുഷകാഴ്ച്ചകൾക്കും എതിരെയുള്ള പ്രതിഷേധം ആയിരുന്നു ഇത്. ഇത്തരം പ്രവർത്തനങ്ങൾ പിൽക്കാല വനിതാ പ്രവർത്തകർക്ക് വിമോചനത്തിനുള്ള പാതയൊരുക്കലായി മാറി.

സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ഒട്ടേറെ സ്ത്രീകൾ പൊതുരംഗത്തേക്ക് ഇറങ്ങിവന്നു. ഗാന്ധിസത്തിൽ വിശ്വസിക്കുകയും ആ മാർഗത്തിൽ നിരുപാധികമായി നിലകൊള്ളുകയും ചെയ്തവരാണ് ഒ. കെ. മാധവിയമ്മ, കൗമുദി ടീച്ചർ, ആനക്കര വടക്കത്ത് സുശീലാമ്മ എന്നിവർ. ഇന്ത്യയിൽ എല്ലായിടത്തും എന്ന പോലെ കേരളത്തിലും ദേശീയസമരവുമായി ബന്ധപ്പെട്ടാണ് ആദ്യകാല സ്ത്രീപ്രസ്ഥാനങ്ങൾ രൂപം കൊണ്ടത്. തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിലെ സ്ത്രീകളുടെ സംയുക്തകൺവെൻഷൻ 1942 ൽ കോഴിക്കോട്ട് വച്ച് നടന്നു. കേരള മഹിളാസംഘം തങ്കമ്മ കൃഷ്ണപിള്ള, രാധമ്മ തങ്കച്ചി എന്നിവരുടെ നേതൃത്വത്തിൽ 1943 ൽ രൂപീകരിക്കപ്പെട്ടു. കർഷകസമരങ്ങളിലും സ്ത്രീപ്രാതിനിധ്യം ഉണ്ടായിരുന്നു. പുരുഷമേൽകോയ്മയുടെ ചൂഷണത്തിനെതിരായുള്ള ചെറുത്തു നില്പ്പിനുവേണ്ടിയായിരുന്നു തൊഴിൽസമരങ്ങളിൽ സ്ത്രീകൾ അണിചേർന്നത്. "ചീമേനിഎസ്റ്റേറ്റ് പ്രദേശത്തു നടന്ന സമരം അതിജീവനത്തിന്റേതായിരുന്നു. വടക്കേമലബാറിലെ ചീമേനികാടുകളിൽ നിന്ന് തോലും വിറകും സൗജന്യമായി ശേഖരിച്ചിരുന്ന സമ്പ്രദായത്തെ ഭൂവുടമകൾ തടസ്സപ്പെടു

ത്തിയപ്പോൾ, അതിനെതിരായി 1946 ൽ ചെറുവത്തൂരിലെയും പരിസരപ്രദേശങ്ങളി ലെയും കൃഷിക്കാരും കർഷക തൊഴിലാളികളും യോജിച്ചു നടത്തിയ സമരമാണ് ചരിത്രത്താളുകളിൽ 'തോൽവിറക് സമരം' എന്ന് അറിയപ്പെടുന്നത്"[8]. ഈ സമര ത്തിൽ നിരവധി സ്ത്രീകൾ പങ്കെടുത്തിരുന്നു.

1935 ൽ ലളിതാംബികഅന്തർജനം എഴുതിയ 'വിധവാ വിവാഹം'എന്ന നാട കത്തിൽ നമ്പൂതിരി സ്ത്രീകളുടെ ദയനീയ ജീവിതമാണ് അവതരിപ്പിക്കുന്നത്. 'മറ യ്ക്കുടക്കുള്ളിലെ മഹാ നരകം' ലോകത്തിനു മുന്നിൽ കാട്ടികൊടുത്ത പ്രമുഖ വനിതകൾ ആയിരുന്നു ആര്യ പള്ളം, ലളിതാംബിക അന്തർജനം, പാർവ്വതി നെന മേനി മംഗലം തുടങ്ങിയവർ. കുറിയേടത്തുതാത്രി പുരുഷചൂഷണങ്ങൾക്കെതിരെ നടത്തിയ ഒറ്റയാൾസമരവും ഏറെ ശ്രദ്ധിക്കപ്പെട്ടു. വിധവാവിവാഹത്തെ പ്രോത്സാ ഹിപ്പിക്കാനായി ഉമാദേവി അന്തർജനത്തെ വേളികഴിച്ചുകൊണ്ട് എം. ആർ. ബി വിധവാവിവാഹത്തെ പ്രോത്സാഹിപ്പിക്കുകയും, സവർണവിഭാഗത്തിലെ സ്ത്രീശാക്തീകരണത്തിന് മുന്നൊരുക്കങ്ങൾ നടത്തുകയും ചെയ്തു. സദാചാരം, ലൈംഗികത, ജാതീയത എന്നിവ ഉണർത്തുന്ന പ്രശ്നങ്ങളെ മറികടക്കാനുള്ള സ്ത്രീയുടെ ഇച്ഛാശക്തി സവർണവിഭാഗത്തിലും വളർന്നുവരാൻ തുടങ്ങി. 1948 ലെ പാലിയം ക്ഷേത്രപ്രവേശനവുമായി ബന്ധപ്പെട്ട സമരത്തിൽ ആര്യപള്ളം, ഇ. എസ്. സരസ്വതി, പ്രിയദത്ത കല്ലാട്ട് എന്നിവർ പങ്കെടുത്തുകൊണ്ട് സവർണവനി താവിഭാഗത്തിന്റെ പ്രാതിനിധ്യം അവർ വെളിപ്പെടുത്തി.

ആധുനിക ദളിത്പോരാളി സ്ത്രീകളിൽ പ്രധാനികളായിരുന്നു പെണ്ണമ്മ തുറമറ്റത്തിൽ, തങ്കമ്മ ചുരുളി, ചോതി, ചിന്ന തുടങ്ങിയവർ. കല്ലറ സുകുമാരന്റെ നേതൃത്വത്തിൽ പ്രവർത്തിച്ച ഇന്ത്യൻ ദളിത് ഫെഡറേഷൻ, ദളിത് ജീവിതങ്ങളുടെ മുന്നേറ്റത്തിന് തുടക്കംകുറിച്ചുവെങ്കിലും ദളിത്സ്ത്രീ മുന്നേറ്റം ശക്തിപ്രാപിച്ചത് കുട്ടിക്കൽ തങ്കമ്മ, ജ്ഞാനമ്മ, ലൗലി സ്റ്റീഫൻ, മയിലമ്മ, രേഖാരാജ്, സെലീന പ്രക്കാനം തുടങ്ങിയവരിലൂടെയാണ്. ലൗലി സ്റ്റീഫന്റെ നേതൃത്വത്തിലുള്ള ദളിത് വിമൻ സൊസൈറ്റി സ്ത്രീസമൂഹത്തിന്റെ ഉയർച്ചക്കുവേണ്ടി പ്രവർത്തിക്കുന്നു. ആദിവാസി ദളിത്സ്ത്രീ സമൂഹങ്ങൾ പിന്നീടുള്ള നാൾവഴികളിലും സംഘടി ക്കാനും, സമരം ചെയ്യുവാനുമുള്ള പാതയിലൂടെ മുന്നേറി. 1992 ൽ സി. കെ ജാനു വിന്റെ നേതൃത്വത്തിൽ ആദിവാസി പ്രവർത്തന സമിതി വയനാട് കേന്ദ്രീകരിച്ച് പ്രക്ഷോഭണം ആരംഭിച്ചു. അർഹതപ്പെട്ട ഭൂമി നേടിയെടുക്കുന്നതിനും മറ്റുചൂഷണ ങ്ങളെ നേരിടേണ്ടതിനെക്കുറിച്ചുമുള്ള അവബോധം സൃഷ്ടിക്കാൻ ഈ സംഘട

നയ്ക്ക് കഴിഞ്ഞു. കൂടാതെ ജാതീയമായും ലിംഗപരമായും ആദിവാസി സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണാനും ഈ സംഘടനകൾക്കായി.

**സ്ത്രീവാദസിദ്ധാന്തങ്ങളും കേരളീയ സമൂഹവും**

പുരുഷനെ ചവിട്ടിമെതിച്ച് അവന്റെമേൽ ആധിപത്യം സ്ഥാപിക്കാൻ ഉള്ള ഗൂഢശ്രമത്തിന്റെ ഭാഗമോ, അല്ലെങ്കിൽ പുരുഷവേഷധാരികളെ പോലെ നടക്കാനു ള്ള പെണ്ണിന്റെ പടപൊരുതലൊ അല്ല ഫെമിനിസം. ഫെമിനിസം എന്നത് പലരു ടേയും വീക്ഷണത്തിൽ പലതാണ്. പലതരം സ്ത്രീവാദങ്ങൾ ഇന്ന് നിലവിൽ ഉണ്ട്. "ഫെമിനിസത്തിന് സച്ചിദാനന്ദൻ നല്കുന്ന വിശദീകരണം 'പെൺ വിടുതി' എന്നാണ്"[9] (1982, 17).

"ലിംഗപരമായ ആധിപത്യത്തിൽ നിന്ന് മനുഷ്യ സമൂഹത്തിന്റെ നേർപകു തിയെ മാത്രമല്ല മുഴുവൻ സമൂഹത്തെയും വിമോചിപ്പിക്കാനുള്ള പ്രതിസംസ്കാര ത്തിന്റെ പ്രത്യയശാസ്ത്രമാണ് ഫെമിനിസം എന്ന് ജി ശങ്കരപ്പിള്ള അഭിപ്രായപ്പെടു ന്നു"[10] (1979, 8).

എന്താണ് സ്ത്രീവാദം എന്നതിനെക്കാൾ എന്തല്ല സ്ത്രീവാദം എന്ന് പറഞ്ഞുതരികയാണ് സാറാ ജോസഫ്. യുഗയുഗങ്ങളായി സ്വാതന്ത്ര്യവും, സമത്വം നിഷേധിക്കപ്പെട്ട സ്ത്രീ വർഗത്തിന്റെ രാഷ്ട്രീയ, സമൂഹിക, സാമ്പത്തിക സർവോ പരി വ്യക്തിപരവുമായ സ്വയം തിരിച്ചറിയലിന്റെ പുത്തനുണർവിന്റെ ഇവയ്ക്ക് എല്ലാം വേണ്ടിയുള്ള ശ്രമങ്ങളുടെ മുന്നേറ്റമാണ് ഫെമിനിസം. ഇതൊരു പ്രത്യയ ശാസ്ത്രം മാത്രമല്ല പ്രായോഗിക ജീവിതരീതി കൂടിയാണ്. ഫെമിനിസത്തിന് എതിരായ ഏറ്റവും വലിയ ആരോപണം അത് പുരുഷ വിദ്വേഷത്തിൽ അധിഷ്ഠിത മാണെന്നാണ് ഇന്ത്യയിൽ പൊതുവേയും കേരളത്തിൽ പ്രത്യേകിച്ചും ഉടലെടുത്ത ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ ഒരിക്കലും പുരുഷനെതിരായുള്ള സമരങ്ങൾ ആയിരു ന്നില്ല. സ്ത്രീകൾക്കെതിരെ നിലനിന്നു വരുന്ന അനീതികൾക്കും അക്രമങ്ങൾക്കും എതിരെ മനുഷ്യമനസാക്ഷിയെ ഉണർത്താൻ ആണ് ഈ സംഘടനകൾ ശ്രമിച്ചിട്ടു ള്ളത്. സ്ത്രീവിമോചനപ്രസ്ഥാനത്തിന്റെ മുൻനിരക്കാരിയായ സാറാ ജോസഫിന്റെ അഭിപ്രായത്തിൽ

"സ്ത്രീവിമോചനം പുരുഷനെതിരെ എന്ന മുദ്രാവാക്യം' ഇന്നോളം ഉയർത്തപ്പെട്ടിട്ടില്ല മറിച്ച് സ്ത്രീവിമോചനം മനുഷ്യവർഗ വിമോചനത്തിന് എന്ന

മുദ്രാവാക്യത്തോടൊപ്പം സ്ത്രീവിമോചനം എല്ലാവിധ മേധാവിത്വങ്ങൾക്കുമെതിരെ എന്ന മുദ്രാവാക്യം കൂടി ഉയർത്തിയിട്ടുണ്ട്"[11] (2000, 29).

**സ്ത്രീസാഹിത്യവും സങ്കല്പവും**

പുരുഷന്റെ കണ്ണിലൂടെ കണ്ട സ്ത്രീഭാവങ്ങളെയും വികാരങ്ങളെയുമാണ് മലയാളസാഹിത്യത്തിൽ സ്ത്രീ ആവിഷ്കാരങ്ങളായി കണക്കാക്കിയിരുന്നത്. ആദ്യകാല സ്ത്രീരചനകൾ പൊതുവേ ദൈവസ്തുതികളിലും, കൈകൊട്ടികളിപ്പാട്ട് തുടങ്ങിയ സാഹിത്യ രൂപങ്ങളിലും ഒതുങ്ങി നിന്നു. ക്രമേണ സാഹിത്യരചനയുടെ ലോകത്തേയ്ക്കും സ്ത്രീകൾ കടന്നുവരാൻ തുടങ്ങി. സുഗുണ ബോധിനി, വിദ്യാവിനോദിനി, മഹിളാരത്നം, ഭാഷാപോഷിണി തുടങ്ങിയ മാസികകൾ സ്ത്രീസ്വാതന്ത്ര്യത്തേയും, സ്ത്രീവിദ്യഭ്യാസത്തേയും പരാമർശിച്ചു കൊണ്ട് മേൽ പറഞ്ഞ മാസികകളിൽ എഴുതാൻ തുടങ്ങി. കെ. ലക്ഷ്മിയമ്മയുടെ 'പുരുഷധർമ്മം' (ശാരദാ മാസിക 1906) എന്ന ലേഖനം നിലവിലുള്ള സാമൂഹിക സാമ്പത്തിക, സദാചാര, വ്യവസ്ഥയോടുള്ള കലഹം ആയിരുന്നു. സ്ത്രീവിമോചനപ്രസ്ഥാനത്തിലൂന്നിയ സാഹിത്യ കൃതികൾ ആദ്യകാലങ്ങളിൽ കുറവായിരുന്നു. കുന്ദലത, ഇന്ദുലേഖ, ശാരദ, സരസ്വതീവിജയം, ഘാതകവധം, സുകുമാരി തുടങ്ങിയ ആദ്യകാല നോവലുകളിലെ സ്ത്രീകഥാപാത്രങ്ങൾ കേരളത്തിന്റെ സാംസ്കാരിക പരിണാമത്തിന്റെ ചരിത്രഘട്ടത്തെയാണ് അടയാളപ്പെടുത്തുന്നത്.

മലയാളത്തിലെ ആദ്യ വനിതാമാസികയായ കേരളീയ സുഗുണ ബോധിനി (1885)യിൽ ആ മാസികയുടെ സവിശേഷതയെക്കുറിച്ചുവന്ന പരാമർശം നോക്കുക. സ്ത്രീത്വഗുണത്തിന്റേ വേറിട്ട നിലനിൽപ് എന്നാണ്. ജാതി, മതം, വർഗ്ഗം, രാഷ്ട്രീയം ഇവ ചർച്ചചെയ്യാൻ പാടുള്ളതല്ല എന്ന് ഈ മാസികയിൽ ആമുഖമായി കൊടുത്തിരുന്നു. നിലനിൽക്കുന്ന വ്യവസ്ഥിതിയിലെ അധികാരപ്രയോഗങ്ങളിൽ ആ കാലഘട്ടത്തിൽ സ്ത്രീകൾക്ക് സംസാരിക്കാൻ അവകാശമില്ല എന്നതാണ് ഈ പരാമർശത്തിലൂടെ വ്യക്തമാക്കുന്നത്. ശാരദ എന്ന സ്ത്രീമാസികയിൽ പറയുന്നതാകട്ടെ "നമ്മുടെ കുടുംബങ്ങളിൽ ഐകമത്യം, സമാധാനം, സമ്പത്ത് മുതലായവ നിലനിൽക്കണമെങ്കിൽ ഒന്നാമതായി ചെയ്യേണ്ട പരിഷ്കാരം സ്ത്രീവിദ്യാഭ്യാസമാണ്"[12] (1926, 4). മരുക്കത്തായ വ്യവസ്ഥയെ പരിഹസിച്ചുകൊണ്ട് വിദ്യാവിനോദിനി മാസികയിൽവന്ന വിവാഹബിൽ എന്ന ലേഖനത്തിലെ പരാമർശം ഇപ്രകാരമാണ്. 'അന്യദേശക്കാർ, മലയാളികൾക്ക് അച്ഛനാരാണെന്നറിവാൻ പാടില്ലാത്തവരാണെന്ന് പറഞ്ഞ് പരിഹസിക്കുന്നു'. പുരുഷന് ഭാര്യയെയും സ്ത്രീക്ക് ഭർത്താവിനെയും എപ്പോൾ വേണമെങ്കിലും മാറ്റാൻ കഴിയുന്ന അവസ്ഥയെ പരിഹ

സിക്കുകയാണ് വിവാഹബിൽ എന്ന ലേഖനത്തിലൂടെ. വർത്തമാനകാലം സ്ത്രീസാഹിത്യരചനയുടെ വിളഭൂമിയാണെന്ന് പറയാം. അച്ചടിയിലൂടെ മാത്രമല്ല, സോഷ്യൽ മീഡിയയിലൂടെയും സ്ത്രീകളുടെ സർഗാത്മക രചനകൾ വളർന്ന് പുഷ്കലമാകുന്ന കാലഘട്ടത്തിലാണ് ഇന്നത്തെ സ്ത്രീസമൂഹം ജീവിക്കുന്നത്.

സ്ത്രീകൾക്കുനേരെയുള്ള അയാഥാർത്ഥ്യവും സഭ്യേതരവുമായ ചിത്രീകരണത്തിനെതിരെ സ്ത്രീവിമോചന സിദ്ധാന്തം കടുത്ത വിമർശനം ഉയർത്തിയിട്ടുണ്ട്. സ്ത്രീയെ വെറും ശരീരമായോ, ഭോഗവസ്തുവായോ ചിത്രീകരിക്കുന്നതാണ് മുഖ്യധാരാ സാഹിത്യത്തിന്റെ പൊതുസ്വഭാവം. മലയാള സാഹിത്യവും അതിന് അപവാദമല്ല. കേരള സാഹിത്യചരിത്രത്തിന്റെ സുപ്രധാന ദശയായിരുന്ന മണിപ്രവാള കവിത സ്ത്രീശരീരത്തിന്റെ വ്യാഖ്യാനം തന്നെയാണ്. മണിപ്രവാളത്തിൽ നിന്ന് വികസിച്ച മലയാള കവിതയും ഗദ്യസാഹിത്യവും വളർച്ചയുടെ പടവുകൾ കയറുമ്പോൾ സ്ത്രീയോടുള്ള മനോഭാവത്തിൽ വലിയ മാറ്റമൊന്നും വരുത്തിയിട്ടില്ലന്ന് കാണാം. കാല്പനികതയും, യഥാതഥവും ആധുനികതയും കടന്നുവന്ന് സാഹിത്യരംഗം പുതിയ ഭാവുകത്വം സൃഷ്ടിച്ചപ്പോഴും, സ്ത്രീയെ ദർശനസൗഭാഗ്യമായി കരുതുന്ന പഴയ സൗന്ദര്യ സങ്കല്പ്പത്തിന് വലിയ വ്യത്യാസമൊന്നും സംഭവിക്കുന്നില്ല എന്ന് പറയേണ്ടിയിരിക്കുന്നു.

“സ്ത്രീ ശരീരചിത്രീകരണത്തിനായി അവയവഘടന വർണിക്കുന്ന ഓരോ എഴുത്തുകാരനും, സ്ത്രീയെ ശരീരമായിമാത്രം വിലയിരുത്തുകയാണ് ചെയ്യുന്നത്. അതിലൂടെ അവർനിവേദിക്കുന്ന ജീവിതാവബോധത്തിനും, സൗന്ദര്യാനുഭവത്തിനും പിന്നിൽ സങ്കല്പനപരമായ ചതിക്കുഴി ഒളിഞ്ഞിരിപ്പുണ്ട്”[13] (1995, 69).

ഇത്തരം ചതിക്കുഴികളെകുറിച്ചുള്ള തിരിച്ചറിവാണ് മുഖ്യധാരാസാഹിത്യത്തെ വിമർശനബുദ്ധിയോടു കൂടി സമീപിക്കാൻ സ്ത്രീപക്ഷസിദ്ധാന്തത്തെ പ്രേരിപ്പിക്കുന്നത്.

**നവോത്ഥാന ചിന്തകളിലെ സ്ത്രീപരാമർശങ്ങൾ**

കേരളനവോത്ഥാനം ഉയർത്തിവിട്ട പുതിയചിന്തകളുടെ കിരണങ്ങൾ സ്ത്രീയോടുള്ള സമീപനത്തിന് പ്രകടമായ മാറ്റംവരുത്തിയിരുന്നു. മലയാള സാഹിത്യത്തിലും ഈമാറ്റം പ്രകടമായി. നവോത്ഥാന ചിന്തയുടെ പ്രയോഗഭൂമിയിൽ സ്ത്രീയുടെസ്ഥാനം ഉപകരണത്തിന്റെയും, യാന്ത്രികതയുടെയും സ്വഭാവത്തിലാണ് പ്രവർത്തിച്ചത്. ഈ കാലഘട്ടത്തിൽ നവോത്ഥാന ചിന്തകൾക്ക് സ്ത്രീ സ്വാതന്ത്ര്യ

ത്തെയും സ്ത്രീപദവിയെയും കുറിച്ച് പുതിയദിശാബോധം നല്കാൻസാധിച്ചു. മല യാളനോവൽ ആരംഭം കുറിച്ചത് തന്നെ ഈ ദൗത്യവുമായാണ്.

നവോത്ഥാനകാലത്തിനുമുമ്പ് സ്ത്രീയ്ക്ക് കറുപ്പ്, വെളുപ്പ് എന്നീ ദ്വന്ദ്വരൂപ ങ്ങൾ നല്കികൊണ്ടാണ് അന്ന് സമൂഹം മുന്നോട്ട്പോയിരുന്നത്. കറുപ്പ് അപമാന ത്തിന്റെ ചിഹ്നമായും വെളുപ്പ് അധികാരത്തിന്റെ ചിഹ്നമായും എക്കാലത്തും ഉപ യോഗിച്ചുവരുന്നു. ഈ ധാരണയെ തിരുത്തിക്കുറിക്കാൻ വർത്തമാനകാലഘട്ട ത്തിലെ സ്ത്രീശാക്തീകരണത്തിന് കഴിഞ്ഞിട്ടുണ്ട്. പുരുഷനെ സമ്പൂർണ വ്യക്തി യായി കാണുമ്പോൾ തന്നെ, സ്ത്രീയെ ശരീരത്തിൽ നിന്നും വേറിട്ടു കാണാൻ വിസമ്മതിക്കുന്ന സൗന്ദര്യ ശാസ്ത്ര വൈരുദ്ധ്യമാണ് നവോത്ഥാന കാല സാഹി ത്യ കൃതികൾ മുന്നോട്ടു വച്ചത്. സമൂഹത്തിന്റെ മാന്യതയുടെ നിറം വെളുപ്പും, മറു തട്ട് കറുപ്പുമായി ചിത്രീകരിക്കുന്ന സാഹിത്യ കൃതികൾ അന്ന് നിലവിൽ ഉണ്ടായി.

"അവൾ (സ്ത്രീ) സ്വയം നിർവചിക്കുന്നതും വ്യതിരിക്തത മനസിലാക്കു ന്നതും അവനെആധാരമാക്കിയാണ്. അവനാകട്ടെ അവളെ ആധാരമാക്കുന്നില്ല. അവൾ ആശ്രിതയാണ്, അന്തസാര ശൂന്യയാണ്. അവൻകർത്തവാണ്, പരിപൂർണ നാണ്-അവൾ ആകട്ടെ അന്യയും"[14] (1988, 16).

ഇത്തരത്തിലുള്ള സാഹചര്യത്തിലാണ് സ്ത്രീ നവോത്ഥാന സാഹിത്യ കൃതികളുടെ കെട്ടുംമട്ടും മാറേണ്ടതിന്റെ ആവശ്യകത കാലഘട്ടത്തിന്റെ ആവശ്യ മായി ഉയർന്നു വന്നത്.

**സമൂഹത്തിൽ സ്ത്രീ നേരിടുന്ന വെല്ലുവിളികൾ**

വ്യക്തികൾ ചേർന്ന് കുടുംബവും കുടുംബങ്ങൾ ചേർന്നുണ്ടാകുന്ന സമൂ ഹവും രാജ്യത്തിന്റെ അവിഭാജ്യഘടകമാണ്. അതിനാൽ ഓരോ വ്യക്തിയിൽ ഉണ്ടാകുന്ന മാറ്റവും നമ്മുടെ സാമൂഹികമായ വളർച്ചയെ സ്വാധീനിക്കുന്നു. ഇന്ന് സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ സ്വാഭാവിക വാർത്തകളായി നാം വായിച്ചുതള്ളുന്നു. ഇതിന്റെപിന്നിലെ കാരണങ്ങൾ അറിയാനോ, സമൂഹത്തെ മൊത്തത്തിൽ വ്രണപ്പെടുത്തുന്ന ഇത്തരംസംഭവങ്ങളുടെ വേരറുക്കാനോ, കൃത്യ മായസംവിധാനങ്ങൾ ഇല്ലാത്തതിന്റെ പോരായ്മയാണ് അനുദിനം വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ. ഇന്നത്തെസമൂഹം സ്വാതന്ത്ര്യത്തിന്റെ, തുല്യതയുടെ പൊയ്മുഖ ങ്ങൾ ധരിച്ചനിലയിലാണ് പ്രത്യക്ഷപ്പെടുന്നത്. സ്ത്രീസ്വാതന്ത്ര്യം സമൃദ്ധമായു ണ്ടെന്ന് തോന്നിപ്പിക്കുമെങ്കിലും അവൾ എല്ലാ രീതിയിലും അടിമയാണ്. പിതൃ ദായക്രമത്തിന്റെ എല്ലാ ചട്ടത്തിലുമാണ് അവൾ വളർത്തപ്പെടുന്നത്. എന്തുപറ

യണം, എങ്ങിനെപറയണം എന്ന് പുരുഷമേൽകോയ്മ തീരുമാനിക്കുന്നു. അവളുടെ ജീവിതപന്ഥാവ് നിർമ്മിക്കുന്നത് പുരുഷനാണെന്നർത്ഥം. ഈ പുരുഷമേൽക്കോയ്മ അവളുടെ ജീവിതത്തിലുടനീളം ആവർത്തിക്കപ്പെടുന്നു.

സഞ്ചാരസ്വാതന്ത്ര്യം ഈ കാലഘട്ടത്തിലും സ്ത്രീകൾക്ക് പൂർണമായും ലഭിക്കുന്നില്ല എന്നതാണ് സത്യം. രാത്രിയുംപകലും എന്ന ഭേദമില്ലാതെ യാത്ര ചെയ്യേണ്ട ഇന്നത്തെ കാലത്ത് അവൾ പലപ്പോഴും നേരിടുന്നത് പുരുഷൻമാരുടെ കൂർത്തനോട്ടങ്ങളെയാണ്. സ്ത്രീക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സീറ്റുകളും ലേഡീസ് കമ്പാർട്ടുമെന്റുകളും നമ്മുടെ പൊതുഗതാഗത സംവിധാനങ്ങളിൽ ഉറപ്പു വരുത്തിയിട്ടുണ്ടെങ്കിലും ഈ സംവിധാനങ്ങളുടെ സൗകര്യം സ്ത്രീകൾക്ക് കൃത്യമായി ഉപയോഗിക്കാൻ കഴിയാറില്ല അതിനുള്ള അവസരം ഉണ്ടാകാറില്ല. അവകാശങ്ങൾക്കായി അവൾ സ്വരമുയർത്തിയാൽ സമൂഹത്തിന്റെ മുമ്പിൽ തന്റേടിയായി ചിത്രീകരിക്കപ്പെടുന്നു. ഒരു സമയം കഴിഞ്ഞാൽ ട്രെയിനിലെ ലേഡീസ് കമ്പാർട്ട്മെന്റിൽ സ്ത്രീക്ക് ഒറ്റക്ക് യാത്രചെയ്യാൻ കഴിയാത്ത അവസ്ഥയാണുള്ളത്. സാംസ്കാരിക കേരളത്തെ അപമാനത്തിലാഴ്ത്തിയ സൗമ്യയുടെ മരണം യാഥാസ്ഥിതികസമൂഹം സൗകര്യപൂർവ്വം മറന്നെങ്കിലും ഒറ്റയ്ക്ക് യാത്രചെയ്യുന്ന സ്ത്രീകളുടെ മനസ്സിൽ സൗമ്യ ഒരടയാളമായി ജീവിക്കുന്നു. സ്ത്രീസമൂഹത്തിന് സുരക്ഷിതമായ യാത്രയൊരുക്കുന്നതിൽ കേരളസമൂഹം ഒട്ടും തന്നെ മുന്നോട്ടു പോയിട്ടില്ല. ഇതിനെതിരെപ്രതികരിക്കുന്നവർ ഒന്നോ രണ്ടോ സ്ത്രീകളായിരിക്കും. ഈ പ്രതികരണശേഷി ഇല്ലായ്മയാണ് പുരുഷാധികാരവ്യവസ്ഥയ്ക്ക് താങ്ങായി മാറുന്നത്.

മൗനമാണ്, സ്ത്രീയ്ക്ക് പരമ്പരാഗതസമൂഹം ചാർത്തികൊടുത്ത മറ്റൊരു കൈയാമം. ഉമ്മറകോലായിൽ വന്ന് ഉറക്കെസംസാരിക്കാനോ, ചിരിക്കാനോ പാടില്ലാത്ത നിരവധിസ്ത്രീകൾ ഇന്നും നമ്മുടെ നാട്ടിലുണ്ട്. സംസാര സ്വാതന്ത്ര്യം അവൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. കുടുംബത്തിലൊ, സമൂഹത്തിലൊ, സമുദായത്തിലൊ എന്തെങ്കിലും പ്രശ്നമുണ്ടായാൽ അഭിപ്രായം പറയേണ്ടയാൾ പുരുഷൻ ആണ്. ഇങ്ങനെ നിരവധി പരുവപ്പെടുത്തലുകളിലാണ് ഒരു സ്ത്രീയുടെ ജീവിതം മുന്നോട്ട് പോകുന്നത്. സുരക്ഷിതത്വമില്ലായ്മ സ്ത്രീകൾനേരിടുന്ന മറ്റൊരു വെല്ലുവിളിയാണ്. വിദ്യാലയത്തിലായാലും, വീട്ടിലായാലും തൊഴിൽശാലയിലായാലും, ഏറെ അരക്ഷിതമായ അവസ്ഥയിലാണ് സ്ത്രീകൾകഴിയുന്നത്. തൊഴിലിടങ്ങൾ പലപ്പോഴും സ്ത്രീസുരക്ഷയ്ക്ക് യാതൊരു പരിഗണനയും നൽകുന്നില്ല. എട്ടും പത്തും മണിക്കൂറുകൾ നിന്ന നില്പിൽ ജോലിചെയ്യേണ്ടിവരുന്ന ടെക്സ്റ്റയിൽ സ്ത്രീതൊഴിലാളികളുടെ ദാരുണമായ അവസ്ഥയ്ക്കെതിരെ സ്ത്രീസമൂഹം കോട

തിയിലെത്തുകയും അനുകൂലമായ വിധി സമ്പാദിച്ചെടുക്കുകയും ചെയ്തത് ഇവിടെ ഓർക്കാം. സമൂഹം അവഗണിച്ച ഇടങ്ങളെ അവകാശബോധത്തോടെ പിടിച്ചുവാങ്ങുന്നതിന് സ്ത്രീവളർന്നു എന്നുള്ളതിന്റെ തെളിവായി ഈ സംഭവത്തെ കണക്കാക്കാം.

കപടസദാചാരം ഇന്ന് സമൂഹത്തിന്റെ പൊയ്മുഖമായിരിക്കുന്നു. സദാചാരവാദികൾ ഇന്ന് സമൂഹത്തിൽ തലങ്ങുംവിലങ്ങും സദാചാരം പാലിക്കപ്പെടാൻ കൊണ്ടുപിടിച്ചുനടക്കുന്നു. ഇവരുടെ മുന്നിൽ പല സഹോദരീസഹോദരന്മാരും അമ്മയും മകനും ബലിയാടാകേണ്ടിവന്നതിന്റെ വാർത്താചിത്രങ്ങൾ നാം മാധ്യമങ്ങളിലൂടെ വായിച്ചറിഞ്ഞതാണ്. ഏത് കമ്പോളവ്യവസ്ഥയിലും ഉൽപന്നം വിലകൊടുത്തുവാങ്ങിയാൽ അത് വാങ്ങുന്ന ആളിന്റെ സ്വന്തമാണ്. എന്നാൽ സ്ത്രീക്ക് വിവാഹകമ്പോളത്തിൽ അടിമയായികഴിയേണ്ട വ്യവസ്ഥയാണുള്ളത് സ്ത്രീധനസമ്പ്രദായത്തെ ഭാരതസർക്കാർ നിയമംവഴി നിരോധിച്ചിട്ടുണ്ടെങ്കിലും പല ഓമനപേരുകളിലും സ്ത്രീധനസമ്പ്രദായം നമ്മുടെസമൂഹത്തിൽ അരങ്ങ്വാഴുന്നു. ഭീതിതമായ ഈ സമ്പ്രദായത്തിന് മാറ്റം വരേണ്ടത് കാലത്തിന്റെ ആവശ്യമാണ്. പെൺകുഞ്ഞുങ്ങൾ സമൂഹത്തിന്റെ ബാധ്യതയല്ല അനുഗ്രഹമാണെന്നചിന്ത വളർത്തിയെടുക്കണം. വിലപേശുന്ന പുരുഷനോടൊപ്പം ജീവിക്കാൻ ഒരുപെണ്ണും തയ്യാറാവരുത്. ഇതിനായി സംഘടനകളും മാധ്യമങ്ങളും മുന്നോട്ടു വരണം. അപ്രകാരം സ്ത്രീധനമെന്ന സാമൂഹികവിപത്തിനെതിരെ പോരാടാൻ സ്ത്രീകൾ നേതൃത്വംനൽകുന്ന ഒരു സംഘം തുനിഞ്ഞിറങ്ങിയാലെ ഈ മഹാവ്യാധിയിൽ നിന്ന് രക്ഷ നോടാനാകു. ഇത്തരത്തിൽ സാമൂഹികസുരക്ഷയും, അഭിപ്രായസ്വാതന്ത്ര്യവും സാമ്പത്തിക സ്വാതന്ത്ര്യവുമുള്ള സ്ത്രീസമൂഹമായിരിക്കണം പുരോഗതിയിലൂടെ മുന്നേറുന്ന നമ്മുടെരാജ്യത്തിൽ ഉണ്ടായിരിക്കേണ്ടത്. പാട്രിയാർക്കി സംവിധാനമല്ല സഹവർത്തിത്വ സംവിധാനമാണ് നമുക്ക് വേണ്ടതും ആരോഗ്യകരമായ സാമൂഹ്യസൃഷ്ടിക്കുവേണ്ടതും.

**മാധ്യമങ്ങളിലെ സ്ത്രീചിത്രീകരണം**

മാധ്യമസംസ്കാരം വളരെയേറെ പ്രചാരം പ്രാപിച്ചു കഴിഞ്ഞ ഇന്നത്തെ കാലഘട്ടത്തിൽ മാധ്യമങ്ങളുടെ ലോകവും സ്ത്രീകളുമായുള്ള ബന്ധവും തികച്ചും പ്രശ്നസങ്കീർണ്ണമാണ്. സമൂഹത്തിനുനേരേ തിരിച്ചുപിടിച്ച കണ്ണാടിയായി അറിയപ്പെടുന്ന മാധ്യമങ്ങൾ, സ്ത്രീകളോടുള്ള സമീപനത്തിൽ സമൂഹത്തിന്റെ പ്രബലമനോഭാവം പ്രതിഫലിപ്പിക്കുന്നു. ചിലപ്പോഴൊക്കെ പ്രതിഫലിപ്പിക്കുന്നതിൽ മാത്രംഒതുങ്ങാതെ അഭിപ്രായരൂപീകരണത്തിനുള്ള സാധ്യതകൂടി ഉൾപ്പെടുത്തുന്നു. ഇത് അപകടകരമായ ആശയങ്ങളിലേയ്ക്കും അവയുടെ പ്രചാരണത്തി

ലേയ്ക്കും വഴി വയ്ക്കുന്നു. ചിലമാധ്യമങ്ങളിൽ സ്ത്രീശാക്തീകരണത്തിന്റെ തല ങ്ങൾ കാണുന്നുണ്ടെങ്കിലും, ഗൗരവപൂർണ്ണമായ നിരീക്ഷണത്തിനും സൂക്ഷ്മപഠന ത്തിനും വിധേയമാക്കുമ്പോൾ സ്ത്രീകൾക്ക് ലഭിക്കേണ്ട അർഹമായ പ്രാതിനി ധ്യമോ, പരിഗണനയോ ലഭിക്കുന്നില്ലെന്ന് കാണാൻ കഴിയും.

നമ്മുടെ മാധ്യമങ്ങളിൽ സ്ത്രീകളിപ്പോഴും അതിശയ ജീവിയൊ, ആശ്ച ര്യചിഹ്നമോ, പരിഹാസപാത്രമൊ, ഇരയൊ, ഉപഭോഗ വസ്തുവോ ആണ്. വാർത്ത കൾക്ക് നിറവും കൊഴുപ്പും കൂട്ടാനുള്ള ആർഭാടവസ്തു. ശരീരകേന്ദ്രീതമായൊരു സാന്നിദ്ധ്യമാണ് സ്ത്രീകൾക്ക് മാധ്യമങ്ങളിൽ ഉള്ളത്. സ്ത്രീപ്രശ്നങ്ങളിൽ പൊടിപ്പും തൊങ്ങലും ചേർന്ന വിവരണാത്മകമായ ഭാഷയാണ് പത്രമാസികകൾ ഉപയോഗിക്കുന്നത്. സ്ത്രീകളെ സംബന്ധിക്കുന്ന വാർത്തകൾ തിരഞ്ഞെടുക്കു ന്നതുതന്നെ അവയുടെ വൈകാരികക്ഷമതയുടെ അളവുകോൽ വച്ചാണ്. വായന ക്കാർക്ക് ഇഷ്ടപ്പെട്ട നിഗമനങ്ങളിലെത്താനുള്ള പഴുതുകൾ ഇത്തരം വാർത്തക ളിൽ മാധ്യമവക്താക്കൾ ആവിഷ്കരിക്കുന്നു. ഓരോദിവസവും സ്ത്രീപീഡന സംഭ വങ്ങൾ നാം വാർത്താമാധ്യമങ്ങളിൽ കാണുകയും കേൾക്കുകയും ചെയ്യാറുണ്ട്. ഒരു കഥാവിവരണം പോലെ സമൂഹം അത് വായിച്ച് ആസ്വദിച്ച് തള്ളുന്നു. സ്ത്രീശാക്തീകരണ രംഗത്ത് ഇന്ന് മാധ്യമങ്ങളുടെ കടമ ചോദ്യം ചെയ്യപ്പെടുന്നു. ദൃശ്യപരമായ പല വാർത്തകൾക്കും അടിസ്ഥാനം അതിശയോക്തിമാത്രമാകുന്നു. സൂക്ഷ്മതലത്തിൽ വസ്തുസ്ഥിതിയെ ചൂണ്ടിക്കാണിക്കാൻ മാധ്യമങ്ങൾ താൽപര്യ പ്പെടുന്നില്ല. കൂടാതെ സാഹിത്യപരമായും, ശാസ്ത്രപരമായും, സംഘടനാപരമായു മുള്ള സ്ത്രീയുടെ നേട്ടങ്ങളെ ചൂണ്ടിക്കാണിക്കാൻ കോട്ടങ്ങളെ ചൂണ്ടിക്കാണിക്കു ന്നത്ര താൽപര്യം എടുക്കുന്നില്ല.

സ്ത്രീകളെ സംബന്ധിക്കുന്ന സുപ്രധാനമായ കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ തികഞ്ഞ അലസതയാണ് പല മാധ്യമങ്ങളും പ്രദർശിപ്പിക്കുന്നത്. അർദ്ധസത്യങ്ങളും അസത്യങ്ങളും നൽകുക, കുറ്റകൃത്യങ്ങളിൽ പ്രതികളെ ഒഴിവാ ക്കുകയൊ ന്യായികരിക്കുകയൊ ചെയ്യുക, വൈകാരികമായ ശൈലി സ്വീകരിക്കു ക, സമൂഹത്തിൽ പ്രബലമായ സ്ത്രീവിരുദ്ധ ചിന്താഗതികളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നീ പ്രവണതകൾ വളരെ പ്രകടമാണ്. സമൂ ഹത്തിലെ സ്ത്രീവിരുദ്ധ പ്രവർത്തനങ്ങൾക്ക് ന്യായീകരണം കണ്ടെത്തി അവ ശക്തിപ്പെടുത്താനാണ് ഇത്തരം റിപ്പോർട്ടിങ്ങ് രീതികൾ സഹായിക്കുന്നത്. സ്ത്രീയെ ഉദാത്തവത്കരിക്കുന്ന പ്രവണതകളും ഇതിന്റെ ഭാഗമാണ്. സമൂഹ ത്തിന്റെ യഥാർത്ഥ പ്രതിഫലനമെന്നവകാശപ്പെടുന്ന മാധ്യമങ്ങൾ പലപ്പോഴും അയഥാർത്ഥമൊ വികൃതമൊ ആയ വാർത്തകളാണ് നൽകുന്നത്. പത്രങ്ങൾ

റിപ്പോർട്ടിങ്ങ് രീതികളിലൂടെയും, ടെലിവിഷനും സിനിമയും ആസൂത്രിതമായ ദൃ ശ്യവിന്യാസങ്ങളിലൂടെയും സ്ത്രീകളെ സംബന്ധിച്ചുള്ള അസംബന്ധവാർത്തക ളുടെ യഥാർത്ഥപ്രതീതി സൃഷ്ടിക്കുന്നു. സ്ത്രീകൾ സമൂഹത്തിൽ ഇന്ന് അനുഭവി ക്കുന്ന അവഗണനയും, അപമാനവും, പിന്നാക്കാവസ്ഥയും സ്വാഭാവികമെന്നു തോന്നിപ്പിക്കുന്നതിൽ ജനപ്രിയമാധ്യമങ്ങളുടെ പങ്ക് വളരെ വലുതാണ്. സ്ത്രീവിരുദ്ധമൂല്യങ്ങൾ സൃഷ്ടിക്കുക, പ്രചരിപ്പിക്കുക, ശക്തിപ്പെടുത്തുക എന്നീ കാര്യങ്ങളിൽ ഈ സ്വാധീനം വളരെവ്യാപകമാണ്. ടെലിവിഷൻ സീരിയലുകളും, സിനിമയും ചെയ്യുന്ന പ്രധാനഅപകടം ഇതത്രേ. സ്ത്രീയുടെസാമൂഹികമായ ഒറ്റപ്പെടലും, അധികാരമില്ലായ്മയും, അക്രമ ഭീഷണിയുമെല്ലാം വീണ്ടും ശക്തിപ്പെ ടുത്തുന്ന കഥാപാത്രങ്ങൾ നിത്യജീവിത പരിസരങ്ങളിൽ പ്രത്യക്ഷപ്പെടുന്നതാ യാണ് സീരിയലുകളിലും സിനിമകളിലും കാണുന്നത്. അതിനാൽ സ്ത്രീപക്ഷ ത്തിലൂന്നിയ ഒരുമാധ്യമ സംസ്കാരം ഇന്നത്തെ സമൂഹത്തിൽ വളരെ പ്രാധാന്യ മർഹിക്കുന്നു. സ്ത്രീയെ അവളായിരിക്കുന്ന വിധത്തിൽ അംഗീകരിച്ച് ആദരിക്കുന്ന മാധ്യമസംസ്കാരം ഇനിയും രൂപപ്പെടേണ്ടതുണ്ട്. പ്രദർശന വസ്തു എന്ന നിലയി ലേക്ക് മാധ്യമങ്ങളിൽ സ്ത്രീ ഇന്ന് തരംതാഴ്ത്തപ്പെട്ടിരിക്കുന്നു. ഉല്പന്നത്തിന്റെ വിൽപന കൂട്ടാനും സാമൂഹ്യസമ്പർക്ക മാധ്യമങ്ങളുടെ 'റേറ്റിംഗ്' ഉയർത്താനും സ്ത്രീയുടെ ശരീരം ഇന്ന് പണയവസ്തുവായിത്തീർന്നിരിക്കുന്നു. സ്ത്രീ ശരീര ങ്ങൾ കമ്പോളങ്ങളുടെയെല്ലാം നിയന്ത്രണം ഏറ്റെടുത്തുനടത്തുന്ന അവസ്ഥയാ ണുള്ളത്. ഇത് പെണ്ണുടലിനോടുള്ള സമൂഹത്തിന്റെ മോഹം വർദ്ധിപ്പിക്കുന്നു.

സ്ത്രീകൾ അനുഭവിക്കുന്ന വിവേചനത്തിന്റെയും അടിച്ചമർത്തലിന്റെയും വിശാലമായപശ്ചാത്തലത്തിൽ നിന്നുകൊണ്ട് സ്ത്രീകളെയും അവരുടെ ജീവിത ത്തെയും ജനപ്രിയസിനിമകളും, മാധ്യമങ്ങളും എങ്ങനെയെല്ലാം പക്ഷാപാതപര മായി ചിത്രീകരിക്കുന്നു എന്നുള്ള വസ്തുത വിശകനം ചെയ്യുമ്പോൾ കണ്ടെത്തു ന്നത്.ജനപ്രിയ സിനിമകളിലുംമാധ്യമങ്ങളിലും സ്ത്രീകളുടെ സുരഷിതാവ സ്ഥയും, അസമത്വവും ശരിയായ പ്രാധാന്യത്തോടെ പ്രത്യക്ഷപ്പെടുന്നില്ലെന്നും, സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്നുവെന്നും കാണാൻകഴിയും സ്ത്രീയും പുരുഷനും അവരുടെ താൽപര്യങ്ങളുമെല്ലാം ഉൾചേർന്ന് പുതിയഉൾകാഴ്ച്ചകളി ലൂടെ വിശകലനാത്മകമായി വളരുവാൻ സ്ത്രീവാദ പഠനങ്ങൾക്ക് ഇന്ന് സാധിച്ചി ട്ടുണ്ട് എന്നത് ഈ രംഗത്തുണ്ടായ പുത്തനുണർവ്വിനെ സൂചിപ്പിക്കുന്നു.

മുഖ്യധാരാമാധ്യമങ്ങളും മറ്റു സാംസ്കാരികമേഖലകളും സ്ത്രീകളെ വാർപ്പ്മാതൃകയിൽ അവതരിപ്പിക്കുകയൊ പാർശ്വവത്കരിക്കുകയൊ ചെയ്യുന്നു. എല്ലാ വിജ്ഞാനശാഖകളും, അക്കാദമിക്മേഖലകളും ഒരു സാമൂഹികവിഭാഗം

എന്ന നിലയിൽ സ്ത്രീകളെ പരിഗണിക്കുന്നില്ല എന്നതാണ് ഫെമിനിസ്റ്റ് ചിന്തകരുടെ ശക്തമായ അഭിപ്രായം. പലതരത്തിലുള്ള സ്ത്രീ ജീവിതാനുഭവങ്ങളെയും സംസ്കാരത്തെയും വ്യത്യസ്തമായ നിലയിൽ നോക്കി കാണാനാണ് ഫെമിനിസ്റ്റുകൾ ശ്രമിക്കുന്നത്. ഇതിലൂടെ സ്ത്രീയുടെ എല്ലാതലത്തിലുമുള്ള മുന്നേറ്റമാണ് ഫെമിനിസ്റ്റ് ചിന്തകർ മുന്നോട്ട് വെക്കുന്നത്.

**ഭാഷയിലെ പുരുഷാധിപത്യപ്രവണത**

ജീവശാസ്ത്രപരമായ സ്ത്രീപുരുഷ ബന്ധത്തെ അട്ടിമറിച്ചു കൊണ്ട് പുരുഷനിൽ നിന്ന് അവനുവേണ്ടി സൃഷ്ടിക്കപ്പെട്ട സ്ത്രീയെന്ന മതസങ്കലപത്തിന് ആധാരം ഇതാണ്. "ഒറ്റപ്പെട്ട ആദത്തിന് അവന്റെ വാരിയെല്ലിൽ നിന്ന് തീർക്കപ്പെട്ട ഹവ്വ സെമിറ്റിക് സങ്കൽപ്പത്തോട് ഒപ്പംചേർന്നു പോകുന്നതാണ്. കൂടാതെ പുരുഷന് ഒറ്റക്കിരിക്കുമ്പോഴുള്ള മടുപ്പുതീർക്കാൻ സൃഷ്ടിക്കപ്പെട്ടവളാണ് സ്ത്രീയെന്ന് ബൃഹദാരണ്യ സങ്കല്പം"[15] (1998, 19).

ആണും പെണ്ണും എന്ന ജൈവശാസ്ത്ര പ്രത്യേകതകൾക്കപ്പുറം സ്ത്രീപുരുഷസങ്കല്പം ഒരു സാമൂഹിക നിർമിതിയാണെന്ന് സ്ത്രീവിമോചനവാദം കണ്ടെത്തിയിട്ടുണ്ട്. മനുഷ്യസ്വഭാവത്തെ സ്ത്രൈണം, പൗരുഷം എന്ന് വേർതിരിക്കുകയും അത് വ്യക്തികളിൽ അടിച്ചേൽപ്പിക്കുകയുമാണ് പൊതുവെ കാണുന്നത്. പെണ്ണിനും ആണിനും വെവ്വേറേ ശീലങ്ങൾ ഇന്ന് നമ്മുടെ കുടുംബങ്ങളിൽ നില നിൽക്കുന്നുണ്ടല്ലോ. സമൂഹത്തിന്റെ ഇത്തരം നയങ്ങൾ സാമൂഹ്യോത്പ്പന്നമായ ഭാഷയും സാഹിത്യവും സ്വാംശീകരിക്കുന്നു. മലയാള ഭാഷയിൽ കരുത്ത്, വീര്യം, ചുണ, ഉത്സാഹം, ഉശിര് തുടങ്ങിയ പദങ്ങൾ പുരുഷനോടും, പൗരുഷത്തോടും ബന്ധപ്പെട്ട് നിൽക്കുന്നു അതേസമയം സൗന്ദര്യം, ലജ്ജ, വിനയം, അടക്കം, ഒതുക്കം തുടങ്ങിയവയാകട്ടെ സ്ത്രൈണഗുണങ്ങളായാണ് കരുതപ്പെടുന്നത്. എല്ലാ മനുഷ്യർക്കുമുള്ള മാനുഷിക ഭാവങ്ങൾക്ക് ഇങ്ങനെ വേർതിരിവു കല്പിക്കുന്നത്. പുരുഷന് സമൂഹം നൽകിയിരിക്കുന്ന അധികാരത്തെയും സ്ത്രീക്ക് സമൂഹം കല്പിച്ചുകൊടുത്തിരിക്കുന്ന വിധേയത്വത്തിന്റെയും അടിസ്ഥാനത്തിലാണ്.

**സ്ത്രീസ്വാതന്ത്ര്യം കലാപ്രസ്ഥാനത്തിൽ**

സാഹിത്യം പോലെതന്നെ കലകളിലും നവീന കലാരൂപമായ സിനിമയിലും സ്ത്രീകളുടെ ഇടപെടൽ അനുദിനം നടന്നു കൊണ്ടിരിക്കുകയാണ്. ഒരുകാലംവരെ സ്ത്രീകൾക്ക് അന്യമായതോ, കടന്നുവരാൻ മടിച്ചിരുന്നതോആയ

കലാമേഖലകളിൽ അവൾ തന്റെസാന്നിദ്ധ്യം അടയാളപ്പെടുത്തി കഴിഞ്ഞു. ഇ നിയും വളർച്ചയുടെപടവുകൾ ഏറെ താണ്ടാനുണ്ട്. കടന്നുപോയ കനൽവഴികൾ ഈ വളർച്ചയിലേയ്ക്കുള്ള ഊർജ്ജമാണ് സ്ത്രീക്കു നല്കിയത്. മലയാള നാടക ചരിത്രത്തിലും, ശിൽപകലാരംഗത്തും, ഫിലിം ഫെമിനിസ്റ്റ് തിയറി രൂപപ്പെടുത്തു ന്നതിലും സമൂഹം കൈവരിച്ച നേട്ടങ്ങളെ പരിചയപ്പെടുത്തുകയാണിവിടെ.

**സ്ത്രീനാടകചരിത്രം മലയാളസാഹിത്യത്തിൽ**

മലയാളനാടകചരിത്രത്തിൽ സ്ത്രീയുടെ സംഭാവന നിശബ്ദസാന്നിധ്യം മാത്രമായിരുന്നു. മലയാളനാടകചരിത്രത്തിന്റെ, സ്ത്രീനാടകവേദിയിൽ പരാമർശി ക്കപ്പെടേണ്ടതായ ചില പേരുകളും, കൃതികളുമാണ് ഇവിടെ പരാമർശിക്കുന്നത്. കുട്ടികുഞ്ഞുതങ്കച്ചി രചിച്ച അജ്ഞാതവാസം, കെ സരസ്വതിയമ്മയുടെ ദേവദുതി തുടങ്ങിയ നാടകങ്ങളെ കുറിച്ച് ഒരു പരാമർശവും സാഹിത്യ ചരിത്രങ്ങളിൽ രേഖ പ്പടുത്തിയതായി കാണുന്നില്ല. 1980 കൾക്കുശേഷം സ്ത്രീകൾ നാടകരംഗത്ത് ബോധപൂർവ്വമായി നടത്തിയ ശ്രമങ്ങൾക്ക് ശേഷമാണ് സ്ത്രീനാടകവേദി എന്ന സംഘടനയെകുറിച്ച് ചരിത്രഗ്രന്ഥങ്ങളിൽ പരാമർശമുണ്ടായത്. തോട്ടയ്ക്കാട്ട് ഇക്കാവമ്മയുടെ സുഭദ്രാർജ്ജുനം, 1891 ൽ രചിച്ച ഞരവത്ത് അമ്മാളുഅമ്മയുടെ കൃഷ്ണ ചന്ദ്രിക എന്നീ നാടകങ്ങളെ ആദ്യ കാല വനിതാ നാടകങ്ങളായി കണ ക്കാക്കാം. സംസ്കൃത നാടക ലക്ഷണങ്ങൾ ഒപ്പിച്ചു എഴുതിയ നാടകങ്ങളാണ് ഇതു മൂന്നും. സ്ത്രീനാടക ചരിത്രത്തോട് ചേർത്തു വായിക്കേണ്ട നാടകങ്ങൾ ലളി താംബിക അന്തർജനത്തിന്റെ സാവിത്രി അഥവാ വിധവാവിവാഹം, തൊഴിൽകേന്ദ്ര ത്തിലേയ്ക്ക് എന്നീ നാടകങ്ങൾ. സാമൂഹിക ഉന്നമനത്തോടൊപ്പം സാമുദായിക ഉന്നമനവും ലക്ഷ്യമാക്കിക്കൊണ്ടുള്ള നാടകങ്ങളായിരുന്നു ഇത്. 1990 കളിൽ സ്ത്രീപക്ഷനാടക വേദിയെകുറിച്ചുള്ള ചർച്ചകളിൽ പങ്കെടുത്ത ഡോ. ആർ. ബി രാജലക്ഷ്മി ആണ് ഈ നാടകങ്ങളെ വെളിച്ചത്തുകൊണ്ടുവന്നത്. തൊഴിൽകേന്ദ്ര ത്തിലേയ്ക്ക് എന്ന നാടകമാണ് സമ്പൂർണ സ്ത്രീ പ്രാതിനിധ്യത്തോടെ അവതരി പ്പിച്ച നാടകം. സ്ത്രീയെ ഉൾകൊളളാൻ പുരുഷൻമാർക്ക് ആവുന്നില്ല എന്ന തിരിച്ച റിവാണ് ഈ നാടകങ്ങൾ നൽകുന്ന സന്ദേശം.

1986 ൽ പട്ടാമ്പിക്രേന്ദീകരിച്ചു രൂപംകൊണ്ട 'മാനുഷി', തൃശ്ശൂരിലെ 'സമത' തുടങ്ങിയ സംഘടനകൾ സ്ത്രീപ്രശ്നങ്ങൾ സമൂഹത്തിൽ എത്തിക്കാൻ തെരുവ്നാടകങ്ങൾ എഴുതി അവതരിപ്പിച്ചു. സ്ക്കൂൾ ഓഫ് ഡ്രാമയിൽ നിന്ന് ശിക്ഷണം നേടിയ ശ്രീലത, സജിത എന്നിവരുടെ നേതൃത്വത്തിൽ 1992 ൽ സ്ത്രീ നാടക ക്യാമ്പ് നടക്കുകയും 'അഭിനേത്രി' എന്ന സ്ത്രീനാടകസംഘം രൂപീകരി

ക്കുകയും ചെയ്തു. സി എസ്. ചന്ദ്രികയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് മേധതിയറ്റേഴ്സ്, രേഖരാജിന്റെ നേതൃത്വത്തിൽ ദളിത്‌വുമൺസൊസൈറ്റിയും നാടകങ്ങൾ ചെയ്യാൻ തുടങ്ങി. ശ്രീജ ആറങ്ങോട്ടുകരയും നാടകചരിത്രത്തിൽ ഗണ്യമായ പങ്കുവഹിച്ച വ്യക്തിയാണ്. ആൺകോയ്മയിൽ അധിഷ്ഠിതമായ നാടകസങ്കൽപ്പത്തിൽനിന്നും വ്യത്യസ്തമായി ഒരു നാടകസങ്കല്പവും ഒരു കഥാസങ്കല്പവും അരങ്ങിലെശരീരഭാഷയും സ്ത്രീകൾക്ക് ഉണ്ടെന്ന് സ്ത്രീനാടകചരിത്രം നമ്മെ അറിയിക്കുന്നു.

**ശിൽപകലയിലെ സ്ത്രീസാന്നിധ്യം**

മനുഷ്യവികാരങ്ങളുടെയും മാനവികതയുടെയും പ്രതിഫലനങ്ങളാണ് പ്രകൃതിയും, മനുഷ്യനുമായുള്ള ശില്പങ്ങളിൽ തെളിയുന്നത്. ഒരു കാലം വരെ ശില്പകല പുരുഷന്മാരുടെ മാത്രം മേഖലയായിട്ടാണ് കരുതപ്പെട്ടിരുന്നത്. കാലക്രമേണ ശില്പകലയിലേയ്ക്കും സ്ത്രീ തങ്ങളുടെ സാന്നിധ്യം ഉറപ്പാക്കി. സ്ത്രീ ശക്തിസ്വരൂപണിയാണ് എന്ന പൗരാണിക സങ്കല്പത്തെ ഊട്ടിയുറപ്പിച്ചു കൊണ്ട് ശില്പകലയിൽ നൂതനഭാവഭവങ്ങൾ അവൾ സൃഷ്ടിക്കാൻ തുടങ്ങി. ആശയപരമായും ചിന്താപരമായും സ്ത്രീ സഞ്ചരിക്കേണ്ടത് അവളുടേതായ വഴികളിലൂടെയാണ് എന്ന ആശയത്തെ പ്രതിനിധാനം ചെയ്തു കൊണ്ടാണ് പുതിയ തലമുറയിലെ ശില്പകലാകാരിയായ സംഗീത രംഗത്തെത്തുന്നത്. സ്ത്രീ കലാകാരികളെ സംബന്ധിച്ച് ഇത് വലിയൊരു മുന്നേറ്റമാണ്.

ജീവിതത്തിലെന്നപോലെ കലാരംഗത്തും ആൺകേന്ദ്രീകൃതമായ ഒന്നിൽ നിന്നും വേറിട്ട് തങ്ങളുടേതായ സത്തയും, സ്വത്വബോധവും ഉൾകൊണ്ടുള്ള കല ചെയ്തു മുന്നേറുന്ന ഒരു കൂട്ടായ അന്തരീക്ഷം സ്ത്രീ സമൂഹത്തിൽ ഉണ്ടാകേണ്ടതുണ്ട്. ശിൽപംചെയ്തു മുന്നോട്ടുപാകണമെങ്കിൽ സ്ത്രീകൾക്ക് അതിന്റേതായ പരിമിതികൾ ധാരാളമാണ്. സ്പേസ്, മെറ്റീരിയൽ കണ്ടെത്തൽ, സൂക്ഷിക്കാനുള്ള സ്ഥലം, സാമ്പത്തികം ഇവയൊക്കെ ഈ മേഖലയിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികളാണ്. അതുകൊണ്ടാണ് സ്ത്രീകളുടെസാന്നിദ്ധ്യം ശില്പ്പകലാരംഗത്ത് ചുരുങ്ങിപോകുന്നത്. ശില്പകലാരംഗത്തെ ശ്രദ്ധേയസാന്നിദ്ധ്യമായ സംഗീതയുടെ ഏറ്റവും മികച്ചവർക്കാണ് മുസരിസ് ബിനാലെയിൽ പ്രദർശിപ്പിച്ച 'അബ്റിയാക്ഷൻ' എന്ന ബോഡിപെർഫോമൻസ് ശിൽപം 'ഹും ആം ഐ' എന്ന ആശയമാണ് ഈചിത്രത്തിലൂടെ സംഗീത പങ്കുവെച്ചത്. നിരന്തരമായി നാം നമ്മോടുതന്നെ ഈ ചോദ്യം പലപ്രാവശ്യം ചോദിക്കുന്നുണ്ടെങ്കിലും ഇത്തരത്തിലൂടെയുള്ള പെർഫോമൻസിൽ ശ്രമിക്കുമ്പോൾ ഈ ചോദ്യം മറ്റുള്ളവരി

ലേയ്ക്കുംഎത്തപ്പെടുന്നു. ഉത്തരം കിട്ടാത്ത ഈ ചോദ്യത്തിന്റെ ശില്പാവിഷ്കാര മാണ് അബ്റിയാക്ഷൻ എന്ന ചിത്രത്തിലൂടെ യുവതലമുറയിലെ ശില്പകലാകാരി യായ സംഗീത പങ്കുവെയ്ക്കുന്നത്.

**ഫെമിനിസ്റ്റ് ഫിലിംതിയറി**

ഫെമിനിസ്റ്റ്സിദ്ധാന്തങ്ങളിലും അതിന്റെ രാഷ്ട്രീയത്തിലും നിലയുറപ്പിച്ചു കൊണ്ട് ചലച്ചിത്രനിരൂപണത്തിലുണ്ടായ നവീനശാഖയാണ് ഫെമിനിസ്റ്റ്ഫിലിം തിയറി. ചലിച്ചിത്രത്തിലെ വസ്തുതകളെ നിലനിർത്തിയും, സൈദ്ധാന്തികമായ അന്തർധാരകണ്ടെത്തിയും മറ്റു വ്യത്യസ്ത തലങ്ങളെ സമീപിച്ചുകൊണ്ടുമാണ് സ്ത്രീവാദചിന്തകർ സിനിമകളെ വിലയിരുത്താൻശ്രമിക്കുന്നത്. രണ്ടാം തരംഗ ഫെമിനിസത്തോടനുബന്ധിച്ച് 1960 കളിലും, 1970 കളിലും നടന്ന സ്ത്രീപഠനങ്ങ ളുടെ സ്വധീനഫലമായാണ് ഫെമിനിസ്റ്റ് ഫിലിം തിയറി രൂപംകൊള്ളുന്നത്. 1970 കളിൽ അമേരിക്കയിലാണ് ഇതിന്റെ വളർച്ചയുംവികാസവും സംഭവിക്കുന്നത്. സിനിമകളുടെ കഥാകഥനത്തിൽ സ്ത്രീ കഥാപാത്രങ്ങൾക്കുള്ളസ്ഥാനം സ്ത്രീ സിനിമകളിൽ എപ്രകാരം ചിത്രീകരിക്കപ്പെടുന്നു എന്നുള്ളവസ്തുതയും, സിനിമക ളുടെ ചരിത്രപശ്ചാത്തലം ഏതെല്ലാം വിഷയങ്ങളിൽ ഊന്നികൊണ്ട് വ്യ ത്യസ്തവഴികളിലൂടെ മുന്നേറി എന്നുള്ളകാര്യവും ഫെമിനിസ്റ്റ് ഫിലിം തിയറിയിലൂടെ പഠിക്കാൻ ആരംഭിച്ചു.

സിനിമയുടെ മൂലതത്വങ്ങളെ പഠിക്കാൻശ്രമിക്കുന്ന അക്കാദമികമായ സമീ പനമാണ് ഫിലിംതിയറിയ്ക്കുള്ളത്. സ്ത്രീ സാഹിത്യത്തിലും, നാടകത്തിലും, കല കളിലും, ദൃശ്യമാധ്യമങ്ങളിലും എപ്രകാരം വിവക്ഷിക്കപ്പെടുന്നു എന്നത് കേരള ത്തിലെ ഫെമിനിസ്റ്റ്സൈദ്ധാന്തികരും പഠനവിധേയമാക്കിയിരുന്നു. ഇത്തരത്തിൽ സൃഷ്ടിക്കപ്പെട്ട ഫെമിനിസ്റ്റ് പ്രത്യയശാസ്ത്രവ്യവഹാരങ്ങളുടെ ഫലമായി സിനിമാരംഗത്ത് സ്ത്രീപക്ഷസിനിമകൾ ഉണ്ടായികൊണ്ടിരിക്കുന്നു.

**ഉപസംഹാരം**

ജീവിതത്തിന്റെ സമസ്തമേഖലകളിലും സ്ത്രീ തന്റെ ശക്തമായ സാന്നി ദ്ധ്യവും കഴിവും തെളിയിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും, സ്വാതന്ത്ര്യം എന്ന പദം വിഭാ വനം ചെയ്യുന്ന അർത്ഥം അതിന്റെ പരിപൂർണതയിൽ ഇന്നിന്റെ കാലഘട്ടത്തിലെ സ്ത്രീകൾക്ക് ലഭ്യമാണോ എന്നുചോദിച്ചാൽ അല്ല എന്നുതന്നെയാണ് ഉത്തരം പറയേണ്ടിവരിക. പെണ്ണുടലിന്റെ രാഷ്ട്രീയം, പെണ്ണെഴുത്തിന്റെ പ്രത്യയശാസ്ത്രം, സ്വത്തപരമായ ചിന്താധാരകൾ ഇവയെല്ലാം പുരുഷമേൽകോയ്മ അനുവദിക്കുന്നി ടത്തോളം മാത്രമേ സ്ത്രീയ്ക്കുള്ളു.

പുറപ്പെട്ടേടത്താ-

ണൊരായിരം കാതമവൾ നടന്നിട്ടും

കുനിഞ്ഞു വീഴുന്നു-

ണ്ടൊരായിരം വട്ടം നിവർന്നു നിന്നിട്ടും

ഉണർന്നിട്ടില്ലവ-

ളൊരായിരം നെഞ്ചിൽ ചവിട്ടു കൊണ്ടിട്ടും[16]

എന്ന കവിവാക്യം കാലാതീതമായി നിലകൊള്ളുന്നതും അതുകൊണ്ടാണ്. എല്ലാ സ്ത്രീകളുടെയും ഉള്ളിൽ സ്ത്രീത്വത്തിന്റെ ദ്വന്ദമുഖം കാണാം. പുരുഷന്, സ്വമേധയാ വിധേയമാകുന്നസ്ത്രീത്വം, പുരുഷവിദ്വേഷത്തിന്റെ ഉച്ഛസ്ഥായി യിലായി രമിക്കുന്ന സ്ത്രീത്വം, ഇതിനു രണ്ടിനുമിടയിൽ തുല്യരായ രണ്ട് മനു ഷ്യശരീരങ്ങൾ അവരുടെഅഭിരുചികൾ, അർഹതപ്പെട്ടസ്വാതന്ത്ര്യം, സ്വത്വാവി ഷ്കാരം എന്നിങ്ങനെ പുരുഷനോട് തോൾചേർന്ന് സ്ത്രീയ്ക്കും പ്രാപ്യമായ മേഖ ലകളിൽ നിർഭയയായി ഉയരാൻകഴിയുമ്പോൾ മാത്രമാണ് സ്ത്രീസ്വാതന്ത്ര്യം അതിന്റെ പൂർണ്ണത പ്രാപിക്കുന്നത്.

പുരുഷനിർമ്മിതം (manmade) എന്നതിൽ നിന്നും മനുഷ്യനിർമ്മിതം human made) എന്നതിലേയ്ക്ക് നാം മാറേണ്ട കാലങ്ങൾ കഴിഞ്ഞിരിക്കുന്നു. ഉൽപ്പാദന പ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കണമെങ്കിൽ കൂടുതൽ സ്വീകാര്യമായ പദം മനുഷ്യനിർമ്മിതം ആണ്. ഇന്ന് സമൂഹത്തിൽ കാണപ്പെടു ന്നത് ആൺപെൺ ലിംഗങ്ങൾ മാത്രമല്ല ട്രാൻസ്, ക്വിർ വിഭാഗങ്ങളും നിലനിൽക്കു ന്നുണ്ട്. ഈ സാഹചര്യത്തിൽ പടിക്കുപുറത്തായ മേൽപറഞ്ഞ വിഭാഗങ്ങളെ പടി ക്കകത്തേയ്ക്ക് കൂട്ടികൊണ്ടുവരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിനു വേണ്ട മാറ്റം വിദ്യഭ്യാസ രംഗത്ത് വരേണ്ടതുണ്ട്. അതിനുവേണ്ടത് സമൂഹത്തിലും, ഭാഷയിലും ജാതിവർഗഭേദമില്ലാത്ത തുല്യതയാണ്. പുസ്തക താളുകളിൽ ഇന്നും അമ്മയുടെസ്ഥാനം അടുക്കളയാണ്. അച്ഛന്റെ സ്ഥാനമാകട്ടെ ഉമ്മറകോലായിയെ അലങ്കരിക്കുന്ന പത്രവായനയും. അച്ഛനും അമ്മയ്ക്കും മാത്രമായി ഏതെങ്കിലും തൊഴിൽ നീക്കിവച്ചിട്ടില്ലെന്ന് പുതിയതലമുറ അനുഭവംകൊണ്ട് പഠിക്കണം. സ്ക്കൂളുകളിൽ ട്രാൻസ്, പെൺ, ആൺ എന്നതിനുമപ്പുറം മനുഷ്യൻ എന്നതിനാ കണം പ്രാധാന്യം. ചുരുക്കത്തിൽ, കുടുംബത്തിൽനിന്നും, വിദ്യാലയങ്ങളിൽ നിന്നുമാണ് തുല്യതയുടെ ഈ പാഠങ്ങൾ കുട്ടികൾ പഠിച്ചെടുക്കേണ്ടത്.

ഒടുവിൽ എന്റെ മേശപ്പുറത്തു
സ്വന്തം അച്ചുതണ്ടിൽ
ചരിഞ്ഞിരിക്കുന്ന ഭൂമിയെകണ്ടു
ഞാൻ അതിൽ നേരേ ഇരിക്കുകയാണല്ലോ
ഈ ചരിഞ്ഞ ഭൂമിയിൽ
എല്ലാം ചരിഞ്ഞിരിക്കുമ്പോൾ
എന്തിനാണ്
ഞാൻ മാത്രം നേരേ ഇരിക്കുന്നത്?[17]

'ചരിവ്' എന്ന കവിതയിൽ സാവിത്രി രാജീവൻ പറയുന്നതുപോലെ, സമൂഹം നേരെയിരുന്നാൽ മാത്രമേ എല്ലാം നേരെയാകു. എല്ലാം ചരിഞ്ഞിരിക്കുമ്പോൾ ഞാൻമാത്രം നേരെയിരിക്കുന്നത് എന്തിനാണ്. അതിനാൽ സ്ത്രീസമൂഹത്തെ ഒഴിവാക്കികൊണ്ടുള്ള പുരോഗതി അധോഗതിയുടെ പാതയാണെന്ന് പുരുഷസമൂഹം മനസ്സിലാക്കി സ്ത്രീപുരുഷസമത്വം എന്ന പാതയിലൂടെ നമുക്ക് മുന്നേറാം.

## കുറിപ്പുകൾ

1. *ഉൽപ്പത്തി,* 2.18.23.

2. ജാൻസി ജെയിംസ്, (ഡോ.) 2000, *ഫെമിനിസം സിദ്ധാന്തവും പ്രയോഗവും*, ദ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജ്. തിരുവനന്തപുരം.

3. Simon De Beauvoir, *The second sex*. 2015, *ഫെമിനിസത്തിന്റെ ബൈബിൾ.* (എഡി.) പത്മകുമാർ മൂഞ്ഞിനാട്. പാപ്പിറസ് ബുക്ക്.

4. Shulamith Firestone, 1970, *The dialectic*.

5. കുമാരപ്പിള്ള, ജി. ലക്ഷ്മി, എൻ. മേനോൻ, (എഡി.). 1999. സ്വാമിവിവേകാനന്ദൻ, പൂർണ്ണോദയ ബുക്സ്, കൊച്ചി.

6. ഭാസ്കരനുണ്ണി, പി. 1988, *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം*. സാഹിത്യ അക്കാദമി. തൃശ്ശൂർ.

   ഹിന്ദുആചാരപ്രകാരം ചാന്നാർ സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശം ഉണ്ടായിരുന്നില്ല. മിഷണറി പ്രവർത്തനങ്ങളുടെ ഭാഗമായി മതംമാറിയ ചാന്നാർ സ്ത്രീകൾക്ക് അയഞ്ഞ മേൽക്കുപ്പായം ധരിക്കാൻ അന്നത്തെ ഭരണവ്യവസ്ഥ അനുമതി കൊടുത്തു. എന്നാൽ മിഷണറിവിദ്യാഭ്യാസം സിദ്ധിച്ച പെൺകുട്ടികൾ അവകാശത്തെക്കുറിച്ചും, ജീവിതാവസ്ഥകളെക്കുറിച്ചും ബോധവതികളായപ്പോൾ സ്വന്തം വസ്ത്രധാരണരീതികൾ മാറ്റുന്നതിനെക്കുറിച്ച് ചിന്തിക്കുകയും മേൽജാതിക്കാരെപ്പോലെ കുപ്പായത്തിനു മുകളിൽ മേൽമുണ്ട് ധരിക്കുകയും ചെയ്തു. ഇതാണ് മേൽമുണ്ട് സമരത്തിന്റെ അഥവാ ചാന്നാർ ലഹളയുടെ രാഷ്ട്രീയം.

7. ഭാസ്കരനുണ്ണി, പി. 1988, *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം,* സാഹിത്യ അക്കാദമി, തൃശ്ശൂർ.

   പുലയ പറയ സ്ത്രീകൾ കഴുത്തിൽ കല്ലുമാലയാണ് അണിഞ്ഞിരുന്നത്. മിനുസമുള്ള ഒരു തരം കല്ലുകൾ കോർത്തുകെട്ടിയ മാല അവർ ധരിച്ചിരുന്നു. സ്വർണ ലോഹങ്ങൾ ധരിക്കാനുള്ള അവകാശം അവർക്കുണ്ടായില്ല. അയ്യങ്കാളിയുടെ ആഹ്വാനത്തെ തുടർന്ന് പുലയസ്ത്രീകൾ കല്ലുമാലകൾ വലിച്ചെറിയാനുള്ള അസാമാന്യ ധൈര്യം കാണിച്ചു. കല്ലുമാല സമരം എന്നാണ് ഇത് ചരിത്രപുസ്തകതാളുകളിൽ അറിയപ്പെടുന്നത്.

8. ഭാസ്കരനുണ്ണി. പി. 1988, *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം,* സാഹിത്യ അക്കാദമി, തൃശ്ശൂർ.

   1945 വരെ താഴെക്കാട്ടുമനക്കുകീഴിൽ ആയിരുന്നു ചീമേനി ഉൾപ്പെടുന്ന പ്രദേശം. കീഴാളസ്ത്രീകൾ പുരമേയാനുള്ള പുല്ല് ശേഖരിക്കുന്നത് ഈ എസ്റ്റേറ്റിൽ നിന്നായിരുന്നു. എന്നാൽ ജോർജ്ജ് തോമസ് കൊട്ടുകാപ്പിള്ളി എന്നയാൾ ജന്മിമാരിൽ നിന്നും ഈ പ്രദേശം ചാർത്തിവാങ്ങിയതോടെ ഇവിടെനിന്നും കാട്ടുവിഭവങ്ങൾ ശേഖരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തി. ഇതിനെതിരെ കമ്മ്യൂണിസ്റ്റ്കാരുടെ നേതൃത്വത്തിൽ നടന്ന സമരത്തെയാണ് തോൽവിറക് സമരമെന്നും, ചീമേനി സമരമെന്നും അറിയപ്പെടുന്നത്.

9. സച്ചിദാനന്ദൻ, 1982, *മുടിത്തെയ്യങ്ങൾ,* ഡി. സി ബുക്സ്. കോട്ടയം.

10. ശങ്കരപ്പിള്ള, ജി. 1979, *പെൺവഴികൾ*, നാഷണൽ ബുക്സ്റ്റാൾ. കോട്ടയം.

11. സാറാജോസഫ്, 2000, *നമ്മുടെ അടുക്കള തിരിച്ചുപിടിക്കുക,* ഹരിതംബുക്സ്, കോഴിക്കോട്.

12. *ശാരദ,* 1926, വാല്യം 1. പുറം. 4.

13. രാധിക, സി. നായർ. 1995, *ഉടൽ രൂപങ്ങൾ.* മലയാളകവിതയിലെ സ്ത്രീചിത്രീകരണത്തെപ്പറ്റി. സ്ത്രീവാദസാഹിത്യ പതിപ്പ്, സാഹിത്യലോകം ദ്വൈമാസിക, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

14. Simon, De Beauvoir. *The Second Sex.* Translated and edited by Parschely H. M. Picador. London.

15. ഗീത, 1998. *പ്രണയം ലൈംഗികത അധികാരം,* കറന്റ് ബുക്സ്, തൃശ്ശൂർ.

16. രവിവർമ്മ ആറ്റൂർ, *സംക്രമണം.*

17. സാവിത്രി രാജീവൻ, *ചരിവ്.*

## അധ്യായം 2

# പുതുയുഗപ്പിറവി

കേരള നവോത്ഥാനത്തിന്റെ ചരിത്രം പരിശോധിച്ചാൽ നവോത്ഥാനത്തിലേയ്ക്ക് കേരളസമൂഹത്തെ അണച്ചുചേർത്ത ചാലകശക്തികൾ നിരവധിയാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ ആരംഭിച്ച നവോത്ഥാനത്തിന്റെ അനുരണനങ്ങൾ പുതിയരൂപത്തിലും ഭാവത്തിലും ഇരുപത്തിയൊന്നാംനൂറ്റാണ്ടിലും കടന്നെത്തിയിരിക്കുന്നു. പലതരം സാമൂഹിക മുന്നേറ്റങ്ങൾ നവോത്ഥാനത്തിന്റെ ശക്തി വർദ്ധിപ്പിച്ചു. എല്ലാ സമുദായസംഘടനകളിലും നവോത്ഥാന ചിന്ത വളരാൻ തുടങ്ങി. അയ്യങ്കാളി, പൊയ്കയിൽ അപ്പച്ചൻ തുടങ്ങിയ നേതാക്കൻമാരുടെ നേതൃത്വത്തിൽ കീഴാളസമുദായം അടിസ്ഥാന അവകാശങ്ങൾക്കുവേണ്ടി പൊരുതിയെങ്കിൽ ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങളിലൂടെ അദ്ധ്യാത്മിക നവോത്ഥാനവും ജാതിചിന്തയുടെ നിരർത്ഥകതയും വെളിപ്പെടുത്തുന്ന നവോത്ഥാന ചിന്തകളും രൂപപ്പെട്ടു വന്നു. ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങളും നവോത്ഥാന ചിന്തകൾക്ക് ആക്കം കൂട്ടി. വിദ്യഭ്യാസത്തിന്റെ ആവശ്യകതയെ കണ്ടറിഞ്ഞ് എല്ലാ വിഭാഗങ്ങളിലേയും ജനങ്ങൾക്ക് വിദ്യഭ്യാസപരമായ നവോത്ഥാനമാണ് വിദേശമിഷണറിമാർ ലക്ഷ്യമാക്കിയത്. മതപരിവർത്തനം ഇതിന്റെ പാർശ്വഫലങ്ങളിൽ ഒന്നായിരുന്നെങ്കിലും വിദ്യഭ്യാസപരമായ നവോത്ഥാനത്തിന് തുടക്കം കുറിക്കാൻ വൈദേശിക മിഷണറിമാർക്ക് സാധിച്ചു.

ഇംഗ്ലീഷ്‌വിദ്യഭ്യാസത്തിന്റെ കീർത്തിയെ പ്രകീർത്തിച്ചുകൊണ്ടും, വിദ്യാഭ്യാസത്തിലൂടെ നേടിയെടുത്ത സ്ത്രീസ്വതന്ത്ര ചിന്തയെ പ്രശംസിച്ചുകൊണ്ടും മലയാളത്തിലെ ലക്ഷണമൊത്ത ആഖ്യായികയായ ഇന്ദുലേഖ പ്രസിദ്ധീകരിച്ചത് (1889) കേരളത്തിലെ നവോത്ഥാനകാലഘട്ടത്തിന്റെ സൂചനയായി കണക്കാക്കാം.

ആയിരത്തിതൊള്ളായിരത്തി മുപ്പതുകൾ മുതൽ അടിസ്ഥാന വർഗത്തിന്റെ വിമോചനം ലക്ഷ്യമാക്കി സമൂഹത്തിലും സാഹിത്യത്തിലും വളരെയേറെ ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ട് ചില പ്രവണതകൾ കടന്നുവരാൻ തുടങ്ങി. ജീവൽ സാഹിത്യപ്രസ്ഥാനം, പുരോഗമന സാഹിത്യപ്രസ്ഥാനം തുടങ്ങിയപേരുകളിൽ സാഹിത്യത്തിലും രാഷ്ട്രീയരംഗത്ത് ചില ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ട് പല ഇസങ്ങൾ സമൂഹത്തിലും പ്രത്യക്ഷപ്പെടാൻ തുടങ്ങി. ഇതിന്റെയെല്ലാം അടിസ്ഥാനം സാമൂഹ്യനവോത്ഥാനം തന്നെയായിരുന്നു. എല്ലാ ജാതിയും അനുഭവിച്ചിരുന്ന അസമത്വങ്ങളെ കുറിച്ച് അവർ ചിന്തിക്കാൻ തുടങ്ങി. ഇത്തരത്തിൽ രൂപം

കൊണ്ട സാമൂഹ്യഅവസ്ഥയിലാണ്, കേസരിബാലകൃഷ്ണപ്പിള്ളയുടെ നേതൃത്വ ത്തിൽ പുരോഗമനസാഹിത്യ പ്രസ്ഥാനം എന്നൊരു സംഘടന നിലവിൽ വന്നത്.

**പുരോഗമന സാഹിത്യപ്രസ്ഥാനം**

പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ ജനനം ജീവൽ സാഹിത്യപ്രസ്ഥാ നത്തിൽ നിന്നാണെന്ന് പറയാം. 1937-ൽ ജീവൽ സാഹിത്യപ്രസ്ഥാനമെന്ന നില യിൽ രൂപംകൊണ്ട ഈ പ്രസ്ഥാനം 1944-ൽ പുരോഗമനസാഹിത്യപ്രസ്ഥാനം എന്ന ചട്ടകൂടിലേയ്ക്ക് മാറുകയായിരുന്നു. സാഹിത്യത്തിലൂടെ സമൂഹത്തിലെ അനീതിയേയും അവശരോടുള്ള അക്രമത്തേയും ചോദ്യം ചെയ്യാമെന്ന് ഇതിന്റെ നേതാക്കൾ സ്വപ്നം കണ്ടു. കല കലയ്ക്കുവേണ്ടിയോ, ജീവിതത്തിനുവേണ്ടിയോ എന്നുള്ള ചിന്തകളെല്ലാം ഇതിന്റെ ഭാഗമായി കടന്നുവന്നു. മാർക്സിസം പോലു ള്ള ചിന്താധാരകളിൽ ആകൃഷ്ടരായി നിരവധി എഴുത്തുകാർ രംഗത്ത് വന്നു.

“പുരോഗതിയിൽ വിശ്വസിക്കുന്ന സാഹിത്യകാരന്മാർ വിശ്വസാഹിത്യ പ്രസ്ഥാനങ്ങളുടെ മാതൃകയിൽ കേരളത്തിൽ ആരംഭിച്ച്, പരിപോഷിപ്പിച്ച സാഹി ത്യപ്രസ്ഥാനമായിരുന്നു പുരോഗമന സാഹിത്യ പ്രസ്ഥാനം. എം പി പോൾ ചൂണ്ടി കാട്ടിയതു പോലെ പുരോഗമന സാഹിത്യത്തിന്റെ ആധാരം മനുഷ്യന് ഒരു ഭാവി യുണ്ടെന്ന വിശ്വാസമായിരുന്നു”[1] (1999: 165).

ഇത്തരത്തിൽ മനുഷ്യന്റെ ഭാവിയെ തിരുത്തി കുറിക്കാൻ പ്രയുക്തമായ ഒരു സാഹിത്യപ്രസ്ഥാനം എന്ന നിലയിൽ പുരോഗമനസാഹിത്യപ്രസ്ഥാനത്തിന് അന്ന് സ്വീകാര്യത ഏറെയായിരുന്നു. 1944 ൽ ഷൊർണ്ണൂർ സമ്മേളനത്തിൽ വച്ച് പുരോഗനസാഹിത്യ വേദിയുടെ ഔപചാരികമായി ഉദ്ഘാടനം നടന്നു. നാളത്തെ ലോകം സുന്ദരമായി തീരുവാനുള്ള പ്രചോദനാന്മകമായ ആശയങ്ങൾ കലയിൽ നിന്നുണ്ടാകണമെന്നും കലാകാരന്മാരുടെ സ്വപ്നങ്ങളാണ് യാഥാർത്ഥ്യമായി രൂപാ ന്തരപ്പെടുന്നത് എന്നുമുള്ള ആശയങ്ങൾ പ്രസ്തുത സമ്മേളനത്തിൽ പങ്കുവെയ്ക്ക പ്പെടുകയുണ്ടായി. യഥാസ്ഥിതിക സാഹിത്യകാരന്മാരെ പ്രകോപിക്കും വിധത്തിൽ പുരോഗമനസാഹിത്യചിന്തകൾ അന്നുസജീവമായി. പുരോഗമന സാഹിത്യപ്രസ്ഥാ നത്തിന്റെ ചിന്തകൾ തകഴി, ദേവ്, ബഷീർ എന്നിവരുടെ സാഹിത്യ ചിന്തകളിൽ സമൂലമായ മാറ്റം വരുത്തി. ഓർമ്മയുടെ തീരങ്ങളിൽ എന്ന ആത്മകഥയിൽ പുരോ ഗമനസാഹിത്യപ്രസ്ഥാനം തകഴിയിലുണ്ടാക്കിയ ചലനങ്ങളെ കുറിച്ച് പരാമർശി ക്കുന്നുണ്ട്.

"ഒരു മങ്ങലിൽപ്പെട്ട് കഴിയുമ്പോൾ യഥാർത്ഥത്തിൽ തനിക്ക് ഉണർവ്വ് പകർന്നു തന്നത് മാർക്സിസത്തിന്റെ ശാസ്ത്രം സമ്മാനിച്ച വെളിച്ചമായിരുന്നു. അന്നത്തേയും പിൽക്കാലത്തേയും മാനസികാവസ്ഥയിൽ ആ പ്രത്യയശാസ്ത്രം കൊണ്ടേ അടിക്കടി സങ്കീർണമായ ജീവിതത്തിന് ഒട്ടൊരു നിലവാരം വന്നുചേരുകയുള്ളു" എന്ന ചിന്ത ശക്തമായിരുന്നു[2] (1985: 189).

മാർക്സിസത്തിന്റെ പ്രത്യയശാസ്ത്രങ്ങളെ അപ്പാടെ ഉൾക്കൊണ്ടുള്ള എഴുത്ത് രീതിയായിരുന്നില്ല തകഴി കൈക്കൊണ്ടിരുന്നത്. എഴുത്തുകാരന്റെ സ്വതന്ത്ര നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് തകഴി എഴുതിതീർത്ത നോവലാണ് രണ്ടിടങ്ങഴി. എഴുത്തിന്റെവഴിയിൽ സാമൂഹിക ബോധ്യങ്ങളെ കൊള്ളാനും തള്ളാനുമുള്ള ആർജ്ജവം തകഴിയ്ക്ക് ഒരുക്കി കൊടുത്തത് പുരോഗമന സാഹിത്യ പ്രസ്ഥാനം തന്നെയായിരുന്നു.

**തകഴി ശിവശങ്കരപ്പിള്ള**

ജീവിതയാഥാർത്ഥ്യത്തിന്റെ നേർകാഴ്ച്ചകളെ ആവിഷ്കരിക്കുന്ന സാഹിത്യരൂപമാണ് നോവൽ. വൈവിദ്ധ്യവും, വൈരുദ്ധ്യവും സൃഷ്ടിച്ചു കൊണ്ട് കുറെയേറെ കഥാപാത്രങ്ങൾ വന്നുപോകുന്ന ആധുനിക സാഹിത്യരൂപമായ നോവൽ മനുഷ്യപ്രകൃതിയുടെ ഭാഗംതന്നെയാണ്. സമൂഹത്തിന്റെ നേർകാഴ്ച്ചകളിലേയ്ക്ക് തിരിച്ചുവച്ചിരിക്കുന്ന സാഹിത്യരൂപമായി നോവൽസാഹിത്യത്തെ കണക്കാക്കാം. ആ നേർകാഴ്ച്ചകളിൽ തെളിയുന്നത് സമൂഹവുമായി ബന്ധപ്പെട്ട കാര്യങ്ങളും, ആ കാര്യങ്ങൾക്കുവേണ്ടിയുള്ള സമരസന്നാഹങ്ങളുമാണ്.

മലബാർ ലഹള, പുന്നപ്ര വയലാർസമരം, കർഷക തൊഴിലാളി വിഷയങ്ങൾ, ജന്മിത്വം, ജന്മിത്വത്തിനെതിരെയുള്ള പ്രക്ഷോഭങ്ങൾ, കേരളത്തിലങ്ങോളമിങ്ങോളം അരങ്ങേറിയ സ്വാതന്ത്ര്യസമരപോരാട്ടങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുമുള്ള സാഹിതീയ രൂപങ്ങൾ തകഴിയെന്ന സാഹിത്യകാരന്റെ കഥാലോകത്ത് പുതിയ രൂപത്തിലും ഭാവത്തിലും കാണാം.

കുട്ടനാടിന്റെ സാമൂഹിക സാംസ്കാരികതയാണ് തകഴിക്കൃതികളുടെ അടിസ്ഥാനം. "താനൊരു കുട്ടനാടൻ കർഷകനാണെന്നും അവിടത്തെ ചെളിയുടെ കറ തന്റെ കാലിലുണ്ടെന്നു അഭിമാനിക്കുന്ന സാഹിത്യകാരനാണ് തകഴി"[3] (1991: 214).

എഴുത്ത് രീതി സ്വയമേവ ഉരുത്തിരിഞ്ഞതല്ലെന്നും നേരിൽ കണ്ട സാമൂഹിക പ്രശ്നങ്ങൾ തന്നെ അലട്ടിയപ്പോഴാണ് സാഹിത്യകാരനായി പരിണമിച്ചതെന്നും തകഴി തന്നെ പറയുന്നുണ്ട്.

“സാമൂഹികപ്രശ്നങ്ങൾ ഉരുത്തിരിയുമ്പോഴാണ് താൻ രചന തുടങ്ങാറുള്ള തെന്നും തകഴി പറയുന്നു”[4] (1985: 239).

ഇത്തരത്തിലുള്ള എഴുത്ത് രീതിയ്ക്കായി സമൂഹവും പരിസ്ഥിതികളും ചേർന്ന് ഒരുക്കിയെടുത്ത സാഹിത്യകാരനാണ് തകഴി ശിവശങ്കരപ്പിള്ള. തകഴിയ്ക്ക് സമൂഹത്തിനോട് പറയാനുള്ള കാര്യങ്ങളുടെ വാഹകരാക്കുകയായിരുന്നു അദ്ദേ ഹം തന്റെ നോവലുകളെ.

“എനിക്ക് കുറേ കാര്യങ്ങൾ പറഞ്ഞു തീർക്കാനുണ്ട്. അതിനുള്ള വാഹനം മാത്രമാണ് കഥയും കഥാപാത്രങ്ങളും”[5] (1985: 3, 4).

മരുമക്കത്തായത്തിന്റെയും, മക്കത്തായത്തിന്റെയും ദായക്രമങ്ങളിലൂടെ ജീവിച്ചുപോന്ന തകഴി ശിവശങ്കരപ്പിള്ള കാലഘട്ടത്തിന്റെ സാമൂഹികമാറ്റങ്ങളെ ഉൾകൊണ്ട സാഹിത്യരചനയാണ് പിൻതുടർന്നത്. ആദ്യനോവലായ ത്യാഗത്തിനു പ്രതിഫലം മുതൽ തകഴി എഴുതിയ നാല്പതോളം നോവലുകളിലെയും ഭാഷ മാനവികതയുടെതായിരുന്നു. ആ മാനവികതയിൽ തൊഴിലാളികളുടെയും, മുതലാ ളിയുടെയും, തോട്ടിയുടെയും, അധഃസ്ഥിതന്റെയും, കുചേലന്റെയും, കുബേരന്റെയും വിവിധ മുഖങ്ങൾ ദർശിക്കാൻ തകഴിക്ക് സാധിച്ചു. 1912 ൽ ജനിച്ച തകഴിയ്ക്ക് ആവോളം പകർന്നുകിട്ടിയതായിരുന്നു പുരാണ കഥാപാരമ്പര്യം. നാടിനെ കുറിച്ചും അതിന്റെ പാരമ്പര്യങ്ങളെകുറിച്ചുമെല്ലാം അറിവ് നേടിയ തകഴി ആ അറിവിൽ നിന്നും വിശാലമായൊരു കഥാപ്രപഞ്ചം രൂപപ്പെടുത്തുകയായി രുന്നു. പ്ലീഡർഷിപ്പ് പഠനകാലത്ത് വായനയുടെ വിശാലലോകത്തേയ്ക്ക് പ്രവേ ശിച്ച തകഴി, കേസരി ബാലകൃഷ്ണപ്പിള്ളയുടെ ദർശനങ്ങളുമായി സൗഹൃദത്തി ലായി. കേസരിയിലൂടെയാണ് തകഴി പാശ്ചാത്യ എഴുത്തുകാരുടെ ലോകത്തേക്ക് കടക്കുന്നത്. മോപ്പസാങ്ങ്, ടോൾസ്റ്റോയി, ബൽസാക്ക്, എമിലിസോള, മാക്സിം ഗോർക്കി, ആന്റൺചെക്കോവ്, മുതലായ നിരവധിസാഹിത്യകാരൻമാരുടെ ചിന്താ രീതിയും, എഴുത്ത് രീതിയും തകഴിയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു.

സ്വാതന്ത്ര്യസമരപോരാട്ടങ്ങൾക്കും, അവകാശങ്ങൾക്കും, അനീതി കൾക്കുമെതിരെയുള്ള അണിചേരലുമായി അന്നത്തെ സാമൂഹികാന്തരീക്ഷം ഒരു വിപ്ലവസമാനമായ സാഹചര്യത്തിലേയ്ക്ക് കടക്കുകയായിരുന്നു. ഈ കാലഘട്ട ത്തിൽ എഴുത്തുകാരുടെ കൂട്ടായ്മ പുതുയുഗപ്പിറവിയ്ക്കായി പുരോഗമനസാഹി ത്യപ്രസ്ഥാനത്തിൽ പങ്കുചേർന്നു. ആ പ്രസ്ഥാനത്തിന്റെ എല്ലാപ്രത്യേകതക ളെയും എഴുത്തുവഴിയിൽ ചേർത്തുവയ്ക്കാൻ തകഴിയ്ക്കുകഴിഞ്ഞു. സാധാരണ മനുഷ്യരുടെ ജീവിതകഥകളെയാണ് തകഴി സാഹിത്യരചനയ്ക്ക് വിഷയമാക്കിയ ത്. പുരോഗമന സാഹിത്യത്തിന്റെ ഏറ്റവും വലിയ പ്രത്യേകത, ഓടയിലേയ്ക്കും,

തെരുവിലേയ്ക്കും തോട്ടിയിലേയ്ക്കും ചെന്നെത്താൻ സാഹിത്യത്തിനു കഴിഞ്ഞു എന്നുള്ളതാണ്. അതുവരെ ആഢ്യത്വത്തിൽ വിരാചിച്ചസാഹിത്യം പറയനിലേയ്ക്കും പുലയനിലേയ്ക്കും കടന്നെത്തി. കൂടാതെ അധികാരജീർണ്ണതയുടേയും സാമൂഹ്യജീർണ്ണതയുടെയും കഥപറയാൻ ആരംഭിച്ചു തുടങ്ങി.

ഒരു രാഷ്ട്രീയ പ്രസ്ഥാനങ്ങളോടും ചായ്‌വ് പുലർത്താതെ സ്വതന്ത്ര്യമായ സാമൂഹ്യ രാഷ്ട്രീയ വിശകലന പദ്ധതിയാണ് തകഴി തെരെഞ്ഞടുത്ത്. ഈ തെരഞ്ഞെടുപ്പിൽ മാർക്സിയൻ ചിന്തകളുടെ വസ്തുതാപരമായ സ്വധീനം കാണാം. പാർട്ടിയിലെ ആന്തരികവൈരുദ്ധ്യങ്ങൾ പാർട്ടിയെ ആദർശപരമായി തകർക്കുന്നു എന്നു വ്യക്തമാക്കുന്നതാണ് പേരില്ലാകഥ, അനുഭവങ്ങൾ പാളിച്ചകൾ, കുറേ മനുഷ്യരുടെ കഥ, പുന്നപ്ര വയലാറിനുശേഷം, കയർ, ബലൂണുകൾ എന്നീ നോവലുകൾ. സ്വതന്ത്രാവബോധത്തോടെയുള്ള സാഹിത്യസൃഷ്ടിയാണ് ഈ നോവലുകളിലെല്ലാം തകഴി സ്വീകരിക്കുന്നത്. വിശകലന സ്വഭാവമാണ് തകഴിയുടെ രാഷ്ട്രീയ നോവലുകളിൽ കാണുന്നത്. പല ഘട്ടങ്ങളിൽ പല പ്രത്യയശാസ്ത്രങ്ങളെയും വിശ്വസിക്കുന്ന കഥാപാത്രങ്ങളെ തകഴിയുടെ നോവലുകളിൽ കാണാം. ഇത് കുട്ടനാടൻ കർഷകന്റെ വിശകലന സ്വഭാവത്തോട് ചേർന്ന് പോകുന്നതാണ്. കുട്ടനാടൻ രാഷ്ട്രീയ പാശ്ചാത്തലത്തെ കുറിച്ച് തകഴി നടത്തുന്ന വിലയിരുത്തൽ നോക്കുക.

“ചേറിലും ചെളിയിലും കിടന്ന് വലഞ്ഞ് പണിയെടുക്കുന്ന പറയനും പുലയനും സ്വാതന്ത്ര്യത്തിന്റെ ആവേശത്തിൽപ്പെട്ടിരിക്കുന്നു. മാർക്സിയൻ പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ തന്നെയായിരുന്നു തൊഴിലാളി യൂണിയൻ അന്നു സംഘടിപ്പിച്ചിരുന്നത്. ആ സംഘടന സ്വാതന്ത്ര്യസമരത്തിലും സജീവമായി പങ്കെടുത്തു. പക്ഷേ നാളത്തെ ഇന്ത്യ എങ്ങനെയായിരിക്കണമെന്നുകൂടി അവരാലോചിച്ചു”[6] (1991: 272).

ഇത്തരത്തിൽ നാളത്തെ ഇന്ത്യക്കായി പുതുരാഷ്ട്രീയാവബോധം പകർന്നു നൽകിയ നവോത്ഥാനസാഹിത്യകാരനായ തകഴിശിവശങ്കപ്പിള്ള പുത്തൻ ലോകനിർമ്മിതിക്കുള്ള അടിത്തറ പാകുകയായിരുന്നു തന്റെ കൃതികളിലൂടെ. ഈ വർഗവിപ്ലവപാതയെ കുറിച്ച് ഇ. എം. എസ് സൂചിപ്പിക്കുന്നത് ഇപ്രകാരമാണ്

“ജാതിമതാദിപഴഞ്ചൻ സാമൂഹ്യവ്യവസ്ഥയുടെ അവശിഷ്ടങ്ങളൊന്നും തകരാതെ നിലനിൽക്കുന്നുണ്ടെങ്കിലും മുതലാളിത്തം വളർന്നുകൊണ്ടിരിക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥയിലെ ഭരണാധികാരിവർഗങ്ങളെ അധികാരിസ്ഥാനത്തുനിന്നു മാറ്റലും, മുതലാളിത്വത്തിന്റെതടക്കം എല്ലാ പഴഞ്ചൻസാമൂഹ്യവ്യവസ്ഥകളെയും

തട്ടിതകർത്ത് സോഷ്യലിസ്റ്റ്വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനുള്ള കളമൊരുക്കലുമാണ്"[7] (2009: 106).

വിപ്ലവകരമായ ഈ മാറ്റങ്ങൾക്ക് വഴിയൊരുക്കിയ കുട്ടനാടൻ സാഹിത്യകാരന്റെനോവലുകളെ കാലഗണനയോടൊപ്പം താഴെ വിവരിക്കുന്നു.

മൂന്ന് ഘട്ടങ്ങളിലായി തകഴിയുടെ നോവലുകളെ വിഭജിക്കാം. ഒന്നാം ഘട്ട നോവലുകളിലെ ഇതിവൃത്തം, സമൂഹത്തിലെ പതിതരും നിസ്സഹായരുമായ സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളെ പരാമർശിക്കുന്നതാണ്. 1934-1946 വരെയുള്ള നോവലുകളെയാണ് ഈ ഘട്ടത്തിൽ ഉൾപ്പെടുത്തുന്നത്. ത്യാഗത്തിനു പ്രതിഫലം (1934) പതിതപങ്കജം (1935) പരമാർത്ഥങ്ങൾ (1945) വില്പനക്കാരി (1946).

അടിസ്ഥാനവർഗ്ഗതൊഴിലാളികൾക്കുവേണ്ടി നോവലിനെ ഉപകരണമാക്കുകയാണ് രണ്ടാംഘട്ടത്തിൽ തകഴി ചെയ്ത സാഹിത്യസേവനം. ഈ ഘട്ടത്തിലാണ് അടിസ്ഥാനവർഗ്ഗം അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് കമ്മ്യൂണിസ്റ്റ് ആദർശങ്ങൾ പരിഹാരമായിരിക്കുമെന്ന് അദ്ദേഹം കണ്ടെത്തിയത്. 1947-1950 വരെയുള്ള കാലയളവിൽ രചിച്ച നോവലുകൾ ഇതിനുദാഹരണമാണ്. തോട്ടിയുടെ മകൻ (1947) തലയോട് (1948) രണ്ടിടങ്ങഴി (1948) തെണ്ടിവർഗ്ഗം (1950)

സ്വതന്ത്രമായ സാമൂഹ്യരാഷ്ട്രീയ വിശകലനങ്ങളും വിമർശനങ്ങളുമാണ് തകഴിയുടെ മൂന്നാംഘട്ട രചനയിൽ നിഴലിക്കുന്നത്. അറിവിൽനിന്നും തിരിച്ചറിവ് നേടിയ നോവലിസ്റ്റിനെയാണ് ഈ കാലഘട്ടത്തിലെ രചനകളിൽ കാണാൻ കഴിയുന്നത്.

അവന്റെ സ്മരണകൾ (1955) പേരില്ലാക്കഥ (1956) ചെമ്മീൻ (1956) ഔസേപ്പിന്റെ മക്കൾ (1959), അഞ്ചുപെണ്ണുങ്ങൾ (1959) ജീവിതം സുന്ദരമാണ് പക്ഷേ (1961), ഏണിപ്പടികൾ (1964) ധർമ നീതിയോ അല്ല ജീവിതം (1965) പാപ്പിയമ്മയും മക്കളും (1965) മാംസത്തിന്റെ വിളി (1966) അനുഭവങ്ങൾ പാളിച്ചകൾ (1967) ആകാശം (1967) ചുക്ക് (1967) വ്യാകുലമാതാവ് (1968) നെല്ലും തേങ്ങയും (1969), പെണ്ണ് (1969), പെണ്ണായിപ്പിറന്നാൽ (1970), നുരയും പതയും (1970), കോടിപ്പോയ മുഖങ്ങൾ (1972) കുറെ മനുഷ്യരുടെ കഥ (1973) അകത്തളം (1974), പുന്നപ്രവയലാറിനുശേഷം (1975) അഴിയാക്കുരുക്ക് (1977) ലഘുനോവലുകൾ (1978) ബലൂണുകൾ (1982), ഒരു പ്രേമത്തിന്റെ ബാക്കി (1988) എരിഞ്ഞടങ്ങൽ (1990) തുടങ്ങിയവയാണ് മൂന്നാം ഘട്ടത്തിലെ നോവലുകൾ. ഈ നോവലുകളുടെ കാലഗണന പരിശോധിച്ചാൽ ഒരേ വർഷംതന്നെ നിരവധി നോവലുകൾ തകഴി എഴുതിയിട്ടുണ്ടെന്ന് കാണാം. പല നോവലുകളെയും ഖണ്ഡനമണ്ഡന വിമർശനത്തിലൂടെ മലയാള

വിമർശനരംഗം പുനർവായന നടത്തിയിട്ടുണ്ട്. ഗ്രാമീണപശ്ചാത്തലത്തിൽ എഴുതിയ തകഴിയുടെ നോവലുകളിലെല്ലാം മാനവികതയുടെ ഭാഷയാണ് കാണാനാവുക.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ ഇരുപതാം നൂറ്റാണ്ട് വരെയുള്ള കാലഘട്ടം കേരളത്തിൽ സവിശേഷമായ പരിവർത്തനത്തിന് വിധേയമായ കാലഘട്ടമാണ്. നവോത്ഥാനദശ എന്ന് വിശേഷിപ്പിക്കാവുന്ന ഈ കാലയളവിൽ കേരളത്തിൽ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളിൽ പല മാറ്റങ്ങളും സംഭവിച്ചു. നവോത്ഥാനകാലഘട്ടം എന്ന് വിശേഷിപ്പിക്കുന്ന, ഈ കാലഘട്ടത്തിൽ രൂപമെടുത്ത തകഴിശിവശങ്കരപ്പിള്ളയുടെ മൂന്നു നോവലുകളിലെ സ്ത്രീകഥാപാത്രങ്ങളെ വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധത്തിൽ.

പ്രബന്ധത്തിൽ പരാമർശിതമായ മൂന്നുനോവലുകളെ തെരഞ്ഞെടുക്കാനുള്ള കാരണം താഴെ കൊടുക്കുന്നു. തെരഞ്ഞെടുത്ത ഈ മൂന്നുനോവലുകളിലെയും സ്ത്രീകഥാപാത്രങ്ങൾക്ക് കേരളത്തിലെസാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ സവിശേഷ പ്രാധാന്യമുണ്ട്. 1948 ൽ എഴുതിയ വർഗ്ഗവിപ്ലവത്തിന്റെ സുവിശേഷമായ രണ്ടിടങ്ങഴിയിൽ കുട്ടനാടൻ പാടശേഖരങ്ങളെ സജീവമാക്കുന്ന നിരവധി സ്ത്രീകഥാപാത്രങ്ങളെകാണാം. ഈ സ്ത്രീകഥാപാത്രങ്ങളിൽ സവിശേഷ ശ്രദ്ധയാകർഷിക്കുന്ന ചിരുതയെന്നകഥാപാത്രം വർഗവിപ്ലവത്തിന്, നവോത്ഥാനത്തിന് എങ്ങനെയെല്ലാം സഹായകരമായിവർത്തിച്ചു എന്നുള്ള അന്വേഷണമാണ് നടത്തുന്നത്. ആഗോളവത്കരണത്തിന്റെ കാലഘട്ടത്തിൽ ലോകം ഗ്രാമത്തിലേയ്ക്ക് ഒതുങ്ങികൂടിയെങ്കിലും, അന്ധവിശ്വാസത്തിന്റെ നൂലാമാലകൾ ഇപ്പോഴും നമ്മുടെ സമൂഹത്തിലുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുശേഷം രചന സാധ്യമായ ചെമ്മീൻ എന്ന നോവലിലെ പുരാവൃത്തപരാമർശ സാധുതകളെ, വിമർശന കൃതികളിലെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തി പുതിയ ബോധ്യങ്ങളിലേയ്ക്കും, ബോധങ്ങളിലേയ്ക്കും പ്രവേശിക്കുകയാണ് ചെമ്മീൻ എന്ന നോവലിലൂടെ. ആണധികാര വ്യവസ്ഥിതിയിൽ എഴുതപ്പെട്ട ഏണിപ്പടികൾ എന്ന നോവലിലെ സ്ത്രീജീവിതങ്ങളെ കണ്ടെത്തുകയും ഇതിലെ പുരുഷകഥാപാത്രങ്ങൾ നോവൽ ഇതിവൃത്തത്തിൽ കൈക്കൊള്ളുന്ന നിലപാടുകളെ വിശകലനം ചെയ്യുകയാണ് ഏണിപ്പടികൾ എന്ന നോവലിന്റെ വായനയിലൂടെ ചെയ്യുന്നത്.

**കേസരി ബാലകൃഷ്ണപ്പിള്ള**

മലയാളത്തിലെ നവോത്ഥാന സാഹിത്യത്തെ അതിന്റെ പ്രതാപത്തിലേക്ക് കൈപിടിച്ചുനടത്താൻ സഹായിച്ച പൂർവ്വസൂരികൾ ഏറെയാണ് അതിൽ പ്രധാനിയാണ് കേസരി ബാലകൃഷ്ണപ്പിള്ള. സാഹിത്യ സങ്കല്പത്തെ മാറ്റിമറിച്ച നിരൂപണപ്രക്രിയയായിരുന്നു കേസരിബാലകൃഷ്ണപിള്ള നടത്തിയത്. നവസാഹിത്യ

പ്രസ്ഥാന നിർമ്മിതിയ്ക്കുവേണ്ടി കേസരി രൂപംകൊടുത്ത സംഘടനയാണ് കേസരിസദസ്സ് അഥവാ കേസരി സ്കൂൾ. യുവാക്കളുടെ ഒരു വലിയ നിരതന്നെ കേസരിസദസ്സിൽ അംഗങ്ങളായിരുന്നു. സി. നാരായണപ്പിള്ള, കെ. എ. ദാമോദര മേനോൻ, എം. എൻ. ഗോവിന്ദൻ നായർ, ബോധേശ്വരൻ, കുട്ടനാട് രാമകൃഷ്ണപ്പി ള്ള, തകഴി, എൻ. എൻ. ഇളയത്, കെ. പി. ശങ്കരമേനോൻ, പറവൂർ ടി. കെ. നാരാ യണപ്പിള്ള, തകഴി ശിവശങ്കരപ്പിള്ള, എം. പി. പോൾ തുടങ്ങിയവരായിരുന്നു നവോ ത്ഥാനസാഹിത്യത്തെ സമ്പന്നരാക്കിയത്.

"കേരള ഭാഷയുടെ ആധുനികമായ ഉജ്ജ്വലതയ്ക്കും പുരോഗതിയ്ക്കും അതിലെ നവീനപ്രവണതകളുടെ ആവിർഭാവത്തിനും വേണ്ടി അവിശ്രമം പരിശ്രമി ച്ചിരുന്ന മറ്റ് പല സാംസ്കാരിക സംഘടനകളോടൊപ്പം തന്നെ ബാലകൃഷ്ണപ്പി ള്ളയുടെ നേതൃത്വത്തിൽ ആർജിച്ചിരുന്ന കേസരി സദസ്സും അതിന്റെ മുഖപത്രം എന്നു പറയാവുന്ന ആഴ്ച്ചപതിപ്പും കുറേകാലത്തേക്ക് നിസ്വാർത്ഥസേവനം അനു ഷ്ഠിച്ചിരുന്നു എന്നത് ഒരു നഗ്നസത്യം മാത്രമാണ്"[9] (1980: 184, 185).

കേസരി എന്ന പത്രത്തിന്റെ പ്രസാധനത്തിലൂടെ കേസരി ബാലകൃഷ്ണപ്പിള്ള എന്ന പേര് സാഹിത്യ രംഗത്ത് ഉറപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

**എം. പി. പോൾ**

പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ സ്വാധീനത്തിൽ നിരൂപണരംഗത്ത് ശ്രദ്ധേയമായിത്തീർന്ന വ്യക്തിത്വമാണ് എം. പി. പോളിന്റേത്. സർഗാത്മക ഗദ്യത്തെകുറിച്ചുള്ള രണ്ട് ലക്ഷണ ഗ്രന്ഥങ്ങളിലൂടെ (ചെറുകഥാപ്രസ്ഥാനം, നോവൽ സാഹിത്യം) മലയാള നിരൂപണരംഗത്ത് പുതിയൊരു മാനം കണ്ടെത്താൻ എം. പി. പോളിന് കഴിഞ്ഞു. ആധികാരികതയും നിരൂപണപരതയുമാണ് നിരൂ പണരംഗത്ത് എം. പി. പോളിനെ വ്യത്യസ്ഥനാക്കുന്നത്. സാഹിത്യത്തിന്റെ അന്തർഭാവം മനുഷ്യ ജീവിതമായിരിക്കണം എന്ന് നിഷ്കർഷിച്ച നിരൂപകനാണ് എം. പി. പോൾ. മനുഷ്യജീവിത സംബന്ധിയല്ലാത്ത സാഹിത്യത്തിന് നിലനിൽപ്പി ല്ലെന്ന് പ്രസ്ഥാവിച്ച നിരൂപകനാണ് ഇദ്ദേഹം. ബഷീറിന്റെ ബാല്യകാല സഖിയ്ക്ക് എഴുതിയ അവതാരിക കാലങ്ങൾക്കുശേഷവും വായിക്കപ്പെടുകയും വിനിമയം ചെയ്യപ്പെടുകയും ചെയ്യുന്നതിന്റെ കാരണങ്ങളിലൊന്ന്, മനുഷ്യഗന്ധിയായ ആശയ ങ്ങളെയാണ് ആ കൃതി വിശകലനം ചെയ്തത്. സാഹിത്യത്തിന്റെ രൂപത്തെയും അന്തർരൂപത്തെയും ഒരേ തോതിൽ വിശകലനം ചെയ്ത നിരൂപകനാണ് എം. പി. പോൾ. അദ്ദേഹത്തിന്റെ സൗന്ദര്യനിരീക്ഷണം എന്ന കൃതി പാശ്ചാത്യദാർശ നികചിന്തകളെ കുറിച്ച് പുതിയ ധാരണകൾ നൽകുന്നു.

**കേശവദേവ്**

ആയിരത്തിതൊള്ളായിരത്തി നാല്പ്പത്തിയഞ്ചിനുശേഷം സവിശേഷമായ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരികചിന്താസരണി ആവിർഭാവം ചെയ്തു. ആ ചിന്താസരണിയിലെ പ്രമുഖരായിരുന്നു ദേവ്, ബഷീർ, തകഴി തുടങ്ങിയവർ. സോദ്ദേശ്യ നോവലുകളുമായി രംഗത്തെത്തിയ സാഹിത്യകാരനാണ് കേശവദേവ്. പുരോഗമന വീക്ഷണവും സാമൂഹികനവീകരണവുമായിരുന്നു കേശവദേവിന്റെ എഴുത്തിനെ നയിച്ചിരുന്നത്. കേസരിബാലകൃഷ്ണപ്പിള്ളയുമായുള്ള സ്വാധീനം ബൗദ്ധികമായ തലത്തിലേയ്ക്ക് എഴുത്തിനെ കൊണ്ടുപോകാൻ കേശവദേവിനെ സഹായിച്ചു. പലഘട്ടത്തിലും പല പ്രത്യയശാസ്ത്രങ്ങളോടും ആഭിമുഖ്യം പുലർത്തിയ ദേവ് കോൺഗ്രസ്സിലും കമ്മ്യൂണിസ്റ്റ് പാർട്ടിയിലും പ്രവർത്തിച്ചിട്ടുണ്ട്.

"അല്ല, ഞാൻ ഒറ്റയാനല്ല, ഞാനൊരു സാമൂഹ്യ ജീവിയായിട്ടാണ് എഴുതുന്നതും പ്രസംഗിക്കുന്നതും അതുകൊണ്ട് എന്റെ വാക്കിലും പ്രവർത്തിയിലും സമൂഹത്തോടുള്ള ഉത്തരവാദിത്തം മറന്നുപോകാതിരിക്കാൻ ഞാൻ ശ്രമിക്കുന്നുണ്ട്"[9] (1973: 57).

ഒരു വേള കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ കടുത്ത വിമർശകനായിമാറി ദേവ്. താൻ വിശ്വസിക്കുന്ന പ്രത്യയശാസ്ത്രങ്ങളിൽ വെള്ളം ചേർക്കുന്നവരെ വിമർശിക്കുവാൻ ദേവ് മടിക്കാറില്ല. "ഒറിജിനാലിറ്റി, സിൻസിയറിറ്റി, ക്ലിയർനസ്സ് എന്നീ ടോൾസ്റ്റോയിയുടെ മൂന്ന് അടിസ്ഥാന കലാതത്വങ്ങളെ ഞാൻ എന്നും അനുസരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ആവശ്യമുള്ളത്ര എഴുതുക, ആവശ്യത്തിൽ കൂടുതൽ എഴുതാതിരിക്കുക- അതെന്റെ മുദ്രാവാക്യമാണ്"[10] (2009: 184).

ഈ തത്വമാണ് ഓടയിൽ നിന്ന് (1944) ഭ്രാന്താലയം (1949) റൗഡി (1958) കണ്ണാടി (1961) അയൽക്കാർ (1963) എന്നീ കൃതികളുടെ രചനയിൽ കേശവദേവ് പാലിക്കുന്നത്.

**വൈക്കം മുഹമ്മദ് ബഷീർ**

സാമുദായികവിമോചനം സർഗ്ഗസൃഷ്ടിയിലൂടെ സാധ്യമാക്കിയെടുത്ത സാഹിത്യകാരനാണ് വൈക്കം മുഹമ്മദ് ബഷീർ (1908). വിദ്യാർത്ഥിയായിരിക്കുമ്പോൾ സ്വാതന്ത്ര്യസമര ചിന്തകളിൽ ആകൃഷ്ടനായിരുന്നു ബഷീർ. പിന്നീട്അവധൂതനെപ്പോലെ ലോകത്തിന്റെ പലയിടങ്ങളിലും സഞ്ചരിച്ചു. തുടർന്ന് എഴുത്തിന്റെ വഴിയിൽ പ്രവേശിച്ച ബഷീർ സ്വസമുദായത്തിന്റെ നേർചിത്രങ്ങളെ ചിരി

യിലൂടെ വായനക്കാരന്റെ ചിന്തയിലേയ്ക്ക് കൊണ്ടുവന്നു. പ്രേമലേഖനം (1943) ബാല്യകാലസഖി (1944) ശബ്ദങ്ങൾ (1948) ന്റുപ്പുപ്പാക്കൊരാനേണ്ടർന്ന് (1951) പാത്തുമ്മയുടെ ആട് (1959) തുടങ്ങി ശ്രദ്ധേയമായ നിരവധി നോവലുകൾ രചിക്കുകയുണ്ടായി.സമകാലിക സാഹിത്യകാരന്മാരോട് ചേർന്നുപോകുന്ന നവോത്ഥാനചിന്തകളാണ് ബഷീറിനുണ്ടായത്. ഈ നവോത്ഥാനചിന്ത സുമദായത്തോട് ചേർത്തുവച്ച് സാഹിത്യസൃഷ്ടി നടത്തുകയായിരുന്നു ബഷീർ. പ്രസ്ഥാനങ്ങളില്ലാത്ത സാഹിത്യകാരനായരുന്നു ബഷീർ. എന്നാൽ എല്ലാ പ്രസ്ഥാനങ്ങളുടേയും സ്വാധീനം ബഷീറിൽ സന്നിഗ്ദ്ധമായിരുന്നു. എന്നാൽ തകഴിയും കേശവദേവും മനുഷ്യപ്രസ്ഥാനങ്ങളുടെ പതാകവാഹകരായിരുന്നു.

"കാരുണ്യമായിരുന്നു ബഷീറിന്റെ ആദർശവും പ്രസ്ഥാനവും. പ്രപഞ്ചമായിരുന്നു ബഷീറിന്റെ പ്രവർത്തന സ്ഥലം. അതിനാൽ മനുഷ്യൻ കെട്ടിയ മതിലുകളെല്ലാം ബഷീറിൽ ഫലിതമായി മാറി. "why should be free" എന്ന് അദ്ദേഹം അമ്പരന്നു. സ്വയമേവ തകർന്നു പോയ സാമ്രാജ്യാതിർത്തികൾ ബഷീറിൽ കാണുന്നത് ഈ ആസ്തികതയിലാണ്"[11] (2010: 384).

മാനവികതയും പുരോഗമനപരതയുമായിരുന്ന ബഷീറിന്റെ സാഹിത്യ ദർശനങ്ങൾ. ഈ ആദർശങ്ങളെ മുൻ നിർത്തി തന്റെ സമുദായത്തെ കൃതികളിലൂടെ അവതരിപ്പിക്കുകയായിരുന്നു ബഷീർ.

**ലളിതാംബികാ അന്തർജനം**

നമ്പൂതിരി സമുദായത്തിലെ സംഘർഷങ്ങളെയും യഥാസ്ഥിതിക ചിന്തകളെയും മൂടുപടത്തിന്റെ മറമാറ്റി ആവിഷ്കരിച്ച സാഹിത്യകാരിയാണ് ലളിതാംബിക അന്തർജനം. സാമുദായിക നവോത്ഥാനമായിരുന്നു ലളിതാംബിക അന്തർജനത്തിന്റെ നോവലുകളുടെ ലക്ഷ്യം. ചാതുർവർണ്യവ്യവസ്ഥയുടെ ഉച്ചസ്ഥായിൽ ആയിരുന്നു കേരളീയസമൂഹം. എല്ലാ ജാതിസമൂഹങ്ങളും, ജാതിവ്യവസ്ഥയുടെയും, ദുരാചാരങ്ങളുടെയും ദുഷിച്ച വ്യവസ്ഥയിൽ ബന്ധിതമായിരുന്നു. ബ്രാഹ്മണജന്മത്തെ സുകൃതജന്മമായിട്ടാണ് മറ്റു സമൂഹങ്ങൾ വീക്ഷിച്ചിരുന്നത്. എന്നാൽ അകത്തളങ്ങളിലെ ആത്തേന്മാരുടെ ദുസ്സഹമായ ജീവിത യാഥാർത്ഥ്യങ്ങളെപ്പറ്റി തുറന്നെഴുതിയ നവോത്ഥാന സാഹിത്യകാരിയായി ലളിതാംബിക മാറി. ഒറ്റ നോവൽ കൊണ്ട് നവോത്ഥാനസാഹിത്യത്തിന്റെ ചലനങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കാൻ ലളിതാംബികക്കായി.

സാഹിത്യപ്രവർത്തനത്തിന്റെ പരിമിതികളെകുറിച്ചും അവർ തുറന്നെഴുതുകയുണ്ടായി. കുടുബത്തിന്റെ ചിട്ടവട്ടങ്ങളിൽ ഒതുങ്ങി കൂടുന്ന സ്ത്രീ ആ വേലിക്കെട്ടുകളെ ഭേദിച്ച് സമുദായ നവോത്ഥാനം പൂർത്തിയാക്കിയ വിജയഗാഥയാണ് ലളിതാംബികയുടെ നോവലിലേത്. അന്നത്തെ സ്ത്രീസമൂഹത്തെകുറിച്ചുള്ള ഒരു അടയാളപ്പെടുത്തൽ കൂടിയാണിത്. കേരളത്തിലെ നമ്പൂതിരിസമുദായം ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും അടിയുറച്ചജീവിതമാണ് നയിച്ചിരുന്നത്. ഈ സമുദായത്തിലെ സ്ത്രീസമൂഹം പ്രതികരണശേഷി ഇല്ലാത്തവരായിരുന്നു. അത്തരത്തിലുള്ള സമൂഹത്തിൽ നിന്ന് പ്രതികരണ ശേഷിയുള്ള ഒരു കഥാപാത്രത്തെ സൃഷ്ടിച്ചെടുക്കുക എന്ന നവോത്ഥാന കൃത്യമാണ് തേതിക്കുട്ടി എന്ന കഥാപാത്രത്തിന്റെ രചനയിലൂടെ അന്തർജനം സാധിച്ചെടുത്തത്. നമ്പൂതിരി സമുദായത്തിന്റെ മാത്രമല്ല, നായർ സംബന്ധങ്ങളെയും, സംബന്ധങ്ങൾക്കുള്ളിലെ അസംബന്ധങ്ങളെയും, വൈകൃതങ്ങളെയും ഈ കൃതി തുറന്നുകാണിക്കുന്നു. ഇത്തരത്തിൽ സമുദായിക സാമൂഹിക നവോത്ഥാനഘട്ടത്തിലെ അനാചാരങ്ങൾക്കെതിരെയുള്ള കൈവിളക്കായി ഉയിർക്കൊണ്ട എഴുത്തുകാരിയാണ് ലളിതാംബിക അന്തർജ്ജനം.

**ഉപസംഹാരം**

രണ്ടാംലോകമഹായുദ്ധത്തിനു ശേഷം ജീവിത്തിന്റെ നേരറിവുകളെ തുറന്നുകാട്ടാൻ ഇറ്റലിയിൽ രൂപമെടുത്ത നിയോ റിയലിസ്റ്റിക് പ്രസ്ഥാനം പോലെ 1940നു ശേഷമുള്ള സാമൂഹികജീവിതത്തെ ആവിഷ്ക്കരിക്കാൻ റിയലിസ്റ്റിക് പ്രസ്ഥാനത്തിലൂന്നിയ നവോത്ഥാനസാഹിത്യത്തിന് കഴിഞ്ഞു. നവോത്ഥാനസാഹിത്യത്തെക്കുറിച്ചുള്ള വിശകലനത്തിൽ പേരെടുത്തു പരാമർശിച്ച പ്രതിഭകൾക്കൊപ്പം തന്നെ അരങ്ങത്തും അണിയറയിലും പ്രവർത്തിച്ച നിരവധി പേരുണ്ട്. ഇവരുടെയെല്ലാം ശ്രമഫലമായി സാഹിത്യം സംസാരിക്കേണ്ടത് സാധാരണക്കാരന്റെ, കീഴാളന്റെ, അധഃകൃതന്റെ മോചനശാസ്ത്രമായിരിക്കണം എന്ന നിലവന്നു. ആ നിലനില്പിലൂടെ മാത്രമേ സാഹിത്യം മനുഷ്യകഥാനുഗായികളായി മാറുകയുള്ളൂ. ഇത്തരത്തിൽ മനുഷ്യന്റെ മഹത്ത്വവും, അവൻ അനുഭവിക്കുന്ന കണ്ണീരും, പുഞ്ചിരിയും വാഴ്ത്തിപ്പാടുകയായിരുന്നു നവോത്ഥാന കാലഘട്ടം. വർഗ്ഗവെറിയുടെയും, വർണവെറിയുടെയും കാലഘട്ടത്തിൽ നിന്നുകൊണ്ട് സാഹിത്യം എല്ലാവർക്കും വേണ്ടിയുള്ളതാണെന്ന മഹത്തായ ചിന്തയിലേക്കെത്തിയത് നവോത്ഥാന കാലഘട്ടത്തിലായിരുന്നു. സംഘടിക്കേണ്ടതിന്റെയും, ശക്തരാകേണ്ടതിന്റെയും ആവശ്യകത സമൂഹത്തിന് പകർന്നു നൽകുന്നത് നവോത്ഥാനസാഹിത്യകാരൻമാരായിരുന്നു. പാശ്ചാത്യകൃതികളുടെ സ്വാധീനം നവോത്ഥാനത്തിലേയ്ക്ക് സമൂഹത്തെ നയിക്കുന്നതിന് ഏറെ സഹായിച്ചു.

## കുറിപ്പുകൾ


1. ചന്ദ്രശേഖരൻ, എം. ആർ. 1999, *കേരളത്തിലെ പുരോഗമനസാഹിത്യത്തിന്റെ ചരിത്രം,* ഒലീവ് പബ്ലിക്കേഷൻസ്.
2. ശിവശങ്കരപ്പിള്ള, തകഴി. 1985, *ഓർമ്മയുടെ തീരങ്ങളിൽ,* സാഹിത്യപ്രവർത്തക സഹകരണ സംഘം.
3. ശിവശങ്കരപ്പിള്ള, തകഴി. 1991, ശർമ്മ വി. എസ്. (എഡി.) *നോവൽരചയുടെ പ്രശനങ്ങൾ. തകഴിയും മലയാള നോവലും.* കേരളസർവ്വകലാശാല. തിരുവനന്തപുരം.
4. ശിവശങ്കരപ്പിള്ള, തകഴി. 1985, *ഓർമ്മയുടെ തീരങ്ങളിൽ.* സാഹിത്യപ്രവർത്തക സഹകരണം സംഘം, കോട്ടയം.
5. ശിവശങ്കരപ്പിള്ള, തകഴി. 1985, *ഞാൻ ഒരു ഗ്രാമീണൻ.* സാഹിത്യലോകം. ലക്കം 3-4. ജൂലൈ-ഡിസംബർ.
6. വേണുഗോപാൽ, പി. (ഡോ.) 1991, *തകഴി വഴി.* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്: തിരുവനന്തപുരം.
7. ശങ്കരൻ നമ്പൂതിരി, ഇ. എം. 2009, *മാർക്സിസം ഒരു പാഠപുസ്തകം.* ചിന്താപബ്ലിക്കേഷൻസ്, തിരുവനന്തപുരം.
8. ശങ്കരമേനോൻ, കെ. പി. 1980, *കേസരിയുടെ കഥ.* കറന്റ് ബുക്സ്, കോട്ടയം.
9. കേശവദേവ്, പി. 1973, *നോവൽ നോവലിസ്റ്റിന്റെ കാഴ്ചപ്പാടിൽ,* കേരളസർവ്വകലാശാല, തിരുവനന്തപുരം.
10. സാനു, എം. കെ. 2009, *താഴ്വരയിലെ സന്ധ്യ, എതിർപ്പിന്റെ താളം,* ഡി. സി. ബുക്സ്. കോട്ടയം.
11. പ്രദീപൻ, പാമ്പിരിക്കുന്ന്. 2010, പോൾ മണലിൽ. (എഡി.) *ബഷീറിന്റെ ചെറുകഥകൾ, 101 പഠനങ്ങൾ,* ഒലീവ് പബ്ലിക്കേഷൻസ്. തിരുവനന്തപുരം.

# അധ്യായം 3

# രണ്ടിടങ്ങഴി വർഗ്ഗവിപ്ലവത്തിന്റെ വിജയം

കുട്ടനാടിലെ കാർഷികരംഗത്ത് ആയിരത്തിതൊള്ളായിരത്തി നാല്പതുകളിൽ വളർന്നു വന്ന സംഘർഷാത്മകമായ സാഹചര്യങ്ങൾക്ക് കഥാരൂപം നൽകിയ കൃതിയാണ് രണ്ടിടങ്ങഴി. കാർഷിക ജീവിതത്തിലെ സംഘട്ടനമാണ് ഈ നോവലിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നത്. മണ്ണിനോടും പെണ്ണിനോടും ആർത്തി പെരുകുന്ന ഫ്യൂഡൽ പ്രഭുക്കളെ അമർച്ച ചെയ്യാൻ അവതരിച്ച കോരന്റെ വിജയഗാഥയാണ് രണ്ടിടങ്ങഴി എന്ന നോവൽ.

**കഥാസാരം**

എട്ടുകെട്ടുംതറയിൽ കാളിപ്പറയന്റെയും കുഞ്ഞാളിയുടെയും ഏകമകളാണ് ചിരുത. മികച്ചൊരു കർഷകത്തൊഴിലാളിയായ ചിരുതയുടെ വിവാഹവിശേഷത്തോടെയാണ് നോവൽ ആരംഭിക്കുന്നത്. ചിരുതയ്ക്കായി പല വിവാഹാലോചനകളും വരുന്നുണ്ടെങ്കിലും പെൺപണത്തെച്ചൊല്ലി വരുന്ന ആലോചനകളെല്ലാം മുടങ്ങിപ്പോവുകയാണ്. നല്ലൊരു തുക പെൺപണമായി കിട്ടാതെ മകളെ വിവാഹം ചെയ്ത് കൊടുക്കില്ല എന്ന നിർബന്ധബുദ്ധിയിലാണ് കാളിപ്പറയൻ. അടുത്ത വിവാഹാലോനയുമായി ചാത്തനും, കോരനും ഒരേ സമയം എട്ടുകെട്ടുതറയിൽ എത്തുന്നു. കാളിപ്പറയൻ നിശ്ചയിച്ച പെൺപണം കൊടുക്കാൻ വശമില്ലാത്തിനാൽ ചാത്തൻ മടങ്ങുന്നു. കോരനാകട്ടെ പുഷ്പവേലിൽ ഔസേപ്പിന്റെ ഓണപ്പണിക്കാരാനായി. കാളിപ്പറയൻ നിശ്ചയിച്ച പെൺപണം ആയാളിൽ നിന്ന് കടംകൊണ്ട് ചിരുതയെ വിവാഹം കഴിക്കുന്നു.

ചിരുതയുമായുള്ള വിവാഹശേഷമാണ് കോരനിൽ വിപ്ലവകാരി ജനിക്കുന്നത്. കൃഷിപ്പണിയിലെ കൂലിവ്യവസ്ഥയെച്ചൊല്ലി കോരൻ പലപ്പോഴും ഔസേപ്പു മുതലാളിയുമായി കലഹിക്കുന്നു. ചിരുതയെ ബലാൽക്കാരം ചെയ്യാൻ ശ്രമിച്ച പുഷ്പവേലിൽ ചാക്കോയെ കൊലപ്പെടുത്തിയ കുറ്റത്തിന് കോരൻ ജയിൽകയറുന്നു. ജയിൽവാസത്തിനിടയിൽ കോരൻ, ചിരുതയെ ചാത്തന്റെ സംരക്ഷണയിൽ വിട്ടുകൊടുക്കുന്നു. സഹോദരനായി മാത്രം ചാത്തനെ കണ്ട ചിരുത കോരനിൽ നിന്നും ജനിച്ചമകനോടൊപ്പം ജീവിക്കുന്നു. ജയിൽശിക്ഷ കഴിഞ്ഞ് ഇറങ്ങുന്ന കോരനോട് ചാത്തൻ പറയുന്നു, ഞങ്ങൾ ആങ്ങളയും പെങ്ങളുമായിരുന്നെന്ന്. ജയിൽമോചിതനായ കോരനെ സ്വീകരിക്കാൻ എത്തിയ കോരന്റെ കുഞ്ഞ്

വെളുത്ത അവന്റെ കുഞ്ഞിക്കൈകൾ അന്തരീക്ഷത്തിലേക്ക് ഉയർത്തി ഉറക്കെപ്പറയുന്നു കൃഷിഭൂമി കർഷകന്. വർഗ്ഗവിപ്ലവത്തിന്റെ കാഹളമായി ഈ ശബ്ദം അന്തരീക്ഷത്തിൽ മുഴങ്ങുന്നു.

നിരന്തരമായ തിക്താനുഭവങ്ങൾ ഏറ്റുവാങ്ങിയ കൂടിയാൻ പ്രതികരിച്ചതാണ് ഈനോവലിന്റെ വിജയം. രണ്ടിടങ്ങഴിയെ കുറിച്ച് തകഴി പറയുന്നത് ഇപ്രകാരമാണ്

"എനിക്കോർമ വരുന്നതിനുമുമ്പു തന്നെ കൃഷി ഒരു വ്യവസായമായി മാറാൻ തുടങ്ങികഴിഞ്ഞിരുന്നു. അന്നു മുതലായിരിക്കണം കൃഷിക്കാരന് തൊഴിലാളിയോടുള്ള മനോഭാവത്തിന് ക്രൂരമായ ഭാവം കൈവന്നത്"[1] (1991-317).

അടിയാൻ കാർഷികമേഖലയെ വളവും വെള്ളവും നൽകി സമ്പന്നമാക്കിയപ്പോൾ ജന്മി അടിമത്തത്തിന്റെ നുകത്തിൽ അവരെ വീണ്ടും മുറുക്കിയിരുന്നു. ഇതിനെതിരെ രാഷ്ട്രീയവബോധവും, വർഗബോധവും നാൾക്കു നാൾ വർദ്ധിച്ചു. ഇങ്ങനെ ഊറികൂടിയ വർഗ്ഗബോധത്തിന്റ പ്രതിനിധിയാണ് കോരൻ. നോവലിന്റെ ആദ്യഭാഗം കോരനെ ആവിഷ്കരിക്കുന്നത് മികച്ചൊരു കർഷകനായിട്ടാണ്, രണ്ടാം ഭാഗമാകട്ടെ വർഗ്ഗ ബോധമുള്ള തൊഴിലാളിയും വിപ്ലവ നേതാവുമായിട്ടും. രണ്ടിടങ്ങഴി എന്ന നോവൽ സവിശേഷ പ്രാധാന്യം നേടാനുള്ള പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. വിരുദ്ധ പ്രത്യയശാസ്ത്രങ്ങളുടെ സംഘട്ടനം
2. ജീവസുറ്റ കഥാപാത്രങ്ങളെ കൊണ്ട് സാമൂഹിക സംഘർഷത്തിന്റെ തലങ്ങളെ ആവിഷ്കരിച്ചത്
3. കൃത്യമായ ഒരു രാഷ്ട്രിയ വീക്ഷണംവഴി അതിന്റെ പ്രതിനിധിയാകാൻ കഴിഞ്ഞത്

സാധാരണക്കാരനായ കുട്ടനാടൻ കർഷകതൊഴിലാളി കടുത്തസമ്മർദ്ദത്തെ അതിജീവിച്ച് വർഗ്ഗശക്തിയായി ഉണർന്നിരിക്കുന്നു. അതുവഴി നൂറ്റാണ്ടുകളുടെ ചരിത്രമാണ് ഈ നോവൽ തിരുത്തി കുറിച്ചത്. കുട്ടനാടിനെ കണ്ടറിഞ്ഞ, കേട്ടറിഞ്ഞ സർഗ്ഗപ്രതിഭയിലൂടെയാണ് ഈ മഹനീയ കർമ്മം പ്രാവർത്തികമായത്. ഈ വസ്തുതയും 'രണ്ടിടങ്ങഴി' എന്ന നോവലിന്റെ മാറ്റുവർദ്ധിക്കാൻ കാരണമായി. കോരനും, ചിരുതയും, ചാത്തനും, വെളുത്തയും, ഔസേപ്പ് മാപ്പിളയും, ചാക്കോയുമെല്ലാം കാലം മായ്ക്കാത്ത വിപ്ലവത്തിന്റെ കണക്ക് പുസ്തകങ്ങളിൽ ഇന്നും ജീവി

ക്കുന്നു. കേസരി ബാലകൃഷ്ണപിള്ളയുടെ അഭിപ്രായത്തിൽ തകഴിയുടെ ജനപ്രിയകൃതികളിൽ ഒന്നാം സ്ഥാനം രണ്ടിടങ്ങഴി എന്ന കൃതിയ്ക്കാണ്.

"തകഴിയുടെ കൃതികളിൽ വിരളമായി മാത്രം കാണാറുള്ള ടെന്റർനസ് (ലാളിത്യ സൗന്ദര്യാദികൾ) എന്ന കലാഘടകം ശക്തിയോടെ കലർന്ന് രണ്ടിടങ്ങഴിയിൽ കളിയാടുന്നുണ്ട്. ഇതും ബീഭത്സരസത്തിന്റെ അഭാവവും മത്സരിക്കുന്ന ഇരുസാമ്പത്തിക വർഗങ്ങളുടെ പിന്നിലുള്ള, സാമ്പത്തിക പരിസ്ഥിതികളുടെ ഒരു വിധം നിഷ്ക്രിയവും അനുഭാവപൂർണവുമായ ചിത്രീകരണവും, പ്രസാദത്മകത്വത്തിന്റെ ആധിക്യവും എല്ലാം കൂടിയായിരിക്കും 'രണ്ടിടങ്ങഴിയ്ക്ക്' കൂടുതൽ ജനപ്രിയം നേടികൊടുക്കുന്നത്"[2] (1984-553).

വ്യവസായവത്കരണം കൃഷിയിൽ ആരംഭിച്ചതോടെ ഇവിടെ നിലനിന്നിരുന്ന ജന്മി അടിയാൻ ബന്ധങ്ങളിലെ പശിമ ഇല്ലാതായി തീർന്നു. രണ്ടിടങ്ങഴിയിലെ കഥാപാത്രമായ കുഞ്ഞേപ്പി പറയുന്നത് ഇപ്രകാരമാണ്

''ആ പഴേ തമ്പ്രാക്കന്മാരു പോയി അവരു തല്ലി കാലൊടിച്ചാല് അവരു കരയും അവരു തന്നെ അടുത്തിരുന്നു ശ്രുശ്രൂഷിക്കും. അവർക്കു അടിയാരെന്നുമച്ചാല് വീട്ടിപ്പെട്ടോരായിരുന്നു. അല്ലേ ഒരു കൊച്ചു ജനിച്ചാല് പേറ്റു ചെലവ്, പേരിടീല്, കല്ല്യാണം ചാക്കാല എല്ലാം തമ്പ്രാന്റെ വീട്ടീന്നാ ചെലവ്. പണ്ട് തമ്പ്രാൻ ഒന്ന് തല്ലിയാല് അതൊരു കൊണമാ പിന്നെ ആ അടിയാന് കുശാലാ. പക്ഷേ ഇന്ന് അതെല്ലാം പോയി''[3].

ജന്മി കുടിയാൻ ബന്ധങ്ങളിലെ ആഴമാണ് കുഞ്ഞേപ്പിയുടെ ഈ വാക്കുകളിലൂടെ പ്രകടമാകുന്നത്. പഴയതമ്പ്രാക്കന്മാരിൽ മനുഷ്യത്വമാണ് കുടികൊണ്ടിരുന്നത്. ഇന്ന് മുതലാളിത്തത്തിലേക്ക് അത് വഴിമാറിയിരിക്കുന്നു.

രണ്ടിടങ്ങഴി എന്ന നോവൽ തകഴി സമർപ്പിച്ചിരിക്കുന്നത് അച്ഛന്റെ വിശ്വസ്ത ഭൃത്യനായ മടിയേത്തറ കുത്തേപ്പുവിന്റെ ഓർമ്മയ്ക്കാണ്. നോവലിൽ പ്രത്യയ ശാസ്ത്രപരമായ നിലപാടുകളെക്കാൾ ഉപരിയായി ജന്മിമാരിൽ ആദ്യകാലങ്ങളിൽ നിലനിന്നിരുന്നത് വിശാലമായ അർത്ഥത്തിലുള്ള ജീവകാരുണ്യവും സഹാനുഭൂതിയുമായിരുന്നു. വർഗ്ഗ സമരം ചിത്രീകരിക്കുന്ന ഈ നോവലിൽ കോരന്റെ വളർച്ച റിയലിസത്തിന്റെ എല്ലാ ശക്തിയോടുകൂടി ആവിഷ്കരിച്ചിരിക്കുന്നത്. എന്നാൽ പരോക്ഷമായി ചിന്തിക്കുമ്പോൾ കോരന്റെ ചില സ്വഭാവ സവിശേഷതകൾ അസ്വഭാവികമായി വായനക്കാരനു തോന്നും. സഹോദരനെന്ന നിലയിൽ ചിരുതയേയും കുട്ടിയേയും സംരക്ഷിക്കാൻ ചാത്തനെ ഏൽപ്പിക്കുന്നത്.

തമ്പുരാക്കന്മാർ തല്ലി കൊന്നാൽ അത് പുലയനും പറയനും നല്ലതാണെന്ന് ചിരുതയോട് പ്രഖ്യാപിക്കുന്നത്, പിതാവ് പുത്രിയെ എന്ന വണ്ണം ചിരുതയെ ചാത്തന് വിവാഹം കഴിച്ചു കൊടുക്കുന്നതുമെല്ലാം ആസ്വാദകന് വായനയിൽ നേരിടുന്ന കരടുകളാണ്.

ചാത്തനെന്ന കഥാപാത്രം മാനുഷികമായ ചിന്തകളെ പാടേകളയുന്നു. ജയിൽ വിമോചിതനായ കോരനോട് ചാത്തൻ പറയുന്ന വാക്കുകൾ അമാനുഷികതയുടെ തലത്തിലേയ്ക്ക് ഉയരുന്നതാണ്.

"ഞങ്ങൾ ആങ്ങളയും പെങ്ങളുമായിരുന്നു"[4].

ഇതിനെകുറിച്ച് "ഓർമ്മയുടെ തീരങ്ങളിൽ" എന്ന ആത്മകഥയിൽ തകഴി പരാമർശിക്കുന്നത് ഇപ്രകാരമാണ്.

"ഒരു പറയന് സന്മാർഗ്ഗി ആയികൂടേ? ഞാൻ മനപൂർവ്വം ആരെയും സന്മാർഗിയോ അസന്മാർഗിയോ ഒന്നും ആക്കീട്ടില്ല. തിരിച്ചറിവായിരുന്ന ജീവിതം അങ്ങനെ എഴുതിപോയി. രണ്ടിടങ്ങഴിയിലെ കഥാപാത്രങ്ങൾ അങ്ങനെ അങ്ങുണ്ടായി പോയതാണ്. കുട്ടനാട്ടിലെ എല്ലാ തൊഴിലാളികളും കോരനായിരുന്നില്ല, ചാത്തനായിരുന്നില്ല, കുഞ്ഞപ്പിയായിരുന്നില്ല"[5] (1985:244).

ചൂഷണവ്യവസ്ഥക്കെതിരെ നില കൊണ്ട കർഷകനായിരുന്നു തകഴി. എന്നാൽ കർഷകർക്കു വേണ്ടി മാത്രമല്ല അദ്ദേഹം എഴുതിയത്. അങ്ങിനെയായിരുന്നെങ്കിൽ തെണ്ടി വർഗം പോലുള്ള ഒരു നോവൽ തകഴിയിൽ നിന്നും ഉണ്ടാകുമായിരുന്നില്ല. സർവ്വമാനവസങ്കൽപ്പമായിരുന്നു തകഴിയുടേത്. അടിസ്ഥാനവർഗത്തിന്റെ ഉയർത്തെഴുന്നേല്പാണ് അദ്ദേഹം ലക്ഷ്യമാക്കിയത്. ആ ശക്തി വിശേഷം അദ്ദേഹം സമ്പാദിച്ചത് മാർക്സിസത്തിൽനിന്നും, ജീവൽ പ്രസ്ഥാനം, പുരോഗമന സാഹിത്യ പ്രസ്ഥാനം എന്നീ പ്രസ്ഥാനങ്ങളിൽ നിന്നുമാണ്. തൊഴിൽവർഗ്ഗ പക്ഷം ചേർന്നുകൊണ്ട് തകഴി അവതരിപ്പിച്ച രണ്ടിടങ്ങഴി എന്ന നോവൽ സർഗ്ഗാത്മക തലത്തിൽ സഫലീകൃതമായി. അതോടെ വായനക്കാർ അത് നിറഞ്ഞ മനസ്സോടെ ഏറ്റു വാങ്ങി. കയ്പുളവാക്കുന്ന ഔഷധം മധുരത്തിൽ പൊതിഞ്ഞുകൊടുക്കുന്നതു പോലെ അന്ന് കർഷക സമൂഹത്തിന് അനുഭവിക്കേണ്ടി വന്ന മാറാവ്യാധികൾക്കുള്ള മരുന്ന് ചിരുതയുടേയും കോരന്റേയും പ്രേമമാകുന്ന മധുരത്തിൽ പൊതിഞ്ഞ് സമൂഹത്തിന് നൽകുകയായിരുന്നു. ഈ ഔഷധം കഴിച്ചവർ രണ്ടു വിഭാഗക്കാരാണ് അടിമയും, ഉടമയും രണ്ടു വിഭാഗക്കാർക്കും വിചിന്തനത്തിനുള്ള അവസരം ഒരുക്കുകയാണ് 'രണ്ടിടങ്ങഴി'.

തോട്ടികളുടെയും തൊഴിലാളികളുടെയും കർഷക തൊഴിലാളികളുടെയും തെണ്ടികളുടെയും രാഷ്ട്രീയ കഥാവ്യാഖ്യാനങ്ങളായ തകഴിയുടെ നോവലുകൾ 1940 കളിലെ സാമൂഹ്യതലങ്ങളെക്കുറിച്ച് നമ്മോട് പറയുന്നു. വർഷങ്ങളുടെ കള ങ്ങളിൽ ഒതുക്കി നിർത്താനാവാതെ ഈ നോവൽ ഇന്നും വളർന്നുകൊണ്ടിരിക്കു ന്നു. ഇന്നലെകളുടെ അനുഭവം ഇന്ന് ആവർത്തിക്കാതിരിക്കാൻ നാളെ പുതു തല മുറകൾക്ക് മനസിലാക്കാൻ ആ അറിവിലൂടെ അവർ അനുഭവിക്കുന്ന അസമത്വ ങ്ങൾക്ക് എതിരെ പൊരുതാൻ കഴിയുന്ന കഥാപാത്രങ്ങളാണ് തകഴി ശിവശങ്കരപ്പി ള്ളയുടെത്. സത്യസന്ധമായ വഴികളിലൂടെ സഞ്ചരിച്ച് അനുഭവത്തിന്റെ ചൂടും ചൂരുമുള്ള കഥാപാത്രങ്ങളെയാണ് തകഴി കണ്ടെത്തിയത്. അനാർഭാടമായ ഭാഷ യിൽ കുട്ടനാടിന്റെ അരികുജീവിതങ്ങളെ ലോകഭൂപടത്തിൽ അടയാളപ്പെടുത്തിയ യഥാതഥാ ശൈലിയുടെ ഉടമയായിരുന്നു തകഴി ശിവശങ്കരപ്പിള്ള. റഷ്യൻ സാഹി ത്യകാരൻമാരായ ആന്റൺചെഖോവിന്റെയും (Anton Chekhove) മോപ്പസാ ങ്ങിന്റെയും (Guy de Maupassant) സാഹിത്യപാത പിൻതുടർന്ന അദ്ദേഹം, ഉപരിവിപ്ലവം പ്രസംഗിക്കുന്ന കാല്പ്പനികതയുടെ പുറംമോടിയിൽ വിശ്വസിച്ചില്ല. മറിച്ച് മാർക്സിയൻ പ്രത്യയശാസ്ത്രത്തിൽ അടിയുറച്ച് വിശ്വസിച്ച തകഴി മുഖ്യ ധാരയിൽ നിന്ന് ഭ്രഷ്ട് കല്പിച്ച് ദൂരെ മാറ്റി നിർത്തപ്പെട്ട ന്യൂനപക്ഷത്തിനുവേണ്ടി യായിരുന്നു സാഹ്യത്യരചന ആരംഭിച്ചത്.

ജന്മി കുടിയാൻ വ്യവസ്ഥിതി, ചാതുർവർണ്യം, ഉച്ചനീചത്വം ജാതിയമായി സമൂഹത്തിൽ പൊതുവെയുമുള്ള അനാചാരങ്ങൾ കാലകാലങ്ങളായി സത്രീകൾ അനുഭവിക്കേണ്ടി വന്ന യാതനകൾ എന്നിങ്ങനെ സംഭവബഹുലവും പ്രക്ഷുബ്ധ വുമായ സാമൂഹ്യരാഷ്ട്രീയ അന്തരീക്ഷമായിരുന്നു ഇരുപതാം നൂറ്റാണ്ടിലേത്. തകഴി എന്ന കൊച്ചു പ്രദേശത്ത് ജനിച്ചുവളർന്ന അദ്ദേഹത്തിലെ സാഹിത്യകാരന് സാമൂഹ്യസേവനമായ സാഹിത്യസൃഷ്ടി നടത്താൻ ഉതകുന്ന അന്തരീക്ഷമായിരു ന്നു ഇത്. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ ആശയ സംഹിതകളെ മുറുകെ പിടിച്ച തകഴിയ്ക്ക് സമൂഹത്തിൽ ഒരുവിഭാഗം കാലങ്ങളായി അനുഭവി ക്കുന്ന ദുരിതങ്ങൾക്ക് മുന്നിൽ നിസംഗനായിരിക്കാൻ കഴിയുമായിരുന്നില്ല. സാഹി ത്യം കലയ്ക്കുവേണ്ടിയോ, ജീവിതത്തിനു വേണ്ടിയോ എന്ന രണ്ടു പക്ഷത്തി നിടയ്ക്കു സാമൂഹ്യപ്രതിബന്ധതയുള്ള സാഹിത്യ ധർമ്മത്തിനായിരുന്നു തകഴി മുൻഗണന നൽകിയത്. ആവിഷ്ക്കാരത്തിലൂടെ ലഭിക്കുന്ന ആനന്ദത്തേക്കാൾ നിസ്വരായവരുടെ ജീവിതചിത്രം അനാവരണം ചെയ്യുന്നതിലായിരുന്നു സാഹിത്യ കാരൻ എന്ന നിലയിൽ തകഴി ആനന്ദം കണ്ടെത്തിയത്.

അടിച്ചമർത്തപ്പെട്ടവരുടെ, വിശിഷ്യ സ്ത്രീജീവിതങ്ങളുടെ ഹൃദയ ഭേദകമായ ജീവിതരേഖ വരച്ചുകാട്ടിയ സാഹിത്യകാരനാണ് തകഴി. ലിംഗപരമായി സ്ത്രീകൾ നേരിടുന്ന അസമത്വങ്ങളെക്കുറിച്ച് സ്വകീയമായ കാഴ്ച്ചപ്പാട് അദ്ദേഹത്തിനുണ്ടായിരുന്നു. പരമ്പരാഗതമായ സ്ത്രീ സങ്കല്പ്പങ്ങളിൽ നിന്നും വ്യതിചലിക്കാതെ മിത്തുകളുടെ സന്തത സഹചാരിയായി തകഴി സാഹിത്യ സൃഷ്ടി നടത്തി. ചില സാഹചര്യത്തിൽ മിത്തുകളെ ലംഘിക്കാനുള്ള വ്യഗ്രതയും അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ പ്രദർശിപ്പിച്ചിരിന്നു. പാരമ്പര്യത്തെയും മിത്തുകളെയും മുറുകെ പിടിക്കുമ്പോഴും നിലവിലുള്ള പൊതുബോധത്തെയും മൂല്യധാരണകളെയും അദ്ദേഹം തിരുത്തികുറിച്ചു. ഇങ്ങനെ നവയുഗസൃഷ്ടിക്കായി വിപ്ലവമന്ത്രം തന്റെ കൃതികളിലൂടെ പകർന്നു നൽകി. അതുവഴി തൊഴിലാളിവർഗ്ഗത്തിനുവേണ്ടി നിലകൊണ്ട് കമ്മ്യൂണിസ്റ്റ് ആശയസംഹിതകളുടെ സഹചാരിയായി മാറുകയായിരുന്നു തകഴിശിവശങ്കരപ്പിള്ള. കുടുംബിനിയായി കഴിയുന്ന പതിവ്രതകളെയും തൃഷ്ണയിൽ അഭിരമിക്കുന്ന സ്ത്രീകളെയും ചിത്രീകരിച്ചുകൊണ്ട് ഇവരും ജീവിതത്തിന്റെ ഭിന്നമുഖങ്ങളെ പ്രതിനിദാനം ചെയ്യുന്നുവെന്ന് തന്റെ കൃതികളിലൂടെ തെളിയിച്ചു. അന്നുവരെ അവലംബിച്ചിരുന്ന രചനാസമ്പ്രദായത്തിൽ നിന്ന് വ്യത്യസ്ഥമായി സദാചാരസങ്കല്പ്പങ്ങളെ തിരുത്തികുറിക്കുന്ന തകഴിയുടെ രചനാരീതിയോട് പൊരുത്തപ്പെടാൻ അന്നത്തെ സമൂഹത്തിനു കഴിഞ്ഞിരുന്നില്ല. സ്ത്രീപക്ഷത്ത് നിന്നു കൊണ്ട് സ്ത്രീകഥാപാത്രങ്ങളെ വിശകലനം ചെയ്യുന്ന രീതിയാണ് തകഴി പിൻതുടർന്നത്. ഈ പാശ്ചാത്തലത്തിൽ വേണം തകഴികൃതികളിലെ സ്ത്രീപക്ഷ സമീപനത്തെ വിശകലനം ചെയ്യേണ്ടത്.

**രണ്ടിടങ്ങഴി: സ്ത്രീയുടെ നിലയും സ്ഥാനവും**

പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ അടിസ്ഥാനത്തിൽ രണ്ടിടങ്ങഴിയെ വിശകലനം ചെയ്യുമ്പോൾ, ഭൂമി-സ്ത്രീ-അധികാരം എന്നീ ത്രിമാനതലങ്ങളിലൂടെ ഭൂമിയേയും ചിരുതയെയും സംബന്ധിച്ചുള്ള അധികാരപരമായ വിഷയങ്ങൾ വിശകലനം ചെയ്യുകയാണിവിടെ. കോരൻ കാവൽപ്പാട്ടം ഏറ്റ പുഞ്ചകണ്ടത്തിൽ മടവീഴാനുള്ള കാരണം, കോരനും ചിരുതയ്ക്കും ശുദ്ധിയില്ലാത്തതുകൊണ്ടാണെന്ന് നോവലിലെ ചില കഥാപാത്രങ്ങൾ പറയുന്നു. പുഞ്ചകണ്ടം സത്യമുള്ളതാണ് അവൻ തറയിൽപോയിട്ട് അശുദ്ധമായി ആ വരമ്പത്തു നടന്നു മടയും വീണു. പ്രായമായ ഒരു പറകി പറഞ്ഞു.

"ചെറുപ്പമല്യോ അവര്."[6]

ഭൂമിയുമായി ബന്ധപ്പെട്ട് പറയനും പുലയനും പുഞ്ചകണ്ടത്തിനോട് പുലർത്തേണ്ട അനുഷ്ഠാനത്തേയും, ശുദ്ധിയേയും കുറിച്ച് ഓർമ്മിപ്പിക്കുകയാണിവിടെ. ഇത്തരം ആചാരനുഷ്ഠാനങ്ങൾ സ്ഥാപിക്കുന്നതിലൂടെ ഭൂമിയുമായി ബന്ധപ്പെട്ട ഏത് പ്രവർത്തനത്തിനും ഒരു മുന്നൊരുക്കം വേണമെന്ന് സ്ഥാപിക്കുകയായിരുന്നു തകഴി. ചാരിത്രശുദ്ധിയെ കുറിച്ചുള്ള ബോധം രണ്ടിടങ്ങഴിയിൽ ശക്തമായി പ്രകടമാകുന്നത് ഇപ്രകാരമാണ്. ഇത് കോരനുൾപ്പടെയുള്ളവർക്കുമേൽ പുലർത്തുന്ന അധികാരം കൂടിയാണ്. ചാരിത്രബോധമെന്നത് ഫ്യൂഡൽ ധാരണയിൽ നിന്നും രൂപപ്പെട്ടതാണല്ലോ?

"കുട്ടനാടൻ പറയന്റെയും പുലയന്റെയും പരമ്പരാഗതമായ സംസ്കാരത്തിന്റെ ജീവനാഡി ചാരിത്രബോധമാണ്."[7]

മണ്ണിനോടും പെണ്ണിനോടും, ബന്ധപ്പെട്ട പാരമ്പര്യതത്വശാസ്ത്രങ്ങളെ ഉപേക്ഷിക്കുന്ന കോരനെയാണ് നോവലിൽ കാണുന്നത്. പാരമ്പര്യം രൂപപ്പെടുത്തിയ അധികാരസ്ഥാപനങ്ങൾക്കു പകരം താൻപോരിമയോടെ തന്റെ കാര്യം തീരുമാനിക്കുന്ന കോരന്റെ രൂപം നോവലിൽ കാണാം. ഫ്യൂഡൽ അധികാരബന്ധങ്ങളെ ലംഘിച്ചുകൊണ്ടാണ് കോരൻ വിമോചനം നേടുന്നത്. പരമ്പരാഗത ആഢ്യബോധത്തിലേക്ക് തിരിച്ചുനടക്കാൻ ശ്രമിക്കുന്നവർക്കുള്ള ഒരു മുന്നറിയിപ്പുകൂടിയാണ് ഈ ചാരിത്രഖണ്ഡനം.

**പാരമ്പര്യനിരാസവും പാരമ്പര്യഖണ്ഡനവും**

നിലവിലുള്ള ആചാരങ്ങളെ എതിർക്കുന്ന പ്രവണതയാണ് റാഡിക്കൽ ഫെമിനിസത്തിന്റെ കാതൽ. രണ്ടിടങ്ങഴി എന്ന നോവലിൽ വ്യവസ്ഥാപിത നിയമങ്ങളെ ചോദ്യം ചെയ്യുന്ന കോരനെയാണ് നോവൽ ആരംഭത്തിൽ നാം കാണുന്നത്. ആധുനികമായ വ്യക്തിബോധത്തിലേയ്ക്കുള്ള പരിണാമത്തിന്റെ സൂചനയായി ഇതിനെ കണക്കാക്കാം. പാരമ്പര്യത്തെ ധിക്കരിക്കാൻ കോരൻ കാണിക്കുന്ന പ്രവണത നോവലിന്റെ അവസാനം വരെ നിലനിൽക്കുന്നു. ഫ്യൂഡലിസത്തോടും പാരമ്പര്യവാദത്തോടുമുള്ള നിരന്തരമായ സംഘർഷമാണ് രണ്ടിടങ്ങഴി എന്ന നോവൽ. കോരനും ചിരുതയും തമ്മിലുള്ള പ്രണയം, കല്ല്യാണം തുടങ്ങിയവ ഘടനാപരമായി അവർ പുലർത്തിപോന്ന സാമൂഹിക ക്രമങ്ങൾക്ക് അകത്തായിരിക്കുമ്പോൾ പോലും, അത്തരം ക്രമങ്ങളെ മറികടന്നു പോരുന്ന സൂചനകളുടെ ആദ്യ അടയാളമായി ചിരുതയുടെ വിവാഹത്തെ കണക്കാക്കാം. മകളുടെ ജീവിതംകൊണ്ട്

തനിക്ക് സുഖിക്കണം എന്ന പക്ഷമാണ് കാളിപറയനുള്ളത്. ഓരോ വിവാഹാലോചന വരുമ്പോഴും പെൺപണത്തിന്റെ നിരക്കും വർദ്ധിപ്പിക്കുന്നത് അതുകൊണ്ടാണ്.

വിശാലമായ നെൽപ്പാടങ്ങളുള്ള കുട്ടനാട്ടിലെ പറയൻ നാളേയ്ക്കു വേണ്ടി സമ്പാദിച്ചുവെയ്ക്കേണ്ടതില്ല എന്ന തത്ത്വവിചാരത്തിൽ നിന്നും പെൺപണം അമ്പതു രൂപയും ഇരുപത്തിയഞ്ചുപറ നെല്ലുമെന്ന സ്വാർത്ഥമോഹത്തിലേയ്ക്ക് കാളിപറയൻ മറുകണ്ടംചാടുന്നത് സുഖിക്കാനുള്ള ആഗ്രഹം കൊണ്ടാണ്.

"മകൾക്കു വേണ്ടി ആൺകിടാങ്ങൾ ധാരാളം വന്നുതുടങ്ങിയപ്പോൾ അവൾ ഒരു വിലപിടിപ്പുള്ള ചരക്കാണെന്ന് അവളുടെ തന്തക്ക് തോന്നി. എത്ര സംഖ്യ ചോദിച്ചാലും കിട്ടും."[8]

രണ്ടിടങ്ങഴിയിലെ ചിരുതയുടെ കല്ല്യാണാലോചനയ്ക്ക് ഇത്തരത്തിലൊരു വ്യാഖ്യാനം കൊടുക്കാം. മകളെന്ന കച്ചവടവസ്തുവിനെവച്ച് വിലപേശുന്ന കാളിപറയനെന്ന സ്വാർത്ഥമോഹിയാണ് രണ്ടിടങ്ങഴി എന്ന നോവലിൽ കാണുന്നത്

"കമ്പോളത്തിൽ പ്രദർശിപ്പിച്ച് കച്ചവടം നടത്തുന്ന, ലാഭം സ്വന്തമായി എടുക്കുന്ന പുതിയ വിനിമയത്തിന്റെ യുക്തിയിലേക്കാണ് ഒരു സമൂഹം പുലർത്തിയ കല്ല്യാണാചാരങ്ങൾ സങ്കേതങ്ങളിൽ അതായി നിലനിന്നുകൊണ്ടുതന്നെ പ്രവേശിക്കുന്നത്."[9] (2000 : 121)

ചിരുതയുടെ വിവാഹ കാര്യത്തിൽ പെണ്ണിന്റെ അഭിപ്രായം എന്തെന്ന് കാളിപ്പറയൻ ആരായുന്നില്ല. സ്വന്തം ഇഷ്ടപ്രകാരം മകൾക്കുവേണ്ടി വിവാഹം ആലോചിക്കുന്ന കാളിപ്പറയൻ എക്കാലത്തെയും സ്വാർത്ഥരായ കുടുംബനാഥൻമാരുടെ പ്രതിനിധിയായി മാറുകയാണ്.

"പെണ്ണിന്റെ അഭിപ്രായം എന്താണ് അതാർക്കും അറിഞ്ഞുകൂടാ. ഈ കാര്യത്തിൽ അതത്ര അന്വേഷിക്കേണ്ട സംഗതിയായി ആരും വെച്ചിരുന്നില്ല. തന്തയും തള്ളയും കൂടി നിശ്ചയിച്ച് കല്ല്യാണം നടത്തിവിടും. അവൾ പോകും. അത്രയുമേയുള്ളു, ചാത്തനും അതത്ര ഗൗനിച്ചില്ല."[10]

പെണ്ണിന്റെ ഇഷ്ടത്തെ പരിഗണിക്കാത്ത കാളിപ്പറയനും, പെണ്ണിന്റെ ഇഷ്ടത്തെ പരിഗണിക്കുന്ന കോരനും ഒരേ കാലഘട്ടത്തിലെ പാരമ്പര്യവാദിയും, പുരോഗമനവാദിയുമായി മാറുന്നു. കോരന്റെയും ചിരുതയുടെയും വിവാഹശേഷമു

ളള ജീവിതം പാരമ്പര്യങ്ങളെ നിഷേധിക്കുമ്പോൾ അത് പരിസരവാസികളെ അസ്വ സ്ഥരാക്കുന്നുണ്ട്. ചിരുതയെയും കോരനെയും കുറിച്ച് പെണ്ണുങ്ങൾ സംസാരിക്കു ന്നത് നോക്കുക.

"പാതിരാന്നും മെളുപ്പാകാലമൊന്നുമില്ലാതെ മള്ളത്തെ കേറി പറയനുമാ യിട്ട് നടക്കുന്നതും, നട്ടുച്ചേന്നും തന്ധ്യേന്നുമില്ലാതെ അതൊന്നും ഏൻ പറയ ണില്ല."[11]

ചെറുപ്പക്കാരുടെ രീതി അതാണെന്ന് പറഞ്ഞു ചിരുത, പെണ്ണുങ്ങളോട് കല ഹിക്കുന്നു. ചിരുതയും കോരനും പാരമ്പര്യത്തെ നിഷേധിച്ചതു കൊണ്ടാണ് മട പൊട്ടി വീണതെന്ന് പെണ്ണുങ്ങൾ പറയുന്നു. മടപൊട്ടിയ സമയത്ത് കോരൻ ചിരുത യുടെ കൂടെ ആയിരുന്നു. കീഴാളവിഭാഗത്തിൽ നിലനിന്നിരുന്ന ഇത്തരം വിശ്വാസ ങ്ങളെ ഉയർത്തി കാണിക്കുന്ന നോവലിസ്റ്റ് പുരാവൃത്തങ്ങളെ കൂട്ടുപിടിക്കുകയാ ണ്. ഇവിടെ തകഴിയുടെ നവോത്ഥാനചിന്തകൾ ചോദ്യം ചെയ്യപ്പെടുന്നു.

മേലാളവിഭാഗത്തിന് വിശ്വാസങ്ങളെല്ലാം അന്യമായിരുന്നു എന്ന ചിന്തയി ലാണ് നോവലിന്റെ മുന്നോട്ടുള്ളപോക്ക്. അന്നുവരെ മേലാളൻമാരുടെ വികാരശമ നത്തിനുള്ള ഉപാധികളായിരുന്നു കീഴാള സ്ത്രീകൾ. ആ അധികാരത്തോടെ യാണ് ചിരുതയെ കയറിപ്പിടിക്കാൻ പുഷ്പവേലിൽ ചാക്കോ ശ്രമിച്ചത്. പുഷ്പ വേലിൽ ചാക്കോ എന്ന മുതലാളിയുടെ ഇംഗിതത്തിന് വഴങ്ങാൻ വിസമ്മതിക്കുന്ന ചിരുതയോട് ഇതെല്ലാം മുതലാളിമാർക്ക് പതിവാണെന്ന രീതിയിലാണ് മാണിക്കി ടാത്തി സംസാരിക്കുന്നത്. ഇവിടെയാണ് തകഴിയുടെ വൈരുദ്ധ്യാത്മക വാദം പ്രക ടമാകുന്നത്. പുഞ്ചപ്പാടത്ത് ശുദ്ധിപാലിക്കാതെ കടന്നു എന്നുള്ള അപവാദങ്ങൾ കോരനു നേരേതിരിയുമ്പോൾ, മറ്റൊരുവിഭാഗത്തെക്കൊണ്ട് പുഞ്ചപ്പാടത്തിന്റെ വിശുദ്ധിയെ ഇല്ലാതാക്കാനുള്ള ശ്രമവും തകഴി നടത്തുന്നു. കാലങ്ങളായി കാത്തുസൂക്ഷിച്ച പാരമ്പര്യാനുഷ്ഠാനങ്ങളും ആ അനുഷ്ഠാനങ്ങളുടെ വേലിക്കെട്ട് പൊളിക്കാനുള്ള പുതിയ തലമുറയുടെ മുന്നേറ്റവും ഈ നോവലിന്റെ വായനാസാധ്യതകളിൽ വരുന്നു. ചിരുതയുടെ മേലുള്ള പുഷ്പവേലിൽ ചാക്കോ യുടെ കടന്നുകയറ്റം കീഴാള സ്ത്രീകളുടെ നേർക്കുള്ള അടിച്ചമർത്തലുകളായി കണക്കാക്കാം. ചാക്കോമാരിൽ നിന്നും രക്ഷപ്പെടാനുള്ള തന്ത്രം ചിരുതയെ മറിയ ഉപദേശിക്കുന്നത് ഇപ്രകാരമാണ്.

"ഒന്ന് പെറുക കൂടി ചെയ്താല് പേടിക്കേണ്ട."[12]

''ലൈംഗികതയുടെ ആവിഷ്കാരങ്ങളെ പ്രശ്നവത്കരിക്കാതെ, കൈയ്യേറ്റ ങ്ങളെ ആണധികാരത്താലും ശക്തിയാലും ചെറുക്കേണ്ടതാണെന്ന ബോധ്യത്തെ പുനരുത്പാദിപ്പിച്ചു കൊണ്ടാണ് പുതിയ രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ നോവൽ പങ്കാളിയാവുന്നത്''[13] (2000 : 122).

കീഴാളരുടെ നേർക്കുള്ള ലൈംഗിക അതിക്രമങ്ങളെ ചെറുക്കാൻ മറിയ നൽകുന്ന ഉപദേശം, ഒരു കുഞ്ഞിനു ജന്മംകൊടുക്കുക എന്നതാണ്. സ്ത്രീക ളുടെമേലുള്ള ഫ്യൂഡലിസത്തിന്റെ ആണധികാരപ്രയോഗം ചെറുക്കാനുള്ള കരുത്ത് പ്രസവിക്കാതെയും, കുഞ്ഞിന് ജന്മം കൊടുക്കാതെയും നേടിയെടുക്കാൻ കീഴാളജനവിഭാഗത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിൽ അത് നവോത്ഥാന നോവലായ രണ്ടിടങ്ങഴിയുടെ നേട്ടമാണെന്ന് പറയാം.

**വ്യവസ്ഥയുടെ വിയോജിപ്പുകൾ**

രണ്ടിടങ്ങഴിയിൽ അധസ്ഥിത വിഭാഗത്തിന്റെ വിമോചനശാസ്ത്രമായി അവ തരിപ്പിക്കുന്ന സ്ത്രീവാദമാണ് മാർക്സിയൻ ഫെമിനിസം. മനുഷ്യസമൂഹത്തിന്റെ ഭൂതം, ഭാവി, കാലചരിത്രങ്ങളെ ആകെസ്വാധീനിക്കുന്ന ഏറ്റവുംപ്രധാനമായ ശക്തി വർഗസമരമാണെന്നും, കമ്മ്യൂണിസ്റ്റ് സമൂഹം നിലവിൽ വരുന്നതുവരെ ആ സമരം തുടരുമെന്നും, മാർക്സിസ്റ്റ് ലെനിനിസ്റ്റ് പ്രത്യയശാസ്ത്രങ്ങൾ ഉദ്ഘോഷിക്കുന്നു. സ്വത്തുടമകളായമുതലാളിമാരും, നിർധനരായ തൊഴിലാളികളും വിരുദ്ധശക്തിക ളായി നിലകൊണ്ട് ലാഭത്തേയും കൂലിയേയും ആസ്പദമാക്കിയുള്ള ചേരിതിരി വിനെ ശക്തമായി അവതരിപ്പിക്കുന്നു. ഉൽപാദനപരമായ ബന്ധവും, ഉൽപാദനപര മായ ശത്രുതയും തൊഴിലാളിയും മുതലാളിയും തമ്മിൽ ഉണ്ടാകുന്നു. സാമ്പ ത്തികം, രാഷ്ട്രീയം, ആശയപരം എന്നിങ്ങനെ സാമൂഹികജീവിതത്തിന്റെ പ്രധാന പ്പെട്ട മൂന്ന്മേഖലകളിലും തൊഴിലാളിയും മുതലാളിയും തമ്മിൽ ഏറ്റുമുട്ടുന്നു. സമ്പത്ത് കുന്നുകൂട്ടുന്ന മുതലാളിമാർക്കെതിരെയുള്ള സമരമാണ് സാമ്പത്തിക രംഗത്തെ വർഗ്ഗസമരം. ഈ വർഗങ്ങളെ ബലം പ്രയോഗിച്ച് അമർച്ചചെയ്തു എന്ന താണ് രാഷ്ട്രീയരംഗത്തെ വർഗ്ഗസമരം. ഭരണകൂടം മർദ്ദനമുറകൾ ഉപയോഗിച്ച് എതിർപ്പുകളെ അടിച്ചമർത്തുകയും മർദ്ദനത്തിന്റെ ക്രൂരതകൾ മറച്ചുപിടിക്കുന്നതി നുതകുന്ന ആശയതലം രൂപപ്പെടുത്തുമ്പോൾ അതും വർഗ്ഗസമരത്തിന്റെ പരിധി യിൽ വരുന്നു. ഇത്തരത്തിൽ ഒരുവർഗത്തിന് മേധാവിത്വമുള്ള സാമൂഹികഘട നയെ തകർത്ത് മറ്റൊരുവർഗത്തിനു മേധാവിത്വമുള്ള പുതിയൊരു സാമൂ ഹികഘടനവരുന്നതാണ് വിപ്ലവത്തിന്റെ തുടക്കം. രണ്ടിടങ്ങഴി എന്ന നോവലിൽ ഈ പ്രവണതകളുടെ പൂർത്തികരണമാണ് കാണുന്നത്.

ചിരുതയേയും കോരനേയും അവതരിപ്പിച്ചുകൊണ്ട് കാർഷികവിപ്ലവത്തിന് നാന്ദികുറിക്കുകയാണ് തകഴിശിവശങ്കരപിള്ള. കോരനെ വിവാഹം ചെയ്ത് സ്വസ്ഥ മായ ദാമ്പത്യജീവിതം സ്വപ്നംകണ്ട ചിരുത പുനർബോധ്യങ്ങളുടെ വെളിച്ചത്തിൽ ചൂഷണത്തിനും ചൂഷകർക്കുമെതിരെ സംസാരിക്കാൻ തയ്യാറാവുമ്പോൾ ആണ് മാർക്സിയൻ ഫെമിനിസത്തിന്റെ പ്രവണത നോവലിൽ പ്രകടമാകുന്നത്.

"നിങ്ങ ആണുങ്ങാക്കു മാത്രം മതിയോ യോഗം? ഞങ്ങ പെണ്ണുങ്ങളും യോഗമൊണ്ടാക്കും. ഞങ്ങക്കും കാര്യമൊണ്ട്".

കാലങ്ങളായി സമൂഹത്തിൽ നിന്ന് അനുഭവിക്കേണ്ടി വന്ന അസമത്വ ങ്ങളെക്കുറിച്ച് മറ്റാരും ചിന്തിച്ചിട്ടാല്ലാത്ത രീതിയിൽ ചിരുത ചിന്തിക്കാൻ തുടങ്ങി. ഇത് തുല്ല്യനീതി, സമത്വം, സ്വാതന്ത്ര്യം, ഉൽപ്പാദനവിതരണത്തിലെ തുല്ല്യത തുട ങ്ങിയ മാർക്സിയൻ ആശയസംഹിതകളിൽ അടിയുറച്ചു വിശ്വസിച്ച തകഴിയുടെ തന്നെ ചിന്തകളുടെ പ്രതിഫലനമായി കണക്കാക്കാം. ഈ ചിന്തയിൽ നിന്നും ഉട ലെടുത്തതാണ് കോരനോട് ചിരുത പ്രകടിപ്പിക്കുന്ന മേൽ പരാമർശം.

വിപ്ലവചിന്ത പ്രകടിപ്പിക്കുന്ന സ്ത്രീയെ നിരുത്സാഹപ്പെടുത്തുന്ന പ്രവ ണതതന്നെയാണ് ഇവിടെ കോരനും നടത്തുന്നത്. ചിരുതയുടെ വിപ്ലവചിന്തയെ മുളയിലെ നുള്ളുകയാണ് കോരൻ. ചോരയുംനീരുമുള്ള പറയകിടാത്തികൾക്ക് ഇവിടെ കഴിയണമെന്നും അതിനുവേണ്ടി ജയിൽകയറാൻ തയ്യാറാണെന്നും ചിരുത പറയുമ്പോൾ അവളുടെ അഭിപ്രായത്തെ നിസ്സാരമാക്കികൊണ്ട് കോരൻ പറയുന്നു.

"പെണ്ണേ പിരാന്ത് പറയാതെ വേണേ വേറേ വല്ലോന്റേം കൂടെപ്പോ."[14]

സ്ത്രീയ്ക്കുവേണ്ടത് ഒരു ആണിന്റെ തുണമാത്രമാണെന്ന് കോരൻ വിശ്വ സിക്കുന്നു. അതുകൊണ്ടാണ് ഇനി പുഞ്ചകണ്ടത്തിൽ കൃഷിചെയ്യാൻ താൻ ഉണ്ടാകില്ലെന്നും മറ്റാരെയെങ്കിലും വിവാഹംകഴിക്കാൻ കോരൻ, ചിരുതയോട് ആവശ്യപ്പെടുന്നത്.

"ഇരയുടെ സ്ഥാനമാണ് വ്യവസ്ഥയിൽ അവൾക്കു സാധ്യമാകുന്ന ത്"[15](2000 : 123).

കണ്ണാടിയെടുത്ത് അതിൽ നോക്കിയ ചിരുത സ്വയം പ്രഖ്യാപനം നടത്തുക യാണ്. മൃഗീയവികാരത്തിന്റെ കളിപ്പാവയായിത്തീർന്ന പറക്കള്ളികൾക്കുവേണ്ടി ചിലതെല്ലാം ചെയ്യാനുണ്ടെന്ന് അവൾ മനസ്സിലുറപ്പിക്കുന്നു. ഭർത്താവിനു ചെയ്യാൻ

കഴിയാതെ വന്നത് തനിക്ക്ചെയ്യണമെന്ന ദൃഢനിശ്ചയമുണ്ടായിരുന്ന ചിരുതയെ ചാത്തന്റെ സംരക്ഷത്തിൽ ആക്കുകയാണ് കോരൻ. ഈ സന്ദർഭം നോക്കുക.

"ചാത്തൻ നല്ലവനാ, സ്നേഹമുള്ളവനാ അവൻ നിന്നെ രക്ഷിക്കും. ഞാനെല്ലാം അവനോട് പറഞ്ഞിട്ടുണ്ട്."[16]

ഇത്തരം സവിശേഷസന്ദർഭങ്ങളെ സൃഷ്ടിച്ചു കൊണ്ടാണ് സ്ത്രീയുടെ, സ്ത്രീകൾക്കു വേണ്ടിയുള്ള ഫ്യൂഡൽവിരുദ്ധമായ രാഷ്ട്രീയപ്രവേശനത്തിന് തട യിടുന്നത്. ചിരുത ജയിൽകേറുമെന്ന് കോരനെ അറിയിച്ചപ്പോൾ കോരനിൽനിന്നും പരിഹാസത്തിന്റെചുവയുള്ള ചിരിയാണ് മറുപടിയായി ചിരുതയ്ക്ക്ലഭിച്ചത്. ഈ സന്ദർഭം നോക്കുക

"എന്റെ പെണ്ണേ, അതിനായിട്ട് നീ ഇറങ്ങിത്തിരിച്ചാല് ഈ കൊച്ചിനാരാ? ചെലപ്പം നീയും ജേലുകേറും. അപ്പം കൊച്ചെന്തുചെയ്യും."[17]

"ഈ ആൺചിരിയാണ് ചിരുതമാരുടെ സവിശേഷമായ ഇടപെടലുകളെ അസാധ്യമാക്കിയത്"[18] (2000 : 119)

വിപ്ലവത്തിൽ അണിചേരാനുള്ള ചിരുതയുടെ ആഗ്രഹത്തെ അമർച്ച ചെയ്തുകൊണ്ട് ചാത്തന്റെ സംരക്ഷണയിൽ അവളെ ഏൽപ്പിക്കുകയാണ് കോരൻ. ഈ സന്ദർഭം നോക്കുക.

"അല്ല നിന്നെ മല്ലോരേം ഏൽപ്പിച്ചിട്ട് പോയാലേകൊണ്ട് എനക്ക് അങ്ങു മേണ്ട പോലെ പ്രവർത്തിക്കാരുന്നു"[19].

"പെണ്ണിന് ആണിന്റെ സംരക്ഷണം ആവശ്യമാണെന്നും അവളുടെ ചാരി ത്രത്തെ സൂക്ഷിക്കേണ്ടത് അവളുടെ തന്നെ കടമയാണെന്നുള്ള ബോധ്യങ്ങളെ പുനരുത്പാദിപ്പിക്കുന്ന ഘടനയാണ് നോവലിന്റേത്."[20](2000 : 124).

കാർഷിക വിപ്ലവത്തിന്റെ നേരറിവുകളെ ആഖ്യാനാത്മകമാക്കുന്ന ഈ നോവൽ പെണ്ണുമായി ബന്ധപ്പെട്ട പുരാവൃത്തങ്ങളുടെ പുതുക്കലുകളെ അസാധ്യ മാക്കുകയാണ്. അസാധ്യമായ സാധ്യതകളെന്ന് വിശ്വസിച്ചിരുന്ന പല പ്രവണത കൾക്കെതിരെയും പൊരുതാൻ കെൽപ്പുള്ളവളായി നോവലിൽ നിറഞ്ഞുനില്ക്കു ന്നവളാണ് ചിരുത. ആ ചിരുതയിൽനിന്ന് ഉയിർകൊണ്ട ശക്തിയാണ് ഇന്നത്തെ കർഷക തൊഴിലാളി, സ്ത്രീമുന്നേറ്റ ശക്തിയെന്ന് വ്യക്തമാണ്.

## ചിരുത - വർഗബോധത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സൗന്ദര്യം

മാറുന്ന കേരളത്തിന്റെ പ്രബോധന രാഷ്ട്രീയമാണ് രണ്ടിടങ്ങഴിയിൽ തകഴി പങ്കുവെയ്ക്കുന്നത്. കാലങ്ങളായി ഇളക്കമില്ലാതെ നിന്ന ഫ്യൂഡലിസത്തിന്റെ കോട്ടകൾ ഇളകുന്ന കാഴ്ച്ചയാണ് രണ്ടിടങ്ങഴിയിൽ കാണുന്നത്. നോവൽ സാഹിത്യത്തിലെ ശ്രേഷ്ഠകഥാപാത്രങ്ങൾ എന്നുവിചാരിച്ചിരുന്നവർ ഇരുന്ന കസേരയിൽ (ഇന്ദുലേഖയും മാധവനും) കോരനേയും ചിരുതയേയും പ്രതിഷ്ഠിക്കുകയായിരുന്നു തകഴി. മലയാള നോവലിന്റെ നായക-നായിക സങ്കല്പം രണ്ടിടങ്ങഴിയുടെ വരവോടെ അടിമുടി മാറി. അധസ്ഥിതന്റെ ജീവിതവും നോവലിന്റെ ഭാഷയ്ക്ക് വഴങ്ങുമെന്ന് തെളിയിക്കുകയായിരുന്നു രണ്ടിടങ്ങഴി എന്ന നോവൽ. സാഹിത്യത്തിലൂടെയുള്ള സാമൂഹ്യപരിവർത്തനം എപ്രകാരമാണ് കേരളത്തിൽ നടന്നതെന്ന് മനസ്സിലാക്കാൻ ഏകദേശം പത്തുവർഷത്തെ ഇടവേളക്കിടയിൽ ഉണ്ടായിട്ടുള്ള വിപ്ലവകരമായ കൃതികൾ പരിശോധിച്ചാൽ മതിയാവും.

"1922 ൽ കുമാരനാശാൻ ദുരവസ്ഥ എഴുതുന്നു. 1937 ൽ ചങ്ങമ്പുഴ കൃഷ്ണ പിള്ളയുടെ വാഴക്കുലയുണ്ടാകുന്നു. 1948 ൽ തകഴിയുടെ രണ്ടിടങ്ങഴി പ്രകാശിതമാകുന്നു. ദുരവസ്ഥയിലെ ചാത്തനിൽ നിന്ന് ആരംഭിച്ച് ചങ്ങമ്പുഴയുടെ മലയപുലയിനിലൂടെ രണ്ടിടങ്ങഴിയിൽ എത്തുമ്പോൾ മലയാള സാഹിത്യം അടിമുടി മാറുകയാണ്"[21] (2012: 63).

'മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ മാറ്റുമതുകളി നിങ്ങളെ താൻ'എന്നുള്ള വിപ്ലവകരമായ ആഹ്വാനം ദുരവസ്ഥയിലൂടെയും, 'ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ പതിതരേ ഞങ്ങൾതൻ പിൻമുറക്കാർ' എന്ന് മലയപുലയനിലൂടെയും പ്രഖ്യാപിച്ച നവോത്ഥാന കേരളം കോരനിലൂടെ, വെളുത്തയിലൂടെ കൃഷിഭൂമി കർഷകർക്ക് എന്ന സിദ്ധാന്തം നടപ്പാക്കികൊണ്ട് കേളത്തിലെ ജാതി വർഗവർണ വെറിയുടെ ദുരാചാരങ്ങളെ പൊട്ടിച്ചെറിയുകയായിരുന്നു. ഈ വിപ്ലവ പ്രസ്ഥാനങ്ങളിൽ തോളോടു തോൾ ചേരാൻ ഒരു സ്ത്രീ ഉണ്ടായിരുന്നു എന്നുള്ള കാര്യം ചരിത്രം സൗകര്യ പൂർവ്വം മറക്കുന്നു. രണ്ടിടങ്ങഴി കോരന്റെ മാത്രം കഥയല്ല. ചിരുത ചാത്തനോടൊപ്പം നിന്ന് അവകാശങ്ങൾക്കു വേണ്ടി പോരാടിയ കഥകൂടിയാണിത്. പറിച്ചുനടാനും പായലുതപ്പാനും മിടുക്കിയായ ചിരുത വർഗബോധമുള്ള സ്ത്രീയാണ്. കീഴാള വിഭാഗത്തിന്റെ കുടുംബ പശ്ചാത്തലങ്ങളെക്കുറിച്ച് നോവലിൽ പരാമർശിതമായ ചില ഭാഗങ്ങൾ നോവലിനെ ഹൃദയഹാരിയാക്കുന്നു.

“സാഹിത്യപരമായി സമീപിക്കുമ്പോൾ രണ്ടിടങ്ങഴിയിലെ ഏറ്റവും ശക്തമായ ആവശ്യം അതുപറയുന്ന ഹൃദയഹാരിയായ പ്രേമകഥയാണ്. ‘ഇനോക്ക് ആർഡന്റെ (Enoch Arden) കഥയെ ഒരു പരിധി വരെയെങ്കിലും ഇത് അനുസ്മരിപ്പിക്കുന്നു”[22] (1982 : 89).

വിവാഹത്തിനു ശേഷമുള്ള ചിരുതയുടെ ആഗ്രഹമായിരുന്നു ആലപ്പുഴപ്പോയി സിനിമകാണണമെന്ന്. ഒരു കാലംവരെ ആഭിജാത്യ വർഗത്തിന്റെ കുത്തക മാത്രമായിരുന്ന ഇത്തരം വിനോദങ്ങളെ കുടിയാൻ ആഗ്രഹിക്കുന്നത് മാറ്റത്തിന്റെ കാഹളമായി കണക്കാക്കാം. സ്വപ്നങ്ങൾ ഏറെയുണ്ടെങ്കിലും കൊടുത്തുവീട്ടാനുള്ള കടത്തെ കുറിച്ച് ഇരുവരും ആകുലരാണ്. ഈ ആകുലതയിൽ നിലനില്ക്കുമ്പോഴും കോരന്റെ കാര്യങ്ങളിൽ മുട്ടുവരാതെ കുടുംബത്തെ മുന്നോട്ടു കൊണ്ടുപോകുന്ന ചിരുതയെയാണ് നോവലിൽ കാണുന്നത്. അയൽക്കാരിയായ മാണികിടാത്തിയുടെ വീട്ടിൽ താമസമാക്കിയിരിക്കുകയാണ് ചിരുതയും കോരനും. ഒരിക്കൽ ചിരുത മാണികിടാത്തിയുമായി കലഹം കൂടുന്നു. കോരനുവേണ്ടി കരുതിവെച്ചിരുന്ന ഭക്ഷണം മാണികിടാത്തിയുടെ മകൻ കട്ടുതിന്നതാണ് കലഹത്തിനു കാരണം. മകൻ തിരിച്ചെത്തിയപ്പോൾ കട്ടതിന്റെ പേരിൽ മകനെ ശിക്ഷിക്കുന്ന മാണികിടാത്തിയെ പിടിച്ചുമാറ്റാൻ ചിരുത മുതിരുന്നതോടെ ആ കുടുംബങ്ങൾ തമ്മിലുണ്ടായ കലഹം അവസാനിക്കുന്നു. ഇതുപോലുള്ള പിണക്കങ്ങളും ഇണക്കങ്ങളും കൊണ്ട് മനോഹരമാണ് കീഴാളവിഭാഗത്തിന്റെ ജീവിതം. അൽപ്പായുസ്സിൽ മാത്രം ഒതുങ്ങുന്ന പിണക്കങ്ങൾ അവരുടെ ഇണക്കങ്ങളെ ദൃഢമാക്കുന്നു.

പുഞ്ചക്കണ്ടത്തിൽ കൃഷി ചെയ്യുന്ന ആണാളും പെണ്ണാളും ശുദ്ധിയും വൃത്തിയും പാലിക്കാതെ കണ്ടത്തിൽ ഇറങ്ങിയാൽ മട വീഴും എന്ന വിശ്വാസത്തെ ഊട്ടി ഉറപ്പിക്കുകയാണ് മാണിക്കിടാത്തി. രാവെന്നോ പകലെന്നോ പരിഗണിക്കാതെ പുഞ്ചക്കണ്ടത്തിൽ കൃഷിചെയ്യുന്ന കോരനോട് ചിരുത പറയുന്ന വാക്കുകൾ അവളുടെ വർഗബോധത്തിനുദാഹരമാണ്. നല്ലവിളവുണ്ടായാല് അത് തമ്പ്രാക്കൻമാർ കൊണ്ടുപോകും എന്ന് പറഞ്ഞാണ് അവൾ രോഷം പ്രകടിപ്പിക്കുന്നത് ഇങ്ങനെയുള്ളവർ നമ്മുടെ തമ്പ്രാക്കൻമാരാണെന്ന് പറയുന്നതിൽ കാര്യമില്ല എന്നവൾ കൂട്ടിചേർക്കുന്നു. യൂണിയൻ നേതാവായ കോരൻ ആവേശത്തോടെ പുലയ വർഗത്തിന്റെ ഉയർച്ചയെ കുറിച്ചുപറയുമ്പോൾ ചിരുതയുടെ വർഗബോധം ഉണർന്നെണീക്കുന്നു. പറയ-പുലയ സ്ത്രീകൾ അനുഭവിക്കുന്ന ദയനീയ കഥകൾ ചിരുതയുടെ മനസ്സിൽ കിടന്ന് വിപ്ലവം സൃഷ്ടിച്ചു. നാട്ടിലെ അത്തരക്കാരുമായി

സംസാരിക്കാൻ ആഗ്രഹിക്കുന്ന ചിരുത, തകഴിയിൽ കുടികൊള്ളുന്ന അംശമാണെന്ന് പറയാം. 'ഒരു ചട്ട, ഒരു കുപ്പായം, ഒരു ആലപ്പുഴ യാത്ര' ഈ മോഹങ്ങളെ കവച്ചു വെയ്ക്കുന്നതാണ് അവളുടെ ഉള്ളിൽ നിറയുന്ന വിപ്ലവചിന്ത.

"അടിമയെന്ന ഫ്യൂഡൽ കർതൃത്വത്തിൽ നിന്ന് മുതലാളിത്തത്തിന്റെ ഉൽപന്നമായി കാല്പനിക കർതൃത്വത്തമായി ചിരുത പരിവർത്തിക്കപ്പെടുന്നു"[23] (2016 : 206).

ചിരുതയിൽ വിരിയുന്ന ഈ കാല്പനിക അംശം വിപ്ലവത്തിന്റെ ഇരുണ്ടയിടങ്ങളിൽ ഇല്ലാതായി തീരുകയാണ്.

ഇനി പറപിള്ളേരാരും സഹിക്കരുത് എന്ന കോരന്റെ ദൃഢനിശ്ചയം മനസ്സിലേറ്റു വാങ്ങിയവളാണ് ചിരുത. താൻ പെണ്ണുകെട്ടരുതായിരുന്നു എന്ന് കോരൻ പറയുമ്പോൾ ചിരുത പറയുന്നത്, താൻ ഒന്നിനും തടസ്സമായിരിക്കില്ല എന്നാണ്. സമരത്തിന്റെ ഭാഗമായി ജയിൽ കയറേണ്ടിവരുമെന്ന് കോരൻ പറയുമ്പോൾ താനും ജയിൽകയറുമെന്നാണ് ചിരുത പറയുന്നത്. ഒരേ സമയം കോരനോടുള്ള പ്രണയവും വിപ്ലവ പ്രസ്ഥാനത്തോടുള്ള പ്രണയവുമാണ് ചിരുതയിൽ മാറി മാറി പ്രകടമാകുന്ന വികാരങ്ങൾ. ആണുങ്ങൾക്കുമാത്രം യോഗംപോരന്നെും പെണ്ണുങ്ങൾസംഘടിക്കേണ്ട കാര്യം ഉണ്ടെന്നും ചോരയും നീരുമുള്ള പെണ്ണുങ്ങൾക്കും ഈ നാട്ടിൽ കഴിയണമെന്നും ചിരുതപറയുന്നതിലൂടെ മേലാളപക്ഷത്തോടുള്ള തുറന്ന വാക്പയറ്റാണ് ചിരുത നടത്തുന്നത്.

കോരനെ വർഗവിപ്ലവത്തിലേയ്ക്ക് പറഞ്ഞയക്കാൻ ഒന്നും തടസ്സമാവരുതെന്ന് ചിരുത ആഗ്രഹിക്കുന്നു. ഈ കൊച്ചിനെ ഞാൻ വളർത്തി കൊള്ളാം പട്ടിണി കിടന്നോളാം. തന്നെ ചാത്തന്റെ കയ്യിൽ ഏൽപ്പിക്കാനുള്ള ശ്രമത്തേയും അവൾ എതിർക്കുകയാണ്. എന്റെ കൊച്ചിന്റെ അമ്മാച്ചനായി എന്റെ ആങ്ങളായി ചാകുന്നതു വരെ കഴിയാം എന്ന് അവൾ ചാത്തനിൽ നിന്ന് ഉറപ്പു വാങ്ങുന്നു. ജയിലിൽ കഴിയുന്ന കോരനോടവൾ പറയുന്നു. "എന്നെ ആരും രക്ഷിക്കണ്ട ഞാൻ പെണ്ണുങ്ങൾക്കുവേണ്ടി യൂണിയനിൽ ചേരാൻ പോവാ"[24]. കോരൻ അതിനു വിരുദ്ധമായി ചാത്തന്റെ കയ്യിലേയ്ക്ക് ചിരുതയെ ഏൽപ്പിക്കുകയാണ്.

"സ്വന്തം ഉൽകർഷത്തേക്കാൾ കോരന് വലുത് വർഗത്തിന്റെ ഉൽകർഷമാണ്. വർഗകഥയും പ്രേമകഥയും സംയോജിപ്പിച്ചിരിക്കുന്നു. സമൂഹചിത്രമായ രണ്ടി

ടങ്ങഴിയെ വളർത്തിയെടുത്തിരിക്കുന്നത് ചിരുതയുടെ കല്ല്യാണത്തെ നടുക്കു നിർത്തി കൊണ്ടാണ്"[25] (1982:64).

കാർഷിക ജോലിക്കാരായ കുടിയാൻമാരും ജന്മിമാരായ തമ്പ്രാക്കൻമാരും തമ്മിലുള്ള സംഘർഷം വളർന്നുവന്ന് അത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിനും തൊഴിലാളി വർഗത്തിന്റെ സംഘബോധത്തിനും അടിത്തറയാകുന്നു. ഈ അടിത്തറയിൽ പുരുഷ പ്രഘോഷണ ശബ്ദങ്ങൾക്കിടയിൽ ഒലിച്ചുപോയ കുറേ സ്ത്രീ ശബ്ദങ്ങളുണ്ട്. മറിയയുടേയും മാണിയുടേയും ചിരുതയുടേയും ശബ്ദങ്ങൾ. ഈ കാർഷിക നോവലിൽ പെൺസഖാക്കളുടെ പ്രതീകങ്ങളായി വരുന്ന ഈ കഥാപാത്രങ്ങൾ തങ്ങളുടെ സങ്കടങ്ങൾക്കു മറുപടിയുണ്ടാകണമെന്നാഗ്രഹിക്കുന്നു. ചേറിന്റെ മണംപേറുന്ന മാനവസങ്കല്പ്പം ഈ നോവലിലെ ചൂഷണവ്യവസ്ഥകൾക്കെതിരെ സംസാരിക്കുന്നു. തകഴി വിതച്ച വിത്തിന്റെ ആദ്യ മുളയാണ് ചിരുതയുടെ കുഞ്ഞ് വെളുത്ത. 'കൃഷി ഭൂമി കർഷകന്' എന്ന മുദ്രാവാക്യം അവന്റെ തൊണ്ടയിൽ നിന്ന് പൊട്ടി പുറപ്പെടുന്നു.

കൂലിവ്യവസ്ഥയും വേലവ്യവസ്ഥയും അടിക്കടി പരിഷ്കരിക്കപ്പെടുന്ന ഇന്നത്തെ കാലഘട്ടത്തിൽ കൃഷി ആധുനികവത്കരിക്കപ്പെടുകയും പണം വിനിമയം ചെയ്യപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ അന്നത്തെ തൊഴിലാളി സമൂഹം തൊഴിലിനോട് പുലർത്തിപ്പോന്ന ആത്മാർത്ഥത ഇന്നുണ്ടോ എന്നുള്ളത് പുന:പരിശോധിക്കേണ്ട കാര്യമാണ്. ചിരുത സ്വാതന്ത്ര്യത്തിന്റെയും വർഗബോധത്തിന്റെയും പ്രതീകമായിരുന്നു. സ്ത്രീയുടെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടി ചിരുത ആവലാതിപ്പെടുമ്പോൾ ഈ അവകാശങ്ങൾ അനുഭവിക്കുന്ന പിൻതലമുറ ഇത്തരം കാര്യങ്ങളെ വളരെ നിസ്സാരമാക്കി ചിരിച്ചുതള്ളുന്നു. ഇന്നു വളർച്ചപ്രാപിച്ച സ്ത്രീവാദപ്രസ്ഥാനങ്ങളുടെ ആദ്യകാലവക്താക്കളിൽ ഒരാളായിരുന്നു ചിരുത എന്ന് നിസ്സംശയം പറയാം.

"കർഷകതൊഴിലാളിയും മുതലാളിയും തമ്മിലുള്ള വർഗ സംഘർഷമാണ് രണ്ടിടങ്ങഴിയിലെ പ്രകടവും പ്രത്യക്ഷവുമായ പ്രമേയമെങ്കിൽ സ്ത്രീ പ്രശ്നം സ്ത്രീപുരുഷ ബന്ധങ്ങളിൽ സ്ഥിരവാസിയായ നീതിയുടെപ്രമേയം അത്രതന്നെ വെളിപ്പെടാതെ ആഖ്യാനത്തിന്റെ സൂക്ഷ്മ ഘടനയായി പുലരുന്നുണ്ട്"[26] (2017:86).

തകഴി ശിവശങ്കരപ്പിള്ളയുടെ സ്ത്രീ കഥാപാത്രങ്ങളിൽ വർഗ്ഗവീര്യത്തിന്റെ സ്ത്രീചിന്തകൾ പാകപ്പെടുത്തിയ കഥാപാത്രമാണ് രണ്ടിടങ്ങഴിയിലെ ചിരുത. പുരുഷകഥാപാത്രങ്ങളുടെ പ്രകടനാത്മകതകൊണ്ട് ശ്രദ്ധിക്കപ്പെടാതെ പോയ

കഥാപാത്രമാണ് ചിരുത. കോരന്റെ കർമ്മ വീര്യത്തിന്റെ ബഹളത്തിലും ചാത്തന്റെ ത്യാഗപൂർണ്ണതയുടെ നിറവിലും ചിരുതയുടെ വിപ്ലവവീര്യമാർന്ന ചിന്തകളും പ്രവർത്തികളും ശ്രദ്ധിക്കപ്പെടാതെപോയി എന്നതാണ് വസ്തുത. വിവാഹത്തിനു ശേഷം സ്വന്തം തറയില്ലാതെ സുഹൃത്തിന്റ തറയിൽ അവരോടൊപ്പം കഴിയു മ്പോൾ ചിരുത കോരനോട് ചോദിക്കുന്നു. "എന്നും ഇങ്ങനെമല്ലോന്റെ തറേകെടാ ന്നാമതിയോ" സ്വന്തം കുടുംബം എന്ന സ്ത്രീ സഹജമായ അവബോധമാണ് ചിരു തയെകൊണ്ട് ഇത്തരത്തിൽ പറയിപ്പിച്ചത്.

ജീവൻ കളഞ്ഞ് ഊണും ഉറക്കവും ഇല്ലാതെ അധ്വാനിക്കുമ്പോൾ നെല്ലു ണ്ടായാല് തമ്പ്രാക്കന്മാര് കൊണ്ടുപോകും അവര് നമ്മടെ തമ്പ്രാക്കന്മാരു ആണോ എന്നും ചിരുത എന്ന വിപ്ലവവനിത ചോദിക്കുന്നുണ്ട്. ചാത്തനിൽ നിന്നും സേവന ങ്ങളും സുരക്ഷിതത്വവും അനുഭവിക്കുമ്പോഴും നാടുമുഴുവൻ സമരവീര്യത്താൽ ത്രസിച്ചു നിൽക്കെ ഒരു പെണ്ണിനെ ഓർത്ത് കുടിലിൽ ചടഞ്ഞ് കൂടിയിരിക്കുന്ന അയാളോട് അവൾക്ക് പുച്ഛവും ലജ്ജയും തോന്നുന്നുണ്ട്. എല്ലാം മറന്ന് ഒരാട്ടാട്ടി

"ഇറങ്ങിപ്പോ –ചൂലെ."[27]

"ഇങ്ങനെ ഒരുവന്റെകൂടെ എങ്ങനെ കഴിയും."[28]

എന്നു പോലും പറയാൻ ഉള്ളിലുറങ്ങുന്ന വിപ്ലവ വീര്യം അവളെ പ്രേരിപ്പി ക്കുന്നുണ്ട്. കോരനിലൂടെ പകർന്നു കിട്ടിയ വിപ്ലവബോധവും ലോകാവബോധവും അവളെ മറ്റൊരു ചിന്തയിലേക്കു നയിക്കുന്നു. നാട്ടിലെ ഹതഭാഗ്യങ്ങളായ സഹോദ രിമാരെ കാണാനും പരിചയപ്പെടാനും അവരുടെ ദാരുണകഥകൾ നേരിൽ പറഞ്ഞ്കേൾക്കാനും അവളാഗ്രഹിക്കുന്നു. സ്ത്രീകളുടെ പ്രശ്നങ്ങൾക്കുവേണ്ടി മുന്നിട്ടിറങ്ങി അവരെ അഭിസംബോധന ചെയ്ത് അവരുടെ പ്രശ്നങ്ങൾക്ക് പരി ഹാരം കാണാൻ താൻ ഒരു നിമിത്തമാകണമെന്ന് അവൾ ആഗ്രഹിക്കുന്നു. സ്ത്രീകളുടേത് മാത്രമായ ഒരു സംഘടന ഉണ്ടാക്കി സ്ത്രീ അനുവഭിക്കുന്ന ചൂഷ ണങ്ങളിൽ നിന്ന് മോചനം നേടണമെന്ന് ആഹ്വാനം ചെയ്യുന്ന ചിരുത, നവോ ത്ഥാന കാലഘട്ടത്തിൽ സ്ത്രീ ശാക്തീകരണത്തിന് തുടക്കം കുറിച്ചവളാണെന്ന് പറയാം. സവർണ്ണ വിഭാഗം 'അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്' എത്താൻ യോഗംകൂടിയ ചരിത്രമുള്ള ഈ നാട്ടിൽ ചേറ് മണക്കുന്ന നിസ്വരായ പുലയവിഭാ ഗത്തിന്റെ ശബ്ദമായി ചിരുതയെ കണക്കാക്കാം.

കാലം ഏറെമാറി ജാതീയതയും തീണ്ടലും തൊടീലും അപ്രത്യക്ഷമായ ഈ വർത്തമാന കാലഘട്ടത്തിൽ നടക്കുന്ന അസ്വമത്വങ്ങൾക്കെതിരെ ആധുനിക

ചിരുതമാർ ശബ്ദിച്ചു തുടങ്ങി. എന്നാൽ മാറ്റത്തിന്റെ കാറ്റ് ആഞ്ഞുവീശിയിട്ടും അനങ്ങാപാറ നയം സ്വീകരിക്കുന്ന ചില ചൂഷണമേഖലകളിലെ മേലാളന്മാർക്കെതിരെ സ്ത്രീ ശബ്ദങ്ങൾ ഉയരാൻ കാരണമായത് ചിരുതയെ പോലെയുള്ള റിയലിസ്റ്റിക് വനിതകളുടെ സാന്നിധ്യമാണ്.

എഴുത്തിന്റെ വഴിയിൽ പല ഇസങ്ങളേയും മുറുകെ പിടിച്ച സാഹിത്യകാരനാണ് തകഴി. എന്നാൽ ഹ്യൂമനിസത്തിന് മാത്രം പ്രാധാന്യം നൽകികൊണ്ടാണ് പല പ്രത്യയശാസ്ത്രങ്ങളെയും തകഴി എഴുത്ത് രീതിയിലേക്ക് കൊണ്ടുവന്നത്. ഈ പ്രത്യയശാസ്ത്രങ്ങൾക്ക് ഒരു മുഖമേ ഉണ്ടായിരുന്നുള്ളു. വിശക്കുന്നവന് അപ്പമാകുക, ചൂഷിതരുടെ കാവലാകുക തകഴി എഴുതിയ നോവലുകളിലും ചെറുകഥകളിലും നവോതഥാനത്തിന്റെ ഈ രീതിശാസ്ത്രമാണ് നാം കാണുക.

"ലോകത്തിൽ രണ്ട് തരം സാഹിത്യം ഉണ്ടെന്നും അത് ഊണുകഴിക്കാത്തവന്റെ വയറ്റിൽ നിന്നുള്ള വിളിയും ഊണുകഴിച്ചവനു തോന്നുന്ന വിളിയും എന്ന് കേസരി പ്രത്യേകിച്ച് പറയുന്നുണ്ട്"[29] (2013:97).

ഇതിൽ ഊണുകഴിച്ചവനും കഴിക്കാത്തവനും വേണ്ടി സാഹിത്യ കൃതിയെ പ്രയോജനപ്പെടുത്തിയ സാഹിത്യകാരനാണ് തകഴി ശിവശങ്കരപ്പിള്ള. ഈ പ്രയോജനപ്പെടുത്തൽ ഹ്യൂമനിസമെന്ന പ്രായോഗികശാസ്ത്രത്തിൽ അധിഷ്ഠിതമായിരുന്നു.

കാർഷിക വിപ്ലവത്തിന്റെ ആദ്യ കൃതിയെന്ന് കരുതപ്പെടുന്ന രണ്ടിടങ്ങഴി എന്ന നോവലിന്റെ രണ്ടാം ഭാഗത്ത് സ്ത്രീ കഥാപാത്രങ്ങളുടെ രാഷ്ട്രീയമായ വളർച്ചയെ സൂചിപ്പിക്കുന്ന പല പരാമർശങ്ങളും കാണാം. സമൂഹത്തിൽ നടക്കുന്ന കാര്യങ്ങളിൽ സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്നവർക്കും വ്യാപരിക്കുന്നവർക്കും കാര്യമുണ്ട് എന്ന അവസ്ഥയിലേയ്ക്ക് ഈ നോവൽവായന വളരുന്നു. തമ്പ്രാന്റെ അധികാരത്തെ ശിരസ്സാവഹിച്ചിരുന്ന ഒരു സമൂഹം തമ്പ്രാനെ ചോദ്യം ചെയ്യാൻ തുടങ്ങിയകാലത്ത് അവരിൽ വിപ്ലവചിന്ത വളർന്നു എന്ന് പറയാം.

പ്രായപൂർത്തിവോട്ടവകാശനിയമം എല്ലാവർക്കും ബാധകമാക്കിയതോടെ, അടുത്തവന്ന തെരെഞ്ഞെടുപ്പിൽ എല്ലാ തമ്പ്രാക്കന്മാർക്കും, മതനേതാക്കന്മാർക്കും സമത്വ സുന്ദരമായ പെരുമാറ്റമാണ് പുലയരോടും പറയരോടും ഉണ്ടായത്. തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് നടന്ന പ്രസംഗങ്ങളിലെ പൊരുളില്ലായ്മ പറയനും പുലയനും ചർച്ച ചെയ്ത് തുടങ്ങി

“എല്ലാവരും ഒപ്പമാണെന്ന് തമ്പ്രാ പറഞ്ഞു എന്നാലെക്കൊണ്ട് എങ്ങനാ കോരാ നമ്മളും തമ്പ്രാനും ഒപ്പമാണോ[30]”.

കുഞ്ഞാപ്പിയുടെ ചോദ്യത്തന് ഇട്ട്യാതി പറഞ്ഞ മറുപടി ഇങ്ങനെയാണ്.

“ഈ പറസങ്കക്കാരൊക്കെ അങ്ങനെ പറയാറൊള്ളതാ ഏൻ ഒരിക്കല് ഒന്നു കേട്ടു ഒരു തമ്പ്ര പറഞ്ഞു തമ്പ്രാന്റെ ചോരയും പറേന്റെ ചോരയും എല്ലാം ഒരു പോലാണ്. അവര് അതൊക്കെ ഏനത്തിന് അങ്ങനെ പറയും[31]”.

നവോത്ഥാനനായകന്മാർ ഏറെ കടന്നു പോയ ഈ മണ്ണിൽ ഇപ്പോഴും ഇട്യാതി പറഞ്ഞ മറുപടിയുടെ പ്രയോഗികത ഏറിവരികയാണ്. രാജ്യത്തിന് തുറവി വർദ്ധിക്കുന്തോറും ജാതിചിന്തകൾ കോമരം തുള്ളുന്ന നാടായി നമ്മുടെ നാട് മാറികൊണ്ടിരിക്കുന്നു. തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ കാര്യങ്ങൾ നിയന്ത്രിക്കുന്നത് സർക്കാരാണ്. ഈ സർക്കാരിനെകുറിച്ച് പറയുന്നത് ഇപ്രകാരമാണ്.

“ഈ സർക്കാര് നമ്മുടെ കാര്യമൊന്നും നോക്കത്തില്ല. സർക്കാരിന് അതിന്റെ കാര്യോം ഇല്ല”[32].

കോരന്റെ അഭിപ്രായത്തിൽ

“നെല്ലും ചക്രോം ഉള്ളോനൊന്നും ഇല്ലാത്തോനൊന്നും രണ്ടു ജാതിയേയുള്ളൂ”[33].

സാമ്പത്തികസമത്വവും അസമത്വവുമാണ് ജാതിയുടെയും മതത്തിന്റെയും അടിവേര് എന്ന അഭിപ്രായമാണ് കോരനുള്ളത്. തകഴിയുടെ മാക്സിസ്റ്റ് ചിന്താഗതിയുടെ അടിസ്ഥാനത്തിൽ ഇല്ലാത്തവനോടുള്ള അനുഭാവമാണ് കോരന്റെ വാക്കുകളിലൂടെ പ്രകടമാകുന്നത്. മനുഷ്യസ്നേഹികളെന്നുഭാവിക്കുന്ന ക്രൈസ്തവ പുരോഹിതന്മാർ പറയനോടും, പുലയനോടും അന്നുവരെ കാണിക്കാത്ത സ്നേഹം കാണിച്ചു തുടങ്ങി. അവർ പറയകുടിലുനുള്ളിൽ കയറി പ്രീണന തന്ത്രങ്ങൾ പ്രയോഗിച്ചു തുടങ്ങി. ഈ തന്ത്രത്തിൽ വീണത് കുഞ്ഞാപ്പിയും കുടുംബവുമായിരുന്നു. മാർക്കം കൂടാൻ ഒരുങ്ങിയ കുഞ്ഞാപ്പി കോരനെയും അതിനു നിർബന്ധിക്കുന്നു. മരിച്ച് അങ്ങ് പരലോകത്തിൽ ചെല്ലുമ്പോൾ ഗതി കിട്ടണമെങ്കിൽ മാർക്കം കൂടി ക്രിസ്ത്യാനി ആകണം എന്നാണ് കുഞ്ഞാപ്പി പറയുന്നത്.

ചിരുതയുടെ സംശയം ഇപ്രകാരമാണ്.

"അപ്പം മാർക്കം കൂടാത്തോർക്കൊന്നും കെതിയില്ല്യേ?"

കുഞ്ഞാപ്പി പറഞ്ഞു.

"അതു നമ്മള് മാടനേം പിശാചിനേമല്ല്യോ വന്നിക്കുന്നെ".

ചിരുത ദൃഢനിശ്ചയത്തിൽ മറുപടി കൊടുത്തു.

"ഞങ്ങളിപ്പം മാർക്കം കൂടുന്നില്ല. ഞങ്ങ കാവും മാടനും ഒള്ള കുടുമ്മക്കാരാ[34]".

ഈ തീരുമാനം മാറ്റാവുന്നതാണെന്നാണ് കുഞ്ഞാപ്പി പറയുന്നത്

"മാർക്കം കൂടിയാല് തമ്പ്രാനും നമ്മളും ഒരു ജാതിയാകും[35]".

എന്നും അയാൾ അഭിപ്രായപ്പെടുന്നു. മാത്രവുമല്ല തിരഞ്ഞെടുപ്പ് അടുത്തപ്പോഴുള്ള മാർക്കം കൂടൽ പറയനും പുലയനും എതിർത്തു തുടങ്ങി.

"എല്ലാ മത സംഘടനാനേതാക്കളും പറഞ്ഞു. എല്ലാവരും സ്റ്റേറ്റ് കോൺഗ്രസ്സിൽ ചേരണം[36]".

ഈ അവസരത്തിൽ കീഴാളന്റെയും മേലാളന്റെയും ഇടയിലുള്ള ഇടത്തട്ടുകാരിയായ പാതിപട്ടിണിയായ മാത്തുപിള്ളയുടെ ഭാര്യ ത്രേസ്യ ചോദിക്കുന്നത് ഇങ്ങനെയാണ്.

"നമുക്ക് അരീം നെല്ലും തരുമോ"[37].

അതിനുള്ള കോരന്റെ മറുപടി ഇങ്ങനെയാണ്.

"അതുണ്ണാൻ നോക്കികൊണ്ടിരുന്നാമതി അതു വേണേല് രൂപ അഞ്ച് ഒരു പറയ്ക്ക് കൊടുത്തോളണം[38]".

കീഴാളൻ അനുഭവിക്കുന്ന സഹനത്തിന്റെ ഇടയിലും മേൽതട്ടുകാരൻ കീഴാളനോടു ചെയ്യുന്ന പീഡനത്തിനിടയിലും ഇടത്തട്ടുകാരായ ഒരു വിഭാഗമുണ്ട്. ചൂഷണകഥ വെളിപ്പെടുത്താൻ പറ്റാതെപ്പോയ ഒരു വിഭാഗം. അവർക്ക് കൂട്ടായി പള്ളീം

കരയോഗവും ഒക്കെ ഉണ്ടെങ്കിലും അവർക്കുവേണ്ടി സംസാരിക്കാൻ ആളില്ല. ത്രേസ്യയുടെ മറ്റൊരഭിപ്രായം നോക്കുക.

"പത്തു പന്ത്രണ്ടു പറക്കണ്ടം, കൂടിയ പാട്ടത്തിന് ഏറ്റു, കള്ളക്കടം മേടിച്ചും കൃഷിയിറക്കും. ജന്മിയും കടക്കാരനും വന്ന് നെല്ലളന്നോണ്ടുപോകും എന്നാലും കുടിശ്ശികയാ"[39].

തിരഞ്ഞെടുപ്പിന്റെ ആഘോഷങ്ങൾക്കപ്പുറം പറയനും പുലയനും ആശയപരമായി ഒന്നാകാൻ കഴിഞ്ഞു. അവന്റെ ചോദ്യങ്ങളുടെ രീതി മാറി.

"ദിവസവും രണ്ടു കൂലിയെൻ നെല്ലും ബാക്കി സർക്കാർ നിരക്കു വച്ചുള്ള പണവും എന്ന നിലയിൽ കൂലിയുടെ നിരക്കുമാറി അതൊരു വമ്പിച്ച വിജയമായിരുന്നു" [40].

പുലയരുടെയും പറയരുടെയും വിമോചനത്തിനുവേണ്ടി പ്രവർത്തിച്ച കോരനോട് പറയപുലയ സ്ത്രീകൾ അനുഭവിക്കുന്ന അതിക്രമങ്ങളെ കുറിച്ച് പറയണമെന്ന് ചിരുത ആഗ്രഹിക്കാറുണ്ട്. പുലയനും പറയനും അറിയാതെ രാവിന്റെ മറവിൽ കളങ്ങളിലെ കച്ചിക്കൂനകൾക്ക് പിറകിലും കണ്ണെത്താത്തദൂരത്തോളം പരന്നു കിടക്കുന്ന പാടത്തെ നെല്ലിന്റെ ഇടയിലുള്ള വരമ്പുകളിലും വച്ചു നടക്കുന്ന അഴിമതികൾ, അവയെ കുറിച്ച് ഓർക്കുമ്പോൾ ചിരുതയിലെ വിപ്ലവകാരി ഉയർത്തെഴുന്നേൽക്കും. ആ അഴിമതികൾക്ക് അടിമപ്പെട്ട് ഞരങ്ങി ഞരങ്ങി എത്ര സ്ത്രീകളുടെ ആത്മാക്കൾ നശിക്കുന്നുണ്ട്. അതാരും അറിയുന്നില്ല. ആ ഞരക്കം ലോകത്തിലെ മന:സാക്ഷിയുടെ ചെവിയിലോളം എത്തിച്ചെങ്കിൽ. പക്ഷേ മറ്റേതൊരു പറകിയേയും പോലെ ആ ദയനീയ കഥകൾ ഭർത്താവിനോട്പറയാൻ ചിരുത ആഗ്രഹിച്ചു. എന്നാൽ, കീഴാളനോടുള്ള മേലാളന്റെ ചൂഷണത്തിൽ നീറിനിൽക്കുന്ന കോരനോട് ഇക്കാര്യം പറയാതെ അവൾ ദിവസങ്ങൾ തള്ളിനീക്കി.

കുട്ടനാട്ടിലെ പുലയസ്ത്രീകൾ അനുഭവിച്ചുപോന്ന ചൂഷണത്തിൽ അസ്വസ്ഥയായിരുന്ന ചിരുതയുടെ ചിന്തകളാണിത്. പല സ്ത്രീകളും അവർ അനുഭവിക്കുന്ന അതിക്രമങ്ങൾ അവരുടെ പുരുഷൻമാർ അറിയരുത് എന്ന് ആഗ്രഹിക്കുന്നു. മറിയയുടെ വാക്കുകൾ ഇതാണ് ഓർമിപ്പിക്കുന്നത് 'ഇതൊന്നും ആണുങ്ങളെ അറിയിക്കരുതേ അവരെ കൊലക്കു കൊടുക്കരുതേ'.

എല്ലാകാലത്തേയുംകുടുംബങ്ങളിൽ നടക്കുന്നതുപോലെ തങ്ങൾ അനുഭവിക്കുന്ന അതിക്രമങ്ങൾ വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങണമെന്ന്

സ്ത്രീകൾ ആഗ്രഹിക്കുന്നു. സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ ഏറെയുണ്ടായിട്ടും ഇപ്പോഴും അടിച്ചമർത്തപ്പെടുന്ന സത്രീകളുടെ എണ്ണം വർദ്ധിക്കുന്നു. ഈ അതിക്ര മങ്ങൾ ഇല്ലാതാക്കാൻ ആഗ്രഹിക്കുന്ന കഥാപാത്രമാണ് ചിരുത. ഈ ആഗ്രഹ ത്തിന്റെ പ്രതിഫലമാണ് ചിരുതയുടെ വാക്കുകൾ കോരൻ അതിക്രമങ്ങൾക്കെ തിരെ പ്രവർത്തിച്ച് ജയിൽ കയറേണ്ടി വരുമെന്ന് പറയുമ്പോൾ ചിരുത പറയുന്നത് നോക്കുക.

"എന്നാലെ കൊണ്ട് ഏനും അതിനാപോണെ".

"ചോരേം നീരുമൊള്ള പറക്കിടാത്തിക്കും കഴിയണം ഏനും അങ്ങനെ ജേലിപ്പോകും"[41].

പഞ്ചഭൂതങ്ങളോട് പടവെട്ടുന്ന പഞ്ചമവർഗ്ഗത്തിന്റെ സ്ത്രീ പ്രതിനിധിയായ ചിരുത വെല്ലുവിളിക്കുന്നത് നിലനിൽക്കുന്ന ആണധികാരമേലാളവ്യവസ്ഥയേയാ ണ്.

"ചിരുത കണ്ണാടിയെടുത്ത് അതിലേക്കുനോക്കി അവളല്ലേ ആ പാവങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ അർഹതയുള്ളവൾ? കരകൾ തോറും വീടു കൾ തോറും നടന്ന് ഭർത്താവിന് ചെയ്യാൻ കഴിയാതെ വന്നത് ഏറ്റെടുത്ത് നടത്തി യാൽ അതല്ലേ ഭർത്താവിന് തൃപ്തികരം"[42].

നോവലിന്റെ പരിസമാപ്തിയിൽ രണ്ടിടങ്ങഴിയിലെ ചിരുത ദൃഢനിശ്ചയ ത്തിന്റെ ആൾരൂപമായി മാറുകയാണ്. കറുത്ത രൂപങ്ങളെ മനുഷ്യരായി കാണാൻ പറ്റാത്തതിന്റെ പ്രതിഷേധം കുട്ടനാട്ടിൽ അണപൊട്ടുകയാണ്. മനുഷ്യനെ കറുപ്പി ന്റെയും വെളുപ്പിന്റെയും അടിസ്ഥാനത്തിൽ വേർതിരിക്കുന്ന രീതിക്കെതിരായി കൂടിയുള്ള പ്രതിഷേധത്തിന്റെ സ്വരമായും ഈ നോവലിനെ വായിച്ചെടുക്കാം. പരി വർത്തനസാഹിത്യമെന്ന് നവോത്ഥാനസാഹിത്യത്തെ വിളിക്കാമെങ്കിൽ, അതിന്റെ അമരക്കാരനായ തകഴി ശിവശങ്കരപിള്ള എല്ലാകാലത്തേക്കും വേണ്ടി ഒരുക്കിവച്ച പരിവർത്തനഗാഥയാണ് രണ്ടിടങ്ങഴി. പടച്ചാലിൽ പ്രതിഷേധത്തിനു പോകാൻ തയ്യാറാകാത്ത ചാത്തനോട് അവൾ പ്രതികരിക്കുന്നത് നോക്കുക.

"ഇന്നു പടച്ചാലിൽ പോണില്യേ"?

ഇല്ല.

"എല്ലാ ആണുങ്ങളും പോണൊണ്ട്".

ചിരുതയുടെ ഈ സംസാരത്തിനു മറുപടിയായി ചാത്തൻ പറയുന്നത് ഇപ്ര കാരമാണ്.

"ഒന്ന് എനക്ക് ജോലിയൊണ്ട് ചാകാൻ മടിയൊണ്ടായല്ല. എനക്കു ചത്താമ തിയെന്നാ പക്ഷേ എനക്ക് ഒരു കുഞ്ഞിനെ വളർത്തണം അതിന്റെ തള്ളേം നോക്കണം"

"ആ കൊച്ച് യൂണിയന് ഒരു സൊത്തായിരിക്കും ഞാൻ ചത്താലെ കൊണ്ട് അതു ചാകും"[43].

കോരൻ ഏൽപ്പിച്ച ബാധ്യതയും വിപ്ലവപ്രസ്ഥാനത്തിന്റെ കൈവഴിയായി കരുതുകയാണ് ഇവിടെ ചാത്തൻ. കീഴാള വിഭാഗത്തിന്റെ സംഘടിത ശക്തി വരുംകാലങ്ങളിൽ ഇതിലും ശക്തമായിരിക്കും എന്ന് സൂചിപ്പിക്കുന്നതാണ് ചാത്തന്റെ വാക്കുകൾ. വർഗശക്തികൾ കീഴാള ശകതികൾക്കു മുന്നിൽ മുട്ടുമ ടക്കും എന്നു സൂചിപ്പിക്കാനാണ് പടച്ചാലിൽ അവകാശങ്ങൾക്കുവേണ്ടിയുള്ള ഉഗ്ര സമരം നടക്കുമ്പോൾ ഭാവിയിൽ അതിന്റെ സംരക്ഷകനായി തീരേണ്ട വെളുത്ത യുടെ ജനനം. മനുഷ്യന്റെ നിലനില്പ്പിനും സംസ്കാര വികസനത്തിനും ആധാരം കാർഷിക ജീവിതമാണ് അതിന്റെ മുഖ്യോപാധിയാണ് കൃഷിയിടം. ആ കൃഷിയിട ങ്ങൾ ക്രമേണ സമ്പത്തിന്റെ അടിസ്ഥാനമായി മാറി. കൃഷിയെ കേന്ദ്രീകരിച്ചുള്ള കുട്ടനാടൻ സാമൂഹിക ജീവിതത്തെ നോവലിൽ ആവിഷ്കരിച്ചുകൊണ്ട് അവകാശ പ്പെട്ടവനുവേണ്ടി സംസാരിക്കാൻ തകഴി ഈ നോവൽ രചന ഉപയോഗപ്പെടുത്തി. കൃഷിഭൂമി കർഷകന് എന്ന വെളുത്തയുടെ കുഞ്ഞികൈനീട്ടിയുള്ള പ്രഖ്യാപനം ഈ ലോകമുള്ളേടിത്തോളം കാലം മുഴങ്ങി കേട്ടുകൊണ്ടിരിക്കും

പണ്ട് പണ്ട് കുട്ടനാടൻ കൃഷിക്കാരനും പുലയനും തമ്മിൽ ഒരു ഹൃദ്യമായ ബന്ധം നിലനിന്നിരുന്നു. അന്ന് അവർ കൂട്ടുകുടുംബക്കാരായിരുന്നു. ഈ അവ സ്ഥയ്ക്കു വന്ന മാറ്റം കുട്ടനാടൻ കർഷകതൊഴിലാളിയെ കമ്മ്യൂണിസ്റ്റ് പാർട്ടിയി ലേക്ക് നയിക്കുന്നു. അതിന്റെ പാശ്ചാത്തലത്തിൽ തകഴി രണ്ടിടങ്ങഴി എന്ന നോവൽ എഴുതി.

"1122 ലെ പുന്നപ്ര വയലാർ സമരം കൃഷി ഒരു വ്യവസായമാക്കി മാറ്റി. കൃഷിക്കാരനായിരുന്ന എന്റെ അച്ഛനിൽ ആ മാറ്റത്തിന്റെ പ്രതിഫലനങ്ങൾ കാണാൻകഴിഞ്ഞു. കൃഷിക്കാരനും കർഷക തൊഴിലാളിയും തമ്മിലുള്ളബന്ധ

ത്തിൽ ഈ മാറ്റം വലിയ വിപ്ലവംനടത്തി അത് പറയാൻ ആണ് ഞാൻ രണ്ടിടങ്ങഴി എഴുതിയത്"[44] (1970:19).

ലഹരിയിൽ കുഴഞ്ഞുമറിഞ്ഞിട്ടാണെങ്കിലും നോവലിൽ കോരൻ ഒരു ചോദ്യം ചോദിക്കുന്നുണ്ട്.

ഈ ചോദ്യം ബോധാവസ്ഥയിൽ പ്രതിഷേധിക്കാനുള്ള അവന്റെ ധൈര്യ ക്കുറവിനെ വെളിവാക്കുന്നതോടൊപ്പം, സങ്കടങ്ങളെയും പ്രതിഷേധങ്ങളെയും പ്രകടിപ്പിക്കാൻ ലഹരി കൂട്ടിനുവേണം എന്ന ചിന്തകൂടി ഈ ഭാഗത്ത്നോവലിസ്റ്റ് പ്രകടിപ്പിക്കുന്നു.

"നമ്മ ഒണ്ടെങ്കിലും നമ്മ മേലഎടുത്തില്ലെങ്കില് എന്നാ ചെയ്യും".

കുഞ്ഞപ്പി പറഞ്ഞു.

"നമ്മ പട്ണിയാകും".

ഇട്ട്യാതി അതിനെ പൂരിപ്പിച്ചു.

"തമ്പ്രാക്കന്മാരും പട്ണിയാകും".

ചേന്നൻ അഭിപ്രായപ്പെട്ടു.

"ഈ കണ്ട നാടെല്ലാം പട്ണി"[45].

"ഇതിലും വ്യക്തമായിതൊഴിലാളിയുടെ ധർമ്മത്തെപ്പറ്റി ഒരുപക്ഷേ ഒരു സമൂഹിക ശാസ്ത്രജ്ഞനും മാർക്സിസ്റ്റ് സിദ്ധാന്ത വാദിക്കും വിശദീകരിക്കാനാ യെന്ന് വരില്ല. ഈ സ്വയം ബോധം ആണ് തങ്ങളുടെ ശക്തിയെ നാടകിയമായി സ്വയം കണ്ടെത്തുന്നതാണ് തൊഴിലാളികളുടെ ഐക്യത്തിനു സഹായി ക്കുന്നത്. ഇവിടെ തകഴിയിലെ കലാകാരൻ രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾക്ക് കീഴടങ്ങിയി ട്ടില്ല"[46] (1992:119).

രണ്ടിടങ്ങഴിയിലെ വർഗ്ഗബോധത്തിന്റെ പിൻതുടർച്ചയാണ് നോവലിൽ ഉരു ത്തിരിഞ്ഞ വിപ്ലവബോധം. ചേറിൽനിന്ന് ചോറുണ്ടാക്കുന്നവന്റെ വിപ്ലവം എന്താ ണെന്ന് രണ്ടിടങ്ങഴി വ്യക്തമാക്കുന്നു. ആ വിപ്ലവചിന്തയിലേക്ക് അണിചേരാൻ ആവേശം പുലർത്തുന്ന ചിരുതയെയാണ് ഈ നോവലിൽ കാണുന്നത്.

**കുടുംബ ദർശനം രണ്ടിടങ്ങഴിയിൽ**

രണ്ടിടങ്ങഴിയിലെ കുടുംബ രാഷ്ട്രീയം ആണധികാരവ്യവസ്ഥയുമായി ബന്ധപ്പെട്ടതാണ്. നിശബ്ദം അനുസരിപ്പിക്കാൻ പഠിപ്പിക്കുന്ന ഒരു അധികാര രാഷ്ട്രീയമാണ് രണ്ടിടങ്ങഴിയിലെ കുടുംബചിത്രീകരണത്തിൽ തെളിയുന്നത്. ഏത് രാഷ്ട്രീയ പ്രസ്ഥാനത്തിലും എന്നതുപോലെ അഭിപ്രായം പറയുന്നവനെ നിശബ്ദനാക്കുന്ന കുടുംബരാഷ്ട്രീയമാണ് ഇതിലെ കേന്ദ്രകഥാപാത്രങ്ങൾ സ്വീക രിക്കുന്ന ശൈലി. കുടുംബത്തിനുപുറത്ത് കാണുന്ന അധികാര ശ്രേണിയുമായി ബന്ധപ്പെട്ട രാഷ്ട്രീയത്തിന്റെ മറ്റൊരു പതിപ്പാണ് കുടുംബ രാഷ്ട്രീയത്തിലും കാണാനാകുന്നത്.

**കാളിപറയൻ- കുഞ്ഞാളി**

രണ്ടിടങ്ങഴി എന്ന നോവലിന്റെ സൗന്ദര്യദർശനം അതിലെ നായകന്റെയും നായികയുടെയും ഒത്തുചേരലും കുടുംബജീവിതവുമാണ്. മാനസികവും ശാരിരി കവുമായ സംഘർഷങ്ങൾ നിറഞ്ഞതാണ് മനുഷ്യ ജീവിതം. ഈ സംഘർഷങ്ങളെ അതിജീവിക്കാൻ പഠിപ്പിക്കുക എന്നൊരു കടമ കൂടി നവോത്ഥാന നോവലിസ്റ്റു കൾ തങ്ങളുടെ കൃതികളിലൂടെ ചെയ്യുന്നുണ്ട്. രണ്ട് കുടുംബ ജീവിത ചിത്രങ്ങ ളാണ് രണ്ടിടങ്ങഴി എന്ന നോവലിന്റെ മുഖ്യധാരയിൽ പ്രതിപാദിക്കപ്പെടുന്നത്. നോവലിന്റെ ഒന്നാം ഭാഗത്ത് പ്രത്യക്ഷപെടുന്ന ചിരുതയുടെ മാതാപിതാക്കളായ കാളിപറയനും കുഞ്ഞാളിയും. രണ്ട് നോവലിനെ നയിക്കുന്ന ചിരുതയും കോര നും ഒന്നാമത്തേതിൽ പുരുഷ കേന്ദ്രീകൃത കുടുംബവ്യവസ്ഥയാണ് കാണുന്നത്. സർവ്വാധികാരിയായ കുടുംബനാഥൻ ആജ്ഞകൾ പുറപ്പെടുവിക്കുകയും സ്വന്തം അഭിപ്രായങ്ങളെ മാത്രം മാനിക്കുകയും മറ്റുള്ളവരുടെ അഭിപ്രായങ്ങളെ വിലക്കെടുക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത, അതിനെതിരെ കലഹിക്കുന്ന ഭാര്യ. ഇത്തരത്തിൽ നവോത്ഥാനകാലത്തിനു പരിചിതമായ കുടുംബ ചിത്രീകരണ മാണ് കാളിപറയനിയിലൂടേയും കുഞ്ഞാളിയിലൂടെയും നോവലിസ്റ്റ് നടത്തുന്നത്. കുഞ്ഞാളിയുടെയും കാളിപറയന്റെയും പ്രധാന പ്രശ്നം ചിരുതയുടെ കല്ല്യാണം ആണ്. ഒരോ വിവാഹ കാര്യവും കാളിപ്പറയന്റെ മുതലാളിത്ത സിദ്ധാന്തങ്ങളിലി ന്മേൽ മുടങ്ങിപോവുകയാണ്. വിലപിടിപ്പുള്ള ചരക്കിനെ വച്ച് വിലപറയുന്ന ക്യാ പിറ്റലിസ്റ്റ് മുതലാളിയായി കാളിപറയൻ മാറുന്നു.

"ഏനറിയാമെടീ മേണ്ടത് ശെയ്യാൻ"[47].

എന്നാണ് കാളിപ്പറയന്റെ അവസാന വാക്ക്. കുഞ്ഞാളി അതിനപ്പുറം പോയാൽ അവളുടെ മൂലകുടുബങ്ങളെ വരെ ചീത്തവിളിക്കുന്ന കാളിപറയൻ ഇന്നും നമ്മുടെ നാട്ടിൽ കാണപ്പെടുന്ന പുരുഷൻമാരെ പ്രതിനിധാനം ചെയ്യുന്നു. തകഴിയുടെ എല്ലാ നോവലുകളിലെയും കുടുംബ കഥാപാത്രങ്ങളുടെ പ്രതീകമാണ് കാളിപറ യൻ.

“എടീ അല്ലങ്കിലും, ചിയാന്ത്രപറയരേ ചീത്തകളാ”.

അച്ചനും അമ്മയും തമ്മിലുള്ള വഴക്കിന് ചിരുതയാണ് മധ്യസ്ഥയാകുന്നത്.

“ഇതെന്നതാ? അമ്മീടെ വാക്ക് മായി കിടക്കത്തില്യോ ? അപ്പൻ തോന്നീത് പറയട്ടെ”[48].

സ്ത്രീകളോട് തോന്നിയത് പറയാനുള്ള സ്വാതന്ത്ര്യം ലഭിച്ച വ്യവസ്ഥയോട് കലഹിക്കാനുള്ള പ്രവണത ഈ നോവലിലെ സ്ത്രീ കഥാപാത്രങ്ങൾ കാണിക്കു ന്നില്ല. പുരുഷന് തോന്നിയത് പറയാനുള്ള അവകാശം സമൂഹം കല്പ്പിച്ചു കൊടു ത്തിരിക്കുകയാണ്. എന്നാൽ സ്ത്രീയുടെ നാവ് വായിൽ കിടക്കുകയും വേണം. വായിൽ കിടക്കാത്ത നാവുള്ളസ്ത്രീയെ (പ്രതികരിക്കുന്നവൾ) രൂപപ്പെടുത്തി കൊണ്ട് ഇന്നത്തെ കാലം ഇതിനൊക്കെ മറുപടി പറയുന്നത്.

ഒരേ സമയം രണ്ടുപേരാണ് ചിരുതയ്ക്ക് വിവാഹം ആലോചിച്ചുവന്നത് കോരനും ചാത്തനും. ചാത്തൻ നൽകുന്നതിനേക്കാൾ കൂടുതൽ പെൺപണം കോരൻ നൽകുമെന്നായപ്പോൾ കാളിപ്പറയൻ കോരന്റെ വ്യവസ്ഥകളെ അംഗീകരിച്ചു കൊണ്ട് മകളെ വിവാഹം ചെയ്തുകൊടുക്കാൻ തയ്യാറായി. ഇവിടെ പെണ്ണിന്റെ അമ്മ കുഞ്ഞാളിയ്ക്ക് മകളെ ചാത്തന് വിവാഹം ചെയ്തു കൊടുക്കാ നായിരുന്നു ആഗ്രഹം.

“ചമ്പകുളത്തുകാരൻ ചാത്തൻ, കുഞ്ഞാളി പറയിയെ സ്വാധീനം ചെയ്തിരിക്കുക യാണ്. സംഖ്യ കുറഞ്ഞാലും അവന് പെണ്ണിനെ കൊടുക്കണമെന്നാണ് കുഞ്ഞാളി യുടെ ആഗ്രഹം”[49].

കുഞ്ഞാളിയുടെ വാക്കിനെ വിലകൽപ്പിക്കാതെ പെൺവാക്കിനെ വെറുംവാ ക്കാക്കി മാറ്റുകയാണ് കാളിപറയൻ. പെൺവാക്ക്, വെറുംവാക്കാകാത്തതരത്തി ലുള്ള അവസ്ഥകളിൽ നിന്ന് ഉയിർത്തെഴുന്നേൽക്കാൻ സാധിച്ചതുകൊണ്ടാണ് ഇന്ന് വിലയുള്ളവാക്കുകളുടെ ഉടമസ്ഥരായിമാറാൻ സ്ത്രീകൾക്ക് കഴിഞ്ഞത്.

ചിരുതയുടെ വിവാഹത്തോടെ നോവലിൽ നിന്ന് പിൻവാങ്ങുന്ന ഈ കഥാപാത്രങ്ങൾ മേൽത്തട്ടെന്നോ കീഴ്ത്തട്ടെന്നോ വ്യത്യാസമില്ലാതെ നമ്മുടെ കുടുംബങ്ങളിൽ കാണുന്ന ഭാര്യാഭർത്താക്കൻമാരുടെ പ്രതിനിധികളാണ്. വിവേചനാധികാരമോ അഭിപ്രായ സ്വാതന്ത്ര്യമോ ഇല്ലാതെ പുരുഷൻമാത്രം പറയുന്നത് അംഗീകരിച്ച് കടന്നുപോയ ഒരു സ്ത്രീ സമൂഹം ഇവിടെ ഉണ്ടായിരുന്നു. മാറ്റത്തിന്റെ കാറ്റേറ്റ് കുടുംബവ്യവസ്ഥയിലെ ഇത്തരം അധികാരക്രമങ്ങൾ കുറേയേറെ മാറിയെങ്കിലും ഇന്നും മാറ്റം കടന്നുവരാത്ത നിരവധി കുടുംബങ്ങൾ ഉണ്ടെന്നുള്ളത് ഈ നോവലിന്റെ വായനയിലൂടെ നമ്മെ ഓർമിപ്പിക്കുന്നു. മുതലാളിത്തത്തിന്റെ പ്രഭാവത്തിലാണ് ഈ കുടുംബത്തിലെ കാളിപ്പറയന്റെ സ്ഥാനം.

"അടിമപെണ്ണിനെ വിലപറഞ്ഞു വിൽക്കുന്ന പഴയ സമ്പ്രദായത്തിന്റെ പുതിയ പതിപ്പായി കുടുംബത്തിലേയ്ക്കും സ്വകാര്യസ്വത്തിലേയ്ക്കും നീളുന്ന ഒന്നായിചിരുതയുടെ വിവാഹദൃശ്യത്തെ കാണാം. നെല്ലിനൊപ്പമോ അതിനുമീതേയോ നിർണായക സ്ഥാനത്ത് വരുന്ന സാമൂഹീക മാറ്റവും ഈ ആദ്യ ദൃശ്യത്തിൽ തന്നെ പ്രകടമാണ്"[50] (2016 : 205).

**കോരൻ - ചിരുത**

നോവലിൽ പരാമർശിതമായ മറ്റൊരു കുടുംബം കോരൻ-ചിരുത ദമ്പതികളുടെതാണ്. പരസ്പരം ഉൾകൊള്ളാനും തീരുമാനങ്ങൾ ഒന്ന് ചേർന്നുരൂപികരിക്കാനുമുള്ള താല്പര്യംകാട്ടുന്ന ദാമ്പതിമാരാണിവർ. വലിയ കടബാധ്യത ഏറ്റാണ് കോരൻ ചിരുതയെ വിവാഹം കഴിക്കാനുള്ള തുക കണ്ടെത്തിയത്. ആ കടത്തെ ചൊല്ലിയുള്ള ആകുലത കോരൻ ചിരുതയോട് പങ്കുവയ്ക്കുന്നത് ഇപ്രകാരമാണ്.

"നമുക്ക് കടം കൊടുക്കേണ്ടയോ ചിരുതേ".

പിന്നെ വേണ്ടയോ

"വീടാനുള്ള കടം ദെവസം രണ്ടു കൂലിയേൻ എന്നെ ഏപ്പിക്ക്.

ഒരുമിച്ച് കുറേ ആകുമ്പം അപ്പന് കൊണ്ടുകൊടുക്കാം"[51].

അധ്വാനിക്കുന്ന തുകയിൽ ഒരു വിഹിതം മാറ്റിവെച്ച് കടം വീട്ടാമെന്ന ചിന്ത രണ്ടിടങ്ങഴിയിലെ കോരനും കുടുംബവും പ്രകടിപ്പിക്കുമ്പോൾ, അധ്വാനിക്കുന്ന തുകയിൽ നിന്ന് ഒരു വിഹിതം മാറ്റിവെച്ച് കൂടുതൽ പണക്കാരനാകാനുള്ള പ്രവണത ചെമ്മീനിലെ ചെമ്പൻകുഞ്ഞും കുടുംബവും പ്രകടിപ്പിക്കുന്നു. ഒരാൾ ബാധ്യ

ത തീർക്കാൻ അധ്വാനിക്കുമ്പോൾ (കോരൻ) മറ്റൊരാൾ ബാധ്യത നിലനിൽക്കേ മുതലാളിയാവാൻ (ചെമ്പൻകുഞ്ഞ്) അധ്വാനിക്കുന്നു. ഭാര്യയും ഭർത്താവും ഒന്നുചേർന്ന് തീരുമാനങ്ങളെടുക്കുന്ന രീതിയാണ് കോരന്റെയും ചിരുതയുടെയും വീട്ടിൽ നടന്നിരുന്നത്. കോരനിൽ പരിപൂർണവിശ്വാസവും അവനിൽ പൂർണ്ണനിയന്ത്രണവും ചിരുതയ്ക്കുണ്ടായിരുന്നു. കോരനെ എല്ലാരും കൂടി നിർബന്ധിച്ച് കുടിപ്പിക്കുകയാണെന്നും അതിന്റെ ഫലമായി രാത്രിയിൽ തല്ലുകൊള്ളേണ്ടിവരുമെന്നും മാണിക്കിടാത്തി പറഞ്ഞപ്പോൾ ചിരുതയുടെ പ്രതികരണം ഇതായിരുന്നു.

"ഏൻ പറയൻ എത്രകുടിചോണ്ടുമന്നാലും ശീ, പോന്നു പറയത്തില്ല. അതെന്താ ? ഏൻ ഏന്റെ നെറിക്കാ നിക്കുന്നേ"[52].

വേണ്ടിടത്ത് കോരനെ ശാസിക്കാനും നിലയ്ക്കുനിർത്താനും കഴിവ് പ്രകടിപ്പിക്കുന്നവളാണ് ചിരുത. ശാരീരികാഭിലാഷങ്ങൾക്കുമപ്പുറം ഹൃദയഐക്യം വച്ചു പുലർത്തിയിരുന്ന ദമ്പതികളാണ് ചിരുതയും കോരനും. മികച്ച വിളവുള്ള പുഞ്ചക്കണ്ടത്തിൽ കൊയ്ത്ത് നടക്കുകയാണ്. അലസമായി കൊയ്ത് കയറിയ അന്യനാട്ടുകാരിയെ കോരൻ കണക്കിലേറേ ചീത്തപറയുന്നു. ഇത് കേട്ട് ചിരുത ചോദിക്കുന്നു.

"കഴിഞ്ഞ ആണ്ടിലും പുഞ്ചക്കണ്ടത്തി കൊയ്തില്യേ പിന്നെന്തൊ

ഈ കലികൊണ്ടത്?

എടീ അതേമേല ചെയ്താണ്ടിക്കിയത് ഏനാ അതുകളയാതെടുത്താലെ.

വെളവുകാണു".

"എന്നാലെക്കൊണ്ടോ ? കൊയ്തിട്ടൊാളേളാർക്കു പുഞ്ചകണ്ടത്തില്.

കൊയ്താല് നെല്ലു പോകുമെന്നറിയാമെടി"[53].

ഇത്തരത്തിൽ ഒറ്റയാനാവുന്ന സമയം ഭർത്താവിനെ കൈപിടിയിൽ ഒതുക്കാൻ കഴിയുന്ന ഭാര്യയായിരുന്നു ചിരുത. സന്തോഷത്തിലും സങ്കടത്തിലും ഒരുമിക്കുന്ന ദമ്പതിമാരാണ് കോരനും ചിരുതയും. പട്ടിണിയുടെ പാരമ്യത്തിൽ ഉള്ളത് വച്ച് അവർ വിശപ്പടക്കുന്ന ഭാഗം നോക്കുക.

"അങ്ങനെ പാതിരാക്കുശേഷം അടുപ്പിൽ തീയണഞ്ഞു. ആ കുടിലിൽ വെളിച്ചമുണ്ടായി. കോരൻ വയറ്റിനു സുഖമില്ലെന്ന് നടിച്ചുകിടന്നു. കഞ്ഞിയും

കപ്പയും കാലമായപ്പോൾ ചിരുത കോരനെ വിളിച്ചുണർത്തി. അല്പ്പമെങ്കിലും കുടിച്ചേ മതിയാകു.

ഒരു ചട്ടിയുടെ ഇരുവശവുമായി ഭാര്യയും ഭർത്താവും ഇരുന്നു. അടുപ്പിലെ എരിതീയുടെ വെളിച്ചത്തിൽ അവർ കഞ്ഞി കുടിച്ചു തുടങ്ങി[54].

ഇത്തരത്തിൽ ജീവിച്ച ചിരുതയെ ചാത്തനെ ഏൽപിച്ച് കോരൻ ജയിൽ കയറിയപ്പോൾ അവിടെ നടന്നത് സഹജീവിതമാണ്. സഹശയനമല്ല കോരന്റെ അഭാവത്തിൽ ചാത്തനും ചിരുതയും നയിക്കുന്നത്. ചാത്തന്റെയും ചിരുതയുടെയും ഇടയിൽ അടഞ്ഞ ചെറ്റവാതിൽ അഭേദ്യമായ കോട്ടപോലെ നിലകൊള്ളുന്നു. ഉത്തമ മനുഷ്യഗുണങ്ങൾ പ്രമാണിമാരിലും പ്രഭുക്കൻമാരിലുമല്ല മറിച്ച് മണ്ണിന്റെ മണംപേറുന്ന ദളിത് സമൂഹത്തിലാണെന്ന ചിന്ത ഊട്ടി ഉറപ്പിക്കുകയാണ് തകഴി ചിരുതയുടെ ചിത്രീകരണത്തിലൂടെ. പാതിവ്രത്യമഹാത്മ്യം സ്ത്രീയുടെ കടമയാണ് എന്ന് ഉറച്ച് വിശ്വസിക്കുന്ന നോവലിസ്റ്റാണ് തകഴി. ഏകപത്നീവ്രതത്തിൽ ഉറച്ചുനിൽക്കുന്ന ചിരുതയെ മഹത്വപ്പെടുത്താൻ ലഭിക്കുന്ന അവസരങ്ങളൊന്നും തകഴി ഉപേക്ഷിക്കുന്നില്ല നോവലിൽ.

കുടുംബജീവിതത്തിന്റെ ആണിക്കല്ല് പരസ്പര വിശ്വാസമാണ് പുഷ്പവേലിൽ ചാക്കോയുടെ കൊലയുമായി ബന്ധപ്പെട്ട് ജയിൽ കയറിയ കോരൻ ചിരുതയുടെ സംരക്ഷണം ചാത്തനെ ഏൽപ്പിക്കുമ്പോൾ ഈ വിശ്വാസം സംരക്ഷിക്കപ്പെടുന്നു. എങ്കിൽ കൂടിയും പെണ്ണ് ഒറ്റയ്ക്ക് നിന്നാൽ പിഴ വരുമെന്ന് ഉറച്ചുവിശ്വസിക്കുന്ന പുരുഷലോകത്തിന്റെ പ്രതിനിധിയായി ഇവിടെ കോരൻ മാറുന്നുണ്ട്. അതുകൊണ്ടാണ് ഇരുമ്പഴികൾക്കിടയിൽക്കൂടി അവൻ അവളുടെ കൈപിടിച്ച് അത് ചാത്തന്റെ കൈയിലേക്ക് വച്ചു കൊടുക്കുന്നത്. നോവലിൽ ഇങ്ങനെ പറയുന്നു.

പിതാവ് പുത്രിയെ ഭർത്താവിനെ ഏല്പിക്കും പോലെ. ഒരിക്കലും ഒരിടത്തും നടന്നിട്ടില്ലാത്ത രീതിയിലുള്ള വിവാഹകർമ്മം പോലെയാണിത്.

ജയിലിൽ നിന്നു തിരിച്ചുവരുന്ന വഴി ചിരുത പറഞ്ഞു.

“ഏനെ, പെങ്ങളെന്നു വിചാരിച്ചാമതി”[55].

യഥാർത്ഥ്യവും കാല്പനികതയും മാറി മാറി പ്രകാശിക്കുന്ന രണ്ടിടങ്ങഴി എന്ന നോവലിലെ ആദർശാത്മകപ്രണയത്തിന്റെയും കുടുംബജീവിതത്തിന്റേയും നേർകാഴച്ചകളായി കോരനും ചിരുതയും മാറുന്നു. ചൂഷണത്തിനെതിരെ നില

കൊണ്ട കോരൻ അതിമാനുഷനാവുകയാണിവിടെ. തകഴിയുടെ കുടുംബകഥാപാത്രങ്ങളിൽ ഏറ്റവും മികച്ച കഥാപാത്രങ്ങളായി ചിരുതയും കോരനും മാറുന്നു.

**പെണ്ണും മണ്ണും രണ്ടിടങ്ങഴിയിൽ**

പെണ്ണും മണ്ണും വെറും വാക്കല്ല എന്നു തെളിയിക്കുന്ന നോവലാണ് രണ്ടിടങ്ങഴി. പെണ്ണിന്റെ ശാസ്ത്രവും വിപ്ലവബോധവും മണ്ണിന്റെ ശാസ്ത്രവും വിപ്ലവബോധവും ഒരളവിനും അളക്കാൻ കഴിയാത്ത വിധത്തിൽ ശക്തമാണെന്ന് തെളിയിക്കുകയാണ് ഈ കൃതി.

"മുതലാളിയും തൊഴിലാളിയും ചൂഷണവ്യവസ്ഥയും ഇടകലരുന്ന രണ്ടിടങ്ങഴിയിൽ അളക്കപ്പെടുന്നത് പെണ്ണും പ്രണയവും, മണ്ണും പ്രണയവും മാത്രമല്ല, മണ്ണിനോടും പെണ്ണിനോടും മുതലാളിക്കും തൊഴിലാളിക്കുമുള്ള അടങ്ങാത്ത ആവേശവും ഈ നോവലിൽ പ്രകടമാകുന്നുണ്ട്"[56] (2000 : 126).

മണ്ണിൽ മടയ്ക്കുന്നവന്റെ വിപ്ലവഗാഥയായി നോവൽ പുതിയരൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെടുമ്പോൾ ഈകൃതിയെ വിപ്ലവത്തിലേയ്ക്കു നയിച്ച ആദ്യകണ്ണി എട്ടുകെട്ടുംതറയിലെ കാളിപ്പറയന്റെ പുത്രി ചിരുതയാണെന്ന് പറയാം. ചിരുതയെന്ന കഥാപാത്രത്തിന്റെ പ്രവർത്തന ലക്ഷ്യം ഏതു കാലത്തിരുന്ന് പരിശോധിച്ചാലും പുതുമയുടെ വിപ്ലവചിന്തകൾ ആ കൃതിയിൽനിന്ന് അഴിച്ചെടുക്കാൻസാധിക്കും പെണ്ണൊരു വിൽപ്പനച്ചരക്ക് എന്നതിനുമപ്പുറം വിലപിടിച്ച വസ്തു എന്ന് വായിച്ചെടുക്കാൻ പ്രേരിപ്പിക്കുന്ന തരത്തിലാണ് ചിരുതയുടെ വിവാഹാലോചനയെ നോവലിൽ രേഖപ്പെടുത്തുന്നത്.

"അന്നും എട്ടുകെട്ടുംതറയിൽ പെണ്ണുകാണാൻ ആൾക്കാർ വന്നിട്ടുണ്ട്"[57]. 'അന്നും' എന്നുള്ള പദം ചിരുതയുടെ കല്ല്യാണാലോചന കുറേ നാളുകളായി തുടങ്ങിയതാണ് എന്നതിനെസൂചിപ്പിക്കുന്നു. തുടർന്നുവരുന്ന ഭാഗം പെണ്ണിന്റെ സൗന്ദര്യത്തെകുറിച്ചും കഴിവിനെകുറിച്ചുമുള്ള വിശകലനമാണ്. അവളുടെ വിവാഹം ഇതുവരെ നടക്കാതിരുന്നതിന്റെ കാരണം നോവലിന്റെ അടുത്ത ഭാഗത്ത് വിശദീകരിക്കുന്നുണ്ട്.

"പെണ്ണിന്റെ തന്ത കീഴ്നടപ്പും നിയമവും വിട്ട് കൂടുതൽ നെല്ലും ചക്രവും ചോദിച്ചതിനാൽ ചെറുക്കന്റെ തന്തയുമായി വാക്കു തർക്കമുണ്ടായി പിണങ്ങിപിരിഞ്ഞതാണ്. ചെറുക്കന് ആ പെണ്ണിനെതന്നെ മതി; ഇല്ലങ്കിൽ അവൻ കെട്ടുകയില്ലെന്ന് തീർത്തു പറഞ്ഞത്രെ."[58].

ഇവിടെ നല്ലവിളവ് തരുന്ന മണ്ണിനോടുള്ള ആർത്തി തന്നെയാണ് കഴിവും സൗന്ദര്യവുമുള്ളപെണ്ണിനോട് പുലർത്തുന്നത്.

കഴിഞ്ഞ മൂന്നു വിവാഹ കാര്യവും പെണ്ണിന്റെ ഇഷ്ടത്തിനാണ് പ്രാധാന്യം എന്നു സൂചിപ്പിക്കുന്നിടത്ത് കാര്യങ്ങൾ എത്തി നിൽക്കുന്നു. ഇത്തരമൊരു തീരുമാനം എടുക്കാനുള്ള കെൽപ്പ് കീഴാളസ്ത്രീക്ക് ഉണ്ടാക്കിയെടുക്കുക എന്നുള്ളതാണ് തകഴിയുടെയും കാലഘട്ടത്തിന്റെയും വിജയം. പാവപ്പെട്ട പറയനോടും പുലയനോടും ജന്മിത്വം കാണിക്കുന്ന മനുഷ്യത്വമില്ലായ്മയെ കുറിച്ച് കോരൻ പറയുമ്പോൾ ചിരുതയുടെ രക്തവും ചൂടുപിടിക്കാറുണ്ട്. ഒപ്പം സ്ത്രീകളുടെ നേർക്ക് ഇരുളിന്റെ മറവിൽ നടക്കുന്ന കൊള്ളരുതായ്മകളെക്കുറിച്ച് അവനെ ധരിപ്പിക്കണമെന്ന് ചിരുത ആഗ്രഹിക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് എഴുതിയ ഈ നോവൽ സ്ത്രീകൾ തീർത്തും അരക്ഷിതമായ കാലഘട്ടത്തെ സൂചിപ്പിക്കുന്നു. പ്രത്യേകിച്ച് കീഴാള വിഭാഗം അനുഭവിച്ചിരുന്ന അരക്ഷിതാവസ്ഥ. അതു കൊണ്ടാണ് ചിരുത പറയുന്നത്

"എനക്ക് എന്നും പേടിയാ"[59].

ഫ്യൂഡൽ വ്യവസ്ഥിതിയെ പേടിച്ചിരുന്ന ഒരു സമുദായത്തിന്റെ വേവലാതിയായി ചിരുതയുടെ വാക്കുകളെ വായിച്ചെടുക്കാം.

അടിമത്തത്തിന്റെ ചങ്ങല പൊട്ടിച്ചെറിയാനുള്ള അധഃകൃതസമുദായത്തിന്റെ മുന്നൊരുക്കം നോവലിന്റെ രണ്ടാം ഭാഗത്തിൽ പ്രകടമാകുന്നു. പാർശ്വവത്കൃത സമുദായത്തിന്റെ ഉയർച്ചയ്ക്കപ്പുറം ആ വിഭാഗത്തിലെ സ്ത്രീസമുദായത്തിന്റെ ഉയർച്ചകൂടി എഴുത്തുകാരന്റെ ലക്ഷ്യമായിരുന്നു. ആർക്കും മാറിമാറി ഉപയോഗിക്കാൻ കഴിയുന്ന ഉപഭോഗവസ്തുവാണ് സ്ത്രീ എന്ന ധാരണയെ തിരുത്തികുറിക്കുന്ന സന്ദർഭവും ഈ നോവലിൽ ഉണ്ട്. ജയിൽകയറിയ കോരൻ ചിരുതയെ ചാത്തന്റെ കയ്യിൽ സംരക്ഷണത്തിനായി ഏൽപ്പിച്ചു കൊടുക്കുമ്പോൾ ചിരുത ചോദിക്കുന്നുണ്ട്,

"വേറിട്ടൊരുത്തന് കൈമാറ്റം ചെയ്തു കൊടുക്കാമോ"[60].

നവോത്ഥാനകാലഘട്ടം പ്രതിനിധാനംചെയ്ത ആശയങ്ങളിലൊന്നായിരുന്നു ഏകപത്നീവ്രതം. ആ ചിന്തയെ മാറ്റിയെഴുതാൻ ആ കാലഘട്ടം തയ്യാറായിരുന്നില്ല എന്നതിന്റെ സൂചനയാണ് ചിരുതയുടെ വാക്കുകൾ. പ്രത്യക്ഷത്തിൽ കർഷകത്തൊഴിലാളിയും മുതലാളിയും തമ്മിലുള്ള വർഗസംഘർഷമാണ് നോവലിന്റെഅടിസ്ഥാനം. എങ്കിലും സൂക്ഷ്മാംശങ്ങളെ കൈകാര്യംചെയ്യുമ്പോൾ

സ്ത്രീപുരുഷബന്ധങ്ങളിൽ ഉരുത്തിരിയുന്ന നീതിയുടെ പ്രശ്നം ഈ നോവലിലെ സ്ത്രീപുരുഷസമത്വത്തെ ചോദ്യംചെയ്യാൻ പ്രേരകമാക്കുന്നുണ്ട്. തകഴി എന്ന പുരോഗമന സാഹിത്യകാരന്റെയും യഥാതഥവാദിയുടെയും മനസ്സിൽ ഒരേ സമയം സ്ത്രീവിജയചിന്തയും പുരുഷാധിപത്യവും ഭിന്നവേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്നു എന്നതിനെ തെളിയിക്കുന്നതാണ് ഈ സന്ദർഭം. ചാത്തനൊപ്പം ജീവിച്ചു കൊണ്ടാണ് ചിരുത വികാരങ്ങളെ വിജയിച്ചുകാണിക്കുന്നത്. ചിരുതയുടെ വിവാഹ ക്കാര്യത്തിൽ കുഞ്ഞാളിയുടെ വാക്കുകളെ വകവയ്ക്കാതുള്ള കാളിപറയന്റെ തീരു മാനങ്ങൾ പുരുഷാധിപത്യത്തിന് ഉദാഹരണമായി കണക്കാക്കാം. സദാചാര ത്തിന്റെ ധർമ്മബോധം കാത്തുസൂക്ഷിക്കാൻ ദളിതർക്കേ കഴിയു എന്നതിനെ ചിത്രീകരിക്കാനാണ് പുഷ്പവേലിൽ ചാക്കോയുടെ അതിക്രമത്തെ അതിജീവിച്ച് ഏത് സാഹചര്യത്തിലും ഭർത്താവിനോട് കൂറും വിശ്വസ്തതയും പുലർത്തി ചാത്തനോടൊപ്പം ജീവിക്കുന്ന ചിരുതയെ കാണിച്ചുതരുന്നത്. സ്ത്രീ ഏത് അഗ്നി പരീക്ഷയെയും വിജയിക്കണമെന്നും, ദാമ്പത്യവിശുദ്ധി കാത്തുപാലിക്കണ മെന്നുമുള്ള ആഹ്വാനമാണ് തകഴി ഇവിടെ നടത്തുന്നത്.

ആൺകാഴ്ച്ചവട്ടത്തിലൂടെ രണ്ടിടങ്ങഴിയെ വായിച്ചെടുത്താൽ പുരുഷാധിപ ത്യത്തിന്റെ പ്രവണതയാണ് നോവലിന്റെ ആരംഭം മുതൽ അവസാനം വരെ കാണാനാകുക. നോവലിന്റെ ആദ്യ അധ്യായത്തിൽ കാളിപ്പറയന്റെ പുരുഷാധിപ ത്യ തീരുമാനങ്ങളും കാണുന്നുണ്ടല്ലോ. കോരന്റെ തീരുമാനപ്രകാരം ചിരുത ചാത്തന്റെ ഭാര്യയായി പൊറുത്തു കൊള്ളണമെന്നു അവതരിപ്പിക്കുന്നതിലൂടെ സ്ത്രീയ്ക്ക് ഒരു കാര്യത്തിലും അഭിപ്രായങ്ങളുണ്ടാവരുതെന്ന് പുരുഷ മേൽകോയ്മ തീരുമാനിക്കുന്നതായി നോവൽ വ്യക്തമാക്കുന്നു. ഇണയായാലും തുണയായാലും പുരുഷൻ തീരുമാനിക്കുന്നതിനുമപ്പുറം അവൾക്ക് ഒരു അഭി പ്രായം ഉണ്ടായിരിക്കരുതെന്നും നോവലിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ ചിരു തയെകൊണ്ട് ഈ പരാമർശങ്ങൾക്കെതിരെ ചില സ്വാതന്ത്ര്യപ്രഖ്യാപനങ്ങൾ നട ത്താൻ തകഴിയ്ക്ക് കഴിഞ്ഞുഎന്നുള്ളിടത്താണ് സ്ത്രീസ്വാതന്ത്ര്യവും തകഴി കൃതികളുടെ ലക്ഷ്യമായിരുന്നു എന്ന വസ്തുത വെളിപ്പെടുന്നത്. ഇത്തരത്തിൽ നോവലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിലൊന്ന് ഇതിലൂടെ പൂർണ്ണമാകുന്നു.

**പെണ്ണിന്റെ കാഴ്ച്ചവട്ടങ്ങൾ രണ്ടിടങ്ങഴിയിൽ**

പെണ്ണും പ്രണയവും വിപ്ലവവും കൂടി ചേർന്ന ത്രിമധുര സങ്കല്പമാണ് രണ്ടിടങ്ങഴിയിലെ ആസ്വാദ്യസത്ത. മുതലാളിയും തൊഴിലാളിയും, ചൂഷണവും വർഗ്ഗസമരവും ഈ സത്തയ്ക്ക് മാറ്റു കൂട്ടുന്നു. പെണ്ണ് മണ്ണ് ഈ ദ്വന്ദ്വങ്ങൾ എന്നും അടുക്കാനും അകലാനും കാരണമായ രണ്ട് പ്രതിരൂപങ്ങളാണ്. രണ്ടിടങ്ങഴിയിലെ

പെണ്ണിന്റെ മൂല്യം ആദ്യ അധ്യായത്തിൽ തന്നെ തെളിയുന്ന സന്ദർഭമാണ്. ചിരുതയെ പെണ്ണുകാണാൻ വരുന്ന ഭാഗം നോക്കുക. ആദ്യം വന്ന വിവാഹാലോചനയിൽ കാളിപ്പറയൻ ചോദിച്ച പെൺപണം കൊടുക്കാൻ ചെറുക്കന്റെ ആളുകൾ തയ്യാറായിരുന്നു എന്നാൽ പെണ്ണിന് ചെറുക്കനെ ഇഷ്ടമായില്ല. പെണ്ണിന്റെ താൽപര്യം സംരക്ഷിക്കുന്ന വിവാഹകാര്യം അന്നത്തെ സമൂഹത്തിൽ ഒരു പുരോഗമന വിപ്ലവം തന്നെ സൃഷ്ടിച്ചു.

“ആദ്യം വന്നവർ പെണ്ണിന്റെ തന്ത ചോദിച്ചിടത്തോളം നെല്ലും പണവും കൊടുക്കാൻ തയ്യാറായിരുന്നു. പക്ഷേ പെണ്ണിന് ചെറുക്കനെ അത്ര പിടിച്ചില്ല. ഇപ്പോൾ നാലാമൻ വന്നിരിക്കുന്നു”[61].

ഇവിടെ പെണ്ണ് (ചിരുത) വാക്കിലൂടെ വാക്യങ്ങളിലേയ്ക്കും നോവലിൽ ആകമാനം നിറയുന്ന പ്രമേയ വസ്തുതയിലേയ്ക്കും എത്തുന്നു. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിൽ നിന്നും ആവേശം ഉൾകൊണ്ട് ഇടതു പക്ഷ രാഷ്ട്രീയ ചിന്തയിൽ നിന്ന് ഊർജം സ്വീകരിച്ച് തകഴി സൃഷ്ടിച്ച ചിരുത എന്ന കഥാപാത്രത്തിന്റെ കരുത്താണ് രണ്ടിടങ്ങഴിയെ എല്ലാ കാലത്തേയും ചൂഷണവ്യവസ്ഥകളെ അളന്ന് തിട്ടപ്പെടുത്താനുള്ള അളവ് പാത്രമാക്കിയത്.

പെണ്ണുങ്ങൾക്കും യോഗമുണ്ടാക്കണമെന്ന് പറഞ്ഞുകൊണ്ട് രംഗത്തെത്തിയ ചിരുതയെ പുരോഗമന ചിന്തയുടെ കാവൽപോരാളിയായി കണക്കാക്കാം.

“ചുഷണം അനിയന്ത്രിതമാകുന്നതോടെ തൊഴിലാളികൾ അസംതൃപ്തരാകുകയും അവർ വർഗ്ഗാടിസ്ഥാനത്തിൽ സംഘടിക്കാൻ നിർബന്ധിതരാവുകയും ചെയ്യും. ”[62] (2016 : 206)

ചൂഷണത്തിനെതിരെ ഇപ്രകാരം പ്രതികരിക്കണമെന്ന് നിശ്ചയമുണ്ടായിരുന്ന ചിരുത തന്റെ ആവശ്യം കോരനെ പറഞ്ഞു കേൾപ്പിക്കുമ്പോൾ അയാൾ ചിരിച്ചു തള്ളുകയാണ്. ഇപ്രകാരം കുട്ടനാട്ടിലെ പ്രഭുത്വത്തിന്റെ അനീതികൾക്കെതിരെയുള്ള സമരത്തിന് സ്വയം സമർപ്പിച്ച നോവലിലെ നായകൻ സ്ത്രീത്വത്തിന്റെ സവിശേഷവും തീവ്രവുമായ പ്രശ്നങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കാതെ അവഗണിക്കുന്നു. ചിരുതയുടെ ആവശ്യം കേട്ട് കോരൻ ചിരിച്ചചിരി തലമുറകളിലൂടെ ഇന്നും ആവർത്തിക്കുകയാണ്. സ്ത്രീയുടെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കുംവേണ്ടി അവൾ ആവലാതിപ്പെടുമ്പോൾ ചിരിച്ചു തള്ളുന്ന നിരവധി അവസ്ഥകളെയാണ് സ്ത്രീ ദിനംതോറും കാണുന്നത്. കാലംപോകെ ഈ അവസ്ഥ

കൾക്ക് ഇപ്പോഴും മാറ്റം സംഭവിച്ചിട്ടില്ല. ഈ അവസ്ഥയിലാണ് ഓരോ ചിരിക്കുമുള്ള മറുപടിയായി ഇന്ന് സ്ത്രീവാദപ്രസ്ഥാനങ്ങൾ ശക്തിപ്രാപിച്ചത്.

കൊലക്കുറ്റത്തിന് ശിക്ഷിക്കപ്പെട്ട് കോരന് ജയിൽ ശിക്ഷ ലഭിച്ച സാഹചര്യത്തിൽ സംരക്ഷകനായി കോരൻ കാണുന്നത് ചാത്തനെയാണ്. ചിരുതയെ വിവാഹം ചെയ്യാൻ ആഗ്രഹിച്ച് ഇപ്പോഴും അവിവാഹിതനായി നടക്കുന്ന ചാത്തന്റെ കൂടെ പൊറുത്ത് കൊള്ളാനുള്ള മഹാമനസ്കതയാണ് കോരൻ ചിരുതയ്ക്ക് നല്കുന്നത്. ചാത്തൻ ചിരുതയുടെ സംരക്ഷണംഏറ്റെടുക്കുന്നു. എന്നാൽ കോരൻ നൽകിയ സംരക്ഷണ ഉടമ്പടിയിൽ മനനൊന്ത് അവൾ പ്രതിഷേധിക്കുന്നുണ്ട്. ആ പ്രതിഷേധത്തിലൂടെ അവൾ ചോദിക്കുന്നത് കൈമാറ്റ വ്യവസ്ഥയിലൂടെ വിനിമയം ചെയ്യാനുള്ള ഉൽപ്പന്നമാണോ സ്ത്രീയെന്നത് എന്നാണ്.

അവളുടെ ചോദ്യത്തിന് ഉത്തരം പറയാൻ ചാത്തനാകുന്നില്ല. ചിരുതയുമായുള്ള ബന്ധത്തെ നിർവചിക്കാൻ ശ്രമിക്കുമ്പോഴൊക്കെ ചാത്തനിൽ ഉയരുന്ന ചോദ്യവും ഇതാണ്.

“അവൾക്കും ചില അവകാശങ്ങളും അധികാരവും ഇല്ലേ?”[63].

സ്ത്രീയുടെ ശരീരത്തിന്റെ അവകാശി അവൾ മാത്രമാണ് അതിക്രമിച്ചുകയറി അതിൽ അധികാരം സ്ഥാപിക്കാൻ ചാത്തൻ ആഗ്രഹിക്കുന്നില്ല. സ്ത്രീപുരുഷബന്ധങ്ങളിലെ ധാർമ്മികതയെ കാത്തുസൂക്ഷിക്കുന്ന ചാത്തനെയാണ് ഇവിടെ കാണാനാകുന്നത്. ഒരു പക്ഷേ കോരനുമായുള്ള ശാരീരിക അഭിലാഷങ്ങൾക്കുമപ്പുറം ചിരുതയെ മനസ്സിലാക്കാൻ കഴിഞ്ഞത് ചാത്തനല്ലേ എന്ന് വായനക്കാർക്ക് തോന്നുന്നത് ഇവിടെയാണ്.

“കർഷകത്തൊഴിലാളിയും മുതലാളിയും തമ്മിലുള്ള വർഗസംഘർഷമാണ് രണ്ടിടങ്ങഴിയിലെ പ്രകടവും പ്രത്യക്ഷവുമായ പ്രമേയമെങ്കിൽ സ്ത്രീ പ്രശ്നം സ്ത്രീ പുരുഷബന്ധങ്ങളിൽ സ്ഥിരവാസിയായ നീതിയുടെ പ്രമേയം അത്ര തന്നെ വെളിപ്പെടാതെ ആഖ്യാനത്തിന്റെ സൂക്ഷമഘടനയായി പുലരുന്നുണ്ട്”[64] (2017:86).

**സ്ത്രീപുരുഷ സൗഹൃദവും പ്രണയവും രണ്ടിടങ്ങഴിയിൽ**

തകഴിയുടെ നോവലുകളിൽ കാണുന്ന ശൃംഗാരരസം രണ്ടിടങ്ങഴിയിലും ആവോളം കാണാം. വർത്തമാനകാലഘട്ടത്തിന്റെ ശൃംഗാരക്കൂട്ടുകളിൽ നിന്നും ഭിന്നമായി തങ്ങളുടെ ഇടങ്ങളിൽതന്നെ പ്രണയത്തിന്റെസ്വർഗ്ഗലോകങ്ങൾ തീർക്കുന്നു ചിരുതയും കോരനും.

"ചന്ദ്രികയുള്ളരാത്രിയിൽ അങ്ങനെ പരന്നുകിടക്കുന്ന പാടത്തെ ജലപ്പരപ്പിലൂടെ ഒരു തോണി കാറ്റിന്റെ ഗതിയനുസരിച്ച് ഒഴുകി നടക്കുന്നത് കാണാം. ദേവതകളെപ്പോലെ രണ്ട് ആനന്ദോപജീവികൾ അതിലുണ്ട്"[65].

രണ്ടിടങ്ങഴി എന്ന നോവലിലെ ഏറ്റവും മനോഹരവും കാൽപനികവുമായ ഭാഗമാണിത്. ചിരുതയുടെയും കോരന്റെയും ദാമ്പത്യജീവിതം ആരംഭിക്കുന്നിടത്താണ് ഈ കാൽപനികവിവരണം. തകഴിയുടെ നോവൽ സാമ്രാജ്യത്തിലെ സ്ത്രീകഥാപാത്രങ്ങൾ എന്നും പുരുഷന് ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ പ്രചോദനമാകുന്നവരാണ്. പുലക്കിടാത്തിമാരും, പറക്കിടാത്തിമാരും നേരും മൊറയുമായിട്ടാണ് സമുദായത്തിൽ ജീവിച്ചത്. രണ്ടിടങ്ങഴി എന്ന നോവൽ സമരകഥ മാത്രമല്ല, സഹനകഥയും പ്രണയകഥയും കൂടിയാണ്. ചിരുതയുടെ സഹനവും പ്രണയവുമാണ് ഈ നോവലിന്റെ അഴക് വർദ്ധിപ്പിക്കുന്നത്. കമ്യൂണിസ്റ്റ് വിപ്ലവപ്രസ്ഥാനത്തിന്റെ സമരവീര്യം പേറുന്ന കഥാപാത്രങ്ങളായ ചിരുത, കോരൻ തുടങ്ങിയവരുടെ പ്രണയത്തിന്റെ തീക്ഷ്ണതയാണ് മേൽ കൊടുത്ത് നോവൽ ഭാഗം തെളിയിക്കുന്നത്.

തൊഴിലാളികളുടെപക്ഷത്തുനിന്ന് സംസാരിക്കുന്ന നവോത്ഥാന നോവലിസ്റ്റായ തകഴി, സ്ത്രീപക്ഷനവോത്ഥാനത്തിന്കൂടി തന്റെ കൃതികളെ വേദിയാക്കുകയായിരുന്നു ഈ നോവലിൽ. രണ്ടിടങ്ങഴിയിലെ ചിരുതയിൽ സ്ത്രീസാമ്പത്തിക ശാസ്ത്രംകൂടി തകഴി വളർത്തിക്കൊണ്ടുവരുന്നുണ്ട്. പുരുഷനോടൊപ്പം അധ്വാനിക്കുന്നവളാണ് ഈ കൃതിയിലെ ചിരുത. കോരനുതാങ്ങാവുന്നതിലും അപ്പുറം പെൺപണം കൊടുത്താണ് അവൻ അവളെ സ്വന്തമാക്കിയത്. പുഷ്പവേലിൽ ഔസേപ്പിന്റെ ആ കടം വീട്ടാൻ കോരനോടൊപ്പം ചിരുതയും അധ്വാനിക്കുന്നു. 'പെണ്ണായാൽ പെറണം' എന്ന യാഥാസ്ഥിതിക സ്ത്രീചിന്തയ്ക്ക് അന്നും ഇന്നും കോട്ടം വന്നിട്ടില്ല. അമ്മയാകുന്നതിനുള്ള സ്ത്രീസഹജവാസന ചിരുതയിൽ നിന്നും പൊട്ടിപ്പുറപ്പെട്ടത് ഇങ്ങനെയാണ്

"ഏൻപെണ്ണിന് എന്നാവേണം?"

"എൻ.......... എൻ..... "

"എന്നാടി പറ".

"ഏന് ഒന്നു പെറണം".

അവൻ പൊട്ടിച്ചിരിച്ചു........ ചിരുത നാണിച്ചു[66].

മറ്റൊരു സന്ദർഭവും കൂടി നോക്കുക.

"എന് ഇപ്പോം കഞ്ഞീം വെള്ളോം മേണ്ട".

"അതെന്താ ? വല്ല ദണ്ണോമാന്നോ?"

"അതൊരു ദണ്ണമാ, പത്തുമാതം കഴിഞ്ഞു പുറത്തുവരും"[67].

അമ്മയാകാനുള്ള സ്ത്രീയുടെ സഹജസ്വഭാവം ഇവിടെ പ്രകടമാകുന്നു. കൂടാതെ ചിരുതയിൽ മാതൃത്വത്തിന്റെ ചാരുത പ്രത്യക്ഷപ്പെടുന്ന അപൂർവ്വ സന്ദർഭങ്ങളിലൊന്ന് കൂടിയാണിത്.

കോരന്റെ പത്നീപദം വഹിക്കുന്ന ചിരുതയിൽ ഒരു വിപ്ലവകാരിയുടെ ഒളിമിന്നൽ കാണാൻകഴിയും. പുരുഷൻമാരെപ്പോലെ സ്ത്രീകളും സമ്മേളനങ്ങൾ വിളിച്ചുകൂട്ടി ചൂഷകരെ നേരിടാനുള്ള വിപ്ലവത്തിന് ആക്കംകൂട്ടണമെന്ന് ചിരുത ആഗ്രഹിക്കുന്നു. അതുപോലെ പുഷ്പവേലിൽ മുതലാളിയുടെ പണിക്കാരനായ കോരൻ രാവുംപകലുമില്ലാതെ പണിചെയ്യുന്നതുകണ്ട് ചിരുത പറയുന്നു.

"നെല്ലൊണ്ടായാല് തമ്പ്രാക്കന്മാര് അങ്ങുകൊണ്ടുപോകും. അവര് നമ്മളടെ തമ്പ്രാക്കന്മാരാന്നോ"[68].

വേലക്കാരൻ എത്ര ആത്മാർത്ഥത കാട്ടിയാലും ജന്മിയിൽനിന്നും തിരിച്ചുകിട്ടാത്ത ആത്മാർത്ഥതയെച്ചൊല്ലി ചിന്തിച്ച്, പുകഞ്ഞെരിയുന്ന ചിരുതയെയാണ് നാം കാണുന്നത്. കൃഷിത്തൊഴിലാളി എന്ന നിലയിൽ ഏറ്റവും ശക്തയായ കഥാപാത്രമായാണ് ചിരുതയെ രണ്ടിടങ്ങഴിയിൽ ആവിഷ്ക്കരിക്കുന്നത്. തനി നാടൻ ചുറ്റുപാടുകളിൽനിന്ന് കരുത്തുൾക്കൊണ്ട് രണ്ടിടങ്ങഴിയിൽ നിറഞ്ഞുനിൽക്കുന്ന കഥാപാത്രമാണ് ചിരുത. ഭൂമി, പെണ്ണ് രണ്ടും നിലനിൽപ്പിനാധാരമാണ്. ഈ നിലനിൽപ്പിനുവേണ്ടിയുള്ള സമരമാണ് രണ്ടിടങ്ങഴിയിൽ നടക്കുന്നത്. നോവൽ ആരംഭിക്കുമ്പോൾ ചിരുതയ്ക്ക് വേണ്ടിയുള്ള ചാത്തന്റെയും കോരന്റെയും സമരം നമ്മൾ കാണുന്നു. ആ സമരം കോരൻ-ചിരുത വിവാഹത്തിൽ കലാശിച്ചു. തുടർന്ന് മണ്ണിൽ പണിയുന്നവന്റെ വിപ്ലവസമരവും വിജയത്തിൽ കലാശിക്കുന്ന കാഴ്ച്ച രണ്ടിടങ്ങഴി കാട്ടിത്തരുന്നു.

ചിരുതയുമായുള്ള വിവാഹമാകാം കോരനെപ്പോലുള്ള ഒരു വിപ്ലവകാരി ജന്മമെടുക്കാൻ കാരണം. വിധിവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ തങ്ങൾക്കു സംഭവിക്കുന്ന പരാജയങ്ങളും വീഴ്ചകളും സഹർഷം സ്വാഗതം ചെയ്യുന്നവരാണ് കുട്ടനാട്ടിലെ പറയരും പുലയരും. തങ്ങളനുഭവിക്കുന്ന വ്യവസ്ഥയ്ക്ക് ഒരു മാറ്റം വരേണ്ടതാണെന്ന് കീഴാളർ വിശ്വസിച്ച് തുടങ്ങി. ആ വിശ്വാസത്തിന്റെ പൂർത്തീകരണത്തിലാണ്, ആവശ്യത്തിലാണ് രണ്ടിടങ്ങഴി വന്നുപിറന്നുവീണത്.

വ്യത്യസ്ത രാഷ്ട്രീയകക്ഷികളുടെ നേതൃത്വത്തിൽ ഇന്നത്തെ കുട്ടനാട് വർഗ്ഗബോധമുള്ളതൊഴിലാളികളാൽ സമ്പന്നമാണെങ്കിലും, ഈ വർഗ്ഗബോധത്തിന്റെ തലതൊട്ടപ്പൻമാർ തകഴിയുടെ തൂലികതുമ്പിൽ നിന്നും പിറന്നുവീണ ചിരുത, കോരൻ, ചാത്തൻ എന്നിവരാണെന്നുതന്നെ പറയാം. സ്ത്രീകളെ പുരുഷൻമാരോടൊപ്പം വർഗ്ഗസമരത്തിൽ പങ്കാളിയാക്കാനുള്ള ശ്രമങ്ങളാരംഭിക്കുകയും, പരമ്പരാഗതമായ തൊഴിൽ വ്യവസ്ഥയോട് കലഹിക്കുകയും ചെയ്തത് ചിരുതയാണ്. ഒപ്പം കോരനെ പ്രണയിച്ചുകൊണ്ട് ചാത്തനെ സഹോദരനും സുഹൃത്തുമായി കാണാൻസാധിച്ച ചിരുതയെ സ്ത്രീപുരുഷ സൗഹൃദത്തിന്റെയും, സ്ത്രീതൊഴിലാളി ശാക്തീകരണത്തിന്റെയും ആദ്യനാമ്പായി കണക്കാക്കാം.

**ചിരുതയിലെ മനോവിപ്ലവം**

അധഃസ്ഥിത വിഭാഗത്തിന്റെ തീനാളമായി വിശേഷിപ്പിക്കപ്പെടുന്ന ചിരുതയിൽ കാല്പനിക മോഹവസന്തങ്ങളെക്കാൾ യഥാർത്ഥജീവിതത്തിന്റെ നേർകാഴ്ച്ചകളാണ് വായനക്കാർ കാണുന്നത്. പുഷ്പവേലിൽ ഔസേപ്പിന്റെ മാനസപുത്രനെ നിവർന്നു നിന്ന് ധിക്കരിക്കുന്ന ചിരുതയിൽ ആദ്യം വ്യക്തിയുംപിന്നെ സമൂഹവും പ്രതികരണസന്നദ്ധമാകുന്നു. അബോധത്തിൽ പതിഞ്ഞുകിടക്കുന്ന വ്യക്തിനിഷ്ഠമായ കീഴ്പ്പെടൽ ചിരുതയിൽ ഇല്ലാതാകുന്നു. പ്രതികരണശേഷിയോടെ മേലാള വിഭാഗത്തിന് നേരേ നെഞ്ച് നിവർന്നു നിൽക്കുന്ന ആദ്യപുലയവർഗക്കാരിയായി ചിരുത മാറുന്നു. അടിസ്ഥാനപരമായും, ധാർമികമായും അടിയാളപെണ്ണ് ജന്മിക്കു കീഴ്പ്പെടേണ്ടവൾ എന്ന് പരിശീലിപ്പിക്കപ്പെട്ടിരുന്ന കാലത്തിൽ നിന്നാണ് അവൾ വ്യത്യസ്തതയുടെ ഈ തലത്തിലേയ്ക്ക് ഉയരുന്നത്. ഇംഗ്ലീഷ് വിദ്യാഭ്യാസമോ കൊളോണിയൽ പ്രതികരണധീരതയോ പരിശീലിപ്പിച്ചിട്ടില്ലാത്ത ചിരുതയ്ക്ക് പുഷ്പവേലിൽ ജന്മിയെ നിഷേധിക്കാനുള്ള കരുത്ത് കിട്ടിയത് വർഗ്ഗ ബോധത്തിൽനിന്നാണ്. കുട്ടനാടൻഭൂമിശാസ്ത്രപാരമ്പര്യത്തിൽ നിന്നും രൂപപ്പെടുത്തിയ യാഥാർത്ഥ്യബോധമാണ് ചിരുതയെ ഇത്തരത്തിൽ പരിവർത്തനം ചെയ്തത്.

റിയലിസത്തിന്റെ പുതിയ അർത്ഥവ്യാഖ്യാനങ്ങളായി കൃതികൾ മാറുന്നത് നവോത്ഥാന കാലഘട്ടത്തിലാണ്. ധീരകളും അതിപ്രതാപ ഗുണവതികളും അല്ലെങ്കിലും സമൂഹത്തിനോടുള്ള ഉത്തരവാദിത്വത്താൽ വിപ്ലവത്തിന്റെ നക്ഷത്രങ്ങളായി മാറുകയാണ് നവോത്ഥാനകൃതികളിലെ നായികമാർ. റിയലിസത്തിന്റെ ഏറ്റവും മനോഹരവും മഹത്തരവുമായ ചിത്രങ്ങളിൽ ഒന്നാണ് ചിരുതയുടെ വിപ്ലവം. ചിരുതയുടെ അനുഭവങ്ങളുടെ തീച്ചൂള അവളെ ശാരീരികമായും മാനസികമായും ഉള്ള സാമൂഹ്യവിപ്ലവത്തിലേയ്ക്ക് നയിക്കുകയാണ്. പ്രശസ്ത ബ്രിട്ടീഷ് മനശാസ്ത്രജ്ഞനായ റൊണാൾഡ് ഡേവിഡ് ലാങ്ങിന്റെ നിരീക്ഷണം ഇവിടെ അനുയോജ്യമാണ്.

(R D Laing) “Experience is visible to the other. But experience is not subjective ratherthan objective not inner rather than outer not process rather than praxis not input rather then output…”[69] (1967:120). (അനുഭവം വളരെ വ്യക്തമായി മനസ്സിലാക്കത്തക്കതാണ് അതേസമയം തന്നെ അനുഭവം വ്യക്തിപരമായ ഒന്നല്ല മറിച്ച് വസ്തുതാപരമാണ്, ആന്തരികമല്ല മറിച്ച് ബാഹ്യമാണ്, പ്രക്രിയയെക്കാൾ ഉപരി അത് ഒരു ഫലമാണ്, ഉൽപ്പന്നമാണ്).

ചിരുത വർഗ്ഗ-വർണ്ണ പോരാട്ടത്തിന്റെ തീപ്പൊരി പോരാളിയായി നമ്മുടെ മനസ്സിൽ നിലനിൽക്കുന്നു. തകഴി കൃതികളിലെ സ്ത്രീവർഗ വിമോചകരിൽ പ്രധാനിയായി ചിരുതയെ വ്യാഖ്യാനിച്ചെടുക്കാം. ഒരു സംസ്കാരത്തെ മുഴുവൻ മാറ്റിമറിക്കാനുള്ള ഉൾപ്രേരണ ചിരുതയുടെ വാക്കുകളിലുണ്ട്. ഡേവിഡ് ലാങ്ങ് പറയുന്നതുപോലെ അനുഭവങ്ങളുടെതീച്ചൂള ചിരുതയെ വിപ്ലവകാരിയാക്കി മാറ്റിയിരിക്കുന്നു.

‘‘അവർണ്ണജാതിക്കാരെല്ലാം സംഘമായി ചെയ്യുന്ന കാർഷികവൃത്തിയുടെ കഥയാണ് രണ്ടിങ്ങഴി എന്നതിനാൽ അതിൽ മറ്റൊരു സാമൂഹികപരിവർത്തനം ഇടം നേടാതെ പോയി.’’[70] (2016 : 206)

രണ്ടിടങ്ങഴി എന്ന നോവലിന്റെ കാലം 1948 ആണ്. ആ കാലഘട്ടത്തിൽ ഇത്തരം കരുത്തരായ കഥാപാത്രങ്ങളെ പാകപ്പെടുത്താൻ തകഴിയ്ക്ക് കഴിഞ്ഞത് അദ്ദേഹത്തിൽ ആഴത്തിൽ വേരോടിയ മാനവിക മൂല്യങ്ങളുടെ പ്രേരണയാലായിരുന്നു. ആത്യന്തികമായി കുട്ടനാടൻ കർഷകനായ തകഴി തന്റെ കൃതികൾക്കു ചട്ടക്കൂടും മേൽക്കൂരയും ഉത്തരവും എല്ലാം നിർമ്മിച്ചത് ഈ മാനവികമൂല്യങ്ങളിലൂടെയായിരുന്നു.

**ദളിത് നവോത്ഥാനം രണ്ടിടങ്ങഴിയിൽ**

കീഴാള ദളിത്ജീവിതങ്ങളെ പ്രമേയകേന്ദ്രത്തിലേയ്ക്ക് കൊണ്ടുവന്നു എന്നുള്ളതാണ് നവോത്ഥാനസാഹിത്യത്തിന്റെ സവിശേഷത. അന്നുവരെ ഉന്നതകുലത്തിലുള്ളവരുടെ ജീവിതപ്രകാശനത്തിനുള്ള മാധ്യമമാണ് സർഗാത്മകരചനകൾ എന്നൊരു ബോധ്യംനിലനിന്നിരുന്നു. ആ ബോധ്യത്തെ പൊളിച്ചെഴുതുകയാണ് ദളിത്ജീവിതങ്ങളെ ആവിഷ്കരിക്കുന്ന രണ്ടിടങ്ങഴി അടക്കമുള്ള കൃതികൾചെയ്തത്. നവോത്ഥാനത്തിന്റെ മൂല്യങ്ങളിൽ ഗണനീയമായ സമത്വമായിരുന്നു തകഴിയുടെലക്ഷ്യം. അതിലേയ്ക്ക് അടുക്കാനുള്ള വഴികളാണ് അദ്ദേഹം തോട്ടിയുടെ മകനിലൂടെയും, രണ്ടിടങ്ങഴിയിലൂടെയും അധഃസ്ഥിതർക്കുമുന്നിൽ തുറന്നിട്ടത്. അധീശവർഗം കല്പ്പിച്ചുകൊടുത്ത പ്രത്യയശാസ്ത്ര ഘടനകളിൽ നിന്നുമാറി സ്വയം നിർവചിക്കാൻ കേരളത്തെ പഠിപ്പിച്ചത് നാരായണഗുരുവാണ്, തുടർന്ന് സഹോദരൻ അയ്യപ്പനുൾപ്പെടെയുള്ള നവോത്ഥാന രചയിതാക്കളണ് പുതിയൊരു സാഹിത്യപ്രസ്ഥാനത്തിന് പ്രചോദനം നൽകിയത്. ഇതിന്റെ പ്രതിഫലനം തകഴിയിലുണ്ട്. സംഘടിതമുന്നേറ്റങ്ങളിലൂടെ അപ്രത്യക്ഷമാകുന്ന സാമൂഹ്യവിഭജനങ്ങളകുറിച്ച് തകഴി അവരെ ഓർമിപ്പിച്ചു. വർഗസംഘർഷത്തിലൂടെ സ്ഥിതിസമത്വത്തിന്റെ ലോകം യാഥാർതത്ഥ്യമാക്കാൻ തകഴി തന്റെ നോവലിലൂടെ ശ്രമിച്ചു. ഇത്തരത്തിൽ ദളിത്വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രയത്നിച്ച സാഹിത്യകാരനായി നവോത്ഥാന കാലയളവിൽ തകഴി വേറിട്ടു നിൽക്കുന്നു.

കേരളത്തിലെ ദളിത്സമൂഹം ജാതിപരവും വർഗ്ഗപരവുമായ നിരവധി ചൂഷണങ്ങൾക്കു വിധേയമാകുന്നതിന്റെ രേഖകൾ പലതുമുണ്ട്. തിരുവിതാംകൂറിലെ അധഃസ്ഥിത മുന്നേറ്റത്തിനു ചുക്കാൻ പിടിച്ച അയ്യൻകാളി, പൊയ്കയിൽ അപ്പച്ചൻ, പാമ്പാടി ജോൺ ജോസഫ് എന്നിവരുടെ ശ്രമങ്ങൾ നമുക്ക് മുന്നിലുണ്ട്. രണ്ടിടങ്ങഴിയുടെ ആഖ്യാനം ആ ഘട്ടത്തിലെ ദളിത്സമൂഹം പ്രത്യേകിച്ച് പറയസമൂഹം കടന്നുപോന്ന സാമൂഹികപശ്ചാത്തലത്തെ കുറിച്ചുള്ള അറിവ് നൽകുന്നുണ്ട്. ഫ്യൂഡൽ മനോഭാവങ്ങൾ, മുതലാളിത്തത്തിലേയ്ക്കുള്ള വഴിമാറ്റം, ദേശിയപ്രസ്ഥാനം, കമ്മ്യൂണിസ്റ്റ്പ്രത്യയശാസ്ത്രം, പുരോഗമനസാഹിത്യത്തിന്റെ ആശയഗതികൾ, ജാതിപരവും വർഗ്ഗപരവുമായ സമരങ്ങൾ, തുടങ്ങി അനവധി വിഷയങ്ങൾ പരാമർശിക്കുന്ന ആഖ്യായികയായി രണ്ടിടങ്ങഴി എന്ന നോവൽ മാറുന്നു. പറയരും പുലയരും ഉൾപ്പെടുന്നസമൂഹത്തെ നീചജാതികളിൽ ഉൾപ്പെടുത്തികൊണ്ട് അവർക്ക് അന്നത്തെ ഫ്യൂഡൽ സമൂഹം ചാർത്തികൊടുത്ത ചൂഷണങ്ങളുടെ നേർചിത്രങ്ങൾ രണ്ടിടങ്ങഴിയിൽ നിന്നും വായിച്ചെടുക്കാവുന്നതാണ്.

കേരളത്തിൽ ഈഴവരടക്കമുള്ള സാമൂഹികവിഭാഗങ്ങൾ ജാതിപ്പോര് അനുഭവിച്ചിട്ടുണ്ടെങ്കിലും പറയ-പുലയ വിഭാഗങ്ങൾക്കു നേരേയുള്ള പീഡനവും ചൂഷണവും ഒന്നു വേറേതന്നെയായിരുന്നു. പാടത്തെ ചെളിയിൽ നെല്ല് വിളയിക്കുന്ന പറയന്റെ ജാതിപരവും വർഗ്ഗപരവുമായുള്ള ഉയർത്തെഴുന്നേൽപ്പായി രണ്ടിടങ്ങഴിയെ അടയാളപ്പെടുത്താം. പാട്ട കുടിയാന്മാരായ കർഷക തൊഴിലാളികൾ ജോലിയുള്ളകാലം മാത്രം പണിചെയ്ത് കൂലിയായി നെല്ല് വാങ്ങി ജീവിക്കുന്നു. ഇത്തരത്തിൽ കൂലിയായി നെല്ല് വാങ്ങി ജിവിക്കുന്ന സമൂഹത്തെക്കുറിച്ചും കൃഷിരീതിയെക്കുറിച്ചും ഓർമ്മയുടെ തീരങ്ങളിൽ എന്ന തകഴിയുടെ ആത്മകഥയിൽ നിന്നും വായിച്ചെടുക്കാം.

“പതിനായിരം പറ വിത്ത് വിതയ്ക്കുന്ന പാടശേഖരങ്ങളിലെ പ്രധാനപ്പെട്ട പണി വെള്ളം ശേഖരിക്കലും പുറംവേലി കുത്തലുമാണ്”[71] (1985-26).

ഭൂമിയ്ക്കുമേൽ യാതൊരു അവകാശവുമില്ലാത്ത പറയ സമൂഹം ഉടമസ്ഥരുടെ മണ്ണിൽ നേരിട്ടാണ് കൃഷിചെയ്തിരുന്നത്. കൃഷിപ്പണിയുടെ ആരംഭം മുതൽ നെല്ല് ജന്മിയുടെ അറയിൽ എത്തുന്നതുവരെയുള്ള എല്ലാ കാര്യങ്ങളും ഇവരുടെ കൈകളിലൂടെയായിരുന്നു നടന്നിരുന്നത്. കൂടാതെ വിളഭൂമിയുടെ കാവൽക്കാരും ഇവരായിരുന്നു. പ്രകൃതിദുരന്തങ്ങളിൽ ജീവൻ പണയം വച്ചും കൃഷി ഭൂമിയെ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം ഇവർക്കായിരുന്നു. വിശ്വസ്തയും വിധേയത്വവുമായിരുന്നു നല്ലൊരു പറയനുവേണ്ട ഗുണങ്ങളായി ജന്മിമാർ കണ്ടിരുന്നത്. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധവും 20-ാം നൂറ്റാണ്ടും ഈ വിഭാഗങ്ങളുടെ മോചനത്തിനു വേണ്ടിയുള്ള സാമൂഹികരാഷ്ട്രീയ വിപ്ലവത്തിന്റെ ചിന്തകൾ നിറച്ചുകൊണ്ടാണ് രംഗത്ത് വന്നത്. ആ കാലഘട്ടത്തിൽ നിലവിൽ വന്ന കമ്മ്യൂണിസ്റ്റ്വിപ്ലവ പ്രസ്ഥാനങ്ങൾ ചൂഷക സമൂഹത്തിനുനേരെ നിലകൊണ്ടു. കർഷക തൊഴിലാളികൾ അടക്കമുള്ള വലിയവിഭാഗം ദളിത്സമൂഹം ഈ പ്രത്യയശാസ്ത്രത്തോട് ആഭിമുഖ്യം പുലർത്തി കൊണ്ട് വർഗ്ഗപരമായകൂട്ടയ്മയിലേയ്ക്ക് നീങ്ങുന്നതിന്റെ രാഷ്ട്രീയപശ്ചാത്തലമാണ് തകഴി രണ്ടിടങ്ങഴിയിൽ അവതരിപ്പിച്ചിരിക്കുന്നത്.

നിരവധി ഇന്ത്യൻഭാഷകളിലേയ്ക്കും വിദേശഭാഷകളിലേയ്ക്കും വിവർത്തനം ചെയ്യപ്പെട്ട രണ്ടിടങ്ങഴി എന്ന നോവലിന് ഒരേയൊരു മാനകഭാഷ മാത്രമേ ഉണ്ടായിരുന്നുള്ളു. അടിച്ചമർത്തപ്പെട്ടവന്റെ വേദനയായിരുന്നു ആ ഭാഷ. സമൂഹത്തിന്റെ ചിന്താധാരയിലെ കെടാവിളക്കാണ് രണ്ടിടങ്ങഴി. കാലം കാത്തുവെച്ച നിരവധി കഥാപാത്രങ്ങളെ ആ കെടാവിളക്കിലെ വെളിച്ചത്തിൽ നമ്മൾ വായിച്ചെടുക്കു

മ്പോൾ അന്ന് അനുഭവിച്ച വിവേചനങ്ങൾ, വിഭാഗിയതകൾ എന്നിവ ഇന്നില്ലായെ ങ്കിലും വിവിധതരത്തിലുള്ള അവഗണനകൾക്കും വിവേചനങ്ങൾക്കും ഇന്നും കീഴാള സ്ത്രീ സമുദായം ഇരയാകുന്നുണ്ടെന്ന്പറയാം.

ദളിത് സ്ത്രീസമുദായത്തിന് ശാക്തീകരണത്തിന്റെ ആദ്യകരുത്ത് പകർന്ന ചിരുതയെപോലുള്ള കഥാപാത്രങ്ങൾ കാലയവനികക്കുള്ളിൽ ചിരഞ്ജീവികളായി കഴിയുന്നു. സാരോപദേശം നല്കുന്ന മറിയയും, പെണ്ണിനെ പണവുമായി തുലനം ചെയ്യാത്ത ചിരുതയുടെ അമ്മയും കരുത്തിന്റെ അഗ്നിപ്രവേശമായി ഈ നോവ ലിന്റെ പാർശ്വഭാഗത്ത് ജീവിക്കുന്നു. ഈ കഥാപാത്രങ്ങൾ കാലത്തിന്റെ കണ്ണാടിയി ലുടെ നോക്കുമ്പോൾ വർത്തമാനകാലസ്ത്രീസമൂഹത്തിന് ഏറെ പ്രചോദനം നല്കുന്നു.

**കാർഷിക സംസ്കാരത്തിൽ ഊന്നിയ സ്ത്രീജീവിതങ്ങൾ**

രണ്ടിടങ്ങഴി എന്ന കാർഷിക നോവൽ കാർഷിക രംഗത്തെ വിപ്ലവകരമായ മാറ്റങ്ങളെ പരാമർശിക്കുന്നു. കൂലി, നെല്ലായി നൽകിയിരുന്ന വ്യവസ്ഥയിൽ നിന്നും പണമായി നൽകുക എന്നവിപ്ലവമാണ് രണ്ടിടങ്ങഴിയിൽ നടന്നത്. ഈ മാറ്റത്തോട് പൊരുത്തപ്പെടാൻ അന്നത്തെ കർഷകർക്ക് കഴിഞ്ഞില്ല എന്ന് നോവ ലിൽ പറയുന്നുണ്ട്. നോവലിൽ ഒരിടത്ത് കൂലി പണമായി കൊടുത്തതിന് ഔസേപ്പ് മുതലാളിയോട് കോരൻ കലഹിക്കുന്നുണ്ട്. രണ്ടിടങ്ങഴിയിലെ കാർഷിക വിപ്ലവത്തിന് നാന്ദി കുറിച്ച കാരണങ്ങളിൽ ഒന്ന് കൂലി വ്യവസ്ഥ പണമാക്കിയതി നുള്ള പൊരുത്തകേടായിരുന്നു. ഇത്തരത്തിൽ മനുഷ്യജീവിതം അഭിമുഖീകരി ക്കുന്ന ഏതവസ്ഥകളെയും നോവലിൽ പരാമർശിച്ച് ശരികേടുകളെ പർവ്വതികരി ക്കുക എന്ന നവോത്ഥാന സാഹിത്യകാരന്റെ ലക്ഷ്യം തകഴി തന്റെ എല്ലാ കൃതിക ളിലും നടപ്പാക്കിയിരുന്നു.

ബ്രിട്ടീഷ് അധിനിവേശകാലത്ത് ക്രിസ്ത്യൻമിഷണറിമാരുടെ സേവന ത്തിന്റെ ഭാഗമായി ജാതിഅടിമകളായിരുന്ന കീഴാളവിഭാഗങ്ങൾക്ക് കൂലിയായി നെല്ലിനുപകരം പണമായും, ഞായറാഴ്ചദിവസം അവധിയും നൽകിവന്നു. ഇത് വലിയ മുന്നേറ്റത്തിന് കാരണമായി. അയ്യങ്കാളി ഉൾപ്പെടെയുള്ളവർ ഈ മാറ്റത്തെ സ്വീകരിക്കുകയാണുണ്ടായത്. തിരുവിതാംകൂറിലെ ഈ പരിവർത്തനത്തെ തകഴി കാണാതെ പോകുന്നുണ്ട്. രണ്ടിടങ്ങഴി എന്ന നോവലിന്റെ ആവിർഭാവത്തിനു മുമ്പ് ഇത്തരത്തിലുള്ള കാർഷികവിപ്ലവ നീക്കങ്ങൾ സമൂഹത്തിൽ നടന്നിരുന്നു എന്നത് ഇന്നത്തെ സമൂഹം കാണാതെ പോകുന്ന വസ്തുതയാണ്.

"ചലനം കൊള്ളുകയും, പരിണമിക്കുകയും, നൈരന്തര്യം പുലർത്തുകയും ചെയ്യുന്ന ജീവിതത്തിന്റെ ഭാഗമായ മനുഷ്യാവസ്ഥകളുടെ ചിത്രീകരണമായിരുന്നു തകഴി നടത്തിയിരുന്നത്. തനിക്കുപരിചിതമായ ഭൂപ്രദേശത്തിന്റെ കാലത്തിന്റെ, ജനതയുടെ പശ്ചാത്തലത്തിൽ വരച്ചിട്ട ആ രേഖാരൂപങ്ങൾ എല്ലാം കൂടി ചേർന്ന് അതിന്റെ സമഗ്രതയിൽ ഇതിഹാസസ്വരൂപമാർജിച്ചു. അങ്ങനെ തകഴിയുടെ കൃതികൾ ഒരു നാടിന്റേയും കാലഘട്ടത്തിന്റേയും ജീവിത പരിണാമ രേഖയായിതീർന്നു"[72] (1997:29).

കാർഷികവൃത്തിയിൽ ചിരുതയ്ക്കുള്ള കഴിവ് തെളിയിച്ചു കൊണ്ടാണ് വിവാഹ കമ്പോളത്തിൽ അവളെ പരിചയപ്പെടുത്തുന്നത്. ആ സന്ദർഭം നോക്കുക:

"പറിച്ചുനടാനാണെങ്കിലുംപായലുതുപ്പാനാണെങ്കിലും എന്നല്ല പുഞ്ചപ്പാടത്തെ ഏതു ജോലിക്കും അവളെ ജയിക്കാൻ ഒരു കിടാത്തിയില്ല. എന്നുമല്ല അവളെപ്പോലെ കൊയ്യുന്ന ഒരു പെണ്ണാളില്ല. നല്ല പാടശേഖരത്തിൽ ഒരു നിരയിൽ രാവിലെ അരിവാളുമായി ഇറങ്ങിയാൽ വയ്യീട്ടു കറ്റ കുത്താൻ സമയത്തേ അവൾ നിവരുകയുള്ളു. ഇരുവശവും അങ്ങനെ ഒന്നാം തരം കറ്റകൾ വരിവരിയായി കിടക്കും"[73].

കാർഷികജോലി യന്ത്രസംസ്കാരത്തിലേയ്ക്ക് മാറുകയും നടാനും, കൊയ്യാനും, മെതിക്കാനും വിപണിയിൽ എത്തിക്കാൻ വരെ യന്ത്രങ്ങളെ ആശ്രയിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ ചിരുത എന്ന കഥാപാത്രത്തിന്റെ കൃഷിപ്പണിയിലുള്ള വൈദഗ്ദ്ധ്യം പുത്തൻവായനക്കാർക്ക് അത്ഭുതം തന്നെയായിരിക്കും. ചിരുത കൊയ്തെടുത്ത കറ്റയെകുറിച്ചുള്ള കോരന്റെ പരാമർശം ഇത്തരത്തിലാണ്.

"അവളുടെ കറ്റയ്ക്ക് നല്ല അഴകാണ് അതു മറ്റുള്ളവരുടെ കറ്റയേക്കാൾ വലുതായിരിക്കും. അവൾ എല്ലാവരേക്കാൾ കൂടുതൽ പതം അളപ്പിച്ചു"[74].

കോരൻ ചിരുതയുമായുള്ള പ്രണയത്തിന്റെ നിറവിൽ അവളുടെ കൃഷിപ്പണിയിലും കൊയ്ത്തിലുമുള്ള മികവിനെ പരാമർശിക്കുന്നു. കൊയ്ത്തിലുള്ള ചിരുതയുടെ പ്രാവിണ്യം വ്യക്തമാക്കുന്നതാണ് മേൽപരാമർശിച്ചഭാഗം.

പെണ്ണുങ്ങൾ തമ്മിലുള്ള കലഹത്തിനിടയിൽ താൻ ഒരു മികച്ച കൃഷിതൊഴിലാളിയാണെന്ന് ചിരുത സ്വയം സ്ഥാപിക്കുന്നുണ്ട്.

“ഏന്നോ! പുഞ്ചക്കണ്ടത്തില് മേല എടുക്കേണ്ടത് എങ്ങനെയാണെന്ന് ഏനു മറിയാം. ഏനും തമ്പ്രാക്കന്മാരുടെ അടിയാട്ടിയാ, അവർക്കും കൃഷി ഒണ്ടായിരുന്നു[75].

മറ്റുള്ളവരുമായി ഏറ്റുമുട്ടുന്ന സന്ദർഭങ്ങളിലെല്ലാം കൃഷിഭൂമിയുമായി തന്റെ ജീവിതത്തെ ബന്ധപ്പെടുത്തി സംസാരിക്കുന്ന ചിരുതയെയാണ് നാം കാണുന്നത്. കൃഷിഭൂമിയിൽ ശുദ്ധമായി പ്രവേശിക്കേണ്ടതിനെ കുറിച്ചും ശുദ്ധിയില്ലെങ്കിൽ സഭവിക്കുന്ന വിപത്തുകളെ കുറിച്ചും മാണികിടാത്തിക്കു അഭിപ്രായമുണ്ട്.

“പുഞ്ചകണ്ടത്തിലാമേല നൂലുപോലുള്ള വരമ്പാ ലക്ഷിക്കുന്നേ സത്യത്തിന്മേലാനിക്കുന്നെ ചുത്തോം വൃത്തിയില്ലേല് മടവീഴുകോ പുഴ വീഴുകോ ഒക്കയാ”[76].

കൃഷിഭൂമിക്ക് ദൈവികാംശമുണ്ട് എന്ന് വിശ്വസിക്കുന്ന ഒരു വിഭാഗത്തിന്റെ ചിന്തയാണ് മേൽവിവരിച്ചത്.

കോരൻ കൃഷിപ്പണി ചെയ്ത പുഞ്ചകണ്ടത്തിൽ മികച്ച വിളവാണ്. അതിൽ കൊയ്ത്ത് നടക്കുമ്പോൾ അശ്രദ്ധമായി കൊയ്ത് കയറുന്ന പെണ്ണാളിനെ കോരൻ ശകാരിക്കുന്നു. ശകാരംകേട്ട അവളുടെ മറുപടി ഇപ്രകാരമാണ്.

“അടി ഇതെന്നാ കൂത്താ പുഞ്ചക്കണ്ടത്തി കൊയുമ്പം അങ്ങനെ യൊക്കെ ഒന്നും ഒറ്റേം മുറിക്കതിരുപോകും അതു പതിവാ”.

മറ്റൊരു പുലകിയുടെ അഭിപ്രായം ഇതാണ്

“പുഞ്ചകണ്ടത്തി വെളയുന്നതിന്റെ നാലിലൊന്ന് കണ്ടത്തിപോയില്ലെങ്കിൽ അതുപാപമാ”[77].

പുഞ്ചക്കണ്ടത്തെ കുറിച്ചുള്ള നിരവധി വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠനങ്ങളും പാലിച്ചുപോന്നിരുന്നുവരായിരുന്നു കുട്ടനാട്ടിലെ പറയ-പുലയ സ്ത്രീകൾ.

തകഴി സാഹിത്യത്തിന്റെ പ്രത്യേകത, അവതരിപ്പിക്കുന്ന മേഖലയെ അപഗ്രഥനാത്മകമായി സമീപിക്കുക എന്നുള്ളതാണ്. കുട്ടനാട്ടിലെ കാർഷിക വ്യവസ്ഥയിലെ നട്ടെല്ലാണ് അവിടുത്തെ സ്ത്രീജനങ്ങൾ. അവർ പ്രധാനമായും വ്യാപരി

ക്കുന്ന ഇടങ്ങളെ ചൊല്ലിയുള്ള ആശയങ്ങളും അധിക്ഷേപങ്ങളും വിശ്വാസങ്ങളുമെല്ലാം അവരുടെ സംഭാഷണത്തിൽ നിന്ന് വ്യക്തമാകും.

പാടത്ത് നട്ട ഞാറ് വളർന്നു വലുതാകുന്ന ഘട്ടങ്ങളെ പരാമർശിക്കുന്ന ഭാഗം നോക്കുക.

"അടികണയായി കൊതുമ്പായി, കായ് വഴങ്ങി തീർന്നു".

"കറ്റകൾ കണ്ടത്തിൽ നിന്ന് കൊണ്ട് വന്ന് കളത്തിൽ കൊണ്ട് വന്ന് അടക്കുക"[78].

മികച്ചൊരു കാർഷിക നിഘണ്ടുവായി രൂപകൽപ്പനചെയ്യാവുന്ന ഒരു നോവലാണ് രണ്ടിടങ്ങഴി. ഈ നോവലിൽ പരാമർശിക്കുന്ന കൃഷിജോലികളെക്കുറിച്ചും നിലമൊരുക്കൽ, കളപറിക്കൽ, വളമിടൽ തുടങ്ങി നെല്ല് അറയിലാവുന്നതുവരെയുള്ള കാലയളവിൽ കീഴാളവിഭാഗം ഉപയോഗിക്കുന്ന പദങ്ങൾ ആധുനിക സമൂഹത്തിന് തീർത്തും അന്യമാണ്. ഈ പദങ്ങൾ ഒരു നിഘണ്ടുവിലൂടെ പരിചയപ്പെടുത്തുന്നത് പൊയ്പ്പോയ കാർഷിക സംസ്കാരത്തെക്കുറിച്ച് വരുംതലമുറയ്ക്ക് മനസ്സിലാക്കാൻ സാധിക്കും.

ഒരു കാലഘട്ടം സാക്ഷ്യം വഹിച്ച, ഇന്ന് അന്യംനിന്ന കൃഷിഭൂമിയായി ബന്ധപ്പെട്ട കാഴ്ച്ചകൾ രണ്ടിടങ്ങഴിയിൽ ധാരാളമുണ്ട്. കൊയ്ത്ത് തീരുന്ന ദിവസം പണിയാളനും (പുരുഷന്) കൊയ്ത്താളിനും (സ്ത്രീയ്ക്ക്) ഓരോ കറ്റ തീർപ്പുണ്ട്. അവർ കൊയ്തെടുത്ത് കൂട്ടിയ കറ്റകൂമ്പാരങ്ങളിൽനിന്ന് ഒരു കറ്റ ജന്മി അവൻ/അവൾക്ക് നൽകുന്നതാണ് കറ്റതീർപ്പ്. ഓരോ കറ്റയെടുത്ത് ജന്മിയുടെ മുന്നിൽ കൊണ്ടുവന്ന് വയ്ക്കുന്നു. അത് പൊക്കിയെടുത്ത് അതിൽ നിന്ന് കുറേ കതിരുകൾ ഊരിയെടുത്ത് ബാക്കി തൊഴിലാളിക്ക് നൽകുന്നു. യന്ത്രസംസ്കാരം പുലരുന്നതിനുമുമ്പേ മനുഷ്യപ്രയത്നംകൊണ്ടു മാത്രം ഈ കാണായ ജനസമൂഹത്തിന് ആവശ്യമായ നെല്ല് അറപ്പുരയിൽ എത്തിച്ചത് എങ്ങനെയെന്നുള്ളതിന്റെ വിവരണം നോക്കുക.

"കണ്ണെത്താത്ത ദൂരത്തോളം വ്യാപിച്ചു കിടക്കുന്ന പാടങ്ങളിലെ കതിരുകൾ ഓരോന്നും അരിവാളിന്റെ വായ്ത്തല കൊണ്ട് മുറിച്ചെടുത്ത് കറ്റകളായി കെട്ടണം. എല്ലാം മനുഷ്യന്റെ കൈകൾ വേണം ചെയ്യുവാൻ. ആ കറ്റ കെട്ടുകൾ മനുഷ്യ തലയിൽ താങ്ങി കളത്തിൽ കൊണ്ടു പോണം. കളങ്ങളിൽ മല പോലെ കൂട്ടിയിരിക്കുന്ന കോടി കോടി പറകൾകണക്കിനുള്ള നെല്ല്മുഴുവൻ മനുഷ്യന്റെ ചവട്ടടി

കൾ ചവിട്ടി ഉതിർക്കേണ്ടതാണ്. മനുഷ്യ സ്പർശനമില്ലാത്ത ഒരു നെന്മണി അതിലില്ല. ഇനിയും അതുണക്കി പതിരുപോക്കി വെളിച്ചം കാണാത്ത അറകളിൽ വീഴണം"[79].

കാർഷിക സംസ്കാരത്തിലേയ്ക്ക് യന്ത്ര സംസ്കാരം കടന്നു ചെല്ലാത്ത നാളുകളിലെ ഈ കൃഷി രീതി ഇന്നത്തെ കാലഘട്ടത്തിന് അന്യമാണ്. ഇന്ന് പാടശേഖരങ്ങളിൽ മനുഷ്യന്റെ ചവിട്ടടികൾ പതിയുന്ന രംഗം കുറവാണ്. നിലം ഒരുക്കുന്നത് മുതൽ നെല്ല് സർക്കാറിന്റെ ഗോഡൗണുകളിൽ എത്തിക്കുന്നത് വരെയുള്ള ജോലി യന്ത്രങ്ങളുടേതാണ്. യന്ത്ര സംസ്കാരങ്ങളുടെ ഈ കാലഘട്ടത്തിൽ കൃഷി, വ്യവസായത്തിലേയ്ക്ക് ചുവട് മാറ്റിയതോടുകൂടി മണ്ണുമായുള്ള മനുഷ്യന്റെ ബന്ധങ്ങളുടെ കണ്ണി അറ്റ് കൊണ്ടിരിക്കുന്നു. 'കൃഷിക്കാരൻ എന്ന കഥയിൽ' തകഴി പറയുന്നതു പോലെ കുറേ രാസ വളങ്ങൾ കോരിയിട്ട് ഉണ്ടാക്കുന്ന കൃഷി. ഇത്തരത്തിൽ കഴിഞ്ഞകാലത്തിന്റെ കാർഷിക പാരമ്പര്യം പങ്കുവയ്ക്കുന്നു ഈ നോവലിൽ. ദളിതരായ കർഷകരെക്കുറിച്ചുള്ള, കാർഷിക രീതിയെ കുറിച്ചുള്ള, കൊയ്ത്തിനെകുറിച്ചുള്ള പരാമർശങ്ങൾ ഉൾക്കൊള്ളുന്ന മികച്ചൊരു നോവലായി രണ്ടിടങ്ങഴിയെ വായിച്ചെടുക്കാം. അതിനാൽ മികച്ചൊരു കാർഷിക നിഘണ്ടു തയ്യാറാകുന്നതിന് ഈ നോവൽ പ്രയോജനപ്പെടും എന്നുള്ളതിൽ തർക്കമില്ല.

"കൂലിയായി നെല്ല് വാങ്ങി ജിവിക്കുന്ന സമൂഹത്തെ കുറിച്ചും കൃഷി രീതിയെ കുറിച്ചും ഓർമ്മയുടെ തീരങ്ങളിൽ എന്ന ആത്മകഥയിൽ നിന്നും വായിച്ചെടുക്കാം"[80] (1985:26).

കാർഷികസംസ്കാരം യന്ത്രസംസ്കാരത്തിലേക്ക് വഴിമാറുന്ന ഈ ഘട്ടത്തിൽ, ഭൂരാഹിത്യംമൂലം മുഖ്യധാരയിൽ നിന്ന് അകന്നുനിൽക്കേണ്ടിവരുന്ന കീഴാളനെക്കുറിച്ചുള്ള ചിന്തകളും ഇതോടൊപ്പം കടന്നുവരുന്നു. മികച്ചൊരു കൃഷിക്കാരന്റെ, വിപ്ലവകാരിയുടെ, പ്രണയജോഡികളുടെ, കാർഷികതൊഴിലാളിയുടെ, ഫ്യൂഡൽപ്രഭുക്കളുടെ ദാമ്പത്യജീവിതത്തിന്റെ, സ്ത്രീപോരാട്ടത്തിന്റെ കാമനകളെ വളർത്താനും തളർത്താനും പര്യാപ്തമായ ഈ നോവലിന്റെ ഓരോ താളുകളും സാങ്കേതികയുഗത്തിന്റെ ഈ കാലഘട്ടത്തിലും വായിക്കപ്പെടും എന്ന് ഉറപ്പാണ്.

**കൈവശാവകാശവും കൈമാറ്റവും ചിരുതയുടെ കർതൃത്വവും**

പുരുഷകർതൃത്വത്തിൽ മാത്രം ചുറ്റിതിരിയുന്ന സ്ത്രീകഥാപാത്രമാണ് രണ്ടിടങ്ങഴിയിലെ ചിരുത. മൂന്നു പുരുഷന്മാരാണ് ചിരുതയുടെ ജീവിതത്തിൽ ചലനാത്മകമായ മാറ്റങ്ങൾ ഉണ്ടാക്കിയത്. കോരനുമായുള്ള വിവാഹമാണ് ആദ്യത്തേ

ത്. ചിരുതയെ സ്വന്തമാക്കാനായി കോരൻ അനുഭവിക്കുന്ന ക്ലേശങ്ങളിലൂടെയാണ് വായനക്കാർ അയാളെ പരിചയപ്പെടുന്നത്. വിവാഹദിനത്തിൽ കാളിപ്പറയനുമായു ണ്ടായ വാക്കുതർക്കത്തിൽ തന്റെ ബന്ധുക്കളുടെ വാക്കിനു വിലകൊടുക്കാതെ കോരൻ ചിരുതയ്ക്ക് അനുകൂലമായ നിലപാട് എടുക്കുന്നു. അവളുടെ ജോലി ചെയ്യാനുള്ള കഴിവ്, ചുറുചുറുക്ക്, തന്റേടം, വൃത്തിയുള്ള വേഷം, അഴകളവ്, ഇതെല്ലാം കോരനെ വല്ലാതെ ആകർഷിച്ചു. അങ്ങനെ ആ വിലപിടിച്ച വസ്തു വിന്റെ ഉടമസ്ഥാവകാശം കോരൻ സ്വന്തമാക്കി. മത്സരാധിഷ്ഠിത വിജയമാണ് ചിരു തയെ സ്വന്തമാക്കിയതിലൂടെ കോരൻ സ്ഥാപിച്ചെടുത്തത്. ആ മത്സരത്തിൽ തന്റെ സുഹൃത്തായ ചാത്തനെ പരാജയപ്പെടുത്തിക്കൊണ്ടാണ് അയാൾ പൗരുഷം സ്ഥാപിച്ചെടുക്കുന്നത്. ഈ പൗരുഷത്തിന്റെ അടുത്ത രൂപം നാം കാണുന്നത് ചിരു തയെ അതിക്രമിക്കാൻ ശ്രമിച്ച ജന്മിപുത്രനായ പുഷവേലിൽ ചാക്കോയെ കൊന്ന് ജയിൽ കയറുമ്പോഴാണ്.

രാഷ്ട്രീയ പ്രവർത്തനങ്ങൾക്കിടയിൽ ഒളിവിൽ കഴിയുന്ന കോരൻ പല പ്പോഴും വീണ്ടുവിചാരത്തിന് അടിമയാകുന്നുണ്ട്. ചിരുതയെ വിവാഹം കഴിച്ചത് ആപത്തായി എന്നാണ് അയാൾ കരുതുന്നത്. കാരണം ചിന്തകൾ സ്വതന്ത്രമായ പ്പോൾ, ചൂഷണത്തിന്റെ മുഖം വ്യക്തമായപ്പോൾ ദാമ്പത്യജീവിതത്തിന്റെ കെട്ടുപാ ടുകളും അതുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകളും കോരൻ മനസ്സിലാക്കുന്നു. അതു കൊണ്ടാണ് ചിരുതയെ ചാത്തന് കൈമാറാൻ ആലോചിക്കുന്നത്. ചാത്തനെ സംബന്ധിച്ച് അവൾ മോഹവസ്തുതന്നെ. ആത്യന്തികമായി പുരുഷേച്ഛക്കനുസ രിച്ച് നിയന്ത്രിക്കപ്പെടുന്ന ഒന്നാണ് ചിരുതയുടെ കർതൃത്വം. രാഷ്ട്രീയ നിയോഗ ത്തിന്റെ അടിസ്ഥാനത്തിലൂന്നിയ പൗരുഷത്തോടുകൂടിയാണ് ചൂഷണത്തിന്റെ ആഴം മനസ്സിലാക്കിയ കോരൻ ചിരുതയോട് സംസാരിക്കുന്നത് ആ സന്ദർഭം നോക്കുക.

“നീ വിചാരിച്ചത് നിന്റെ പറേൻ ഇനീം പുഞ്ചക്കണ്ടത്തില് മേല എടുത്ത് നെനക്കു കൊണ്ടെത്തരുമെന്നാ. അവൻ ജേലു കേറാനാ നോക്കുന്നെ”

“എന്നാലെക്കൊണ്ട് ഏനും അതിനാ പോണെ”.

“നിങ്ങൾ ആണുങ്ങാക്കുമാത്രം മതിയോ യോഗം? ഞങ്ങൾ പെണ്ണുങ്ങളും യോഗമൊണ്ടാക്കും. ഞങ്ങാക്കും കാര്യമൊണ്ട്”.

"ചോരേം നീരുമൊള്ള പറക്കിടാത്തിക്കും കഴിയണം. ഏനും അങ്ങനെ ജേലീ പോകും".

"പെണ്ണേ പിരാന്തു പറയാതെ, വേണേ വേറെ വല്ലോന്റേം കൂടെ പോ"[81].

ചിരുതയുടെ വിപ്ലവബോധത്തെ കോരൻ മുളയിലെ നുള്ളുകയാണ്. കൂടാതെ അവളുടെ ഭാവിസംരക്ഷണം തന്നിൽനിന്നു മാറ്റാൻ കോരൻ ആഗ്രഹിക്കുന്നു.

ചിരുത ആവേശപൂർവ്വം ആഗ്രഹിക്കുന്ന വിപ്ലവപങ്കാളിത്തം കോരൻ ഉദാസീനതയോടെ തള്ളിക്കളയുന്ന കാഴ്ചയാണ് നോവലിൽ കാണുന്നത്. അവളുടെ രാഷ്ട്രീയ കർതൃത്വമെന്നത് നോവലിന്റെ കേന്ദ്രലക്ഷ്യത്തെ പ്രതികൂലമായി ബാധിക്കും എന്ന കാഴ്ചപ്പാടാണ് നോവലിസ്റ്റിനുള്ളത്. അതുകൊണ്ടു തന്നെ അവളുടെ രാഷ്ട്രീയപ്രവേശനത്തെ തടഞ്ഞുകൊണ്ടുള്ള നിലപാടാണ് കോരൻ കൈക്കൊള്ളുന്നത്. പുരുഷന്മാർ നടത്തുകയും നയിക്കുകയും ചെയ്യുന്ന വിപ്ലവത്തിന്റെ കാഴ്ചക്കാരിയോ, വിധേയയോ ആയി ചിരുത മാറുന്ന കാഴ്ചയാണ് നാം ഇവിടെ കാണുന്നത്. ഫലത്തിൽ ചിരുത വീണ്ടും സ്വന്തം ശരീരത്തിന്റെ തടങ്കലിലേക്ക്, ലിംഗകർതൃത്വത്തിലേക്ക്, പുരുഷമേധാവിത്വത്തിലേക്ക് മടങ്ങുന്നു. കൈമാറ്റത്തിലൂടെ അടിച്ചേൽപ്പിക്കപ്പെട്ട സാഹോദര്യവും ചിരുത ഭയപ്പാടോടെയാണ് കരുതുന്നത്.

"അവൾ ചാത്തനെ ഭയപ്പെട്ടു, ചാത്തന്റെ സേവനങ്ങളെ ഭയപ്പെട്ടു. അവളുടെ കാലടികൾ വഴുതിയേക്കും".

ഒരു ദിവസം അവൾ പറഞ്ഞു.

"എല്ലാം കർമ്മമാ, അപ്പൻ പറഞ്ഞ പെൺപണം ചാത്തച്ചൻ കൊടുത്തിരുന്നെങ്കില്"

"ചാത്തൻ അവളുടെ മുഖത്തേക്ക് ഉറ്റുനോക്കി. അവനറിയാതെ അവന്റെ മുഖം ആശകൊണ്ട് പ്രകാശിച്ചു"[82].

സ്വയം അടിച്ചേൽപ്പിച്ച സദാചാരമൂല്യങ്ങളിൽ കുരുങ്ങുന്ന മൂന്നു കഥാപാത്രങ്ങളാണ് ചിരുതയും കോരനും ചാത്തനും. ഇതിൽ ചിരുതയുടെ ഉടമസ്ഥാവകാശം കൈമാറ്റംചെയ്യാൻ കോരന് അവകാശമുണ്ടെന്നും കൈമാറ്റം വാങ്ങാൻ

ചാത്തന് അവകാശമുണ്ടെന്നും നോവലിസ്റ്റ് സ്ഥാപിക്കുമ്പോൾ ചിരുതയുടെ അഭിപ്രായത്തിനും സ്വാതന്ത്ര്യത്തിനും യാതൊരു വിലയുമില്ലെന്ന് നോവലിസ്റ്റ് സ്ഥാപിക്കുകയാണ്. ആണധികാര വ്യവസ്ഥയിൽ സ്ത്രീയുടെ നില ഇന്നും വ്യത്യസ്തമല്ലെന്ന് രണ്ടിടങ്ങഴി എന്ന നോവലിന്റെ പുനർവായനയിലൂടെ മനസ്സിലാകുന്നതാണ്.

ചുരുക്കത്തിൽ കീഴാളദളിത്ജീവിതങ്ങളെ പ്രമേയകേന്ദ്രത്തിലേക്ക് കൊണ്ടുവന്നു എന്നതാണ് തകഴി എന്ന നവോത്ഥാനസാഹിത്യകാരൻ ചെയ്ത സാമൂഹ്യസേവനം. ഉന്നതകുലത്തിലുള്ളവരുടെമാത്രം ജീവിതപ്രകാശനത്തിനു ള്ളമാധ്യമമാണ് സർഗ്ഗാത്മകരചനകളെന്നബോധ്യംനിലനിൽക്കെ, ആ ബോധ്യത്തെ പൊളിച്ചെഴുതുകയായിരുന്നു രണ്ടിടങ്ങഴി എന്ന നോവലിന്റെ രചനയിലൂടെ തകഴി നടത്തിയത്. ജനാധിപത്യരാഷ്ട്രീയത്തിലേക്ക് സ്വയം നിർണ്ണയാവകാശത്തിനുള്ള ശേഷി ദളിത്വിഭാഗത്തിന് നേടിക്കൊടുത്തു എന്നതും ഈ നോവലിന്റെ മുന്നേറ്റമായി കണക്കാക്കാം. വർഗ്ഗസംഘർഷത്തിന്റെ, സ്ഥിതിസമത്വത്തിന്റെ ലോകം യാഥാർത്ഥ്യമാക്കുകയാണ് രണ്ടിടങ്ങഴിയിലൂടെ തകഴി ചെയതത്. ഇത്തരത്തിൽ ദളിത് വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രയത്നിച്ച ഒരു സാഹിത്യകാരനായി നവോത്ഥാന കാലയളവിൽ തകഴി വേറിട്ടുനിൽക്കുന്നു.

**കഥാപാത്ര നിരൂപണം**

**ചിരുത**

ജന്മി കുടിയാൻ വ്യവസ്ഥിതിയുടെ ഹൃദയ ഭേദകമായ ദുരന്ത ചിത്രം കോറിയിട്ട കൃതിയെന്നനിലയിലാണ് രണ്ടിടങ്ങഴി വായനക്കാരിൽ ചിരപ്രതിഷ്ഠ നേടിയത്. കുട്ടനാട് എന്ന നിലപാട് തറയിൽ നിന്നുകൊണ്ട് അടിയാള വർഗ്ഗത്തിന്റെ കഥയോടൊപ്പം നിരുപമപ്രണയത്തിന്റെയും കാർഷികസംസ്കൃതിയുടെയും നേർരേഖയായി രണ്ടിടങ്ങഴി എന്ന നോവലിനെ ചിത്രീകരിക്കുന്നു. ജന്മിമാരുടെ ക്രൂരവിനോദങ്ങൾക്ക് എന്നും ഇരയാകേണ്ടി വന്നിട്ടുള്ള നിസ്വരായ കീഴാളവിഭാഗത്തിന്റ ദുരന്ത ജീവിത സമസ്യകൾ സ്ത്രീസമൂഹത്തിന് ഏൽപ്പിച്ച പ്രത്യാഘാതങ്ങളെ ഈ നോവൽ വെളിപ്പെടുത്തുന്നു. സാധാരണകാരിയെങ്കിലും ധീരയും സ്വന്തം നിലപാടുകളിൽ ഉറച്ചു നിൽക്കുന്നവളുമായ ചിരുതയെന്ന പോരാളി ഇത്തരം സന്ദർഭങ്ങളെ എങ്ങനെ നേരിട്ടുവെന്ന്കൂടി വ്യക്തമാക്കി തരുന്നു രണ്ടിടങ്ങഴി എന്ന നോവൽ.

രണ്ടിടങ്ങഴിയിലെ സ്ത്രീസ്വത്വപ്രശ്നങ്ങൾ നോവലിസ്റ്റ് ആദ്യമേ അവതരിപ്പിക്കുന്നത് ചിരുതയുടെ അമ്മയായ കുഞ്ഞാളിയിൽനിന്നാണ്. സൗന്ദര്യവും

ആരോഗ്യവുമുള്ള വേലക്കാരിയും, പുഞ്ചപ്പാടത്തെ മണ്ണിനെ അറിഞ്ഞവളുമായ ചിരുതയെ വിലപിടിപ്പുള്ള ഉത്പ്പന്നമായിട്ടാണ് തന്തയായ കാളിപ്പറയൻ കരുതിയിരുന്നത്. സ്വന്തം കുടുംബത്തിലെ പുരുഷമേധാവിത്വത്തിന്റെ പ്രതീകമായ അയാൾ മകൾക്ക് വിവാഹാലോചനയുമായിവരുന്ന ആൺകിടാങ്ങളുടെഅടുത്ത് വിലപേശാൻ യാതൊരുമടിയും കാണിക്കുന്നില്ല. കുഞ്ഞാളി കാളിപറയനോട് മകളുടെ വിവാഹത്തെ വൈകിക്കുന്നത് സംബന്ധിച്ച് തട്ടിക്കയറുന്നത് നോക്കുക.

"അടി, ഇതെന്താ കൂത്താ? വരുന്നോനെ മരുന്നോനെ പെണക്കി അയാച്ചാലെകൊണ്ട്-ഇതെന്നാപാവിച്ചാ?

കിടാത്തി ഇങ്ങനെ നിന്നമതിയോ?

ഇതുകേട്ട് കാളിപറയൻ പ്രതികരിക്കുന്നത് ഇങ്ങനെയാണ്.

"ഏനറിയാമെടിവേണ്ടതുശെയ്യാൻ".

സ്വാഭാവികമായും തികട്ടിവന്ന ദേഷ്യത്തോടെ കുഞ്ഞാളി പറയുന്നു.

"എന്നാ അറിയാനാ?: അതിന് കാളിപറയൻ പറയുന്ന മറുപടി തികച്ചും മുതലാളിത്തത്തിന്റെ സ്പർശമുള്ളതാണ്.

"എടീ ഏൻ പൊന്നും, പണോം നെല്ലും ചരിക്കു മേടിക്കാതെ കിടാത്തിനെ കൊടുക്കത്തില്ല. ഏൻ ചോദിക്കുന്നതു തന്നേച്ചു കൊണ്ടു പോണ കിടാത്തന് ഇത് നോറോംമാവത്തില്ല"[83].

പരമ്പരാഗത സ്ത്രീസങ്കല്പമനുസരിച്ച് സ്ത്രീ, പുരുഷന് വിധേയയായി നിൽക്കുന്ന സർവ്വംസഹയായിരുന്നുവെങ്കിലും തന്റെ ഗതി മകൾക്ക് വരരുതെന്ന നിലപാട് കുഞ്ഞാളിക്കുണ്ടായിരുന്നു. അതിനാൽ പുകഞ്ഞുകൊണ്ടിരിക്കുന്നു അഗ്നിപർവ്വതത്തിൽനിന്ന് അതിശക്തമായുണ്ടാകുന്ന ലാവാപ്രവാഹംകണക്കെ കുഞ്ഞാളി ഇടയ്ക്കിടെ ഭർത്താവിനോട് പോരിനിറങ്ങുന്നുണ്ട്. നിർഭാഗ്യവശാൽ ഈ പൊട്ടിത്തെറികളൊന്നും ഫലം കാണുന്നില്ല എന്നു മാത്രം.

ഭർത്താവിനുമുന്നിൽ നട്ടെല്ലു നിവർത്തിനിൽക്കാൻ കഴിയാതിരുന്ന കുഞ്ഞാളിയിൽ നിന്ന് ചിരുതയിലേക്കു എത്തുമ്പോൾ ശക്തിസ്വരൂപിണിയായ സ്ത്രീയുടെ കരുത്തുറ്റ മുഖമാണ് തകഴി അവതരിപ്പിക്കുന്നത്.

"ചിരുത; അതാണ് പെണ്ണിന്റെ പേര്. നല്ല പെണ്ണാണ്, ഒന്നാന്തരം വേലക്കാരി നല്ല ആരോഗ്യം

"നല്ല പാടശേഖരത്തിൽ ഒരു നിരയിൽ അരിവാളുമായി ഇറങ്ങിയാൽ വയ്യീട്ടു കറ്റ കുത്താൻ സമയത്തേ അവൾ നിവരുകയുള്ളു. ഇരുവശവും അങ്ങനെ ഒന്നാം തരം കറ്റകൾ വരിയായി കിടക്കും"[84].

മണ്ണിന്റെയും പെണ്ണിന്റെയും അരികുജീവിതങ്ങളുടെയും കഥ പറയുന്ന രണ്ടിടങ്ങഴിയുടെ രചനയ്ക്കു ശേഷം "പറയൻ സാഹിത്യകാരൻ" എന്ന വിളിപ്പേര് തകഴിയ്ക്ക് ലഭിച്ചു. ചിരുതയെന്ന പറയകിടാത്തിയെ ആകാലഘട്ടത്തിലെ വീരനായികയാക്കി മാറ്റുന്ന വീരോചിതമായ രചനാകുശലതയാണ് തകഴി അവതരിപ്പിച്ചത്. വർഗ്ഗബോധമുള്ള പറയന്റെയും പുലയന്റേയും ആത്മാലാപനങ്ങളുടെ വിപ്ലവപകർച്ചയാണ് രണ്ടിടങ്ങഴി എന്ന നോവൽ. ഈ ഇതിഹാസത്തിന് ചാരുതപകരുന്നതാണ് ചിരുത-ചാത്തൻ-കോരൻ കഥാപാത്രങ്ങളുടെ ഓരോ വേഷപകർച്ചയും. ചിരുതയുടെ അടുത്ത പെണ്ണുകാണൽ ചടങ്ങ് നടക്കുകയാണ്. ഇവിടേയും പെൺപണം തരുന്നത് ആരാണോ അവനാണ് ചിരുതയെ നല്കുക എന്നതാണ് കാളിപ്പറയന്റെ തന്ത്രം. അങ്ങനെയാണ് ഇട്ടുകെട്ടുംതറയിലെ വെളുത്തയുടെ മകൻ കോരൻ വിവാഹാലോചനയുമായി വന്നത്. പതിവുപോലെ കാളിപ്പറയനും കോരന്റെ കൂട്ടരും പെൺപണത്തെച്ചൊല്ലി തർക്കം ആരംഭിച്ചു.

"പെൺപണത്തിന് ഒരു മര്യാതയൊക്കെയില്ല്യേ"[85].

എന്നാണ് കോരന്റെ കൂട്ടർ ചോദിക്കുന്നത്.

സൂര്യൻ എത്ര ഉദിച്ചസ്തമിച്ചാലും പെണ്ണെന്നവസ്തു ഒരു വില്പ്പനചരക്കാണെന്നചിന്ത നമ്മുടെ സമൂഹത്തിലുണ്ട്. അവൾ നിന്നാലും പോയാലും ഉടമസ്ഥന് ലാഭംതന്നെ. പതിവിനുവിപരീതമായി കോരൻ തന്നെ കാളിപ്പറയനോട് പറയുന്നു.

"അച്ചൻ ചോതിക്കുന്ന പെമ്പണം തരാം പക്ഷേ മേടമാതം കഴിഞ്ഞേ പെണ്ണിനെ വേറെ ആളിനുമാക്കു കൊടുക്കാവൂ[86].

ആ വ്യവസ്ഥയും കാളിപ്പറയനു സ്വീകാര്യമായില്ല. പറയുന്ന സംഖ്യ ആര് തരുമോ അവർക്കു പെണ്ണിനെകൊടുക്കു എന്നതാണ് കാളിപ്പറയന്റെ പ്രമാണം. എങ്കിലും ചിരുതയും കോരനും പരസ്പരം മനസ്സുകൊടുത്തു. പണം പ്രണയത്തിനു മുമ്പിൽ പിണമാണെന്ന് അവർ തെളിയിച്ചു. കോരനോടുള്ള അദമ്യമായ പ്രണയം

ഉള്ളിൽ സൂക്ഷിക്കുമ്പോഴും, അടിച്ചമർത്തപ്പെട്ടവനെങ്കിലും തന്റെ കുടുംബത്തിൽ പുരുഷാധിപത്യം അടിച്ചേൽപ്പിക്കുന്ന പിതാവായ കാളിപ്പറയന്റെ മുന്നിൽ വിധേയയായി നിൽക്കുന്ന ഒരു നല്ലമകളായാണ് ചിരുത പെരുമാറുന്നത്. തന്റെ പ്രണയസാഫല്യത്തിനായി സ്വന്തം ഇഷ്ടം വെളിപ്പെടുത്താനോ അത് നോക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ പ്രകടിപ്പിക്കാനോ ചിരുത ശ്രമിക്കുന്നില്ല. ഇവിടെയെല്ലാം യഥാസ്ഥിതികത്വത്തിന്റെ ചങ്ങലകെട്ടുകൾക്കിടയിൽ ഹോമിക്കപ്പെട്ടുപോകുന്ന പരശ്ശതം സ്ത്രീജീവിതങ്ങളുടെ പകർന്നാട്ടം ചിരുതയിലും കാണാം.

അനുസരണശീലമുള്ള മകളായിട്ടാണ് തകഴിയിലെ പാരമ്പര്യവാദി ചിരുതയെ ചിത്രീകരിക്കുന്നത്. ഏതൊരു സാധാരണ സ്ത്രീയെയും പോലെ ഈശ്വരനോടുള്ള യാചന മാത്രമാണ് പ്രണയസാഫല്യത്തിനായി ചിരുത കണ്ടെത്തിയത്. പ്രകൃതിയെ അറിഞ്ഞ് പരിസ്ഥിതിയെ സ്നേഹിക്കുന്ന പെണ്ണാണ് ചിരുത. മണ്ണിനെ ചൂഷണം ചെയ്യുന്നതു പോലെ പെണ്ണിനെയും ചൂഷണം ചെയ്യുന്ന പരിസ്ഥിതിവാദം ഈ നോവലിലും കാണാം. ചിരുതയെന്ന പെണ്ണിനെ ലഭിക്കാൻ കോരന് ഏറെ എതിർപ്പുകളെ നേരിടേണ്ടിവരുന്നുണ്ട്. താങ്ങാവുന്നതിൽ കൂടുതൽ ബാധ്യതയുമായി ചിരുതയെന്നസ്വപ്നത്തെ യാഥാർത്ഥ്യമാക്കാൻ അവൻ ഒരുങ്ങുകയാണ്. അമ്പത്രൂപയും ഇരുപത്തിയഞ്ച്പറനെല്ലും കൈനകരിയിലെ പുഷ്പവേലിൽ മുതലാളിയിൽ നിന്നു വാങ്ങുമ്പോൾ സാമ്പത്തികബാദ്ധ്യത മാത്രമല്ല താൻ വരുത്തി വയ്ക്കുന്നത്, കീഴാളപെണ്ണുടലിന്റെ അഭിമാനത്തിന്റെ വില കൂടിയാണ് എന്ന യഥാർത്ഥ്യം കോരൻ മനസ്സിലാക്കാൻവൈകുന്നു. മണ്ണിൽനിന്നും പൊന്ന് വിളയിച്ച് മുതലാളിയുടെ കടം വീട്ടി തങ്ങളുടെ ജീവിതം സ്വസ്ഥമായി മുന്നോട്ടുപോകും എന്ന പ്രതീക്ഷിയിലാണ് അവർ ജീവിതം ആരംഭിക്കുന്നത്.

ഏകപത്നീവ്രതത്തിൽ വിശ്വസിക്കുന്ന കുടുംബസങ്കൽപ്പത്തിലെ ഉദാത്ത പ്രണയനായികയാണ് ചിരുത. കൊച്ചുകൊച്ചു കാര്യങ്ങളിൽ സന്തോഷം കണ്ടെത്തി ജീവിക്കാനാണ് അവർ ആഗ്രഹിച്ചത്. രണ്ടിടങ്ങഴി എന്ന നോവലിലെ ഏറ്റവും മനോഹര രംഗം ചിരുതയുടെയും ചാത്തന്റെയും ജീവിതം ആരംഭിക്കുന്നിടത്താണ്. കോരനിലെ വിപ്ലവകാരിക്ക് രൂപം കൊടുത്തത് ധർമ്മ പത്നിയായ ചിരുതയുടെ സ്വാധീനമാണ്. കൃഷി ചെയ്യാൻ അടിയാളനും വിളവെടുക്കാൻ ജന്മിയും ഇതൊരു സാമൂഹിക അസമത്വം ആണെന്ന തിരിച്ചറിവ് കോരനെപ്പോലെ ചിരുതയിലും ഉണ്ടാകുന്നുണ്ട്. അടിച്ചമർത്തപ്പെട്ട കീഴാളവിഭാഗത്തിന്റെ അമർഷത്തിന്റെ ബഹിർസ്ഫുരണങ്ങൾ ചിരുതയിൽ കാണാം. സ്ത്രീപക്ഷ സാഹിത്യകാരനായ തകഴിയെയാണ് ചിരുതയുടെ പരിവർത്തനത്തിൽ കാണാൻ കഴിയുന്നത്. കുടുംബി

നിയായ സ്ത്രീയിൽ നിന്നും വിപ്ലവകാരിയിലേയ്ക്കുള്ള പരിവർത്തനമാണ് ചിരുത യിൽ കാണുന്നത്. ഒപ്പം കുടുംബത്തിനുവേണ്ടി സർവ്വംസഹയായി, ത്യാഗിനിയായി നിലകൊള്ളുന്ന സ്ത്രീയുടെ ഉദാത്ത ഭാവങ്ങളും ചിരുതയിൽ പരിലസിക്കുന്നുണ്ട്. വർഗ്ഗസമരത്തിൽ പുരുഷനോടൊപ്പം പങ്കാളിയാവാനും സ്ത്രീശാക്തീകരണ ത്തിന്റെ പുതുനാമ്പായി മാറാനും ചിരുതയ്ക്ക് കഴിയുന്നു.

പ്രതികരണശേഷി ഇല്ലാതിരുന്ന പറയപുലയ വിഭാഗത്തിൽ നിന്നും ഉയിർകൊണ്ട് കാലാകാലങ്ങളായി സമൂഹത്തിൽ നിന്ന് അനുഭവിക്കേണ്ട അസമത്വ ങ്ങളെക്കുറിച്ച് മറ്റാരും ചിന്തിച്ചിട്ടില്ലാത്ത രീതിയിൽ ചിരുത ചിന്തിക്കാൻ തുടങ്ങി. ഇത് തുല്യനീതി സമത്വം, സ്വാതന്ത്ര്യം, ഉല്പാദനവിതരണത്തിലെ തുല്യത തുട ങ്ങിയ മാർക്സിയൻ ആശയസംഹിതകളിൽ അടിയുറച്ച്വിശ്വസിച്ച തകഴിയുടെ തന്നെ ചിന്തകളുടെ പ്രതിഫലനമായി കണക്കാക്കാം. ചിരുതയുടെ ആത്മരോഷം പ്രകടമാകുന്ന നോവലിലെ ഭാഗം നോക്കുക.

"പാവപ്പെട്ട പറയനോടും പുലയനോടും ചെയ്യുന്ന അഴിമതികളെകുറിച്ച് അവൻ ആവേശത്തോടെ വിവരിക്കുമ്പോൾ അവളുടെ രക്തത്തിന് ചൂട് പിടിക്കാറു ണ്ട്. ആ അഴിമതികൾ അവസാനിക്കണമെന്ന് അവൻ ആഗ്രഹിക്കുമ്പോൾ അവൻ അറിയാത്ത നിരവധി അഴിമതികളെക്കുറിച്ച് അവനെ ധരിപ്പിക്കണമെന്ന് അവൾക്ക് തോന്നിയിട്ടുണ്ട്. പറയനും പുലയനും അറിയാതെ ഇരുട്ടിൽ കളങ്ങളിലെ കച്ചി കൂനകൾക്കിടയിലും കണ്ണെത്താത്ത ദൂരത്തോളം പരന്നു കിടക്കുന്ന പാടത്തിലെ വായ്ച്ച നെല്ലിന്റെ ഇടയിലുള്ള വരമ്പുകളിലും വച്ചു നടക്കുന്ന അഴിമതികൾ! അവയെക്കറിച്ച് പറകിക്കും പുലകിക്കുമേ അിറഞ്ഞുകൂടു. ആ അഴിമതികൾക്കു അടിമപ്പെട്ടു ഞരങ്ങി ഞരങ്ങി എത്ര സ്ത്രീകളുടെ ആത്മാക്കൾ നശിക്കുന്നുണ്ട്. ! അതാരും അിറയുന്നില്ല. ആ ഞരക്കം ലോകത്തിലെ മനസ്സാക്ഷിയുടെ ചെവിയി ലോളം എത്തിച്ചെങ്കിൽ! പക്ഷേ മറ്റേതൊരു പറകിയേയുംപോലെ ആ ദയനീയ കഥകൾ ഭർത്താവിനോടു പറയാൻ അവൾ ആശിച്ചു"[87].

പ്രതിഷേധത്തിന്റെ അണയാത്തജ്വാലകൾ എരിയുന്നമനസ്സുമായാണ് ചിരുത ജീവിക്കുന്നതെന്ന് മുകളിൽ കൊടുത്ത നോവൽ ഭാഗം സാക്ഷ്യപ്പെടുത്തു ന്നു. മുതലാളിവർഗ്ഗത്തിന്റെ അനീതികളോട് അവർ കലഹിച്ചിരുന്നു. കോരനെന്ന മണ്ണിന്റെ മണമുള്ള കരുത്തനെ വിവാഹംചെയ്ത ചിരുത കുട്ടനാടൻപറയി യുടെയും, പുലയിയുടെയും മാനത്തിന് വിലയിടാൻ ജന്മിമാർ തുടങ്ങിയപ്പോൾ ഇങ്ങനെ ചിന്തിച്ചു പോകുന്നുണ്ട്.

“നാട്ടിൽ ധാരാളമുണ്ടെന്നു പറയുന്ന ആ ഹതഭാഗ്യകളായ സഹോദരികളെ കാണാനും അവരുമായി പരിചയപ്പെടാനും ചിരുത ആഗ്രഹിച്ചു അവരുടെ ദാരുണ കഥകൾ അവർ തന്നെ നേരിട്ടു പറഞ്ഞു കേട്ടെങ്കിൽ പലപ്പോഴും ചിരുതയ്ക്ക് തോന്നിയിട്ടുണ്ട് സ്ത്രീകളുടെ ഒരു യോഗം ഉണ്ടാക്കിയാൽ കൊള്ളാമെന്ന്”[88].

ചിരുതയുടെ വിപ്ലവ വീര്യം സ്ഫുരിക്കുന്ന വാക്കുകൾ ഇനിയുമുണ്ട്.

“നിങ്ങ ആണുങ്ങാക്കു മാത്രം മതിയോ യോഗം?

ഞങ്ങ പെണ്ണുങ്ങളും യോഗമൊണ്ടാക്കും ഞങ്ങാക്കും കാര്യമൊണ്ട് ?

ചോരേംനീരുമൊള്ള പറക്കിടാത്തിക്കും കഴിയണം ഏനും അങ്ങനെ ജേലിപ്പോകും[89].

ചിരുതയെന്ന പറയകിടാത്തി വിപ്ലവത്തിന്റെ പാതയിൽ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു എന്നുള്ളതിന്റെ സൂചനയാണ് മേൽക്കാണുന്നത്.

കുടിലിൽ ആരുമില്ലാത്ത നേരത്ത് ചിരുതയെ ബലാൽക്കാരം ചെയ്യാൻനെത്തിയ ചാക്കോയെ അവിടെ കടന്നുവന്ന് കോരൻ തല്ലി കൊല്ലുകയായിരുന്നു. അങ്ങനെ ജയിൽശിക്ഷയ്ക്കു വിധിക്കപ്പെട്ട കോരൻ ചിരുതയുടെ സംരക്ഷണം ചാത്തന് ചാർത്തികൊടുക്കുന്നു. തന്നെ വിവാഹംചെയ്യാൻ ആഗ്രഹിച്ച ചാത്തന്റെ സംരക്ഷണത്തിൽ കഴിയുന്ന ചിരുത ഭർത്തൃമതിയെന്നനിലയിലും, അമ്മയെന്നനിലയിലും, സ്ത്രീയെന്ന നിലയിലും ഏറെ മാനസികക്ലേശം അനുഭവിക്കുന്നുണ്ട്. ചാത്തനെ ഭർത്താവായി സ്വീകരിക്കാൻ മാനസികമായി ബുദ്ധിമുട്ടിയ ചിരുതയിൽ നിന്ന് വന്ന വാക്കുകൾ നോക്കുക.

“ഏന് ഒരാങ്ങളയില്ല അതു കൊണ്ട് ഒരാങ്ങള ഉണ്ടായി”.

“ഏൻ എന്തു മിണ്ടണം”.

എന്നാലെകൊണ്ട് എന്റെ ആങ്ങളയായി.

എൻ കൊച്ചിന്റെ അമ്മാച്ചനായി നമുക്കു ചാകുന്നതു വരെ കഴിയാം എന്താ?[90].

ചിരുത എന്ന കഥാപാത്രത്തിന്റെ ഏകപത്നീവ്രതത്തിന്റെ പൂർത്തികരണമാണ് ഇവിടെ കാണുന്നത്. വിവാഹം എന്ന സ്ഥാപനത്തിന്റെ പരിപാവനതയിൽ അടിയുറച്ച് വിശ്വസിച്ചവളായിരുന്നു ചിരുത. നവോത്ഥാനത്തിന്റെ തീപ്പൊരി ചിന്തകൾ കോരനിൽ നിന്ന് ചിരുത ഏറ്റു വാങ്ങിയപ്പോഴും ഏകപത്നീവ്രതത്തിൽ

അവൾ വിശ്വസിച്ചു. ചിരുതയെ ചാത്തന്റെ സംരക്ഷണയിൽ കഴിയാൻ പരിപാക പ്പെടുത്തിയതിനുശേഷമാണ് കോരൻ ജയിൽ കയറിയത്.

"അർദ്ധരാത്രിയിൽ തറപൊളിച്ച് അകത്ത് കയറിയും മേടമാസത്തിൽ കച്ച കൂനകൾക്കിടയിലും മൃഗീയമായ വികാരത്തിന്റെ കളിപ്പാവയായി തീർന്നു നശി ക്കുന്ന പറക്കള്ളികൾക്കുവേണ്ടി ചിലതെല്ലാം അവൾക്കു ചെയ്യാനുണ്ട്[91].

ഒരു കണ്ണാടി എടുത്ത് അതിൽനോക്കിയപ്പോൾ ചിരുത അവളെകണ്ടു. അവ ളല്ലേ ആ പാവങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ അർഹതയുള്ളവൾ? കര കൾതോറും, വീടുകൾ തോറും നടന്നു ഭർത്താവിനു ചെയ്യാൻ കഴിയാതെ വന്നത് ഏറ്റെടുത്ത് നടത്തിയാൽ അതല്ലേ തൃപ്തികരം?

നിലവിലുള്ള വ്യവസ്ഥകളോടുള്ള പ്രതിഷേധമാണ് ചിരുതയുടെ ഈ വാക്കുകളിൽ നീറി പുകയുന്നത്. സ്വത്വബോധവും പ്രതിസന്ധികളിൽ തളരാതെ ആത്മവീര്യത്തോടെ പോരാടാനുള്ള ഇച്ഛാശക്തിയും, അപാരമായ ആത്മവിശ്വാസ വുമുള്ള സ്ത്രീയിലേയ്ക്കുള്ള സംക്രമണത്തിന്റെപാതയിലായിരുന്നു ചിരുത യെന്നകുടുംബിനി. കോരനെ കാണാൻ ജയിലിലെത്തിയ ചിരുതയോട് കോരൻ പറയുന്നുണ്ട് ചാത്തൻ നിന്നെ രക്ഷിക്കുമെന്ന് ഇതിനു മറുപടിയായി ചിരുത പറ യുന്നു.

"ഏനെ ആരും രക്ഷിക്കണ്ട ഏൻ പെണ്ണുങ്ങൾക്കുവേണ്ടി യൂണിയനിൽ ചേരാമ്പോവ്"[92].

കീഴാള സമുദായത്തിലെ സ്ത്രീ ശാക്തീകരണത്തിന്റെ ഉറവിടം ചിരുതയെ പോലുള്ള കഥാപാത്രങ്ങളാണ്. പറയിയും പുലയിയും പാടത്തെ ചണ്ടിപ്പോലെ സമൂഹത്തിൽ ചവിട്ടി താഴ്ത്തപ്പെടേണ്ടവളാണ് എന്ന അവസ്ഥയ്ക്ക് മാറ്റം വന്നിരി ക്കുന്ന ഈ കാലഘട്ടത്തിൽ ചിരുതയുടെ ആവേശഭരിതമായ വാക്കുകൾ കാലമാ കുന്ന ചാരത്തിനുള്ളിൽ ഒളിമങ്ങാതെ കിടക്കുന്ന കനലുകളാണ്.

യൂണിയൻ ആഫീസിൽ വച്ച് കുഞ്ഞിനെ കോരന്റെ കൈകളിലേയ്ക്ക് നൽകി കൊണ്ട് ചാത്തൻ പറയുന്നു.

"ഞങ്ങൾ ആങ്ങളയും പെങ്ങളും ആയിരുന്നു"[93].

നീണ്ട പതിനഞ്ചു വർഷം ചാത്തൻ എന്ന സഹോദരനോടൊപ്പം ജീവിച്ച ചിരുതയുടെ മനസ്സിൽ എരിഞ്ഞു നീറിയത് തന്റെ സമൂഹത്തിൽ വരുത്തേണ്ട വിപ്ല വകരമായ മാറ്റത്തെക്കുറിച്ചായിരുന്നു. ആ മാറ്റത്തിന് ഒരു നിമിത്തമായി താൻ മാറ

ണമെന്ന് അവൾ ആഗ്രഹിച്ചു. സ്ത്രീപക്ഷത്ത് നിന്നു കൊണ്ട് സ്ത്രീകൾക്കു വേണ്ടി വാദിക്കുന്ന പുരുഷനായ എഴുത്തുകാരനെ നമുക്കിവിടെ കാണാം.

അടിച്ചർത്തപ്പെട്ടവന്റെ വേദനയെ പ്രകാശിപ്പിക്കാൻ നവോത്ഥാനകാലം കാത്തുവെച്ച കൃതിയായിരുന്നു രണ്ടിടങ്ങഴി. ആ കൃതിയിലെ കഥാപാത്രങ്ങളെ നവോത്ഥാനത്തിന്റെ വെളിച്ചത്തിൽ വായിച്ചെടുക്കുമ്പോൾ മാറിയ സാമൂഹികസാഹചര്യത്തിൽ ആ കഥാപാത്രങ്ങൾ അനുഭവിച്ച സംഘർഷങ്ങളല്ല ഇന്നത്തെ നിസ്വരായ സമൂഹം അനുഭവിക്കുന്നത് എന്ന് കാണാൻ കഴിയും. എങ്കിലും സ്ത്രീശാക്തീകരണത്തിനായി ആദ്യ കരങ്ങൾ ഉയർത്തി പ്രതിഷേധിച്ച രണ്ടിടങ്ങഴിയിലെ ചിരുതയെപ്പോലുള്ള കഥാപാത്രങ്ങൾ കാലയവനികക്കുള്ളിൽ ചിരപ്രതിഷ്ഠരായി കഴിയുന്നു. കരുത്തിന്റെ അഗ്നിയായി മാറിയ ചിരുതയെപ്പോലുള്ള സ്ത്രീ കഥാപാത്രങ്ങളാണ് കാലത്തിന്റെ കണ്ണാടിയിലൂടെ നോക്കുമ്പോൾ വർത്തമാനകാല സ്ത്രീസമൂഹത്തിന് ഏറെ പ്രചോദനം നൽകുന്നത്.

**ഉപസംഹാരം**

രണ്ടിടങ്ങഴി എന്ന നോവൽ നിറനാഴിയായി ചരിത്രത്തിലെന്നും വ്യാഖ്യാനിക്കപ്പെടും. ഓരോ വായനയിലും കാലാനുസൃതമായ പുതുചിന്തകൾ നോവലിൽ നിന്ന് ലഭിക്കുന്നു. നവോത്ഥാനകാലഘട്ടത്തിന്റെ യഥാർത്ഥ അനുഭവങ്ങളെ യാഥാർത്ഥ്യബോധത്തോടെയും, ബോധ്യത്തോടെയും ആവിഷ്കരിച്ച സാഹിത്യകാരൻ ആരെന്നുള്ള ചോദ്യത്തിന് ഉത്തരം തകഴിശിവശങ്കരപ്പിള്ള എന്നായിരിക്കും.

“മനുഷ്യനും ഭൂമിയും തമ്മിൽ, മനുഷ്യനും മനുഷ്യനും തമ്മിൽ, മനുഷ്യനും കാലവും തമ്മിൽ ഇപ്രകാരം പല നിലകളിൽ വർത്തിക്കുന്ന പ്രാപഞ്ചിക ബന്ധങ്ങളുടെ സങ്കീർണ്ണസ്വഭാവം ഒരു ഗ്രാമീണ ചിത്തത്തിന്റെ ലളിതമായ ആഖ്യാന ശൈലിയിലൂടെ അദ്ദേഹം വെളിപ്പെടുത്തി. മലയാളത്തിന് വിശ്വസാഹിത്യത്തിൽ സ്വന്തമായ പീഠം നേടിക്കൊടുക്കാൻ തകഴിയുടെ കൃതികൾക്ക് കഴിഞ്ഞതിൽ തെല്ലും അത്ഭുതപ്പെടേണ്ടതില്ല”[94] (1999:77).

ചരിത്രത്തിന്റെ മേഖലയെ ഉൾക്കൊണ്ടുകൊണ്ട്, ചരിത്രപരവും, രാഷ്ട്രീയവും, പുരാവൃത്തപരവുമായ നിരീക്ഷണങ്ങളിലൂടെ അനുഭവപരമായ ജ്ഞാനത്തെ ഉപയോഗിച്ചുകൊണ്ട് സാഹിത്യസൃഷ്ടി നടത്തിയ തകഴിശിവങ്കരപ്പിള്ള മനുഷ്യസമൂഹത്തിന് നിഷേധിക്കപ്പെട്ട അവകാശങ്ങൾക്കുവേണ്ടിയാണ് തന്റെ കൃതിയിലൂടെ സംസാരിച്ചത്.

## കുറിപ്പുകൾ

1. ജയലാൽ, ജെ. 2011, (എഡി.) *തകഴി ഓർമ്മ കാലം പഠനം,* ജില്ലാ ലൈബ്രറി കൗൺസിൽ. ആലപ്പുഴ, പ്രിയദ ബുക്സ്.
2. ബാലകൃഷ്ണപ്പിള്ള, കേസരി. 1984, *കേസരിയുടെ സാഹിത്യവിമർശനങ്ങൾ,*
3. *രണ്ടിടങ്ങഴി,* പുറം 34.
4. അതേ പുസ്തകം, പുറം 115.
5. ശിവശങ്കരപ്പിള്ള, തകഴി. 1985, *ഓർമ്മയുടെ തീരങ്ങളിൽ,* നാഷണൽ ബുക്സ് സ്റ്റാൾ, കോട്ടയം.
6. *രണ്ടിടങ്ങഴി,* പുറം 41.
7. അതേ പുസ്തകം, പുറം 99.
8. അതേ പുസ്തകം, പുറം 9.
9. മഹേഷ്, എം. ആർ. (ഡോ.) 2000, *മലയാളനോവലും ദേശീയതയും*. കോട്ടയം സാഹിത്യപ്രവർത്തക സഹകരണ സംഘം.
10. *രണ്ടിടങ്ങഴി,* പുറം 16.
11. അതേ പുസ്തകം, പുറം 26.
12. അതേ പുസ്തകം, പുറം 65.
13. മഹേഷ്, എം. ആർ. (ഡോ.) 2000, *മലയാളനോവലും ദേശീയതയും*. കോട്ടയം സാഹിത്യപ്രവർത്തക സഹകരണ സംഘം.
14. *രണ്ടിടങ്ങഴി,* പുറം 92.
15. മഹേഷ്, എം. ആർ. (ഡോ.) 2000, *മലയാളനോവലും ദേശീയതയും*. കോട്ടയം സാഹിത്യപ്രവർത്തക സഹകരണ സംഘം.
16. രണ്ടിടങ്ങഴി, പുറം 103.
17. അതേപുസ്തകം, പുറം 103.
18. മഹേഷ്, എം. ആർ. (ഡോ.) 2000, *മലയാളനോവലും ദേശീയതയും.* കോട്ടയം സാഹിത്യപ്രവർത്തക സഹകരണ സംഘം.
19. *രണ്ടിടങ്ങഴി,* പുറം 105.
20. മഹേഷ്, എം. ആർ. (ഡോ.) 2000, *മലയാളനോവലും ദേശീയതയും*. കോട്ടയം സാഹിത്യപ്രവർത്തക സഹകരണ സംഘം.
21. മുരളി, വി. എൻ. 2012, (പ്രൊഫ.) *രണ്ടിടങ്ങഴിയെ വായിക്കുമ്പോൾ. തകഴി വായനയും പുനർവായനയും,* (എഡി.) രാജേഷ് ചിറപ്പാട്, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
22. തരകൻ, കെ. എം. 1982, *മലയാള സാഹിത്യ ചരിത്രം*. കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
23. ദിവാകരൻ, ആർ. വി. എം. 2016, (ഡോ.) *രണ്ടിടങ്ങഴി: മണ്ണും നെല്ലും പണവും. തകഴി പഠനങ്ങൾ* (എഡി.) പന്മനരാമചന്ദ്രൻനായർ. (പ്രൊഫ.) കറന്റ് ബുക്സ്, കോട്ടയം.
24. *രണ്ടിടങ്ങഴി,* പുറം 30.
25. തരകൻ, കെ. എം. 1982, *മലയാളസാഹിത്യ ചരിത്രം,* കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
26. നാരായണൻ, എം. എം. 2017, *നോവൽ സൗന്ദര്യവും വൈരൂപ്യവും,* കൈരളി ബുക്സ്.
27. *രണ്ടിടങ്ങഴി,* പുറം 107.

28. അതേ പുസ്തകം, പുറം 107.

29. വിജയൻ, എം. എൻ. 2013, *കേസരിയുടെ ചരിത്ര ഗവേഷണങ്ങൾ,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

30. രണ്ടിടങ്ങഴി, പുറം 47.

31. അതേപുസ്തകം, പുറം 48.

32. അതേപുസ്തകം, പുറം 49.

33. അതേപുസ്തകം, പുറം 50.

34. അതേപുസ്തകം, പുറം 52.

35. അതേപുസ്തകം, പുറം 53.

36. അതേപുസ്തകം, പുറം 53.

37. അതേപുസ്തകം. പുറം 89.

38. അതേപുസ്തകം, പുറം 91, 92.

39. അതേപുസ്തകം, പുറം 102.

40. അതേപുസ്തകം, പുറം 107.

41. അതേ പുസ്തകം, പുറം 110

42. അതേ പുസ്തകം, പുറം 112

43. അതേ പുസ്തകം, പുറം 116

44. ജയചന്ദ്രൻ, ടി. എൻ. 1970, *നോവലിസ്റ്റിന്റെ ശില്പശാല.* ഡി. സി ബുക്സ്, കോട്ടയം.

45. *രണ്ടിടങ്ങഴി*, പുറം 27.

46. അയ്യപ്പപണിക്കർ, 1992, *തകഴി ശിവശങ്കരപ്പിള്ള.* ഡി. സി ബുക്സ് കോട്ടയം,

47. *രണ്ടിടങ്ങഴി,* പുറം 10.

48. അതേ പുസ്തകം. പുറം 10.

49. അതേ പുസ്തകം. പുറം 16.

50. ദിവാകരൻ, ആർ. വി. എം. 2016, (ഡോ.) *രണ്ടിടങ്ങഴി: മണ്ണും നെല്ലും പണവും. തകഴി പഠനങ്ങൾ* (എഡി.) പന്മനരാമചന്ദ്രൻനായർ. (പ്രൊഫ.) കറന്റ് ബുക്സ്, കോട്ടയം.

51. *രണ്ടിടങ്ങഴി*, പുറം 20, 21.

52. അതേ പുസ്തകം, പുറം 25.

53. അതേ പുസ്തകം, പുറം 35.

54. അതേ പുസ്തകം, പുറം 76.

55. അതേ പുസ്തകം, പുറം 103.

56. മഹേഷ്, എം. ആർ. 1988, *മലയാള നോവലും ദേശീയതയും.* കറന്റ് ബുക്സ്.

57. *രണ്ടിടങ്ങഴി.* പുറം 9.

58. അതേപുസ്തകം, പുറം 12.

59. അതേപുസ്തകം, പുറം 90.

60. അതേപുസ്തകം, പുറം 103.

61. അതേപുസ്തകം, പുറം 12.

62. ദിവാകരൻ, ആർ. വി. എം. 2016, (ഡോ.) *രണ്ടിടങ്ങഴി: മണ്ണും നെല്ലും പണവും,* തകഴി പഠനങ്ങൾ (എഡി.) പന്മനരാമചന്ദ്രൻനായർ. (പ്രൊഫ.) കറന്റ് ബുക്സ്, കോട്ടയം.

63. ചെമ്മീൻ, പുറം 103, 104.

64. നാരായണൻ, എം. എം. 2017, *നോവൽ സൗന്ദര്യവും വൈരൂപ്യവും.* കൈരളി ബുക്സ്.

65. *രണ്ടിടങ്ങഴി,* പുറം 20.

66. അതേപുസ്തകം, പുറം 75.

67. അതേപുസ്തകം, പുറം 49.

68. അതേപുസ്തകം, പുറം 50.

69. Ronthedge, *The politics of experience,* 1967.

70. ദിവാകരൻ, ആർ. വി. എം. (ഡോ.), 2016, *രണ്ടിടങ്ങഴി: മണ്ണും നെല്ലും പണവും.* തകഴി പഠനങ്ങൾ (എഡി.) പന്മനരാമചന്ദ്രൻനായർ. (പ്രൊഫ.) കറന്റ് ബുക്സ്, കോട്ടയം.

71. ശിവശങ്കരപ്പിള്ള, തകഴി. 1985, *ഓർമ്മയുടെ തീരങ്ങളിൽ.* നാഷണൽ ബുക്സ് സ്റ്റാൾ. കോട്ടയം.

"എനിക്കോർമ വരുന്നതിനുമുമ്പു തന്നെ കൃഷി ഒരു വ്യവസായമായി മാറാൻ തുടങ്ങികഴിഞ്ഞിരുന്നു. അന്നു മുതലായിരിക്കണം കൃഷിക്കാരന് തൊഴിലാളിയോ ടുള്ള മനോഭാവത്തിന് ക്രൂരമായ ഭാവം കൈവന്നത. ് കൃഷി ഒരു വ്യവാ സായമായി മാറാൻ തുടങ്ങിയപ്പോൾ മുതൽ പണത്തിന്റെ പ്രചാരവും വർധിക്കാൻ തുടങ്ങി. എവിടെ നിന്ന് ഈ പണം വന്നു. എങ്ങനെ കൃഷി വ്യവസായമായി മാറി എന്നതെല്ലാം പ്രത്യേക വിഷയങ്ങളാണ് കൃഷിക്ക് വ്യവസായത്തിന്റ രൂപം വന്നപ്പോൾ പുതിയ സമ്പ്രദായങ്ങൾ കടന്നുവന്നു. പാടശേഖരങ്ങളിലെ വെള്ളം വറ്റിച്ചു കൊണ്ടിരുന്നത് ചക്രങ്ങൾ കൊണ്ടാണ്. അത് ശ്രമകരമായ നീണ്ട പണി യായിരുന്നു. ആവി എഞ്ചിനുകളും എണ്ണ എഞ്ചിനുകളും നിലവിൽവന്നതോടു കൂടി യന്ത്രവൽക്കരണമായി. കൂലിയിൽ പണവും കടന്നുകൂടി. സ്വാതന്ത്ര്യ സമര ത്തോടൊപ്പം കാർഷികരംഗത്ത് ട്രേഡ്യൂണിയനുകൾ രൂപപ്പെടാൻ തുടങ്ങി. കർഷകതൊഴിലാളികൾ സംഘടിച്ചു മാത്രമല്ല മർദ്ദനങ്ങളേയും കുടിയൊഴിപ്പിക്ക ലിനേയും ചെറുക്കാനുള്ള കരുത്തുണ്ടായി. ഈ കാലഘട്ടം പ്രത്യേകമായ പ്രധാ ന്യം അർഹിക്കുന്ന ഒന്നാണ്"

72. രവികുമാർ, കെ. എസ്. 1997, *തകഴി ജീവിതപരിണാമത്തിന്റെ ഇതിഹാസകാരൻ.* ഡി. സി. ബുക്സ്. കോട്ടയം.

73. *രണ്ടിടങ്ങഴി,* പുറം 9.

74. അതേ പുസ്തകം, പുറം 16.

75. അതേ പുസ്തകം, പുറം 26.

76. അതേ പുസ്തകം, പുറം 26.

77. അതേ പുസ്തകം, പുറം 59, 60.

78. അതേ പുസ്തകം, പുറം 53, 59.

79. അതേ പുസ്തകം, പുറം 61.

80. ശിവശങ്കരപ്പിള്ള തകഴി, 1985, *ഓർമ്മയുടെ തീരങ്ങളിൽ.* നാഷണൽ ബുക്സ് സ്റ്റാൾ. കോട്ടയം.

81. *രണ്ടിടങ്ങഴി,* പുറം 92.

82. അതേ പുസ്തകം, പുറം 101.

83. അതേ പുസ്തകം, പുറം 10.

84. അതേ പുസ്തകം, പുറം 9.
85. അതേ പുസ്തകം, പുറം 12.
86. അതേ പുസ്തകം, പുറം 13.
87. അതേ പുസ്തകം, പുറം 89.
88. അതേ പുസ്തകം, പുറം 89.
89. അതേ പുസ്തകം, പുറം 92.
90. അതേ പുസ്തകം, പുറം 101.
91. അതേ പുസ്തകം, പുറം 102.
92. അതേ പുസ്തകം, പുറം 103.
93. അതേ പുസ്തകം, പുറം 106.
94. സാനു, എം. കെ. 1999, *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, പുസ്തകം 77. ലക്കം 9.

# അധ്യായം 4

# മിത്തും മിത്തിനുള്ളിലെ സ്ത്രീസഹനവും

സാഹിത്യം സമൂഹത്തിൽ വിളംബരം ചെയ്യേണ്ടത് സമൂഹത്തിലെ മേൻമകളും പോരായ്മകളും മാത്രമല്ല, സമൂഹത്തിൽ മുദ്രണം ചെയ്യപ്പെടാതെ കിടക്കുന്ന വിഭാഗത്തിന്റെ വാർത്തകളും വർത്തമാനങ്ങളുംകൂടിയായിരിക്കണം. സർഗ്ഗാത്മകമായ പലവഴികളിലൂടെയും ലോകസാഹിത്യം നിരവധി മനുഷ്യകഥാനുഗായികകൾ വാഴ്ത്തിപാടിയിട്ടും നിസ്വസമൂഹത്തിന്റെ വേദനകളെ പെതുചിന്താധാരയിലേയ്ക്ക് കൊണ്ടുവരാൻ ഇനിയും സാഹിത്യകൃതികൾ ആവശ്യമായിവരുന്നത് ഇന്നത്തെ സമൂഹത്തിന്റെ വേദനകൾക്കും, ആകുലതകൾക്കും കൃത്യമായ പരിഹാരം കാണാൻ സാഹിത്യകൃതികൾക്ക് കഴിഞ്ഞിട്ടില്ല എന്നതു കൊണ്ടാണ്. ഇ. റീഡിംഗിന്റെ (Internet reading) ഇന്നത്തെ കാലഘട്ടത്തിൽ നവോത്ഥാനമൂല്യങ്ങൾ അടങ്ങിയ നോവലുകളിലേക്ക് ഒരു മടങ്ങിപ്പോക്ക് നടത്തുകയാണ് ഈ പ്രബന്ധത്തിലൂടെ.

**കഥാസാരം**

നീർക്കുന്നം കടപ്പുറത്തെ ചെമ്പൻകുഞ്ഞിന്റെയും ചക്കിയുടെയും മകളായ കറുത്തമ്മ, മുസ്ലീം സമുദായത്തിലെ പരീക്കുട്ടിയെ പ്രണയിക്കുന്നതും ആ പ്രണയത്തെ ചൂഷണം ചെയ്തുകൊണ്ട് ചെമ്പൻകുഞ്ഞ് വള്ളംവുംവലയും സ്വന്തമാക്കാൻ പരീക്കുട്ടിയോട് പണം കടം വാങ്ങുന്നതും, ചെമ്പൻകുഞ്ഞിന്റെ മാത്രം തീരുമാനപ്രകാരം കറുത്തമ്മ സ്വസമുദായത്തിലെ അനാഥനായ പളനിയെ വിവാഹം കഴിക്കുന്നതും അതിനെ തുടർന്നുള്ള അന്തസംഘർഷങ്ങളുമാണ് നോവലിലെ പ്രതിപാദ്യം. കറുത്തമ്മയുടെ പ്രണയകഥകൾ അറിഞ്ഞ പളനി അവളെ പല വട്ടം വിചാരണ ചെയ്യുന്നുണ്ട്. ഭാര്യ ചാരിത്രശുദ്ധിയോടെ ജീവിക്കണമെന്ന വിശ്വാസത്തിന്റെ അടിസ്ഥാനമായി ആ സമുദായത്തിൽ നിലനിൽക്കുന്ന മിത്ത് നോവലിന്റെ ആരംഭം മുതൽ അവസാനംവരെ ഒരാവരണമായി നോവലിൽ നിറഞ്ഞു നിൽക്കുന്നു.

''വാസ്തവത്തിൽ അങ്ങനെയൊരു വിശ്വാസം കേരളത്തിലെ ഒരു കടപ്പുറത്തുമില്ല. മധ്യവർഗ്ഗസദാചാരബോധം ഒരു മിത്തിന്റെ രൂപത്തിൽ പാവപ്പെട്ട അവരുടെ മേൽ അടിച്ചേൽപ്പിക്കുകയായിരുന്നു തകഴി എന്ന് വിമർശിക്കപ്പെട്ടിട്ടുണ്ട്''[1] (2004 : 207).

ഈ മിത്തിനെ വിശ്വസിച്ചുകൊണ്ടാണ് കാറ്റുംകോളും നിറഞ്ഞ രാത്രിയിൽ പളനി കടലിൽ പോകുന്നത്. വലിയൊരു സ്രാവിന്റെ അടിയേറ്റ് കടലിന്റെ ആഴങ്ങളി ലേക്ക് പളനി മറയുമ്പോഴും കറുത്തമ്മേ എന്ന വിളിയായിരുന്നു അയാളുടെ കണ്ഠ ത്തിൽ നിന്ന് ഉയർന്നത്. പളനി കടലിൽപോയ രാത്രിയിൽ പരീക്കുട്ടി പുറക്കാട്ടുക ടപ്പുറത്തെത്തുകയും കറുത്തമ്മയുടെ കുടിലിനു സമീപം നിന്ന് അവളെ വിളിക്കു ന്നു. പരീക്കുട്ടിയുടെ വിളികേട്ട കറുത്തമ്മ മിത്തിനെ മറന്ന് കുടിലിൽ നിന്ന് ഇറങ്ങി വരികയും ആലിംഗനബദ്ധരായി മരണത്തെ പുൽകുകയും ചെയ്യുന്നു. ഈ മിത്തിനെ പരാമർശിച്ചുള്ള നിരവധി സംഭവകഥകൾ നോവലിലെ സ്ത്രീകഥാപാ ത്രങ്ങൾ പറഞ്ഞു നടക്കുന്നു. കറുത്തമ്മ മിത്തിനെ വിശ്വസിക്കുകയും ലംഘിക്കു കയും ചെയ്തു.

''തകഴിയുടെ നോവൽ രചനയുടെ പുതിയൊരുഘട്ടം ചെമ്മീനോടുകൂടി ആരംഭിക്കുന്നുവെന്ന് പറയാം. റിയലിസം ഭാവനാത്മകതയോട് മേളിച്ച് പുതി യൊരു ആഖ്യാനശൈലിരൂപമെടുക്കുന്നു. രാഷ്ട്രീയമായ ആശയഗതികൾ തിരോ ഭവിക്കുന്നു''[2] (2004 : 207).

ലോകഗതിയുടെ മാറ്റങ്ങൾക്കനുസരിച്ച് അതിലിടപെടുക എന്നതാണ് സാഹിത്യകാരൻ ചെയ്യേണ്ട അടിസ്ഥാനധർമ്മം. പ്രചോദനാത്മകമായ ആശയ ങ്ങളെ ലോകത്തിന്റെ നന്മയ്ക്കായി മാറ്റിയെടുക്കുക. ആ മാറ്റിയെടുക്കൽ പ്രക്രി യ്ക്ക് വിധേയമാകുന്ന സമൂഹത്തിന്റെ ചിത്രം സാഹിത്യത്തിലും, കലയിലും പ്രതി ഫലിക്കും. മേൽപറഞ്ഞ സവിശേഷതകൾ ഒത്തിണങ്ങിയ അപൂർവ്വം കൃതികളുടെ ഗണത്തിൽ തകഴിയുടെ കൃതികളെയും ഉൾപ്പെടുത്താം. തകഴി തന്റെ നോവലുക ളിൽ കാലത്തിനനുസരിച്ച എഴുത്തു രീതിയാണ് പരീക്ഷിച്ചത്. ആ പരീക്ഷണം വിജയിച്ചു എന്നുമാത്രമല്ല നാല്പ്പതുമേനിയും, അറുപതുമേനിയും, നൂറുമേനിയും ഫലം പുറപ്പെടുവിക്കുകയും ചെയ്തു. ചെമ്മീൻ എന്ന നോവലിന്റെ ആവിർഭാവം വിത്തിനംമാറ്റിയുള്ള കൃഷിരീതിയ്ക്ക് ഉദാഹരണമായി ചൂണ്ടിക്കാണിക്കാം. അന്നു വരെ റിയലിസത്തിൽ ഊന്നിനിന്നുകൊണ്ട് ചേറിലും ചെളിയിലും നിന്ന് ചോറു ണ്ടാക്കുന്ന കർഷകരെ വാഴ്ത്തിപാടിയ തകഴി, കാല്പ്പനികമായ രചനാശൈലി യിൽ നിന്നുകൊണ്ട് ഒരു ദുരന്ത പ്രേമകഥയ്ക്ക് രൂപം നല്കി. ജീവിതത്തെയും മനുഷ്യരെയും സ്നേഹിച്ച തകഴി മുക്കുവരുടെ ജീവിതത്തിൽ വേരോടിയെന്ന് പറ യപ്പെടുന്ന ചിലവിശ്വാസങ്ങളെ പൊതുസമൂഹത്തിനുമുന്നിൽ വെളിപ്പെടുത്തു കയാണ് ചെമ്മീൻ എന്ന ദുരന്തപ്രേമകാവ്യത്തിലൂടെ ചെയ്തത്.

മാർക്സിസത്തിന്റെ സാമൂഹിക വിശകലനപദ്ധതി അംഗീകരിക്കുന്ന തകഴി തന്റെ നോവലുകളെയെല്ലാം റിയലിസത്തിന്റെ പാതയിലൂടെയാണ് നയിച്ചത്.

എന്നാൽ 1956-ൽ എഴുതിയ ചെമ്മീൻ എന്ന നോവലിന്റെ ചേരുവയ്ക്കായി മിത്തുകളും കാല്പ്പനികതയുടെ നവഭാവങ്ങളുമാണ് ഒരുക്കിയത്. ദുരന്തപ്രേമ കാവ്യം എന്നു വിശേഷിപ്പിക്കാവുന്ന ഈ കൃതി തകഴിയുടെ സർഗാത്മകതയുടെ അപരവ്യക്തിത്വം വെളിപ്പെടുത്തുന്നു. അനശ്വരപ്രണയത്തിന്റെ ആവിഷ്കാരസാധ്യതയാണ് ഈ കൃതി വെളിവാക്കുന്നത്. നാട്യങ്ങളില്ലാത്ത നാട്ടുവർത്തമാനഭാഷ സംസാരിക്കുന്ന അരയസമുദായത്തെ നാം ഈ നോവലിൽ കാണുന്നു. കുശുമ്പും കുന്നായ്മയും നന്മയുംതിന്മയും അപരന്റെ സങ്കടങ്ങൾ കാണാനുള്ള വലിയ മനസ്സും, ഇങ്ങനെയിങ്ങനെ ജീവിത വൈവിധ്യങ്ങളുടെ വലിയൊരു പ്രപഞ്ചം ചെമ്മീൻ എന്ന നോവലിൽ ഒരുക്കിവച്ചിരിക്കുന്നു.

സദാചാരത്തെകുറിച്ചും, സന്മാർഗത്തെകുറിച്ചുമുള്ള സങ്കല്പങ്ങൾ വിലക്കുകളുടെ രൂപത്തിൽ സമൂഹത്തിൽ സ്വാധീനം ചെലുത്തുന്നു. വിലക്കുകൾ നിലനിൽക്കുന്നത് അതീത വിശ്വാസങ്ങളുടെയും ഭാവിയെകുറിച്ചുള്ള ഭയാശങ്കകളുടേയും തുണയിലാണ്. ചെമ്മീനിലെ വിശ്വാസത്തിന്റെ പാശ്ചാത്തലം മിത്തിന്റേതല്ല, നാടോടി കഥയുടേതാണ്. നാടോടി വിശ്വാസത്തെയാണ് ചെമ്മീൻ ഉപജീവിക്കുന്നത്. എല്ലാ നാടുകളിലും നാടോടിക്കഥകൾ സമ്പന്നമായി നിലനിൽക്കുന്നുണ്ട്. അത്തരമൊരു നാടോടിക്കഥയുടെ പരിവേഷമാണ് ചെമ്മീനിൽ ഉരുത്തിരിയുന്ന കഥയ്ക്കുള്ളത്. പുരാവൃത്തത്തിന്റെ സൂചകങ്ങളേക്കാൾ അതിനു യോജിക്കുക നാടോടിക്കഥയുടെ വ്യാഖ്യാനമാണ്.

കുടുംബജീവിതത്തിന് ദൃഢതയുള്ള ജനസമുദായങ്ങളിൽ ചാരിത്രത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ പ്രബലമാണ്. ഗോത്രജീവിതത്തിൽ നിന്നും കുടുംബ ജീവിതത്തിലേയ്ക്കുള്ള പരിണാമത്തോടെയാണ് സ്ത്രീയുടെമേലുള്ള പുരുഷാധികാരവും കോയ്മയും വന്നുചേരുന്നത്. സ്ത്രീയുടെ മേലുള്ള ഉടമാവകാശത്തിന്റെ ഭാഗമായാണ് വിലക്കുകളുടെയും, സദാചാരത്തിന്റെയും സങ്കല്പങ്ങൾ നിലനിൽക്കുന്നത്. പാതിവ്രത്യത്തെയും ചാരിത്രത്തെയും കുറിച്ചുള്ള സങ്കല്പങ്ങളും സ്ത്രീയുടെ ഉടമാവകാശത്തിന്റെ ഭാഗമാണ്. എല്ലാ നാടോടി വിശ്വാസങ്ങളുടെയും ഭാഗമായി ലൈംഗീകസ്വാതന്ത്ര്യത്തിനുമേലുള്ള വിലക്കുകൾ നിലനിൽക്കുന്നുണ്ട്. സ്ത്രീയുടെ ചാരിത്രനിഷ്ഠ സമൂഹത്തിന്റെ പൊതുനന്മയുടെ ഭാഗമായി കരുതപ്പെടുന്നു. നാടോടിവിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും ലോകം തകഴിയുടെ മിക്കരചനകളിലും പ്രത്യക്ഷമായോ, പരോക്ഷമായോ പരാമർശിക്കുന്നതായി കാണാം. തകഴി ചെമ്മീനിൽ പ്രയോഗിച്ച് ജനസമൂഹങ്ങളിൽ ഏറെ വേരോട്ടം ലഭിച്ച മിത്തിന് അരയസമുദായത്തിൽ സ്വീകാര്യതയില്ലെന്നുള്ളതാണ്. ഡോ. വേലുകുട്ടി അരയൻ എഴുതിയ 'ചെമ്മീൻ ഒരു നിരൂപണമെന്ന കൃതി'യിൽ മുക്കുവ

സമുദായത്തിൽ ഇത്തരത്തിലുള്ള വിശ്വാസങ്ങൾ നിലനിന്നിരുന്നില്ല എന്നുള്ളത് വസ്തുനിഷ്ഠമായ ഉദാഹരണങ്ങളിലൂടെ ചൂണ്ടികാണിക്കുന്നു.

നോവലിന്റെ ഗതിവിഗതികൾക്ക് നിമിത്തമായി വരുന്ന പുരാവൃത്തം കൊണ്ട് പ്രസിദ്ധമായി തീർന്ന കൃതിയാണ് ചെമ്മീൻ. ചെമ്മീൻ എന്ന നോവലിലെ കറുത്ത സൗന്ദര്യമാണ് കടലിൽപോകുന്ന അരയന്റെ ജീവൻ കരയിലിരിക്കുന്ന അരയത്തിയുടെ വ്രതനിഷ്ഠയിലാണ് എന്നുള്ളത്. തുറയിലെ സങ്കീർണമായ പുരാവൃത്തത്തിൽ അധിഷ്ഠിതമായ ജീവിതത്തെ കഥാനായികയായ മരയ്ക്കാത്തി മറികടക്കുന്നത് എപ്രകാരമാണെന്ന്, നോവലിന്റെ അവസാനഭാഗം വ്യക്തമാക്കുന്നു. കറുത്തമ്മ പുരാവൃത്തം എന്ന വിശ്വാസത്തെ വെല്ലുവിളിക്കുന്നതിലൂടെ തകഴിയുടെ നവോത്ഥാന ചിന്തയാണ് ഈ ഭാഗത്ത് പ്രവർത്തിക്കുന്നതെന്ന് കാണാൻ കഴിയും.

കറുത്തമ്മ കേട്ടുവളർന്ന വിശ്വാസത്തിന്റെ മുഴക്കം അവളുടെ കാതുകളിൽ എപ്പോഴും അലയടിച്ചുനിൽക്കുന്നു. കടപ്പുറത്ത് നാലുമരയ്ക്കാത്തികൾ ഒന്നിച്ചു കൂടുമ്പോൾ പറയുന്ന സദാചാരപ്രമാണങ്ങൾ അവൾ മനസ്സുകൊണ്ട് കേൾക്കുന്നുണ്ട്. ഈ നാടോടി വിശ്വാസപ്രമാണങ്ങളിലുള്ള ഭയാശങ്കകളാണ് പ്രണയിച്ച പുരുഷനെ സ്വീകരിക്കാൻ അവൾക്ക് തടസ്സമായിനിൽക്കുന്നത്. കറുത്തമ്മയും പരീക്കുട്ടിയും തമ്മിലുള്ള അടുപ്പം മനസ്സിലാക്കിയ ചക്കി അവളെ ശാസിക്കുന്നതും, ഉപദേശിക്കുന്നതും വിശ്വാസത്തിന്റെ ദണ്ഡുകൊണ്ടാണ്. ഈ സന്ദർഭം നോക്കുക.

"ഈ പരാന്നു കിടക്കുന്ന കടാലില് എല്ലാമൊണ്ടു മകാളെ എല്ലാം അങ്ങോട്ടു പോകേണ ആണുങ്ങളു തിരിച്ചു വരേണ്ടത് ഏന്താന്നാ നിരീച്ചത് കരേക്കു പെണ്ണുങ്ങ നെറീം മൊറേയിട്ടിരുന്നിട്ടാ. അല്ലേല് വള്ളത്തൊടെ ചൂഴിയ ങ്ങാപിടിച്ചു വിഴുങ്ങും കടാലിപോണോന്റെ ജീവൻ കരേലിരിക്കുന്ന പെണ്ണിന്റെ കൈയ്യിലാ"[3].

നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ജീവിതവേദാന്തം കറുത്തമ്മയിലും ചലനങ്ങൾ സൃഷ്ടിക്കുന്നു. ഈ ചലനമാണ് കുറ്റബോധത്തിന്റെ ചുഴലിയിലേയ്ക്ക് അവളെ വലിച്ചെറിയുന്നത്. പരീകുട്ടിയെ കാണുമ്പോൾ അടുപ്പത്തെക്കാൾ അകലത്തേയ്ക്ക് ഓടി മറയാൻ അവളെ പ്രേരിപ്പിക്കുന്നതും ഈ ഭയാശങ്കകളാണ്. ഒരുവനെ സ്നേഹിച്ച്, മറ്റൊരുവനെ കല്ല്യാണം കഴിച്ച വേറൊരുപെണ്ണ് കടാപ്പുറത്ത് എന്നെങ്കിലുമുണ്ടായിട്ടുണ്ടോ എന്ന് കറുത്തമ്മ അന്വേഷിക്കുന്നത് അവളിലെ കുറ്റബോധത്തിന് ആശ്വാസത്തിന്റെ തുരുത്ത് കണ്ടെത്തുന്നതിനുവേണ്ടിയാണ്.

കടലിന്റെ മക്കൾ ചാരിത്രം സൂക്ഷിക്കണം എന്നാണ് നല്ല പെണ്ണ് കല്ല്യാണത്തിനു മുമ്പ് കറുത്തമ്മയെ ഉപദേശിക്കുന്നത്. വിശ്വാസത്തിന്റെ ബന്ധനത്താലാണ് പരീക്കുട്ടിയുടെ പാട്ട്കേട്ട് മോഹിതയാകുന്ന കറുത്തമ്മ അതിൽ നിന്നുമുക്തി നേടുന്നത്. ചക്കിയുടെ മരണവാർത്തയുമായി തൃക്കുന്നപ്പുഴയിൽ എത്തുന്ന പരീക്കുട്ടിക്ക് കതക് തുറന്നുകൊടുക്കാൻ മടിച്ചുകൊണ്ട് കറുത്തമ്മ പറയുന്നത് ഇപ്രകാരമാണ്.

"അയ്യോ വേണ്ടാ വേണ്ടാ കടലി പോയിരിക്കുവാ, കാറ്റും കോളുമുള്ള കടലില്"[4].

ചെമ്മീൻ എന്ന നോവലിലെ കറുത്തമ്മയിൽ ഭാര്യഭാവത്തെക്കാൾ കാമുകി ഭാവമാണ് നിറഞ്ഞു നില്ക്കുന്നത്. പ്രായോഗികജീവിതത്തിന്റെപാത പിൻതുടരാനാഗ്രഹിച്ച കറുത്തമ്മ കാമുകീഭാവത്തെ ഉള്ളിലൊതുക്കികൊണ്ട് ഭാര്യാഭാവം എടുത്തണിഞ്ഞ് പളനിയുടെ ഭാര്യയാവുന്നു. സാഹചര്യങ്ങൾ ഒത്തുവന്നപ്പോൾ അവളിലെ വിശ്വസ്തഭാര്യയെ മറികടന്ന് കാമുകി പ്രത്യക്ഷപ്പെടുന്നു. പഞ്ചമിയോട് പരീക്കുട്ടിയുടെ വിശേഷങ്ങൾ ചോദിച്ചറിയുന്ന കറുത്തമ്മ പളനിയുടെ മുമ്പിൽ നിലനിൽപ്പില്ലാത്ത ഭാര്യയായിമാറുന്നു. ഭർത്താവ് കടലിൽ പോയരാത്രിയിൽ കാമുകൻ വന്ന് പേരുചൊല്ലി വിളച്ചപ്പോൾ കറുത്തമ്മ കാമുകി മാത്രമായി. താൻ ഭാര്യയാണെന്നും, കുഞ്ഞിന്റെ അമ്മയാണെന്നും അവളോർത്തില്ല. കാമുകീഭാവം അവളിൽനിറയുന്നു. സ്നേഹത്തിനുവേണ്ടി ദാഹിക്കുന്ന കാമുകന് സ്നേഹം നൽകാൻ കൊതിക്കുന്ന കാമുകിയായി കറുത്തമ്മമാറി. തുടർന്നും ആ സ്നേഹം നൽകാൻ തടസ്സമായിനിൽക്കുന്ന ജീവിതത്തെകുറിച്ച് അവൾ ചിന്തിച്ചപ്പോൾ മരണത്തെപുൽകാൻ ആ കാമുകീകാമുകൻമാർ തീരുമാനിച്ചു. ഇങ്ങനെ സ്ത്രീത്വത്തിന്റെ അടിസ്ഥാനഭാവങ്ങളിൽ കാമുകീഭാവവും ഉൾപ്പെട്ടിണ്ടുണ്ടെന്ന് കറുത്തമ്മയിലൂടെ തകഴി തെളിയിച്ചു.

ചെമ്മീൻ എന്ന നോവലിലെ ധർമ്മസങ്കടമാണ് ചക്കി. പ്രായമായ മകളെ കെട്ടിച്ചയക്കാൻ കൂട്ടാക്കാത്ത പിതാവിനോട് നിരന്തരം കലഹിക്കുന്ന മാതൃത്വം. സ്വാർത്ഥനായ ഭർത്താവിനും നാലാം വേദക്കാരനെ പ്രണയിക്കുന്നവൾക്കുമിടയിൽ നീറിനീറി ജീവിക്കുന്ന മനസ്സായിരുന്നു ചക്കിയുടെത്. ഒരേസമയം പിതൃത്വത്തിന്റെ ചുമതലകൾ ചെമ്പൻകുഞ്ഞിനെ ബോധിപ്പിച്ചുകൊണ്ടും, സദാചാരത്തിന്റെ നീതിപാഠങ്ങൾ കറുത്തമ്മയെ പഠിപ്പിച്ചുകൊണ്ടും ജീവിക്കുന്ന കഥാപാത്രമാണ് ചക്കി. കറുത്തമ്മയുടെ വിവാഹദിവസം ആശ്വാസവും, നിശ്വാസവുമാണ് ചക്കിക്കുണ്ടായത്. മകൾ വിവാഹിതയാകുന്നു എന്നതിന്റെ ആശ്വാസവും പളനി

യുടെ ആളുകൾ മകളെകുറിച്ചുപറഞ്ഞ ആരോപണത്തെ കുറിച്ചുള്ള നിശ്വാസവും. ഈ സങ്കടങ്ങളുടെ ഉച്ചകോടിയിലാണ് ചക്കി ബോധരഹിതയാകുന്നത്. പിന്നീട് മോഹാലസ്യത്തിൽനിന്ന് ഉണർന്നപ്പോൾ അമ്മയുടെ കടമനിറവേറ്റികൊണ്ട് മകളെ ഭർതൃഗൃഹത്തിലേയ്ക്ക് യാത്രയാക്കുന്നു. മക്കൾക്കു സ്നേഹത്തോടൊപ്പം നീതി ബോധങ്ങളെകുറിച്ചു പഠിപ്പിക്കുന്ന അമ്മമാരെ തകഴിയുടെ നോവലുകളിൽ കാണാൻ കഴിയും. സ്ത്രീപുരുഷബന്ധങ്ങളിലെ സങ്കീർണ്ണത മാത്രമല്ല സ്ത്രീത്വ ത്തിന്റെ വൈവിധ്യ, വൈചിത്രങ്ങളും തകഴിയുടെ നോവലുകളിൽ കാണാം.

"തകഴി പരിചയിച്ച സാഹിത്യകൃതികളിലെ സ്ത്രീസങ്കല്പ്പങ്ങളുടെ സ്വാധീനമായിരിക്കാം തകഴിയെകൊണ്ട് ഇത്തരത്തിൽ എഴുതിച്ചത്"[5] (2000:67).

തകഴി ജീവിച്ച സാധാരണ ജീവിതസാഹചര്യങ്ങളും തകഴിയിൽ രൂപപ്പെട്ടു വന്ന മനോഘടനയും മേൽപറഞ്ഞ സ്ത്രീകളുടെ രൂപീകരണത്തിന് അദ്ദേഹത്തെ സഹായിച്ചു. ജീവിതത്തിന്റെ സങ്കീർണപ്രശ്നങ്ങളെ കൈകാര്യംചെയ്യാൻ ഉത കുന്ന നിരവധി സ്ത്രീകഥാപാത്രങ്ങളെ സൃഷ്ടിച്ച തകഴി, സ്ത്രീ ശക്തിസ്വരൂപി ണിയാണെന്ന സ്ഥാപിക്കുകയായിരുന്നു. ജീവിതത്തിലെ പ്രതിസന്ധികളെ മറികട ക്കാനായി അവർ കൈക്കൊള്ളുന്ന തീരുമാനങ്ങളിൽ നിശ്ചയദാർഢ്യവും താൻപോരിമയും പ്രകടമാകുന്നതായി കാണാം. ഉദാഹരണമായി ചെമ്പൻകുഞ്ഞി നോടൊപ്പം കുടുംബത്തിലെ പല കാര്യങ്ങൾക്കും പോംവഴി കണ്ടെത്തുന്ന ചക്കി, ദാമ്പത്യജീവിതത്തിന്റെ ആരംഭത്തിൽ ജീവിത പദ്ധതികൾ ആസൂത്രണം ചെയ്യുന്ന കറുത്തമ്മ ഇവരെല്ലാം സ്ത്രീശക്തിയുടെ പ്രതിരൂപങ്ങളായി നോവലിൽ ജീവിക്കു ന്നു.

വിവാഹം കഴിഞ്ഞതിനുശേഷവും അപവാദങ്ങളുടെ പെരുംചുഴിയിൽപ്പെട്ട ജീവിതമായിരുന്നു കറുത്തമ്മയുടേത്. കറുത്തമ്മയെ വിവാഹംകഴിച്ചു എന്നതു കൊണ്ട് പളനിയെ മറ്റുള്ളവരുടെകൂടെ വള്ളത്തിൽപോകുന്നതിൽനിന്നും അവന്റെ കൂട്ടുകാർ വിലക്കുന്നു. ചാരിത്രശുദ്ധിയില്ലാത്ത ഭാര്യയുടെകൂടെ ജീവിക്കുന്നവനോ ടൊപ്പം കടലിൽപോകാൻ അവർ മടിക്കുന്നു. ഈ സന്ദർഭം നോക്കുക.

"അവള് കടാപ്പുറം മുടിക്കാനെ കൊണ്ടു വന്നിരിക്കുവാ"[6].

എന്ന് കടപ്പുറത്തെ പെണ്ണുങ്ങൾ അവളെ കുറ്റപ്പെടുത്തുന്നു. പളനിക്കുണ്ടാ വുന്ന ദുരന്തത്തിന്റെ ആവിഷ്കാരത്തിന് നാടോടി വിശ്വാസത്തിന്റെ തുണയാണ് തകഴി ഉപയോഗിക്കുന്നത്.

"ഒറ്റയ്ക്ക് അവളുടെ അരയൻ കടലിൽ പോയിരിക്കുകയാണ് അങ്ങു പുറം കടലിൽ ചൂണ്ടയിടുകയാണ്. അപ്പോൾ ആദ്യ മുത്തശ്ശിയെപ്പോലെ അവളും കടൽക്കരയിൽനിന്ന് തപസ്സ് ചെയ്യേണ്ടവളാണ്. അവൾ പരീക്കുട്ടിയെ കുറിച്ച് ഓർക്കുന്നു ആ രാത്രിയിൽ അവിടെയെത്തിയ പരീക്കുട്ടിയുമായി കറുത്തമ്മ അടു ക്കുകയും, ആ കരവലയത്തിൽ ഒതുങ്ങുകയും ചെയ്യുന്നു. നാടോടി വിശ്വാസ ത്തിന്റെ ദുരന്ത കഥയ്ക്ക് ഇവിടെയാണ് തകഴി നിറം കൊടുക്കുന്നത് രക്ഷപ്പെടാ നായി കടലിൽ പൊരുതുന്ന പളനി അലറി വിളിക്കുന്നത് 'കറുത്തമ്മാ'[7] എന്നാ ണ്".

കറുത്തമ്മയുടെ വ്രതനിഷ്ഠകൊണ്ടുമാത്രമേ ചുഴിയിലകപ്പെട്ടുപ്പോയ പള നിയെ രക്ഷിക്കാൻ കഴിയു എന്ന സൂചനയാണ് കഥാകൃത്ത് നൽകുന്നത്. പളനി, രക്ഷാദേവതയായ കറുത്തമ്മയെ വിളിച്ച് അലറിയിട്ടും, വ്രതശുദ്ധി പാലിക്കാത്ത കറുത്തമ്മയ്ക്ക് അയാളെ രക്ഷിക്കാൻ സാധിക്കുന്നില്ല. മുക്കുവൻ കടലിൽ പോകു മ്പോൾ തപസ്സ് ചെയ്യേണ്ടവളാണ് ഓരോ മരയ്ക്കാത്തിയും. ആ വിശ്വാസത്തെ ഉറ പ്പിക്കുന്നതാണ് താഴെ പരാമർശിക്കുന്ന നോവൽഭാഗം.

"എന്തിനാണയാൾ കറുത്തമ്മയെ വിളിച്ചത്? അതിൽ കാര്യമില്ലേ? കടലിൽ പോയ മുക്കുവന്റെ രക്ഷാദേവത വീട്ടിലിരിക്കുന്ന മുക്കുവത്തിയാണ്. ആ പഴയ മുത്തശിയെപ്പോലെ തപസ്സുചെയ്യാൻ അയാൾ ആവശ്യപ്പെടുകയാണ്. ആദ്യത്തെ മുക്കുവൻ കൊടുങ്കാറ്റിൽ അകപ്പെട്ടിട്ടും തിരിച്ചുവന്നില്ലെ. പണ്ട് പണ്ട് അയാളുടെ മുക്കുവത്തിയുടെ ചാരിത്ര്യശുദ്ധികൊണ്ട്. അതുപോലെ പളനിക്കും രക്ഷപ്പെടാമൊ ന്നെരുവിശ്വാസമുണ്ട്. അയാൾക്കു മുക്കുവത്തിയുണ്ട്. അവൾ തപസുചെയ്യും തലേ നാളും അവൾ വാഗ്ദത്തം ചെയ്തില്ലേ"[8].

ആ വാഗ്ദാനത്തിന്റെ ലംഘനം ആണ് ചെമ്മീൻ എന്ന പ്രണയനോവലിനെ അനശ്വരമാക്കിയത്.

**സ്നേഹത്തിന്റെ കൊടിക്കൂറയേന്തുന്ന പെണ്ണ്**

രാജ്യരാജ്യാന്തരങ്ങളിൽ വായനക്കാരുള്ള മലയാളത്തിലെ അപൂർവ്വം കൃതി കളിൽ ഒന്നാണ് തകഴി ശിവശങ്കരപിള്ളയുടെ ചെമ്മീൻ എന്ന നോവൽ. ചേറും ചാഴിയും മണക്കുന്ന കുട്ടനാടൻ പ്രദേശത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള നെയ്തൽ പ്രദേശത്തെ ജനവിഭാഗത്തിന്റെ ജീവിതകഥയാണ് ചെമ്മീൻ എന്ന നോവലിലൂടെ വിനിമയം ചെയ്യപ്പെടുന്നത്. ആക്ഷേപങ്ങളും വിമർശനങ്ങളും ഏറെയേറ്റുവാങ്ങിയ

ഈ നോവലിലെ പുരാവൃത്തപരാമർശത്തെ കുറിച്ച് 'സ്വരാജ്യ' വാരികയിൽ വന്ന വിമർശനപരമായ ഒരു ലേഖനത്തിന് ശ്രീ രാജഗോപാലാചാരി പറഞ്ഞ മറുപടി ഇങ്ങനെയാണ്.

"കറുത്തമ്മ പിഴച്ചിട്ടല്ല പളനി കടലിൽ ആണ്ടുപോയത്. കറുത്തമ്മ പിഴച്ചിട്ടില്ലെങ്കിലും പളനിയെ സംബന്ധിച്ച് അതുണ്ടാകും. കറുത്തമ്മ പിഴച്ചാലും പളനി കടലിൽ ആണ്ടുപോകാതിരിക്കുകയും ആകാം. കറുത്തമ്മയെ സംബന്ധിച്ച സത്യം അവളുടെ സ്നേഹത്തിന്റെ ആത്യന്തികതയാണ്. പളനിയല്ല, തുറയല്ല, ലോകം മുഴുവൻ കടലെടുത്തു പോയാൽ പോകട്ടെ അതിനുമേൽ സ്നേഹത്തിന്റെ കൊടി പറക്കുമെന്നാണ് ചെമ്മീൻ നൽകുന്ന സന്ദേശം. അന്ധവിശ്വാസപ്രമേയം അതിനു മുമ്പിൽ തൃണസമാനമാണ്"[9].

ആധുനിക സ്ത്രീവാദസിദ്ധാന്തങ്ങളുടെ അളവുകോൽപ്രകാരം ഈ നോവലിലെ സ്ത്രീജീവിതങ്ങളെ വായിച്ചെടുക്കുമ്പോൾ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെയും (Eco Feminism) സമൂലസ്ത്രീവാദത്തിന്റെയും/മൗലികസ്ത്രീവാദത്തിന്റെയും (Radical Feminism) സമത്വസ്ത്രീവാദത്തിന്റെയും (Social Feminism) രൂപരേഖകൾ നോവലിൽ പലയിടങ്ങളിലായി കാണാവുന്നതാണ്.

**പാരിസ്ഥിതിക ദർശനത്തിന്റെ പൊരുൾ ചെമ്മീനിൽ**

പാരിസ്ഥിതികസ്ത്രീവാദത്തെ പൊതുവായി വ്യാപരിക്കുന്നത് താഴെ പറയുന്ന രീതിയിലാണ്.

സാമൂഹിക പാരിസ്ഥിതികവാദം, അഗാധ പാരിസ്ഥിതികദർശനം, അധ്യാത്മിക പാരിസ്ഥിതികദർശനം, പാരിസ്ഥിതിക സ്ത്രീവാദം, ഹരിതരാഷ്ട്രീയം എന്നിങ്ങനെ വിവിധ മുഖങ്ങളുണ്ട്.

- സാമൂഹിക പാരിസ്ഥിതിവാദം മുന്നോട്ടു വയ്ക്കുന്ന ചിന്ത, പരിസ്ഥിതിയുടെ സംതുലിതാവസ്ഥ നിലനിർത്തുക, മനുഷ്യ പ്രകൃതിബന്ധത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുക എന്നതാണ്.

- പ്രകൃതിയുടെ ശക്തി സാന്നിധ്യവും മനുഷ്യപ്രകൃതി ദർശനങ്ങളുമാണ് അഗാധ പരിസ്ഥിതി ദർശനം മുന്നോട്ടു വയ്ക്കുന്നത്.

- പ്രകൃതിയോടുള്ള ആരാധന മനോഭാവമാണ് ആധ്യാത്മിക പരിസ്ഥിതി ദർശനത്തിന്റെ കാതൽ.

- സ്ത്രീയും പ്രകൃതിയുമായുള്ള സ്വരുമിപ്പിനെയാണ് പാരിസ്ഥിതിക സ്ത്രീ വാദം മുന്നോട്ട് വയ്ക്കുന്നത്.

- പ്രകൃതിയുടെമേലുള്ള മനുഷ്യന്റെ കടന്നുകയറ്റത്തെയാണ് ഹരിത രാഷ്ട്രീയം ചർച്ച ചെയ്യുന്നത്.

നെയ്തൽ തിണയിൽ ആവിഷ്ക്കരിക്കുന്ന ചെമ്മീൻ എന്ന നോവലിൽ അതിന്റെ പാരിസ്ഥിതിക അംശങ്ങളെ കണ്ടെത്താം. അപാരതയുടെ പ്രതീകമായി നിലകൊള്ളുന്ന കടൽ എന്ന പ്രകൃതി പ്രതിഭാസത്തെ ശക്തമായ പ്രേരണയ്ക്ക് ഘടകമാക്കുകയാണ് ഈ നോവലിൽ. നിസ്സാരനായ മനുഷ്യന്റെ ജീവിതം കട ലിന്റെ കയറ്റിയിറക്കങ്ങൾ പോലെ ഏറിയും കുറഞ്ഞും ഇരിക്കും എന്ന ദർശനം ഈ നോവൽ പ്രകാശിപ്പിക്കുന്നു. അരയസമുദായത്തിന്റെ അന്നവും ദൈവവു മാണ് കടൽ. പ്രജനനത്തിന്റേയും പരിപാലനത്തിന്റേയും പ്രഭവകേന്ദ്രമായ കടല മ്മയ്ക്ക് മാതൃദേവതാ സ്ഥാനമാണ് കടലിന്റെ മക്കൾ നൽകുന്നത്. ആത്മീയ പരി സ്ഥിതി വാദത്തിന്റെയും, പാരിസ്ഥിതിക സ്ത്രീവാദത്തിന്റെയും ആശയങ്ങൾ ഇതി ലൂടെ പ്രതിനിധാനം ചെയ്യപ്പെടുന്നു. രൗദ്രമായ പ്രകൃതിശക്തിക്കു മുന്നിൽ നിസ്സ ഹാനായി കീഴടങ്ങുന്ന മനുഷ്യനെയും ഈ നോവലിൽ കാണാം. കടൽ തരുന്ന ദുരന്തം ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ടവനാണ് മനുഷ്യൻ എന്ന ബോധ്യംകൂടി ഈ നോവൽ പകർന്നുതരുന്നു. നിത്യജീവിതത്തിന്റെ ആശ്രയമായ കടലിനെ പ്രകൃതി ശക്തിയുടെ മൂർത്തിഭാവമായി കൂടി നോവലിൽ അവതരിപ്പിക്കുന്നു.

സദാചാരവിശുദ്ധി പാലിക്കാൻ മകളെ ഉപദേശിക്കുന്ന ഘട്ടത്തിൽ കടലിനെ ദൈവമായി പരാമർശിച്ചുകൊണ്ട് ചക്കിപറയുന്നത് നോക്കുക.

"ഈ പരേന്നു കിടക്കേണ കടലില് എല്ലാമൊണ്ടുമൊകാളെ എല്ലാം. അങ്ങോട്ടു പോകേണ ആണുങ്ങള് തിരീച്ചുവരേണത് ഏന്താന്നാനിരീച്ചത്? കരേക്ക് പെണ്ണുങ്ങ നെറീം മൊറേമായിട്ടിരുന്നിട്ടാ, അല്ലേല് വള്ളാത്തോടെ ചുഴിയങ്ങാ പിടിച്ചു വിഴുങ്ങും. കടാലി പോണോന്റെ ജീവൻ കരേലിരിക്കണ പെണ്ണീന്റെ കൈയിലാ."[10]

"ഈ കടാല് ചെലപ്പം കരിയണതെന്താന്നാ വെച്ച്, കടലമ്മാക്ക് ദേഷ്യം വന്നാലേ കൊണ്ട് എല്ലാം മൂടിക്കും. ഇല്ലേല് മക്കാക്ക് എല്ലാം തരും. കനക കട്ടിയൊണ്ട് മൊകാളെ കടാലില്, കനകാ കട്ടി."[11]

കടലിനെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി ജീവിക്കുന്ന സമൂഹമാണ് അരയസമൂഹം. കടലിനോട് ദിനംപ്രതിയെന്നോണം ഭയഭക്തിബഹുമാനങ്ങൾ ജനിപ്പിക്കാൻ വളരുന്ന തലമുറയ്ക്ക് ഉപദേശം നൽകുകയാണ് ഓരോ അരയസ്ത്രീകളും. നന്നായി ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ഘടകമായി കടൽ മാറുകയാണ്. വള്ളംനിറയെ മീനുമായി എത്തിയ ചെമ്പൻകുഞ്ഞിന്റെ വള്ളത്തിനരികിൽ ചെറുമീനുകളെ പെറുക്കാൻ പഞ്ചമി കുട്ടയുമായെത്തി. ആരും എന്റെ വള്ളച്ചോട്ടിന്ന് ഊപ്പ പെറുക്കണ്ട എന്നു പറഞ്ഞു കൊണ്ട് അയാൾ പഞ്ചമിയെ ദൂരേയ്ക്ക് തള്ളി. ഈ സമയം കടലിന്റെ നിയമത്തെ കഥാകൃത്ത് ഓർമപ്പെടുത്തുകയാണ്.

"ആ വള്ളത്തിൽ കിടക്കുന്നത് കടലിൽ വിളഞ്ഞതാണ്. ആരും വിതച്ചതല്ല, വളർത്തിയതുമല്ല.  അതിന്റെ ഒരംശം ഊപ്പ പെറുക്കാൻ വരുന്ന പാവങ്ങൾക്കും അവകാശപ്പെട്ടതാണ്.  അതാണ് കടലിന്റെ നിയമം."[12]

ജീവിതശുദ്ധി പാലിക്കാത്ത പെണ്ണുങ്ങൾക്ക് കടൽ കൊടുക്കുന്ന ശിക്ഷയെ കുറിച്ച് ഒരു പാട്ടിലൂടെ നല്ലപെണ്ണ് കറുത്തമ്മയ്ക്ക് പറഞ്ഞുകൊടുക്കുന്നത് നോക്കുക.

"അവൾ പിഴച്ചതിന്റെ ഫലമായി മലയോളം പൊക്കത്തിൽ കടലിൽ നിന്ന് തിരകൾ ഉയർന്ന് കരയ്ക്കുരുണ്ടുകയറി. വിഷമുള്ള കടൽപാമ്പുകൾ കരയിൽ നുരച്ചുനടന്നു.  ഗുഹപോലെ വായുള്ള ജന്തുക്കൾ വായ് തുറന്ന് വള്ളങ്ങളുടെ പിന്നാലെ പാഞ്ഞു."[13]

ഇവിടേയും ശിക്ഷകൊടുക്കുന്ന, പ്രകൃതിശക്തിയിൽ അധിഷ്ഠിതമായ ആധ്യാത്മിക പരിസ്ഥിതി വാദമാണ് കാണാൻ കഴിയുന്നത്. ചെമ്പൻകുഞ്ഞിന്റെ ധനതത്ത്വശാസ്ത്രം തന്നെ പിൻതുടർന്നവളായിരുന്നു കറുത്തമ്മയും. പളനി ഒരു വള്ളവും വലയും സമ്പാദിക്കണം എന്നു കറുത്തമ്മ പറഞ്ഞപ്പോൾ, കടൽ ചൂണ്ടി കാട്ടി പളനി മറുപടി പറയുന്ന സന്ദർഭം നോക്കുക.

"മരയ്ക്കാൻ എന്തിനാടി സമ്പാദിക്കുന്നേ? ഈ പരാന്ന് കിടക്കുന്നത് അവാന്റെ സ്വത്താ. അവാടില്ലാത്തതെന്താ? കരുതി വെയ്ക്കാതിരുന്നാല് കടലാമ്മ കനിയും. അതാ മൊറാ."[14]

സ്ത്രീയുടെ ശാരീരികസവിശേഷതകളുമായി കടലിനെ ബന്ധിപ്പിക്കുന്ന ഭാഗവും നോവലിൽ കാണാവുന്നതാണ്.

"പെട്ടന്ന് ഒരു ദിവസം കടലിന്റെ നിറം മാറി. പോളയാണ് വെള്ളത്തിന് ചുവപ്പു നിറം വന്നു. കടലമ്മ ഋതുമതിയായെന്നാണ് സങ്കൽപ്പം."[15]

ഇവിടെ കടലമ്മയിൽ സ്ത്രീത്വം ആരോപിച്ചുകൊണ്ട്, തീണ്ടാരിക്കാലത്തെ ശുദ്ധത കടലമ്മയോടും വർത്തിക്കണമെന്ന നിയമത്തെ ബോധ്യപ്പെടുത്തുകയാണ് നോവലിസ്റ്റ്.

"അലറുകയാണ്, ആ പാവപ്പെട്ട അരയനോടുള്ള ദേഷ്യംകൊണ്ട് കടൽ അലറുകയാണ്. കൊടുങ്കാറ്റ് ആ അലർച്ചയ്ക്ക് ശ്രുതിയിടുന്നു. ഇടി താളം പിടിക്കുന്നു. എന്തൊരു പൈശാചികമായ താണ്ഡവമാണത്. ഒരു അല്പനായ മനുഷ്യജീവി അവനെ തകർക്കാൻ ഇത്രയും വലിയ ശക്തികളെ കടലമ്മ അഴിച്ചുവിടണോ? എത്ര പെട്ടെന്ന് അവനെ തന്റെ അഗാതതയിലേയ്ക്ക് വലിച്ചെടുക്കാം."[16]

പളനിയുടെ ആസന്നമായ അന്ത്യത്തെ പരാമർശിക്കുന്ന ഭാഗമാണിത്. കടലമ്മ എന്ന പരാശക്തിയെ വെല്ലു വിളിച്ചുകൊണ്ട് കറുത്തമ്മയോടുള്ള പക, പളനിയുടെ ജീവനെടുത്തുകൊണ്ട് തീർക്കാൻ ഉദ്യമിക്കുന്ന കടലമ്മയുടെ പൈശാചികമായ മുഖത്തെയാണ് ഇവിടെ വിവരിക്കുന്നത്. പുരാവൃത്തിന്റെ പ്രയുക്തിയാണ് ഇവിടെ പൂർണമാകുന്നത്. കടപ്പുറത്തിന്റെമൊറ തെറ്റി നടക്കുന്നതിന്റെ ശിക്ഷ അരയനു നല്കുമെന്ന വിശ്വാസത്തിന്റെ പൂർത്തീകരണം.

"കടലിനെ മാതൃദേവത സങ്കല്പ്പമായി കണ്ട് അതിനോട് കടൽക്കരയിലെ സമൂഹം അവിടുത്തെ സ്ത്രീ സ്വത്വത്തിനുള്ള ജൈവീകമായ ധർമ്മത്തെ ആധാരമാക്കി ഒരു തൻമയിഭാവ സമീപനം അവലംബിച്ചിട്ടുള്ളതായി തകഴി ചൂണ്ടി കാട്ടുന്നു"[17] (1997, 113).

കുടുംബബന്ധങ്ങളുടെ കെട്ടുറപ്പിന് ഈ വിശ്വാസം സഹായകമായി എന്നു പറയാം. ഈ വിശ്വാസത്തിന്റെ ലംഘനമാണ് പളനിയുടെ ജീവൻ എടുത്തതെന്ന്

നോവലിൽ സംഭവിച്ച ദാരുണമായ ദുരന്തബോധം നമ്മെ ഓർമിപ്പിക്കുന്നു. പാരി സ്ഥിതിക ദർശനത്തിന്റെ ഭാഗമായിവരുന്ന ഈ പുരാവൃത്തത്തിനെക്കുറിച്ച് ഇന്നും നിരൂപകരുടെ ഇടയിൽ ഭിന്നാഭിപ്രായമാണുള്ളത്.

**റാഡിക്കൽ ഫെമിനിസം ചെമ്മീൻ എന്ന നോവലിൽ**

സ്ത്രീയെ രണ്ടാംകിടസ്ഥാനത്തേയ്ക്ക് തള്ളുന്ന പ്രവണതയെ എതിർക്കുന്ന വാദമുഖങ്ങളെ അവതരിപ്പിക്കുകയാണ് റാഡിക്കൽ ഫെമിനിസം അഥവാ സമൂല സ്ത്രീവാദം. ആണധികാര വ്യവസ്ഥയിൽ നിലനിന്നുപോന്ന സമൂഹത്തിൽ സ്ത്രീയെ ഇന്നും രണ്ടാം കിടക്കാരിയായി തരം താഴ്ത്തിയിരുന്നു. ആ പ്രവണതയെ എതിർക്കുകയാണിവിടെ. ചെമ്മീൻ എന്ന നോവൽ വിനിമയം ചെയ്യപ്പെടുന്നത് കറുത്തമ്മയിലൂടെയാണെങ്കിൽ അതിന്റെ കേന്ദ്രസ്ഥാനത്ത് അലങ്കരിക്കപ്പെടുന്നത് പളനി, പരീക്കുട്ടി, ചെമ്പൻ കുഞ്ഞ് തുടങ്ങിയ പുരുഷ കഥാപാത്രങ്ങളാണ്. നോവലിന്റെ ഒന്നാം ഭാഗത്തെ പരാമർശം വലക്കാരനാകാനുള്ള ചെമ്പൻ കുഞ്ഞിന്റെ മോഹമാണ്. മകളെ കെട്ടിച്ചയയ്ക്കാനുള്ള ചക്കിയുടെ ആഗ്രഹവും ചെമ്പൻ കുഞ്ഞിന്റെ മോഹവും തമ്മിൽ മത്സരിക്കുമ്പോൾ പരാജയപ്പെടുന്നത് ചക്കിയാണ്. ചക്കിയെ തന്റെ വരുതിയിൽ നിർത്താൻ ചെമ്പൻകുഞ്ഞിനു കഴിഞ്ഞു എന്നുള്ളിടത്താണ് ഒരു സാധാരണ സ്ത്രീയായി അവൾ അടുത്ത ഘട്ടത്തിൽ ഭർത്താവിനെ വിമർശിക്കുന്നതും. മകളുടെ വിവാഹകാര്യത്തിനുമപ്പുറം തനിക്കു സുഖിക്കണമെന്ന ചിന്തയാണ് ചെമ്പൻകുഞ്ഞിനുള്ളത്. വള്ളത്തിന്റെയും വലയുടേയും ഉടമസ്ഥനായി ചെമ്പൻകുഞ്ഞ് അറിയപ്പെടുമ്പോഴും വള്ളമിറക്കാനുള്ള അഞ്ഞൂറ് രൂപയ്ക്കു വേണ്ടി പരീകുട്ടിയോട് കടം ചോദിക്കാൻ അയാൾ ചക്കിയെ നിർബന്ധിക്കുകയാണ്. “നീ ചോദിക്കണം”.

“എനീക്കിപ്പം മേലാ”.

“എന്നാലെക്കൊണ്ടു വള്ളം ഇരുന്നുപോട്ടെ”.

“പോട്ടെ”[18].

അങ്ങനെ പോട്ടെ എന്നു വെയ്ക്കാൻ ചക്കിക്കാവില്ല. കുടുംബത്തോടുള്ള ചക്കിയുടെ സ്നേഹത്തെ മുതലെടുക്കുന്ന ചെമ്പൻ കുഞ്ഞ് ആണധികാരത്തിന്റെ അവസ്ഥയിൽ നിന്നുകൊണ്ടാണ് ഇങ്ങനെ പ്രവർത്തിക്കുന്നത്. ഇതിനെ എതിർക്കാനുള്ള പ്രവണത ചക്കി നോവലിൽ പ്രകടിപ്പിക്കുന്നുണ്ടെങ്കിലും പലപ്പോഴും എതിർപ്പിന്റെ മുന ഒടിയുകയാണ്. വിവാഹം കഴിഞ്ഞ വേളയിൽ ഭർത്താവിനൊപ്പം

പോകാൻ ആഗ്രഹിച്ച കറുത്തമ്മയെ തടയാൻ ഒരുമ്പെടുന്ന ചെമ്പൻ കുഞ്ഞ്, അതിനെതിരുനിന്ന കറുത്തമ്മയുമായി മരണം വരെ കലഹിക്കുകയാണ്. പളനിയുമായുള്ള കറുത്തമ്മയുടെ ബന്ധത്തിലും, നല്ല പെണ്ണുമായുള്ള അച്ചകുഞ്ഞിന്റെ ബന്ധത്തിലും സ്ത്രീയെ രണ്ടാം കിടക്കാരിയായി തള്ളാനുള്ള പ്രവണത കാണാം.

വീട്ടകങ്ങളിലെ സാമ്പത്തിക സ്രോതസ്സിന്റെ നിർമ്മിതിക്കായി മാത്രം ഉണ്ടാക്കപ്പെട്ട സ്ത്രീ ജീവിതങ്ങളാണ് ചെമ്മീനിലെ സ്ത്രീ കഥാപാത്രങ്ങൾ. ഇവർ ശക്തമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാറുണ്ട്, എന്നാൽ ആ അഭിപ്രായങ്ങൾക്ക് ആരും വിലകൽപ്പിക്കാറില്ലെന്നു മാത്രം. പുരുഷൻ എടുത്ത തീരുമാനത്തോട് പ്രതികരിച്ചവളാണ് ഈ നോവലിലെ കറുത്തമ്മ. അവളുടെ തീരുമാനത്തെ പുരാവൃത്തത്തിന്റെ വിശ്വാസത്തിൽ മുക്കികളയുകയാണുണ്ടായത്. ദുർബലരായ ഈ സ്ത്രീ കഥാപാത്രങ്ങൾ ചെറുത്തുനില്പ്പിനായി പ്രയോഗിക്കുന്ന ഓരോ തീരുമാനങ്ങളും അവരുടെ വ്യക്തിത്വത്തിന്റെ മൂശയിൽ രൂപപ്പെടുന്നതാണ്.

ചെമ്പൻകുഞ്ഞ് വലക്കാരനായപ്പോൾ അച്ചൻകുഞ്ഞിനും വലക്കാരനാകണമെന്ന മോഹമുദിച്ചു. അയാൾ ഭാര്യയായ നല്ലപെണ്ണിനോട് പറയുന്നു. കച്ചവടത്തിനു പോയി കിട്ടുന്നതെല്ലാം തന്നെ ഏൽപ്പിക്കാൻ. ഇതിനെ ചോദ്യം ചെയ്ത നല്ലപെണ്ണിനെ

"ഫാചൂലെ."[19]

എന്നു വിളിച്ച് ആട്ടുകയാണ് അച്ചൻകുഞ്ഞ്. ചൂല് ഇവിടെ ഒരു ചിഹ്നമാണ്. മാലിന്യങ്ങളെ നിർമ്മാർജ്ജനം ചെയ്തുകഴിഞ്ഞാൽ പിന്നെ അവയുടെ സ്ഥാനം വീടിന്റെ മൂലയിലാണ്. മാലിന്യകൂമ്പാരങ്ങളെ നിർമ്മാർജ്ജനം ചെയ്യാനും പാചകപുരകളെ സജീവമാക്കാനും, പുരുഷന്റെ ആസക്തികളെ ശമിപ്പിക്കാനുമുള്ള ഒരു ഉപകരണമാണല്ലോ സ്ത്രീ. അതു കഴിഞ്ഞാൽ വീടിന്റെ മൂലയിൽ എവിടെയെങ്കിലും ഒതുങ്ങിക്കൊള്ളണമെന്ന നയമാണ് കാലാകാലങ്ങളായി പുരുഷസമൂഹം കൈക്കൊള്ളുന്നത്. തകഴി ജീവിച്ചസമൂഹത്തിലും ഇത്തരത്തിലുള്ള കാഴ്ചകൾ അരങ്ങേറിയിരുന്നു എന്നതിന്റെ നേർ തെളിവാണ് അദ്ദേഹം തന്റെ കഥാപാത്രങ്ങളിലൂടെ ആവിഷ്കരിച്ചത്.

ദുർബലരായ സ്ത്രീകഥാപാത്രങ്ങൾ ചെറുത്തുനില്പിനായി സ്വീകരിക്കുന്ന സന്ദർഭങ്ങൾ നോക്കുക. വള്ളക്കാരനാകാനുള്ള ചെമ്പൻ കുഞ്ഞിന്റെ ആഗ്രഹം സഫലമാകുന്നത് പരീക്കുട്ടിയിലൂടെയാണ്. പരീക്കുട്ടി ചെമ്പൻ കഞ്ഞിന് ധനസഹായം നൽകുന്നത് കറുത്തമ്മയ കണ്ടുകൊണ്ടാണ്. പ്രായമായ മകളെ കെട്ടിച്ചയ

ക്കാതെ അവളെവച്ച് മറ്റ് പലതും നേടാൻ ശ്രമിക്കുന്ന ചെമ്പൻകുഞ്ഞ്, ചക്കിയുടെയും കറുത്തമ്മയുടെയും തീരുമാനങ്ങളെ കണക്കിലെടുക്കുന്നേയില്ല. വീണ്ടും വീണ്ടും പരീക്കുട്ടിയിൽ നിന്നും സഹായം കൈപ്പറ്റുന്ന ചെമ്പൻകുഞ്ഞിനോട് ചക്കി കയർത്തുസംസാരിക്കുന്നുണ്ട്.

"ആ ചൊക്കനെ പറ്റിക്കണതേന്തിനാ."[20]

ചെമ്പൻകുഞ്ഞിന്റെ സ്വപ്നസാക്ഷാത്കാരത്തിനായി ചക്കിയെയും കറുത്തമ്മയെയും കരുവാക്കുകയാണ് അയാൾ. കറുത്തമ്മയെന്ന പ്രലോഭനവസ്തുവിനെ മുൻനിർത്തിക്കൊണ്ട് ചെമ്പൻകുഞ്ഞ് നടത്തുന്ന നടപടികളെ എതിർക്കാനാവാതെ നിസ്സഹായരാവുകയാണ് ഈ കഥാപാത്രങ്ങൾ. ചെമ്പൻകുഞ്ഞ് വരുത്തിവച്ച, പരീക്കുട്ടിയ്ക്ക് കൊടുക്കുവാനുള്ള സാമ്പത്തിക കടപ്പാട് വ്യക്തമാക്കുന്ന സന്ദർഭം നോക്കുക.

"എന്നെന്നും കുനിച്ചുനിർത്തുന്ന ഒരു ഭാരമായി അത് കറുത്തമ്മയ്ക്ക് തോന്നി"[21].

മറ്റൊരു സന്ദർഭം നോക്കുക. വള്ളത്തിലെ മീൻ പരീക്കുട്ടിക്കുട്ടിക്കു നൽകി കടംവീട്ടണമെന്ന പക്ഷമാണ് കറുത്തമ്മയ്ക്ക്.

"അമ്മാച്ചി നമ്മാടെ വള്ളാത്തിലെ കോര് ആ കൊച്ചുമൊതലാളിക്ക് കൊടുക്കണം. അതിനുമറുപടിയായി ചക്കിപറഞ്ഞു.

"ആ കാലമാടൻ അത് ചെയ്യുമോ എന്തോ?"[22].

ചക്കിയുടെ സംശയം പോലെ തന്നെ വള്ളം അടുത്തപ്പോൾ ചെമ്പൻകുഞ്ഞ് പരീക്കുട്ടിയെ കണ്ടമട്ട് വച്ചില്ല. പരീക്കുട്ടി വള്ളത്തിനടുത്തുവന്ന് ചോദിച്ചു.

"മീനെനിക്ക് കച്ചവടം ചെയ്യുന്നോ?"

"കാശുണ്ടോ രൊക്കം? എനിക്ക് കാശ് വേണം."[23]

സ്ത്രീകളെ അടിച്ചമർത്തി അവരുടെ തീരുമാനങ്ങൾക്ക് വിലകൽപിക്കാതെ സ്വന്തം താൽപ്പര്യത്തിനനുസരിച്ച് ജീവിക്കുന്ന ചെമ്പൻകുഞ്ഞ് എന്നും സ്ത്രീയെ രണ്ടാംകിട സ്ഥാനത്തേക്ക് തള്ളുകയും അവളെ ചൂഷണത്തിനുള്ള ഉപകരണമാക്കുന്നു. അവർ അതിനെതിരെ പലപ്പോഴും പ്രതികരിക്കുന്നുണ്ടെങ്കിലും പ്രതിഷേധശബ്ദം പരാജയപ്പെടുകയാണ്.

ഒരിക്കൽ തെറ്റുകാരിയാണെന്ന് സംശയം തോന്നിയാൽ പിന്നീട് സംശയത്തിന്റെ നിഴലിൽനിന്ന് സ്ത്രീയ്ക്ക് മോചനമില്ല. കറുത്തമ്മയെച്ചൊല്ലിയുള്ള പേരുദോഷം പളനി പലരിൽ നിന്നും കേട്ടു. പലതവണ വിശ്വസ്തത ഏറ്റുചൊല്ലിയിട്ടും പളനി അവളെ നോക്കുന്നത് സംശയത്തോടെയാണ്. വിവാഹം കഴിഞ്ഞ് ദീർഘനാളുകൾക്ക് ശേഷം തന്റെ വീട്ടിലേക്ക് പോകാൻ കറുത്തമ്മ അനുവാദം ചോദിക്കുന്ന സന്ദർഭം നോക്കുക.

"എന്റെ അമ്മയിപ്പം ഒണ്ടോ എന്തോ".

"നമാക്കൊന്ന് പോകാം".

മുഖത്തടിച്ചപോലെ എതിർത്ത് ഒരുത്തരമായിരുന്നു മറുപടി.

"അതിനീപ്പം പണിയേണ്ട".

"പോയാല്-പിന്നെ തിരിച്ചുവരേണ്ട."[24]

തികഞ്ഞ ആണധികാര വ്യവസ്ഥയാണ് ഇവിടെയെല്ലാം കാണുന്നത്. ഈ വ്യവസ്ഥയ്ക്കെതിരെ നോവലിസ്റ്റ് തന്നെ ഒരഭിപ്രായപ്രകടനം ഈ ഭാഗത്തുനടത്തുന്നുണ്ട്.

"നീർക്കുന്നത്തെ വീട്ടിൽ ചക്കിയുടെയും തൃക്കുന്നപുഴയിൽ കറുത്തമ്മയുടെയും വികാരങ്ങൾക്ക് യാതൊരു സ്ഥാനവുമില്ലാതെ ദിവസങ്ങൾ നീങ്ങി."[25]

ചക്കിയുടെ മരണത്തിന് ശേഷം ചെമ്പൻകുഞ്ഞ് കണ്ടൻകോരന്റെ ഭാര്യയായിരുന്ന പാപ്പിക്കുഞ്ഞിനെ വിവാഹം ചെയ്തു. ചെമ്പൻ കുഞ്ഞിന്റെ സ്വകാര്യസമ്പാദ്യത്തിൽ നിന്നും പണം മോഷ്ടിച്ച് പാപ്പിക്കുഞ്ഞ് മകൻ ഗംഗാദത്തന് കൊടുക്കുന്നു. ഇത് പഞ്ചമിയിൽ നിന്ന് അറിഞ്ഞ ചെമ്പൻകുഞ്ഞ് പാപ്പിക്കുഞ്ഞിനെ വീട്ടിൽ നിന്ന് പുറത്താക്കുന്നു. ചിറ്റമ്മയെ പണ്ടേ ഇഷ്ടമില്ലാതിരുന്ന പഞ്ചമി ഈ അവസരത്തിൽ കറുത്തമ്മയെ വീട്ടിലേക്ക് കൊണ്ടുവരുന്ന കാര്യം ചെമ്പൻകുഞ്ഞിന്റെ മുമ്പിൽ അവതരിപ്പിക്കുന്ന സന്ദർഭം നോക്കുക.

"അച്ഛാ ചേച്ചീനെ കൊണ്ടുവന്നാലെന്താ? ചേച്ചി പാവമാ അച്ഛാ. ഈ പറേണതെല്ലാം കള്ളമാ".

"ആരെക്കൊണ്ടരാനാടീ"

“ആ മേത്തന്റെ കൂടം പൊളിഞ്ഞെങ്കിലും, അവാനീ കടപ്പുറത്തൊണ്ട്. എടീ ഒരവശീരീനെ എന്റെ വീട്ടിക്കേറ്റത്തില്ല”.

“നീയും ആ പാടം പടിക്കാമെന്നാണോ വച്ചിരിക്കുന്നെ? എന്നാലെക്കൊണ്ടി പ്പഴേപോ.”[26]

ഒരു വിട്ടുവീഴ്ചക്കും തയ്യാറാകാത്ത വ്യവസ്ഥയുടെ മേലധികാരികളായ പുരുഷൻമാരെയാണ് ഈ ഭാഗത്ത് കാണുന്നത്. സ്ത്രീയെ കേൾക്കാനോ അവളെ മനസ്സിലാക്കാനോ ശ്രമിക്കാതെ അവളെ രണ്ടാംകിടക്കാരിയായി തരം താഴ്ത്തുന്നു ഈ നോവലിലെ പല സന്ദർഭങ്ങളും. ഇതിനെതിരെയുള്ള സ്ത്രീകളുടെ പ്രതികരണം ദുർബലമായിത്തുടരുന്നു.

**പ്രതിസന്ധിയും നിലനിൽപ്പും**

സ്ത്രീയെ ചൂഷണംചെയ്യുന്ന വ്യവസ്ഥക്കെതിരായി രൂപപ്പെട്ടുവന്ന കാഴ്ച്ചപ്പാടാണ് സോഷ്യലിസ്റ്റ്ഫെമിനിസം. വീട്ടിനകത്തുംപുറത്തും ചൂഷണത്തിനു വിധേയമാകുന്ന സ്ത്രീസമൂഹത്തിനുള്ള മോചനം ലക്ഷ്യം കണ്ടുകൊണ്ടാണ് ഇത് നിലകൊള്ളുന്നത്.

പുരുഷനിയന്ത്രിത അധികാരസ്ഥാപനത്തിലൂടെ നീങ്ങുന്ന നോവലാണ് ചെമ്മീൻ. സ്ത്രീയുടെ അഭിപ്രായത്തെയും നിലനിൽപ്പിനെയും ചൂഷണം ചെയ്യുന്നു ഈ നോവലിൽ. കുടുംബത്തിനുവേണ്ടി ജീവിക്കുന്ന സ്ത്രീകളെ ധനപരമായും ആശയപരമായും ചൂഷണം ചെയ്യുകയാണ് ഈ കൃതിയിൽ. കറുത്തമ്മയെ കരുവാക്കികൊണ്ട് പരീകുട്ടിയിൽ നിന്ന് ധനംതരപ്പെടുത്തി വള്ളവുംവലയും സ്വന്തമാക്കിയ ചെമ്പൻകുഞ്ഞും, കറുത്തമ്മയെ മോഹിച്ചുകൊണ്ട് മാത്രം പണംകടം കൊടുത്ത പരീക്കുട്ടിയും ഈ നോവലിലെ പ്രധാന ചൂഷകർതന്നെ. കറുത്തമ്മ പുതിയ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നതിനുമുമ്പേ, താൻ വാങ്ങിയപണം പരീക്കുട്ടിയ്ക്ക് തിരിച്ചുകൊടുക്കണമെന്ന് തീവ്രമായിആഗ്രഹിക്കുന്നുണ്ട്. ചെമ്പൻകുഞ്ഞ് എന്ന ചൂഷകന്റെ മുമ്പിൽ ഈവാദങ്ങൾ നിഷ്ഫലമാണ്. നാട്ടുനടപ്പനുസരിച്ച് പ്രായമായമകളെ വിവാഹംചെയ്തു കൊടുക്കാതെ സുഖിക്കാനായി വള്ളവുംവലയും സ്വന്തമാക്കാൻ ശ്രമിക്കുന്ന ചെമ്പൻകുഞ്ഞ് ചക്കിയുടെയും ജിവിതത്തിന്റെ ചൂഷകനാണ്. കുടുംബംഎന്ന സ്ഥാപനത്തോട് ഏറെ ഒട്ടിനില്ക്കുന്ന ചക്കിയെ മുതലെടുക്കുകയാണയാൾ. പലപ്പോഴും പരുഷമായ വാക്കുകളിലൂടെ മാത്രമേ അയാൾ ചക്കിയുമായി ആശയവിനിമയത്തിൽ ഏർപ്പെട്ടിട്ടുള്ളു. കറുത്തമ്മയുടെ വിവാഹകാര്യം ആലോചിക്കുന്ന സന്ദർഭം നോക്കുക.

"ചെമ്പൻകുഞ്ഞ് ഒരാട്ടാട്ടി."[27]

"നീ എന്നാറീഞ്ഞടി ചൂലെ."[28]

സന്തോഷത്തിലായാലും ദേഷ്യത്തിലായാലും സ്ത്രീകളുടെ മേൽ ഇത്തരം അസഭ്യപദങ്ങൾ പ്രയോഗിക്കുന്ന പ്രവണത നോവലിൽ ഉടനീളം കാണാം. ഊപ്പ പെറുക്കിയും കമ്പാവല വലിച്ചും ചക്കിയും പഞ്ചമിയും സമ്പാദിച്ച പല ചെറു തുകകളും ചക്കിയുടെ നിർബന്ധത്തോടെയും അവരുടെ അനുമതിയോടെയും തന്നെ ചെമ്പൻകുഞ്ഞിന് കൈമാറുമ്പോൾ സ്ത്രീയുടെ നിസ്സഹായതാണ് ഇതിന്റെ പിന്നിലെന്ന് മനസ്സിലാക്കാം.

ചെമ്മീൻ എന്ന നോവലിന്റെ അകംപൊരുളിൽ ചൂഷണത്തിന് വിധേയമാകുന്ന നിരവധി സ്ത്രീകളുണ്ട്. പരീക്കുട്ടി ചെമ്പൻകുഞ്ഞിന് പണം കടംകൊടുത്ത് കറുത്തമ്മയെ ചൂഷണം ചെയ്യുന്ന ഭാഗം നോക്കുക. ചക്കി പരീക്കുട്ടിയോട് പറയുന്നു.

"ചാകരകഴിയുമ്പം കാശ് തിരിച്ചു തരാം".

"വേണ്ട. അതെനിക്കുവേണ്ടെങ്കിലോ".

"വേണ്ടെന്നോ? അതെന്താണ്?".

പരീക്കുട്ടി പറഞ്ഞു.

"തിരിച്ചു തരാനല്ല ഞാൻ തന്നത്".

"ഒരു വള്ളോം വലേം മേടിക്കാനേക്കൊണ്ട് കറത്താമ്മ ചോദിച്ചു. ഞാൻ കൊടുത്തു. അത് തിരിച്ചു വേണ്ട."[29]

കറുത്തമ്മയെന്ന ചാകരക്കോളിനെ ലക്ഷ്യമാക്കി ചെമ്പൻകുഞ്ഞിന് കാശ്കൊടുത്ത് മയക്കിയെടുക്കുന്ന ചൂഷകന്റെ വേഷമാണ് പരീക്കുട്ടിയിൽ പ്രകടകമാകുന്നത്. ഈ ചൂഷണത്തിന്റെ വഴിതിരിച്ചറിഞ്ഞ ചക്കി പരീക്കുട്ടിയോട് പ്രതികരിച്ചതാണ് മേൽപരാമർശിച്ചത്.

ചെമ്പൻകുഞ്ഞിന്റെ അയൽക്കാരികളായ കാളിക്കുഞ്ഞും, കുഞ്ഞിപ്പെണ്ണും, ലക്ഷ്മിയും തൊഴിൽ രംഗത്തെ ചൂഷണത്തിനെതിരെ പ്രതികരിക്കുന്നവരാണ്. കൂടക്കച്ചവടക്കാരോട് മീൻ വാങ്ങിയാൽ ലാഭം കിട്ടില്ല. അതിനാൽ വലക്കാരനും,

വള്ളത്തിന്റെ ഉടമസ്ഥനും അയൽക്കാരനുമായ ചെമ്പൻകുഞ്ഞ് തങ്ങൾക്ക് മീൻ തരണമെന്നാണ് ലക്ഷ്മിയും, കുഞ്ഞിപ്പെണ്ണും, നല്ലപെണ്ണും പറയുന്നത്. ഭർത്താവിന്റെ സ്വാർത്ഥത പൂർണമായും മനസ്സിലാക്കിയ ചക്കി പറയുന്നു.

"അതാ കാലമാടൻ സമ്മതിക്കുവോന്നാരറിഞ്ഞു."[30]

ചക്കിയുടെ മറുപടിപോലെത്തന്നെ അയൽക്കാരികളെ മറന്ന് കടലിന്റെ മുറ മറന്ന് കൂടക്കച്ചവടക്കാർക്ക് മീൻകച്ചവടം ചെയ്ത് ചെമ്പൻകുഞ്ഞ് കുത്തക മുതലാളിയായി മാറുകയാണ്. ഈ മാറ്റം ഒരു സാധാരണ മത്സ്യത്തൊഴിലാളിയെ സംബന്ധിച്ച് കുറ്റംപറയാനാവുന്നഒന്നല്ല. എന്നാൽ ചെമ്പൻകുഞ്ഞ് കടം വാങ്ങിയ പണം തിരികെ നൽകാത്തതിലാണ് അതിന്റെ വിമർശനം ഉള്ളത്. അതേ സമയം ഭർത്താവിനോട് എതിർപ്പുപറയുന്ന ഭാര്യ വ്യവസ്ഥാപിത സ്ത്രീകളിൽ നിന്നും വ്യത്യാസമുള്ളതായി നോവൽ പറയുന്നു. മാത്രമല്ല അവർ സ്വന്തം നിലയ്ക്ക് സമ്പാദിക്കുവാൻ ശ്രമിക്കുന്നു. ഇത് ഒരു മാറ്റത്തിന്റെ സൂചനയാണ്. ഒപ്പം തുറയിലെ ദാരിദ്ര്യം വ്യക്തമാക്കാനും നോവലിസ്റ്റ് ശ്രമിക്കുന്നുണ്ട്.

സ്ത്രീ തന്നെ സ്ത്രീയെ ചൂഷണം ചെയ്യുന്ന സന്ദർഭം നോക്കുക. തുറയാകെ പട്ടിണിയിലാണ്. കാശുള്ളത് ചക്കിയുടെ കയ്യിൽ മാത്രം. അയൽക്കാരി നല്ലപെണ്ണ് ഓട്ടുടബ്ലർ പണയം നൽകി ഒരു രൂപ വാങ്ങി. ലക്ഷ്മി കുഞ്ഞിന്റെ കാതിൽ കിടന്ന പൂവ് നൽകി ഒരു രൂപ വാങ്ങി. ഇതറിഞ്ഞ് മണ്ണാറശാലയിൽ നിന്നുവാങ്ങിയ ഓട്ടുരുളിയുമായി കുഞ്ഞിപ്പെണ്ണ് എത്തി. ഈ സമയം ചക്കി പ്രതികരിച്ചത് ഇങ്ങനെയാണ്.

"ഇവാടെല്ലാരും ഇങ്ങനെവന്നാ കാശ് കുഴിച്ചെടുക്കുവാന്നോ"[31].

കടപ്പുറത്തെ ആ വറവുകാലംകൊണ്ട് അയൽക്കാരികളെയും മറ്റ് സ്ത്രീജനങ്ങളെയും ചൂഷണം ചെയ്ത് ചെമ്പൻകുഞ്ഞും ചക്കിയും കുറേ മുതലെടുത്തു. കുറേ ഓട്ടുപാത്രങ്ങളും പൊന്നും പൊടിയും ആദായവിലയ്ക്ക് ചക്കിയിൽ വന്നുചേർന്നു. കടപ്പുറത്തിന്റെ വരൾച്ചയിലും സമ്പാദ്യശീലം വളർത്തുന്ന ചക്കിയിൽ നിലനിൽപ്പിന്റെ ചില അംശങ്ങൾ കാണാൻ കഴിയും.

**കറുത്തസ്ത്രീകളും സൗന്ദര്യസങ്കൽപ്പവും**

ബ്ലാക്ക് ഫെമിനിസ്റ്റ് രാഷ്ട്രീയം സംസാരിക്കുന്നത് അടിമത്വത്തെ കുറിച്ചാണ്. പുരുഷാധിപത്യത്തിന്റെയും വംശീയതയുടെയും ഫലമായി സ്ത്രീകൾ അനുഭവിച്ചിരുന്ന അടിമത്വത്തിനുള്ള ഒരു മറുപടിയായിട്ടാണ് ബ്ലാക്ക്ഫെമിനിസത്തിന്റെ

ആവിർഭാവം. വർണവും വർഗവും നോക്കി ശ്രേഷ്ഠതയുടെ അളവുകോൽ നിശ്ച യിക്കുന്ന ഇന്നത്തെ സമൂഹത്തിലും ഒരു ഉയർത്തെഴുന്നേല്പ്പിനുള്ള ആവശ്യകത ഉയർത്തിക്കാട്ടുകയാണ് ഈ വായനയിലൂടെ.

ജാതിയിൽ കീഴാളവിഭാഗത്തിന്റെ ശ്രേണിയിൽ വരുന്ന മുക്കുവ സമുദായ ത്തിലെ സ്ത്രീകൾ സമൂഹത്തിന്റെ നേർകാഴ്ച്ചകളിൽ നിന്ന് മാറിനടന്നിരുന്നവരാ ണ്. സുഖങ്ങളിൽ ഒപ്പം കൂടാറുണ്ടായിരുന്ന പുരുഷൻമാർ ഞെരുക്കങ്ങളിൽ ഒറ്റ ക്കാകുമ്പോൾ ഇതിനെതിരെ പ്രതികരിക്കണമെന്ന ചിന്ത മുക്കുവസ്ത്രീകൾക്കു ണ്ടായി. ചക്കിയും ചെമ്പൻകുഞ്ഞും ഒരുപോലെ അധ്വാനിക്കുന്നവരാണ്. ചെമ്പൻകുഞ്ഞിനെക്കാൾ വീടിന്റെ സാമ്പത്തികവശം സുസ്ഥിരമാക്കിയിരുന്നത് ചക്കിയാണ്. ചെമ്പൻകുഞ്ഞ് വള്ളവും വലയും വാങ്ങിച്ചുകൂട്ടുമ്പോൾ സുഹൃത്തു ക്കൾ ഇയാളെ അസൂയയോടെ പരിഹസിക്കുന്നത് ഇപ്രകാരമാണ്.

“എന്നാലെകൊണ്ട് എല്ലരീച്ച് ‘കറാത്തു’ ഇരിക്കണ ചക്കി ഈപ്പം കണ്ടൻകോരൻ വലക്കാരന്റെ വീട്ടുകാരത്തിയെ പോലെയാകും.”[32]

കറുപ്പും വെളുപ്പും സൗന്ദര്യത്തിന്റെ അളവുകോലാകുന്ന കാലത്താണ് ഇന്നു നാം ജീവിക്കുന്നത്. നിറത്തിന്റെ പേരിൽ സമൂഹത്തിൽനിന്നും മാറ്റി നിർത്ത പ്പെടുന്നവർക്കുവേണ്ടി ശബ്ദിക്കുന്ന ആശയമാണ് ബ്ലാക്ക്ഫെമിനിസത്തിന്റേത്. ഒരേസമയം കുടുംബത്തിനു വേണ്ടി അധ്വാനിക്കുകയും അതേസമയം അടിമത്വം അനുഭവിക്കേണ്ടി വരികയുംചെയ്യുന്ന ചക്കിയെ വണ്ണംവെപ്പിക്കുക എന്നത് ചെമ്പൻ കുഞ്ഞിന്റെ ആഗ്രഹമായിരുന്നു. ഈ ആഗ്രഹം ചെമ്പൻകുഞ്ഞിനുണ്ടായത് കണ്ടൻകോരനും ഭാര്യയും സുഖിക്കുന്നപോലെ തനിക്കുസുഖിക്കാൻ അവസരം ഉണ്ടാക്കുക എന്നതിനാണ്. ഇവിടെ വണ്ണം (മേദസ്സ്) സുഖത്തിനുള്ള ഉപാധിയാവു കയാണ്. മേദസ്സില്ലാത്ത സ്ത്രീ ആക്ഷേപസൂചകമാണ്. അതുകൊണ്ടാണ് ‘എല്ല രിച്ച്’ എന്നുള്ള ആക്ഷേപസൂചകമായ ധ്വനി ചക്കിയ്ക്കു നേരെ ഉണ്ടായത്. അതു പോലെ ‘കറുത്ത’ എന്ന പ്രയോഗവും പരിഹാസദ്യോതകമാണ്.

ചെമ്പൻകുഞ്ഞിന്റെ സുഹൃത്തായ അച്ചുകുഞ്ഞിന്റെ ഭാര്യ നല്ലപെണ്ണ് അടിമ ത്തം അനുഭവിക്കുന്ന മറ്റൊരു കഥാപാത്രമാണ്. നോവലിന്റെ കേന്ദ്രസ്ഥാന ത്തെത്താതെ നോവലിന്റെ പാർശ്വഭാഗങ്ങളിൽ മാത്രം ജീവിച്ചുകൊണ്ട് നോവലിന് പ്രത്യേകം മിഴിവേകുന്ന, ചൂഷണമനുഭവിക്കുന്ന മറ്റു സ്ത്രീകഥാപാത്രങ്ങളെയും ഇതിൽ കാണാം. സ്ത്രീകഥാപാത്രങ്ങൾ അനുഭവിക്കുന്ന അവഗണനയും വേദ നയും ഒരു കാലഘട്ടത്തിന്റെ നേർ ചിത്രമായി നോവലിൽ നിറയുന്നു. മക്കളുടെ വിശപ്പിനെ പ്രശ്നവത്കരിച്ചുകൊണ്ട് അടിച്ചമർത്തലുകളെ മറികടന്ന് അതിജീവന

ത്തിലേയ്ക്ക് നീങ്ങുന്ന കാളികുഞ്ഞ്, ലക്ഷ്മി തുടങ്ങിയ കഥാപാത്രങ്ങൾ വീട്ട കത്തെ മാത്രമല്ല തൊഴിൽസ്ഥലത്തേയും പുരുഷാധിപത്യപ്രവണതകളെ മറികട ക്കാൻ ശ്രമിക്കുന്നുണ്ട്. വള്ളം നിറയെ മത്സ്യവുമായിവരുന്ന ചെമ്പൻ കുഞ്ഞ് കാ ലാകാലാങ്ങളായി കുട്ടക്കച്ചവടം നടത്തുന്ന സ്ത്രീകൾക്കു മത്സ്യംകടം നൽകാതെ, റൊക്കംതുകയ്ക്ക് കൂടംകാർക്ക് മത്സ്യം കച്ചവടമാക്കുകയാണ്. ഇതിനെ എതിർത്തുകൊണ്ട് കുഞ്ഞിപെണ്ണ് പറയുകയാണ്.

"നമാക്കോന്നുചോതീക്കാം".

നല്ലപെണ്ണു പ്രതിവചിച്ചു.

"ആ പിശാശിനോടാണാപറയാനാ?"[33]

സ്വാർത്ഥതയുടെ പര്യായമായ ചെമ്പൻകുഞ്ഞിനോടുള്ള പ്രതിഷേധമാണ് 'പിശാച്' എന്ന വിളിയിൽ പ്രതിഫലിക്കുന്നത്. ഇത്തരത്തിൽ ശാരീരികമായും, കുടുംബപരമായും, തൊഴിൽപരമായും, വർണപരമായും, വർഗപരമായും വിവേച നങ്ങൾ ഏറ്റുവാങ്ങുന്ന നിരവധി സ്ത്രീ കഥാപാത്രങ്ങളെ ഈ നോവലിൽ കാണാം. ഈ സ്ത്രീ കഥാപാത്രങ്ങൾക്കു വേണ്ടി സംസാരിക്കാൻ ബ്ലാക്ക് ഫെമിനി സത്തിന്റെ ആശയങ്ങൾക്ക് സാധിക്കും.

**ആഗോളവത്കരണവും സ്ത്രീ സാന്നിദ്ധ്യവും ചെമ്മീൻ എന്ന നോവലിൽ**

ദുരന്തത്തിൽ പൊലിയുന്ന ചെമ്മീൻ എന്ന നോവൽ പല വായനാസാധ്യത കളും നമ്മുടെമുന്നിൽ തുറന്നിടുന്നു. നോവലിലെ പ്രധാനകഥാപാത്രമായ കറു ത്തമ്മ ആധുനിക സമൂഹത്തിന്റെ കണ്ണിലെ കച്ചവടച്ചരക്കാണ്. ഈ വസ്തുതയാ ണ് ചെമ്മീൻ എന്ന നോവലിന്റെ സൂക്ഷ്മവായനയിലൂടെ വിശകലനം ചെയ്യുന്നത്. വർത്തമാനക്കാലത്തെ അനേകം വായനാസധ്യതകളിലൊന്നായി പരീക്കുട്ടിയുടെ കണ്ണിലെ ചരക്കായ കറുത്തമ്മയെ വായിച്ചെടുക്കാം.

ആധുനിക സമൂഹത്തിൽ ഏത് ഉല്പ്പന്നവും വിറ്റഴിയുന്നതും വാങ്ങി കൂട്ടു ന്നതും സ്ത്രീശരീരത്തിലൂടെയും, അവളുടെ മാനസിക വ്യാപാരങ്ങളെ വില്പനവസ്തു ആക്കുന്നതിലൂടെയുമാണ്. ഇതിനുദാഹരണമാണ് ഇന്ന് പര സ്യവിപണി ചൂഷണം ചെയ്യുന്ന സ്ത്രീ ഉടലുകളുടെ ബാഹുല്യവും, അതിലൂടെ വിറ്റഴിയപ്പെടുന്ന ഉത്പന്നങ്ങളും. കച്ചവട താല്പര്യത്തോടെ നീർക്കുന്നം കടപ്പുറ ത്തെത്തിയ കച്ചവടക്കാരനാണ് പരീക്കുട്ടി. കറുത്തമ്മ എന്ന ഉത്പന്നത്തിന്റെ മൂല്യം ആദ്യംമുതലെ അയാൾ മനസ്സിലാക്കിയിരുന്നു. ഈ ഉല്പന്നത്തെ കേന്ദ്രീക

രിച്ചായിരുന്നു നോവലിന്റെ തുടക്കം മുതൽ ഒടുക്കം വരെയുള്ള അയാളുടെസഞ്ചാരം. രണ്ടുകടൽത്തീരപ്രദേശങ്ങളുടെ പ്രദേശിക സംസ്കൃതികളിലൂടെയാണ് നോവലിൽ കഥ ഉയിർകൊള്ളുന്നത്. ഒന്ന് നീർക്കുന്നവും മറ്റൊന്ന് തൃക്കുന്നപുഴയും. പരിമിതവൃത്തത്തിൽ ജീവിക്കുന്ന അരയസമുദായത്തിന്റെ വാസസ്ഥലമാണ് കച്ചവടസ്ഥാനം. അരയസമുദായത്തിന്റെ തൊഴിൽ ബന്ധങ്ങളെയും ഉപജീവന, അതിജീവന മാർഗങ്ങളെയും അറിയാവുന്ന വ്യക്തിയാണ് കച്ചവടക്കാരനായപരീക്കുട്ടി. അരയസമുദായത്തിന്റെ സാമൂഹികഘടനയെകുറിച്ചുള്ള ധാരണ നന്നായി മനസ്സിലാക്കിയിരുന്ന പരീക്കുട്ടി മാത്രമാണ് ഈ നോവലിലെ പുറംനാട്ടുകാരൻ. നാലാംവേദക്കാരനെന്ന പേരിലും, കൊച്ചു മുതലാളി എന്നപേരിലും അറിയപ്പെടുന്ന ഇയാൾ മുതലാളിയുടെ സ്ഥാനം കൈയാളുകയാണ്.

നീർക്കുന്നം കടപ്പുറത്ത് കൂടംകെട്ടി അവിടെ മീൻ സംഭരിച്ച് ഉണക്കമീനാക്കി മാറ്റുന്ന കച്ചവടരീതിയാണ് പരീക്കുട്ടിയുടേത്. കാലംപോകെ മീൻകച്ചവടത്തിന്റെ സ്ഥാനത്തേക്ക് കറുത്തമ്മയുടെ ശരീരം കടന്നുവരികയും അയാളുടെ ലാഭക്കണ്ണുകൾ അവളുടെ ശരീരത്തെ പിൻതുടരുന്നു. തന്റെ വികാരങ്ങളെ തൃപ്തിപ്പെടുത്താനുള്ള ഉത്പന്നമായി പരീക്കുട്ടി എന്ന കച്ചവടക്കാരന്റെ മുന്നിൽ നിലകൊള്ളുകയാണ് കറുത്തമ്മ. പരീക്കുട്ടിയുടേത് വിശുദ്ധപ്രണയമാണെന്ന് നാം വായിക്കുമ്പോഴും അതിൽ നിറഞ്ഞ് നിൽക്കുന്നത് അവളുടെ ശരീരത്തോടുള്ള ആസക്തിയാണ്. ഈ സന്ദർഭം നോക്കുക.

"ഞങ്ങാക്ക് കുറേ രൂപ തരാവോ"[34].

എന്ന കറുത്തമ്മയുടെ ചോദ്യത്തെതുടർന്നാണ് പരീക്കുട്ടിയിൽ കച്ചവടതാല്പര്യം ഉടലെടുക്കുന്നത്. അതുവരെ അയാൾ അടക്കിവച്ചിരുന്ന ശാരീരികാസക്തി അവളുടെ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ ധനപരമായ വിനിമയമായി മാറ്റപ്പെടുന്നു.

"ഇരുവരുടെയും പൊട്ടിച്ചിരി ലൈംഗീകമായ കച്ചവടത്തിന്റെ രഹസ്യക്കരാർ പോലെയാണ് അറിയപ്പെടുന്നത്. ലൈംഗീകാസക്തിയുടെ അനിയന്ത്രിതമായ ഒരു പൊലിയാണ് ആ ചിരി. നഷ്ടം സംഭവിക്കാവുന്ന ഒരു കച്ചവടത്തിലാണ് താൻ ഇടപെടുന്നതെന്ന് പൊടുന്നനെ കറുത്തമ്മയ്ക്ക് വെളിപാടുണ്ടാകുന്നു"[35] (2015:14).

കറുത്തമ്മയെ പാട്ടിലാക്കാനുള്ള പരിശ്രമങ്ങൾ പരാജയപ്പെട്ടപ്പോഴാണ് നോക്കുകൊണ്ടും പാട്ടുകൊണ്ടും പണംകൊടുത്തും, ബാധ്യതവരുത്തി പരീക്കുട്ടി

അവളെ കൈപ്പിടിയിൽ ഒതുക്കാൻ ശ്രമിക്കുന്നത്. കച്ചവടക്കാരൻ പണമിറക്കുന്നത് ലാഭം മുൻകൂട്ടി കണ്ടുകൊണ്ടാണ്. താൻ മുടക്കുന്ന മുതലിനുള്ള പ്രതിഫലം ഉത്പന്നത്തിൽ നിന്ന് കച്ചവടക്കാരൻ പ്രതീക്ഷിക്കുന്നു. ഇവിടെ കറുത്തമ്മയുടെ ഉടൽ കണ്ടിട്ടാണ് പരീക്കുട്ടി പണമിറക്കിയത്.

"ഇന്ന് പുത്തൻ ആഗോള വത്കരണത്തിന്റെ മുഖ്യ പ്രായോജകരായ ആഗോള ധനകാര്യ സ്ഥാപനങ്ങൾ സാമ്പത്തിക പരാധീനത നേരിടുന്ന മൂന്നാം ലോക രാജ്യങ്ങളോടും ചെയ്യുന്നത് ഇതുതന്നെയാണ്. തങ്ങളുടെ കൽപ്പനകൾക്ക് വഴങ്ങാൻ തയ്യാറുള്ള രാജ്യങ്ങൾക്ക് പണം കടം കൊടുക്കുകയും പണം തിരിച്ചടക്കാൻ കഴിയാത്ത സാഹചര്യത്തിൽ ആ രാജ്യങ്ങളുടെ നിയന്ത്രണം കൈക്കലാക്കുകയും പിന്നെ നിയന്ത്രണ രഹിതമായി ആ രാജ്യത്തെ ചൂഷണം ചെയ്യുക, ആഗോള വത്കരണത്തിന്റെ ഒരു അധീശ തന്ത്രവുമാണ്"[36] (2015:16).

കറുത്തമ്മയെ സംബന്ധിച്ച് പരീക്കുട്ടി ആവശ്യഘടകമായിരുന്നില്ല. അതുകൊണ്ടാണ് വിവാഹത്തിനു ശേഷം എത്രയുംപെട്ടെന്ന് മാറിയസാഹചര്യങ്ങളോട് പൊരുത്തപെടാൻ അവൾക്കുകഴിയുന്നത്. കൂടാതെ കഴിഞ്ഞ ജീവിതത്തിലേയ്ക്ക് ഒരു മടങ്ങിപോക്കില്ല എന്ന് പളനിയ്ക്ക് വാഗ്ദാനം നല്കുന്നതും. ചക്കി മരിച്ച വാർത്തയുമായി വരുന്ന പരീക്കുട്ടിയോട് കറുത്തമ്മ ചോദിക്കുന്നത് നോക്കുക.

"അവിടുന്ന് പോന്നാലും എനിക്കു സൈ്വര്യം തരത്തില്യോ"[37].

ലക്ഷ്യം വച്ചത് നേടിയെടുക്കാനുള്ള പരീക്കുട്ടിയുടെ ശ്രമം കറുത്തമ്മയെന്ന ഉത്പന്നത്തിൽ വിജയിക്കുകയാണ്. പരീക്കുട്ടി കൊടുത്ത പണത്തിന്റെ പിൻബലത്തിൽ കറുത്തമ്മയിലുള്ള അവകാശം സ്ഥാപിക്കാൻ അയാൾക്കുകഴിഞ്ഞു. തൃക്കുന്നപ്പുഴയിൽ ഭർത്താവിനൊപ്പം ജീവിക്കുന്ന കറുത്തമ്മ പരീക്കുട്ടിയെ ഓർക്കുന്നത് പ്രണയനായകനായിട്ടല്ല, അയാൾക്കു പണം തിരിച്ചുകൊടുത്തിട്ടില്ല എന്ന വ്യാധിയാലാണ്. പരീകുട്ടിയുടെ കടം വീട്ടിയിരുന്നെങ്കിൽ, അയാളെ കുറിച്ചുള്ള സങ്കടം കറുത്തമ്മയിൽ ശക്തമാവുമായിരുന്നില്ല. പുരാവൃത്തത്തിൽ അധിഷ്ഠിതമായ പ്രണയകഥ എന്ന വായനക്കുശേഷം, പുനർവായനയിൽ കച്ചവടതാല്പര്യത്തിന്റെ കണ്ണോടുകൂടി മാത്രം പ്രവർത്തിക്കുന്ന പരീക്കുട്ടി എന്ന പ്രണയനായകന്റെ ഇടപെടലുകളെ കച്ചവടതാൽപര്യത്തിന്റെയും, ആഗോളവത്കരണത്തിന്റെയും കണ്ണിലൂടെ വായിച്ചെടുക്കാൻ പുതുവായനാരീതികൊണ്ട് സാധിക്കും.

**പുരാവൃത്തവും ചെമ്മീൻ എന്ന നോവലും**

മിത്ത് എന്ന വാക്ക് പുരാതന ഗ്രീക്കിൽ നിന്നാണ് രൂപമെടുത്തത്. ഒരു ജനതയുടെ ആദ്യകാലചരിത്രം അല്ലെങ്കിൽ സ്വാഭാവികമൊ, സാമൂഹികമൊ ആയ പ്രതിനിധാനത്തെ വിവരിക്കുന്ന വിഭാഗത്തെയാണ് മിത്ത് എന്നു വിളിക്കുന്നത്. മിത്ത് മതവുമായോ ആത്മീയതയുമായോ ബന്ധപ്പെട്ടിരിക്കുന്നു. തകഴി ചെമ്മീനിൽ സ്വീകരിക്കുന്ന മിത്തിനെക്കുറിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. അരയസമുദായത്തിൽ ഇത്തരമൊരുവിശ്വാസം ഇല്ലെന്നുള്ള അഭിപ്രായമാണ് ഇതിൽ പ്രബലമായത്. അതിനാൽതന്നെ സാൻമാർഗ്ഗിക ജീവിതത്തിന്റെ പാഠങ്ങളിലൊന്നായി സ്വീകരിക്കാൻ തകഴി കണ്ടെത്തിയതാണ് ഈ വിശ്വാസം എന്നൊരു തത്ത്വവുംകൂടി ചെമ്മീൻ എന്ന നോവലിന്റെ വായനയിൽ സ്വീകരിക്കാവുന്നതാണ്.

കറുത്തമ്മ-പരീക്കുട്ടി പ്രണയജോഡികളുടെ പ്രണയം പൊലിയുന്നത് മിത്തിന്റെ സംരക്ഷണം പാലിക്കപ്പെടേണ്ടതിനാണ്. നോവലിൽ മിത്തിനെക്കുറിച്ചുള്ള തകഴിയുടെ സങ്കൽപം ഇപ്രകാരമാണ്. പേടിപ്പെടുത്തുന്ന മിത്തനുസരിച്ചുജീവിക്കാൻ ഓരോ മുക്കുവപെൺകുട്ടികളെയും സമുദായം പരിശീലിപ്പിക്കുന്നു. ഈ വിശ്വാസം തെറ്റിച്ച കറുത്തമ്മയുടെ ജീവിതത്തിന്റെ ദാരുണാന്ത്യമാണ് ചെമ്മീൻ എന്ന നോവൽ. വിഷാദമധുരമായ ചെമ്മീൻ എന്ന നോവലിന് പരഭാഗശോഭ നൽകുന്ന കഥാപാത്രങ്ങളാണ് ചെമ്പൻകുഞ്ഞും, ചക്കിയും. നോവലിന്റെ ആരംഭം മുതൽ കറുത്തമ്മയെ കുറിച്ച് ആകുലപ്പെടുന്ന ചക്കിയുടെ അന്ത്യം സംഭവിക്കുന്നത് കറുത്തമ്മയുടെ വിവാഹവേളയിൽ ഉണ്ടായ സംഘർഷങ്ങൾ മൂലമാണ്.

കറുത്തമ്മയുടെയും പരീക്കുട്ടിയുടെയും പ്രണയത്തെ വിലക്കുന്ന വില്ലനാണ് ഈ നോവലിലെ പുരാവൃത്തം. പുരാവൃത്തത്തിൽത്തട്ടി കടലിന്റെ ആഴങ്ങളിലേയ്ക്ക് പതിക്കുന്ന നോവലായി ചെമ്മീൻ എന്ന കൃതിയെ വായിച്ചെടുക്കാം.
കടലിൽപോകുന്ന മുക്കുവന്റെ ജീവന് സുരക്ഷയുടെ വലയം സൃഷ്ടിക്കുന്നത് മുക്കുവസ്ത്രീയുടെ ചാരിത്രമാണ്. ഈ ചാരിത്രസംരക്ഷണത്തിന്റെ ഉടമസ്ഥയായ കറുത്തമ്മ പ്രണയിക്കുന്നത് ഒരു നാലാം വേദക്കാരനെയാണ്. ജാതി വിട്ടുള്ള ബന്ധത്തെയും പുരാവൃത്തം വിലക്കായിത്തന്നെ കരുതുന്നു. ഇത്തരത്തിൽ മലിനമായ കറുത്തമ്മയുടെ ജീവിതം അനാഥനായ പളനിയുടെ തലയിൽ കെട്ടിവയ്ക്കുകയായിരുന്നു ചെമ്പൻകുഞ്ഞ്. വിവാഹം കഴിഞ്ഞ് പളനി തൃക്കുന്നപ്പുഴ എത്തുന്നതിനുമുമ്പേ കറുത്തമ്മയെകുറിച്ചുള്ള അപവാദം അവിടെ എത്തിയിരുന്നു.

ഒരു പിഴച്ചപെണ്ണിന്റെ പരിവേഷത്തോടെയാണ് കറുത്തമ്മ തൃക്കുന്നപ്പുഴ കടപ്പുറത്തു കാൽകുത്തുന്നത്.

പരീക്കുട്ടിയുമായുള്ള ദാമ്പത്യം സാധ്യമാകുമെന്നോ സുസാധ്യമാകുമെന്നോ വിചാരിക്കാതെയാണ് കറുത്തമ്മ അയാളുമായി പ്രണയത്തിലാകുന്നത്. പ്രണയത്തിന്റെ വേളകളിലാണ് പരീക്കുട്ടിയിൽ നിന്നും വള്ളവും വലയും വാങ്ങാനുള്ള പണം കടം കൊള്ളുന്നത്. മറ്റൊരു വിവാഹം അനിവാര്യമായപ്പോൾ കറുത്തമ്മയെ ഏറെ കുഴക്കുന്നതും പരീക്കുട്ടിയിൽ നിന്നും കടംകൊണ്ട പണം തന്നെയാണ്. വിവാഹമുറപ്പിക്കുന്ന വേളയിലൊന്നും കറുത്തമ്മ പരീക്കുട്ടിക്കുവേണ്ടി സംസാരിക്കുന്നില്ല. കടം കൊടുത്തുതീർക്കണമെന്നും, തുടർന്ന് പളനിയുമായി സ്വസ്ഥമായി ജീവിക്കാമെന്നേ അവൾ മനസ്സിൽകരുതുന്നുള്ളു. കറുത്തമ്മ പളനിയെ ഭർത്താവായി അംഗീകരിച്ച് ഒരു കുടുംബം പടുത്തുയർത്തുമ്പോഴും, പഞ്ചമിയെ കാണുമ്പോൾ അവളന്വേഷിച്ചത് കൊച്ചുമുതലാളിയുടെ കാര്യമാണ്. പരീക്കുട്ടിയെ മറക്കാൻകഴിയാത്ത നിസ്സഹായതയാണ് കറുത്തമ്മയിൽ നിഴലിക്കുന്നത്. സ്വൈര്യം കെടുത്തുന്ന പുരാവൃത്തം കറുത്തമ്മയുടെ ജീവിതത്തെ കടലിലെ ചുഴിപോലെ വട്ടം കറക്കുകയാണ്. ആ ചിന്തയിൽനിന്ന് രക്ഷപ്പെടുമ്പോഴും പൂർവാധികം ശക്തിയോടെ ആ ചിന്തയിലേയ്ക്ക് തന്നെ അവൾ വലിച്ചിടപ്പെടുന്നു.

തകഴിയുടെ നോവലുകളുടെ ഗണത്തിൽ വ്യത്യസ്തതപുലർത്തുന്ന നോവലാണ് ചെമ്മീൻ. വ്യത്യസ്തതയ്ക്ക് കാരണമായി കണ്ടെത്താവുന്ന പ്രധാനകാരണങ്ങളിലൊന്ന്, ഒരേസമയം അത് പ്രണയനോവലും, പ്രണയ ദുരന്തനോവലുമാണ്. പ്രണയദുരന്തമാണ് ഈ നോവലിനെ ആസ്വാദകർക്ക് സ്വീകാര്യമാക്കി മാറ്റിയത്. പരീക്കുട്ടിയും കറുത്തമ്മയും സസുഖം ജീവിച്ചു വാഴുന്ന രംഗമായി നോവലിന്റെ അവസാനഭാഗത്തെ ഒരുക്കിയെങ്കിൽ നോവലിസ്റ്റ് ഉദ്ദേശ്ശിച്ചിരുന്ന സൻമാർഗ്ഗ പ്രബോധനം സംഭവിക്കുകയില്ലായിരുന്നു. മിത്ത് നിലനിൽക്കുന്നുണ്ടോ, ഇല്ലയോ എന്ന വസ്തുതയെക്കാൾ നവോത്ഥാനത്തിൽ വിശ്വസിച്ചിരുന്ന തകഴി സുചരിതകളായ സ്ത്രീകൾ സമൂഹത്തിൽ നിലനിൽക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിലൊരു പരിണാമം നോവലിൽ സാധിച്ചെടുത്തത്. വിശ്വാസം സംരക്ഷിക്കേണ്ട കറുത്തമ്മ പ്രണയിക്കുന്നത് ഒരു നാലാം വേദക്കാരനെയാണ്. ജാതിവിട്ടുള്ള ഒരു ബന്ധത്തെ എതിർക്കുന്ന അരയസമുദായം അനാഥനായ പളനിയുടെ തലയിൽ കറുത്തമ്മയെ കെട്ടിവെയ്ക്കുന്നു. വിവാഹം കഴിഞ്ഞ് പളനിയും കറുത്തമ്മയും തൃക്കുന്നപ്പുഴ കടപ്പുറത്തെത്തും മുമ്പേ അവളെ കുറിച്ചുള്ള അപവാദം അവിടെ വ്യാപകമായി.

പ്രണയത്തിന്റെ സൗന്ദര്യം കെടുത്തുന്ന പുരാവൃത്തമാണ് കറുത്തമ്മയുടെ ജീവിതത്തെ ഇല്ലാതാക്കിയത്. കടലിലെ ചുഴിപോലെ അത് അവളുടെ പ്രണയത്തെ വട്ടം കറക്കുകയാണ്. കടപ്പുറത്തിന് ഒരു തത്വശാസ്ത്രമുണ്ട്, പെണ്ണ് പിഴച്ചാൽ കടപ്പുറം മുടിയും, കടല് കരിയും. പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധങ്ങൾ ഇണക്കിക്കൊണ്ടുപോകാൻ കാലങ്ങൾക്കുമുമ്പേ നിയാമക കർത്താവ് ആരാണെന്നറിയാതെ ഉരുത്തിരിഞ്ഞ നിയമമാണിത്. ആ നിയമത്തെ മറികടന്ന് കറുത്തമ്മ നാലാംവേദക്കാരനെ സ്നേഹിച്ചു. കടപ്പുറത്തിന്റെ നിയമം ഉൾകൊണ്ട കറുത്തമ്മയാണ് ഈ അപരിഹാര്യമായ തെറ്റുചെയ്തത്. ഈ സന്ദർഭം നോക്കുക.

"കടാലീ പോണോന്റെ ജീവൻ കരയിലിരിക്കുന്ന പെണ്ണിന്റെ കൈയിലാ"[38].

എന്ന ഉപദേശം കേട്ടുവളർന്നിട്ടും കറുത്തമ്മയ്ക്കു തെറ്റു പറ്റിപോയി. കടൽ എന്ന മാതൃസത്തയെ ആശ്രയിച്ചുജീവിക്കുന്നവരാണ് മുക്കുവർ. ഒരേസമയം ദൈവികവും രാക്ഷസീയവുമായ ഭാവപകർച്ച കടലിനുണ്ടെന്ന് മുക്കുവർ വിശ്വസിക്കുന്നു. ഇത്തരത്തിൽ വിശ്വസിക്കുന്നവർക്ക് ജീവിതവിശുദ്ധിയെകുറിച്ചുള്ള തത്വശാസ്ത്രംരൂപപ്പെടുക സ്വാഭാവികമാണ്. നോവലിൽ ഈ വിശ്വാസം സത്യമാണെന്ന് രേഖപ്പെടുത്തുന്ന സംഭവം പരാമർശിക്കുന്നുണ്ട്.

"തിരകൾക്കും ഒഴുക്കിനും എതിരായി മല്ലടിച്ച് ഒരു തടികഷ്ണത്തിൽ ചക്രവാളത്തിനപ്പുറത്തേക്കുപോയ ആദ്യത്തെ മുക്കുവന്റെ ഭാര്യ വ്രതനിഷ്ഠയോടെ കടപ്പുറത്ത് പടിഞ്ഞാറേക്കു നോക്കി നിന്നു തപസ്സു ചെയ്യുകയായിരുന്നു. കടലിലിൽ കോളിളകി തിമിംഗലങ്ങൾ വായ്പൊളിച്ചുകൊണ്ടടുത്തു. സ്രാവുകൾ വാലുകൊണ്ട് വെള്ളത്തിലടിച്ചു. ഒഴുക്ക് വള്ളത്തെ ഒരു വലിയ പുഴയിലേയ്ക്ക് വലിച്ചു കൊണ്ടുപോയി. എല്ലാ അപകടത്തിൽ നിന്നും അയാൾ അത്ഭുകരമായി രക്ഷപ്പെട്ടു. എന്നല്ലാ, ഒരു വലിയ മീനുമായി കരയ്ക്കുവന്നു. എങ്ങനെ കൊടുങ്കാറ്റിൽ നിന്നും രക്ഷപ്പെട്ടു? എന്തുകൊണ്ട് തിമിംഗലം വിഴുങ്ങിയില്ല? സ്രാവിന്റടി ഏറ്റിട്ടും വള്ളത്തിന് ഒരു കേടും സംഭവിച്ചില്ല. ചുഴി ഒഴിഞ്ഞുപോയി, എങ്ങനെ അതെല്ലാം സംഭവിച്ചു? ആ പതിവ്രത കടപ്പുറത്ത് തപസു ചെയ്യുകയായിരുന്നു"[39].

ചെമ്മീൻ എന്ന നോവലിലെ സകലപ്രതിപാദനത്തിലും കടലിന്റെ സാന്നിധ്യമുണ്ട്. കടലിന്റെ ആക്രമണം അവനവന്റെ പ്രവൃത്തികൾക്ക് അനുസരണമായി സംഭവിക്കുമെന്ന് അവർ വിശ്വസിക്കുന്നു. കഥാകൃത്തിനും ഈ വിശ്വാസത്തോട് വിധേയത്വമുണ്ടെന്ന് കാണാം. ഇത്തരത്തിലുള്ള വിശ്വാസം നിലനിൽക്കേ നീർക്കുന്നം കടപ്പുറത്തെസ്ത്രീകളുടെ അപവാദകഥകൾ നോവലിൽ പരാമർശി

ക്കുന്നുണ്ട്. കറുത്തമ്മയെപ്പറ്റി അപവാദംപറഞ്ഞ പെണ്ണുങ്ങളുമായി ചക്കി വഴക്കുകൂടി. അവരുടെ വഴക്കിൽ നിന്നും കറുത്തമ്മയ്ക്ക് അമ്പരപ്പിക്കുന്ന കഥകൾ പിടികിട്ടി. ചക്കിയുടെ ചെറുപ്പത്തിൽ അവളും കടപ്പുറം മുടിച്ചവളാണുപോലും, കാളികുഞ്ഞിന്റെ തന്ത വീടുതോറും ഉണക്കമീനിന് അച്ചാരം കൊടുക്കാൻ നട ക്കുന്ന മേത്തനാണ്. ഈ കഥകളുടെ നാടാണ് കറുത്തമ്മയെ പുരാവൃത്തിന്റെ നീതിശാസ്ത്രം പഠിപ്പിക്കുന്നത്.

"അവളുടെ അമ്മയും ചെറുപ്പകാലത്ത് ആരേയോ സ്നേഹിച്ചിരുന്നു. ആ പെണ്ണുങ്ങളെല്ലാം കടപ്പുറം അശുദ്ധമാക്കിയവരാണോ? കടപ്പുറത്തിന്റെ തത്വശാസ്ത്രിനു ഒരർത്ഥവുമില്ലേ? എല്ലാം പറച്ചിൽ മാത്രമോ? ഈ പെണ്ണു ങ്ങൾക്കെല്ലാം കഥകളുണ്ടായിട്ടും പടിഞ്ഞാറേ കടൽ ഇന്നും പഴയ പോലെ കിട ക്കുന്നു. ഇന്നും കടലിൽ വള്ളമിറങ്ങുന്നു. പെയ്ത്തുണ്ടാകുന്നു. അരയൻമാർ ജീവി ക്കുന്നു. അപ്പോൾ പഴയ കഥകളുടെ അർത്ഥം"[40].

നോവലിലെ ഈ ഭാഗത്ത് മിത്തിനെക്കുറിച്ചുള്ള സ്വീകാര്യതയാണോ, നിഷേധമാണോ കഥാകൃത്ത് ഉദ്ദേശിച്ചതെന്ന് വ്യക്തമല്ല. കാരണം അരയസമുദായ ത്തിൽ പരിരക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്ന വിശ്വാസത്തെ കറുത്തമ്മ തന്നെ സംശയത്തോടെ നോക്കിക്കാണുകയാണ്. കറുത്തമ്മ പ്രകടിപ്പിച്ച ഈ സംശയം തന്നെയാണ് ഡോ. വേലുകുട്ടി അരയൻ 'ചെമ്മീൻ ഒരു നിരൂപണം' എന്ന ലേഖന ത്തിൽ പരാമർശിക്കുന്നത്.

"ഈ ഐതിഹ്യം കേരളത്തിലെ അരയൻമാരെ ആകമാനംബാധിപ്പിച്ചു കൊണ്ട് ചെമ്മീനിൽ പകർത്തിയത് തെറ്റായിപോയി"[41] (2012-136).

തകഴി താൻ രൂപപ്പെടുത്തിയ വിശ്വാസത്തെ ഒരു സമുദായത്തിന് മേൽ അടിച്ചേൽപ്പിക്കുകയായിരുന്നു എന്ന നിരൂപക അഭിപ്രായം ശക്തമാണ്. ഈ വിശ്വാസസംരക്ഷണം ദാമ്പത്യവിശ്വസ്തതയ്ക്ക് വേണ്ടിയാണെങ്കിൽക്കൂടിയും ഒരു സമുദായത്തിന്റെ പേരെടുത്ത് പറഞ്ഞുകൊണ്ട് അവർക്കായി ഒരു നല്ലനടപ്പു സംസ്ക്കാരം സൃഷ്ടിക്കുകയായിരുന്നു ഇതിലൂടെ ചെയ്തത്.

വിവാഹിതയായി തൃക്കുന്നപ്പുഴയിൽ എത്തിയ കറുത്തമ്മയ്ക്ക് അവിടുത്തെ സ്ഥിതിയും വ്യത്യസ്തമല്ലെന്നുമനസ്സിലാവുന്നു. കറുത്തമ്മയുടെ ചാരിത്ര ശുദ്ധിയെ സംശയിച്ച് വള്ളത്തിൽ പോവുന്നതിൽ നിന്നും പളനിയെ വലക്കാർ വിലക്കിയപ്പോൾ കറുത്തമ്മ ചോദിക്കുന്നു.

"ഇവന്മാരുടെ മരക്കാത്തിമാർക്കും ഇങ്ങനൊരവത്തമുണ്ടായി കാണത്തി ല്യോ?".

ഇതിനുള്ള പളനിയുടെ മറുപടി നോക്കുക.

"പിന്നെ കാണത്തില്യോ? കള്ളികള് അവളുമാര് ഒളിച്ചുവെച്ചിരിക്കുവാ"[42].

സദാചാരവും അതിന്റെ ലംഘനവും എല്ലാ കാലത്തുംസമൂഹത്തിൽ നടക്കു ന്നതാണെന്ന് തെളിയിക്കുകയാണിവിടെ. നോവലിന്റെ അവസാനഭാഗത്ത് പഞ്ചമി കടന്നു വരുന്നത് നോവലിനെ മറ്റൊരു തലത്തിലേയ്ക്ക് എത്തിക്കുന്നു.. പഴയ തെല്ലാം മറന്ന് പുതിയ ജീവിതം നയിക്കാൻ തുടങ്ങിയ കറുത്തമ്മയെ പഴയതെല്ലാം ഓർമിപ്പിച്ചു കൊണ്ടായിരുന്നു പഞ്ചമിയുടെ വരവ്. പഞ്ചമിയോട് കറുത്തമ്മ നീർക്കുന്നത്തെ വിശേഷങ്ങൾ ചോദിക്കുന്ന സന്ദർഭം നോക്കുക.

"ഇപ്പോഴും കൊച്ചു മുതലാളി വള്ളത്തിന്മേലിരുന്ന് പാടുവോ?"[43].

ഈ ചോദ്യം കേട്ടുവന്ന പളനിയുടെ സമനില തെറ്റുന്നു. പ്രക്ഷുബ്ധമായ മനസ്സോടെ, ശക്തമായ ഉൾകരുത്തുമായി പളനി ആഴകടലിലേയ്ക്ക് ചൂണ്ടയിടാൻ പോകുന്നു. കറുത്തമ്മയുടെ നിലപാട് തെളിയിക്കാനായിരിക്കാം പളനി ആ രാത്രി കടലിൽപോയത്. നിരവധിതവണ ദാമ്പത്യവിശ്വസ്തതയെന്ന സത്യം ഏറ്റുചൊല്ലി യിട്ടും, പരീക്കുട്ടിയുടെ ചിന്തയുമായി തന്റെ കൂടെപാർക്കുന്ന കറുത്തമ്മയുടെ വിശ്വസ്തതയെ അളക്കാൻ പളനി തീരുമാനിക്കുന്നു. യാദൃശ്ചീകമായി പരീക്കു ട്ടിയും അന്നുരാത്രി തൃക്കുന്നപ്പുഴയിൽ എത്തുന്നു. അടക്കി നിർത്തിയിരുന്ന അവ ളുടെ സ്നേഹം പരീക്കുട്ടിവന്നുവിളിച്ചപ്പോൾ വിലക്കുകളെ അതിലംഘിച്ച് പുറ ത്തേക്കൊഴുകുന്നു. ആദ്യ മുത്തശ്ശി നല്കിയ ഉപദേശം മറന്ന് പരീക്കുട്ടിയുടെ നീട്ടപ്പെട്ട കൈകളിൽ അമർന്ന് കറുത്തമ്മ മരണത്തെ പുല്കുന്നു. സ്രാവിനോട് ഏറ്റുമുട്ടി മരണത്തോടുമല്ലടിക്കുന്ന പളനി അവസാനശ്വാസത്തിലും വിളിച്ചത് 'കറുത്തമ്മ'[44] എന്നാണ്. അവൻ വിശ്വസിച്ചിരുന്നു ആദ്യ മുത്തശ്ശിയുടെ വഴി കറു ത്തമ്മ സ്വീകരിക്കുമെന്ന്.

"കറുത്തമ്മ പരീക്കുട്ടിമാരുടെ സംഗമവും ഈ മരണവും തമ്മിലുള്ള ബന്ധം യാദൃശ്ചികം മാത്രം. അതുജീവിതത്തെ വിശുദ്ധവും സുഭദ്രവുമാക്കുന്ന ഒരു വിശ്വാസത്തിന് ഉറപ്പേകുന്നതായി. ആ ഉറപ്പ്, അത് അല്പ്പം അന്ധവിശ്വാസ ജന്യമാണെങ്കിൽ ആവട്ടെ, നല്ലത് എന്ന് കരുതുന്നു ഈ കഥാകാരൻ"[45] (1997:66).

''ഇല്ലാത്തൊരു മിത്ത് തകഴി സൃഷ്ടിച്ചതാണോ? അതിനുത്തരം തകഴിക്കു പോലും പറയാൻ ആകുന്നില്ല. പണ്ടില്ലായിരുന്നിരിക്കാം. പക്ഷേ ഉണ്ടെന്നു വരുത്താൻ നോവലിസ്റ്റിനു സാധിച്ചു. അത് എഴുത്തുകാരന്റെ അബോധ മനസ്സിൽ രൂപം കൊണ്ടതാവാം. ഇല്ലാത്തൊരുവിശ്വാസത്തെ സൃഷ്ടിച്ചെടുത്ത് സമൂഹത്തിന്റെ മനസ്സിൽ അതിനെ പ്രതിഷ്ഠിക്കാനാകുക എന്നതാണ് യഥാർത്ഥത്തിലുള്ള സൃഷ്ടികർമ്മം''[46] (1997: 67).

''നാടു മാറുമ്പോൾ കടലും മാറുന്നു'' ഇന്ന് മാറ്റമില്ലാത്ത ഒന്നുമില്ല. കടലുമായി ബന്ധമുള്ള എല്ലാ ആചാരനുഷ്ടാനങ്ങളും കാലാനുസൃതമായി മാറികൊണ്ടിരിക്കുകയാണ്. മറ്റെല്ലാസമുദായത്തിലെന്നപോലെ അരയസമുദായത്തിലും മാറ്റത്തിന്റെകാറ്റ് അതിവേഗം വീശുമ്പോൾ, പെണ്ണുമായിബന്ധപ്പെട്ട ഈ പുരാവൃത്തം മാത്രം അതായിത്തന്നെ ചില സമൂഹങ്ങളിലും, മനസ്സുകളിലും നിലനിൽക്കുന്നു എന്നുകാണാം. മറ്റെല്ലാ പാരമ്പര്യങ്ങളും പുതുക്കപ്പെടുകയും തകർക്കപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ, ആധുനികതയിലേയ്ക്ക് ലോകം അതിവേഗംവളരുമ്പോൾ ഈ പുരാവൃത്തിന്റെ കെട്ടുപാട് നമ്മുടെ സമൂഹത്തെ ഇന്നും കെട്ടിവരിയുന്നുണ്ടെന്ന് കാണാം. അതായത് ചാരിത്രവിശുദ്ധിയും മറ്റുപരിപാവനതയും പെണ്ണിന്റെ മാത്രം കർത്തവ്യമായിമാറുന്ന ഈ കാലഘട്ടത്തിൽ ചെമ്മീൻ എന്ന നോവൽ പങ്കുവെയ്ക്കുന്ന പ്രധാന ആശയം വർത്തമാനകാലഘട്ടത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നു.

**ആചാരാനുഷ്ഠാനവും കടലമ്മ എന്ന ദൈവവും ചെമ്മീനിൽ**

രണ്ട് കടപ്പുറജീവിതങ്ങളിലൂടെ ഉരുതിരിയുന്ന കഥയാണ് ചെമ്മീൻ എന്ന നോവലിന്റേത്. കുട്ടനാടൻ പ്രദേശത്തിന്റെ പടിഞ്ഞാറെക്കരയിലുള്ള നീർക്കുന്നം കടപ്പുറവും അവിടെ നിന്ന് നാഴികകൾ സഞ്ചരിച്ചാൽ എത്തുന്ന തൃക്കുന്നപ്പുഴ കടപ്പുറവും, ഈ രണ്ടു സ്ഥലനാമങ്ങളിലൂടെ ബന്ധിതമാകുന്ന നോവൽ ഇതിവൃത്തത്തിന് ഉറപ്പേകുന്ന പരാമർശം പുരാവൃത്തമാണ്. കീഴാളവിഭാഗമായ അരയജാതിയുടെ മാത്രം പ്രദേശമാണ് നീർക്കുന്നം. അവിടെ വരത്തനായി കച്ചവടത്തിന് ചെല്ലുന്നത് പരീക്കുട്ടിയെന്ന കൊച്ചുമുതലാളിയാണ്. ധനപരമായ വിനിമയത്തിനെത്തുന്നതാകട്ടെ ഔസേപ്പ്. ഇവരെ മാറ്റിനിർത്തിയാൽ അരയസമുദായത്തിന്റെ ജിവിതത്തിന്റെയും അതിജീവിതത്തിന്റെയും പ്രദേശമായിമാറുകയാണ് നീർക്കുന്നം കടപ്പുറം. കടലിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള ഈ നോവലിൽ ആചാരങ്ങളും, അനുഷ്ഠാനങ്ങളും മാതൃദേവതാ സ്ഥാനമായ കടലമ്മയോട് ബന്ധിപ്പിച്ചുമുന്നേറുമ്പോൾ, നൂറ്റാണ്ടുകൾക്കുമുമ്പ് വേരോടിയ പുരാവൃത്തപരാമർശം

നീർക്കുന്നത്തും തൃക്കുന്നപ്പുഴയിലും അതിശക്തമായിത്തന്നെ നിലനിൽക്കുന്നതായി നോവലിൽ ചിത്രീകരിക്കുന്നു.

ആചാരാനുഷ്ഠാനുങ്ങളോടുള്ള നിഷേധഭാവമാണ് ചെമ്പൻകുഞ്ഞിനുള്ളത്. ഇതിൽ പരാമർശിക്കുന്ന ആചാരനുഷ്ഠാനങ്ങൾ അരയ സമുദായത്തിന്റേതു മാത്രമായി ഒതുക്കാൻ കഴിയില്ല. ഹിന്ദു വിഭാഗത്തിലെ ഏത് മതവിഭാഗത്തിലും കാണപ്പെടുന്ന ആചാരനുഷ്ഠാനങ്ങളാണ് ഈ വിഭാഗവും പിൻതുടർന്ന് പോന്നിരുന്നത്. വിശേഷവിധിയായി കടലമ്മയെ ദൈവമായി സങ്കല്പ്പിക്കുന്നു എന്ന വ്യത്യാസമേയുള്ളു. ഡോ. വി വി വേലുകുട്ടി അരയൻ 'ചെമ്മീൻ ഒരു നിരൂപണം' എന്ന കൃതിയിൽ വിവരിക്കുന്നത് ഈ ആശയമാണ്. മാത്രവുമല്ല ഈ വിശ്വാസത്തെ അദ്ദേഹം നിശിതമായി വിമർശിക്കുന്ന ഭാഗം നോക്കുക.

"ചെമ്മീനിൽ കാണുന്ന 'കടലമ്മ' അരയൻമാരുടെ ഇടയിൽ ഇല്ലാത്ത ഒന്നാണ്. ഇല്ലാത്തൊന്നിനെ പിടിച്ച് അവരുടെ തലയിൽ കെട്ടി വെച്ച് ആ ദേവതയുടെ ഉഗ്രശാപത്തിനും സംഹാര ക്രിയക്കും ചെമ്പൻ കുഞ്ഞിനെയും, പളനിയേയും, കറുത്തമ്മ, പരീകുട്ടി, ചക്കി എന്നിവരേയും പാത്രീഭൂതരാക്കുകയാണ് തകഴി ചെയ്തത്"[47] (1997: 136).

നീർക്കുന്നത്തേയും, തൃക്കുന്നപ്പുഴയിലേയും ആചാരങ്ങളും അനുഷ്ഠാനങ്ങളും പരാമർശിക്കപ്പെടാനുള്ള നിരവധി സാഹചര്യങ്ങൾ നോവൽ ഒരുക്കുന്നുണ്ട്. വള്ളവുംവലയും വാങ്ങാൻ പോകുന്നതിനുമുമ്പ് തുറയിലച്ചനെ കണ്ട് 'കെട്ടുകാഴ്ച്ച' നൽകി അനുമതി വാങ്ങണം എന്നൊരു ചടങ്ങുണ്ട്. ഈ ചടങ്ങ് നടത്താത്ത ചെമ്പൻ കുഞ്ഞിനോട് തുറക്കാർ കലഹിക്കുന്നുണ്ട്. വള്ളം നീറ്റിലിറക്കാൻ സാധിക്കാതിരിക്കുമോ എന്ന് ഭയന്ന് ആരുടെയൊക്കേയോ നിർബന്ധപ്രകാരം തുറയിലരയന് കെട്ടുകാഴ്ച്ച നല്കുന്ന ചെമ്പൻകുഞ്ഞിനെയാണ് നോവലിൽ നാംകാണുന്നത്. കെട്ടുകാഴ്ച്ചനൽകുക എന്നൊരാചാരം ഏതൊരു ചടങ്ങിനു മുമ്പും എല്ലാ മതവിഭാഗങ്ങൾക്കുമുണ്ട്. ചെമ്മീൻ എന്ന നോവലിലെ ആചാരനുഷ്ഠാനങ്ങൾ അരയസമുദായത്തിന്റേതുമാത്രമല്ല എന്ന വേലുക്കുട്ടിഅരയന്റെ അഭിപ്രായം ഇവിടെ സാർത്ഥകമാകുന്നു. കറുത്തമ്മയുടെ വിവാഹവുമായി ബന്ധപ്പെട്ടുകൊണ്ടാണ് അടുത്ത ആചാരങ്ങളെ കുറിച്ചുള്ളപരാമർശം. വിവാഹം നിശ്ചയിച്ചുകഴിഞ്ഞാൽ ആദ്യം ക്ഷണിക്കേണ്ടത് തുറയിലരയനെയാണ്. വെറ്റിലയും, പുകയിലയും, പണവും കാഴ്ച്ചവെച്ച് തുറയിലരയന്റെ അനുവാദം വാങ്ങണം. തുറയിലരയൻ കല്ല്യാണത്തിന് നേരത്തെ എത്തും. കറുത്തമ്മയുടെ കല്ല്യാണവുമായി ബന്ധപ്പെട്ട് വരന്റെ സംഘത്തിൽ സ്ത്രീകളില്ല എന്നൊരുദോഷം ചൂണ്ടികാണിക്കു

ന്നുണ്ട്. പെണ്ണുകൊണ്ടുപോകാൻ എത്തുമ്പോൾ വരന്റെകൂട്ടത്തിൽ പെണ്ണുങ്ങൾ വേണമെന്ന് നിർബന്ധമാണ്. അനാഥനായ പളനിയുടെ കാര്യത്തിൽ മറ്റനേകം കാര്യങ്ങൾ എന്ന പോലെ ഇതും അവഗണിക്കപ്പെടുകയായിരുന്നു. നല്ലപെണ്ണിന്റെ അഭിപ്രായം നോക്കുക.

"അത നല്ല മൊറയാ പെണ്ണിനെ കൂട്ടിച്ചോണ്ടുപാന് പെണ്ണുങ്ങാ ചെറുക്കാന്റെ കൂടെ വരാണം. അതാ നടപ്പ്"[48].

വിവാഹത്തിന് പണംകെട്ടേണ്ട ചടങ്ങാണ് അടുത്തത്. സംഖ്യ നിശ്ചയിക്കാനുള്ള അധികാരം തുറയിലരയനാണ്. ചെറുക്കൻ പക്ഷത്തോടാലോചിച്ചശേഷമേ സംഖ്യ നിശ്ചയിക്കാറുള്ളു. നോവലിൽ എഴുപത്തിയഞ്ച് രൂപ കെട്ടാൻ പറഞ്ഞപ്പോൾ പളനിയുടെ പക്ഷത്തുനിന്ന് എതിർപ്പുകൾ കൂടിവന്നു. അതിനെത്തുടർന്ന് പളനിയുടെ പക്ഷത്തുള്ളവർ പറഞ്ഞ അഭിപ്രായം നോക്കുക.

"പണം കെട്ടാൻ പറയണത് അച്ഛന്റെ അതികാരമാ പക്ഷേല് ചെറുക്കാന്റെ ആളുകളോട് ഒന്നുചോതിക്കേണ്ടതായിരുന്നു"[49].

ചെറുക്കന്റെഭാഗത്തു നിന്നുകിട്ടുന്ന പണത്തിന്റെപങ്ക് തുറയിലരയനുള്ളതാണ്. ബാക്കി പെണ്ണിന്റെ അച്ഛനും. പളനിയുടെ വിവാഹസമയത്ത് ഇതിനെ ചൊല്ലി ഒരു തർക്കം നടക്കുകയും, ചെമ്പൻകുഞ്ഞിന്റെ കൈയിൽനിന്നുതന്നെ ഈ തുക ചെറുക്കന്റെ ആളുകൾക്ക് കൈമാറേണ്ടിയും വന്നു. കറുത്തമ്മയുടെ വിവാഹത്തിന്റെ അന്ന് ചില പെണ്ണുങ്ങൾ സദ്യയുണ്ണാതെ പോയി അത് പളനിയുടെ ജാതിയെചൊല്ലിയുള്ള പോരായ്മയാണ്. അരയസമുദായത്തിൽ അഞ്ച് ജാതികളാണ് ഉള്ളതെന്ന് നോവലിൽ പരാമർശിക്കുന്നു.

"അരയൻ, മുക്കുവൻ, മരയ്ക്കാൻ, പിന്നൊരു പഞ്ചമ ജാതി, അതിലുമുപരി കിഴക്കുള്ള വാലൻമാരുമുണ്ട്"[50].

ഡോക്ടർ വേലുക്കുട്ടി അരയൻ പറയുന്നത് നോക്കുക.

"ഒന്നാമതായി വലക്കാർഎന്നൊരുജാതി ഈ സമുദായത്തിൽ ഇല്ല. വള്ളവും വലയും നടത്തുന്ന ആർക്കും ഈ പേരുണ്ടാകുന്നതാണ്"[51] (2012: 140, 141).

പഞ്ചമജാതി എന്തെന്ന് നോവലിൽ പരാമർശമില്ല. എന്നുള്ള അഭിപ്രായം ഡോ. വേലുകുട്ടി അരയൻ പ്രകടിപ്പിച്ചിട്ടുണ്ട്. ഈ അഞ്ചുജാതികളിൽ അനാഥനായ പളനിയുടെ ജാതിയെ കുറിച്ച് വ്യക്തതയില്ലാത്തതുകൊണ്ടാണ് പെണ്ണുങ്ങൾ സദ്യ ബഹിഷ്കരിച്ചത്.

വിവാഹം കഴിഞ്ഞാൽ അന്നുതന്നെ വധുവിനെ, വരന്റെവീട്ടിലേയ്ക്ക് കൊണ്ടുപോകുന്ന ചടങ്ങുണ്ട്. പളനിയുടെയും, കറുത്തമ്മയുടെയും കാര്യത്തിൽ ചടങ്ങുനടന്നുവെങ്കിലും അത് തർക്കത്തിൽ കലാശിക്കുകയാണ്. വിവാഹം കഴിഞ്ഞാൽ ഇരുവീടുകളിലേയ്ക്കും, ബന്ധുമിത്രാദികളുടെ വീടുകളിലേയ്ക്കും മറുവിരുന്നിനു ക്ഷണിക്കുന്ന ചടങ്ങുണ്ട്. പളനി അനാഥനായതുകൊണ്ടും വിവാഹത്തിന്റെയന്ന് ചെമ്പൻകുഞ്ഞുമായി പിണങ്ങിപോന്നതുകൊണ്ടും കറുത്തമ്മയുടേയും, പളനിയുടേയും ബന്ധുവീടുകളിൽ മറുവിരുന്ന് എന്ന ചടങ്ങ് നടപ്പായില്ല.

അരയ സമുദായത്തിന്റെ ഉത്സവകാലമാണ് ചാകര. കടലമ്മ തന്റെ മക്കൾക്കു നല്കുന്നസമ്മാനം. എല്ലാ മുക്കുവകുടിലുകളിലും പ്രതീക്ഷകൾ പൂത്തുലയാൻ തുടങ്ങുന്ന സമയമാണിത്. ചായകടക്കാരൻ കടം കൊടുക്കാതാവുമ്പോൾ അയാളുടെ മുഖത്തുനോക്കി അരയൻ പറയും

"ചാകരവരുമെടോ".

പെണ്ണുമ്പിള്ളയുടെ ഉടതുണി നാറി കീറി തയ്ച്ചതാണ് അപ്പോഴും പറയും.

"ചാകരവരാട്ടേ. മന്മലും നേര്യതും മേടിക്കാം".

ഓരോ ചാകരക്കാലവും പുത്തൻപ്രതീക്ഷകളുമായി ഒരുങ്ങുകയാണ് അരയ സമുദായം.

"അധികം താമസിയാതെ കടപ്പുറം തെക്കുവടക്ക് ഒരു നഗരമായി മാറും, അതിനു കുടിലുകൾ ഇരുവശവും വച്ചു തുടങ്ങി. ചായക്കടകൾ, തയ്യൽ കടകൾ, തുണികടകൾ, സ്വർണ കടകൾ- എല്ലാമുണ്ട്"[52].

ചാകരയെന്ന പ്രതീക്ഷാകാലത്തെക്കുറിച്ചുള്ള പരാമർശവും ഒരുക്കവുമാണ് ഈ ഭാഗത്തുകാണുന്നത്. കറുത്തമ്മയുടെ കുഞ്ഞിന്റെ ജനനം മുതൽ ചക്കിയുടെ മരണം വരെയുള്ള പരാമർശങ്ങളും, അചാരനുഷ്ഠാനങ്ങൾക്ക് ഉദാഹരണമാണ്. എന്നാൽ ക്ഷേത്രവുമായി ബന്ധപ്പെട്ടോ, ഉത്സവവുമായി ബന്ധപ്പെട്ടോ, ഉള്ള പരാമർശങ്ങൾ ഒന്നുംതന്നെ നോവലിൽ കാണുന്നില്ല. അതിനു കാരണം അരയസമുദാ

യം മാതൃദേവതാസ്ഥാനമാണ് കടലിന് നൽകിയിട്ടുള്ളത്. സന്തോഷത്തിലും സങ്കടത്തിലും അവർ വിളിക്കുന്നത് 'എന്റമ്മേ' എന്നാണ്. എല്ലാം തരുന്ന അമ്മയ്ക്കു വേണ്ടി ഉത്സവമാഘോഷിക്കുന്ന പതിവ് അവർ വേണ്ടന്നുവെയ്ക്കുന്നു.

**കാലദർശനം ചെമ്മീനിൽ**

നവോത്ഥാനസാഹിത്യകാരൻമാരുടെ കൃതികളിൽ സമൂഹികവീക്ഷണമാണ് അടിസ്ഥാനധാര. ഈ സാമൂഹികവീക്ഷണം നടക്കുന്നത് മാറ്റത്തിന്റെ യുക്തിക്ക് ഹേതുവായ ഹെരാ ക്ലൈറ്റയിൻ (Hera Clatain Period) കാലത്തിലൂടെയാണെന്ന് നിരൂപകനായ കെ. പി. അപ്പൻ അഭിപ്രായപ്പെടുന്നു.

"സാമൂഹ്യവീക്ഷണമുള്ള എഴുത്തുകാരുടെ കൃതികളിൽ മാറ്റത്തിന്റെ യുക്തിയായി പ്രവർത്തിക്കുന്നത് ഹെരാ ക്ലൈറ്റയിൻ കാലമാണ്"[53] (1996: 29).

തകഴിയുടെ പ്രധാന കൃതികളിൽ നാം കേൾക്കുന്നത് ഈ കാലത്തിന്റെ നീതി മൊഴികളാണ്. എല്ലാം ഒരുപ്രവാഹത്തിലാണെന്ന് തകഴിയുടെ നോവലുകളിലെ കാലബോധം നമ്മെ ഓർമിപ്പിക്കുന്നു. പുരാവൃത്തത്തിന്റെ പരിവർത്തനശീലമാണ് തകഴിയുടെ കൃതിയിൽ നാംകാണുന്ന കാലം. തീവ്രം, ആവേശഭരിതം എന്നൊക്കെ വിശേഷിപ്പിക്കാവുന്ന കാലദർശനമാണിത്. ചെമ്മീൻ എന്ന നോവലിൽ കാലദർശനം മഹാകാലത്തിന്റെ ഭാഗമായി മാറുന്നു. മൂന്ന് കാലങ്ങളാണ്ചെമ്മീൻ എന്ന നോവലിൽ നാം കാണുന്നത്.

1. വിശ്വാസ പഴമയെന്ന ഭൂതകാലം
2. പഞ്ചമി എന്ന വർത്തമാനകാലം
3. കുഞ്ഞ് എന്ന ഭാവികാലം

ഈ മൂന്നു കാലങ്ങളും പരസ്പബന്ധിതമാണെന്നു പറയാം. വിശ്വാസപഴമയെന്ന ഭൂതകാലത്തിന്റെ പരിണിതഫലം പേറുന്നവരാണ് വർത്തമാനകാലത്തിലെ പഞ്ചമിയും ഭാവികാലത്തിലെ കുഞ്ഞും. അവർ കടലമ്മയെന്ന മഹാകാലത്തിനു മുന്നിൽ അടിയറവു പറയുകയാണ്. ഈ മൂന്നു കാലങ്ങളെയും പ്രതിനിധീകരിക്കുന്ന കഥാപാത്രങ്ങളാണ് പഞ്ചമിയും കുഞ്ഞും. സകലതിനേയും കശാപ്പു ചെയ്യുന്ന കാലത്തിന്റെ പ്രതീകമാണ് ചെമ്മീനിൽ കാണുന്നത്. കശാപ്പിന്റെ പ്രതീകമായി പ്രത്യക്ഷപ്പെടുന്നത് കടലാണ്. ഈ കാലദർശനങ്ങൾക്കപ്പുറം ചെമ്മീൻ

എന്ന നോവലിൽ കടലിനോട് ഭീതിയോടെ വർത്തിക്കുന്ന അരയസമുദായ ത്തെയും കാണാം.

**ആൺനോട്ടവും സദാചാരവും ചെമ്മീനിൽ**

തകഴിയുടെ കൃതികളിൽ സമൃദ്ധമായ വിവരണതലങ്ങളിലേയ്ക്കു കട ക്കുന്ന ഭാഗമാണ് സ്ത്രീശരീരങ്ങളിലേക്കുള്ള ആൺനോട്ടവും സദാചാരചിന്തയും. വർണക്കൊഴുപ്പുപോലെ ലൈംഗീകത നോവലിന്റെ ആദ്യഭാഗത്ത് ആഖ്യാനം ചെയ്യപ്പെടുന്നു. സദാചാരമൂല്യങ്ങൾകൊണ്ട് മറപിടിക്കുന്ന നമ്മുടെ സമൂഹത്തിൽ ഇത്തരം വിവരണങ്ങൾ ഏറെവിമർശനത്തിന് ഇടയായിത്തീർന്നിട്ടുണ്ട്. കേസരിബാ ലകൃഷ്ണപിള്ള പറഞ്ഞതുപോലെ

"നാല്പതാം വയസ്സിനുശേഷം തകഴി എഴുതിയ ഈ പ്രേമകഥയിൽ പ്രേമ ത്തിന്റെ ഭാവങ്ങൾക്കപ്പുറം കാമത്തിന്റെ ഭാവങ്ങളാണ് നിഴലിക്കുന്നത്"[54] (2013:17).

"കറുത്തമ്മ പൊട്ടിചിരിച്ചു. പരീക്കുട്ടിയും പൊട്ടിച്ചിരിച്ചു. നീണ്ടു നീണ്ട ചിരി. എങ്ങനെ എന്തിനായി അവർ ചിരിച്ചു? എന്തോ അടക്കാൻ വയ്യാതെ അവർ ചിരിക്കുകയാണ്"[55].

"വിസ്മയ തിരകൾ അടിച്ചുകയറും വിധമുളെളാരുചിരിയിലാണ് ചെമ്മീൻ തുടങ്ങുന്നത്"[56] (1992:138).

"എന്നെ ഇങ്ങനെ നോക്കാതെ".

"കറുത്തമ്മ എന്നെ ചിരിപ്പിച്ചേച്ച്".

"കറുത്തമ്മ അവളുടെ മാറത്ത് കൈ കൊണ്ട് ഒരു ഗുണനചിഹ്നം സൃഷ്ടിച്ച് തിരിഞ്ഞു നിന്നു. പെട്ടെന്ന് അവൾ ഒന്നു കൂടി ചൂളി. അവൾ ഒറ്റമുണ്ടാണ് ഉടുത്തി രിക്കുന്നത്".

"ഓ എന്താണിത് കൊച്ചുമുതലാളി"[57].

ഭിന്നവർഗ ലൈംഗിക കാമനകളുടെ പ്രകടമായആവിഷ്കാരമാണ് ഇവിടെ കാണുന്നത്. ആൺനോട്ടത്തിനിടയാകുന്ന പെൺശരീരത്തിൽ കർത്തൃവിഷയ സ്ഥാനങ്ങളെ നിർണയിക്കുന്നിടത്താണ് ലിംഗാധികാരം പ്രകടമാകുന്നത്. പുരുഷ ലിംഗാധികാരത്തെ ഉറപ്പിക്കുന്ന തരത്തിലാണ് പരീക്കുട്ടിയുടെഇച്ഛ കറുത്തമ്മയിൽ

പ്രവൃത്തിക്കുന്നത്. ഈ ഇച്ഛ ഉറപ്പിക്കാൻ വേണ്ടി മാത്രമാണ് കറുത്തമ്മയുടെ കുടുംബത്തിന് സാമ്പത്തികം പ്രദാനം ചെയ്യാൻ പരീക്കുട്ടി മുതിരുന്നത്. കറുത്ത മ്മയുടെ ആഗ്രഹങ്ങൾക്ക് കടിഞ്ഞാണായി പ്രവർത്തിക്കുന്നത് പുരാവൃത്തമാണ്. ശരീരകേന്ദ്രീകൃതമായ പുരുഷനോട്ടങ്ങളിൽനിന്ന് രക്ഷപെടാൻ സമുദായം കല്പ്പിച്ചുകൊടുത്ത പുരാവൃത്തത്തെ വെല്ലുവിളിക്കുകയാണ് നോവലിന്റെ അവ സാനഭാഗത്ത്. പ്രണയത്തിനും ദാമ്പത്യത്തിനും ഇടയിൽപ്പെട്ട് വലയുന്ന കറുത്തമ്മ വലയംഭേദിച്ച് പ്രണയത്തെ പുല്കുന്നു. ദാമ്പത്യത്തിലെ സ്ത്രീയുടെ വിശ്വസ്ത തയ്ക്ക് ഇന്നും മങ്ങലേൽക്കാത്ത കാലഘട്ടത്തിൽ കറുത്തമ്മയുടെ അവിശ്വസ്തത ജീവൻമരണപ്രശ്നമായി നോവലിൽ അരങ്ങുവാഴുന്നു. ഈ അവിശ്വസ്തതയുടെ ഫലമായി എല്ലാ കഥാപാത്രങ്ങളേയും ദുരന്തം വിഴുങ്ങുന്നതായി നോവലിൽ ചിത്രീകരിക്കുന്നു.

"കഥയ്ക്കുള്ളിലെ പുരാവൃത്തസൂചനയിലൂടെ, ആവർത്തനത്തിലൂടെ തിടം വയ്ക്കുന്ന കറുത്തമ്മയുടെ പാപവാഞ്ചകളും വിലക്കുകളും ലിംഗാധികാരഘട നയെ സ്ഥിരീകരിച്ചു കൊണ്ടാണ് നിലനിൽക്കുന്നത്"[58] (2011:57).

സദാചാരത്തെ, സ്ത്രീസദാചാരമായി പരിമിതപ്പെടുത്തിക്കൊണ്ട് പുരുഷ നോട്ടങ്ങൾക്ക് വഴങ്ങിയ സ്ത്രീക്കു ലഭിച്ച ശിക്ഷയായിട്ടുകൂടി ഈ പുരാവൃത്തിന്റെ വ്യാഖ്യാനത്തെ വായിച്ചെടുക്കാം. കാമനകൾ ഇരുവരും പ്രകടിപ്പിക്കുമ്പോഴും ആൺലിംഗാധികാരത്തെ നീതികരിച്ചുകൊണ്ട് പരിശുദ്ധിപാലിക്കാത്ത സ്ത്രീക്കു നല്കുന്ന ശിക്ഷയായി ഇവിടെ പുരാവൃത്തംമാറുന്നു. അതോടൊപ്പം ആൺനോ ട്ടത്തെ നീതികരിച്ചു കൊണ്ട്, നോട്ടങ്ങളെ തടുക്കേണ്ട ഉത്തരവാദിത്തം സ്ത്രീയു ടേതാണെന്ന ധ്വനിയും ഈ നോവലിലൂടെ തകഴി പകർന്നു തരുന്നു.

**കഥാപാത്ര നിരൂപണം**

**കറുത്തമ്മ**

നീർക്കുന്നം കടപ്പുറത്ത് ജനിച്ചുവളർന്ന ചെമ്പൻകുഞ്ഞിന്റേയും, ചക്കിയു ടേയും മകളായ കറുത്തമ്മയിലൂടെയാണ് തകഴി കഥാഖ്യാനം നിർവ്വഹിക്കുന്നത്. ചാരിത്രശുദ്ധി വിചാരണ ചെയ്യപ്പെടുന്ന നോവലായി ഇതിനെ വിമർശിക്കാറുണ്ടെ ങ്കിലും, സാമൂഹികമായ വിലക്കുകളെ മറികടന്ന് ദുരന്തത്തിൽ വിജയിക്കുന്നതാണ് ഇതിലെ പ്രണയം. ജാതിയും, മതവും തമ്മിലുള്ള ചേരിപ്പോരുകൾക്കിടയിലും കൊച്ചുമുതലാളിയുടെയും കൊച്ചുമരക്കാത്തിയുടെയും പ്രണയം അനുദിനം വിക സിച്ചു വരികയാണ്.

“കറുത്തമ്മയ്ക്ക് എന്നോട് ഇഷ്ടമാണോ?”

കറുത്തമ്മ അറിയാതെ മറുപടി പുറത്തു വന്നു.

“അതെ”

“എന്നോടു മാത്രമേ ഇഷ്ടമുള്ളോ?”

“അത്രേയേള്ളു”[59].

കടപ്പുറത്തിന്റെ വിശുദ്ധി കാത്തുസൂക്ഷിക്കേണ്ട കറുത്തമ്മയിൽ നിന്നു ണ്ടായ ഈ സമ്മതം അവളെതന്നെ അത്ഭുതപ്പെടുത്തുന്നു. വള്ളത്തിന്റെ ഉടമസ്ഥ നായി കാശ് ഏറെസമ്പാദിച്ചിട്ടും പരീക്കുട്ടിയിൽ നിന്നും കടംകൊണ്ട തുക തിരിച്ചു കൊടുക്കാൻ ചെമ്പൻകുഞ്ഞ് തയ്യാറാവാത്തത് കറുത്തമ്മയെ ഏറെ വിഷ മിപ്പിക്കുന്നു. പരീക്കുട്ടിയെ മറക്കാൻ കറുത്തമ്മയ്ക്ക് കഴിയുന്നില്ല എങ്കിലും ഒരു അരയത്തിയായി ജീവിച്ച് കടപ്പുറത്തിന്റെ മാന്യത സൂക്ഷിക്കണമെന്ന് അവളുടെ ബോധമനസ്സ് അവളെ എപ്പോഴും ഉപദേശിക്കുന്നു.

“എന്റെ അച്ചേ വള്ളോം വലേം മേടിക്കാനെകൊണ്ട് പോവാണല്ലോ”[60].

കറുത്തമ്മയുടെ ഈ സംഭാഷണത്തോടെയാണ് നോവൽ ആരംഭിക്കുന്നത് അതും കച്ചവടസംബന്ധമായ സംഭാഷണത്തോടെ. കറുത്തമ്മയ്ക്ക് നാലഞ്ചു വയ സ്സുള്ളപ്പോൾ മുതൽ ആ കടപ്പുറത്തു മീനെടുക്കാൻ വന്ന നാലാംവേദക്കാരന്റെ മകൻ പരീക്കുട്ടിയോടാണ് അവൾ ഈ വിശേഷംപറയുന്നത്. കാലം പോകെ കളി ക്കൂട്ടുകാരനോടുള്ള സ്നേഹം പ്രേമമായിമാറുന്നു. പരീക്കുട്ടിയിൽ നിന്നും വാങ്ങിയ തുക തിരിച്ചുനൽകാത്തതിൽ കറുത്തമ്മ ഏറെവിഷമത്തിലാണ്. അതോ ടൊപ്പം കടപ്പുറത്തിന്റെവിശുദ്ധി മകൾ കളഞ്ഞുകുളിക്കുമോ എന്ന ചിന്തയാണ് കറുത്തമ്മയുടെ അമ്മയായ ചക്കിക്കുള്ളത്.

നാലാം വേദക്കാരനായ മേത്തച്ചെറുക്കൻ കറുത്തമ്മയുടെ അമ്മയായ ചക്കിക്ക് ചങ്കിലെ തീയാണ്. ചക്കിയുടെ അഭിപ്രായം നോക്കുക.

“ശുത്തമാമൊകാളെ വലുത്, ശുത്തം മരക്കാന്റെ സ്വത്ത് മരക്കാത്തീന്റെ ശുത്തമാ”[61].

പ്രായമായ മകൾ അമ്മമാർക്കെന്നും തീരാവ്യാധിയാണ് വ്യാധി ആധിയായി മാറി കാലയവനികയ്ക്കുള്ളിൽ മറയുന്ന ചക്കിയുടെചിത്രം നോവലിലെ

സങ്കടക്കാഴ്ച്ചയാണ്. കറുത്തമ്മയുടെ അച്ചനായ ചെമ്പൻകുഞ്ഞ്, മരയ്ക്കാൻ ആണ് (മീൻ പിടുത്തം). ഇയാൾ ഒരു വള്ളവും വലയും സ്വന്തമാക്കി വലക്കാരനാകാനുള്ള തത്രപ്പാടിലാണ്. ഇതിനുള്ള മൂലധനം അയാൾ കണ്ടെത്തുന്നത് നാലാം വേദക്കാരനായ പരീക്കുട്ടിയിൽ നിന്ന് തന്ത്രപൂർവ്വം ധനം സംഘടിപ്പിച്ചുകൊണ്ടാണ്. ഇത് കറുത്തമ്മയ്ക്ക് ഏറെ വിഷമം ഉണ്ടാക്കുന്നു. ഈ സന്ദർഭം നോക്കുക.

"എന്തിനാ അമ്മാച്ചി, ആ പാവത്തിനെ പറ്റീച്ച് വള്ളോം വലയും? അത് കഷ്ടമാ"[62].

കറുത്തമ്മയുടെ വിവാഹക്കാര്യം തുറയിൽ സംസാരവിഷയമാണ്. പ്രായമായിട്ടും മകളെ കെട്ടിച്ചയ്ക്കാത്ത ചെമ്പൻകുഞ്ഞിനെ തുറക്കാർ ആകെ കുറ്റം പറയുകയാണ്. ഇതിനിടയിലും ചെമ്പൻ കുഞ്ഞ് വള്ളവും വലയും സ്വന്തമാക്കി. പരീക്കുട്ടിയുടെയും, കറുത്തമ്മയുടെയും സംഭാഷണത്തിൽ നിന്ന് വായനക്കാർ ഗ്രഹിക്കുന്നത്. പരീക്കുട്ടി ചെമ്പൻ കുഞ്ഞിനു നൽകിയ തുക കറുത്തമ്മയുമായുള്ള പ്രണയ സാക്ഷാത്കാരത്തിന് നല്കിയതാണെന്നേ അയാൾ കരുതിയിട്ടുള്ളു.

"അതങ്ങനാ മുതലാളി! മുതലാളീന്റെ കടം തീർത്തിട്ടേ – "

"കടം തീർത്തിട്ടു വേണം കല്ല്യാണം കഴിച്ചു പോകാൻ, അല്ല്യോ?"

"അങ്ങനെ ബന്ധം പിരിഞ്ഞു പോകണം അല്ല്യോ?"[63].

പരീക്കുട്ടിയിൽ നിന്നും കൈപ്പറ്റിയതുക കറുത്തമ്മയിൽ വലിയബാധ്യതയാണ് സൃഷ്ടിച്ചിരിക്കുന്നത്. അരയസമൂഹത്തിൽ നിലനിന്നിരുന്ന ഒരു വിശ്വാസത്തിന്റെ കഥയ്ക്ക് രൂപഭംഗി നല്കാൻ തയ്യാറാക്കിയ കടബാധ്യത. വിലപിടിപ്പുള്ള ചിരുതയെ കാണിച്ചു കൊണ്ടാണ് കാളിപറയൻ പെണ്ണിന്റെ വില വർദ്ധിപ്പിച്ചെതെങ്കിൽ, കെട്ടുപ്രായംകഴിഞ്ഞ കറുത്തമ്മയെമുൻനിർത്തിയാണ് ചെമ്പൻകുഞ്ഞ് പരീക്കുട്ടിയിൽ നിന്നും കടംകൊളളുന്നത്. നമ്മുടെ നാട്ടിൽ നടപ്പുള്ള ചില കാഴ്ച്ചകളാണ് തകഴി ഈ ഭാഗത്ത് അവതരിപ്പിക്കുന്നത്. കെട്ടുപ്രായം കഴിഞ്ഞ പെണ്ണ്, പുര നിറഞ്ഞു നിൽക്കുന്ന പെണ്ണ് എന്നീ പ്രയോഗങ്ങൾ നമ്മുടെ സമൂഹത്തിന് ചിരപരിചിതമാണ്. പെണ്ണ് കുടുംബത്തിനും സമൂഹത്തിനും ഒരു ബാധ്യതയാണ് എന്ന ആ കാലഘട്ടത്തിന്റെ ഓർമ്മപ്പെടുത്തൽക്കൂടിയായി ഈ നോവലിനെ വായിച്ചെടുക്കാം.

"സമൂഹം എന്ന കഥാപാത്രം, സമൂഹത്തിന്റെ കഥാ-ഇതാണ് തകഴിയുടെ നോവലിന്റെ രത്ന ചുരുക്കം ആ സ്ഥിതിക്ക് സമൂഹ്യ ബോധം ആയിരിക്കണം ഗ്രന്ഥകാരന്റെ അടിസ്ഥാന ശക്തി"[64] (1980:339).

തുറയിലെ നിയമം അനുസരിച്ച് അച്ഛൻ കൂട്ടികൊണ്ടു വരുന്ന ആളെ വിവാഹംചെയ്യണം. നാലാം വേദക്കാരനെ വേദനയോടെ ഉപേക്ഷിക്കാൻ തയ്യാറായ കറുത്തമ്മ അയാൾക്ക് കൊടുത്തുതീർക്കാനുള്ള പണത്തെ യോർത്ത് വിഷമിക്കുന്നു. ഈ വേദന ചെമ്പൻകുഞ്ഞിനോടും ചക്കിയോടുമുള്ള പ്രതിഷേധമായി അവളുടെ വാക്കുകളിലൂടെ പ്രകടമാകുന്നു. കുപിതനായ ചെമ്പൻകുഞ്ഞ് കറുത്തമ്മയോട് ചോദിക്കുന്നു.

"നിനക്കെന്താ കാര്യം. നീ ആണോ അയാളോട് കടം വാങ്ങിയേ, പരീക്കുട്ടി നിന്നോടാണോ വാങ്ങിയ തുക ചോദിക്കാൻ പോകുന്നത്"[65].

ആണധികാരവ്യവസ്ഥയെ അരക്കിട്ടുറപ്പിക്കുന്ന മറുപടിയാണ് ചെമ്പൻകുഞ്ഞ് അവിടെ നടത്തിയത്.

"പിന്നെ, ഒന്നു പറഞ്ഞേക്കാം ആണുങ്ങ തമ്മി എടപാടു ചെയ്യും അതിന് നിനക്ക് കാരിയം ഇല്ല. നീ ഒരുത്തന്റെ കൂടെ പൊറുക്കാൻ പോവേണ്ടവളാ"[66].

സമുദായം നിർബന്ധിക്കുന്ന ഒരുത്തന്റെ കൂടെപൊറുക്കാൻ തയ്യാറായ കറുത്തമ്മ പരീകുട്ടിയുടെ സാമ്പത്തികബാധ്യത തീർക്കാൻ ആഗ്രഹിക്കുന്നു. ഈ ആവശ്യം അവൾ പ്രകടിപ്പിക്കുന്നത് ഇപ്രകാരമാണ്.

"ആ ചക്രംകൊടുക്കാതെ ഞാൻസമ്മതിക്കത്തില്ല. അല്ലേൽ എന്റെ ജീവൻ കളയും അത് തീർച്ച"[67].

പളനിയ്ക്ക് സ്ത്രീധനം വേണ്ടന്നു കേട്ട കറുത്തമ്മ പ്രതികരിച്ചത് ഇങ്ങനെയാണ്.

"ഏനെ വല്ലവിധോം പറഞ്ഞയച്ചാമതി ആ കാശ് കൊച്ചുമുതലാളീന് കൊട്".

"അയാള് മുടിഞ്ഞിരിക്കുവാ മുടിച്ചേച്ചും എനിക്കു പോവാൻ വയ്യ പിന്നേ, ഞാമ്പോയാല് - അയാൾ ചാകും"[68].

പരീക്കുട്ടിയുമായുള്ള പ്രണയനോവ് മനസ്സിലേറ്റുന്ന കറുത്തമ്മ ആ കട പ്പുറം വിട്ട് പോകാൻ വളരെ ആഗ്രഹിച്ചു അവൾ ചിന്തിക്കുന്ന സന്ദർഭം നോക്കുക.

"ഒരുവിജാതിയ പുരുഷനെ സ്നേഹിച്ചഅരയത്തി, എത്ര ശ്രമിച്ചിട്ടും കുറയു ന്നതിനു പകരം കൂടി വരുന്ന ഒരു പ്രേമ ബന്ധത്തോടു കൂടിയ ഒരു സ്ത്രീ, അങ്ങ നെയൊരുവൾ ഈ കടപ്പുറത്തുണ്ടായിട്ടുണ്ടോ എന്നാണ് അറിയേണ്ടത്. ജീവിത കാലമത്രയും, പ്രതി നിമിഷം ശക്തി പ്രാപിച്ചു കൊണ്ടിരിക്കുന്ന പ്രേമകഥയുള്ള വൾ! ആ കടപ്പുറം അങ്ങനെയൊരു പ്രേമകഥ അറിഞ്ഞിട്ടുണ്ടോ? ഒരു വിജാതിയ യുവാവ് ഒരു അരയത്തിയെ സ്നേഹിക്കുകയും ആ സ്നേഹംകൊണ്ട് അവർ ഹതാശരാവുകയും ചെയ്തിട്ടുണ്ടോ? ആ കടപ്പുറത്തെ മൺതരികൾ അങ്ങിനെ ഒരു കാമുകന്റെ പാട്ടുകേട്ട് ചൈതന്യം വന്ന് ത്രസിച്ചിട്ടുണ്ടോ? ആ കാമുകന്റെ ചരിത്രം എന്താണ്"[69].

കല്ല്യാണം നിശ്ചയിക്കപ്പെട്ടാൽ വധുവിന് ഭാര്യാധർമ്മം ഉപദേശിച്ചു കൊടു ക്കണം എന്നൊരുചടങ്ങുണ്ട്. അയൽവാസികളായ സ്ത്രീകളാണ് ആ കടമ നിർവ ഹിക്കേണ്ടത്. അയൽസ്ത്രീകൾ കറുത്തമ്മയുടെ അരികിലുണ്ട് വധുവിന് തെറ്റു പറ്റിയാൽ നാട്ടുകാർ അയൽക്കാരികളെ കുറ്റപ്പെടുത്തും. സമൂഹം ഒരു കുടുംബ ത്തിലേയ്ക്ക് ഒതുങ്ങുന്ന കാഴ്ച്ചയാണ് ഇത്തരം ആചാരവേളകളിൽ നാം കാണുന്ന ത്. കൂട്ടുകുടുംബം ശോഷിച്ച് അണുകുടുംബങ്ങളിലേയ്ക്കും അവിടെ നിന്ന് ലിവിംഗ്ടുഗതറിലേയ്ക്കും ചുരുങ്ങിയിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന ഈ കല്ല്യാണ വിശേഷം അറിയുന്നത് കൗതുകകരമായി രിക്കും.

അയൽവാസിയായ നല്ല പെണ്ണ് കറുത്തമ്മയോട് പറയുന്നത്, ഒരു ആൺപി റന്നവനെ നിന്നെ ഏൽപ്പിക്കുകയാണ്. അവളുടെ വൈഭവം ആയിരിക്കും ഇനി അവന്റെ ജയാപജയങ്ങൾ എന്നൊരു സൂചനകൂടി നല്ല പെണ്ണിന്റെ വാക്കുകളി ലുണ്ട്. ഏതൊരുപുരുഷന്റെ വിജയത്തിനു പിന്നിലും ഒരു സ്ത്രീയുടെ സ്വാധീനമുണ്ടെന്നുള്ള ചിന്ത നമ്മുടെ ഇടയിലും ഉണ്ടല്ലോ. കാളിക്കുഞ്ഞു പറയു ന്നത് തിരമറിയുന്ന കടലിലാ നമ്മുടെ ആണുങ്ങൾ കഴിയുന്നതെന്നാണ്. അതാ യത് പ്രശ്ന സങ്കീർണമായ ജീവിതമാണ് പുരുഷൻമാരുടേത്. ആയതിനാൽ സംയ മനം പാലിക്കേണ്ടത് സ്ത്രീകളാണ്. വികാരത്തിന് അതിവേഗം അടിമപ്പെടുന്ന ജീവിതമാണ് സ്ത്രീയുടേതെന്ന അഭിപ്രായമാണ് കാളിക്കുഞ്ഞിനുള്ളത്.

ഇതെല്ലാം കേട്ട് കറുത്തമ്മയുടെ മനസ്സിൽ പ്രതിധ്വനിച്ച ഒരേയൊരു ചോദ്യം ഇതാണ്.

"ഈ കടപ്പുറത്ത് ഒരുവനെസ്നേഹിച്ചിട്ട് അവനും തിരിച്ചുസ്നേഹിച്ചിട്ട് വേറൊരുവനെ കല്ല്യാണം കഴിച്ച സ്ത്രീ ഉണ്ടായിട്ടുണ്ടോ"[70].

സംശയ പൂർത്തീകരണത്തിനായി അവൾ നല്ലപെണ്ണിനോട് ചോദിക്കുന്നു.

"കൊച്ചമ്മ പെഴാച്ചുപോയ പെണ്ണുങ്ങ ഈ കടാപ്പുറത്തുണ്ടായിട്ടുണ്ടോ?.

അതിനു മറുപടിയായി ഒരുപഴേപാട്ടിന്റെ കഥാവസ്തു, ഒരുസ്ത്രീയുടെ ജീവിതകഥ പറഞ്ഞു കൊടുക്കുകയാണ് നല്ല പെണ്ണ്.

"അവൾ പിഴച്ചതിന്റെ ഫലമായി മലയോളം പൊക്കത്തിൽ കടലിൽ തിരകൾ ഉയർന്ന് കരയ്ക്ക് ഉരുണ്ടുകയറി. വിഷമുള്ള കടൽ പാമ്പുകൾ കരയിൽ നുരച്ചു നടന്നു. ഗുഹപോലെ വായുള്ള കടൽ ജന്തുക്കൾ വായ് തുറന്ന് വള്ളങ്ങളുടെ പിന്നാലെ പാഞ്ഞു. അതെല്ലാം പഴയകഥയാണ്. ആ പാട്ടിന്റെ ചിലശീലുകൾ നല്ലപെണ്ണ് പാടി"[71].

ചാരിത്രം ലംഘിക്കുന്ന സ്ത്രീയ്ക്കുലഭിക്കുന്ന ശിക്ഷാരീതി കറുത്തമ്മയുടെ മനസ്സിൽ കടൽപോലെ ഉരുണ്ടു കയറി. ചന്ദ്രികയുള്ളൊരു രാത്രിയിൽ കറുത്തമ്മ പരീക്കുട്ടിയോട് യാത്രപറയുകയാണ്. കറുത്തമ്മ പോയാൽപിന്നെ എന്നെ ഓർക്കുമോ എന്ന് പരീക്കുട്ടിചോദിക്കുന്നു. മുതലാളി എന്നെയും, നമ്മൾ തമ്മിൽ കളിച്ചു നടന്നതും മറക്കണം. അതാണ് ഇരുവർക്കും നല്ലത് എന്ന് കറുത്തമ്മ മറുപടി പറയുന്നു. കറുത്തമ്മയ്ക്ക് നല്ലതുവരും എന്ന് ആശംസിക്കുന്ന പരീക്കുട്ടിയോട് കറുത്തമ്മ പറയുന്നത് കൊച്ചു മുതലാളി ശവത്തെ കുത്താതിരുന്നേ എന്നാണ്. പരീക്കുട്ടിയുടെ ഏറ്റവും വലിയ ആശ അവളുടെ സുഖം മാത്രമാണെന്ന് അയാൾ പറയുന്നു. രണ്ട് ഹൃദയങ്ങളെ തമ്മിൽ ഒന്നിപ്പിക്കാൻ ഗാനത്തിന് അത്ഭുതകരമായ ശക്തിയുണ്ട്. ആ ശക്തിവിശേഷത്തെ കുറിച്ച് പരീക്കുട്ടി പറയുകയാണ്.

"ഞാൻ ഇവിടെ ഇരുന്ന് പാടും, ഒറച്ചു പാടും".

അവൾ പ്രതിവചിച്ചു.

"ഞാനീ പാട്ട് അങ്ങ് തൃക്കുന്നപ്പുഴ കടപ്പുറത്തിരുന്ന് കേക്കും".

"അങ്ങനെ പാടി പാടി തൊണ്ട പൊട്ടി ഞാനങ്ങ് ചാവും".

"നെഞ്ച് പൊട്ടി ഞാനും ചാവും".

‘‘അപ്പം ഈ കടാപ്പുറത്ത് രണ്ടാത്മാക്കള് നിലാവത്ത് പറന്ന് നടക്കും’’.

‘‘ അതെ’’.

‘‘പരീക്കുട്ടി പറഞ്ഞ്’’[72].

കറുത്തമ്മ തൃക്കുന്നപ്പുഴ കടപ്പുറത്ത് പളനിയുടെ മരക്കാത്തിയായി എത്തിയപ്പോൾ കേൾക്കേണ്ടിവന്ന അപവാദങ്ങൾ ഏറെയാണ്. കറുത്തമ്മ തൃക്കുന്നപ്പുഴ കടപ്പുറത്ത് എത്തിയപ്പോൾ അവളെക്കുറിച്ചുള്ള അപവാദങ്ങൾ പ്രചരിപ്പിക്കാൻ ഏറെപേരുണ്ടായിരുന്നു. നമ്മുടെസമൂഹത്തിൽ വംശനാശം സംഭവിക്കാത്ത ഒരു കൂട്ടരാണ് അപവാദസൃഷ്ടാക്കൾ. .

‘‘എനീക്ക് തോന്നണത് പെണ്ണീന് കുറ്റമുണ്ടേന്നാ’’.

‘‘പെണ്ണ് പെഴയായിരിക്കും വല്ല വിധോം കടപ്പുറത്തൂന്ന് പറഞ്ഞയച്ചമതീന്നായിരിക്കും’’[73].

തുറയിലെ സംസാരം ഇതാണെങ്കിലും ജീവിതത്തിന്റെ നുറുങ്ങുസുഖങ്ങളിലും പങ്കുവെയ്ക്കലിലും കറുത്തമ്മയും പളനിയും വ്യാപൃതരായി. അവരുടെ സ്നേഹത്തിന്റെയും ദാമ്പത്യത്തിന്റെയും തെളിവാണ് ഈ സംഭാഷണം.

‘‘ഞാനിത്രേം ചോറുണ്ണാറില്ല’’.

‘‘ഇനീം കൂടുതൽ കൂടുതൽ ഉണ്ണും ഇല്ലേൽ ഞാനൂട്ടും’’[74].

ഒരേ സമയം സമാധാനവും സംഘർഷം പങ്കിടുന്നതാണല്ലോ കുടുംബജീവിതം. ഒരേ താളത്തിലുള്ള കുടുംബ ജീവിതബന്ധങ്ങൾ തകഴിയുടെ നോവലുകളിൽ വിരളമാണ്. സംഘർഷഭരിതമായ എന്നാൽ സന്തോഷത്തിന്റെ നുറുങ്ങുവെട്ടം പകർത്തുന്ന കുടുംബജീവിതങ്ങളാണ് തകഴിയുടെ നോവലുകളിൽ കാണാനാകുന്നത്.

ചെമ്പൻ കുഞ്ഞിന്റെ മകളായ കറുത്തമ്മ പണം വിനിമയംചെയ്യാനും പണം സൂക്ഷിക്കാനും ഏറെ കഴിവുള്ളവളായിരുന്നു. തൃക്കുന്നപ്പുഴ കടപ്പുറത്തെ കൂലിവ്യവസ്ഥയെക്കുറിച്ച് അറിയാൻ ആഗ്രഹിക്കുന്നവളാണ് കറുത്തമ്മ. കറുത്തമ്മയും പളനിയും തമ്മിലുള്ള സംഭാഷണം നോക്കുക.

‘‘ഇവിടെ എത്ര വീതമാ പങ്ക്’’.

“അമ്പത്”.

“ഞങ്ങാടെ അവിടെ അറുപതാ”.

“അടുത്ത തൊറേലുള്ള കണക്കനുസരിച്ച് പങ്ക് കണാക്കുപറഞ്ഞ് മേടിക്കണം”[75].

മാറിയ ജീവിതസാഹചര്യങ്ങളോട് വളരെവേഗം പൊരുത്തപ്പെട്ട കറുത്തമ്മ വീട്ടിലേയ്ക്കുവേണ്ട അത്യാവശ്യസാധനങ്ങൾ വാങ്ങാതെ തനിക്ക് കസവുനേര്യതുമായി വന്ന പളനിയെ നോക്കി ഹൃദ്യമായ ചിരിയോടെ ചോദിക്കുന്നു.

“വെള്ളം കുടിക്കാനേകൊണ്ട് പാത്രം ഇല്ലാതെ കോടി നേര്യതെന്തിനാ”[76].

ഇവിടെ നോവലിസ്റ്റ് പ്രകടിപ്പിക്കുന്ന അഭിപ്രായം ഇപ്രകാരമാണ്.

“ജീവിതം കിണ്ണനും കിണ്ടിയും വള്ളവും വലയും മാത്രമല്ല, കസവ്നേര്യേതും കൂടിയാണ്”[77].

നോവലിസ്റ്റിന്റെ ഈ നിരീക്ഷണം ഏറ്റവും ഉചിതമാണ്. അന്നന്നത്തെ അപ്പത്തിനു വേണ്ടി അധ്വാനിക്കുന്ന, നീക്കിയിരിപ്പില്ലാത്ത തൊഴിലാളിസമൂഹത്തിനു വേണ്ടി സംസാരിക്കുന്ന തകഴി ലോകത്തോടു ചോദിക്കുകയാണ്, അവർക്കും ആഗ്രഹങ്ങളില്ലേ. കാല്പ്പനികമായ ഇതിവൃത്തതിലും ജീവിതയാഥാർത്ഥ്യങ്ങളെ സംബന്ധിച്ച കൊച്ചുചോദ്യങ്ങളെ കൊണ്ട് വായനക്കാരെ ചിന്തിപ്പിക്കുവാൻ പര്യാപ്തമാണ് ഇത്തരത്തിലുള്ള സന്ദർഭങ്ങൾ. സാമ്പത്തിക സുരക്ഷിതത്വത്തെപ്പറ്റി പളനിയെ ഓർമ്മിപ്പിച്ചപ്പോൾ അവൻ പറഞ്ഞ മറുപടി ഏറെ കനപ്പെട്ടതാണ്. ആ സന്ദർഭം നോക്കുക.

“മരക്കാൻ എന്തിനാടി സമ്പാദിക്കുന്നേ? ഈ പരാന്ന് കിടക്കുന്നത് അവന്റെ സ്വത്താ അവാടില്ലാത്തതെന്താ? കരുതി വെയ്ക്കാതിരുന്നാൽ കടലാമ്മ കനിയും അതാ മുറ”[78].

മുക്കുവനെ സംബന്ധിച്ച് അവന്റെ സർവതും കടലാണ്. കടൽ ഉള്ളപ്പോൾ ഒന്നിനെകുറിച്ച് ആകുലപ്പെടേണ്ട എന്ന ധ്വനിയാണ് പളനിയുടെ വാക്കുകളിലൂടെ വെളിവാകുന്നത്. എന്നാൽ അശാന്തിയുടെ കാർമേഘം പളനിയുടെ കുടുംബത്തിൽ നിഴലിക്കാൻ അധികം സമയമെടുത്തില്ല. തന്റെജീവിതത്തിൽ വിവാഹം മൂലം വന്നു ഭവിച്ച സങ്കടങ്ങളെപ്പറ്റി പളനി പറയുന്നതു നോക്കുക.

"ആരോരുമില്ലാത്തൊരുത്തൻ അവനെ ചൊല്ലി സങ്കടപ്പെടാൻ ആരുമില്ല. സന്തോഷിക്കാനുമില്ല. കടപ്പുറത്തിനു കൊള്ളാത്ത പെണ്ണ്നിക്കുന്നു. അവന്റെ തലേകെട്ടി വച്ചു"[79].

കടലിപോയി അവാഞ്ചത്താലും ആരും കരയാനില്ല. അതാ നടന്നത്"[80].

പളനിയിൽ നിന്ന് കറുത്തമ്മയ്ക്ക് ഏറ്റ ആദ്യ പ്രഹരം അതായിരുന്നു.

"ഞാന്-ഞാന്-കടപ്പറത്തിന് കൊള്ളാത്തവളാകത്തില്ല"[81].

പല പ്രാവശ്യം ഇത് വിശ്വസിക്കണമെന്ന് പളനിയോട് കറുത്തമ്മ അപേക്ഷിച്ചു. അപ്പോൾ പളനി പറഞ്ഞ മറുപടി ഇതായിരുന്നു.

"നീയെന്താ വിശ്വസിക്കുന്നോ വിശ്വസിക്കുന്നോ എന്നു ചോതിക്കുന്നേ? ഇത് കേട്ടിട്ടു നെനക്കു തന്നെ തമിശയം പോലെ തോന്നുന്നു"[82].

കറുത്തമ്മയ്ക്ക് തന്റെ പുതിയജീവിതം അതേ വിശുദ്ധിയോട് കാത്ത് സൂക്ഷിക്കണമെന്നുണ്ട്. അതോടൊപ്പം പളനി കേട്ട രഹസ്യങ്ങളുടെ സത്യാവസ്ഥ അയാളോട് തുറന്ന് പറയണമെന്നും അവൾക്കു ആഗ്രഹമുണ്ട്. എന്നാൽ അത് നടക്കാതെ മുന്നോട്ട്പോവുകയാണ്. പളനിയ്ക്കാണെങ്കിൽ ഓരോ ദിവസവും കറുത്തമ്മയുടെ പേരുദോഷത്തെ കുറിച്ചുള്ള വാർത്തകൾ മറ്റുവലക്കാരിൽ നിന്നും ലഭിക്കുന്നുണ്ട്. കറുത്തമ്മയുടെ ചാരിത്രശുദ്ധിയെ കുറിച്ചോർത്ത് കലുഷിതമാണ് അയാളുടെ മനസ്സ്.

ചക്കിയെ കാണാൻ കറുത്തമ്മ വളരെ ആഗ്രഹിക്കുന്നു. അവൾ പളനിയോട് ചോദിക്കുന്നു.

"എന്നാലേകൊണ്ട് ഞാൻ മാത്രം അമ്മേടെ അടുത്ത് ഒന്നു പോട്ട്?"

"പോയാല് പിന്നെ തിരിച്ചു വരേണ്ട" അയാൾ പറഞ്ഞു[83].

പുരുഷാധിപത്യത്തിന്റെ പ്രകടതയാണ് ഇവിടെ കാണുന്നത് അതുകൊണ്ടാണ് നോവലിസ്റ്റ് പറയുന്നത്.

"നീർക്കുന്നത്തെ വീട്ടിൽ ചക്കിയുടെയും തൃക്കുന്നപ്പുഴയിൽ കറുത്തമ്മയുടേയും വികാരങ്ങൾക്ക് യാതൊരു സ്ഥാനവും ഇല്ലെന്ന്"[84].

വികാരങ്ങൾക്കും വിചാരങ്ങൾക്കും സ്വജീവിതത്തിൽ യാതൊരു സ്ഥാനവുമില്ലാത്ത നിരവധി സ്ത്രീജനങ്ങളുടെ വീർപ്പുമുട്ടലായിരുന്നു ഒരു കാലംവരെയുള്ള കേരളസമൂഹത്തിൽ നിലനിന്നിരുന്നത്. അത് അവർണനായാലും സവർണനായാലും. സ്ത്രീ സമൂഹത്തിന് നേരേനിന്ന് ചിന്തിക്കാൻ, സംസാരിക്കാൻ അവസരം ലഭിച്ചത് നവോത്ഥാനത്തിൽ നിന്ന് നേടിയ നവോന്മേഷംമൂലമാണ്. തകഴി കൃതികളിൽ സ്ത്രീവിരുദ്ധ പ്രയോഗങ്ങളോടൊപ്പം, സ്ത്രീ ശാക്തീകരണ മോചനപ്രയോഗങ്ങളും കാണുന്നുയെന്നത് സ്ത്രീ സമത്വത്തിലൂന്നിയ ഒരു സാമൂഹികവിമോചനം തകഴി ആഗ്രഹിച്ചിരുന്നു എന്നതിന് തെളിവാണ്. ചക്കിയുടെ മരണം അറിയിക്കാൻ പരീക്കുട്ടി തൃക്കുന്നപ്പുഴ വന്നത് കറുത്തമ്മയുടെ ജീവിതത്തിൽ വലിയ പ്രശ്നങ്ങളുണ്ടാക്കി. അവൾ പളനിയോട് എല്ലാം തുറന്നുപറഞ്ഞു എന്നാൽ പരീക്കുട്ടിയിൽ നിന്ന് പണംകൈപ്പറ്റിയ കാര്യവും, പരീക്കുട്ടിയുടെ പാട്ടിന്റെകാര്യവും, രാത്രിയിലെ വിടപറയലും അവൾ പളനിയിൽ നിന്നും മറച്ചുവെച്ചു. അവളെ വിശ്വസിക്കുന്നു എന്ന് പറയുമ്പോഴും ഒരു അവിശ്വാസം പളനിയ്ക്ക് കറുത്തമ്മയിൽ ഉണ്ടായിരുന്നു. അത് കൊണ്ടാണല്ലോ എല്ലാം കേട്ടിട്ടും അയാൾ പറഞ്ഞത്.

“അപ്പം നീർക്കുന്നം കടപ്പുറത്തുനിന്നു പറഞ്ഞയച്ചതാണെന്ന് എല്ലാരും പറേന്നത് ഒള്ളാതാല്യോ”[85].

കറുത്തമ്മ പളനിയിൽനിന്ന് അനുവാദം വാങ്ങി, കുട്ടയിൽ മീൻ ഏറ്റി കിഴക്കോട്ട് കച്ചവടത്തിനു പോകാനൊരുങ്ങി. രണ്ടുനാൾ കഴിഞ്ഞപ്പോൾ അത് മുടങ്ങി. മറ്റുകച്ചവടക്കാരികൾ ഒറ്റക്കെട്ടായിനിന്ന് അവളെഎതിർത്തു. അവിടെയും കാരണം അവളുടെ ചാരിത്രശുദ്ധി തന്നെ.

“ആങ്ങേങ്ങാണ്ടോ കടപ്പുറത്തു കണ്ടമേത്തനം പിടിച്ചു കെടന്നോള്, അവള് കടാപ്പുറം മുടിക്കാനേക്കോണ്ടുവന്നിരിക്കുവാ”.

“ആവാക്കു കച്ചോടം കിട്ടും എല്ലാ വീട്ടിലേം ആണുങ്ങപറയും.

അവാളോടു മേടിക്കാൻ അവാളങ്ങനൊരു ശിങ്കാരിയാ”[86].

അതോടെ കറുത്തമ്മയുടെ മുന്നിൽ ആവഴിയും അടയുന്നു. ചെമ്പൻകുഞ്ഞിന്റെ മകളായ കറുത്തമ്മ ധനസമ്പാദനത്തിനു വേറേ വഴികണ്ടെത്തി മീൻ വാങ്ങി ഉപ്പിട്ട് ഉണക്കി ശേഖരിക്കുക. മീനില്ലാത്ത കാലത്ത് നല്ല വിലയക്ക് വിൽക്കുക. അങ്ങനെ കറുത്തമ്മ സാമ്പത്തികമായി സ്വയംപര്യാപ്തയാകാൻ ആരം

ഭിച്ചു. പളനിയും കടലിൽ പോകുന്നുണ്ടെങ്കിലും അവന്റകൂടെയുള്ള വലക്കാർക്ക് അവനെകൂട്ടാൻ പേടിയാണ്. ഈ സന്ദർഭം നോക്കുക.

"കറുത്തമ്മ കടപ്പുറം നശിപ്പിക്കുന്നവളാണ്. അവളുടെ മരയ്ക്കാന്റെ കൂടെ വള്ളത്തിൽ പോകരുതെന്ന് എല്ലാ അരയത്തികളും പേടിപ്പിച്ചിരിക്കാം. പരമ്പര യായി കിട്ടിവന്ന വിശ്വാസങ്ങൾ അതാണ്"[87].

ഇതിന്റെ തുടർച്ചയായി പളനിയെ കൂട്ടാതെ കുഞ്ഞൻ വലക്കാരന്റെ മറ്റുവല ക്കാർ കടലിൽപോയി. പ്രതിഷേധത്തോടെ അവൻ വലക്കാരനോട് ചോദിക്കുന്നു. എന്നെ ജോലിക്ക് കൊള്ളത്തില്ലേഎന്ന്. കുഞ്ഞൻവലക്കാരൻ മറുപടിക്കായി തപ്പി യപ്പോൾ പളനി ഉറച്ച സ്വരത്തിൽ പറയുന്നു.

"അത് കള്ളമാ പച്ച നുണ അവള് പെഴച്ചോളല്ലെന്ന് എനിക്കറിയാം"[88].

എന്നാൽ എല്ലാവരുംപറയുന്നതുകൊണ്ട് കുഞ്ഞൻവലക്കാരനും അതിനെ പിന്താങ്ങുന്നു. നിസ്സഹായതയിൽനിന്നും ഉറവെടുത്ത കോപത്തോടെ പളനി കറു ത്തമ്മയോട് പറയുന്നു. നീ പിഴച്ചവൾ ആയതുകൊണ്ട് കടലിൽ പോവാൻ എന്നെ കൊള്ളത്തില്ലെന്ന് തുടർന്ന് അവൻ ചോദിക്കുന്നു. ആ സന്ദർഭം നോക്കുക.

"ഒരു മരയ്ക്കാത്തിപ്പെണ്ണാണെന്നറിയാതെ കൊച്ചിലേ നീ എന്തിനാടി.

ആ മേത്തചെറുക്കന്റെ കൂടെ കളിക്കാനും, ചിരിക്കാനും പോയത്.

"ആങ്ങാനോക്കെ വന്നുപോയി പൊറുക്കണം".

"അല്ലേല് നിന്നെ എന്തിനാ പറേണെ അതോന്നും നിന്റെ കുറ്റമല്ല".

"നോക്ക് നിന്റെ തന്തേം തള്ളേം വളർത്തിയപ്പോലെ നീ വയറ്റി കെടക്കുന്ന തിനേം വളർത്തിയേക്കണം. പെണ്ണാണെങ്കി വല്ല കടപ്പുറത്ത് കെടക്കുന്ന ചെറു ക്കനു വെനവരുത്തിവെച്ചേക്കണം"[89].

കടപ്പുറത്ത് പെണ്ണ് ശുദ്ധമായി ജീവിച്ചില്ലെങ്കിൽ, കടപ്പുറത്തെ പുരുഷന് ആപത്തു സംഭവിക്കും എന്ന വിശ്വാസത്തെയാണ് പളനിയുടെ വാക്കുകളിലൂടെ തകഴി ഊട്ടി ഉറപ്പിക്കുന്നത്.

തന്റെ അവസ്ഥ മറ്റൊരാൾക്ക് വരരുതെന്നുള്ള മുന്നറിയിപ്പാണ് പളനി കറു ത്തമ്മയ്ക്ക് നൽകുന്നത്. കറുത്തമ്മയ്ക്ക് മറ്റൊരു ഉപദേശം കൂടി പളനി നൽകുന്ന സന്ദർഭം നോക്കുക.

"നീ നിന്റെ നെറീം മൊറേം നോക്കിക്കഴിഞ്ഞാലെകൊണ്ട്

മാത്രം മതി ഈ കടപ്പുറത്തെ മരക്കാത്തിയായി നീ കഴിയും"[90].

കറുത്തമ്മയുടെ ദാമ്പത്യ ജീവിതം ഏറ്റുപറച്ചിലിനും പരസ്പരം ധാരണ കൾക്കും ശേഷം മുന്നോട്ടു പോവുകയാണ്. കറുത്തമ്മയുടെ പൊന്നു വിറ്റ് പളനി ഒരു വള്ളം വാങ്ങി അവരുടെ ജീവിതത്തിൽ ഒരാൾകൂടി വന്നു. ആ പെൺകു ഞ്ഞിനെ മറ്റൊരു കറുത്തമ്മയായി വളർത്തില്ലന്നെണ് കറുത്തമ്മ പറയുന്നത്.

"ഏതായാലും ഈ കൊച്ച് ഒരു കറുത്തമ്മയായി ഞാൻ വളർത്തുന്നില്ല.

ഒരു ചിരിയോടെ പളനി പറഞ്ഞു".

"എന്നാലെക്കൊണ്ട് പളനി ഒരു ചെമ്പൻകുഞ്ഞും ആകത്തില്ല"[91].

തന്റെ ജീവിതത്തിൽ വന്നുപെട്ട ദുരന്തം അടുത്ത തലമുറയിൽ ആവർത്തിക്കരു തെന്ന് അവൾ ആഗ്രഹിക്കുന്നു. കറുത്തമ്മ ഒരിക്കൽകൂടി നീർക്കുന്നത്ത് പോകുന്ന കാര്യം പളനിയെ ഓർമിപ്പിച്ചു അതികർശനമായ സ്വരത്തിൽ അയാൾ ചോദിച്ചു.

"എന്നാവേണം നെനക്ക്? പഞ്ചമിയെ കാണാനെന്നും പറഞ്ഞ്-

നിനക്ക് ആ മേത്തനെ ഇനീം കാണണോ ?"[92].

പളനിയുടെ മനസ്സിൽ സംശയത്തിന്റെ തീക്കനൽ അണയാതെ കിടക്കുന്നു ണ്ടെന്നും അത് വെറും ചാരത്താൽ മൂടപ്പെട്ടിട്ടുള്ളുവെന്നും കറുത്തമ്മയ്ക്കു മനസ്സി ലായി. രണ്ടാനമ്മയുമായി യോജിക്കാതെ പഞ്ചമി കറുത്തമ്മയുടെ അടുത്തെത്തിയ ത്, കറുത്തമ്മയുടെ ജീവിതദശമാറ്റാനായിരുന്നു. ചേടത്തിയും അനിയത്തിയുമായി വിശേഷങ്ങൾ പങ്കുവെയ്ക്കുമ്പോൾ അവൾ പരീക്കുട്ടിയെക്കുറിച്ച് ചോദിക്കുന്നു.

"നിന്നെ കാണാറുണ്ടോ?"

"ചെലപ്പംകാണും".

“അപ്പം ഇച്ചേച്ചിന്റെ കാരിയം വല്ലോം നിന്നോട് ചോദിക്കുവോ?”

“എന്നെ കാണുമ്പം ഒന്നുചിരിക്കും”.

“അല്ല ചോദിക്കും”[93].

ചോദിക്കും എന്ന ശബ്ദം പളനിയുടേതായിരുന്നു. പരീക്കുട്ടിയെക്കുറിച്ചുള്ള വിവരങ്ങൾ പഞ്ചമിയോട് ചോദിച്ചറിയുന്ന കറുത്തമ്മയോടായിരുന്നു അയാൾ ഇതുപറഞ്ഞത്. പളനി കറുത്തമ്മയോട് ചോദിച്ചു.

“നിനിക്ക് അയാളോട് ഇഷ്ടമായിരുന്നോ?”

“ഇഷ്ടമാരുന്നു”

എന്നാണ് അവളുടെ മറുപടി.

അതുകേട്ട പളനി ചോദിക്കുന്നത് നോക്കുക.

“നീ യാത്തറ ചോദിച്ചേച്ചു ആണോ പോന്നേ”

“ഇനീം എന്നു കാണാമെന്നാ പറഞ്ഞോ”[94].

ഈ വാക്കുകളിലൂടെ അവരുടെ ജീവിതത്തിന്റെ അവസാനയാത്രയെ ധ്വനിപ്പിക്കുകയാണ് നോവലിസ്റ്റ് പളനിയിലൂടെ.

പളനിയുടെയും കറുത്തമ്മയുടെയും ജീവിതം വീണ്ടും സംഘർഷഭരിതമാവുകയായിരുന്നു. കറുത്തമ്മയെതേടി പരീക്കുട്ടി തൃക്കുന്നപ്പുഴയിൽ എത്തുന്നതോടെ ആ സംഘർഷം മൂർദ്ധന്യത്തിലെത്തുന്നു. വള്ളവുമായി പുറം കടലിൽ പോയ പളനി വൻസ്രാവുമായി മല്ലിടുമ്പോഴാണ് പരീക്കുട്ടിയുടെ വിളികേട്ട് പുറത്തേക്കിറങ്ങിയ കറുത്തമ്മ അയാളുമായി ഒന്നിക്കുന്നത്. അന്നുവരെ ഒരു മുക്കുവന്റെ ചൂണ്ടയിലും കൊത്താത്ത പെരുംസ്രാവാണ് പളനിയുടെ ചൂണ്ടയിൽ കൊളുത്തിയത് അയാൾ ആ സ്രാവുമായി മൽപിടുത്തം നടത്തുകയാണ്. അയാളുടെ ശക്തി ക്ഷയിച്ചുതുടങ്ങി. അയാൾ ദിഗന്തങ്ങൾ മുഴങ്ങുമാറ് വിളിക്കുകയാണ്. ‘കറത്തമ്മാ’[95] ആ വിളിക്ക് കാതു കൊടുക്കാതെ പാരമ്പര്യവിശ്വാസം മറന്ന് കറുത്തമ്മ ‘മേത്തച്ചെറുക്കനുമായി’ ഒന്നിക്കുന്നു. രണ്ടുനാൾ കഴിഞ്ഞപ്പോൾ ആലിംഗനബന്ധരായ ഒരു സ്ത്രീയുടെയും പുരുഷന്റെയും ശവശരീരങ്ങൾ കടപ്പുറത്ത് അടിഞ്ഞ് കൂടി. ചെറിയഴിക്കൽ പ്രദേശത്ത് ചൂണ്ട വിഴുങ്ങിയ ഒരു സ്രാവും അടിഞ്ഞു.

ചെമ്മീൻ എന്ന നോവൽ ഇവിടെ സമാപിക്കുമ്പോൾ വായനക്കാരിൽ കുറേ യേറെചിന്തകൾ ബാക്കിയാകുന്നു. നോവലിന്റെ അന്തർധാരയായി നിലകൊള്ളുന്ന പുരാവൃത്തപരാമർശം ഇവിടെ യാഥാർത്ഥ്യമാവുകയാണ്. മറ്റ് വലക്കാർ ആശങ്ക പ്പെട്ടതുപോലെ കറുത്തമ്മയുടെ ചാരിത്രലംഘനം പളനിയുടെ ജീവിതത്തെ ഇല്ലാ താക്കുകയാണ്. പളനിയ്ക്ക് ഒരു വിശ്വാസം ഉണ്ടായിരുന്നു, തനിക്ക് ഏത് സ്രാവിന്റെയും അടിയിൽനിന്നും രക്ഷപ്പെടാമെന്ന്. കാരണം തനിയ്ക്ക് വേണ്ടി ചാരിത്ര ശുദ്ധിയോടെ കാത്തിരിക്കാൻ ഒരുവളുണ്ടല്ലോ.

"തലേന്നാളും വാഗ്ദാനം ചെയ്തതല്ലേ"[96].

ചൂണ്ടവിഴുങ്ങിയ സ്രാവിനൊപ്പം പളനിയുടെ മൃതദേഹം പോലും കടപ്പു റത്ത് അടിയുന്നില്ല.

"പുരാവൃത്തത്തിന്റെ നിഗൂഢതയിലേയ്ക്ക് കഥാപാത്രം മുങ്ങിത്താഴുകയാ ണ്"[97] (2012:101).

കടലിന്റെ ഇരമ്പലിനോടൊപ്പം, കഥാപാത്രത്തിന്റെ മനസ്സിന്റെ ഇരമ്പലു കളും നോവലിൽ സമന്വയിപ്പിക്കാൻ തകഴിയ്ക്കുകഴിഞ്ഞു. പ്രകൃതിയും സ്ത്രീയും തമ്മിലുള്ള സംഘർഷങ്ങൾ നോവലിന്റെ അവസാനഭാഗത്ത് ഏറ്റവും ഭംഗിയായി ആവിഷ്ക്കരിച്ചിരിക്കുന്നു. പ്രകൃതിയിൽ കാണുന്ന പ്രക്ഷുബ്ധത കറുത്തമ്മയുടെ മനസ്സിലും അരങ്ങേറുന്നതായി വായനക്കാരൻ മനസ്സിലാക്കുന്നു. ഈ നോവലിലെ ഏറ്റവും തിളക്കമുള്ള കണ്ണിയാണ് കറുത്തമ്മ. കറുത്തമ്മയുടെ ബാല്യം മുതൽ യൗവനം വരെയുള്ള കാലഘട്ടത്തിലെ മൂർത്തവും അമൂർത്തവുമായ സംഭവപരമ്പ രകളുടെ ആഖ്യാനമാണ് നോവലിൽ നടക്കുന്നത്. കറുത്തമ്മയോട് ചേർന്ന് കൊണ്ട് ഈ നോവലിൽ പ്രധാനവും അപ്രധാനവുമായ കഥാപാത്രങ്ങൾ നോവ ലിന്റെ പാർശ്വഭാഗങ്ങളിൽ ജീവിക്കുന്നു. ഈ കഥാപാത്രങ്ങളും കൂടിചേരുന്ന തോടെ ഉത്തമമായ ഒരു പ്രണയകാവ്യമായി ചെമ്മീൻ രൂപം കൊള്ളുന്നു

മലയാളസാഹിത്യത്തിൽ ഒരേസമയം റിയലിസവും റൊമാന്റിസിസവും പരീ ക്ഷിച്ച എഴുത്തുകാരിൽ ഒരാളാണ് തകഴി. യാഥാർത്ഥ്യത്തിന്റെ പരുപരുത്ത മുഖ ങ്ങളോടൊപ്പം കാല്പനികതയുടെ മസൃണഭാവങ്ങളും തനിക്ക് വഴങ്ങുമെന്ന് പരീ ക്കുട്ടി-കറുത്തമ്മ പ്രണയ ജോഡികളുടെ സംഭാഷണത്തിലൂടെ വ്യക്തമാക്കുകയാ ണ്. കറുത്തമ്മയുടെവിവാഹം ഏറെ കോലാഹലത്തോടെ നടന്നു. പുതിയ വീട്ടിൽ പുതുജീവിതം തുടങ്ങിയ കറുത്തമ്മ ഉറപ്പുള്ള ദാമ്പത്യ ജീവിതത്തിനായി പളനി യുടെ മുന്നിൽ കുറേവ്രതങ്ങൾ എടുത്തു. കാരണം അവളുടെ തലയ്ക്കു മുകളിൽ

പുരാവൃത്തമെന്ന ഒഴിയാബാധയുണ്ടല്ലോ. ഇതുകൂടാതെ കറുത്തമ്മയുടെ ദാമ്പത്യ ജീവിത ദുരന്തത്തിന് മറ്റൊരു പ്രധാന ഘടകം സമൂഹമാണ്. അവളെ തൃക്കുന്നപ്പുഴ കടപ്പുറം വഴിപിഴച്ച പെണ്ണാക്കി മാറ്റി.

കടൽ പോലെ, കാറ്റും കോളും നിറഞ്ഞതും ചിലപ്പോൾ ശാന്തവും ആയിരുന്നു കറുത്തമ്മയുടെ വിവാഹ ജീവിതം. കാറ്റിനും കോളിനും അവളുടെ ജീവിതം അടിമപ്പെടാനുള്ള കാരണം പരീക്കുട്ടിയുമായുള്ള പ്രണയകഥ പല ചെവികളിലൂടെ കേട്ടറിഞ്ഞ്, പല വായിലൂടെ പറഞ്ഞറിഞ്ഞ്, പല കഥകളായി പളനിയുടെ ചെവിയിൽ എത്തിയതാണ്. നോവലിന്റെ അവസാന ഭാഗം ദുരന്തത്തിൽ എത്തിച്ചേരുന്നു. കടലിന്റെ പാശ്ചാത്തലത്തിൽ തന്നെ ജീവനൊടുക്കുന്ന പളനി, കറുത്തമ്മ, പരീക്കുട്ടി എന്നീ കഥാപാത്രങ്ങൾ നോവൽ അവസാനിച്ചാലും വായനക്കാരന്റെ മനസ്സിൽ ഉയിരൊടുങ്ങാതെ ജിവിക്കുന്നു.

1956 ൽ പ്രസിദ്ധീകൃതമായ ചെമ്മീൻ എന്നനോവൽ ഒരു പ്രണയകഥ എന്നതിനപ്പുറം വായനയുടെ മറ്റു തലങ്ങളിലേയ്ക്ക് ആസ്വാദകരെ കൂട്ടിക്കൊണ്ടു പോകുന്നു. ചെമ്പൻകുഞ്ഞിന്റെ പണത്തിനു മേലെ പരുന്തുംപറക്കില്ല എന്നുള്ള നയവും മക്കളുടെ ജീവിതത്തെക്കാൾ കണ്ടങ്കോരനും ഭാര്യയും സുഖിക്കുന്നതു പോലെ തനിയ്ക്കും സുഖിക്കണം എന്നുള്ള മനോവ്യാപാരങ്ങളും നിരവധി വായനാസാധ്യതകളെ നമുക്ക് തരുന്നു. ചുരുക്കത്തിൽ കറുത്തമ്മ എന്ന സ്ത്രീ കഥാപാത്രചിത്രീകരണത്തിലൂടെ തകഴി ആഗ്രഹിച്ചത്, ദാമ്പത്യജീവിതത്തിൽ കറുത്തമ്മ പുലർത്തിയ അവിശ്വസ്തത മറ്റുള്ളവർക്ക് പാഠമാകണമെന്നുള്ളതായിരുന്നു. പുരുഷാധികാര വ്യവസ്ഥയിലൂടെ ജീവിച്ചുവരുന്ന കുടുംബങ്ങളുടെ ചിത്രീകരണവും തകഴിയുടെ ലക്ഷ്യമായിരുന്നു. പാതിവ്രത്യ ലംഘനവും അതിന്റെ ശിക്ഷയും സ്ത്രീയ്ക്ക് മാത്രമുള്ളതാണ് എന്ന തലത്തിൽ നോവൽ എത്തുമ്പോൾ അത് സ്ത്രീ വിരുദ്ധ പ്രയോഗമായി മാറുന്നു. ഇവിടെയാണ് തകഴി ശിവശങ്കരപ്പിള്ളയുടെ പുരുഷ മേധാവിത്വത്തിന്റെ ചിന്തപ്രകടമാകുന്നത്. ഇത്തരത്തിൽ പുതിയൊരു വായനാബോധ്യം ഉണർത്താൻ ചെമ്മീൻ എന്ന നോവലിനു സാധിച്ചിരിക്കുന്നു. ചുരുക്കത്തിൽ ചെമ്മീൻ എന്ന നോവൽ സർവ്വംസഹകളായ കുറേ സ്ത്രീ ജീവിതങ്ങളുടെ കണ്ണീർ ചിത്രമാണ് വായനക്കാർക്ക് സമ്മാനിക്കുന്നത്.

പലരായി രൂപപ്പെടുത്തിയ ഒരു ജീവിതവഴിയായിരുന്നു കറുത്തമ്മയുടേത്. പ്രണയത്തിലും മരണത്തിലും മാത്രമാണ് സ്വന്തം ഇഷ്ടം പ്രാവർത്തികമാക്കാൻ കറുത്തമ്മയ്ക്ക് കഴിഞ്ഞത്. പ്രണയം അവസാനിപ്പിക്കാനും പുതിയ ജീവിതം തുടങ്ങാനും കറുത്തമ്മയക്കുവേണ്ടി തീരുമാനങ്ങളെ നിയന്ത്രിക്കുന്നത് മറ്റ് ആളുകളാണ്. പ്രായപൂർത്തിയായ പെണ്ണുജീവിക്കേണ്ടത് മറ്റുള്ളവരുടെ തീരുമാനപ്രകാരമാ

ണെന്ന വ്യവസ്ഥയെ നോവലിസ്റ്റ് ഉറപ്പിക്കുകയാണ് കറുത്തമ്മയിലൂടെ. സ്വന്ത മായ തീരുമാനമോ സ്വതന്ത്ര്യമായ ചിന്തയോ അവൾക്കു പാടില്ല. പ്രണയവും മര ണവും മാത്രം സ്വന്തം ഇഷ്ടത്തിനനുസരിച്ച് തിരഞ്ഞെടുത്ത കറുത്തമ്മ മറ്റുള്ള തീരുമാനങ്ങളെല്ലാം പലർക്കായി വിട്ടുകൊടുക്കുകയാണ്. സമുദായ ചിന്തയും ജാതിചിന്തയും അരങ്ങുതകർക്കുന്ന ഇന്നത്തെകാലഘട്ടത്തിൽ പ്രണയവും, വിവാ ഹവും പൂർണതയിൽ എത്തണമെങ്കിൽ ജാതിക്കോളനികളും സമുദായ കോളനി കളും തീരുമാനിക്കണം എന്ന അവസ്ഥയുടെ വിമർശനത്തിലേയ്ക്ക്കൂടി ഈ നോവലിന്റെ പുനർവായന എത്തുന്നു.

**ചക്കി**

റിയലിസത്തിൽ നിന്ന് റൊമാന്റിസിസത്തിലേയ്ക്കുള്ള ചുവടുമാറ്റമായി ചെമ്മീൻ എന്ന നോവലിനെ കണക്കാക്കാം. ഒരു ദുരന്തപ്രണയകഥയിലൂടെ റൊമാന്റിസത്തിന്റെ ചിന്തകൾ ആവിഷ്കരിക്കുകയും അതിലൂടെ സമൂഹത്തെ നോക്കികാണാൻ വായനക്കാരെ പ്രേരിപ്പിക്കുകയും ചെയ്തു. അനുഭവങ്ങളുടെ ചൂടും ചൂരും പകരാൻ ഒരു വ്യക്തിയെ പ്രാപ്തരാക്കുന്നത് അവന്റെ നാട്ടനുഭവ ങ്ങൾ ആണ്. പ്ലീഡർഷിപ്പിനു പഠിക്കുന്നകാലത്തുള്ള തന്റെ കടലോരനുഭവ ങ്ങളെകുറിച്ച് തകഴി 'ഓർമ്മയുടെ തീരങ്ങളിൽ' എന്ന ആത്മകഥയിൽ പരാമർശി ക്കുന്നുണ്ട്[4].

പരിവർത്തനത്തിനാഗ്രഹിച്ച സാഹിത്യകാരനായിരുന്നു തകഴി. പരിവർത്ത നത്തിന്റെ പാതയിലേയ്ക്ക് കടന്നുകയറാൻ അദ്ദേഹം വ്യത്യസ്തമായ വഴികൾ ഏറെ താണ്ടി. വക്കീലായും കൃഷിക്കാരനായും ഓരോരോ വഴിയിലൂടെ നടക്കു മ്പോഴും തന്റെ ചുറ്റിലും കണ്ടവരെ പുസ്തകത്താളിലേയ്ക്ക് പകർത്തി അവരെ അനശ്വര കഥാപാത്രങ്ങൾ ആക്കുകയാണ് തകഴി ചെയ്തത്.

ആവിഷ്കാരത്തിന് പ്രചോദനമായ ആയ ആശയലോകത്തിന്റെ പരിണാ മത്തെ ആസ്പദമാക്കി എഴുത്തുകാരെ മൂന്നായി തിരിക്കാം.

1. നിന്നേടത്ത് ഉറച്ചു നിൽക്കുന്നവർ
2. കാലം പോകെ മാറി തീരുന്നവർ
3. മാറിയ കാലങ്ങൾക്കൊത്ത് കാലിക പ്രാധാന്യമുള്ള ആശയങ്ങളെ കൃതിക ളിൽ പരാമർശിക്കുന്നവർ. ഇത്തരത്തിൽ കാലത്തിന്റെ മാറ്റത്തിനനുസരിച്ച് സാഹിത്യകൃതികളെ പരുവപ്പെടുത്തിയ സാഹിത്യകാരനായിരുന്നു തകഴി

ശിവശങ്കരപ്പിള്ള. 1929 മുതൽ ഇങ്ങോട്ടുള്ള തകഴികൃതികളെ അവലോകനം ചെയ്യുമ്പോൾ ഇക്കാര്യം വ്യക്തമാകും. കുട്ടനാടൻ മണ്ണും അവിടത്തെ ജനങ്ങളുമായി നടത്തിയ നിരന്തര സഹവാസവും പരിപോഷണവുമായിരുന്നു തകഴിയുടെ കൃതികളുടെ അടിത്തറ. റിയലിസത്തിന്റെ സ്വാധീനത്തിലും, റൊമാന്റിസത്തിന്റെ മധുഭാവത്തിലും മുങ്ങിനിൽക്കുന്ന രണ്ട് നോവലുകൾ ആണ് ചെമ്മീനും, രണ്ടിടങ്ങഴിയും. ഈ രണ്ടു നോവലിലേയും കഥാപാത്രങ്ങൾക്കു തമ്മിൽ വൈജാത്യത്തിലും സാദൃശ്യങ്ങൾ ഏറെയുണ്ട്. ത്രികോണ കഥാപാത്ര സംവിധാനമാണ് രണ്ട് നോവലിലും ഉള്ളത്. രണ്ടിടങ്ങഴിയിൽ കോരൻ, ചിരുത, ചാത്തൻ. ചെമ്മീനിൽ പരീക്കുട്ടി, കറുത്തമ്മ, പളനി. ഇതു കൂടാതെ രണ്ട് നോവലുകളിലും വിവാഹത്തോട് ബന്ധപ്പെട്ട് ഒരു കലഹ സ്വഭാവം രൂപപ്പെട്ടു വരുന്നുണ്ട്. രണ്ടിടങ്ങഴിയിൽ കോരൻ പെൺവീട്ടുകാരുടെ കൂടെകൂടി കരക്കാരിൽനിന്ന് ഒറ്റപ്പെട്ടു. ചെമ്മീനിൽ ആകട്ടെ പളനി കരക്കാരുടെ കൂടെനിന്ന് പെൺവീട്ടുകാരുമായി പിണങ്ങുകയാണ് ചെമ്മീനിൽ മരണത്തിന്റെ മണിയറയിലാണ് പരീകുട്ടിയും കറുത്തമ്മയും ഒന്നിക്കുന്നതെങ്കിൽ ചാത്തൻ സഫലമാകാത്ത പ്രണയ നോവുകൾ സഹോദര സ്നേഹത്തിന്റെ ഭാണ്ഡത്തിൽ പൊതിഞ്ഞു കെട്ടി നടക്കുന്ന കാഴ്ച്ചയാണ് രണ്ടിടങ്ങഴിയിൽ.

കുട്ടനാടൻ ഗ്രാമത്തിന്റെ സജീവ സാന്നിധ്യമായിരുന്നു തകഴി ശിവശങ്കരപ്പിള്ള. അദ്ദേഹത്തിന്റെ കഥാജീവിതവും കുടുംബജീവിതവും കുട്ടനാടൻ പരിസരപ്രദേശങ്ങളുമായി അഭേദ്യബന്ധം പുലർത്തുന്നു. കുട്ടനാട്ടിലെ പടിഞ്ഞാറെ ദിക്കിലെ കടലോരപ്രദേശമായ നീർക്കുന്നത്തെയാണ് ചെമ്മീൻ എന്ന നോവലിലൂടെ ലോകരാജ്യങ്ങൾക്ക് തകഴി കാണിച്ചു കൊടുത്തത്. ലാളിത്യം മുഖപ്രസാദമാക്കിയ തകഴിയുടെ കൃതികൾ ഈ കാലഘട്ടത്തിലും ഇന്നും വായിക്കപ്പെടുന്നു. ഇതിനെകുറിച്ച് എം ടി വാസുദേവൻനായർ പറയുന്നത് നോക്കുക.

"നമ്മുടെ കാലഘട്ടത്തിലെ സജീവ സാന്നിധ്യമാണ് തകഴി. സാഹിത്യം അദ്ദേഹത്തെ സംബന്ധിച്ചെടുത്തോളം ഒരു അലങ്കാരമല്ല, ജീവിതത്തിന്റ ഭാഗം തന്നെയാണ്. അദ്ദേഹവും വായനക്കാരനും തമ്മിൽ ഇടയിൽ പോലും ഒരു മറ പോലും വച്ചിട്ടില്ല. അതു കൊണ്ടാണ് വായനക്കാരനുമായി ലാളിത്യത്തോടുകൂടി സംവേദനം നടത്താൻ അദ്ദേഹത്തിന് സാധിച്ചത്"[98] (1997:263).

ചെമ്മീൻ എന്ന നോവലിന്റെ അകത്തളങ്ങളെ അനശ്വരമാക്കുന്ന കഥാപാത്രമാണ് കറുത്തമ്മയുടെ അമ്മയായ ചക്കി. നോവലിന്റെ ആരംഭം മുതൽ ഏതാണ്ട്

മധ്യ ഭാഗം വരെ നോവലിൽ നിറഞ്ഞുനിൽക്കുന്ന ഈ കഥാപാത്രം ആധിയുടെയും വ്യാധിയുടെയും കഥാപാത്രമാണ്. പ്രായപൂർത്തിയായ മകളെചൊല്ലി എന്നും ആകുലപ്പെടുന്ന ഈ കഥാപാത്രംവായനക്കാർക്കു കൂടി വേദന പങ്കു വെച്ചു നല്കുകയാണ്. മകൾക്കായിചക്കി നല്കുന്ന സാരോപദേശം കാലോചിതമായി എല്ലാ അമ്മമാരും തങ്ങളുടെ പെൺമക്കൾക്കായി ഇന്നും പകർന്നു നൽകുന്നതാണ്. അതിന് സാമുദായികമായും കാലോചിതമായും ചില മാറ്റങ്ങൾ ഉണ്ടായെന്നു വരാം. കറുത്തമ്മ പരീകുട്ടിയുമായി വള്ളത്തിന്റെ മറവിൽ ചിരിച്ചു നിൽക്കുകയായിരുന്നുവെന്ന് കേട്ട ചക്കി മകളെ ഉപദേശിക്കുന്നു.

''എന്റെ മൊകാള് ഈന്ന് നീ ഒരു കൊച്ചു പെണ്ണല്ല നീ ഒരു മരക്കാത്തിയായി''

"ഈ പരേന്ന് കിടക്കണ കടാലില് എല്ലാമോണ്ട് മകാളെ, എല്ലാം. അങ്ങോട്ട് പോകേണ ആണുങ്ങള് തിരിച്ചു വരേണ്ടത് ഏന്താനാ നിരീച്ചിത്? കരേയ്ക്ക് പെണ്ണുങ്ങ നെറീം മൊറേം ആയിട്ടിരുന്നിട്ടാ അല്ലേല് വള്ളാത്തോടെ ചുഴിയെങ്ങാ പിടിച്ചു വിഴുങ്ങും. കടാലിൽ പോണോന്റെ ജീവൻ കരേലിരിക്കുന്ന പെണ്ണിന്റെ കയ്യിലാ"[99].

"ഈ കടാല് ചെലപ്പം കരിയേണത് എന്താന്നവച്ചാൽ കടലമ്മയ്ക്ക് ദേഷ്യം വന്നാലെകൊണ്ട് എല്ലാം മുടീയ്ക്കും. ഇല്ലേലും മക്കാക്ക് എല്ലാം തരും. കനകകട്ടിയുണ്ട് മൊകാളെ കടലില്. കനകാക്കട്ടി!"

"ശുത്തമാമൊകാളെ വലുത് ശുത്തം മരക്കാന്റെ സൊത്തു മരക്കാത്തിന്റെ

ശുത്തമാ"[100].

"എന്റെ മൊകാളു മേലം കടാലൂകരിച്ചുതൊറേലൊളെളാരാടെ വായിമണ്ണടിക്കല്ലേ'[101].

മതത്തിന്റെയും, സമുദായത്തിന്റെയും നിയമങ്ങളെ മുറുകെപിടിക്കുന്ന അമ്മ മകൾക്ക് നൽകുന്ന ഉപദേശങ്ങളാണ് മേൽപരാമർശിച്ചത്. കാലം എത്ര പുരോഗമിച്ചാലും, സ്ത്രീ പുരുഷ സമത്വം അതിന്റെ പൂർണ്ണതയിൽ എത്തിയാലും സ്ത്രീ അവളുടെ ചാരിത്രം സംരക്ഷിക്കണം എന്ന് അലിഖിത നിയമത്തിന്റെ വായനയാണ് ചക്കി ഇവിടെ നടത്തിയത്. അരയ സമുദായത്തിലെ പെൺകുട്ടി ചാരിത്രം കാത്തു സൂക്ഷിക്കേണ്ടതിൽ ശ്രദ്ധാലുവായിരിക്കണം എന്നാണ് ചക്കി പറയുന്നത്.

കറുത്തമ്മ പ്രണയിക്കുന്നത് അന്യ സമുദായക്കാരനെയാണ് എന്നുള്ളതും ചക്കിയുടെ നോവ് വർദ്ധിപ്പിക്കുന്നു. പരീക്കുട്ടിയെപ്പറ്റി ചക്കി പറയുന്നത് നോക്കുക.

'അയ്യാളു നാലാം വേതക്കാരനാ, അയ്യാക്കതൊന്നും കാണേത്തില്ല"[102].

എന്നാണ് പരീക്കുട്ടിയുടെ സന്മാർഗബോധമില്ലായ്മയെപറ്റി ചക്കി പറയുന്നത്. ചക്കിയുടെ ജീവിത ലക്ഷ്യം കറുത്തമ്മയുടെ വിവാഹക്കാര്യം മാത്രമാണ്. ഈയൊരു വിഷയത്തിൻമേലാണ് ചക്കി ചെമ്പൻകുഞ്ഞിനോട് കലഹിക്കുന്നത്. പത്തിട്ട് നൂറ് കൊയ്ത്തെടുക്കണം എന്ന സാമ്പത്തികപ്രമാണത്തിൽ വിശ്വസിക്കുന്ന ചെമ്പൻകുഞ്ഞിന്റെ ആദ്യ ലക്ഷ്യം ഒരു വള്ളവും വലയും സ്വന്തമാക്കുക എന്നുള്ളതാണ്. അതിനുശേഷം മാത്രമേ അയാൾക്കു കറുത്തമ്മയുടെ വിവാഹക്കാര്യം വരുന്നുള്ളു. ചെമ്പൻ കുഞ്ഞിന്റെ രീതി കാണുമ്പോൾ ചക്കി പറയുന്നതിങ്ങനെയാണ്.

"മൊകാളെ വല്ല നാലാം വേതക്കാരനും പെഴാപ്പിക്കും അതാനാടാക്കാമ്പോണെ"[103].

ചക്കിയുടെ ആകുലമായ ചിന്തകൾക്കു മീതെ ചെമ്പൻകുഞ്ഞിന്റെ വള്ളവും വലയുമെന്ന മോഹത്തിന്റെ പരുന്ത് പറക്കുകയാണ്. ചെമ്പൻകുഞ്ഞിനൊടൊപ്പം തന്നെ അധ്വാനിക്കുന്ന ചക്കിയുടെ വാക്കുകൾക്ക് യാതൊരു വിലയും അയാൾ കല്പ്പിക്കുന്നില്ല. അവഗണനയുടെയും, അവഹേളനത്തിന്റെയും സ്ത്രീചിത്രീകരണം തകഴിയുടെ കൃതികളിൽ സ്ഥിരം കാഴ്ച്ചയാണ്. കേരളീയകുടുംബപശ്ചാത്തലത്തിന്റെ ഒരു പരിഛേദമാണ് ഈ ആവിഷ്ക്കരണത്തിലൂടെ തകഴി ലക്ഷ്യമാക്കുന്നത്. അതുവഴി കുടുംബസംവിധാനത്തിൽ ഒരു മാറ്റം വേണമെന്ന് തകഴി ആഗ്രഹിക്കുകയും ചെയ്യുന്നു. ചെമ്പൻ കുഞ്ഞിനോടൊപ്പം തന്നെ അധ്വാനിക്കുകയും വീട്ടിലെ സാമ്പത്തികവശങ്ങളെ ക്രമപ്പെടുത്തുകയും ചെയ്യുന്ന ചക്കി സമൂഹത്തിലെ എല്ലാത്തരം കുടുംബിനികളുടേയും പ്രതിനിധിയാണെന്നുപറയാം.

പെണ്ണിന്റെ നാക്ക്, വാക്ക് എന്നിവ ഇപ്പോഴും പരിഹാസ്യത്തിന്റെ ചിഹ്നമായിട്ടാണല്ലോ നമ്മുടെ സമൂഹത്തിൽ വ്യാപരിക്കപ്പെടുന്നത്. ഇവിടെ ചക്കിയുടെ വാക്കിനും ചെമ്പൻ കുഞ്ഞ് വിലകൊടുക്കുന്നില്ല. കറുത്തമ്മയുടെ വിവാഹക്കാര്യത്തിൽ ചക്കിയുടെ വാക്ക് വെറും വാക്കായി മാറുന്നു. നിധികാക്കും ഭൂതത്തെപ്പോലെയാണ് രാത്രികാലങ്ങളിൽ ചക്കി കറുത്തമ്മയ്ക്ക് കാവലിരിക്കുന്നത്. അന്യസമുദായക്കാരാനായ പരീക്കുട്ടിക്ക് പ്രായപൂർത്തിയായ പെൺകുട്ടികളോട് പെരുമാറേണ്ടത് എങ്ങനെയെന്നറിയില്ല എന്ന ചിന്തയാണ് കറുത്തമ്മയ്ക്ക്. അതുകൊണ്ട് പല

രാത്രികളിലും കറുത്തമ്മയ്ക്ക് കാവലിരിക്കുകയാണ് ചക്കി. ചാരിത്രശുദ്ധിയോടെ മകളെ ഒരുവന്റെ കൈയിൽ ഏൽപ്പിക്കുകയെന്നത് ഏതൊരമ്മയുടേയും ആഗ്രഹ മാണ്. ആ ആഗ്രഹമാണ് ചക്കിയിലൂടെ പ്രകടമാകുന്നത്. തന്റെ വീടിനു ചുറ്റും വട്ടമിട്ടുപറക്കുന്ന പരീക്കുട്ടിയെ അവർ ഭയക്കുന്നു. അത്തരമൊരു സന്ദർഭത്തെ ചക്കി നേരിട്ടതു നോക്കുക.

"കറുത്തമ്മ ഒറങ്ങിയില്ല".

ചക്കി പറഞ്ഞു.

"അവളൊറങ്ങി"[104].

ഓരോ ദിനരാത്രവും ആധിയുടെ നോവുകളിലൂടെ കടന്നു പോവുകയാണ് ചക്കി. ഈ നോവ് അവിവാഹിതരായ മക്കളുടെ അമ്മമാർക്ക് സമൂഹം കല്പ്പിച്ചു കൊടു ത്തിട്ടുള്ളതാണ്. ആ കാഴ്ച്ചവട്ടങ്ങളിൽ ആസ്വദിക്കുന്നവരാണ് ആശ്വാസം നൽകു ന്നവരേക്കാൾ കൂടുതൽ എന്നതും ഒരു നൊമ്പര ചിത്രമായി നോവലിന്റെ പുനർ വായനയിൽ അവശേഷിക്കുന്നു.

വള്ളവും വലയും മേടിക്കാനുള്ള ചെമ്പൻകുഞ്ഞിന്റെ പദ്ധതിയോട് ഏറെ വൈകിയാണെങ്കിലും ചക്കി യോജിക്കുന്നു. പരീക്കുട്ടിയിൽ നിന്ന് കടംകൊണ്ട് അതിനുള്ള തുക സമ്പാദിക്കുന്നു. ജീവിതത്തിന് അഭിവൃദ്ധി വരുന്ന സാഹചര്യം ഉണ്ടായപ്പോൾ മകളുടെ വിവാഹം നടന്നില്ലെങ്കിലും, വള്ളവും വലയും ഉണ്ടായ തിൽ ചക്കി സന്തോഷിച്ചുകൊണ്ട് മകളോട് പറയുന്നത് നോക്കുക.

"മൊകാളെ നമ്മക്കുവള്ളോവലേം ഒണ്ടാകാറായിപ്പോയി"[105].

''വള്ളവും വലയും കയ്യിൽ വരുന്ന മാത്രയിൽത്തന്നെ ആ സാധാരണ അര യൻ തികഞ്ഞ മുതലാളിയാകുന്നു. മറ്റുള്ളവരിൽനിന്ന് പൂർണ്ണമായും അന്യവൽക്ക രിക്കപ്പെടുന്നു.''[106] (2016 : 123).

വലക്കാരന്റെ ഭാര്യയായപ്പോൾ കുറച്ചു നേരത്തേക്കെങ്കിലും ചക്കി കറു ത്തമ്മയുടെ വിവാഹകാര്യം മറക്കുന്നു.

ചെമ്പൻകുഞ്ഞിന്റെ ആഗ്രഹത്തിനും അത്യാഗ്രഹത്തിനും കൂട്ടു നിൽക്കുന്ന കുടുംബിനിയാണ് ചക്കി തന്റെ കുടുംബത്തിന്റെ അവസ്ഥ മാറി നല്ലൊരു കാലം വരുമെന്ന് അവൾ പ്രതീക്ഷിക്കുന്നു. പരീക്കുട്ടിയുമായുള്ള ഇടപാട് തീർക്കാത്ത തിൽ പ്രതിഷേധിക്കുന്ന കറുത്തമ്മയോട് ചക്കി ചോദിക്കുന്നത് നോക്കുക.

"ആ മേത്തച്ചെക്കൻ നിന്റെ ആരാടി? നിനക്കിത്രേം ദണ്ണം വരാൻ"[107].

കറുത്തമ്മയുടെ വിവാഹത്തെക്കുറിച്ചുള്ള ആകുലചിന്ത ചക്കിയിൽ ഓരോ ദിനവും വർധിച്ചുവരികയാണ്. ആ ദേഷ്യത്തോടെ അവൾ ചെമ്പൻകുഞ്ഞിനോട് പറയുന്നത് നോക്കുക.

"ഇത്രേംകാലോം നിങ്ങാടെ വള്ളോം വലേം ഒണ്ടാക്കാനെ കൊണ്ടു ഞാൻ കൊട്ടക്കച്ചോടത്തിനു പോയി. ഇനി ആ ആദായം നോക്കണ്ടു"

"എനിക്കു എന്റെ പെണ്ണിനെ കാക്കണം".

അല്ലേലമാളെ കെട്ടച്ചഴക്ക്".

ചെമ്പൻ കുഞ്ഞിന്റെ വിശ്വാസം അവൾ ചീത്തയാവുകയില്ല എന്നാണ്.

ചക്കി ചോദിച്ചു.

"ചീത്തയാകാനേക്കൊണ്ട് എത്ര നേരം വേണം"[108].

പെണ്ണ് പിഴച്ചുപോവുക, ചീത്തയാവുക ഇത്തരത്തിലുള്ള സ്ത്രീവിരുദ്ധ പ്രയോഗങ്ങൾ നിറഞ്ഞതാണ് തകഴി സാഹിത്യം എന്നു പറയാം. വികാരത്തിന് എത്രയുംപെട്ടെന്ന് അടിമപ്പെടുന്ന ഒരു ദുർബലദേഹമാണ് അവളുടേത് എന്ന ചിന്ത നോവൽ പങ്കുവെക്കുന്നു. വിചാരത്താലല്ല, വികാരത്താൽ മാത്രമാണ് സ്ത്രീശരീരം നിൽക്കുന്നത് എന്ന ചിന്ത പുരുഷലോകത്തിനു മുഴുവൻ ഉള്ളതാണ്. നിത്യജീവിതത്തിലും സാഹിത്യത്തിലും കലയിലും പുരുഷൻ ഈ നോട്ടം അവൾക്കായി കൊടുത്തിരിക്കുന്നു. ചക്കി പറയുംപോലെ സ്ത്രീയ്ക്കു ചീത്തയാകാൻ അധികം നേരം വേണ്ട. എന്നാൽ ആ ചീത്തത്തിനു അവളെ പ്രേരിപ്പിക്കുന്ന പുരുഷ ലോകത്തെ വിധിക്കാൻ അന്നും ഇന്നും ആരും മുതിരുന്നില്ല ഇവിടെയാണ് തകഴി എന്ന സാഹിത്യകാരന്റെ സ്ത്രീവിരുദ്ധത പ്രകടമാകുന്നത്. ഒരേ സമയം സ്ത്രീവിരുദ്ധവും സ്ത്രീശക്തവുമായ ഭാവങ്ങളെ തന്റെ കഥാപാത്രങ്ങളിൽ പ്രകടിപ്പിക്കാൻ തകഴിയ്ക്ക് കഴിയുന്നുണ്ട്.

വള്ളോം, വലയും സ്വന്തമാക്കിയ ചെമ്പൻകുഞ്ഞ് അയൽവാസികളുമായി അകലുന്നു. അവരോട് പണ്ടത്തെ സൗഹൃദം പുലർത്താൻ അയാൾക്ക് കഴിഞ്ഞില്ല. മാത്രമല്ല പുതിയ വള്ളക്കാരനായിമാറിയ ചെമ്പൻകുഞ്ഞിനോട് അയൽവാസികൾക്ക് കുറച്ചു അസൂയയും ഉണ്ടായി. ഇക്കാരണത്താൽ ഇടയ്ക്കിടെ ചക്കി

അയൽവാസികളോട് ഏറ്റുമുട്ടി. നമ്മുടെ നാട്ടിൻ പുറത്ത് പണ്ട് കാലങ്ങളിൽ നിത്യേന അരങ്ങേറിയിരുന്ന എന്നാൽ ഇപ്പോൾ അപൂർവ്വമായ ഒരു ചിത്രമാണ് അയൽപക്കങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടൽ. അപൂർവ്വമാകാൻ കാരണം അണുകുടംബങ്ങളുടെ മതിൽക്കെട്ടിലേക്ക് ഇന്നത്തെ സമൂഹം ഒതുങ്ങിക്കഴിഞ്ഞു. അതായത് ഇന്നത്തെ കുടുംബത്തിന്റെ തുറവി വീടിന്റെ ചുറ്റുമതിൽക്കെട്ടിനുള്ളിലേക്ക് ഒതുങ്ങിക്കഴിഞ്ഞു. ഒരുവേള കലഹിക്കുകയും എന്നാൽ മാത്ര കഴിഞ്ഞ് അടുക്കുകയും ചെയ്യുന്ന അയൽക്കാരുടെ ദൃശ്യം തകഴി സാഹിത്യത്തിന്റെ ചാരുത വർദ്ധിപ്പിക്കുന്നതാണ്. ഇത് റിയലിസത്തിന്റെ ഭാഗമായ ഒന്നാണ്. വള്ളവും വലയും സ്വന്തമാക്കാൻ തുടങ്ങുന്നതിന്റെ ഹരത്തിൽ ചക്കി മകളോട് പറയുന്ന സന്ദർഭം നോക്കുക

"മൊകാളെ! അച്ചനു വല്യക്കാര്യമൊക്കെയാ മനസ്തി. ഈ കൊല്ലത്തെ ചാകര കോരു കൊണ്ടു പറമ്പും പെരേം മേടിക്കും. എന്നിട്ടു നിന്നെ കെട്ടിക്കും"[109].

ഭർത്താവ് വള്ളത്തിന്റെയും വലയുടെയും ഉടമസ്ഥനായപ്പോൾ ചക്കി ആളൊന്ന് മാറി. പരീക്കുട്ടിക്ക് കൊടുത്ത് തീർക്കാനുള്ള കടം അവർ സൗകര്യപൂർവ്വം മറക്കുന്നു. അതേച്ചൊല്ലി അമ്മയും മകളും ഏറ്റ് മുട്ടുന്നു. ഏറ്റുമുട്ടലിനു ശേഷം ചക്കി ആശ്വസിക്കുന്നത് ഇപ്രകാരമാണ്. കടലമ്മ കനിഞ്ഞ് കടം ഒന്നുമില്ല. ചാകര പിഴച്ചാലും ആരും ചോദിക്കാനില്ല. ഇവിടെ കറുത്തമ്മ ഇടപെടുന്നു.

"കടം ഒന്നുമില്ലെന്നു അമ്മച്ചി പറയുകയാണോ?"[110].

ഇതിനുമറുപടിയായി ചക്കി പറയുന്നത് പരീക്കുട്ടിയുടെ കടം, കടമായി കൂട്ടണ്ട എന്നാണ്. കാരണം അത് കൊടുത്തില്ലെങ്കിലും വള്ളോം, വലേം ആരും എടുത്തു കൊണ്ടുപോകില്ല. ഇത് കേട്ടപ്പോൾ കറുത്തമ്മ പറയുന്നു. അതുകൊച്ചു മുതലാളി പാവമായതുകൊണ്ടാണെന്ന്. കൊച്ചുമുതലാളിയെ കുറിച്ച് പറയുമ്പോൾ നൂറു നാവായി മാറുന്ന കറുത്തമ്മയെ കണ്ട് ചക്കി ആക്രോശിക്കുന്ന സന്ദർഭം നോക്കുക.

"നെറീം വെറേമായിട്ടു നിന്നാലെ കൊണ്ട് നല്ല ചെറുവാല്യോക്കാരുവല്ലോരും ഒന്നും ഇല്ലേല് നിന്റെ തലേലെഴുത്ത്"

"എനിക്കാണോ അമ്മച്ചി നെറീം മൊറേമില്ലാത്തത്".

ഇത് കേട്ട് ചക്കി ചോദിക്കുന്നു.

"കൊച്ചു മൊതലാളി നിന്റെ ആരാടി".

നിനിക്കുവേണ്ടിയാ മൊകാളെ അച്ചൻപാടുപെടുന്നേ''.

പക്ഷേല് എന്റെ മൊകാള് എല്ലാം കളഞ്ഞകുളിക്കല്ല്!

അമ്മാച്ചി, ഓന്നു ചോദിക്കട്ടെ ! ഒള്ളാതുപറേണം ആ നാലാം വേതക്കാര നോടു മൊകാക്കിഷ്ടമാണോ''.

'' എന്റെ കടലമ്മേ എന്റെ കൊച്ചിനെ ആ മാഹാപാപി കൂടോത്രം

കൊടുത്തൂന്നാ തോന്നണേ''[111].

അവസ്ഥാഭേദങ്ങൾക്കനുസരിച്ച് സ്ത്രീമനസ്സു മാറും എന്ന ചിന്തയാണ് ചക്കിയുടെ ഈ സ്വഭാവനിരൂപണത്തിൽ നിന്നും നാം എത്തിചേരുന്നത്. മകളുടെ വിവാഹക്കാര്യം മാത്രം മനസ്സിൽ ഏറ്റി നടന്നിരുന്ന ചക്കി അതിനിപ്പോൾ മൂന്നാം സ്ഥാനമാണ് നൽകുന്നത്. വള്ളവും വലയും, പറമ്പും പുരയിടവും, അവസാനം മകളുടെ വിവാഹം ഭർത്താവിന്റെ സാമ്പത്തിക നയങ്ങളെയും അതിന്റെ ക്രയ വിക്രയങ്ങളെയും എതിർത്തിരുന്ന ചക്കിയേയല്ല വലയും വള്ളവും സ്വന്തമാക്കാൻ തുടങ്ങിയപ്പോൾ നാം കാണുന്നത്. സ്ഥാന മോഹം, ധനമോഹം, ഭവന മോഹം എന്നിവയാൽ മോഹിതയാകുന്ന ചക്കിയെയാണ് നാം ഇവിടെ കാണുന്നത്.

വള്ളവും വലയും മേടിക്കുന്നതിന് മുമ്പ് ചില ആചാരങ്ങൾ ഉണ്ട്. അതു പാലിക്കാത്തതിനാൽ ചെമ്പൻകുഞ്ഞിനോട് തുറക്കാർക്കൊക്കെ വിരോധമാണ്. കൂടാതെ മരക്കാൻ വലക്കാരൻ ആവുക, വള്ളവും വലയും സ്വന്തമാക്കുക അതിന്റെ കണ്ണുകടി വേറേയും. പ്രായമായ പെൺകുട്ടി വീട്ടിൽ നിൽക്കുമ്പോൾ ഇ ത്തരം നാട്ടിൽ നടപ്പില്ലാത്ത കാര്യങ്ങൾ ചെയ്തതിനു ചെമ്പൻകുഞ്ഞിന്റെ കുടും ബത്തെ കുറ്റപ്പെടുത്തുകയാണ് കടപ്പുറത്തെപെണ്ണുങ്ങൾ. കറുത്തമ്മയ്ക്ക് പരീ ക്കുട്ടി സംബന്ധമാണെന്ന് പെണ്ണുങ്ങൾ പറഞ്ഞെന്ന് കേട്ടപ്പോൾ ചക്കി ആ പെണ്ണു ങ്ങളുടെ അടുത്തേയ്ക്ക് ഈറ്റപ്പുലിയേപ്പോലെ ചാടി വീണു. പിന്നെ അവിടെ നട ന്നത് നീർക്കുന്നം കടപ്പുറത്തെ പെണ്ണുങ്ങളുടെ അവിഹിത കഥകളുടെ ഗാഥകളാ ണ്.

'ചെളിയിൽ തല്ലിയാൽ നീളെ തെറിക്കും'' എന്നൊരു ചൊല്ലുണ്ട്.

കറുത്തമ്മയുടെ സദാചാരബോധത്തെക്കുറിച്ചുള്ള വിചാരണ ആ തുറയിലെ സ്ത്രീകളുടെ അവിഹിതങ്ങളെക്കുറിച്ചുള്ള പാട്ടായി മാറുന്നു. തൊറേലാച്ചൻ

നിങ്ങൾക്കുള്ള ശിക്ഷ വിധിച്ചിട്ടുണ്ട് എന്ന് പറഞ്ഞ പെണ്ണുങ്ങളോട് ചക്കി കയർക്കുന്നു.

"നെറീം മൊറേം ഇല്ലാത്തോരോടു ചെയ്യണ്ടാതെന്തോന്ന് തൊറേലാച്ചനറിയാം".

തന്റേടത്തോടെ ചക്കി പറഞ്ഞു.

"ഏന്നാ ചെയ്യാന? അങ്ങു നാലാം വേദം കൂടും അല്ലേല് മാർക്കം കൂടും.
പിന്നെ തൊറേലച്ചൻ എന്നാ ചെയ്യും"?[112].

സമൂഹത്തിനകത്തും സമുദായത്തിനകത്തും ഒരു വ്യക്തിക്ക് ജീവിച്ചു പേകാണമെങ്കിൽ ലിഖിതവും, അലിഖിതവുമായ നിരവധി നീതിപ്രമാണങ്ങളുണ്ട് അത് പാലിക്കാനും പാലിക്കപ്പെടാത്തവരെ നീതികരിക്കാനും ചില സ്ഥാനികളുമുണ്ട്. ആ സ്ഥാനം വഹിക്കുന്നവർ നൽകുന്ന ശിക്ഷ "ഡമോക്ലാസ്സിന്റെ വാൾപോലെ" അവരുടെ തലയ്ക്കുമുകളിൽ തൂങ്ങി നിൽക്കും ചക്കി തുറയിലച്ചനെ ഭയക്കുന്നുണ്ട്. കാരണം അവർക്കു അവിടെ ജീവിച്ചു പോകേണ്ടതാണ്. മാത്രമല്ല, വെറുമൊരു മരയ്ക്കാൻ മാത്രമായ അവളുടെ ഭർത്താവ് വലക്കാരൻ ആകാൻ പോവുകയാണ്. അത് കടപ്പുറത്തിന്റെ ന്യായത്തിന് നിരക്കുന്നതുമല്ല. മറ്റു പെണ്ണുങ്ങളുടെ മുന്നിൽ സമുദായനിയമത്തെയും തൊറേലച്ചനെയും വെല്ല്വിളിക്കുകയാണ് ചക്കി ചെയ്തത് ആ പ്രവൃത്തിയുടെ അനന്തര ഫലങ്ങളെയോർത്ത് അവൾ ഭയപ്പെടുന്നു. ചക്കി ചെമ്പൻ കുഞ്ഞിനോട് അന്ന് നടന്ന കാര്യങ്ങളെല്ലാം പറയുന്നു. തൊറേലച്ചനെ വേണ്ടപോലെ കാണാൻ തന്നെ അവർ തീരുമാനിച്ചു അതിനായി വീണ്ടും പരീകുട്ടിയെ തന്നെ ആശ്രയിക്കാൻ അവർ തീരുമാനിക്കുന്നു. അങ്ങനെ തൊറേലച്ചനെ തൃപ്തിപ്പെടുത്തി കൊണ്ട് വള്ളവും വലയും പുറത്തിറക്കുകയാണ് ചെമ്പൻ കുഞ്ഞും ചക്കിയും. ചെമ്പൻകുഞ്ഞിന്റെ വലക്കാരൻ എന്ന ആഗ്രഹം ചക്കിയുടെ അനുഗ്രഹമായി മാറുന്ന കാഴ്ച്ചയാണ് നാം ഇവിടെ കാണുന്നത്. ചക്കി പരീക്കുട്ടിയെ ഉപദേശിക്കുന്ന ഒരു ഭാഗമുണ്ട്.

"കുഞ്ഞേ കുഞ്ഞു നാലാം വേദക്കാരനാ, ഞങ്ങളു അരയന്മാരാ ഈ കടാപ്പുറത്ത് പിള്ളാരായിട്ടുനിങ്ങാ നടന്നു കളിച്ചു. അതന്നാരുന്നു കൊള്ളാവുന്ന ഉമ്മായെ കെട്ടികഴിയ്"[113].

കറുത്തമ്മയുടെ പരീക്കുട്ടിയുമായുള്ള പ്രണയത്തെ ചക്കി എതിർക്കാനുള്ള പ്രധാനകാരണം അയാൾ നാലാംവേദക്കാരനായതുകൊണ്ടാണ്. 'മേത്തചെക്കൻ', 'നാലാം വേദക്കാരൻ' ഇത്തരം സമുദായ സംബോധനകളിലൂടെ നോവലിൽ ജീവിക്കുന്ന കഥാപാത്രമാണ് പരീക്കുട്ടി. അയാളുമായുള്ള മകളുടെ ബന്ധത്തെ എതിർക്കാനുള്ള പ്രധാനകാരണം സമുദായ ഭ്രഷ്ഠും ജാതി ഭ്രഷ്ഠുമാണ്. ഇവിടെ സമുദായ ഭ്രഷ്ടിനേയും സമുദായത്തിന്റെ ചിട്ടവട്ടങ്ങളെയും പേടിക്കുന്ന ചക്കിയെയാണ് നാം കാണുന്നത്. വല്ലവിധേനയും കറുത്തമ്മയെ പറഞ്ഞയക്കണം എന്ന ചിന്ത മാത്രമേ ചക്കിക്ക് ഉള്ളു. ആദ്യമായി വള്ളവുമായി കടലിൽ പോയ ചെമ്പൻകുഞ്ഞിനെ കടലമ്മ നന്നായി അനുഗ്രഹിച്ചു. വള്ളം നിറയെ മത്തിയുമായെത്തിയ ചെമ്പൻകുഞ്ഞ് മതിമറന്നു പോയി. വള്ളത്തിനടുത്ത് എത്തിയ സ്വന്തം മകളെ തന്നെ മറന്ന്, പണം കടം കൊടുത്ത പരീക്കുട്ടിയേയും മറന്ന് അമിത ലാഭത്തിന് മീൻ മറ്റൊരാൾക്ക് വിൽക്കുന്നു. കൈ നിറയെ പണവുമായി വീട്ടിലെത്തിയ ചെമ്പൻകുഞ്ഞിനോട് ചക്കി ചോദിക്കുന്നു.

"എന്തിനാ ആർക്കുവേണ്ടിയാ ഈ രൂഭ"[114]

സ്വാർത്ഥതയുടെ പര്യായമായ ചെമ്പൻകുഞ്ഞുമായി നിരന്തരം കലഹിക്കുന്ന ചക്കിയെയാണ് നാം ഇവിടെ കാണുന്നത്. നോവലിൽ ഒരിടത്തും ചക്കിക്ക് തന്റെ അഭിപ്രായങ്ങളെ, ആഗ്രഹങ്ങളെ പൂർത്തികരിക്കാൻ കഴിയുന്നില്ല. വള്ളവും വലയും വേണ്ടെന്ന പക്ഷത്ത് നിന്ന് അവൾ ചെമ്പൻകുഞ്ഞിന്റെ പക്ഷത്തേയ്ക്ക് മാറ്റപ്പെടുകയാണ്. തുടർന്ന് സ്വന്തം അഭിപ്രായങ്ങൾ ഭർത്താവിനുവേണ്ടി മാറ്റിവെക്കുന്നു. ഇന്നും നമ്മുടെ നാട്ടിൽ ഇത്തരത്തിലുള്ള സ്ത്രീകൾ ധാരാളമുണ്ട്. കുടുംബത്തിനു വേണ്ടി രാപകൽ അധ്വാനിക്കുകയും എന്നാൽ അവരുടെ വാക്കുകൾക്ക് യാതൊരു വിലയും ലഭിക്കാത്ത നിരവധി ചക്കിമാർ ഇന്നും നമ്മുടെ സമൂഹത്തിൽ കാണാം. 'വിശന്ന കരുത്തുമായി ജീവിക്കുന്ന' (സംക്രമണം-ആറ്റൂർ രവിവർമ്മ) ഇവർക്ക് അതിമോഹങ്ങളില്ല. കൂടെപാർക്കുന്ന ആളുടെ ഇംഗിതത്തിനനുസരിച്ച് അവർക്ക് തങ്ങളുടെ പല തീരുമാനങ്ങളും മാറ്റുകയോ നീക്കിവക്കേണ്ടി വരികയോ അതിനുവേണ്ടി വാദിക്കുകയോ ചെയ്യേണ്ടി വരുന്നു. ചെമ്പൻകുഞ്ഞിന്റെ തീരുമാനങ്ങളോട് പലപ്പോഴും സമരസപ്പെട്ടുപോകുന്ന കഥാപാത്രമായി ചക്കി മാറുന്നു. ജീവിതത്തിൽ സുഖിക്കണം എന്ന ചിന്തയുള്ള ചെമ്പൻകുഞ്ഞിനെ ചക്കി പിൻതാങ്ങുന്നു.

ചെമ്പൻകുഞ്ഞ് രണ്ടുവലകളുടെ ഉടമസ്ഥനായി ഓരോ പോക്കിനും കടലിൽനിന്ന് അയാൾക്ക് ധാരാളം മീനുകൾ കിട്ടികൊണ്ടിരുന്നു. അതോടൊപ്പം

അയാളുടെ ആർത്തിയും കൂടുകയാണ്. ഇപ്പോൾ അയാളുടെ ആവശ്യം കണ്ടൻ കോരനും ഭാര്യയും സുഖിക്കുന്നതുപോലെ ചക്കിക്കും ചെമ്പൻകുഞ്ഞിനും സുഖിക്കണം എന്നുള്ളതാണ്.

ചക്കി ചോദിച്ചു

" അപ്പം ഞാനുംഓരുങ്ങീ നടക്കാണോ കൊച്ചു പെണ്ണായിട്ട്".

"എന്താ നടന്നാല്?"

"നാണമാവത്തില്യോ?"

"എന്നാ നാണിക്കാനാ"[115]

ജീവിതത്തിൽ സുഖിക്കണമെന്ന് ചക്കിക്കും ആഗ്രഹം ഉണ്ട്. അവൾ പറയുന്നത്

"എല്ലാം കടലമ്മ പ്രസാദിക്കട്ടെ വീടും പറമ്പും ഉണ്ടായിക്കഴിഞ്ഞ് വെറുതെ ഇരുന്നാലും ജീവിക്കാമെന്ന നിലയെത്തുമ്പോൾ കൊച്ചുപിള്ളാരായി സുഖിക്കാമെന്ന് ചക്കിയും പറഞ്ഞു. അപ്പോഴേക്കും പെൺപിള്ളേരേയും പറഞ്ഞയക്കാം".

'അരയന്റെ സുഖസങ്കല്പത്തിന് പുതിയൊരർത്ഥവ്യാപ്തി നൽകുന്നു ചെമ്പൻ കുഞ്ഞ്."[116] (2016 : 123).

ചക്കിയുടെ ആഗ്രഹങ്ങൾ ചെമ്പൻകുഞ്ഞിന്റെ ആഗ്രഹങ്ങൾ പോലെ തന്നെ വർദ്ധിച്ചു വരികയാണെങ്കിലും എല്ലാ മോഹങ്ങൾക്കുമപ്പുറം നിൽക്കുന്നത് പരീക്കുട്ടിയുടെ കടം കൊടുത്തു തീർക്കുക, കറുത്തമ്മയുടെ വിവാഹം നടത്തുക എന്നതു തന്നെയാണ്. ഇതിൽ രണ്ടാമത്തെ ആവശ്യം ചെമ്പൻ കുഞ്ഞ് എളുപ്പത്തിൽ നിറവേറ്റി. തൃക്കുന്നപ്പുഴ കടപ്പുറത്ത് ആരോരും ഇല്ലാത്തവനെ ചെമ്പൻകുഞ്ഞ് മകൾക്കായി കണ്ടെത്തി. മകളുടെ വിവാഹമെന്ന ആവശ്യം നിറവേറ്റാനായി ചെമ്പൻകുഞ്ഞും ചക്കിയും തമ്മിൽ നിരന്തരം ഏറ്റുമുട്ടി. പരീക്കുട്ടിയുടെ കടം കൊടുത്തുതീർക്കാനുമാണ് ചക്കി പറയുന്നത്. ചെമ്പൻകുഞ്ഞ് കാണിക്കുന്നത് വലിയ നെറികേടാണ്. പരീക്കുട്ടിയുടെ കുടിലിൽ നിന്ന് മോഷ്ടിക്കുന്നപോലെ, ഉണക്കമീൻ കടത്തി അതുവിറ്റ തുകയുമായി വള്ളവും വലയും വാങ്ങി എന്നിട്ടിപ്പോൾ കാശ് തിരികെകൊടുക്കാൻ പറയുമ്പോൾ ചെമ്പൻകുഞ്ഞ് ആട്ടുകയാണ്.

“ആട്ടിയാമതിയോ ആ കൊച്ചന് ഇപ്പം വലിയ വിഷമമാ ഇപ്പ കൊടുത്താ വലിയ കാര്യമാ”[117].

എന്ന് ചക്കി പറയുമ്പോൾ കറുത്തമ്മയും ഇടപെട്ട് കാശ് തിരികെ കൊടുക്കണം എന്ന് പറയുന്നു. അപ്പോൾ ചെമ്പൻകുഞ്ഞ് പറയുന്നതിങ്ങനെയാണ്.

“അതെങ്ങനാണ് നിന്നെ കണ്ടല്ല്യോ പെണ്ണ് പഠിക്കുന്നത്”[118].

അമ്മയുടെ സ്വഭാവത്തിന്റെ പോരായ്മയാണ് മകളുടെ കുഴപ്പം എന്നു പറയുന്ന പരമ്പരാഗതവാദിയെയാണ് ചെമ്പൻകുഞ്ഞിന്റെ കഥാപാത്രഘടനയിൽ തകഴി സ്വീകരിച്ചത്. സ്ത്രീവിരുദ്ധമായ ഇത്തരം എത്രയോപ്രതികരണങ്ങൾ ചെമ്മീൻ എന്നനോവലിൽ ഉടനീളം കാണാം. നവോത്ഥാന ചിന്തകൾക്കൊപ്പം സ്ത്രീ വിരുദ്ധചിന്തകളും തകഴിക്കൃതികൾ ലോകത്തിന് പകർന്നിട്ടുണ്ടെന്ന് മനസ്സിലാക്കാം. ധനമോഹിയായ ചെമ്പൻ കുഞ്ഞ് മകളുടെ കല്ല്യാണവും തന്ത്രപ്രധാനമായ കരുനീക്കങ്ങളിലൂടെ സാധിച്ചെടുത്തു. തൃക്കുന്നപ്പുഴ കടപ്പുറത്തെ നല്ലൊരുപണിക്കാരനായ പളനി കറുത്തമ്മയെ സ്ത്രീധനമില്ലാതെ വിവാഹം കഴിക്കും എന്ന വാർത്ത ചക്കിയെ കുറച്ചൊന്നുമല്ല അമ്പരപ്പിച്ചത് മാത്രമല്ല മകൾക്ക് സ്ത്രീധനം കൊടുക്കണമെന്ന് ആഗ്രഹിക്കുന്ന ചക്കി സ്ത്രീധനസമ്പ്രദായത്തിന് പുതിയൊരു നിർവചനം കൊണ്ടു വരികയാണ്. സ്ത്രീയെന്നും സാമ്പത്തിക സുരക്ഷിതരായിരിക്കണം എന്ന് ആഗ്രഹിക്കുന്ന നോവലിസ്റ്റിന്റെ ചിന്തയാണ് ചക്കിയിലൂടെ പ്രകടമാവുന്നത്. എന്തിനുമേതിനും പുരുഷനു മുന്നിൽ കൈനീട്ടുന്ന സ്ത്രീസമൂഹം ഈ പ്രവണതയിൽ നിന്ന് മാറേണ്ടതുണ്ട് എന്ന് തകഴി ചിന്തിക്കുന്നു. സ്ത്രീ സ്വയംപര്യാപ്തയാകണം എന്നുള്ള ചിന്തയാണ് സ്ത്രീധനത്തിന് ചക്കിയിലൂടെ തകഴി കൊടുക്കുന്ന നിർവചനം. സ്ത്രീധന തുക അവളുടേതായ ആവശ്യത്തിന് അവൾക്ക് ചിലവഴിക്കാനുള്ളതാണ്. പുരുഷന് തോന്നുംപടിപെരുമാറാനുള്ളതല്ല. ഇന്ന് സ്ത്രീധനം എന്ന അർത്ഥത്തിനു മാറ്റം സംഭവിച്ചിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

“ഈ ശ്രീധനമെന്നു പറഞ്ഞാല് നമ്മാടെ കൊച്ചിന് കൊടുക്കുന്നതാ”.

“ഓരു പെണ്ണ ശ്രീധനമില്ലാണ്ട് ചേന്നാല് കൊറച്ചിലാ”[119].

സ്ത്രീ തന്നെ ധനം, എന്ന് പഠിപ്പിക്കുന്ന ഈ കാലഘട്ടത്തിൽ ചക്കിയെന്ന കഥാപാത്രത്തെക്കൊണ്ട് സ്ത്രീധന മാഹാത്മ്യം ഘോഷിപ്പിക്കുകയാണ് തകഴി. തകഴിയുടെ പ്രശസ്ത നോവലായ രണ്ടിടങ്ങഴിയിൽ പെൺപണത്തെ ചൊല്ലിയുള്ള

പരാമർശമുണ്ട്. തകഴിസാഹിത്യത്തിൽ പെൺപണവും, സ്ത്രീധനവും രണ്ടാണ്. പുലയസമുദായത്തിൽ പെൺകുട്ടിയെ വിവാഹം ചെയ്തുകൊണ്ടു പോകുന്ന പുരുഷൻ പെൺപണം കൊടുക്കണം (രണ്ടിടങ്ങഴിയിലെ പരാമർശം) അരയസമുദായത്തിലാകട്ടെ പെൺവീട്ടുകാർ പുരുഷനു മകളെ കൊടുക്കുന്നതിന്റെ കൂടെ പൊന്നും പണവും നല്കണം. ചക്കി പറയുന്നതു നോക്കുക.

"നീന്റേതായി നാലു ചക്രം വേണം"[120]

വിവാഹം തീരുമാനിച്ചിട്ടും ചക്കിയുടെ മനസ്സിൽ സംഘർഷം തുടരുകയാണ്. കാരണം പരീക്കുട്ടിയുമായുള്ള കറുത്തമ്മയുടെ ബന്ധംതന്നെ. പരീക്കുട്ടിക്ക് കൊടുത്തു തീർക്കാനുള്ള പണത്തെ ചൊല്ലി അമ്മ മകളെ ആശ്വസിപ്പിക്കുന്നു.

"മൊകാളെ അമ്മച്ചി ആ കടം വീട്ടാം"[121]

അമ്മയും മകളും കൂടി ചെമ്പൻകുഞ്ഞിന്റെ സ്വകാര്യ സമ്പാദ്യത്തിൽ നിന്ന് പൈസ മോഷ്ടിച്ച് പരീക്കുട്ടിയുടെ കടം തീർക്കാനുള്ളപരിശ്രമത്തിലാണ്. കറുത്തമ്മയുടെ വിവാഹശേഷം ചെമ്പൻകുഞ്ഞ് പറയുന്നത് കറുത്തമ്മ അവളുടെ വീട്ടിൽ തന്നെ താമസിക്കണമെന്നാണ്. ഇതിനെ ചോദ്യം ചെയ്തു കൊണ്ട് കറുത്തമ്മ ചോദിക്കുന്നു.

"ഏതുമരക്കാൻ പിള്ളേരാ മരക്കാത്തീന്റേ അവാടെ കേറി ഇരിക്കുന്നേ"[122]

പുരുഷൻ വിവാഹിതനായാൽ ഭാര്യ വീട്ടിൽ താമസിക്കുന്നത് അധിക്ഷേപത്തിന് വഴിവെക്കുമെന്നും ഭാര്യവീട്ടിലെ പൊറുതി എന്ന ആക്ഷേപത്തിന് കാരണമാകുമെന്നും ചക്കി ഓർമിപ്പിക്കുന്നു. അച്ഛന്റെ തീരുമാനം അറിഞ്ഞപ്പോൾ കറുത്തമ്മ എതിർക്കുന്നു ചക്കി മകളോടു പറയുന്നു.

"എടീ കൊള്ളമല്ലോടി? തന്തേം തള്ളേം ചൊല്ലിയുള്ള നിന്റെ മായ, കല്ല്യാണം നിശ്ച്ചയിച്ചപ്പേഴേ വിട്ടല്ലോടി അപ്പം നീന്നെ കട്ടപ്പെട്ട് വളർത്തിയത് വെറുതെ. ഒരുമരാക്കാൻ വരാൻ പോണു എന്ന് ആരാണ്ട് പറഞ്ഞപ്പം നിനക്ക് തന്തേം വേണ്ട തള്ളേം വേണ്ട കൊള്ളാമല്ലോടി"[123].

വിവാഹം എന്നത് നമ്മുടെ നാട്ടിൽ ഒരു കാലം വരെ ഒഴിച്ച് കൂടാനാവാത്ത വസ്തുതയാണ്. പെണ്ണെന്നാൽ മറ്റൊരുവന്റെ വീട്ടിൽ പോയി താമസിക്കേണ്ടവൾ അതിനുള്ള പരിശീലനക്കളരിയാണ് അവൾക്കു സ്വന്തം വീട്. മറ്റൊരു വീട്ടിൽ പാകപ്പെടാൻ ഇവിടെ അവൾ പരിശീലിക്കുന്നു. ചെമ്പൻ കുഞ്ഞിന്റേയും ആഗ്രഹം

നല്ലൊരു മരക്കാരനായി പളനി കറുത്തമ്മയുടെ വീട്ടിൽ കഴിയണമെന്നാണ് കറുത്തമ്മ അതിനു സമ്മതിക്കാതെ വന്നത് പരീക്കുട്ടികൂടി താമസിക്കുന്ന നീർകുന്നത്ത് പളനിയോടൊപ്പം താമസിക്കേണ്ടി വരുന്നത് ഓർത്താണ്. മകളുടെ ചിന്ത മനസ്സിലാക്കിയ ചക്കിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു.

"എന്റെ മൊകാള് അങ്ങനെ പറാതെ എന്റെ മൊകാള് പോണം പോകാതിരുന്നാല്"[124].

കറുത്തമ്മ ഈ തുറയിൽ തന്നെ നിന്നാൽ സംഭവിക്കാൻ പോകുന്ന കാര്യങ്ങളെകുറിച്ചോർത്ത് ചക്കി ഭയക്കുന്നു. തുറയിൽനിന്നും യാത്രയാവുന്ന കറുത്തമ്മയെ തലപൊക്കിനോക്കി ചക്കി ബോധരഹിതയാവുകയാണ്. രോഗബാധിതയായ ചക്കിയെ കാണാൻ പരീക്കുട്ടി എത്തിയിരിക്കുകയാണ് ആസന്ന മരണയായ ചക്കി പരീക്കുട്ടിയോട് ഏറെ പറഞ്ഞുകഴിഞ്ഞു. ഭർതൃമതിയായ തന്റെ മകളുടെ ജീവിതത്തിൽ ഇടപെടരുത് എന്ന യാചനയാണ് ആ അമ്മയ്ക്കുള്ളത്. തന്റെ മകളുടെ ഭാവിയെക്കുറിച്ചോർത്ത് തീ തിന്നുന്ന നാട്ടിൻ പുറത്തുകാരിയായ ചക്കി, മകൾ വഴി തെറ്റാതിരിക്കാൻ പുരാവൃത്തങ്ങളും പരമ്പരാഗത വിശ്വാസങ്ങളും കൊണ്ട് മകളെ വഴി നടത്തിയ ചക്കി, കുടുംബത്തിനു വേണ്ടി അഹോരാത്രം പണിപ്പെടുന്ന അമ്മമാരുടെ പ്രതിനിധിയാണ്. ചെമ്പൻ കുഞ്ഞിന്റെ തീരുമാനങ്ങൾക്ക് അവൾ നിന്നുകൊടുക്കുന്നു. എല്ലാം നല്ല നാളേക്ക് എന്ന് വിശ്വസിക്കുന്ന ചക്കി തകഴി സാഹിത്യത്തിലെ അനശ്വര കഥാപാത്രങ്ങളിൽ ഒരാളാണ്. മരണാസന്നയായ ചക്കി ചെമ്പൻ കുഞ്ഞിന്റെ കൈയ്യ് തന്റെ മാറിൽ അമർത്തി കൊണ്ട് ചോദിക്കുകയാണ്.

" ഞാനങ്ങ്പോയാൽ എന്നാ ചെയ്യും".

"വേറൊരുത്തിയെ കെട്ട്"[125].

ജീവിതത്തിൽ പുരുഷന് ഒരു പങ്കാളി വേണമെന്ന് ചക്കിക്ക് അറിയാം. ആയതിനാൽതന്നെ തന്റെ ജീവിതത്തിനു ശേഷം ചെമ്പൻകുഞ്ഞ് തനിച്ചാകാതിരിക്കാൻ അയാൾക്കൊരു നിർദേശം കൊടുക്കുകയായിരുന്നു ചക്കി. ചെമ്പൻകുഞ്ഞുമൊത്തുള്ള ചക്കിയുടെ ജീവിത്തിന് തിരശീല വീണു. ചക്കിയെന്ന കഥാപാത്രം കരുത്തിന്റെ സ്ത്രീയാണ്. ഒരേസമയം സമുദായത്തിലെ അനാചാരങ്ങളോട് മല്ലിടുകയും, അതേ സമയം ആചാരങ്ങളെ ചേർത്ത് പിടിക്കുകയും ചെയ്തു ചക്കി എന്ന കഥാപാത്രം.

**പഞ്ചമി**

നവോത്ഥാനസാഹിത്യകൃതികളുടെ പ്രധാനലക്ഷ്യം സാമൂഹിക ഉന്നമനമാണ്. ഈ ഉന്നമനത്തിൽ ലിംഗനീതി പാലിക്കപ്പെടുന്നില്ല എന്ന വസ്തുത ഈ നോവലിന്റെ വായനയിലൂടെ വ്യക്തമാകും. നവോത്ഥാന നോവലുകളിലെ ഓരോ സ്ത്രീ കഥാപാത്രവും അവർ ജീവിക്കുന്ന പരിസരത്തു നിന്നുകൊണ്ട് സമൂഹത്തിൽ അവരുടെ സ്ഥാനം എന്തായിരുന്നു എന്ന് അടയാളപ്പെടുത്തുകയാണ്. ആ അടയാളപ്പെടുത്തലിൽ സ്ത്രീയുടെ സ്ഥാനം സഹനത്തിന്റെയും അവഗണയുടെയും ഇടങ്ങളിലായിരിക്കും. ഇടശ്ശേരി ഗോവിന്ദൻ നായർ ബിംബിസാരന്റെ ഇടയൻ എന്ന കവിതയിൽ സ്ത്രീയ്ക്ക് നൽകുന്ന നിർവ്വചനം പ്രസ്തുത സന്ദർഭത്തിന് ഏറ്റവും യോജ്യമാണ്.

'ആടിനെ, യരചനെ, യിടയനെ നീ പെ-
ണ്ണാടെ പെറ്റു പലപേരെ
നേടിയതെന്തപവർഗ്ഗംമിതേവരെ
നെടുതാംവീർപ്പുകളല്ലാതെ'[126]

നവോത്ഥാന കാലഘട്ടം സ്ത്രീസമൂഹത്തിന് നൽകിയിരുന്ന സ്ഥാനം എന്തായിരുന്നു എന്ന് ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽനിന്ന് തിരിഞ്ഞുനോട്ടം നടത്തുമ്പോൾ ശരീരത്തെയും മനസ്സിനെയും ബലികൊടുത്തു കൊണ്ടുള്ള ഒരു പ്രദർശന വസ്തു ആയിരുന്നു അന്നത്തെ സ്ത്രീ സമൂഹം എന്ന് പറയാൻ കഴിയും. സാൻമാർഗിക ബോധത്തെ ഊട്ടി ഉറപ്പിക്കാൻ നവോത്ഥാന സാഹിത്യം പ്രയോഗിച്ചിരുന്ന രചനാ തന്ത്രങ്ങളിൽ പലപ്പോഴും സ്ത്രീയുടെ സ്ഥാനം വാക്കു നഷ്ടപ്പെട്ടവളോ സ്വാതന്ത്ര്യം നഷ്ടപ്പെട്ടവളോ ആയിമാറുകയാണ്.

പരിവർത്തനത്തിന്റെ സന്ദേശവുമായി പുരോഗമനസാഹിത്യത്തിൽ, നിന്നും ജീവൽ സാഹിത്യത്തിൽ നിന്നും ഊർജം സ്വീകരിച്ച തകഴി റിയലിസത്തിന്റെ പാതയിൽ നിന്നുകൊണ്ടാണ് ബഹുഭൂരിപക്ഷം കൃതികളും രചിച്ചത്. എന്നാൽ ചെമ്മീൻ എന്ന നോവലിലാകട്ടെ കാല്പ്പനികതയുടെ സൗന്ദര്യമാണ് വായനക്കാർക്ക് നൽകിയിത്. ദുരന്ത പ്രണയ കാവ്യത്തെ ആവിഷ്കരിക്കാൻ പുരാവൃത്തത്തെ കൊണ്ടുവരികയും അതോടൊപ്പം ചില മൂല്യങ്ങളെ മുറുകെപിടിക്കാനായി ഇല്ലാത്തൊരു മിത്തിനെ സൃഷ്ടിച്ചെടുത്ത് കഥാഘടനയിൽ ചേർക്കുകയും ചെയ്തു. ഈ നോവലിലെ സ്ത്രീകഥാപാത്രങ്ങൾ ഓരോരുത്തരും കുടുംബം എന്ന സംവിധാനത്തിലെ ശക്തമായ കണ്ണികളാണ്. ചെമ്പൻകുഞ്ഞിന്റെ കുടുംബത്തിലെ ഏറ്റവും ബലവത്തായ കണ്ണികളാണ് ചക്കി, കറുത്തമ്മ, പഞ്ചമി. ഇതിൽ നോവലിൽ ഉട

നീളം മറഞ്ഞും തെളിഞ്ഞും തന്റെ സാന്നിദ്ധ്യം അറിയിക്കുന്ന കഥാപാത്രമാണ് ചെമ്പൻകുഞ്ഞിന്റെ രണ്ടാമത്തെ മകളായ പഞ്ചമി. ഒന്നാമത്തെ അധ്യായത്തിൽ കറുത്തമ്മയും പരീക്കുട്ടിയും തമ്മിലുള്ള സംഗമത്തെ കുറിച്ച് ചക്കിയെ അറിയിക്കുന്നത് പഞ്ചമിയാണ്.

"അമ്മാച്ചി, ഇച്ചേച്ചി അങ്ങാകരേ കേറ്റിവെച്ചിരിക്കുന്ന വള്ളാത്തിന്റെ അടുത്ത്, മറേനിന്ന് കൊച്ചു മുതലാളിയുമായി ചിരിക്കുവായിരുന്നു"

"എന്തോരു ചിരിയിരുന്നെന്നോ അമ്മച്ചി"[127].

കുട്ടിത്തത്തിന്റെ കുറുമ്പോടെ കടന്നു വരുന്ന പഞ്ചമിയിൽ കാര്യഗൗരവത്തിന്റെ നിഴലാട്ടങ്ങൾ പിന്നീട് കാണാൻ കഴിയും ചെമ്പൻകുഞ്ഞ് വള്ളം നിറയെ മത്സ്യവുമായി എത്തുമ്പോൾ സ്വന്തമായി സമ്പാദ്യ ശീലം വളർത്താൻ ആഗ്രഹിച്ച പഞ്ചമി വള്ളത്തിന്റെ അടുത്ത് ചെറിയൊരു കുട്ടയുമായി കടന്നു വരുന്നു. താഴെവീണ ചെറുമീനുകൾ കുട്ടയിൽ വാരിയെടുക്കുന്ന പഞ്ചമിയെ കുപിതനായ ചെമ്പൻ കുഞ്ഞ് പിടിച്ച് തള്ളുന്നു.

"എന്റെ അമ്മാച്ചിയേ എന്നു വിളിച്ചുകൊണ്ട് ദൂരെ കുതറിതെറിച്ചു വീണ പഞ്ചമി വായനക്കാരിലും നൊമ്പരമായി വളരുകയാണ്. ചെമ്പൻ കുഞ്ഞിന്റെ സാമ്പത്തിക ശാസ്ത്രം അനുസരിച്ച് വളർന്നപെണ്ണാണ് പഞ്ചമി. പഞ്ചമിയുടെ പ്രതിഷേധസ്വരം നോവലിൽ കേൾക്കുന്നത് ചക്കിയുടെ മരണ ശേഷം അയാൾ പുനർ വിവാഹം ചെയ്തു കൊണ്ടു വരുമ്പോഴാണ്. പാപ്പിക്കുഞ്ഞിനെ അംഗീകരിക്കാത്ത പഞ്ചമി അയൽവാസിയായ നല്ല പെണ്ണിനോട് കണ്ണീരോടെ പറയുന്നു.

"ഞാൻ പോണില്ല"[128].

തന്റെ സ്നേഹസമ്പന്നയായ അമ്മയുടെസ്ഥാനത്ത് പാപ്പികുഞ്ഞിനെ കാണാൻ അവൾക്കുകഴിയുന്നില്ല. പഞ്ചമിയെക്കുറിച്ച്–ഇല്ലാക്കഥകൾ ചെമ്പൻ കുഞ്ഞിനെ ധരിപ്പിക്കുകയാണ് രണ്ടാനമ്മയായ പാപ്പിക്കുഞ്ഞ്.

"ഇവാളും അതുതന്നെ, ചേട്ടത്തീനെപോലെ വല്ലമേത്തനേം പൊറിപ്പിച്ച് ഈ കടാപ്പുറത്ത് നടാക്കും"[129].

പാപ്പി കുഞ്ഞ് പറഞ്ഞ ഈ ശാപവാക്കു കേട്ട് ഹാലിളകിയ ചെമ്പൻകുഞ്ഞ് ഒരു വടിയെടുത്ത് അവളെ തല്ലുന്നു.

"മേത്തനെ പൊറിപ്പിക്കാത്തില്ലെന്ന് പറയടീ".

അടി കൊണ്ട് നിവർത്തിയില്ലാതായപ്പോൾ അവൾ പറഞ്ഞു.

"മേത്തനെ പൊറിപ്പിക്കത്തില്ലേ അച്ഛാ"[130].

ചെമ്മീൻ എന്ന നോവലിലെ നിഷ്കളങ്കതയുടെയും, കണ്ണീരിന്റെയുംപുത്രിയാണ് പഞ്ചമി. അനാഥത്വംപേറുന്ന ഈ കഥാപാത്രത്തിന്റെ ചിത്രീകരണത്തിൽ തകഴി താൻ കണ്ട് മനസ്സിലാക്കിയ രണ്ടാനമ്മ മകൾ ചിത്രീകരണത്തിന്റെ സാധ്യതക ളാണ് കൊണ്ടുവരുന്നത്. പാപ്പികുഞ്ഞിനെയും, ചെമ്പൻകുഞ്ഞിനെയും തമ്മിൽ പിണക്കാൻ സർവ്വതന്ത്രങ്ങളും പയറ്റുന്ന പഞ്ചമിയെയാണ് നാം നോവലിൽ കാണു ന്നത്. ചെമ്പൻകുഞ്ഞിന്റെ സ്വകാര്യസമ്പാദ്യത്തിൽ നിന്ന് പാപ്പികുഞ്ഞ് പണമെ ടുത്ത് മകൻ ഗംഗാദത്തന് കൊടുത്തു എന്ന കാര്യം പഞ്ചമി രഹസ്യമായി ചെമ്പൻ കുഞ്ഞിനെ അറിയിക്കുന്നു. ഭ്രാന്തനെപ്പോലെയായ ചെമ്പൻകുഞ്ഞ് പാപ്പികു ഞ്ഞിനെ അടിച്ച് പുറത്താക്കുന്നു. പാപ്പികുഞ്ഞ് വീട്ടിൽ നിന്നുപോയ അവസരം മുതലെടുത്ത്, പഞ്ചമി ചെമ്പൻ കുഞ്ഞിനോട് ചോദിക്കുന്നു. കറുത്തമ്മയെ വിളിച്ചു കൊണ്ടുവന്നാലെന്താണെന്ന്. ചെമ്പൻകുഞ്ഞ് കറുത്തമ്മയെ ജീവിതത്തിൽ നിന്നും പണ്ടേ കീറിനീക്കിയതാണ്. പഞ്ചമിയുടെ ആവശ്യം കേട്ട് ചെമ്പൻകുഞ്ഞ് അവ ളോട് കലഹിക്കുന്നു. തുറക്കാരെല്ലാംകൂടി ആലോചിച്ച് ചെമ്പൻകുഞ്ഞിനെയും പാപ്പികുഞ്ഞിനെയും ഒരുമിപ്പിക്കാൻ ശ്രമിക്കുകയാണ്. എന്നാൽ പഞ്ചമി മാത്രം അവർ ഒന്നിക്കുന്നതിൽ വേദനിച്ചു. അവൾ കടലമ്മയോട് പ്രാർത്ഥിക്കുന്നത് നോക്കുക.

"ഏന്റെ കടലാമ്മേ, എന്റെമ്മച്ചീ ഈതു നടാക്കരുതേ"[131].

പാപ്പികുഞ്ഞും ചെമ്പൻകുഞ്ഞും ഒന്നിച്ചപ്പോൾ പഞ്ചമി ആ തുറയിൽ നിന്നും അപ്രത്യക്ഷമായി. അവൾ പ്രത്യക്ഷപ്പെട്ടത് തന്റെ ചേച്ചി താമസിക്കുന്ന തൃക്കുന്നപ്പുഴ കടപ്പുറത്താണ്. കറുത്തമ്മയുടെ അടുത്തെത്തിയ പഞ്ചമി വിശേഷ ങ്ങൾ ഒന്നൊന്നായി പങ്കുവെയ്ക്കുകയാണ്. ഇച്ചേച്ചി കുടുംബം മറന്നു എന്നാണ് പഞ്ചമി കറുത്തമ്മയെ കുറ്റപ്പെടുത്തുന്നത്.

"ഒരുമരക്കാരനെ കിട്ടീയപ്പം ഇച്ചേച്ചി അന്തം വിട്ട് അയ്യാടെ

പൊറകെ ഇറങ്ങി"[132].

പരീക്കുട്ടിയെക്കുറിച്ചുള്ള വിശേഷം പറച്ചിലിലേയ്ക്കും തുടർന്നുളള വർത്തമാന ത്തിലും എത്തിയ പഞ്ചമി പറയുന്നു.

"ഒന്നുമില്ലാ ഇച്ചേച്ചി പട്ടിണിയാ എന്നീട്ടു കടാപ്പുറത്തു നടക്കുവാ കണ്ടാ പിരാന്തനാണെന്നും, അയ്യോ വലിയ കഷ്ടമാ"[133].

പരീക്കുട്ടിയെക്കുറിച്ച് പഞ്ചമി അങ്ങനെ പറഞ്ഞു കൊണ്ടിരുന്നു.

"ഇപ്പോഴും കൊച്ചുമുതലാളി വളളത്തിന്മേലിരുന്നു പാടുവോ?

"നിന്നെ കാണുറുണ്ടോ?"

"ചെലാപ്പം കാണും "

"അപ്പം ഇച്ചേച്ചിന്റകാരീയം വല്ലോം നിന്നോടു ചോതീക്കുവോ".

"ഏന്നെ കാണുമ്പം ഓന്നു ചിരിക്കും".

"അല്ല ചോതിക്കും"[134].

പളനിയുടെ പ്രകമ്പനം കൊള്ളിക്കുന്ന മറുപടിയാണ് ഇവിടെ കേൾക്കുന്നത്. പുരുഷാധിപത്യത്തിന്റെ പ്രകമ്പനം. കറുത്തമ്മയുടെ ചിന്തകളിലേയ്ക്ക് പരീക്കുട്ടി കടന്നുവരാൻ പഞ്ചമിയുടെ വരവ് ഒരുകാരണമായി. പഞ്ചമിയുടെ ജീവിതം നോവലിൽ ഒരു ചോദ്യചിഹ്നമായി തുടരുകയാണ്. നോവലിന്റെ അവസാന ഭാഗത്ത് നാംകാണുന്നത് കറുത്തമ്മയുടെ കുഞ്ഞിനെ ഒക്കത്തേറ്റി കടലിലേയ്ക്ക് നോക്കി കരയുന്ന പഞ്ചമിയെയാണ്. നോവൽ ആരംഭത്തിൽ ബാല്യദശയിൽ ആയിരുന്ന പഞ്ചമി നോവൽ അവസാനത്തിൽ നീക്കുപോക്കില്ലാത്ത ഒരു ചുമടും ഏറ്റുവാങ്ങി അനന്തതയിലേയ്ക്ക് നോക്കി വിലപിക്കുകയാണ്. കറുത്തമ്മയുടെ ജീവിതത്തിന്റെ ആവർത്തനംപോലെ ഒരുകണ്ണി മറ്റൊരുകണ്ണിയെ കൈയ്യിലേറ്റി നിൽക്കുകയാണ്.

ചക്കിയിൽ തുടങ്ങുന്ന ദുരന്തനാടക ആവിഷ്കാരം കറുത്തമ്മയേയും കടന്ന് പഞ്ചമിയിലൂടെ കറുത്തമ്മയുടെ കുഞ്ഞിലേയ്ക്ക് കൈമാറുന്ന ഒരു ചിത്രീകരണമായി ഈ നോവൽ മാറുന്നു. ഒരു ജന്മംമുഴുവൻ പുരുഷാധികാരത്തിന്റെ ഇരകളായി തീർന്ന സ്ത്രീ ജന്മങ്ങൾ. ഇവരുടെ വിചാരത്തിനോ വികാരത്തിനോ തീരെ വില കല്പ്പിക്കാത്ത പുരുഷസമൂഹം. ആ പുരുഷാധികാരത്തിന്റെ മുന്നിൽ എല്ലാം

ഭദ്രമായിരിക്കും എന്ന് വിശ്വസിച്ചുജീവിക്കുന്ന സമൂഹം ഈ വിശ്വാസത്തെ ചോദ്യം ചെയ്ത നാൾവഴികളെയാണ് നവോത്ഥാനം എന്നു വിളിക്കുന്നത്. എന്നാൽ ഇന്ന് സമൂഹം അനുഭവിക്കുന്ന ചൂഷണങ്ങൾ കാണുമ്പോൾ പുതിയ നവോത്ഥാന ചിന്ത കരെയും, സാഹിത്യത്തെയും കാലം ആവശ്യപ്പെടുന്നതായി കണക്കാക്കാം.

**ഉപസംഹാരം**

ചുരുക്കത്തിൽ ദുരന്തങ്ങൾമാത്രം ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട സ്ത്രീ കഥാ പാത്രങ്ങളായിട്ടാണ് കറുത്തമ്മ, ചക്കി, പഞ്ചമി എന്നിവരുടെ രൂപകൽപന തകഴി നടത്തിയിട്ടുള്ളത്. കളിക്കൂട്ടുകാരൻ കാമുകനാകുന്നതും കാമുകൻ ഭർത്താവാകാ ത്തതുമായിരുന്നു കറുത്തമ്മയുടെശാപം. കടപ്പുറത്തിന്റെ വിശ്വാസങ്ങളിൽ ചാരിത്ര സംരക്ഷണത്തിനു മുതിർന്ന കറുത്തമ്മ വിശ്വാസലംഘനംകൊണ്ടുതന്നെ ആചാരാ നുഷ്ഠാനങ്ങളെ വെല്ലുവിളിക്കുന്നു. അത് തന്റെ ജീവിതംകൊണ്ടാണ് എന്നുള്ളത് വെല്ലുവിളിക്ക് മാറ്റുകൂട്ടുന്നു. ഒപ്പം ഭർത്താവിന്റ ആയുസ്സിനെക്കുറിച്ചു നിനക്കാതെ, കാമുകനൊപ്പം ഇറങ്ങിയ കറുത്തമ്മ തന്റെ ഭർത്താവ് കടലിൽ പോയിരിക്കുമ്പോൾ ചാരിത്രശുദ്ധിപാലിക്കണമെന്ന വിശ്വാസത്തെ വെല്ലുവിളിക്കുകയാണ്. ഈ വെല്ലു വിളി, നിലവിലുള്ള അന്ധവിശ്വാസങ്ങളോടുള്ള വെല്ലുവിളിയായി വായിച്ചെടുക്കാം.

ചെമ്മീനിലെ നായിക കറുത്തമ്മ മാത്രമല്ല. നോവലിന്റെ ആദിമദ്ധ്യാന്തം അതിൽ നിറഞ്ഞു നിൽക്കുന്ന മറ്റൊരു സ്ത്രീകഥാപാത്രമാണ് കടൽ. മക്കളോടുള്ള കാരുണ്യവും ഒപ്പം കൊലവിളിയും കടലമ്മയിൽ കണ്ടെത്താം. സ്ത്രീയുടെ സമസ്തഭാവങ്ങളും കടലമ്മയിൽ ദർശിക്കാനാവും. തലമുടിയഴിച്ചിട്ടു തുള്ളുക, സ്നേഹവായ്പോടെ പുൽകുക, മക്കളെ അന്നം നൽകി സ്നേഹിക്കുക, വിശ്വാസങ്ങളുടെ ആണിക്കല്ലാവുക എന്നിങ്ങനെ സ്ത്രീത്വത്തിന്റെ പലഭാവങ്ങളും ആവിഷ്ക്കരിക്കുന്ന നോവൽ കൂടിയാണ് ചെമ്മീൻ.

**കുറിപ്പുകൾ**

1. തോമസ് കെ. വി. (ഡോ.) തകഴി, രാധാമണി പി. കെ. (ഡോ.) (സമ്പാ.) ജ്ഞാനപീഠ പുരസ്കാര ജേതാക്കൾ, സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരളസർക്കാർ, 2004.
2. തോമസ് കെ. വി. (ഡോ.) തകഴി, രാധാമണി പി. കെ. (ഡോ.) (സമ്പാ.) ജ്ഞാനപീഠ പുരസ്കാര ജേതാക്കൾ, സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരളസർക്കാർ, 2004.
3. ചെമ്മീൻ, പുറം 15.
4. അതേ പുസ്തകം, പുറം 94.
5. എം. ലീലാകുമാരി, 2000, *തകഴിയും മലയാളനോവലും*, കേരള സർവ്വകലാശാല, തിരുവനന്തപുരം.
6. എം. ലീലാകുമാരി, 2000, *തകഴിയും മലയാളനോവലും*, കേരള സർവ്വകലാശാല, തിരുവനന്തപുരം.
7. ചെമ്മീൻ, പുറം 155.
8. അതേ പുസ്തകം, പുറം 212.
9. അതേ പുസ്തകം, പുറം 212.
10. രാജഗോപാലാചാരി, *സ്വരാജ്യവാരിക.*
11. *ചെമ്മീൻ*, പുറം 15.
12. അതേപുസ്തകം, പുറം 15.
13. അതേപുസ്തകം, പുറം 55.
14. അതേപുസ്തകം, പുറം 94.
15. അതേപുസ്തകം, പുറം 129.
16. അതേപുസ്തകം, പുറം 60.
17. അതേപുസ്തകം, പുറം 212.
18. കാവാലം ആനന്ദ്, (ഡോ.) 1997, *തകഴിയുടെ നോവലുകളിലെ പരിസ്ഥിതി ദർശനം.* തകഴിവഴി. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
19. *ചെമ്മീൻ*, പുറം 40.
20. അതേപുസ്തകം, പുറം 69.
21. അതേ പുസ്തകം, പുറം 27.
22. അതേ പുസ്തകം, പുറം 27.
23. അതേ പുസ്തകം, പുറം 53.
24. അതേ പുസ്തകം, പുറം 55.
25. അതേ പുസ്തകം, പുറം 135.
26. അതേ പുസ്തകം, പുറം 136.
27. അതേ പുസ്തകം, പുറം 187.
28. അതേ പുസ്തകം, പുറം 18.
29. അതേ പുസ്തകം, പുറം 64.
30. അതേ പുസ്തകം, പുറം 50.
31. അതേ പുസ്തകം, പുറം 53.
32. അതേ പുസ്തകം, പുറം 61.

33. അതേ പുസ്തകം, പുറം 42.
34. അതേ പുസ്തകം, പുറം 55.
35. അതേ പുസ്തകം, പുറം 55.
36. വത്സലൻ, വാതുശ്ശേരി. 2015, *പരീക്കുട്ടി എന്ന വാസ്കോഡഗാമ,* കറന്റ് ബുക്സ്.
37. വത്സലൻ, വാതുശ്ശേരി. 2015, *പരീക്കുട്ടി എന്ന വാസ്കോഡഗാമ,* കറന്റ് ബുക്സ്.
38. ചെമ്മീൻ, പുറം 181.
39. അതേ പുസ്തകം, പുറം 16.
40. അതേ പുസ്തകം, പുറം 15.
41. അതേ പുസ്തകം, പുറം 14.
42. വേലുക്കുട്ടി, വി. വി. 2012, (ഡോ.) *ചെമ്മീൻ ഒരു നിരൂപണം,* ദേശാഭിമാനി ബുക് ഹൗസ്.
43. ചെമ്മീൻ, പുറം 258.
44. അതേ പുസ്തകം, പുറം 258.
45. അതേ പുസ്തകം, പുറം 202.
46. വേണുഗോപാലൻ, പി. 1997, *മിത്ത്, തിണ, രസം ചെമ്മീനിൽ.* തകഴി വഴി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
47. വേണുഗോപാലൻ, പി. 1997, *മിത്ത്, തിണ, രസം ചെമ്മീനിൽ.* തകഴി വഴി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
48. വേലുക്കുട്ടി. വി. വി. 2012, (ഡോ.) *ചെമ്മീൻ ഒരു നിരൂപണം*, ദേശാഭിമാനി ബുക് ഹൗസ്.
49. ചെമ്മീൻ, പുറം 100.
50. അതേ പുസ്തകം, പുറം 100.
51. അതേ പുസ്തകം, പുറം 36.
52. വേലുക്കുട്ടി, വി. വി. (ഡോ.)2012, *ചെമ്മീൻ ഒരു നിരൂപണം*, ദേശാഭിമാനി ബുക് ഹൗസ്.
53. ചെമ്മീൻ, പുറം 128.
54. അപ്പൻ, കെ. പി. 1996, *സമയപ്രവാഹവും സാഹിത്യകലയും,* ഡി. സി ബുക്സ് കോട്ടയം.
55. ബാലകൃഷ്ണപിള്ള, കേസരി. 1984, *കേസരിയുടെ സാഹിത്യവിമർശനങ്ങൾ.*
56. ചെമ്മീൻ, പുറം. 11.
57. കെ. ഇ. എൻ. 1992, *ചെമ്മീനിലെ സംഘർഷങ്ങൾ,* ഡി. സി ബുക്സ്.
58. ഉഷാകുമാരി, ജി. 2011, *ശരീരം, ലൈംഗികത, സദാചാരം തകഴിയുടെ ആഖ്യാനങ്ങളിൽ,* ഗ്രന്ഥാലോകം
59. ഉഷാകുമാരി, ജി. 2011, *ശരീരം, ലൈംഗികത, സദാചാരം തകഴിയുടെ ആഖ്യാനങ്ങളിൽ,* ഗ്രന്ഥാലോകം.
60. *ചെമ്മീൻ,* പുറം 47.
61. അതേ പുസ്തകം, പുറം 11.
62. അതേ പുസ്തകം, പുറം 35.
63. അതേ പുസ്തകം, പുറം 24.
64. അതേ പുസ്തകം, പുറം 22.
65. കൃഷ്ണപിള്ള, എൻ. 1980, *കൈരളിയുടെ കഥ.* ഡി. സി ബുക്സ്, കോട്ടയം.

66. *ചെമ്മീൻ,* പുറം 82.

67. അതേ പുസ്തകം, പുറം 82.

68. അതേ പുസ്തകം, പുറം 83, 84.

69. അതേ പുസ്തകം, പുറം 87.

70. അതേ പുസ്തകം, പുറം 92.

71. അതേ പുസ്തകം, പുറം 93.

72. അതേ പുസ്തകം, പുറം 94.

73. അതേ പുസ്തകം, പുറം 94.

74. അതേ പുസ്തകം, പുറം 97, 98.

75. അതേ പുസ്തകം, പുറം 114.

76. അതേ പുസ്തകം, പുറം 117.

77. അതേ പുസ്തകം, പുറം 118.

78. അതേ പുസ്തകം, പുറം 126.

79. അതേ പുസ്തകം, പുറം 127.

80. അതേ പുസ്തകം, പുറം 129.

81. അതേ പുസ്തകം, പുറം 130.

82. അതേ പുസ്തകം, പുറം 130.

83. അതേ പുസ്തകം, പുറം 131.

84. അതേ പുസ്തകം, പുറം 131.

85. അതേ പുസ്തകം, പുറം 135.

86. അതേ പുസ്തകം, പുറം 136.

87. അതേ പുസ്തകം, പുറം 150.

88. അതേ പുസ്തകം, പുറം 155.

89. അതേ പുസ്തകം, പുറം 157.

90. അതേ പുസ്തകം, പുറം 160.

91. അതേ പുസ്തകം, പുറം 162.

92. അതേ പുസ്തകം, പുറം 164.

93. അതേ പുസ്തകം, പുറം 168.

94. അതേ പുസ്തകം, പുറം 170.

95. അതേ പുസ്തകം, പുറം 202.

96. അതേ പുസ്തകം, പുറം 203, 204.

97. മഹേഷ്, എം. ആർ. 2012, *ദേശവും നോവലും,* (എഡി.) ഷാജി ജേക്കബ്. *തകഴി കാലഭൂപടങ്ങൾ*. കൈരളി ബുക്സ്, കണ്ണൂർ.

98. മഹേഷ്, എം. ആർ. 2012, *ദേശവും നോവലും,* (എഡി.) ഷാജി ജേക്കബ്. *തകഴി കാലഭൂപടങ്ങൾ*. കൈരളി ബുക്സ്, കണ്ണൂർ.

99. വാസുദേവൻ നായർ, എം. ടി. 1997, *കഥയുടെ സഹസ്രപൗർണ്ണമി.* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

100. *ചെമ്മീൻ,* പുറം 15.

101. അതേ പുസ്തകം, പുറം 15.

102. അതേ പുസ്തകം, പുറം 15, 16.

103. അതേ പുസ്തകം, പുറം 16.

104. അതേ പുസ്തകം, പുറം 17.

105. അതേ പുസ്തകം, പുറം 21.

106. അതേ പുസ്തകം, പുറം 24.

107. ബഞ്ചമിൻ ഡി. (ഡോ.) *ചെമ്മീൻ വീണ്ടും വായിക്കുമ്പോൾ, തകഴി പഠനങ്ങൾ* (എഡി.) പന്മന രാമചന്ദ്രൻ നായർ, കറന്റ് ബുക്സ്, കോട്ടയം.

108. *ചെമ്മീൻ*, പുറം 25.

109. അതേ പുസ്തകം, പുറം 26, 27.

110. അതേ പുസ്തകം, പുറം 35.

111. അതേ പുസ്തകം, പുറം 36.

112. അതേ പുസ്തകം, പുറം 35, 36, 37.

113. അതേ പുസ്തകം, പുറം 40.

114. അതേ പുസ്തകം, പുറം 41.

115. അതേ പുസ്തകം. പുറം 51.

116. അതേ പുസ്തകം, പുറം 56.

117. ബഞ്ചമിൻ ഡി. (ഡോ.) *ചെമ്മീൻ വീണ്ടും വായിക്കുമ്പോൾ, തകഴി പഠനങ്ങൾ* (എഡി.) പന്മന രാമചന്ദ്രൻ നായർ, കറന്റ് ബുക്സ്, കോട്ടയം.

118. *ചെമ്മീൻ,* പുറം 82.

119. അതേ പുസ്തകം, പുറം 82.

120. അതേ പുസ്തകം, പുറം 86.

121. അതേ പുസ്തകം, പുറം 86.

122. അതേ പുസ്തകം, പുറം 87.

123. അതേ പുസ്തകം, പുറം 90.

124. അതേ പുസ്തകം, പുറം 91.

125. അതേ പുസ്തകം, പുറം 108.

126. അതേ പുസ്തകം, പുറം 141.

127. ഗോവിന്ദൻ നായർ ഇടശ്ശേരി, *ബിംബിസാരന്റെ ഇടയൻ.*

128. ചെമ്മീൻ പുറം 13.

129. അതേ പുസ്തകം, പുറം 173.

130. അതേ പുസ്തകം, പുറം 179.

131. അതേ പുസ്തകം, പുറം 179.

132. അതേ പുസ്തകം, പുറം 188.

133. അതേ പുസ്തകം, പുറം 201.

134. അതേ പുസ്തകം, പുറം 201.

# അധ്യായം 5

# ജീവിതപരിണാമത്തിന്റെ ഇതിഹാസം

ചരിത്രം അടയാളപ്പെടുത്തുന്ന സാഹിത്യകൃതികൾ കാലാതിവർത്തികളായി നിലകൊള്ളാറുണ്ട്. സമൂഹമനസിന്റെ ചരിത്രപരവും, സാംസ്കാരികവും, രാഷ്ട്രീയവുമായ നേർചിത്രത്തിന്റെ പ്രതിഫലനമാണ് നമ്മുടെ ചരിത്രാഖ്യായികൾ എല്ലാം തന്നെ. തിരുവിതാംകൂർ സ്വാതന്ത്ര്യസമരം, ജനാധിപത്യഭരണ സ്ഥാപനം, കേരള സംസ്ഥാന രൂപീകരണം ഇങ്ങനെ കേരളചരിത്രത്തിന്റെ വിശേഷിച്ച് തിരുവിതാംകൂറിന്റെ മൂന്ന് പ്രധാനപ്പെട്ട ദശകങ്ങൾ അനാവരണംചെയ്യുന്ന കൃതിയാണ് ഏണിപ്പടികൾ. കേരളത്തിന്റെ പൂർവ്വകാലചരിത്രം പഠനവിധേയമാക്കുമ്പോൾ അതിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ള ഏടുകളിൽ ഗണ്യമായ പങ്കുവഹിക്കുന്നത് തിരുവിതാംകൂർ ചരിത്രമായിരിക്കും.

ചരിത്രാന്വേഷണകുതുകികൾക്ക് കേരളം എന്ന ഭൂപ്രദേശത്തിന്റെ ഒരു കാലഘട്ടത്തെക്കുറിച്ച് അറിയുന്നതിന് അനിവാര്യമായ നോവൽ എന്ന നിലയിൽ സാഹിത്യചരിത്രത്തിൽ ഇടംനേടിയ കൃതിയാണ് തകഴി ശിവശങ്കരപ്പിള്ളയുടെ ഏണിപ്പടികൾ. കുട്ടനാടിന്റെ ഇതിഹാസകാരൻ എന്ന വിശേഷണത്തിന് അർഹനായ തകഴി ഭരണസിരാകേന്ദ്രമായ തിരുവനന്തപുരത്തിന്റെ കുതിപ്പും കിതപ്പും ഹൃദയസ്പന്ദനങ്ങളും കലർപ്പില്ലാതെ പകർത്തിയ നോവലാണിത്. ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം, സ്വജനപക്ഷാപാതം, അഴിമതി, താൻപോരിമ ചുവപ്പുനാടയിൽപ്പെട്ട് ജീവിതം ഹോമിക്കേണ്ടിവരുന്ന നിസ്സഹായരായ മനുഷ്യജീവിതങ്ങൾ എന്നിങ്ങനെ സെക്രട്ടറിയേറ്റിനെ ചുറ്റിപ്പറ്റി എന്നും നിലനില്ക്കുന്ന അനാരോഗ്യകരമായ പ്രവണതകൾക്കെതിരെയുള്ള കണ്ണാടിയാണ് ഈ കൃതി. അഴിമതിയെന്നത് ഭരണത്തിന്റെ ഉപോത്പന്നമാണെന്ന എക്കാലത്തേയും വിശ്വാസം ഏണിപ്പടികൾ വായിക്കുന്നവരിൽ ദൃഢമാകുന്നു.

"Power corrupts, absolute power corrupts absolutely" (അധികാരം മനുഷ്യനെ ദുഷിപ്പിക്കുന്നു) എന്ന ചൊല്ലിന് അടിവര ഇടേണ്ട വിധം എത്ര പുരോഗമനമുള്ള സർക്കാരും അഴിമതിയെ വളർത്തുണ്ടെന്ന് നാം ഖേദപൂർവ്വം മനസ്സിലാക്കുന്നു"[1] (2005: 191).

**കഥാസാരം**

സ്ത്രീയുടെ മാനത്തിന് വിലപറഞ്ഞുകൊണ്ട് സ്ഥാനക്കയറ്റത്തിന്റെ ഏണിപ്പടികൾകയറി അനിഷേധ്യമായ സ്ഥാനമാനങ്ങളിൽ വിരാജിക്കുമ്പോഴും കയറ്റം പോലെ ഇറക്കവും മനുഷ്യന് അനിവാര്യമാണെന്നും ഈ കയറ്റങ്ങൾക്കിടയിലും ഇറക്കങ്ങൾക്കിടയിലും പൊലിഞ്ഞുപോകുന്നത് സാധാരണക്കാർക്ക് വിലപ്പെട്ട പലതുമാണെന്ന് ഈ കൃതി സാക്ഷ്യപ്പെടുത്തുന്നു. മതങ്ങളുടെ സ്ഥാപനവൽകരണം, ആൾദൈവങ്ങൾക്ക് പ്രാമുഖ്യംകല്പ്പിക്കുന്ന ഒരുവ്യവസ്ഥിതിയെ സൃഷ്ടിക്കുന്നു. മൂടുപടം അണിഞ്ഞ് പലവേഷങ്ങളുടെ പൊയ്മുഖങ്ങൾ കെട്ടിയാടുമ്പോഴും ഒരിടത്തും സ്വീകാര്യതലഭിക്കാതെ വരുമ്പോൾ ആത്മീയതയുടെ മറപിടിച്ച് അമ്മ ദൈവങ്ങളെ സൃഷ്ടിക്കപ്പെടുന്നതിലെ പൊള്ളത്തരങ്ങൾക്ക് നേരേയും ഏണിപ്പടികൾ വിരൽ ചൂണ്ടുന്നു.

കുടുംബത്തിന്റെ, സമൂഹത്തിന്റെ, മതത്തിന്റെ, രാജ്യത്തിന്റെ രാഷ്ട്രീയം പറഞ്ഞുവെക്കുന്നത് അതുൾപ്പെട്ട വിഭാഗത്തിന്റെ കയറ്റങ്ങളും ഇറക്കങ്ങളും ആണ്. ഓരോ കയറ്റത്തിനും നിരവധിപേർ പിന്നിൽനിന്ന് സഹായിച്ചിട്ടുണ്ടാവും അതോടൊപ്പം തന്നെ കാലു വാരിയിട്ടുമുണ്ടാകും. അതുപോലെ ഓരോ ഇറക്കവും വ്യക്തിയുടെ പരാജയപാഠത്തോടൊപ്പം അതിപ്രധാനമായ അനുഭവപാഠങ്ങളുമാണ്. ഇത്തരത്തിലുള്ള വായനാസാധ്യതകളാണ് ജീവൽസാഹിത്യ പ്രസ്ഥാനത്തിന്റേയും, പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെയും, കമ്മ്യൂണിസത്തിന്റെയും വക്താവായ തകഴി ശിവശങ്കരപിള്ള ഏണിപ്പടികൾ എന്ന നോവലിൽ പറഞ്ഞു വെക്കുന്നത്.

"രാക്ഷസതിരകളിലേയ്ക്ക് വള്ളമിറക്കുന്ന കടപ്പുറത്തെ അരയനും, കായൽ നിലങ്ങളിലും കോൾ പാടങ്ങളിലും വിത്തിറക്കുന്ന കുട്ടനാട്ടെ കർഷകനും പ്രതിബന്ധങ്ങളോട് പടവെട്ടി നേട്ടങ്ങൾ കൊയ്യുന്നതുപോലെയാണ് രാഷ്ട്രീയകോളിളക്കങ്ങളിലേയ്ക്ക് ഭരണയന്ത്ര നൗകയിൽ കുതിക്കുന്ന കേശവപിള്ള ക്ഷിപ്രനേട്ടങ്ങൾ ഉണ്ടാക്കിഎടുക്കുന്നത്"[2] (2005:191).

ചീഫ്സെക്രട്ടറിയെ നിത്യവുംവണങ്ങി റവന്യുസെക്ഷനിൽ ക്ലർക്കായി കയറി ചീഫ്സെക്രട്ടറി സ്ഥാനംവരെ എത്തുന്ന കേശവപിള്ളയുടെ ഒദ്യോഗിക ജീവിതവും ആ ജീവിതത്തിൽ വന്നുപെടുന്ന മറ്റുമനുഷ്യരുടെ ദൈന്യമാർന്ന ചിത്രവുമാണ് നോവലിന്റെസാരം. ശീർഷകം സൂചിപ്പിക്കുന്നതുപോലെ നോവിലെ പ്രധാനഏണിപ്പടിയാണ് അഥവ ചവിട്ടുപടിയാണ് തങ്കമ്മ എന്ന കഥാപാത്രം. വ്യക്തിയുടെ, കുടുംബത്തിന്റെ, പ്രസ്ഥാനത്തിന്റെയൊക്കെ വളർച്ചയ്ക്കും

തളർച്ചയ്ക്കും മുന്നിൽ ഒരുസ്ത്രീയുണ്ടാകും. ചില വൻമരങ്ങൾ കടപുഴകി വീഴാനുള്ള കാരണം താൻപോരിമയുള്ള ഇത്തരം സ്ത്രീകളാണെന്നതിന് ചരിത്രം സാക്ഷി.

നോവൽ ആരംഭിക്കുന്നത് കഥാനായകന്റെ വിവാഹത്തോടെയാണ്, ഒരു മാറ്റകല്ല്യാണത്തിന് നിർഭാഗ്യവശാൽ ഇരയാകേണ്ടിവന്ന കേശവപിള്ളയ്ക്ക് ആ വിവാഹംതന്നെ ഭാഗ്യകടാക്ഷത്തിന് കാരണമാകുന്നുയെന്നത് കൗതുകകരമാണ്. കേശവപിള്ളയുടെ ഭാഗത്തുനിന്നുണ്ടാകുന്ന പ്രതിഷേധാത്മകമായ മൗനത്തിൽ നിന്ന് സഹോദരിയായ ഗൗരിയ്ക്ക് പുരുഷമന:ശാസ്ത്രം വായിച്ചെടുക്കാനുള്ള കഴിവ് ഒറ്റ സന്ദർഭം കൊണ്ടുതന്നെ നോവലിസ്റ്റ് വെളിപ്പെടുത്തുന്നത് നോക്കുക.

"ഈ കല്ല്യാണത്തിന് സമ്മതമാണെന്നോ, അല്ലെന്നോ അവൻ പറഞ്ഞില്ല"[3].

കുട്ടിയമ്മ കേശവപിള്ളയ്ക്ക് മരുമകളെ പരിചയപ്പെടുത്തുന്നത് ഇപ്രകാരം ആണ്.

"ഒരു പാവമാ, ശുദ്ധപാവമാ മോനെ ആ പെണ്ണ് അമ്മയ്ക്കും അച്ഛനും നാഴി വെള്ളം അനത്തി തരും നിന്ദ കാണത്തില്ല സ്വത്തും പുത്തനും ഒന്നും ഇല്ലന്നാലും, വൈകീട്ട് അത്താഴത്തിന് നീ മുണ്ടിൻ തുമ്പത്ത് അരിയും കെട്ടികൊണ്ടു ചെല്ലേണ്ട "[4].

പരമ്പരാഗതവിശ്വാസങ്ങൾ പിൻതുടരുന്ന അമ്മമാരുടേയും, അമ്മായിയമ്മമാരുടേയും ഗണത്തിലെ ഒരുകണ്ണിയാണ് കുട്ടിയമ്മ. മരുമകളായി വരുന്നത് തന്നെ പോലെത്തന്നെയുള്ള ഒരുസ്ത്രീയാണെന്നും അവൾക്കും ആഗ്രഹങ്ങൾ ഉണ്ടെന്നും അറിയാൻശ്രമിക്കാതെ, തങ്ങളുടെ ഭാവിജീവിതത്തിന്റെ അലച്ചിൽ ഇല്ലാതാക്കാൻ അവൾ ഒരുഉപകരണമായി തീരുമെന്ന് കണക്കുകൂട്ടുന്ന യാഥാസ്ഥിതികസ്ത്രീ. ഓഫിസിൽ തൊട്ടുടത്ത സീറ്റിലെ തങ്കമ്മയുമായി പ്രണയത്തിലായ കേശവപ്പിള്ള വിവാഹംകഴിഞ്ഞ അന്നുതന്നെ ഭാര്യയായ കാർത്ത്യായിനിയമ്മയെ വീട്ടിലാക്കി തിരുവനന്തപുരത്തിന് മടങ്ങുകയാണ്.

"അവന് ഇനി വല്ല പെണ്ണുമുണ്ടോ"[5].

എന്നിങ്ങനെ കുളക്കടവിൽവച്ച് പെണ്ണുങ്ങളുടെ പരിഹാസം കേട്ട കാർത്ത്യായിനിയമ്മ തകർന്നു പോകുന്നു. പത്തുദിവസത്തിനുള്ളിൽ കേശവപിള്ളയെ നാട്ടിൽ എത്തിക്കാമെന്നാണ് കുട്ടിയമ്മ മരുമകളെ പറഞ്ഞ് ആശ്വസിപ്പിക്കുന്നത്. ഇന്നത്തെ കാലഘട്ടത്തിന് അന്യമായ അന്നത്തെ കുളക്കടവ് നാടിന്റെ

സ്പന്ദനമായിരുന്നു. കതിരും പതിരുമായ നിരവധി ഗ്രാമീണവാർത്തകൾ കുളക്കട വിൽവെച്ച് ചർച്ചചെയ്യപ്പെടുന്നു. കുളക്കടവുകൾ ഗൃഹാതുരത്വം ജനിപ്പിക്കുന്ന പൊയ്പോയ ഓർമകളുടെ പ്രതീകമാണ്. ഇന്നത്തെ സോഷ്യൽ മീഡിയയുടെ ചുമ തല അന്ന് ഇത്തരം പൊതുയിടങ്ങൾക്കായിരുന്നു. അതുകൊണ്ട്തന്നെയാണ് കുള ക്കടവിലെ പെണ്ണുങ്ങളുടെ അടക്കംപറച്ചിലുകൾ കാർത്ത്യായനിയമ്മയ്ക്ക് തീരാ നോവാകുന്നത്. കുളക്കടവിലെ ചർച്ചാവേളകളെ സജീവമാക്കുന്ന രണ്ട്കണ്ണികളാ യിരുന്നു അയൽവാസികളായ പാപ്പിയമ്മയും ഗൗരിയമ്മയും. ഇതുപോലുള്ള കഥാ പാത്രങ്ങളുടെ സൃഷ്ടി തകഴിസാഹിത്യത്തിലെ എല്ലാ കൃതികളിലും കാണാം. നാടിന്റെ നന്മയും തിന്മയും ഇവരിലൂടെ ചർച്ച ചയ്യപ്പെടുന്നു. നോവലിന്റെ സുഗമ മായഒഴുക്കിനെ ത്വരിതപ്പെടുത്തുന്ന കണ്ണികളാണ് ഈ കഥാപാത്രങ്ങൾ.

വിവാഹദിവസം കാർത്ത്യായനിയമ്മയെ ഒറ്റയ്ക്കാക്കി, തിരുവനന്തപുര ത്തെത്തിയ കേശവപിള്ള തങ്കമ്മയുമായി ബന്ധംതുടർന്നു. ഔദ്യോഗിക ജീവി ത്തിൽ കഴിവ് തെളിയിച്ച്, ഗുമസ്ഥനിൽനിന്നും ചീഫ്സെക്രട്ടറിപദം വരെ എത്തുന്ന ഇയാൾ ജ്യോത്സ്യത്തിലും, ജാതകത്തിലും വിശ്വസിക്കാൻ തുടങ്ങി. കാർത്ത്യായിനിയമ്മ തന്റെ ജീവിതത്തിൽ ഭാഗ്യംകൊണ്ടുവരുമെന്ന കിട്ടുവമ്മാ വന്റെ വാക്കുകൾ യാഥാർത്ഥ്യമാണെന്ന് അയാൾക്ക് തോന്നി. അതുകൊണ്ട് തന്നെ തങ്കമ്മയെമറന്ന് ഭാഗ്യത്തെ പിൻതുടരാനും അതിനായി കാർത്ത്യായനിയമ്മയിൽ തന്നെ സന്തോഷം കണ്ടെത്താനും അയാൾ ശ്രമിക്കുന്നു. നാഗരികന് സാധി ക്കാത്ത അത്ഭുതങ്ങളാണ് ഏണിപ്പടികളിൽ ഒരു ഗ്രാമീണൻ സാധിച്ചെടുത്തത്. ലക്ഷ്യത്തിലെത്താൻ അയാൾ കണ്ടെത്തിയ മാർഗ്ഗങ്ങൾ തിരുവനന്തപുരം പട്ടണ ത്തിൽ ജനിച്ചുവളർന്നവനെപ്പോലും അമ്പരപ്പിക്കുന്നതായിരുന്നു. ഉദ്യോഗത്തിൽ ഉയർന്നുവരുമ്പോഴും പുതിയഭൂമിക അനിശ്ചിതത്വം മാത്രമാണ് അയാൾക്ക് നല്കി യത്. തിരുവനന്തപുരത്ത് താൻ അന്യനാണെന്ന ബോധം കേശവപിള്ളയെ നിര ന്തരം അലട്ടിയിരുന്നു. തന്നെ സ്നേഹിക്കാൻ ആരുമില്ല എന്നൊരു വിലാപം അയാൾ ഉള്ളിൽ കൊണ്ടുനടന്നു. ജേതാവിന്റെ ഉള്ളിൽവളരുന്ന പരാജിതനായി രുന്നു കേശവപിള്ള. നോവലിന്റെ അവസാനംവരെ ഈ ചിന്ത അയാളിൽ തുടരു ന്നു. കരുത്തന്റെ രൂപഭാവങ്ങളും ഒപ്പം ദുർബലനായ ഭീരുവിന്റെ മനസ്സുമായിട്ടാണ് അയാൾ ഭരണംനടത്തിയത്. ആഘാതങ്ങളുടെ തുടർച്ചയാണ് നോവൽ അവസാ നിക്കുന്നതുവരെ കേശവപിള്ളയുടെ ജീവിതം. ആശ്രമത്തിൽ വരുന്ന കമ്മ്യൂണിസ്റ്റ് നേതാവിനെ മകൾ ഭർത്താവായി സ്വീകരിക്കുന്നതും, തങ്കമ്മയിൽ ജനിച്ച കുഞ്ഞിനെ കേശവപിള്ളയെഏൽപിച്ച് തങ്കമ്മ പരലോകം പ്രാപിക്കുന്നതും, ദീർഘ കാലം വഞ്ചിക്കപ്പെട്ടിട്ടും മൗനം എന്ന ആയുധത്തിലൂടെ അവിഹിത ബന്ധത്തിൽ ഭർത്താവിനു ലഭിച്ച കുഞ്ഞിനെ ഏറ്റുവാങ്ങുന്ന കാർത്ത്യായനിയുമെല്ലാം കേശവ

പിള്ളയ്ക്കു നല്കുന്ന പ്രഹരം അതികഠിനമാണ്. ഭരണനഗരം സമ്മാനിച്ച മുറിവു കളുമായി സേവനം അവസാനിപ്പിച്ചു മടങ്ങിപോകുന്ന കേശവപിള്ള, ഇനിയൊരു ഉയർത്തെഴുന്നേൽപ്പിന് ഇടയില്ലാത്തവണ്ണം ദയനീയപരാജയത്തോടെ നോവലിൽ ഒടുങ്ങുകയാണ്.

"പച്ചപരമാർത്ഥങ്ങൾ കൊണ്ട് മായികമായ ഒരു ചരിത്ര രാഷ്ട്രീയ കഥാ ശില്പം"- അതാണ് തകഴിയുടെ ഏണിപ്പടികൾ"[6] (2002:205).

സ്ത്രീസ്വഭാവത്തിന്റെ അന്നുവരെ കാണാത്ത അപരിചിത തലങ്ങൾപ്രകടി പ്പിക്കുന്ന തങ്കമ്മ എന്ന കഥാപാത്രം എക്കാലത്തും പഠന വിധേയമാണ്. തൃഷ്ണാ ധിഷ്ഠിധമായ ജീവിതം നയിച്ച കുമാരനാശാന്റെ കരുണയിലെ വാസവദത്തയെ പോലെ പുരുഷനെ പ്രാപിക്കാൻ ആഗ്രഹിച്ചിരുന്ന വ്യക്തിത്വം ആയിരുന്നു തങ്കമ്മ യുടെത്. ഒന്നുടയുമ്പോൾ മറ്റൊന്ന് എന്ന തത്വത്തിൽ വിശ്വസിച്ചിരുന്ന തങ്കമ്മയ്ക്ക്, കേശവപിള്ളയുടെ ഒരു രാത്രിയിലെ ബലഹീനത പൊറുക്കാവുന്നതിലുമപ്പുറമായി രുന്നു. ആ രാത്രിയോടുകൂടി അയാളിലുള്ള താല്പര്യം അവസാനിപ്പിച്ച തങ്കമ്മ മറ്റൊരു മരത്തിൽ ചേക്കേറുകയായിരുന്നു. ഒന്നു ചീഞ്ഞാൽ മറ്റൊന്നിനു വളമെന്നു പറയുംപോലെ കേശവപിള്ളയുടെ ജീവിതത്തിൽ നിന്ന് തങ്കമ്മ അകന്ന് സുപ്ര ണ്ടായ രാമചന്ദ്രനിലേയ്ക്ക് അടുക്കുന്നു. ഇത് കേശവപിള്ളയ്ക്ക് ഒരു അനുഗ്രഹ മായി മാറി. എന്നാൽ മരുമകന്റെ സ്ഥാനത്ത് കേശവപ്പിള്ളയെ മാത്രം കണ്ടിരുന്ന തങ്കമ്മയുടെ അച്ഛന് ഇത് താങ്ങാവുന്നതിലും അപ്പുറം ആയിരുന്നു. അയാൾ പറ യുന്നു.

"എന്റെ മോൻ ഒരു കാര്യം കൂടി ചെയ്യണം ഒരു കിളവന്റെ ആഗ്രഹമാണ് അവസാന കാലത്ത് ഈ കിളവന്റെ കണ്ണടയുമ്പോൾ ഒരു തുള്ളി വെള്ളം വരണ്ട വായിൽ ഒഴിച്ചു തരണം. അന്നു മകൻ എവിടെയായാലും ഓടി വരണം"[7].

ചീഫ് സെക്രട്ടറിയായ കൃഷ്ണൻനായരുടെ ഭാര്യ ഭഗവതികൊച്ചമ്മയ്ക്ക് കേശവപിള്ള തങ്കമ്മയിൽ നിന്ന് അകന്നത് ഏറെസന്തോഷം നല്കുന്നു. അവർ കേശവപിള്ളയ്ക്കു വേണ്ടി അടുത്ത വിവാഹാലോചന്ക്ക് തയ്യാറെടുക്കുന്നു.
അപ്പോഴും താൻ വിവാഹിതനാണെന്ന കാര്യം കേശവപിള്ള അവരോടു പറയുന്നി ല്ല. ഏണിപ്പടികളിലെ കേശവപിള്ള പുരുഷത്വത്തേക്കാൾ ഉപരി ഭീരുത്വം പ്രകടിപ്പി ക്കുന്ന വ്യക്തിയാണ് എല്ലാവരേയും പ്രീതിപ്പെടുത്തുമ്പോഴും കെട്ടിയ പെണ്ണിനെ പ്രീതിപ്പെടുത്താൻ കഴിയാത്ത പുരുഷൻ.

''അധികാരത്തിന്റെ ലഹരിയിൽ നിലതെറ്റിപ്പോയ കേശവപിള്ളയ്ക്ക് എല്ലാം തന്നിലേയ്ക്കുതന്നെ കേന്ദ്രീകരിക്കാമെന്നായിരുന്നു മോഹം.''[8] (2016 : 185)

വിവാഹജീവിതം പകുത്തുനൽകേണ്ടതാണെന്ന വസ്തുത കേശവപിള്ള മറക്കുന്നു. അവഗണന മാത്രമാണ് വിവഹാഹത്തിന്റെ ആദ്യ നാളുകളിൽ അയാൾ കാർത്ത്യായനിയ്ക്കു നൽകിയത്. കേശവപിള്ളയുടെ അന്തസ്സിനു ചേരാത്ത കാർത്ത്യായനിയെ അവതരിപ്പിക്കുന്നത് നോക്കുക 'കൂറപിടിച്ച രൂപവുമായി അടുക്കളയിൽ മാത്രം കഴിയുന്ന ഒരു സ്ത്രീസ്വത്വം' ഈ അവതരണം പരമ്പരാഗത പുരുഷാധിപത്യത്തിന്റെ വക്താക്കളിൽ നിന്ന് വരുന്ന വിവരണമാണെന്നു പറയാം. കാർത്ത്യായനി തന്റെ അന്തസിന് ചേർന്നവളല്ല എന്ന ധാരണ ആദ്യം മുതലേ കേശവപിള്ളയ്ക്ക് ഉള്ളതുകൊണ്ട് കാർത്ത്യായനിയെ ചൂണ്ടികാണിച്ച് ഇതാണെന്റെ ഭാര്യ എന്ന് പറയാൻ അയാൾക്കാവുന്നില്ല. ആണധികാരം എന്ന പ്രയോഗത്തിന്റെ സാധ്യത അക്ഷരാർത്ഥത്തിൽ ഏണിപ്പടികൾ എന്ന നോവലിൽ വരച്ചു കാണിക്കുന്നുണ്ട്. എന്നാൽ ആണധികാരത്തിന് മൂക്കുകയർ ഇടാൻ ഒരു സ്ത്രീ നോവലിൽ എവിടയെങ്കിലുമൊക്കെ കാണുമെന്നതും യാഥാർത്ഥ്യം തന്നെ. പപ്പുപിള്ളയെ നിയന്ത്രിക്കുന്ന കുട്ടിയമ്മ, ശേഖരപിള്ളയെ നിയന്ത്രിക്കുന്ന മകൾ തങ്കമ്മ, കൃഷ്ണൻ നായരെ നിയന്ത്രിക്കുന്ന ഭഗവതി കുട്ടി എന്ന കൊച്ചമ്മ, കേശവപിളളയ്ക്ക് പെണ്ണനുഭവം നല്കിയതും ഉദ്യോഗകയറ്റത്തിനുള്ള ഏണിപ്പടികൾ ചമച്ചതും തങ്കമ്മ, കേശവപിള്ളയ്ക്ക് ഭർതൃ അനുഭവം പകർന്നു കൊടുത്ത കാർത്ത്യായനി, ചുരുക്കത്തിൽ സെക്രട്ടറിയേറ്റ് എന്ന ഭൂമികയിൽ തെളിയുന്ന ജീവിത ചിത്രങ്ങളുടെ കടിഞ്ഞാണുകൾ മേൽ പറഞ്ഞ സ്ത്രീ കഥാപാത്രങ്ങളുടെ കൈയിൽ ഭദ്രമാണെന്ന് പറയാം. മനുഷ്യജീവിതത്തെ വ്യാഖ്യാനിക്കുമ്പോൾ നവോത്ഥാന നോവലിസ്റ്റുകൾ പൊതുവേ തങ്ങളുടെ കൃതികളിൽ ചെയ്യുന്നത്, അവരുടെ കഥാപാത്രങ്ങളുടെ ജീവിതത്തെ തളർത്താനും വളർത്താനും ഒരു സ്ത്രീയെ കൂടി കഥകളിൽ സന്നിവേശിപ്പിക്കുന്നു. കാമ, ക്രോധ, ലോഭ മോഹിതനായ പുരുഷന്റെ നിയന്ത്രണ ചരട് എപ്പോഴും ഒരു സ്ത്രീയിൽ ആയിരിക്കും. അത് ഒരു പക്ഷേ അമ്മയാകാം, പെങ്ങളാകാം, മകൾ ആവാം, കാമുകിയാവാം, ഭാര്യയാകാം.

**കുടുംബ ദർശനവും ജീവിത വീക്ഷണവും**

കുടുംബമെന്ന സ്ഥാപനത്തെ ദൃഢമാക്കുന്ന ബന്ധമാണ് ദാമ്പത്യ ബന്ധം. സ്ത്രീ പുരുഷൻമാർ മാതാപിതാക്കളെ വെടിഞ്ഞ് ഒരു ശരീരവും ഒരു മനസ്സുമാകുന്ന ബന്ധമാണല്ലോ ദാമ്പത്യം. സമൂഹം സഹർഷം അംഗീകരിക്കുന്നഒരു ബന്ധം കൂടിയാണത്. ഒരു പുതിയ കുടുംബത്തിന്റെ ആവിർഭാവമാണ് ഓരോ ദാമ്പത്യവും. വ്യക്തിയെസംബന്ധിച്ചു ജീവിതത്തിന്റെ പല സന്ദർഭങ്ങളെയും അഭി

മുഖീകരിക്കാൻ പരിശീലിപ്പിക്കുന്ന ഒരു പാഠശാലയാണ് കുടുംബം എന്നതിനാൽ അതിന്റെ സ്വഭാവ സ്വരൂപങ്ങൾ നിർണയിക്കുന്നതിൽ ദാമ്പത്യം നിർണ്ണായകഘടക മാണ്. അത് രണ്ടു വ്യക്തികളുടെ കൂടിച്ചേരൽ മാത്രമല്ല പുതിയൊരു ജീവിതസം സ്കാരത്തിന്റെ പ്രാരംഭവുമാണ്. ഭിന്നവ്യക്തിത്വങ്ങളുള്ള രണ്ടുപേരുടെ ചേർച്ചയോ ടൊപ്പം മാനസികമായ ഐക്യവും ദാമ്പത്യത്തിന്റെ കണ്ണിയെ ഉറപ്പിക്കുന്ന ഘടക മാണ്. ശരീരത്തിന്റെയും മനസ്സിന്റെയും കാമനകളെ മെരുക്കികൊണ്ടുള്ള പൊരു ത്തപ്പെടലാണ് ദാമ്പത്യത്തിൽ നടക്കേണ്ടത്. തകഴിയുടെ ഏണിപ്പടികൾ എന്ന നോവലിലെ ദമ്പതികളെ പരാമർശിക്കുമ്പോൾ പൊരുത്തക്കേടുകളിലും പൊരുത്തം സ്ഥാപിക്കാൻ ശ്രമിക്കുന്ന കേശവപിള്ളയെയും കാർത്ത്യായനിയെയു മാണ് കാണുന്നത്. പൊരുത്തം സ്ഥാപിച്ചെടുക്കാൻ മാനസികമായി പലപ്പോഴും തയ്യാറാകുന്നത് സ്ത്രീ കഥാപാത്രങ്ങളാണ് എന്നുള്ളത്, നവോത്ഥാനകാലം സ്ത്രീക്ക് സ്ഥാപിച്ചു കൊടുക്കുന്ന ചില കടപ്പാടുകളാണ്. ഏത് അധർമ്മത്തിനുനേ രേയും ക്ഷമിക്കുന്ന സ്ത്രീ മനോഭാവങ്ങളെ ഈ നോവലിൽ കാണാം. അതോ ടൊപ്പം പൊരുതി ജയിക്കാനുള്ള മനോഭാവം പ്രകടിപ്പിക്കുന്ന ദാമ്പത്യങ്ങളും ഈ നോവലിലുണ്ട്. നാല് കഥാപാത്രങ്ങളുടെ ദാമ്പത്യ ചിത്രീകരണവും ഈ രാഷ്ട്രീയ നോവലിന്റെ പരഭാഗശോഭ വർദ്ധിപ്പിക്കുന്നു.

അണുകുടുംബ ജീവിതങ്ങളുടെ ആഖ്യാനം ഏണിപ്പടികൾ എന്ന നോവ ലിന്റെ ഭാഗമാകുന്നു.

- കാർത്ത്യായിനി-കേശവപിള്ള,
- കുട്ടിയമ്മ- പപ്പുപിള്ള
- ഭഗീരഥിയമ്മ- ശേഖരപിള്ള
- ഭഗവതി കൊച്ചമ്മ-കൃഷ്ണപ്പിള്ള

ഈ ദമ്പതികൾ ഇന്നും നമ്മുടെ സമൂഹത്തിന്റെ പരിഛേദമായി മാറുന്നിടത്താണ് തകഴിയുടെ യുക്തിസഹമായ വീക്ഷണത്തിന്റെ പ്രാധാന്യം അദ്ദേഹത്തിന്റെ കൃതി കളുടെ വായനയിലൂടെ നമുക്ക് മനസ്സിലാകുന്നത്.

“ഹേഗൽ വിചാരിച്ചതുപോലെ യുക്തിസഹമായത് യഥാർത്ഥ്യമാണെന്ന് തകഴിയും കരുതുന്നു. എന്നാലതു യുക്തിവാദികളുടെ യുക്തിയല്ല. അത്

യഥാർത്ഥ്യത്തിന്റെ സൈദ്ധാന്തിക സ്വാംശീകരണവുമല്ല. ഭാവനാപരമായ നിരീക്ഷ ണത്തിലൂടെ യഥാർത്ഥ്യത്തെ നിർവചിക്കാനാണ് തകഴി ശ്രമിച്ചത്"[9] (2000:152).

ഇത്തരത്തിൽ കുറേ കുടുംബ യഥാർത്ഥ്യങ്ങളാണ് ഈ ദമ്പതിമാരുടെ കാഴ്ച്ചപ്പാടിലൂടെ തകഴി ഏണിപ്പടികൾ എന്ന നോവലിൽ ആവിഷ്കരിക്കുന്നത്. ഇ ത്തരത്തിൽ ചിന്തിക്കുമ്പോൾ ഏണിപ്പടികൾ ആ കാലഘട്ടത്തിലെ രാഷ്ട്രീയപര മായ ചിന്തകളുടെ സാധ്യതമാത്രമല്ല കുടുംബപരമായ ചിന്തകളുടെ ബാധ്യത കൂടി നിറവേറ്റപ്പെടുന്നു.

സാഹിത്യം പരിവർത്തനത്തിന്റെ വേദിയാണ് സാഹിത്യകാരന്റെ ആത്മാവി ഷ്കാരം കൃതിയായി പരിണമിക്കുമ്പോൾ ആസ്വാദന തലത്തിൽ അതു മാറ്റത്തിനു ള്ള കാഹളം ആകുന്നു. ആ കാഹള ധ്വനിക്കു മുന്നിൽ പല രാജ്യങ്ങളും പല ഇസ ങ്ങളും ഇല്ലാതാവുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തിട്ടുണ്ട്. നവോത്ഥാ നവും നവീകരണവുമാണ് ഏതൊരു സാഹിത്യകൃതികളുടേയും ലക്ഷ്യം. മനുഷ്യ മഹത്വബോധത്തോടൊപ്പം പിന്നിട്ടു പോന്ന സംസ്കാരങ്ങളുടെ മഹത്വവും സാഹി ത്യകൃതികൾ നല്കുന്ന തിരശേഷിപ്പുകളാണ്. 1964 ൽ എഴുതിയ ഏണിപ്പടികൾ എന്ന നോവൽ ചരിത്രബോധവും രാഷ്ട്രീയബോധവും സാമൂഹിക ബോധവും പരാമർശിക്കുന്നു.

സാധാരണ ജനങ്ങൾക്ക് അപ്രാപ്യമായ ഭരണനാൾവഴികളിലെ കടും കെട്ടു കളെ ജനങ്ങൾക്കു മുമ്പിൽ അവതരിപ്പിക്കാൻ ഏണിപ്പടികൾ എന്ന നോവലു കൊണ്ട് സാധിച്ചു. ഭരണം സാധാരണ ജനങ്ങളിൽ നിന്ന് മുഖം തിരിക്കുമ്പോൾ, ജനങ്ങൾ ആയുധം കൊണ്ട് അതിനു മറുപടി പറയുമെന്നുള്ള പാഠം കൂടി നോവൽ പങ്കുവെയ്ക്കുന്നു. ഈ നോവലിലെ മുകുന്ദൻ എന്ന കഥാപാത്രത്തി ലൂടെ തകഴി ഇത് ആവിഷ്ക്കരിച്ചിട്ടുണ്ട്. ഗോപാലൻ നായർക്കു അർഹിക്കുന്ന നഷ്ട പരിഹാരം സർക്കാരിൽനിന്ന് ലഭിക്കാതായപ്പോൾ അയാൾ കേശവപിള്ള യുടെ വീടിനുമുന്നിൽ ആത്മഹത്യചെയ്തു. അച്ഛന്റെ ജീവന്റെ വില മകനായ മുകു ന്ദൻ പിടിച്ചെടുത്തത് കേശവപിള്ളയുടെ അച്ഛനായ പപ്പുപ്പിള്ളയെ കൊലപ്പെടുത്തി യതിലൂടെയാണ്. ഇങ്ങനെ രാജാധിപത്യത്തിന്റെയും, ഏകാധിപത്യത്തിന്റെയും ജനാധിപത്യത്തിന്റെയും മുഖചിത്രം വരച്ചിടുകയാണ് ഈ നോവലിൽ. ബഹുജന പങ്കാളിത്തത്തോടെയുള്ള ഭരണത്തിൽ മാത്രമേ ജനങ്ങൾക്ക് അഭിപ്രായ സ്വാത ന്ത്ര്യമുണ്ടാവുകയുള്ളു എന്ന തിരിച്ചറിവും നോവൽ തരുന്നു. കോൺഗ്രസ്സിന്റെ പതനവും കമ്മ്യൂണസത്തിന്റെ ആവിർഭാവവും ആവിഷ്കരിക്കുന്ന ഈ നോവലിൽ

ഏതു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെയും നിലനിൽപ്പ് കുറേ അടിയൊഴുക്കുകൾക്കപ്പുറം ജനവികാരത്തിലാണെന്ന സാധ്യതയും കാട്ടിതരുന്നു.

**കാർത്ത്യായനി-കേശവപിള്ള**

കേശവപിള്ളയുടെ ദാമ്പത്യജിവിതത്തെ അസാധാരണമായ മിഴിവോടെ അവതരിപ്പിക്കുന്ന നോവൽ കൂടിയാണ് ഏണിപ്പടികൾ. കാർത്ത്യായനിയമ്മയുടെ വിവിധ ഭാവങ്ങൾ നോവലിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് മിഴിവേകുന്നു. ഔദ്യോഗിക ജീവിതത്തിനൊപ്പം കുടുംബജിവിതവും ഒളിസേവയും സമാന്തരമായി കൊണ്ടുപോകുന്ന കേശവപിള്ളയ്ക്ക് വിവാഹത്തിന്റെ ആദ്യദിനങ്ങളിൽ കാർത്ത്യായനിയെ ഉൾക്കൊള്ളാനോ അവളോടടുക്കാനോ യാതൊരു താല്പര്യവും ഉണ്ടായില്ല. എന്നാൽ നിരൂപകരുടെ അഭിപ്രായം ഇങ്ങനെയാണ്.

"തകഴിയുടെ സ്ത്രീകഥാപാത്രങ്ങളിൽ അഗ്രിമസ്ഥാനത്തു നില്ക്കുന്നത് കാർത്ത്യായനി തന്നെ"[10] (2003:97).

പപ്പുപിള്ളയും കുട്ടിയമ്മയും മകന് വധുവിനെ കണ്ടെത്തിയപ്പോൾ കേശവപിള്ളയുടെ അമ്മാവൻ പറഞ്ഞ അഭിപ്രായം ഭാഗ്യജാതകക്കാരി എന്നായിരുന്നു. ഏണിപ്പടികൾ എന്ന നോവൽ ആദ്യം പ്രസിദ്ധീകരിച്ചത് മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൽ ആണ്. വായനക്കാർ ഏറെ താല്പര്യത്തോടെ ഏറ്റെടുത്ത ഈ നോവലിനെ കുറിച്ച് വായനക്കാരുടെ ഈ പക്തിയിൽ കുറ്റിപ്പുഴ കൃഷ്ണപിള്ള ഇങ്ങനെ എഴുതി.

"തകഴിയുടെ ആത്മാംശം നിറഞ്ഞു നില്ക്കുന്ന ഒരു നോവലാണ് ഏണിപ്പടികൾ. ഇതിലെ കാർത്ത്യായനി സഹധർമ്മിണിയായ കാത്ത തന്നെയാണ്. കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ഈ അഭിപ്രായം വായിച്ച കാത്ത അത് വിശ്വസിച്ചു. ഏണിപ്പടികൾ വായന അതോടെ നിർത്തി. പിന്നീട് ഇതു വരെ ആ കൃതി വായിക്കുകയോ, അതിനെ സിനിമയാക്കിയത് കാണുകയോ ഉണ്ടായില്ല. കുറ്റിപ്പുഴയെ പോലെ അറിവുള്ളവർ പറഞ്ഞത് എങ്ങനെ വിശ്വസിക്കാതെയിരിക്കും അവിടെ പിന്നെ താൻ എന്തു പറഞ്ഞാലും ഫലമില്ല എന്നാണ് തകഴി തന്നെ പറഞ്ഞിട്ടുള്ളത്"[11] (1985:179).

കേശവപിള്ളയുടെ ഭാര്യയായതിനുശേഷമുള്ള കാർത്ത്യായിനിയുടെ ജീവിതത്തെ രണ്ടായി പകുക്കാവുന്നതാണ്. അതിലെ പൂർവ്വകാലം അടുക്കളയിലെ കരിയിലും മെഴുക്കിലും ജീവിക്കാൻ മാത്രം വിധിക്കപ്പെട്ട, കേശവപിള്ളയുടെ അച്ഛനും

അമ്മയും അടങ്ങിയ ലോകം ആയിരുന്നു. കേശവപിള്ളയുടെ വഴിവിട്ട ജീവിത രീതികളെ കുറിച്ചറിഞ്ഞ് അതിനെ കുറിച്ച് ചോദ്യം ചെയ്ത മാതാപിതാക്കളോട് കയർക്കുകയാണ് കേശവപിള്ള. ഈ സന്ദർഭത്തിലാണ് കാർത്ത്യായനിയുടെ ജീവിത വീക്ഷണത്തെ കുറിച്ച് വായക്കാർക്ക് ധാരണയുണ്ടാവുന്നത്. അച്ഛനോടും അമ്മയോടും കയർക്കരുതെന്നും നമ്മുടെ മക്കൾ അതുപോലെ തിരിച്ചുചെയ്താലുള്ള അവസ്ഥയെ കുറിച്ചും കാർത്യായനി ഓർമിപ്പിക്കുന്നു. മാതാപിതാക്കളുടെ മരണശേഷം തിരുവനന്തപുരത്ത് താമസമാക്കിയ കാർത്ത്യായനി ഭാര്യ എന്ന നിലയിൽ കേശവപിള്ളയുടെ മനസ്സിൽ പ്രതിഷ്ഠ നേടുന്നു. തങ്കമ്മയുമൊത്തുള്ള വഴിവിട്ട ജീവിതത്തിന്റെ ചിത്രങ്ങൾ കാർത്ത്യായനിയുടെ മുന്നിൽ അവതരിപ്പിച്ച് കുറ്റസമ്മതം നടത്തുന്നു കേശവപിള്ള. നല്ലൊരു കുടുംബജീവിതം ആഗ്രഹിക്കുന്നതോടൊപ്പം തന്നെ വീണ്ടും അതേ തെറ്റിലേയ്ക്ക് വീഴുന്ന കേശവപിള്ളയെ തിരിച്ചു കൊണ്ടുവരാനുള്ള കാർത്ത്യായനിയുടെ ശ്രമങ്ങൾ ഭാരതീയ സ്ത്രീത്വത്തിന്റെ മാതൃക എന്ന് വിശേഷിപ്പിക്കാം. തന്റെ ഭർത്താവിനെ തള്ളാതെ, കൊള്ളാനുള്ള പ്രവണത പ്രകടിപ്പിക്കുകയാണ് കാർത്ത്യായനി. കപടതയുടെ ദേശം എന്നാണ് കാർത്ത്യായനി തിരുവനന്തപുരത്തെ വിലയിരുത്തന്നത്. സമ്പത്തിന്റെ ആധിക്യം ചൂണ്ടിക്കാട്ടി നാട്ടിലേയ്ക്ക് മടങ്ങി പോകാൻ ഭർത്താവിനെ പ്രേരിപ്പിക്കുകയാണ് കാർത്ത്യായിനി.

ഒരേസമയം തികഞ്ഞ യാഥാസ്ഥിതികയായിരിക്കുമ്പോഴും മാറ്റങ്ങളെ ഉൾക്കൊള്ളാനും അതതനുസരിച്ച് കുടുംബത്തെ മുന്നോട്ടു കൊണ്ടുപോകാനും കാർത്ത്യായിനിക്കു കഴിവുണ്ടായിരുന്നു. സ്വാർത്ഥതയുടെയും കുതികാൽവെട്ടിന്റെയും ആൾരൂപമായ കേശവപിള്ള കാർത്ത്യായനിയമ്മയുടെ മുമ്പിൽ മാത്രമാണ് പഞ്ചപുച്ഛമടക്കി നിന്നിരുന്നത്. ആശ്രമത്തിന്റെ പിരിവിനായി വന്നുകയറിയ പരിഷ്കാരികളായ സ്ത്രീകളെ കാർതത്ത്യായനി കണക്കിന് പരിഹസിക്കുന്നുണ്ട്. പിരിവുകാർക്ക് പണം നൽകാതെ പറഞ്ഞുവിട്ടതിനെകുറിച്ച് കേശവപിള്ള ചോദിച്ചപ്പോൾ കാർത്ത്യായനി പറയുന്നത് കുടുംബത്തിൽ നിന്നും പണം പുറത്തേക്കു പോകേണ്ടതും വാങ്ങേണ്ടതും പുരുഷന്റെ കൈകളിലൂടെയാണ്. പിതൃഅധികാര കുടുംബ സംവിധാനത്തെ ഇഷ്ടപ്പെട്ടിരുന്ന നോവലിസ്റ്റിനെയാണ് ഈ ഭാഗത്തു കാണുന്നത്. കുടുംബത്തിന്റെ നെടും തൂണായി കാർത്ത്യായനി മാറുമ്പോഴും കേശവപിള്ളയുടെ ഭാര്യാ പദവിയിൽ സ്വസ്ഥത ലഭിക്കാത്ത സ്ത്രീ ആയിട്ടാണ് നോവലിൽ അവർ ചിത്രീകരിക്കപ്പെടുന്നത്. ഭർത്താവ് കുന്നുകൂട്ടുന്ന സാമ്പത്തിക ഭാരം ആ വീട്ടമ്മയെ പേടിപ്പെടുത്തുന്നു. ഏക മകൾ വിജയമ്മയുടെ വിവാഹ കാര്യവും കാർത്ത്യായനിയെ ഭയപ്പെടുത്തുന്നുണ്ട്. അച്ഛൻ മുൻകൈ എടുത്ത് വിവാഹം ആലോചിക്കണമെന്ന് സൂചിപ്പിക്കുമ്പോഴും പിതൃഅധികാര വ്യവസ്ഥയെ

പിൻതാങ്ങുകയാണിവിടെ. യോഗത്തിനു വന്ന കമ്മ്യൂണിസ്റ്റുകാരനേയാണ് മകൾ ഭാവി വരനായി കണ്ടെത്തിയതെന്ന് മനസ്സിലാക്കിയ കാർത്ത്യായനിയമ്മ തളർന്നു പോകുന്നു. കാർത്ത്യായനി എന്ന വീട്ടമ്മയുടെ വിജയം പൂർത്തിയാവുന്നത് കേശവപിള്ളയ്ക്ക് തങ്കമ്മയിൽ ജനിച്ച കുഞ്ഞിനെ അയാളുടെ കാൽക്കൽ തോഴി സമർപ്പിക്കുമ്പോഴാണ്. നിർബന്ധിത വിരമിക്കലിനു ശേഷം നാട്ടിലേക്ക് തിരിച്ചു പോവാൻ ഒരുങ്ങുന്ന കേശവപിള്ളയ്ക്ക് ചെയ്ത തെറ്റിന്റെ പ്രായശ്ചിത്തമായി ആ കുഞ്ഞ് അയാളുടെ കൂടെ ഉണ്ടാകുന്നു.

നാല്പത്തിയാറു അധ്യായങ്ങൾ ഉള്ള ഈ നോവലിൽ കുടുംബ പശ്ചാത്തലത്തിന്റെ ഭാഗമായി കടന്നു വരുന്ന കാർത്ത്യായനി ഒരു സാധാരണ വീട്ടമ്മയുടെ ആകുലതകളോടും വ്യാകുലതകളോടുമൊപ്പം നിരവധി ജീവിത വീക്ഷണങ്ങളെ അവതരിപ്പിക്കുന്നുണ്ട്. തിരുവനന്തപുരം നഗരത്തിൽ സ്ഥാപിതമായ ഭജനമഠത്തെ കണക്കിന് പരിഹസിക്കുന്ന കാർത്ത്യായനി കൃഷ്ണന്റെയും രാധയുടെയും പേരു പറഞ്ഞ് കാമം മൂത്ത് നടക്കുന്നവരാണ് ആശ്രമത്തിൽ വരുന്നത് എന്നു പറയുന്നു. മനുഷ്യനിലെ നന്മയോടൊപ്പം തിന്മയും ഒട്ടും കുറവില്ലാതെ വളരുന്നു എന്ന വസ്തുത ഏണിപ്പടികൾ എന്ന നോവൽ എഴുതി അമ്പത് വർഷങ്ങൾ പിന്നിട്ടിട്ടും ഇക്കാലത്തും പ്രയുക്തമായി നിൽക്കുന്നു. പുതിയ രൂപത്തിലും ഭാവത്തിലും നമ്മുടെ നാട്ടിലുയർന്നു വരുന്ന ആൾ ദൈവങ്ങളും ഭജനപ്പുരകളും സമൂഹത്തെ ചതിക്കുഴിയിലാക്കുന്ന കാര്യവും ഈ നോവലിന്റെ വായനയിൽ ഉയർന്നു വരുന്ന ആശയമാണ്. തന്റെ സർഗ്ഗാത്മകരചനകളുടെ നിലനിൽപ്പിനെക്കുറിച്ച് തകഴി പറയുന്ന വാക്കുകൾ നോക്കുക.

“ഒരു നൂറു വർഷത്തിനുശേഷവും എന്റെ കൃതികൾ വായിക്കപ്പെടുമെങ്കിൽ ഞാൻ ചിലതൊക്കെ നേടിയെന്നു പറയാൻ കഴിയും. ഒരു നൂറ്റാണ്ടു കഴിഞ്ഞു എഴുതപ്പെടുന്ന സാഹിത്യചരിത്രത്തിൽ ഒരു വരിയെങ്കിലും എനിക്കു വേണ്ടിയുണ്ടാകും ചിലപ്പോൾ ഒരുഖണ്ഡികയും”[12] (1999:22).

ജീവിത പരിണാമത്തിന്റെ ഇതിഹാസമെന്ന് ഏണിപ്പടികൾ എന്ന നോവലിന് മറ്റൊരു ശീർഷകം കൊടുത്താൽ അത് ഏറെ ഉചിതമായിരിക്കും. കേശവപിള്ളയുടെയും അയാളുടെ കുടുംബത്തെയും, അയാളുടെ ഔദ്യോഗികജീവിതത്തെയും പരിണാമത്തിന്റെ ഉച്ചകോടിയിൽ എത്തിച്ച നോവലാണ് ഏണിപ്പടികൾ

“മനുഷ്യനും അധികാരവും തമ്മിലുള്ള ബന്ധത്തിന്റെ കടും കെട്ടുകളാണ് ഏണിപ്പടികളിൽ വരുന്നത്. അധികാരത്തിന്റെ പടികൾ ഓരോന്നായി ചവിട്ടികയറാൻ മനുഷ്യ ബന്ധത്തിന്റെ ഒരോ തലത്തിലേക്കും സാധ്യതകളെ നിപുണമായി

ഉപയോഗിക്കുക എന്നത് രാഷ്ട്രീയത്തിന്റെ മൗലിക സ്വഭാവങ്ങളിൽ ഒന്നാണ്. ഈ അംശത്തിന് ഊന്നൽ കൊടുത്ത് കൊടുത്തുകൊണ്ട് രചിക്കപ്പെട്ടിട്ടുള്ള ഏണിപ്പടികൾ കഥാപാത്രകേന്ദ്രിതമായ തകഴിയുടെ മികച്ച കൃതിയാണ്"[13] (1999:77).

പുരുഷ കഥാപാത്രകേന്ദ്രിതമായ ഈ നോവലിലെ സ്ത്രീ കഥാപാത്രങ്ങൾ ആണധികാരത്തിന്റെ മുന്നിൽ കീഴ്പ്പെടാൻ തയ്യാറല്ല എന്നത് കാർത്ത്യായനിയുടെ ജീവിതത്തിലൂടെ വായിച്ചെടുക്കാം. ഭാഗ്യ ജാതകക്കാരിയായ കാർത്ത്യായനിയെ കുറിച്ചും അവളിൽ വന്ന മാറ്റത്തെ കുറിച്ചും അത്ഭുതത്തോടെയാണ് കേശവപിള്ള ചിന്തിക്കുന്നത്. തിരുവിതാംകൂറിൽ ഏറെ രാഷ്ട്രീയ കോലാഹലങ്ങൾക്കു രൂപം കൊടുക്കുകയും ഭരണ രംഗത്തെ വളച്ചൊടിക്കാനും കഴിഞ്ഞ കേശവപിള്ളയെ എതിർക്കാനും ചോദ്യം ചെയ്യാനും ആ കുട്ടനാട്ടുകാരിക്ക് കഴിഞ്ഞു എന്നുള്ളിടത്താണ് കാർത്ത്യായിനിയുടെ വിജയം. ചെയ്ത തെറ്റിന്റെ പ്രായശ്ചിത്തമായി കാർത്ത്യായനിയുടെ മുമ്പിൽ നിൽക്കുന്ന കേശവപിള്ളയുടെ കാൽക്കൽ കിടക്കുന്ന കുഞ്ഞിനെ ഒന്നെടുക്കാൻ പോലും കൂട്ടാക്കാതെ നിൽക്കുന്ന കാർത്ത്യായിനി കേശവപിള്ളയ്ക്കു നല്കാവുന്ന വലിയശിക്ഷ നല്കി കഴിഞ്ഞു. ചുരുക്കത്തിൽ ഏണിപ്പടികൾ എന്ന നോവലിന്റെ ചരിത്രപരവും രാഷ്ട്രീയവുമായ അംശത്തെ മാറ്റി വെച്ചാൽ പുരുഷ കേന്ദ്രിതമായ ലോകത്തെ നിലം പരിശാക്കിയ സ്ത്രീജീവിതങ്ങളുടെ വിജയഗാഥയായി ഏണിപ്പടികൾ എന്ന നോവലിനെ വായിച്ചെടുക്കാം.

"വിധിയുടെ നിർഭയമായ നിയമങ്ങൾ വ്യക്തിയെ അതിവേഗം ദുരന്തത്തിലേയ്ക്ക് കൂട്ടി കൊണ്ടു പേകുന്നത് തകഴി കാണിച്ചു തന്നിട്ടുണ്ട്. ഏണിപ്പടികളിലെ മുഖ്യ കഥാപാത്രിന്റെ പതനം മുഖ്യ തെളിവാണ്"[14] (1999:77).

**കുട്ടിയമ്മ-പപ്പുപിള്ള**

കേശവപ്പിള്ളയുടെ സ്വഭാവ രീതികളിൽ ഏറെ വ്യത്യസ്തമായ സ്വഭാവമാണ് അയാളുടെ അച്ഛനായ പപ്പുപിള്ളയുടേത്. തികച്ചും കുട്ടനാടൻ കർഷകന്റെ ജീവിതമാണ് പപ്പുപിള്ള നയിക്കുന്നത്. പപ്പുപിള്ളയും കുട്ടിയമ്മയും ഏതൊരു കുട്ടനാട്ടുകാരനേയും പോലെ മകന്റെ ഉൽകർഷത്തിൽ അതിയായി ആഗ്രഹിക്കുന്നു. ബി. എ.വരെ മകനെ പഠിപ്പിച്ച ആ ദമ്പതികൾക്ക് മകൻ ശ്രീ പത്മനാഭന്റെ പത്തു ചക്രം വാങ്ങുന്ന ജോലിക്കാരനായിരിക്കണം എന്നൊരാഗ്രഹമുണ്ടായിരുന്നു. നോവലിന്റെ ആരംഭം മുതൽ നോവലിന്റെ മൂന്നാം ഭാഗം വരെ ഇടയ്ക്കും മുറയ്ക്കും വന്നു പോകുന്ന പപ്പുപിള്ള-കുട്ടിയമ്മ ദമ്പതികൾക്ക് വ്യക്തമായ ജീവിത വീക്ഷണമുണ്ടായിരുന്നു. മകളുടെ ഭർത്താവിന്റെ സഹോദരിയുമായി

കേശവപ്പിള്ളയുടെ വിവാഹം ഉറപ്പിച്ചു കൊണ്ടാണ് നോവലിലേയ്ക്ക് ഈ ദമ്പതികൾ കടന്നുവരുന്നത്. മകനോട് ആലോചിക്കാതെ അവർ എടുത്ത തീരുമാനത്തെ ചൊല്ലി ഇരുവരും ഭയക്കുന്നുണ്ട്. കമ്പിയടിച്ച് കേശവപിള്ളയെ വരുത്തുകയും വന്ന ഉടൻ വിവാഹകാര്യം അറിഞ്ഞപ്പോൾ ആരോടും ഒന്നും പറയാതെ അയാൾ തിരുവനന്തപുരത്തേയ്ക്ക് മടങ്ങുകയാണ്. മകന്റെ ഈ മടക്കത്തെ തുടർന്ന് പപ്പുപിള്ളയും കുട്ടിയമ്മയും തമ്മിൽ വഴക്ക് നടന്നു. ഇന്നും നമ്മുടെ നാട്ടിലെ കുടുംബചിത്രങ്ങളിൽ കാണുന്നതുപോലുള്ള ഒരു വാക്ക് പയറ്റ്. മകനോട് ആലോചിച്ച ശേഷമേ വിവാഹത്തിനു വാക്കുകൊടുക്കാവൂയെന്നാണ് പപ്പുപിള്ളയെ കുറ്റപ്പെടുത്തികൊണ്ട് കുട്ടിയമ്മ പറയുന്നത്. കുട്ടനാടൻ കർഷകന്റെ അതേ ചങ്കൂറ്റത്തോടെ പപ്പുപിള്ള പറയുന്നു.

"എനിക്കു മനസ്സില്ലാരുന്നു. ആരാ ചോദിക്കാൻ?"

തുടർന്നു കുട്ടിയമ്മയുടെ കുടുംബവേരിനെ കുറ്റം പറയുകയാണ്.

"ഗുണം പിടിക്കാത്തവക! നിന്റെ കുടുംബം അതല്യോ?

"എന്റെ കുടുംബത്തെ പറയല്ലെന്നു ഞാൻ ഇന്നല്ലപറയുന്നു"[15].

ഇത്തരത്തിലുള്ള വഴക്കുകൾ പപ്പുപിള്ള കുട്ടിയമ്മ ദമ്പതികളുടെ ദാമ്പത്യജീവിതത്തിന്റെ മുറുക്കങ്ങളാണെന്നു പറയാം. ഓരോ വഴക്കുകൾക്കും നിമിഷങ്ങളുടെ ആയുസ്സേയുള്ളൂ. തുടർന്ന് കഞ്ഞി വിളമ്പി കൊടുക്കാനും, മുറുക്കാൻ എടുത്തു കൊടുക്കാനും തിരിയുന്ന കുട്ടിയമ്മ ഈ നോവലിന്റെ സൗന്ദര്യമാണ്. തങ്ങളുടെ ഭാവിയെ സുരക്ഷിതമാക്കാനാണ് കുട്ടിയമ്മ കേശവപിള്ളയെ കൊണ്ട് കാർത്ത്യായിനിയെ വിവാഹം കഴിപ്പിക്കുന്നത്. ഈ ചിന്ത എക്കാലത്തേയും മാതാപിതാക്കൾ പുലർത്തുന്ന കാഴ്ച്ചപ്പാടാണ്. കുട്ടിയമ്മ പറയുന്നത് അവൾ കേശവപിള്ളയുടെ സഹായം ഇല്ലാതെ തന്നെ അന്നന്നുള്ള ഭക്ഷണം അച്ഛനും അമ്മയ്ക്കും തയ്യാറാക്കി തരുമെന്നും എന്നും വൈകീട്ട് അത്താഴത്തിനുള്ള വകയുമായി നീ എത്തേണ്ട കാര്യമില്ല എന്നാണ്. കാർത്ത്യായനിയുടെ കാര്യപ്രാപ്തിയെക്കുറിച്ച് കുട്ടയമ്മയുടെ ധാരണ ഇതാണ്. ഈ ധാരണ വെച്ചു പുലർത്തുന്ന മാതാപിതാക്കൾ ഇന്നും നമ്മുടെ സമൂഹത്തിൽ കാണാം.

"ചുറ്റുപാടുകളോടുള്ള വ്യക്തിയുടെ ബന്ധം എങ്ങനെ മാനുഷികമായി തീരുന്നു എന്നാണ് തകഴി അന്വേഷിച്ചത്. അതിനാൽ ചുറ്റുപാടുകളെ ഒഴിവാക്കി

കൊണ്ട് കഥാപാത്രങ്ങളെ മനസ്സിലാക്കാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല"[16] (2017:146).

കേശവപിള്ള വിവാഹശേഷം തിരുവനന്തപുരത്തിന് മടങ്ങി. നാളുകൾക്കു ശേഷം തിരിച്ച് വരാതെ ആയപ്പോൾ കുട്ടിയമ്മയുടെ ആകുലത പെരുകുകയാണ്. ആ ചിന്തയോട് അവർ പപ്പുപിള്ളയോട് ചോദിക്കുന്നു.

"തിരുവന്തോരത്ത് ഇനി അവന് വല്ല പെണ്ണുമുണ്ടോ? "

"ഫാ ചൂലേ എന്നായിരുന്നു പപ്പുപിള്ളയുടെ മറുപടി".

തകഴിയുടെ പുരുഷ കഥാപാത്രങ്ങൾ സ്ത്രീകളോടു രോഷം പ്രകടിപ്പി ക്കാൻ വേണ്ടി പ്രയോഗിക്കുന്ന പദമാണ് 'ചൂൽ'. ഒരു നോവലും ഈ ആക്ഷേപ ത്തിൽ നിന്ന് ഒഴിവാകുന്നില്ല. മകനോട് ഉടൻ തിരിച്ചെത്താൻ ആവശ്യപ്പെട്ടു കൊണ്ട് പപ്പുപിള്ള കത്തെഴുതുകയാണ്. ആ കത്ത് തനിക്കുകൂടി വായിക്കണ മെന്ന് കുട്ടിയമ്മ ആവശ്യപ്പെട്ടു. എത്രയൊക്കെ നിർബന്ധം പറഞ്ഞിട്ടും പപ്പുപിള്ള കത്ത് കൊടുത്തില്ല. ആ അരിശം കുട്ടിയമ്മ തീർത്തത് ഇപ്രകാരമാണ്.

"മഹാപാപി എന്റെ കുഞ്ഞിനെ പ്രാകി അരം വരുത്തീരിക്കുവാരിക്കും."

"ആ കൊച്ചൻ അന്യ നാട്ടിൽ പോയി കെടക്കുവാ കണ്ടമാനം വല്ലതും എഴുതി അവന്റെ മനസ്സിനെ വെഷമം വരുത്തരുതേ അവൻ പാവമാ"[17].

പിണങ്ങുന്ന വേളയിൽ തന്നെ ഇണങ്ങാനും ഓരോപിണക്കവും ഇണക്ക ത്തിന്റെ ദൃഢത വർദ്ധിപ്പിക്കാനും ഉതകുന്നതരത്തിലായിരുന്നു അവരുടെ ദാമ്പത്യം മുന്നോട്ട് പോയിരുന്നത്. മകന്റെ വിവാഹ വിഷയത്തെച്ചൊല്ലി പപ്പുപിള്ള വീണ്ടുവിചാരം നടത്തുകയും വിഷമിപ്പിക്കുകയും ചെയ്യുമ്പോൾ ഭർത്താവിനെ ആശ്വസിപ്പിക്കുകയാണ് കുട്ടിയമ്മ.

"വല്ല അബദ്ധമായിപ്പോയി".

"ഉം? എന്താ".

"അവനോട് ചോദിക്കേണ്ടതായിരുന്നു".

"ഓ എന്തിനാ? ഒരു ദോഷം വരത്തില്ല"[18].

ഇത്തരത്തിൽ ഒരാളുടെ വേദനയിൽ പങ്കു ചേരുന്ന മറ്റൊരാൾ. ഇത്തരത്തിലുള്ള ദാമ്പത്യമായിരുന്നു കുട്ടിയമ്മ-പപ്പുപിള്ളയുടേത്. സ്ത്രീകളുടെ തനത് സ്വഭാവമെന്ന് വിശേഷിപ്പിക്കുന്ന ചില വസ്തുതകളെ കുറ്റപ്പെടുത്തുകയാണ് പപ്പുപിള്ള. കേശവപിള്ള നാട്ടിലേയ്ക്ക് തിരിച്ചു വന്നപ്പോൾ കുട്ടിയമ്മ പറയുന്നു.

"എന്റെ പൊന്നുമോൻ വന്നു. പരമദ്രോഹികള് എന്തെല്ലാം പറഞ്ഞുണ്ടാക്കി".

പപ്പുപ്പിള്ള ദേഷ്യപ്പെട്ടു.

"തേങ്ങാക്കുല പറഞ്ഞുണ്ടാക്കി! വായിൽ നാക്കു കിടക്കുകയില്ല"[19].

ഇത്തരത്തിലുള്ള പരസ്പര കുറ്റപ്പെടുത്തലുകൾ നിറഞ്ഞതായിരുന്നു പപ്പുപ്പിള്ള-കുട്ടിയമ്മ ദാമ്പത്യം.

മകന്റെ ഉദ്യോഗം അതിരുവിട്ട വഴികളിലൂടെ സഞ്ചരിക്കുന്നു എന്നറിഞ്ഞപ്പോൾ മകനെ ഉപദേശിക്കുന്നു കുട്ടിയമ്മ ഈ സന്ദർഭം നോക്കുക.

"അതുമഹാദ്രോഹമാമകാനേ, അതിനൊന്നുമല്ല ശ്രീ പത്മനാഭന്റെ പത്തു ചക്രം മേടിക്കുന്നത് പ്രജകളെ രക്ഷിക്കാനാണ്"[20].

തങ്കമ്മയുമായുള്ള ബന്ധത്തെ ചോദ്യം ചെയ്ത് സംസാരിക്കുന്ന കുട്ടിയമ്മയോട് കേശവപ്പിള്ള തട്ടികയറുന്നു. അമ്മയ്ക്കിതൊക്കെ അറിഞ്ഞെട്ടെന്തുവേണം? ആവശ്യമില്ലാത്തതിൽ ഇടപെടരുത്.

അമ്മയ്ക്കെതിരെ തിരിഞ്ഞ മകനോട് പപ്പുപിള്ള പറയുന്നു "എടാ, എടാ നീ വലിയാളാ സമ്മതിച്ചു നിന്റെ ദേഷ്യമൊക്കെ അങ്ങു വച്ചേരെ പറഞ്ഞേക്കാം"[21].

മകനുമായുള്ള അഭിപ്രായഭിന്നത രൂക്ഷമായപ്പോൾ പപ്പുപിള്ള പറയുന്നത് ഇപ്രകാരമാണ്.

"പുകഞ്ഞകൊള്ളി പുറത്തുപോകട്ടെടി. നമ്മക്കു കഴിയാനുള്ളതുണ്ട്. അവന്റെ കൊട്ടാരോം നെലോം പണോം പ്രതാപോം ഒന്നും വേണ്ടടി പോകാൻ പറ"[22].

ഏത് പ്രതിസന്ധിയിലും ഒറ്റക്കെട്ടായി നിൽക്കുന്ന ഭാര്യ-ഭർതൃ ജീവിതമായിരുന്നു ഇവരുടേത്. പപ്പുപിള്ള-കുട്ടിയമ്മ ദമ്പതികൾ ആർക്കുവേണ്ടി ജീവിച്ചുവോ

ആ ആളോടുള്ള ജനങ്ങളുടെ പ്രതികാരത്തിൽ കെട്ടടങ്ങാനായിരുന്നു പപ്പുപിള്ള യുടെ വിധി. സന്ധ്യയ്ക്ക് മുറ്റത്ത് നാമം ചൊല്ലി കൊണ്ട് നടന്നിരുന്ന പപ്പുപിള ളയെ ഇരുളിന്റെ മറവിൽനിന്ന് ആരോ കുത്തിവീഴ്ത്തി. പപ്പുപിള്ളയുടെ മരണത്തെ തുടർന്ന് ബോധം നഷ്ടപ്പെട്ട കുട്ടിയമ്മയുടെ കണ്ണുകൾ തുറന്നത് കേശവപ്പിള്ള വന്നു എന്ന് കേട്ടപ്പോഴാണ്. കണ്ണു തുറന്ന അവരുടെ പ്രതികരണം ഇങ്ങനെയായി രുന്നു.

“നീ കൊന്നു നീ അച്ഛനെ കൊന്നു. എന്തിനാടാ ആ പാവത്തിനെ കൊന്നത്? എന്റെ ഇണ പോയി”[23].

ഇണയും തുണയുമായി പരസ്പരം കൊണ്ടും കൊടുത്തും ജീവിച്ചദമ്പതി മാരായിരുന്നു പപ്പുപിള്ള-കുട്ടിയമ്മ ദമ്പതികൾ. അധികനേരം കഴിയുന്നതിനു മുമ്പേ കുട്ടിയമ്മയും പപ്പുപിള്ളയുടെ വഴി സ്വീകരിച്ചു. ആ കണ്ണുകൾ എന്നന്നേക്കു മായി അടഞ്ഞു. നാട്ടുകാർക്കും വീട്ടുകാർക്കും പ്രിയപ്പെട്ടതായിരുന്ന ആ ദാമ്പത്യം ഒന്നിച്ചു തന്നെ പൊലിഞ്ഞു.

നാടിന്റെ അടയാളമായിരുന്നു പപ്പുപിള്ളയും-കുട്ടിയമ്മയും. ഈ വസ്തു തയെ പരാമർശിച്ചു കൊണ്ട് നോവലിസ്റ്റ് പറയുന്നത് ഇപ്രകാരമാണ്.

“അടുത്ത ദിവസം മുതൽ പച്ചപ്പുതപ്പും പുതച്ച്, തലയിൽ തോർത്തും കെട്ടി വടിയും കുത്തിപിടിച്ച് പാടത്തിന്റെ വരമ്പത്ത് കൂടി നടക്കുന്ന ആ രൂപം കാണണ്ട. എവിടെയെങ്കിലും ഒരു പെണ്ണിന് പേറ്റു നോവെന്നു കേൾക്കുമ്പോൾ പുറംതാറെ ടുത്ത് തോർത്തു കൊണ്ടു പൂരാടപ്പുതയും പുതച്ച് എവിടേയും കയറിച്ചെല്ലുന്ന കുട്ടിക്കൊച്ചമ്മയെയും ഇനിയും കാണണ്ട”[24].

നോവലിന്റെ ഇതിവൃത്തത്തിനപ്പുറം നാട്ടിൽ ജീവിച്ചിരുന്ന ചില നന്മമര ങ്ങളെ വരുംകാലത്തിന് കാണിച്ചു കൊടുക്കാൻ തകഴി ശിവശങ്കരപിള്ള എന്നും ശ്രദ്ധിച്ചിരുന്നു. അതിനുദാഹരണമാണ് ഈ നോവലിലെ പപ്പുപിള്ള കുട്ടിയമ്മ ദമ്പ തികൾ. കൃഷിക്കാരന്റെ കാർക്കശ്യവും പിതൃവാത്സല്യത്തിന്റെ മുഖവും പപ്പുപി ള്ളയിൽ പ്രകടമായിരുന്നു. നാട്ടിൻപുറത്തിന്റെ കൊച്ചു കൊച്ചു ഇണക്കങ്ങൾക്കും പിണക്കങ്ങൾക്കുമപ്പുറം കുടുംബത്തോടൊപ്പം നാടിനെയും സ്വജീവിതത്തിൽ കൊരുത്തിയിട്ട ജീവിതമായിരുന്നു കുട്ടിയമ്മയുടേത്. ചുരുക്കത്തിൽ കേശവപിള്ള എന്ന കഥാപാത്രത്തിന്റെ ഉദയവും അസ്തമയവും സൂചിപ്പിക്കുന്ന ഈ നോവലിന്റെ പാർശ്വഭാഗങ്ങളിൽ അസ്തമിക്കാതെ ജീവിക്കുന്ന കഥാപാത്രങ്ങളാണ് പപ്പുപി ള്ള-കുട്ടിയമ്മ ദമ്പതികൾ.

**ഭഗീരഥയമ്മ - ശേഖരപിള്ള**

ഏണിപ്പടികൾ എന്ന നോവലിൽ ചരിത്രവും രാഷ്ട്രീയവും കുറേ സത്യങ്ങളെ പങ്കുവെയ്ക്കുമ്പോൾ ഈ റിയലിസ്റ്റിക് ആശയങ്ങളിൽ കഥാംശങ്ങളെ നിറക്കുന്ന നിരവധി മുഹൂർത്തങ്ങൾ കാണാം. അത്തരം മുഹൂർത്തങ്ങളിൽ ചിലതാണ് ഈ നോവലിലെ കുടുംബപരവും, ദാമ്പത്യപരവുമായ പരാമർശങ്ങൾ. നോവലിലെ പ്രധാന കഥാപാത്രങ്ങളിലൊന്നായ തങ്കമ്മയുടെ കുടുംബസംവിധാനത്തെ സജീവമാക്കുന്ന കഥാപാത്രങ്ങളാണ് തങ്കമ്മയുടെ മാതാപിതാക്കളായ ഭഗീരഥിയമ്മയും ശേഖരപിള്ളയും. ഭോഗാസക്തിയുടെ സ്ത്രീ രൂപമായി തങ്കമ്മയെ അവതരിപ്പിക്കുമ്പോഴും സാത്വിക പരിവേഷത്തിന്റെ ആൾരൂപങ്ങളായി ഭാഗീരഥിയമ്മയും ശേഖരപിള്ളയും നോവലിൽ സ്ഥാനം പിടിക്കുന്നു. ആചാരങ്ങൾ തെറ്റിക്കാത്ത മാതൃകാസ്ത്രീരത്നത്തിന് ഉദാഹരണമായിട്ടാണ് ഭാഗീരഥിയമ്മയെ നോവലിൽ അവതരിപ്പിക്കുന്നത്. കേശവപിള്ള ആദ്യസന്ദർശനത്തിന് തങ്കമ്മയുടെ വീട്ടിൽ എത്തിയിരിക്കുകയാണ്. കേശവപിള്ളയുടെ മുന്നിൽ വരാതെ വാതിൽ മറഞ്ഞു നിൽക്കുകയാണ് ഭഗീരഥിയമ്മ. ഇതിനെകുറിച്ച് ശേഖരപിള്ള പറയുന്നത്. തിരുവനന്തപുരത്തുകാർക്ക് ഒരു ന്യായമുണ്ടെന്നും അമ്മാവിയും മരുമകനും തമ്മിൽ മുഖത്തോടു മുഖം കണ്ടുകൂടാ എന്നും അതുകൊണ്ടാണ് ഭഗീരഥി മറഞ്ഞു നിൽക്കുന്നത് എന്നുമാണ്. ശേഖരപിള്ളയുടെ വാത്സല്യം ഭാജനമാണ് തങ്കമ്മ. കേശവപിള്ളയുമായുള്ള മകളുടെ വിവാഹം ആ ദമ്പതിമാർ മനസ്സിൽ ഉറപ്പിച്ചു കഴിഞ്ഞു. അവരുടെ പിന്നീടുള്ള ഒരോ നീക്കവും കേശവപിള്ളയെ ജാമാതാവായി കണ്ടുകൊണ്ടുള്ളതാണ്. കേശവപിള്ളയ്ക്ക് ഉദ്യോഗകയറ്റം ലഭിക്കുവാൻ ശേഖരപിള്ളയുടെ സഹോദരൻ കൃഷ്ണപിള്ളവഴി ശ്രമിക്കണമെന്നും ഭഗീരഥയമ്മ പറയുന്നത് ഈ ഉദ്ദേശം മുന്നിൽ കണ്ടുകൊണ്ടാണ്.

“പെട്ടെന്ന് ചെന്ന് പറഞ്ഞില്ലെങ്കിൽ അവടെ വേറെ ആളു നിയമിക്കും. കല്ല്യാണ നിശ്ചയവും ഒക്കെ കഴിഞ്ഞിട്ടെന്നു വച്ചാൽ നിലാവുദിക്കും വരെ പന്നി നില്ക്കുകയില്ല”[25].

കേശവപിള്ള തങ്കമ്മയുടെ വീട്ടിൽ നിന്ന് യാത്ര പറഞ്ഞിറങ്ങുമ്പോൾ ഭഗീരഥിയമ്മയുടെ ആശംസയും ഈ ഉദ്ദേശത്തോടെത്തന്നെയാണ്.

“നിങ്ങൾ ഐശ്യര്യമായി യോജിപ്പോടെ എന്നും ഇരുന്നാൽ മതി”[26].

കേശവപിള്ളയോടും തങ്കമ്മയോടുമുള്ള ജീവിതാംശസയാണ് ഭഗീരഥിയമ്മയുടെ വാക്കുകളിൽ.

"തകഴിയുടെ കഥാചിത്രങ്ങളിൽ പുതുനെല്ലിന്റേയും പുളിയിലകരയൻ നേര്യേതിന്റേയും സ്വഭാവമുണ്ട്. ഗൗരവമേറിയ സ്വഭാവപഠനങ്ങൾ തകഴിയുടെ സാഹിത്യത്തിൽ നാം വായിക്കുന്നു. വൈരുദ്ധ്യപൂർണ്ണമായ മാനസിക പ്രശ്നങ്ങൾ അദ്ദേഹം അപഗ്രഥിക്കുന്നത് കാണാം കഥാപാത്രങ്ങളുടെ മനോവ്യാപാരങ്ങൾ യഥാർത്ഥ്യം കണ്ടെത്താനുള്ള ശ്രമം എന്ന നിലയിൽഅവതരിപ്പിക്കുന്ന രീതി സ്റ്റെന്താളിന്റെ മാർഗ്ഗങ്ങളെ ഓർമിപ്പിക്കുന്നു. തകഴി കഥയ്ക്ക് സാമൂഹ്യശാസ്ത്രത്തിന്റെ ആധികാരകത നൽകി"[27] (2000:134).

ശേഖരപിള്ളയ്ക്ക് ഭാര്യയെക്കുറിച്ചും മകളെക്കുറിച്ചും വലിയ അഭിപ്രായമാണ്. കേശവപിള്ളയോട് ഭഗീരഥയമ്മയെകുറിച്ച് ശേഖരപിള്ള പറയുന്നത് ഇപ്രകാരമാണ്.

"പകൽ സ്ത്രീകൾ ഉറങ്ങുന്നത് ഐശ്വര്യകുറവാണ്. പാടില്ലാത്തതാണ്. ഇപ്പോഴത്തെ പെണ്ണുങ്ങൾക്ക് അതിലൊന്നും വിശ്വാസമില്ല. പക്ഷേ ഞാൻ എന്റെ വീട്ടിൽ ഇതൊന്നും സമ്മതിക്കുകയില്ല"[28].

"വീട്ടിൽ ജോലിയുണ്ടെങ്കിൽ ഉറക്കം വരികയില്ല. കടുത്ത ക്ഷീണമാണെന്ന് വയ്ക്കുക എന്നാലും കണ്ണടയുന്നില്ല"[29].

ഈ ചട്ടപ്രകാരം കുടുംബം മുന്നോട്ട് കൊണ്ടുപോകുന്ന ഗൃഹനാഥനാണ് താനെന്ന് സ്ഥാപിക്കുകയാണ് ശേഖരപ്പിള്ള. തങ്കമ്മയെക്കുറിച്ച് ഏറെ താൽപര്യത്തോടെ ശേഖരപിള്ള പറയുന്നു, വളരെ ചിട്ടയോടെയാണ് അവളെ വളർത്തിയതെന്ന്. അടക്കവും ഒതുക്കവും പഠിപ്പിച്ച് വടക്കരുടെ രീതിയിലാണ് അവളെ വളർത്തിയതെന്ന്. ഇവിടെ മക്കളെ വളർത്തുന്നതിനും, അവരുടെ ശിക്ഷണത്തിനും വടക്കുകിഴക്ക് ചിട്ടകളെ പ്രോത്സാഹിപ്പിക്കുന്ന സാമൂഹ്യ വ്യവസ്ഥിതിയെ ചൂണ്ടിക്കാണിക്കുകയാണ് കഥാകൃത്ത്. തെക്കനായ ശേഖരപിള്ള വടക്കരുടെ ചിട്ടവട്ടങ്ങളെയാണ് ഇഷ്ടപ്പെട്ടിരുന്നതെന്ന് നോവലിസ്റ്റ് ഇതിൽ ചൂണ്ടിക്കാണിക്കുന്നു.

ഇവിടെ തകഴി, ഭഗീരഥിയമ്മ ശേഖരപിള്ള ദമ്പതികളിലൂടെ ആചാരമര്യാദകൾ കടുകിട തെറ്റിക്കാത്ത ഒരു കുടുംബചിത്രം നോവലിൽ കൊണ്ടുവരികയാണ്. മരുമക്കത്തായ വ്യവസ്ഥയോട് താല്പര്യമുള്ള തകഴിയ്ക്ക് ഭഗീരഥിയമ്മ ശേഖരപിള്ള ദമ്പതികളുടെ സൃഷ്ടിയിൽ നവോത്ഥാന ചിന്തകളുടെ സ്വാധീനം പുലർത്തിയിട്ടില്ല എന്നു പറയാം.

**ഭഗവതി കൊച്ചമ്മ - കൃഷ്ണൻ നായർ**

സമൂഹത്തിലെ കീഴ്ത്തട്ട് മേൽത്തട്ട് കുടുംബ ജീവിതങ്ങളെ നോവലിൽ ആവിഷ്കരിച്ച സാഹിത്യകാരനാണ് തകഴി ശിവശങ്കരപിള്ള. തകഴി ഈ കൃതി കൾക്ക് പശ്ചാത്തലമൊരുക്കുമ്പോൾ കുടുംബ സംവിധാനം നോവലിന്റെ ഇതിവൃ ത്തത്തെ ബലപ്പെടുത്താനോ, അസ്ഥിരപ്പെടുത്താനോ ഉണ്ടാകും. ബ്യൂറോക്രസ്സി യിലെ നാൾവഴികളെ പരിചയപ്പെടുത്തുന്ന ഏണിപ്പടികൾ എന്ന നോവലിൽ കാണുന്ന ദമ്പതിമാരാണ് കൃഷ്ണപിള്ളയും ഭഗവതി കൊച്ചമ്മയും. പിൻവാതിൽ നിയമനത്തിലൂടെ ഭരണത്തിന്റെ ഉന്നതിയിലെത്തിയ കൃഷ്ണപിള്ള ഭാര്യ ഭഗവതി കൊച്ചമ്മയുടെ കൈയ്യിലെ പാവയാണ്. ഭാര്യ അയച്ചു വിടുന്നതിനും മുറുക്കുന്നതി നുമനുസരിച്ച് പാവകൂത്ത് നടത്തുന്ന കൃഷ്ണപിള്ള വായനക്കാരുടെ സഹതാപം ഏറ്റ് വാങ്ങുന്ന കഥാപാത്രമാണ്. ഇത്തരത്തിലുള്ള സ്വഭാവ രീതികളും ആശയ ങ്ങളും സമന്വയിച്ചനിരവധികഥാപാത്രങ്ങളെ ഏണിപ്പടികൾ എന്ന നോവലിൽ കാണാം. ദീർഘമായ വ്യാഖ്യാനത്തിന് ഒരുമ്പെടാതെ –കൊച്ചു ഖണ്ഡികകളി ലൂടെ, കൊച്ചു കൊച്ചു വാക്യങ്ങളിലൂടെ ഇത്തരം കഥാപാത്രങ്ങളുടെ ശാരീരി ക-മാനസിക വ്യാപാരങ്ങളെ പരിചയപ്പെടുത്തുകയാണ് തകഴി ശിവശങ്കരപിള്ള.

"തകഴി ആശയങ്ങളുടെ ചരിത്രകാരനാണ് ആശയങ്ങളുടെ ഖണ്ഡികകൾ അദ്ദേഹം നേരിട്ട് അവതരിപ്പിക്കാറില്ല. എന്നാൽ അദ്ദേഹം സൃഷ്ടിക്കുന്ന രാഷ്ട്രീയ സംഭവങ്ങളും ചരിത്ര സംഭവങ്ങളും ഒരോ ആശയങ്ങളെ ആഖ്യാനം ചെയ്യാറുണ്ട്. ഈ ആഖ്യാനത്തിലൂടെയാണ് തകഴി ചരിത്രത്തിന്റെ തത്വചിന്തകനാ കുന്നത്"[30] (2007:140).

കുടുംബ ചരിത്രത്തിന്റെ തത്വചിന്തകൾ പരിശോധിച്ചാൽ കൃഷ്ണപിള്ള - ഭഗവതി കൊച്ചമ്മ കുടുംബത്തിന്റെ മനോവ്യാപാരങ്ങൾ സ്വാർത്ഥതയിൽ അധി ഷ്ഠിതമാണെന്നു കാണാം. അതിൽ തന്നെ ഭഗവതികൊച്ചമ്മയയുടെ വാക്കുകളി ലൂടെ മാത്രം നടന്ന് നീങ്ങുന്ന ഒരു പാവം ഭർത്താവായി കൃഷ്ണപിള്ള മാറുന്നു. തന്നെ ഈ വിധം പാവകളിപ്പിക്കുന്നതിനോടുള്ള രോഷം ഇടയ്ക്കിടെ കൃഷ്ണപി ള്ള പ്രകടിപ്പിക്കുന്നുണ്ട്. കൃഷ്ണപിള്ളയുടെയും ഭഗവതികൊച്ചമ്മയുടെയും പൂർവ്വ ചരിത്രത്തെ കുറിച്ച് നോവലിൽ സൂചിപ്പിക്കുന്നത് ഇങ്ങനെയാണ്.

"നായർ പട്ടാളത്തിൽ ശിപായിമാരായിട്ട് കുമാരപിള്ളയെന്നും അന ന്തൻപിള്ളയെന്നും രണ്ടുപേരുണ്ടായിരുന്നു ചേട്ടാനജുന്മാർ. അവർക്ക് ഒരു ഭാര്യയു

മുണ്ടായിരുന്നു. അങ്ങനെ നമ്മുടെ ചീഫ് സെക്രട്ടറിയ്ക്ക് രണ്ടച്ഛന്മാരാണ് ഉള്ള ത്"[31].

"പണ്ട് ഇവിടെ ഒരു പേഷ്കാരുണ്ടായിരുന്നു, ആ സ്ത്രീയാണെങ്കില് ചാല യിലുള്ള ഒരു പട്ടാണിയുടെ മകളാണെന്നാണ് പറയുന്നത്. രായർക്ക് കുതിരക്കാ രന്റെ ഭാര്യയിലുണ്ടായ മകളാണ് ചീഫ് സെക്രട്ടറിയുടെ ഭാര്യ" [32].

ചീഫ് സെക്രട്ടറിയായ കൃഷ്ണൻ നായരുടെയും ഭഗവതികൊച്ചമ്മയുടെയും കുടുംബചരിത്രമാണിത്. കേശവപിള്ളയുടെ ഉദ്യോഗകയറ്റവുമായി ബന്ധപ്പെട്ട ഇട ങ്ങളിലാണ് കൃഷ്ണപിള്ളയുടെ കുടുംബത്തിന്റെ വിശകലനം നോവലിൽ കടന്നു വരുന്നത്. ഗുമസ്ഥനായ കേശവപ്പിള്ളയെ പേഴ്സണൽ സ്റ്റാഫിന്റെ ഒഴിവിൽ നിയ മിക്കാൻ ശുപാർശയുമായി ചേട്ടനായ ശേഖരപിള്ള കൃഷ്ണപിള്ളയെ തേടി ചെല്ലു ന്നുണ്ട്. തങ്കമ്മയുമായുള്ള കേശവപിള്ളയുടെ വിവാഹാലോചനയുടെ ഉറപ്പിലാണ് ശേഖരപിള്ളയുടെ താല്പര്യപ്രകാരം ചീഫ് സെക്രട്ടറി കൃഷ്ണൻനായർ പാർക്ക് വ്യൂവിൽ കേശവപിള്ളയെ നിയമിച്ചത്. എന്നാൽ ഭർതൃസഹോദരകുടുംബത്തോടു ള്ള ഭഗവതികൊച്ചമ്മയുടെ അഭിപ്രായം ഇപ്രകാരമാണ് അവർ വെളിപ്പെടുത്തുന്ന ത്.

"അഴുക്ക കൂട്ടങ്ങളാണ് കേശവപിള്ളേ അഴുക്കകൂട്ടങ്ങൾ! എനിക്കറിയാം ഞാൻ പല്ലിടകുത്തിമണപ്പിക്കുകയാണ്. ഒരു അന്തസ്സും അഭിമാനവും ഇല്ലാത്ത വർ"[33].

ഭർത്താവിന്റെ കുടുംബവുമായി ഭഗവതികൊച്ചമ്മയ്ക്കുള്ള എതിർപ്പാണ് ഈ ഭാഗത്ത് പ്രകടമാകുന്നത്. ഭർതൃസഹോദരൻ വീട്ടിൽ വന്നിരിക്കുന്നു എന്ന് കേശവപിള്ള വഴി അറിഞ്ഞ് അവർ കുറേ സമയത്തിനുശേഷം ഇറങ്ങിവന്നു. അതി നുശേഷം ഭഗവതികൊച്ചമ്മയുടെ കേശവപിള്ളയോടുള്ള പ്രതികരണം ഇങ്ങനെ യായിരുന്നു.

"വളരെ നേരമായോ വന്നിരിക്കുന്നു".

കുറച്ചു നേരമായി.

"ശബ്ദം കേട്ടു,

ഇറങ്ങി പോകാൻ പറയരുതായിരുന്നു നിങ്ങൾക്ക്"[34].

ശേഖരപിള്ളയോടുള്ള അതൃപ്തി കേശവപിള്ള മുഖാന്തിരം ഭഗവതികൊച്ചമ്മ അവതരിപ്പിച്ചത് ഇങ്ങനെയാണ്. ഏണിപ്പടികളിലെ സ്ത്രീ കഥാപാത്രങ്ങളിൽ അഹങ്കാരത്തിന്റേയും സ്വജനപക്ഷത്തിന്റേയും പ്രതീകമായിട്ടാണ് ഭഗവതിയെ വ്യാഖ്യാനിക്കുന്നത്. ചീഫ് സെക്രട്ടറി പദം ഒരു മുൾകിരീടം ആയിരുന്നു കൃഷ്ണൻ നായർക്ക്. വലിയ വില കൊടുത്തു വാങ്ങിയ ആ പദവിയെ കുറിച്ച് കൃഷ്ണൻനായർ പറയുന്നത് ഇങ്ങനെയാണ്.

"ഈ പണി പറ്റില്ലെന്ന് ഞാൻ അന്നേ പറഞ്ഞതല്ലേ ഒരു സ്വൈര്യവും കാണുകയില്ലെന്ന്"[35].

ചീഫ് സെക്രട്ടറിയുടെ ഭാര്യയായി പാർക്ക് വ്യൂവിൽ താമസിക്കുക എന്നത് ഭഗവതി കൊച്ചമ്മയുടെ ആഗ്രഹമായിരുന്നു. സമാധാനം ഇല്ലാത്ത ജീവിതത്തിലേയ്ക്ക് തന്നെ തള്ളിവിട്ട ഭാര്യയെ കുറ്റപ്പെടുത്തുകയാണ് കൃഷ്ണൻ നായർ.

"എന്തിനുവേണ്ടിയാണ് ഈ ആർത്തി"[36].

ഭാര്യയും ഭർത്താവും ഈ ഉന്നത പദവിക്കുവേണ്ടി പലർക്കും പലതും കാഴ്ച്ചവെച്ചു. എന്നിട്ടും കൃഷ്ണൻ നായർക്ക് ആ പദവിയിൽ സമാധനത്തോടെ ജോലിയിൽ ചെയ്യാൻ കഴിയുന്നില്ല. കോഴ കൊടുത്ത് ഉന്നത പദവികൾ സമ്പാദിക്കുന്ന എക്കാലത്തേയും ഭരണസംവിധാനത്തിന്റെ മുഖ ചിത്രമാണ് ഇവിടെ കാണുന്നത്. പലകാഴ്ചകളും കാഴ്ച്ചപ്പാടുകളും നിരത്തിവച്ച ഏണിപ്പടികൾ എന്ന നോവലിലെ ഭഗവതികൊച്ചമ്മ കൃഷ്ണനായർ ദമ്പതികൾ വർത്തമാന കാലഘട്ടത്തിലെ ബ്യൂറോക്രാക്റ്റിക് പ്രതിനിധികളുടെ വക്താക്കളായി ജീവിക്കുന്നു.

**സമൂലപരിവർത്തനസ്ത്രീവാദത്തിന്റെ അംശങ്ങളും ഏണിപ്പടികൾ എന്ന നോവലും**

പുരുഷാധിപത്യത്തിന്റെയും വംശീയതയുടെയും ഫലമായി ആഫ്രിക്കയിൽ ഉടലെടുത്ത സ്ത്രീവാദ പ്രസ്ഥാനമാണ് ബ്ലാക്ക്ഫെമിനിസം. പുരുഷാധിപത്യവും വംശീയ അധിക്ഷേപങ്ങളും കാലദേശവ്യത്യാസമില്ലാതെ ഇന്നും സ്ത്രീസമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന അതിക്രമങ്ങളാണ്. എന്നാൽ പാരമ്പര്യനിഷേധങ്ങളുടെ സ്വഭാവം നിലനിർത്തുന്ന ദർശനമാണ് റാഡിക്കൽ ഫെമിനിസം. പരമ്പരാഗത ആണധികാരത്തെ നോക്കിക്കാണുന്നു ഏണിപ്പടികൾ എന്ന നോവലിലെ കാർത്ത്യായിനി എന്ന കഥാപാത്രം. ഈ കഥാപാത്രം ഇന്നും സമൂഹത്തോട് കാലാതീതമായ സംവാദത്തിൽ ഏർപ്പെട്ടിരിക്കുന്നത് പുരുഷാധിപത്യത്തിനു നേരേ

നേടിയ വിജയം എന്ന നിലക്കാണ്. ഏണിപ്പടികളിലെ ഓരോ കഥാപാത്രത്തിലൂടെയും യഥാർത്ഥ്യത്തിന്റെ മുഖങ്ങളാണ് തകഴി അവതരിപ്പുക്കുന്നത്. പ്രധാന കഥാപാത്രത്തോട് ചേർന്നുനിന്നുകൊണ്ട് ഈ സ്ത്രീകഥാപാത്രങ്ങൾ ഏറ്റുവാങ്ങുന്ന അവഗണനയും അവഹേളനങ്ങളും യഥാർത്ഥ സമൂഹത്തെ തന്നെയാണ് ചിത്രീകരിക്കുന്നത്.

"ചരിത്രത്തിന്റെ ചതുരംഗങ്ങളിലൂടെ മനുഷ്യവ്യക്തികളെ കരുക്കളാക്കി നീക്കുന്ന വിധിയുടെ ആധിപത്യത്തെ കുറിച്ചുള്ള കലാസൃഷ്ടിയല്ല ഏണിപ്പടികൾ. എങ്കിലും നിലനിൽക്കുന്നതിനെ കുറിച്ചുള്ള നിരീക്ഷിണമെന്ന നിലയിൽ മനുഷ്യൻ ചരിത്രത്തിന്റെ കരുക്കളായി മാറുന്നു എന്ന ആശയം ഈ നോവലിൽ പകർത്തപ്പെടുന്നുണ്ട്. പരിണാമത്തിന്റെ സ്ഥിതിയെ കുറിച്ചുള്ള ഈ നോവലിലെ കാഴ്ചപ്പാട് ഒരു തരത്തിൽ വിധി ദർശനം തന്നെയാണ്. രാഷ്ട്രീയം എന്ന പോലെ ചരിത്രവും വിധിയുടെ രൂപത്തിലാണ് നമ്മുടെ കാലഘട്ടത്തിൽ പ്രത്യക്ഷപ്പെടുന്നത്. ഈ വിധം മിത്തും, മാജിക്കും എന്ന പരിണാമത്തിന്റെ സ്ഥിതിയെകുറിച്ചുള്ള ആശയവുമാണ് തകഴിയുടെ രാഷ്ട്രീയ നോവലുകൾക്കുപോലും വശീകരണ ചാരുത നൽകുന്നത്"[37] (2000: 148).

ഭാര്യ എന്ന നിലയിൽ ഏറ്റവും കൂടുതൽ അവഗണന നേരിട്ട കഥാപാത്രമാണ് കാർത്ത്യായനി. കേശവപിള്ളയുടെ അഭിപ്രായം ആരായാതെ അയാളുടെ മാതാപിതാക്കൾ നിശ്ചയിച്ചുറപ്പിച്ച വിവാഹമായിരുന്നു അയാളുടേത്. വാർദ്ധക്യത്തിൽ തങ്ങളെ സംരക്ഷിക്കാൻ യോഗ്യതയുള്ളവൾ എന്നാണ് പപ്പുപിള്ളയും കുട്ടിയമ്മയും കാർത്ത്യായനിയ്ക്ക് നൽകിയ യോഗ്യത. ഈ യോഗ്യത മകനുവേണ്ടി വധുവിനെ തിരഞ്ഞെടുത്തപ്പോൾ അവർ അന്വേഷിയ്ക്കുകയും അത് കാർത്ത്യായിനിയിൽ കണ്ടെത്തുകയും ചെയ്തു. വധുവിന്റെയും വരന്റെയും മനസ്സറിയാതെ നടത്തുന്ന വിവാഹത്തിന്റെ സങ്കുചിതാർത്ഥം എന്താണെന്ന് കാർത്ത്യായനിയുടെ ജീവിതം കാണിച്ചു തരുന്നു. തിരുവനന്തപുരത്തെ ഉദ്യോഗവാസത്തിനിടയിലെ പ്രണയദിനങ്ങളിലൊന്നിലാണ് കേശവപിള്ള കാർത്ത്യായനിയെ വിവാഹം ചെയ്തത്. വെളുപ്പാൻകാലംവരെ ഒളിച്ചുംപാത്തും കാമുകവേഷം കെട്ടിയ കേശവപ്പിള്ള ഭാഗ്യജാതകക്കാരിയായ കുട്ടനാട്ടുകാരിയെ വിവാഹം കഴിച്ചതോടെ കാർത്ത്യായനിയുടെ ദുർദശ ആരംഭിക്കുകയായിരുന്നു. വിവാഹം കഴിഞ്ഞ അന്നുതന്നെ കാർത്ത്യായനിയോട് ഒരു വാക്കുപോലും സംസാരിക്കാതെ കേശവപിള്ള തിരുവനന്തപുരത്തിന് തിരിക്കുകയായിരുന്നു. അയൽവാസികളുടെ പരിഹാസങ്ങൾ ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട ജീവിതമായിരുന്നു കാർത്ത്യായനിയുടേത്. കല്ല്യാണത്തിന്റെ അന്നുതന്നെ കേശവപിള്ളയുടെ അയൽവാസികളിൽനിന്ന് കുറേ

അവഹേളനങ്ങൾ ഏറ്റുവാങ്ങിയാണ് കാർത്ത്യായനി കേശവപിള്ളയുടെ വീട്ടിൽ കാൽകുത്തിയത്. ഇത് കൂടാതെ കേശവപിള്ളയ്ക്ക് തിരുവനന്തപുരത്ത് മറ്റൊരു പെണ്ണുണ്ട് എന്ന വാർത്തകൂടി കാർത്ത്യായിനി കേട്ടു. വാർത്തയുടെ നിജസ്ഥിതി അന്വേഷിച്ചറിയാമെന്ന് കൂട്ടുകാരി പറഞ്ഞപ്പോൾ കാർത്യായിനിയുടെ മറുപടി അതിനെകുറിച്ച് ആരും അന്വേഷിക്കണ്ട എന്നായിരുന്നു.

തങ്കമ്മയെത്തഴഞ്ഞ് കാർത്ത്യായനിയിൽ കേശവപ്പിള്ള കാലുറപ്പിച്ചപ്പോഴും, പലവട്ടം കാർത്ത്യായിനിയോട് വിശ്വാസവഞ്ചനനടത്തുകയാണ് കേശവപിള്ള. പൊരുത്തപ്പെടലിന്റെ ജീവിതമായിരുന്നു കാർത്ത്യായിനിയുടേത്. ദീർഘകാലത്തെ ഒറ്റപ്പെടലിനുശേഷം കേശവപ്പിള്ളയ്ക്കും കാർത്ത്യായിനിക്കും ഒത്തുചേരാനായി മണിയറ ഒരുക്കിയതിന്റെ സൂചന നോക്കുക.

“വീട്ടിലെ വലിയനിലവിളക്ക് നിറച്ച് എണ്ണയുമൊഴിച്ച് കത്തിച്ച് വച്ചിരിക്കുന്നു. ആ പഴയ കയറ്റുകട്ടിലിൽ ഒരു മെത്തപ്പാവിരിച്ച് പുതിയ തലയിണയും വിരിച്ചിട്ടുണ്ട്. താഴെ നിലത്ത് ഒരു മുഷിഞ്ഞ തഴപ്പായ് വിരിച്ച് എണ്ണയും അഴുക്കും പറ്റിയതും അരികുപൊട്ടി തള്ളി നില്ക്കുന്നതുമായ തലയണ വച്ചിട്ടുണ്ട്.”[38]

സ്ത്രീക്കുംപുരുഷനും സമൂഹത്തിന്റെ മുന്നിലുള്ളസ്ഥാനമാണ് ഈ മണിയറ ഒരുക്കുന്നതിലൂടെ സൂചിപ്പിക്കുന്നത്. അവൾ എന്നും അഴുക്കിലും മെഴുക്കിലും കിടന്ന് ജീവിക്കാനുള്ളവളാണ്. അരികുപൊട്ടിയ തലയിണയാണ് അവളുടെ ആഡംബരജീവിതത്തിന്റെ ആകർഷകവസ്തു. ഇത്തരം നിരവധി അടയാളപ്പെടുത്തലിലൂടെ സ്ത്രീസമൂഹത്തെ അടക്കിഭരിച്ചിരുന്ന പുരുഷലോകത്തെ കാണാൻ കഴിയും. ഇത്തരം കാഴ്ച്ചകൾക്ക് അവസാനം ഒരുക്കാനാണ് പാശ്ചാത്യ നാടുകളിൽ ആവിർഭവിച്ച സമൂലപരിവർത്തന പ്രസ്ഥാനങ്ങൾ ഒരു പരിധിവരെ ശ്രമിച്ചത്. ഈ ചിന്താപദ്ധതിയിലൂടെ നവോത്ഥാനനോവലുകളെ തകഴി ഒരുക്കിയത് സാമൂഹികമായ ഉണർവിന് കാരണമായി. തിരുവിതാംകൂറിനെ അടക്കിഭരിച്ച കേശവപിള്ളയെ വരുതിയിലാക്കാൻ നോവലിന്റെ അവസാനഘട്ടത്തിൽ കാർത്ത്യായിനിയ്ക്കു കഴിഞ്ഞിട്ടുണ്ടെങ്കിൽ അത് തകഴിയുടെ മനസ്സിൽ നാമ്പിട്ട സ്ത്രീശാക്തീകരണത്തോടുള്ള പ്രതിപത്തിയാണ് എന്നു പറയാം.

ഏണിപ്പടികൾ എന്ന നോവലിലെ കേന്ദ്രകഥാപാത്രമായ കേശവപ്പിള്ളയുടെ അമ്മ, കുട്ടിയമ്മ പുരുഷന്റെ അടിച്ചമർത്തലിനും അവഹേളനത്തിനും വഴങ്ങാത്ത സ്ത്രീയാണെന്ന് കാണാം. ഭർത്താവായ പപ്പുപിള്ളയുടെ കുറ്റപ്പെടുത്തലുകൾക്കും പരിഹാസത്തിനും അവർ കൃത്യമായ മറുപടിനൽകുന്നു. ഭർത്താവിനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന സ്ത്രീയായിട്ടാണ് നോവലിൽ

കുട്ടിയമ്മയുടെ സ്ഥാനം. എന്നാൽ തന്റെ ഇടങ്ങളിൽ കടന്നുകയറി ആക്രമിക്കുന്ന ആണധികാരത്തിന്റെ വാക്ശരങ്ങളെ നേരിടുന്ന കഥാപാത്രമാണ് കുട്ടിയമ്മ. മധ്യ വർഗ്ഗ, ഉപരിവർഗ്ഗ സമൂഹങ്ങൾ രൂപപ്പെടുത്തിയിട്ടുള്ള ആൺകോയ്മകൾ ആവി ഷ്കരിക്കുകയും അതിനോടുള്ള പ്രതിഷേധങ്ങളും വിധേയത്വവും ആവിഷ്ക്കരി ക്കുകയും ചെയ്യുന്നു തകഴി. ഓരോ അവഹേളനത്തിനും ചാട്ടുളിപോലെ പ്രതിക രിക്കുന്ന കുട്ടിയമ്മ ഒരളവോളം ഈ അധികാരരൂപങ്ങളോടുള്ള വിമർശനമാണ് നട ത്തുന്നത്.

**പരിവർത്തനവും കാഴ്ച്ചപ്പാടും**

ആണധികാരത്തിന്റെ അടിച്ചമർത്തലുകളെക്കുറിച്ചുള്ള പ്രതിപാദനമാണ് റാഡിക്കൽ ഫെമിനിസത്തിന്റെ കാതൽ. സമൂലപരിവർത്തന സ്ത്രീവാദം എന്നാ ണല്ലോ ഇതിനെ വിളിച്ചുവരുന്നത്. സോഷ്യലിസ്റ്റ് ഫെമിനിസം പങ്കുവെയ്ക്കുന്നത് സാമ്പത്തികമായി സ്വയംപര്യാപ്തമല്ലാത്ത സ്ത്രീകളുടെ നേരെ പുരുഷന്മാർ ചെയ്ത്കൂട്ടുന്ന അതിക്രമങ്ങളെ കുറിച്ചാണ്. സ്ത്രീ സ്വയംപര്യാപ്തയാകണമെ ങ്കിൽ സാമ്പത്തികസുരക്ഷിതത്വം വേണമെന്ന് സോഷ്യലിസ്റ്റ്ഫെമിനിസം വിഭാ വനംചെയ്യുന്നു. ഏണിപ്പടികൾ എന്ന നോവലിൽ തുടക്കംമുതൽ ഒടുക്കംവരെ സാമ്പത്തികസുരക്ഷിതത്വം ഏറെയുള്ള കഥാപാത്രമാണ് തങ്കമ്മ. നോവലിന്റെ തുടക്കത്തിൽ തങ്കമ്മയിൽ നിന്നും പണം കടംവാങ്ങിയയാണ് കേശവപ്പിള്ള അയാ ളുടെ ജീവിതാവശ്യങ്ങൾനിറവേറ്റിയത്. തങ്കമ്മയ്ക്കുണ്ടായിരുന്ന തൊഴിലാണ് സാ മ്പത്തികമായസ്വാതന്ത്ര്യംനേടാൻ അവളെസഹായിച്ചത്. ഇവിടെ ജോലി സാമ്പത്തി കമായ സുരക്ഷിതത്വത്തിന്റെ ഭാഗമായി വരുന്നു. ഇത്തരത്തിലുള്ള സുരക്ഷിതത്വം കൈവരുമ്പോൾ സ്ത്രീകൾ സ്വതന്ത്രമായി ചിന്തിക്കാൻ തുടങ്ങും. അതുവഴി തങ്ങൾക്ക് തടസ്സമായിനിൽക്കുന്ന അധികാരവ്യവസ്ഥകളെ തട്ടിത്തെറിപ്പിക്കാനുള്ള പ്രവണത അതിൽ തന്നെ ഉണ്ടാവുകയും ചെയ്യും.

പപ്പുപിള്ള കുട്ടിയമ്മ കുടുംബത്തിന്റെ വരുമാനം കൃഷിയിൽനിന്നുള്ളത് മാത്രമായിരുന്നു. ആ വരുമാനത്തിന്റെ അധിപൻ പപ്പുപിള്ള മാത്രമായിരുന്നു. പപ്പു പിള്ളയുടെ നിഴൽപറ്റിജീവിക്കുന്ന കുട്ടിയമ്മയ്ക്ക് സാമ്പത്തികമായി സ്വതന്ത്രമാ കണം എന്ന ചിന്ത കടന്നുവരുന്നേയില്ല. എന്നാൽ ശ്രീ പദ്മനാഭന്റെ പത്തു ചക്രം മകനുകിട്ടണമെന്ന് അവർ ആഗ്രഹിക്കുന്നുമുണ്ട്. ഇത്തരം ചിന്തകളെ ചുറ്റിപ്പറ്റി ജീവിച്ച കാർത്ത്യായിനിയ്ക്കും സാമ്പത്തികമായി സ്വതന്ത്രയാവണമെന്ന ചിന്ത യില്ല. അത്തരമൊരു സന്ദർഭം നോക്കുക:

ഭജനമഠത്തിന്റെ പിരിവിനായി വന്ന സ്ത്രീകൾക്ക് പിരിവ് നൽകാത്തതിനെ കുറിച്ച് കാർത്ത്യായിനി പറയുന്ന അഭിപ്രായം ഇതിനെ ശരിവയ്ക്കുന്നതാണ്.

"ഞാൻ ഇന്നുവരെ അങ്ങനെ കാശെടുത്തിട്ടില്ല. വീട്ടിൽവച്ചും എല്ലാ കാശും ചെലവും അച്ഛനാ കൈകാര്യം ചെയ്തോണ്ടിരുന്നത്. അമ്മ പോലും കാശ് തൊട്ടി ട്ടില്ല എനിക്കതേ അറിയാവു. പെണ്ണുങ്ങളാണോ പണവും നെല്ലും കൊടുക്കു കയേം വാങ്ങിക്കുകയേം ചെയ്യുന്നത്? എനിക്കത് അറിയാൻമേല ഞാൻചെയ്തിട്ടി ല്ല. ഇനി ഒട്ടും ചെയ്യുകയുമില്ല. അതൊക്കെ ആണുങ്ങള്ചെയ്യേണ്ടതാ."[39]

സാമ്പത്തികസ്വാതന്ത്ര്യം ആണുങ്ങൾക്കുമാത്രം എന്ന ചിന്തയാണ് കാർത്ത്യായിനിയിൽ ഉണ്ടായിരുന്നത്. തങ്കമ്മയെപോലെ സ്വതന്ത്രമായി ചിന്തി ക്കാനും പ്രവർത്തിക്കാനും കാർത്ത്യായനിയ്ക്ക് കഴിയാതെവന്നതാകാം അവളുടെ പാരതന്ത്ര്യത്തിനുള്ളകാരണം. പിന്നീട് സാമ്പത്തികം കുമിഞ്ഞുകൂടിയിട്ടും അതിൽനിന്ന് ഒരു ചക്രോം എടുക്കാത്ത കാർത്ത്യായിനിയിൽ പാരമ്പര്യ സം രക്ഷകയുടെ രൂപമാണ് തെളിഞ്ഞു നിൽക്കുന്നത്. അതേ സമയം സാമ്പത്തിക സ്വാതന്ത്ര്യം ഉള്ളതുകൊണ്ട് മാത്രമാണ് തന്റെ ഓഹരി കൊടുത്ത് ഭജനമഠത്തിൽ ചേക്കേറാൻ പത്മാവതിയമ്മക്ക് കഴിഞ്ഞത്. സമൂഹപരിവർത്തനത്തെ നിരാകരി ക്കുന്ന കഥാപാത്രങ്ങൾ പലപ്പോഴും മാറിചിന്തിക്കാൻ ബുദ്ധിമുട്ടുള്ളവരും യഥാ സ്ഥിതിക ആശയങ്ങളെ മുറുകെ പിടിക്കുന്നവരുമായിരിക്കും.

സ്ത്രീസ്വാതന്ത്രത്തിന്റെ പാതയിൽ മുന്നേറാൻ സ്ത്രീവാദപ്രസ്ഥാനങ്ങളിൽ ഊന്നിയ പലതരം വാദമുഖങ്ങൾ നിലനിൽക്കുന്നുണ്ട്. ഈ വാദമുഖങ്ങൾ സമൂഹ ത്തിന്റെ കാഴ്ച്ചപ്പാടിനെ മാറ്റി മറിക്കുന്നുണ്ട്. എന്നാൽ മാറ്റത്തിന്റെ കാറ്റേൽക്കാൻ ഇഷ്ടമില്ലാത്തവരും അത്തരം കാറ്റേറ്റാൽ വിറളിപിടിക്കുന്നവരുമായ നിരവധി സ്ത്രീകൾ നമ്മുടെ സമൂഹത്തിൽ ഉണ്ടെന്നുള്ളത് തകഴി ശിവശങ്കരപിള്ളയുടെ ഓരോ നോവലും വ്യക്തമാക്കി തരുന്നു. പരമ്പരാഗത ആശയങ്ങളാണ് കുടുംബ ത്തിന്റെ കെട്ടുറപ്പിനുവേണ്ടതെന്നു വിചാരിക്കുന്ന ഈ സ്ത്രീകഥാപാത്രങ്ങളിൽ നന്മയുടെ അംശങ്ങൾ ഏറെയുണ്ടെങ്കിലും കാലോചിതമായ ചിന്തകളി ലേയ്ക്ക്കൂടി കടന്നുവരാൻ ഈ കഥാപാത്രങ്ങൾ മടിക്കുന്നു. സോഷ്യലിസ്റ്റ്ഫെമി നിസം മുന്നോട്ടുവക്കുന്ന ഒരു കാര്യം സാമ്പത്തിക സ്വാതന്ത്ര്യമാണ്. ഈ സ്വാതന്ത്ര്യം സ്ത്രീയുടെ വികാസത്തിന്റെ അടിസ്ഥാനഘടകംകൂടിയാണ്. എന്നാൽ ഈ ആശയം നമ്മുടെ സമൂഹത്തിൽ പൂർണമായും വിജയിച്ചിട്ടില്ല. കുട്ടിയമ്മ ചിന്തിക്കുന്നതുപോലെയും, കാർത്ത്യായിനി ചിന്തിയ്ക്കുന്നതുപോലെയും സാമ്പ ത്തികം കൈകാര്യം ചെയ്യേണ്ടത് പുരുഷൻ മാത്രമാണെന്ന് ഇന്നത്തെകാലഘട്ട

ത്തിലും ചില സ്ത്രീകൾ വിശ്വസിക്കുന്നു. അതാകട്ടെ പുരുഷാധികാരത്തിന് ഗുണകരമായി ഭവിക്കുന്നു. ഇത്തരം ചിന്തകളുള്ള കഥാപാത്രങ്ങളുടെ ധാരണകൾ മാറ്റുവാൻ ആധുനിക സാഹിത്യം ശ്രമിക്കുകയുണ്ടായി. ഈ പരിവർത്തനത്തിന്റെ സൂചനകൾകൂടി വ്യക്തമാക്കുവാൻ തകഴി ശ്രമിച്ചിട്ടുണ്ട്.

**പരിവർത്തനത്തിന്റെ ചില ചെറുചലനങ്ങൾ**

സ്ത്രീയെ രണ്ടാംനിരയിലേയ്ക്ക് തള്ളുന്ന പ്രവണതക്കെതിരെ പ്രവർത്തിക്കുന്ന മൗലികസ്ത്രീവാദങ്ങളുടെ അടിസ്ഥാനത്തിൽ ഏണിപ്പടികൾ എന്ന രാഷ്ട്രീയ നോവലിൽ വ്യാപരിക്കുന്ന സ്ത്രീകഥാപാത്രങ്ങളെ നിരീക്ഷിക്കുകയാണ്. തുടർന്ന് നോവലിന്റെ കേന്ദ്രഭാഗത്ത് തിളങ്ങുന്ന കഥപാത്രങ്ങളെക്കൂടാതെ നോവലിന്റെ ഇതിവൃത്തത്തെ മനോഹരമാക്കാൻ സഹായിച്ച അപ്രധാന സ്ത്രീകഥാപാത്രങ്ങളെയും പരാമർശവിധേയമാക്കേണ്ടതുണ്ട്.

കേശവപിള്ളയുടെ ഉയർച്ചയും പതനവും പ്രതിപാദിക്കുന്ന നോവലിന്റെ ആദ്യഭാഗത്ത് പരാമർശിക്കുന്ന കേശവപിള്ളയുടെ അമ്മ, കുട്ടിയമ്മയിൽ റാഡിക്കൽ ഫെമിനിസത്തിന്റെ പൊരുൾകണ്ടെത്താം. പപ്പുപിള്ളയുടെ ഭാര്യയായ കുട്ടിയമ്മയെ നോവലിന്റെ ആദ്യ ഭാഗത്തുതന്നെ പരാമർശിക്കുന്നുണ്ട്. അത് കേശവപിള്ളയുടെ വിവാഹവുമായി ബന്ധപ്പെട്ടുകൊണ്ടാണ്. ആ കുടുംബത്തിന്റെ എല്ലാ തീരുമാനങ്ങളിലും കുട്ടിയമ്മ സജീവസാന്നിദ്ധ്യമാണെങ്കിലും, കുട്ടിയമ്മയുടെ അഭിപ്രായങ്ങൾക്ക് തരിമ്പുപോലും വിലകൊടുക്കാത്ത പപ്പുപിള്ളയെയാണ് നോവലിൽ കാണുന്നത്. കേശവപിള്ളയുടെ വിവാഹാലോചനയുമായി ബന്ധപ്പെട്ട കലഹങ്ങൾക്കുകാരണം കുട്ടിയമ്മയാണെന്ന് കുറ്റപ്പെടുത്തുകയാണ് പപ്പുപിള്ള. ഈ സന്ദർഭം നോക്കുക :

"അമ്മയും കൊള്ളാം മകളും കൊള്ളാം, മോനും കൊള്ളാം, ഗുണം പിടിക്കാത്ത വർഗ്ഗം അല്ലേ അങ്ങനൊള്ള വകയാ എനിക്കറിയാ നേരത്തേ"[40].

കഴിഞ്ഞ കാലഘട്ടത്തിലും ഇന്നത്തെ കാലഘട്ടത്തിലും നമ്മുടെ കുടുംബങ്ങളിൽ ഏതെങ്കിലും പ്രശ്നങ്ങളിൽ കുറ്റപ്പെടുത്തലുകൾ ഉണ്ടാകുമ്പോൾ ആദ്യം കുറ്റപ്പെടുത്തുന്നത് സ്ത്രീയുടെ മാതാപിതാക്കളെയോ കുടുംബത്തേയോ ആയിരിക്കും. ഇവിടെ പപ്പുപിള്ള മറ്റൊരു സന്ദർഭത്തിൽ പറയുന്നതു നോക്കുക :

"ഗുണം പിടിക്കാത്ത വക! നിന്റെ കുടുംബം അതല്യോ"?

ഇതിനെതിരെ ആ നിമിഷത്തിൽ തന്നെ കുട്ടിയമ്മ പ്രതികരിക്കുന്നു.

"എന്റെ കുടുംബത്തെ പറയല്ലെന്നു ഞാൻ ഇന്നല്ല പറയുന്നു"[41].

ഈ കുറ്റപ്പെടുത്തൽ ഇന്നലെയും ഇന്നും തുടങ്ങിയതല്ല എന്ന് കുട്ടിയമ്മയുടെ വാക്കുകകളിൽ തന്നെ സൂചനയുണ്ട്. ഈ മാമൂലുകൾ ഇന്നും ആവർത്തിക്കുന്നു. സ്ത്രീകളുടെ നേരേയുള്ള കുറ്റപ്പെടുത്തലുകളുടെ മുനകൾക്ക് മാറ്റമില്ല എന്നതും ഇവിടെ ഓർക്കേണ്ടതാണ്. കുറ്റപ്പെടുത്തലിനോട് എതിർക്കുന്ന കുട്ടിയമ്മ മൗലികവാദസ്ത്രീ ആശയങ്ങളെ ഉൾകൊള്ളുന്ന കഥാപത്രമാണ്. ഇത്തരത്തിലുള്ള നിരവധി മാതൃകകൾ ഈ നോവലിൽ കാണാം. വിവാഹിതനായ മകൻ വധുവിനൊപ്പം തങ്ങാതെ അന്നുതന്നെ ജോലിസ്ഥലത്തേക്ക് മടങ്ങിയതിൽ ആകുലപ്പെടുകയാണ് കുട്ടിയമ്മ. ആ ആകുലത പങ്കിടാൻ പപ്പുപിള്ളയുടെ സമീപം ചെല്ലുമ്പോൾ അയാൾ കുട്ടിയമ്മയെ ആട്ടുകയാണ്. കുട്ടിയമ്മയും പപ്പുപിള്ളയും ഒരുമിച്ചിരിക്കുന്ന അവസരങ്ങളിലൊക്കെ പപ്പുപിള്ള കുട്ടിയമ്മയെ കുറ്റപ്പെടുത്തുന്നുണ്ട്. പപ്പുപിള്ളയ്ക്ക് സ്നേഹിക്കാനും ദേഷ്യപ്പെടാനുമുള്ള കഥാപാത്രനിർമ്മിതിയാണ് കുട്ടിയമ്മ. നോവലിന്റെ ആരംഭം മുതൽ മധ്യഭാഗം വരെ നോവലിൽ ജീവിക്കുന്ന ഈ കഥാപാത്രങ്ങൾ ആശയപ്പൊരുത്തങ്ങളുടെ കാര്യത്തിൽ വിരുദ്ധ ചേരികളിലാണ്. ഈ വൈരുദ്ധ്യത്തിലും അവർ തമ്മിൽ പൊരുത്തമുണ്ടെന്ന് ഇരുവരുടെയും മരണം തെളിയിക്കുന്നു. പപ്പുപിള്ളയുടെ പട്ടടയിലേയ്ക്കുള്ള യാത്രയ്ക്കുപിന്നാലെ കുട്ടിയമ്മയുടെ മരണവും നടക്കുന്നു.

"പപ്പുപിള്ളയുടെ പോസ്റ്റ്മോർട്ടം നടക്കുമ്പോൾ കുട്ടിയമ്മയെ അപ്പുറത്ത് കുളിപ്പിക്കുകയായിരുന്നു."[42]

**കാലദർശനം ഏണിപ്പടികളിൽ**

സാമൂഹ്യജീവിതത്തിന്റെ പരിവർത്തനവുമായി ബന്ധപ്പെട്ട ഹേരാക്ലൈറ്റൻകാലം (Hera Clatain Period) കുറേകൂടി വ്യക്തമായി ഏണിപ്പടികളിൽ ദർശിക്കാമെന്ന് കെ. പി. അപ്പൻ അഭിപ്രായപ്പെടുന്നു. കാൽനൂറ്റാണ്ടുകാലം നമ്മുടെ കൺമുമ്പിലൂടെ കടന്നുപോകുന്ന പ്രതീതി, ഏണിപ്പടികൾ എന്ന നോവൽ സൃഷ്ടിക്കുന്നു. സംഭവങ്ങളുടെ വികാസ പരിണാമങ്ങൾ സൂചിപ്പിച്ചു കൊണ്ട് കാലം നോവലിൽ സാന്നിദ്ധ്യം അറിയിക്കുന്നു. കേശവപ്പിള്ള ഗുമസ്ഥനായി ജോലിയിൽ പ്രവേശിക്കുന്നു. തങ്കമ്മയുമായി പ്രണയത്തിലാവുന്നു. കാർത്ത്യായനിയെ വിവാഹം കഴിക്കുന്നു. വീണ്ടും തങ്കമ്മയുമായി അടുക്കുന്നു. ഉദ്യോഗകയറ്റങ്ങൾ നേടിയെടുക്കുന്നു, തങ്കമ്മ ജ്യോതിർമയി ദേവിയായിമാറുന്നു, ജനകീയ മന്ത്രസഭകൾ മാറി മാറി വരുന്നു, രാഷ്ട്രീയ ജീവിതം മാറുന്നു, കേശവപിള്ള ജ്യോതിർമയി ദേവിയുമായി വീണ്ടും അടുക്കുന്നു. മകൾ വിജയമ്മ ഒരു കമ്മ്യൂണിസ്റ്റ്കാരനെ

ഭർത്താവായി സ്വീകരിക്കുന്നു. കേശവപിള്ള സ്വന്തം നാട്ടിലേയ്ക്ക് മടങ്ങാൻ തുടങ്ങുന്നു, അയാൾക്ക് ജ്യോതിർമയി ദേവിയിൽ ഉണ്ടാകുന്ന കുഞ്ഞിനെ വിജയമ്മ സ്വീകരിക്കുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ തിരുവിതാംകൂറിന്റെ മാറികൊണ്ടിരിക്കുന്ന രാഷ്ട്രീയ നാടകങ്ങൾ നാം കാണുന്നു. രാഷ്ട്രീയത്തിന്റെ മൂന്ന് തലമുറകളാണ് ഈ നോവലിലൂടെ കടന്ന് പോകുന്നത്. ഈ ബാഹ്യകാലമാണ് എല്ലാം അസ്ഥിരമാണെന്നുള്ള തോന്നൽ വായനക്കാരിൽ ഉണ്ടാക്കുന്നത്. നോവൽ ചരിത്ര ഭൂതകാലത്തിൽ നിന്ന് സമകാലികതയിലേയ്ക്ക് വരികയും അത് ഭൂതകാലത്തിനോടും വർത്തമാനകാലത്തിനോടും ദൃഢഐക്യം സ്ഥാപിക്കുകയും ചെയ്യുമ്പോൾ വായനക്കാരന്റെ മുന്നിൽ തെളിയിക്കപ്പെടുന്നത് വസ്തുനിഷ്ഠമായൊരു കാലമാണ് (objective duration). ഇത് ഏണിപ്പടികളിൽ കാല ബാഹ്യമാണെന്ന് ഉറപ്പിച്ചു പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. രാഷ്ട്രീയവും, ചരിത്രവും, സൗന്ദര്യ നിയമങ്ങളും, അഗാധ മനശാസ്ത്രവും പരസ്പരം ലയിച്ച് ഒരു പ്രവാഹമായി തീരുന്നു.

ചരിത്രത്തിന് അകത്തും പുറത്തുംനിന്നു കൊണ്ടുള്ള കാഴ്ച്ചകളാണ് തകഴി ഏണിപ്പടികൾ എന്ന നോവലിലൂടെ ചിത്രീകരിക്കുന്നത്. തിരുവിതാംകൂർ ഭരണത്തിൽ കടന്നു കൂടിയ അനർഹരായ ഉദ്യോഗസ്ഥരുടെ വിവരണാത്മകമായ ആഖ്യാനം എന്നതിനപ്പുറം ആ ഉദ്യോഗസ്ഥരുടെ ജീവിതത്തെ സ്വാധീനിച്ച സ്ത്രീ ജീവിതങ്ങളുടെ സ്ഥാനം അടയാളപ്പെടുത്തുകയാണ്. ചരിത്രത്തിൽ സജീവമായ കഥാപാത്രങ്ങളും ചരിത്രത്തിനു പുറത്തു നിന്നു കണ്ടെത്തിയ റിയലിസ്റ്റിക് പാരമ്പര്യമുള്ള കഥാപാത്രങ്ങളും ഈ നോവലിൽ കൂടി ചേരുന്നു. ചരിത്രത്തിനു പുറത്തു നിന്ന് തകഴി കണ്ടെത്തിയ കേശവപിള്ള തങ്കമ്മ എന്നീ കഥാപാത്രങ്ങൾ ഭരണ രംഗത്തെ വഴി വിട്ട ജീവിതങ്ങളെ കാണിച്ചുതരുന്നു. ഏണിപ്പടികൾ ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്ത പോൾ സി. വർഗീസ് പറയുന്നത് ഇപ്രകാരമാണ്.

‟നോവലിന്റെ ഓരോ താളിലും തൊഴിലാളി വർഗമനുഷ്യസ്നേഹിയായ നോവലിസ്റ്റിന്റെ മുദ്രപതിപ്പിച്ചിട്ടുണ്ടെങ്കിലും ഏണിപ്പടികൾ മുൻകാല നോവലുകളിൽ നിന്നും വ്യത്യസ്തമായി തൊഴിലാളി വർഗപ്രചാരണമല്ല മറിച്ച് ഉത്കൃഷ്ഠമായ ശില്പഭദ്രതയ്ക്ക് ഉത്തമ മാതൃകയാണ്. ഒരു കലാകാരനെന്ന നിലയിലുള്ള തകഴിയുടെ വികാസത്തിന്റെ വഴിത്തിരിവാണ് ചെമ്മീനിൽ കാണുന്നതെങ്കിൽ ഏണിപ്പടികൾ ഒരു വിജയ സ്തംഭമാണ്. തിരുവിതാം കൂറിലെ സി. പി രാമസ്വാമി അയ്യരുടെ ദിവാൻ ഭരണം മുതൽ കേരളത്തിലെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭവരെയുള്ള കേരള ചരിത്രത്തിന്റെ കഥാവതരണമാണെങ്കിൽപ്പോലും ഏണിപ്പടികൾ മാനുഷിക വികാരങ്ങളും ആവേശങ്ങളും അവയുടെ മാനസികമായ എല്ലാ

സങ്കീർണതകളോടും കൂടി അവതരിപ്പിക്കുന്ന ഒന്നാന്തരമൊരു രാഷ്ട്രീയനോവലാണ്''[43] (1976:7).

മുഖ്യകഥാപാത്രമായ കേശവപ്പിള്ളയുടെ ഉയർച്ചയുടെ വഴികൾ അടിസ്ഥാനമാക്കിയാണ് ഏണിപ്പടികൾ എന്ന് പേരിട്ടിരിക്കുന്നതെങ്കിലും തങ്കമ്മ എന്ന കഥാപാത്രത്തിന്റെ കടന്നുവരവാണ് കേശവപ്പിള്ളയുടെ ജീവിതത്തിൽ യഥാർത്ഥ ഏണിപ്പടികളായി വർത്തിച്ചത്. തൊഴിലില്ലാത്ത ബിരുദധാരിയായി നോവലിന്റെ ആദ്യഭാഗത്ത് പ്രത്യക്ഷപ്പെടുന്ന കേശവപ്പിള്ള, നോവൽ അവസാനിക്കുമ്പോൾ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽനിന്നും, ചീഫ് സെക്രട്ടറി സ്ഥാനത്ത് നിന്നും നിർബന്ധിത വിരമിക്കലിനു വിധേയമാകുന്നതാണ്. റവന്യൂ സെക്ഷനിൽ ഗുമസ്തനായി ജോലിക്ക് കയറിയ കേശപ്പിള്ളയ്ക്ക് കയറ്റത്തിന് കൂട്ടായത് തങ്കമ്മയാണ്. സർക്കാർ ജോലിയുടെ എല്ലാ അടിതടയും ഒപ്പം തങ്കമ്മയോടുള്ള പ്രണയവും നോവലിന്റെ പ്രധാനമായ അന്തർധാര കൂടിയാണിത്.

രാത്രികാലങ്ങളിൽ കേശവപിള്ള തങ്കമ്മയുമായി വസിക്കുന്നതും, അവളുടെ അച്ഛൻ കേശവപിള്ളയെ ചെന്നുകണ്ട് മകളെ വിവാഹം കഴിക്കാൻ ധാരണയുണ്ടാക്കുന്നതുമൊക്കെ ഔദ്യോഗിക ജീവിതത്തിലെ ഓരോ ഏണിപ്പടികൾ നിർമ്മിക്കുന്നതിലെ കുറുക്കുവഴികളാണ്. ഒരുഘട്ടംകഴിഞ്ഞ് പുതിയ ഏണിപ്പടികൾ തരപ്പെടുത്താനായി തങ്കമ്മയുടെ ബന്ധുക്കൾ വഴിയും അയാൾ കരുക്കൾ നീക്കുന്നു. തങ്കമ്മയുടെ വല്യച്ഛൻ കൃഷ്ണപിള്ളവഴി (ദിവാന്റെ സെക്രട്ടറി) അയാൾ അടുത്ത പദവിയിലേക്കുള്ള വഴി കണ്ടെത്തുന്നു. കൃഷ്ണപിള്ളയുടെ ഭാര്യ ഭഗവതിയാകട്ടെ കൊട്ടാരം അരിവയ്പ്പുകാരന്റെ മകളുടെ മകളാണ്. ഭർത്താവായ കൃഷ്ണപിള്ളക്ക് ചീഫ് സെക്രട്ടറിസ്ഥാനം ലഭിച്ചത് ഭഗവതിയുടെ സ്വാധീനം കൊണ്ടായിരുന്നു. ചുരുക്കത്തിൽ ശ്രീ പത്മനാഭന്റെ പത്തുചക്രം ലഭിക്കാൻ ആ കാല ഘട്ടത്തിലെ ഭരണവൃന്ദം നടത്തിയിരുന്ന ഉപജാപക വൃന്ദങ്ങളുടെ രാഷ്ട്രീയകളികളാണ് ഏണിപ്പടികളിലെ പ്രമേയം.

'ഭരണയന്ത്രം എണ്ണയിട്ടച്ചക്രംപോലെതിരിയുന്നു' എന്നൊരുമൊഴിയുണ്ട്. എണ്ണ എന്ന പദത്തിന് എക്കാലവും അർത്ഥവ്യാപ്തി വലുതാണ്. ഏണിപ്പടികൾ എന്ന നോവലിലെ സ്ത്രീപക്ഷ വായനയിൽ അതിലെ തങ്കമ്മ എന്ന കഥാപാത്രത്തിന്റെ നിലപാട് പരിശോധിക്കുമ്പോൾ, ഇത്തരത്തിലുള്ള സ്ത്രീ കഥാപാത്രങ്ങളെ നമ്മുടെ സമൂഹത്തിലും കാണാം. അർഹതയില്ലാത്ത പദവിയിൽ യോഗ്യതയില്ലാത്തവരെ കുത്തിനിറക്കുന്ന ഈ കാലഘട്ടത്തെ മുൻകൂട്ടി കണ്ടുകൂടിയാകണം തകഴി ശിവശങ്കരപിള്ള ഏണിപ്പടികൾ എന്ന നോവലിനെ ഇത്തരത്തിൽ രൂപക

ല്പന ചെയ്തത്. ആയതിനാൽ നവോത്ഥാനകാലത്തെ ക്രാന്തദർശി എന്ന വിശേഷണത്തിന് തകഴി യോഗ്യനാണെന്നുപറയാം. ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് പ്രേമ പൂജ അർപ്പിക്കുന്ന തങ്കമ്മയെയാണ് നോവലിൽകാണുന്നത്. ആദ്യം ആരിലാണോ തങ്കമ്മ തന്റെ പ്രണയം കാഴ്ചവച്ചത് ആ ആളിൽതന്നെ അവർ അവസാനം എത്തിചേരുകയാണ്. ഇതിനിടയിൽ സന്ന്യാസത്തിന്റെ പാതയിൽ നീങ്ങുന്ന തങ്കമ്മ അദ്ധ്യാത്മികതയും ലൈംഗികതയും ഒന്നിച്ചുകൊണ്ടുപോകുന്ന കാഴ്ച്ചയും നോവലിൽ കാണുന്നുണ്ട്. സന്ന്യാസിമഠത്തിൽ ജീവിച്ച് പലയിടങ്ങളിലും കേശവപിള്ളക്കൊപ്പം ലൈംഗികസംതൃപ്തി കണ്ടെത്തുന്നു തങ്കമ്മ. ഇത്തരം ഒരു കഥാപാത്രം ആദ്യകാല നോവൽ സാഹിത്യത്തിൽ വിരളമാണെന്നു പറയാം. സമൂഹത്തിനു മാതൃകയാകുന്ന സ്ത്രീ കഥാപാത്രങ്ങൾക്കുമാത്രം നോവലിൽ പ്രവേശം ഉണ്ടായിരുന്ന കാലത്താണ് സമൂഹത്തിന്റെ വൈരൂപ്യങ്ങൾക്കുകൂടി നോവലിൽ സ്ഥാനം കൊടുക്കാൻ തകഴിയെ പോലുള്ള സാഹിത്യകാരൻ തീരുമാനിച്ചത്. അതിന്റെ ഭാഗമായാണ് തകഴിയിൽ നിന്നും തങ്കമ്മയെപ്പോലുള്ള കഥാപാത്ര നിർമ്മിതിയുണ്ടായത്. പ്രസവശേഷം മരണമടഞ്ഞ തങ്കമ്മ തന്റെ കുഞ്ഞിനെ കേശവപിള്ളയുടെ കൈകളിൽ തോഴിമുഖാന്തിരം ഏല്പിക്കുകയാണ്.

കാലപ്രവാഹങ്ങൾക്ക് കാലഗണനയില്ല എന്ന് തെളിയിച്ച സാഹിത്യകാരാനാണ് തകഴിശിവശങ്കരപ്പിള്ള. ഓരോ ഏണിപ്പടികളും എക്കാലത്തേയും ഭരണകർത്താക്കൾക്കുള്ള ചൂണ്ടുപലകയാണ്. മനുഷ്യന്റെ ഉയർച്ചതാഴ്ചകളുടെ കാവ്യാത്മകമായ ആവിഷ്ക്കാരമെന്ന് ഒറ്റവാക്കിൽ ഏണിപ്പടിയെന്ന നോവലിനെ വിലയിരുത്താം. തിരുവനന്തപുരം എന്ന വിശാലമായ ക്യാൻവാസ് ഇന്നും സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണല്ലോ. ആ ഭരണസിരാകേന്ദ്രത്തിലെ ഓരോ തിരയിളക്കവും ഇന്നുംവാർത്ത മാധ്യമങ്ങളിൽ ശ്രദ്ധയമാകുന്നുണ്ട്. ദിവാൻ ഭരണംമുതൽ സ്വാതന്ത്ര്യാനന്തരം വരെയുള്ള കാലഘട്ടത്തെ അടയാളപ്പെടുത്താൻ പ്രയുക്തമായ ഈ നോവലിലെ ഓരോ ചലനങ്ങളും വർത്തമാനകാല സമൂഹത്തിന് ഭൂതകാലം വായിച്ചെടുക്കാനുള്ള കണ്ണാടിയാണ്. പുതിയ രാഷ്ട്രീയ സാഹചര്യങ്ങളും പുതിയനിലനില്പ് സിദ്ധാന്തങ്ങളും ദിനംതോറും മാറിവരുന്ന ഇന്നത്തെ കാലഘട്ടത്തിൽ ഏണിപ്പടികളിലെ കേശവപിള്ള കൈകൊള്ളുന്ന നയങ്ങളും, ഭരണഫോർമുലകളും ഇന്നത്തേതിൽ നിന്ന് വലിയവ്യത്യാസമൊന്നും വരുന്നില്ലെന്ന് കാണാൻ കഴിയും. ഒട്ടനവധി വാതിൽപ്പുറകാഴ്ചകളും കാഴ്ചക്കാരുമുള്ള ഏണിപ്പടികൾ എന്ന മണിമാളികയുടെ അകത്തളങ്ങളിൽ വിരാജിക്കുന്ന മൂന്ന് പ്രധാനപ്പെട്ട കഥാപാത്രങ്ങളാണ്, കേശവപ്പിള്ള, തങ്കമ്മ, കാർത്ത്യായനിയമ്മ.

"എന്റെ കഥാലോകത്തിലെ ചിലകഥാപാത്രങ്ങൾ മനുഷ്യനായി കേരളത്തിൽ ജീവിക്കുന്നുണ്ടെന്ന് ചിലർ പറഞ്ഞു. എന്തോ എനിക്കറിഞ്ഞുകൂടാ. അത് തീരുമാനിക്കേണ്ടത് നിങ്ങളും വരുന്ന തലമുറയുമാണ്"[44] (1985:23).

വരുംതലമുറകൾക്കെല്ലാം അടയാളമായി സാഹിത്യലോകത്ത് ചിരപ്രതിഷ്ഠ നേടിയ തകഴി ശിവശങ്കരപ്പിള്ള ഇന്നും ജീവിക്കുന്നു. നോവലിന്റെ ആരംഭത്തിൽ അഭ്യസ്തൃവിദ്യനായ, തൊഴിൽ അന്വേഷകനായ കേശവപിള്ളയെയാണ് കാണുന്നത്. തിരുവനന്തപുരത്ത് എത്തിയ കേശവപിള്ളയ്ക്ക് ഒരു ഉയർത്തെഴുന്നേൽപ്പാണ് തിരുവനന്തപുരം ഒരുക്കിയത്. ചീഫ്സെക്രട്ടറിയെ പാതയോരത്ത് കാത്തു നിന്ന് നിത്യേനയെന്നോണം തൊഴുത്, പ്രീണിപ്പിച്ച് നേടിയെടുത്ത ഉദ്യോഗം പ്രീണനം അന്നും ഇന്നും ഉദ്യോഗഭരണതലത്തിലെ മധുരമായ ആചാരമാണ്. ഇതാണ് കേശവപിള്ളയെന്ന വടവൃക്ഷത്തിന്റെ തായ്‌വേര്. കസേര ഉറച്ച കേശവപിള്ള അടുത്തതായി കണ്ടെത്തിയത് സഹപ്രവർത്തകയുടെ അനുരാഗം നിറഞ്ഞ മനസ്സിനെയാണ്. അനുരാഗത്തിലായിരിക്കുമ്പോഴും തന്റെ സുസ്ഥിരമായ വളർച്ചയ്ക്ക് ഉതകുന്ന സ്ഥാനമാനങ്ങളിലേയ്ക്ക് ചെന്നെത്താൻ ഈ അനുരാഗത്തിന്റെ എല്ലാ തലങ്ങളും അയാൾ പ്രയോഗിച്ചു. അതുകൊണ്ടാണ് തന്ത്രശാലിയും പ്രായോഗികമതിയായ കഥാപാത്രമായി കേശവപിള്ളയെ വിലയിരുത്തുന്നത്.

"ഏണിപ്പടികളിലെ തകഴി വളർച്ചയെത്തിയ കഥാകാരനാണ്. പരിണതപ്രജ്ഞനാണ്. – കേശവപിള്ളയുടെ പടിപടിയായുള്ള കയറ്റവും കാർത്ത്യായിനിയുടെ നിസ്തുലമായ ഹൃദയഗതിയും പകർത്തിയതിൽ അദ്ദേഹം സവിശേഷമായ പ്രതിഭാശക്തി പ്രദർശിപ്പിക്കുന്നു. സമൂഹത്തിന്റെ എല്ലാതലങ്ങളിലും അദ്ദേഹത്തിന്റെ കണ്ണുചെന്നെത്തിയിരിക്കുന്നു. ബൃഹത്തായ നോവൽ നിർമ്മിക്കുവാൻ തകഴി സമർത്ഥനാണ് എന്ന് ഏണിപ്പടികൾ ഘോഷിക്കുന്നു"[45] (2003:98).

ഏണിപ്പടികൾ എന്ന നോവലിലെ ആദ്യത്തെ നാടകീയമുഹൂർത്തമാണ് തങ്കമ്മ എന്ന കഥാപാത്രത്തിന്റെ ജ്യോതിർമായിദേവിയിലേക്കുള്ള രൂപമാറ്റം. പല ബന്ധങ്ങളിലും ഏർപ്പെട്ട് അതെല്ലാം തകർന്ന തങ്കമ്മ അവസാനം കണ്ടെത്തിയ മാർഗ്ഗമാണ് സന്യാസം. സന്യാസഭവനത്തിലും ഒതുങ്ങാൻപറ്റാത്ത വ്യക്തിത്വമാണ് തങ്കമ്മയുടേതെന്ന് നോവലിൽ തെളിയുന്നു. സ്വയം മഠാധിപതിയായി അവരോധിച്ചുകൊണ്ട് അവിടുത്തെ അന്തേവാസികളുമായി കലഹിക്കുകയാണ്. പുതിയ ഭജനമഠം കെട്ടിപ്പൊക്കാനുള്ള പണസമ്പാദനത്തിനായി കേശവപിള്ളയെ സമീപിച്ച തങ്കമ്മ അയാളുമായി വീണ്ടും അടുക്കുകയാണ്. തിരുവനന്തപുരം നഗരത്തിന്റെ പ്രത്യേകത മേലധികാരിളേയും, ദൈവങ്ങളേയും, ആൾദൈവങ്ങളേയും, വണ

ങ്ങിയും-വന്ദിച്ചും വഴിപാടുകൾ കഴിച്ചും വ്യവസ്ഥയോടിണങ്ങി കഴിയുന്നുവർ ഉദ്യോഗസ്ഥരിൽ ഏറെയുണ്ട് എന്നതാണ്. ആശ്രമങ്ങൾക്കും, ജ്യോതിഷാലയ ങ്ങൾക്കും തലസ്ഥാന നഗരിയിൽ വർദ്ധിച്ച പ്രസക്തി ഉണ്ടായത് അങ്ങിനെയാണ്. ഭൗതികകാമനകളുടെ പൂർത്തികരണത്തിനും ശത്രുസംഹാരത്തിനും വേണ്ടിയുള്ള സങ്കേതങ്ങളായി അവ തഴച്ചുവളർന്നു. ഈ സങ്കേതത്തിന്റെ മറവിൽ ആത്മീയപരിവേഷത്തിന്റെ ആവരണം തങ്കമ്മയെ കൂടുതൽ ചതുരയാക്കുകയാണ് ഉണ്ടായത്. കേശവപ്പിള്ളയാകുന്ന ആശാപാശത്തെ വിട്ട്കളയാൻ അവൾ ആഗ്രഹി ച്ചില്ല. അയാളോട് കൂടിയുള്ള ഒരു കുടുംബജീവിതം പ്രാപ്യമല്ല എന്ന് അവൾക്ക് അറിയാമായിരുന്നു. കാരണം കേശവപിള്ള ഒരിക്കലും ഭാര്യയുടെ സ്ഥാനത്ത് തങ്ക മ്മയെ അവരോധിച്ചിരുന്നില്ല. ഒരിക്കലും കേശവപിള്ള തന്റെ ജീവിത്തിൽ നിന്ന് മുറിയരുത് എന്നവൾ ആശിച്ചു. അതിനുവേണ്ടി അവൾ കണ്ടെത്തിയ മാർഗ്ഗമാണ് കേശവപിള്ളയിൽ നിന്നുള്ള ഗർഭധാരണം. നോവലിൽ എല്ലാ ഭാഗത്തും പരാജയ പ്പെടുന്നു തങ്കമ്മ ഇവിടെ വിജയിക്കുന്നു. മധ്യവയസ്കയായ തങ്കമ്മ പ്രസവശേഷം ജീവിതത്തിലേയ്ക്കു തിരിച്ചുവരുമെന്നുള്ള കാര്യം അനിശ്ചിതമാണ്. അവളുടെ മരണം നോവലിസ്റ്റ് പറയാതെ പറയുന്നുണ്ട്. തോഴിയെകൊണ്ട് തനിക്ക് ജനിച്ച കുഞ്ഞിനെ കുഞ്ഞിന്റെ അച്ഛനെ തിരിച്ചേല്പ്പിക്കുന്നതിലൂടെ ക്രൂരമായ പക പോക്കൽ ആണ് തങ്കമ്മ നടത്തിയിരിക്കുന്നത്. ശിഷ്ടജന്മം മുഴുവൻ കാർത്ത്യായ നിയുമൊത്തുള്ള ജീവിതത്തിൽ ഈ കുഞ്ഞ് കൂടി അയാൾക്ക് ഒപ്പമുണ്ടാകും. കഴി ഞ്ഞുപോയ ജീവിതത്തിന്റെ ഓർമ്മപ്പെടുത്തലുമായി കേശവപിള്ളയ്ക്ക് ഒപ്പം കുഞ്ഞും ജീവിക്കും.

ഏണിപ്പടികൾ എന്ന നോവലിൽ തകഴി നടത്തിയ പ്രവാചകധർമ്മം രാജാ ധികാരത്തിൽ നിന്നും ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നും മോചനം നേടിയ ഭരണ രംഗത്തിന്റേയും മധ്യവർഗത്തിന്റേയും, ജീവിതവീക്ഷണത്തിലും, മൂല്യബോധ ത്തിലും സാമൂഹ്യവ്യവഹാരത്തിലും, രാഷ്ട്രീയ നിലപാടുകളിലും, വന്ന മാറ്റം ചിത്രീകരിക്കുന്നതിൽ വിജയിച്ചു എന്നുള്ളതാണ്. വികാരരഹിതമായ ഭരണരംഗ ത്തെകുറിച്ച് പരത്തി പറയുകയല്ല തകഴിചെയ്തത്. കുട്ടനാട്ടിലെ സ്വാർത്ഥമോഹി കയായ കേശവപിള്ളയെ കൊണ്ടുവന്നു നോവലിനു സുദൃഢമായ ചട്ടകൂട് ഒരുക്കു കയായിരുന്നു. നോവലിന്റെ പ്രധാനചേരുവകളിലൊന്നായി ക്ലർക്കായ തങ്കമ്മ യുമൊത്തുള്ള കേശവപിള്ളയുടെ പ്രണയവും ആ പ്രണയത്തിലൂടെ അയാൾ കയ റികൂടിയ സ്ഥാനമാനങ്ങളുമെല്ലാം ഏണിപ്പടികൾ എന്ന നോവലിനെ ദ്വന്ദ്വമുഖമു ള്ള നോവലാക്കി മാറ്റി. കേശവപിള്ളയെ വിവരിക്കുമ്പോൾ ഒഴിവാക്കാനാകാത്ത ഘടകമായി തങ്കമ്മയും, തങ്കമ്മയെ വിവരിക്കുമ്പോൾ അവളിലൂടെ ശക്തി പ്രാപിച്ച

കേശവപിള്ളയും ഏണിപ്പടികൾ എന്ന നോവലിനെ ആസ്വാദനത്തിന്റെ അവിസ്മരണീയതലത്തിലേയ്ക്ക് ഉയർത്തിയിരിക്കുന്നു.

**ബ്യൂറോക്രാറ്റിക് സംവിധാനവും സ്ത്രീകളും**

ഭരണസംവിധാനത്തിൽ സ്ത്രീകളുടെ പങ്കാളിത്തവും ഭരണ നിപുണതയും കാലാകാലങ്ങളായി നമ്മുടെ സമൂഹം അംഗീകരിച്ച്, ആദരിച്ചുകൊണ്ടിരിക്കുന്ന വസ്തുതയാണ്. ഏണിപ്പടികൾ എന്ന നോവലിന് രൂപം കൊടുത്ത നാളുകൾക്ക് മുന്നേ ഭരണരംഗത്തെ പല ഉന്നതസ്ഥാനങ്ങളിലും സ്ത്രീകൾ ഉദ്യോഗസ്ഥരായിട്ടുണ്ട്. ഏണിപ്പടികൾ എന്ന നോവലിലും ഇതിനൊരു ഉദാഹരണം കാണാം. നോവലിന്റെ അവസാനഭാഗത്ത് പ്രത്യക്ഷപ്പെടുന്ന പത്മാവതി അമ്മ ഉന്നത സ്ഥാനത്ത് നിന്ന് വിരമിച്ച് സന്യാസം സ്വീകരിക്കാൻ വന്ന കഥാപാത്രമാണ്. കാലങ്ങളായി പല സ്ത്രീകളും നോവലുകളിലും യഥാർത്ഥ ലോകത്തിലും സർവ്വീസ് ലോകത്തെ ഇരകളായി മാറുന്നുണ്ട്. വർത്തമാന കാലവും ഈ ആരോപണത്തിൽ നിന്നും മുക്തമല്ല. ഏണിപ്പടികൾ എന്ന നോവലിൽ ഭരണരംഗവുമായി ബന്ധപ്പെട്ട് വർത്തിക്കുന്ന സ്ത്രീകളെക്കുറിച്ച് വിശകലനം ചെയ്യുകയാണ്.

ഉദ്യോഗരംഗവുമായി ബന്ധപ്പെട്ട് പുരുഷന്റെ ചൂഷണത്തിന് വിധേയമാകുന്ന രണ്ട് സ്ത്രീകഥാപാത്രങ്ങളെയാണ് നോവൽ പരിചയപ്പെടുത്തുന്നത്. ഒന്ന് നോവലിന്റെ ഇതിവൃത്തഘടനയോട് അഭേദ്യബന്ധം പുലർത്തുന്ന തങ്കമ്മയും, മറ്റൊന്ന് നോവലിന്റെ പൂർവ്വഭാഗത്ത് പ്രത്യക്ഷപ്പെടുന്ന ഭഗവതിക്കുട്ടിയും. ബന്ധുബലത്തിന്റെ സഹായത്താലാണ് തങ്കമ്മ സെക്രട്ടറിയേറ്റിൽ ഉദ്യോഗത്തിനു കയറുന്നത്. കാമാസക്തിയുടെ ആൾരൂപമായി തകഴി ചിത്രീകരിക്കുന്ന തങ്കമ്മയെ കരുവാക്കികൊണ്ടാണ് കേശവപിള്ള ഉദ്യോഗത്തിന്റെ ഒരോ പടികളും കയറുന്നത്. ചീഫ്സെക്രട്ടറിയെ സേവപിടിച്ച് ഗുമസ്തനായി ജോലിയിൽക്കയറിയ കേശവപിള്ളയ്ക്ക് അടുത്തപ്പടിയിലേക്കുള്ള കയറ്റം എളുപ്പമാക്കികൊടുത്തത് തങ്കമ്മയാണ്. തങ്കമ്മയുടെ വികാരങ്ങളെ ശമിപ്പിച്ചതിന്റെ പ്രതിഫലമായിരുന്നു അത്. ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സ്റ്റാഫായിട്ടായിരുന്നു കേശവപ്പിള്ളയുടെ നിയമനം. ചീഫ് സെക്രട്ടറി തങ്കമ്മയുടെ ഇളയച്ഛനും. ആ നിയമനത്തിനുപിന്നിലുള്ള കരാർ കേശവപിള്ള തങ്കമ്മയെ വിവാഹം കഴിക്കണമെന്നുള്ളതായിരുന്നു. എന്നാൽ ഭാഗ്യജാതകക്കാരിയായ കാർത്ത്യായിനിയുടെ ഭർത്താവായി അവരോധിക്കപ്പെട്ട കേശവപിള്ള ഈ സത്യം മറച്ചുവച്ചുകൊണ്ട് തങ്കമ്മയെ ഉപയോഗിച്ച് ഉദ്യോഗ ഉയർച്ചയ്ക്കുള്ള ഓരോ കരുക്കളും നീക്കിയത് ചൂഷണത്തിന്റെ ഒന്നാം ഭാഗമാണ്. രാത്രികാലങ്ങളിൽ കൊട്ടിയമ്പലത്തിന്റെ വാതിലുകൾ തുറന്നിട്ട് കേശവപിള്ളയെ കാത്തിരുന്ന തങ്കമ്മയ്ക്ക് ക്ഷമ കെട്ടുതുടങ്ങി. സ്വതവേ വികാരതീവ്രതയുടെ

മൂർത്തിഭാവമായിരുന്ന തങ്കമ്മ ഈ സമയം മറ്റു പുരുഷൻമാരെ സ്വീകരിച്ചു തുടങ്ങി. ഇത് കേശവപിള്ളയ്ക്ക് തങ്കമ്മയുടെ മാതാപിതാക്കളുടെ മുന്നിൽ നീതിമാകാനാകുനുള്ള പഴുതൊരുക്കി.

ഉത്തമനായ ഭർത്താവായി കാർത്ത്യായിനിയുടെ മുന്നിൽ തെറ്റുകൾ ഏറ്റുപറഞ്ഞ് ജീവിതം തുടങ്ങുന്ന കേശപിള്ളയ്ക്കു മുന്നിൽ തങ്കമ്മ പുതിയ അവതാരത്തിൽ എത്തുന്നു. ഭജനമഠത്തിന്റെ നിർമ്മാണത്തിന് കരം ഒഴിവാക്കി ഭൂമി പതിച്ചു കിട്ടണമെന്നാണ് തങ്കമ്മയുടെ ആവശ്യം. ഈ അവസരത്തിൽ തങ്കമ്മയുമായി കേശവപിള്ള വീണ്ടും അടുക്കുന്നു. ഔദ്യോഗികകൃത്യനിർവ്വഹണത്തിന്റെ മറവിൽ കേശവപിള്ള തങ്കമ്മയെയുംകൊണ്ട് പലയിടങ്ങളിലായി രമിച്ചു ജീവിച്ചു. ചൂഷണം ചെയ്യാനും ചൂഷിതയാകാനും ആഗ്രഹിക്കുന്ന രണ്ട് കഥാപാത്രങ്ങളായി തങ്കമ്മയെയും കേശവപിള്ളയെയും ചിത്രീകരിക്കാം. ഇരയാകാൻ തയ്യാറായി നിൽക്കുന്ന തങ്കമ്മയെപ്പോലുള്ള നിരവധി സ്ത്രീകൾ അരങ്ങുതകർത്തുവാഴുന്ന കാലഘട്ടമാണിത്. കുഞ്ചൻനമ്പ്യാർ പാടിയതുപോലെ 'കാമിനിമൂലം' പല ഭരണസംവിധാനങ്ങളും തകർന്നടിഞ്ഞ ചരിത്രം ധാരാളമുണ്ട്. വർത്തമാനക്കാലവും അതിൽനിന്ന് വ്യത്യസ്തമല്ല. ഭരണരംഗത്തെ എക്കാലത്തെയും കാലികപ്രാധാന്യമുള്ള പ്രശ്നത്തെ തങ്കമ്മയിലൂടെ തകഴി അനായാസമായി വിനിമയം ചെയ്തിരിക്കുന്നു. വായനക്കാരന്റെ മനസ്സിലെ വിചാരണകോടതിയിൽ കുറ്റവിമുക്തരാകുന്നത് ആരായിരിക്കും. വികാരങ്ങളെ ശമിപ്പിക്കാനായി ഒന്നിനുപ്പിറകേ ഒന്നായി പുരുഷൻമാരെ തേടിപ്പോകുന്ന തങ്കമ്മയോ, തങ്കമ്മയുമായുള്ള ഓരോ കൂടിക്കാഴ്ച്ചയും ഉദ്യോഗത്തിലെ വിജയഗാഥയാക്കിമാറ്റിയ കേശവപിള്ളയോ. വായനക്കാരുടെ മനസ്സിൽ ഈ രണ്ട് കഥാപാത്രങ്ങളെയും വിചാരണ ചെയ്യുന്ന ഒരു വായനാശൈലിയായിരിക്കും രൂപപ്പെടുക.

സർവ്വീസ്ലോകത്ത് ചൂഷണത്തിന് ഇരയാകേണ്ടിവന്ന മറ്റൊരു കഥാപാത്രമാണ് ഭഗവതി. ചീഫ്സെക്രട്ടറി കൃഷ്ണൻ നായരുടെ ഭാര്യയായ ഭഗവതി കൊട്ടാരം അരിവെപ്പുകാരന്റെ മകളുടെമകളാണ്. ഭഗവതി ഭർത്താവിന് ചീഫ്സെക്രട്ടറി സ്ഥാനം ലഭിക്കാനായി അന്നുവരെ സമ്പാദിച്ചത് മാത്രമല്ല മറ്റുപലതും തമിഴന് കാഴ്ച്ചവെച്ചതായി അറപ്പോടുകൂടി ഓർക്കുന്നു. 'സ്ഥാനമാനങ്ങൾ ചൊല്ലി കലഹിച്ച് നാണംകെട്ടു നടക്കുന്നിതു ചിലർ' എന്ന് പറഞ്ഞതുപോലെ കൃഷ്ണൻ നായർക്ക് ചീഫ്സെക്രട്ടറി പദം ലഭിക്കാനായി ഭഗവതി സഞ്ചരിക്കാത്ത വഴികളില്ല. കാര്യനിർവ്വഹണശേഷികുറഞ്ഞ കൃഷ്ണൻനായർ ഉന്നതപദവി കൈകാര്യം ചെയ്യാനാകാതെ തളരുന്ന കാഴ്ച്ച നോവലിൽ കാണാം. അയാൾ ഭാര്യയെ പലവട്ടം കുറ്റപ്പെടുത്തുന്നു. ഭഗവതി സ്വയം ചൂഷിതയാകാൻ നിന്നുകൊടുക്കുകയാ

രുന്നു. തിരുവനന്തപുരത്തെ ഉന്നത ഉദ്യോഗസ്ഥപ്രഭാവവും, അതിന്റെ മോഹവലയങ്ങളും ഭഗവതിയെ വല്ലാതെ ആകർഷിച്ചു. അതിനായി അവർ സ്വയം ഹോമിക്കുകയായിരുന്നു. ഏണിപ്പടികൾ എന്ന നോവലിൽ ഇരകൾ വേട്ടക്കാരുടെ മുന്നിലേക്ക് എത്തപ്പെടുകയായിരുന്നു. ചൂഷിതർക്കും ചൂഷകർക്കും വ്യക്തമായ ലക്ഷ്യം ഉണ്ടായിരുന്നു. ശാരീരിക സംതൃപ്തിയും സാമ്പത്തിക ഉന്നതിയും ഉദ്യോഗ ഉന്നതിയുമൊക്കെ അതിന്റെ നേട്ടങ്ങളിൽ ഒന്നായിരുന്നു.

ഭജനമഠങ്ങളിലെ വഴിവിട്ട പൂജാദികർമ്മങ്ങളെക്കുറിച്ചും അതിന്റെ ചൂഷണവഴികളെക്കുറിച്ചും നോവലിൽ വിവരിക്കുന്നുണ്ട്. സെക്രട്ടറിയേറ്റിലെ ഉന്നതഉദ്യോഗസ്ഥരുടെ ഭാര്യമാരാണ് അതിന് നേതൃത്വം കൊടുക്കുന്നത്. ഇത്തരത്തിൽ ഭരണരംഗവുമായി ബന്ധപ്പെട്ടിട്ടുള്ള വഴിവിട്ട ചില നീക്കുപോക്കുകളുടെ റിയലിസ്റ്റിക് ആവിഷ്ക്കാരമായി ഏണിപ്പടികൾ എന്ന നോവൽ നിലനിൽക്കുന്നു. എക്കാലത്തെയും ബ്യൂറോക്രാറ്റിക് സ്വാധീനമുള്ള ഭരണസംവിധാനത്തിന് ഒരു ചൂണ്ടുപ്പലകയായി ഏണിപ്പടികൾ എന്ന നോവൽ നിലനിൽക്കുന്നു.

ത്യാഗികൾ പിൻതള്ളപ്പെടുകയും, അവസരവാദികൾ ഭൗതിക നേട്ടങ്ങൾ കൈയടക്കുകയും ചെയ്യുന്ന ദയനീയമായ തുടർച്ചക്ക് നോവലിസ്റ്റ് കേശവപിള്ളയുടെ പതനത്തോടെ അടിവരയിടുകയാണ്. ചില ചോദ്യങ്ങൾ ചാട്ടുളിപോലെ പ്രയോഗിച്ചുകൊണ്ടാണ് ഏണിപ്പടികൾ അവസാനിക്കുന്നത്. നായകന്റെ സ്ഥാന അവരോഹണത്തോടെ പിൽക്കാലഭരണം നമുക്ക് മുന്നിൽ അടയുകയാണല്ലോ. ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെ സമസ്ത കുടിലതകൾക്കും പ്രാതിനിധ്യം വഹിച്ച കേശവപിള്ള പടിയിറങ്ങിയത് കൊണ്ട് ഭരണരംഗം ശുദ്ധമായെന്ന് കരുതാനാവില്ല. ജനാധിപത്യത്തിന്റെ നാലു തൂണുകളിൽ ഒന്നായ ഭരണനിർവ്വഹണരംഗം (Executive) കെടുകാര്യസ്ഥത, അഴിമതി, ചുവപ്പു നാട, തുടങ്ങിയ പ്രശ്നങ്ങളിൽ നിന്ന് മുക്തമായോ?ജനങ്ങൾ നിയമനിർമ്മാണ സഭയിലേയ്ക്ക് തെരെഞ്ഞെടുത്തയക്കുന്ന ജനപ്രതിനിധികളും അവരിൽ ഭൂരിപക്ഷമുള്ള പാർട്ടികളും മുന്നണികളും ചേർന്നുണ്ടാക്കുന്ന മന്ത്രിസഭകളും ഭരണരംഗത്തെ ജനസൗഹൃദപരവും സംശുദ്ധവുമാക്കുന്നതിൽ വിജയിച്ചിട്ടില്ല. ദേശീയരാഷ്ട്രീയത്തിന്റെയും (കോൺഗ്രസ്സ്) സാർവ്വ ലൗകീകരാഷ്ട്രീയത്തിന്റെയും (കമ്മ്യൂണിസ്റ്റ്) പ്രതിനിധികളായ, ത്യാഗികളായ രണ്ട് വൃദ്ധൻമാർ ആത്മാഹൂതിയിലൂടെ നമ്മുടെ ജനാധിപത്യഭരണത്തിന്റെ അപജയത്തിനെതിരെ പ്രതികരിക്കുന്നതും, സെക്രട്ടേറിയേറ്റിൽ നിന്ന് സന്യാസാശ്രമത്തിലേയ്ക്കും പിന്നീട് മരണത്തിലേയ്ക്കുള്ള യാത്രയ്ക്കിടയിൽ ഉദ്യോഗസ്ഥമേധാവിയായ കാമുകൻ നല്കിയ സമ്മാനമായ കുഞ്ഞിനെ അതിന്റെ അച്ഛനെ ഏൽപ്പിച്ചു കൊണ്ട് തങ്കമ്മ പ്രതികരിക്കുന്നതും കൂട്ടി വായിക്കുമ്പോൾ കേശവ

പ്പിള്ളകൂടി പങ്കാളിയായ ഒരു ചൂഷണകാലഘട്ടത്തിന്റെ ജീർണ്ണമായ ചരിത്രപരിണാമമായി ഏണിപ്പടികൾ മാറുന്നു.

**രാഷ്ട്രീയ ചിന്തകളുടെ സ്വാംശീകരണത്തിൽ സ്ത്രീകഥാപാത്രങ്ങളുടെ പങ്ക്**

ചരിത്രത്തിന്റെയും രാഷ്ട്രീയത്തിന്റെയും നാൾ വഴികളെ പരിചയപ്പെടുത്തുന്ന ഏണിപ്പടികൾ എന്ന നോവലിലെ സ്ത്രീ കഥാപത്രങ്ങൾ നോവലിന്റെ ആത്മാംശത്തെ വെളിപ്പെടുത്താൻ പര്യാപ്തമായ കഥാപാത്രങ്ങളാണ്. കേശവപിള്ളയുടെ വിവാഹവുമായി ബന്ധപ്പെട്ട കുടുംബചിത്രീകരണത്തിൽ നിന്നു തുടങ്ങി പതനത്തിൽ അവസാനിക്കുന്ന ഈ നോവലിനെ സംഭവബഹുലമാക്കുന്ന രാഷ്ട്രീയ സന്ദർഭങ്ങളിൽ ഈ സ്ത്രീ കഥാപാത്രങ്ങൾ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങൾ വിശകലനം ചെയ്യുകയാണ് ഇവിടെ. കോൺഗ്രസ്സ് പ്രക്ഷോഭത്തിൽ വെടിവെപ്പിന് ആഹ്വാനം ചെയ്ത കേശവപിള്ളയുടെ പങ്കിനെ കുറിച്ചൊന്നും ആദ്യകാലങ്ങളിൽ കുട്ടിയമ്മയ്ക്ക് അറിവില്ലായിരുന്നു. മകന്റെ രാഷ്ട്രീയ കളികളെ കുറിച്ച് കുറച്ചു കാര്യങ്ങൾ മനസ്സിലാക്കിയ കുട്ടിയമ്മ പറയുന്നത്.

"അത് ദ്രോഹമാ മകനെ അതിനൊന്നുമല്ല ശ്രീപത്മനാഭന്റെ പത്തു ചക്രം മേടിക്കുന്നത് പ്രജകളെ രക്ഷിക്കാനാ"[46].

നാട്ടിൽ നടക്കുന്ന കോൺഗ്രസ്സ് പ്രക്ഷോഭങ്ങളെകുറിച്ച് അമ്മ മകന് നൽകുന്ന വിശദീകരണം ഇങ്ങനെയാണ്.

"അവിടെ ഈ നാട്ടിലുള്ള ചെറുപ്പക്കാരെ വയ്യുനേരം കാണാം. ചോവനും ചൂത്തരനും മാപ്പളേം എല്ലാരുണ്ട്. ഈയിടയൊയി അതിന്റെ മുൻവശത്തായിട്ട് വലിയ മീറ്റിംഗായിരുന്നു. വെളീന്നു പ്രസംഗിക്കാൻ ആളുവരും"[47].

പ്രക്ഷോഭത്തിന്റെ ഉള്ളറിവുകൾ അറിയാത്ത കുട്ടിയമ്മ ചിലപ്പോഴെല്ലാം മകനൊപ്പം നിൽക്കുന്ന സന്ദർഭം നോക്കുക.

"ഈ കാൺഗ്രസ്സുകാരു ഭരിച്ചാൽ നമ്മുടെ നിലം കണ്ടുകെട്ടുമെന്നാ പറയുന്നത്"[48].

കോൺഗ്രസ്സിനെതിരെ പ്രവർത്തിക്കുന്ന കേശവപിള്ളയോട് പൊതുജനങ്ങൾക്കുള്ള രോഷം പ്രകടമാകുന്ന ഭാഗമാണിത്. രാജാവിനെതിരെ നിന്ന് പ്രവർത്തിക്കുന്ന ഒരു സംഘടന എന്ന ബോധ്യമേ കോൺഗ്രസ്സിനെകുറിച്ച് കുട്ടിയമ്മയ്ക്കുള്ളൂ. സ്വതന്ത്ര തിരുവിതാംകൂർ എന്ന വലിയ ആശയത്തെകുറിച്ചൊന്നും

കുട്ടിയമ്മ മനസ്സിലാക്കിയിട്ടില്ല. കേശവപിള്ളയുടെയും ദിവാന്റെയും നേതൃത്വത്തിൽ ഭരണം നിലനിർത്താൻ ആഗ്രഹിക്കുന്ന സ്വതന്ത്ര തിരുവിതാംകൂറിനെ കുറിച്ച് അറിയാൻ കാർത്ത്യായനി ആഗ്രഹിക്കുന്ന സന്ദർഭം നോക്കുക.

"എന്തോന്നാ ഈ സ്വതന്ത്ര തിരുവിതാംകൂർ എന്നു പറയുന്നത്? പൊന്നു തമ്പുരാൻ വേണ്ടന്നാണോ"[49].

കേശവപിള്ള കാർത്ത്യായനിയമ്മയ്ക്കു മനസ്സിലാകുന്ന വിധത്തിൽ ലളിതമായി കാര്യങ്ങൾ അവതരിപ്പിച്ചു.

"അപ്പം തിരുവിതാംകൂർകാർ പ്രത്യേകമായിട്ടു കഴിയണെമെന്നാണല്ലേ?"

"കൊച്ചിക്കും ഗുരുവായൂർക്കും ഒന്നും നമ്മുക്ക്പോകാൻ കഴിയുകയില്ലേ?" ഇതിനു കേശവപിള്ള നൽകിയ മറുപടി ഇപ്രകാരമാണ്.

"അതൊക്കെ പിന്നീട് അയൽ രാജ്യങ്ങളുമായി നാം ഉണ്ടാക്കുന്ന കരാർ അനുസരിച്ചായിരിക്കും".

ഇതു മനസ്സിലാക്കിയ കാർത്ത്യായനിയമ്മയുടെ പ്രതികരണം ഇങ്ങനെയാണ്.

ഇങ്ങനെയാണെങ്കിൽ നമുക്ക് സ്വതന്ത്ര തിരുവിതാംകൂർ വേണ്ട കോൺഗ്രസ്സുകാർ പറയുന്നതാ ശരി.

"മകളും ഇങ്ങനാപറയുന്നത് പിന്നെ അച്ചൻ മാത്രമുണ്ട് സ്വതന്ത്ര തിരുവിതാംകൂർ എന്ന് പറഞ്ഞ് നടക്കാൻ"[50].

കാര്യങ്ങളെല്ലാം മനസ്സിലായ കാർത്ത്യായനിയമ്മയിൽ രാഷ്ട്രീയവബോധത്തിന്റെചിന്തകൾ ഉയരാൻ തുടങ്ങി. രാജ്യമൊട്ടാകെ സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ തുരുവിതാംകൂർ രാജ്യം മാത്രം അതിൽ ലയിക്കാതിരിക്കുന്നതിന്റെ അനൗചിത്യത്തെകുറിച്ച് അവർ ചിന്തിക്കാൻ തുടങ്ങി. കോൺഗ്രസ്സിന്റെ ശത്രുവായിരുന്ന കേശവപിള്ള അവരെപ്പറ്റിക്കൂടി നിൽക്കുന്നത് കണ്ടപ്പോൾ ആ രാഷ്ട്രീയം കാർത്ത്യായനിയമ്മയ്ക്കും മനസ്സിലായില്ല. കോൺഗ്രസ്സുമായി കൂടിചേർന്ന് ആഗസ്റ്റ് പതിനഞ്ച് ആഘോഷിക്കുന്നു എന്നറിഞ്ഞപ്പോൾ കാർത്ത്യനിയമ്മ ചോദിക്കുന്നു.

"അപ്പോൾ സർക്കാരും കോൺഗ്രസ്സുകാരുമായിട്ട് എനീം വഴക്കൊന്നുമില്ലേ?

"ഒരിക്കൽ കോൺഗ്രസ്സില്ലാതാക്കാൻ ഓടിനടന്നു. ഇപ്പോം കോൺഗ്രസ്സിനു വേണ്ടി ഓടിനടക്കുന്നു. വല്ലോരു ചോദിച്ചാലെന്നാപറയും"

ഇതിനു മറുപടിയായി കേശവപിള്ള പറയുന്നു.

"ഇപ്പോൾ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നതിനാണ്"

"അതയതെ, നാണമില്ലല്ലോ പറയാൻ! സ്വാതന്ത്ര്യം വേണ്ടെന്നും പറഞ്ഞ ല്യോ കോൺഗ്രസ്സിനെ എതിർത്തത്?[51].

എക്കാലത്തെയും അവസരവാദപരമായ രാഷ്ട്രീയകളിയെ പരിഹസിക്കുക യാണ് കാർത്ത്യായനിയമ്മ. കോൺഗ്രസ്സിനെ എതിർത്ത കേശവപിള്ള ഖദറുമു ടുത്ത് ഗാന്ധിതൊപ്പിയുംവച്ച് കോൺഗ്രസ്സിനോട് ചേർന്ന് നടക്കുന്നതിന്റെ അനൗചിത്യം രാഷ്ട്രീയ ജ്ഞാനമില്ലാത്ത കാർത്ത്യായനിയമ്മയ്ക്കുപ്പോലും മന സ്സിലാകുന്നുണ്ട്.

പരീക്ഷണനായി രാഷ്ട്രീയ കളരിയിൽ ആയുധമില്ലാതെ വിഷമിക്കുന്ന കേശവപിള്ളയോട് കാർത്ത്യായനിയമ്മ ചോദിക്കുന്നു.

"ഇന്നാളു പറഞ്ഞില്യോ, ദിവാൻജിപ്പോയി ഇനി കോൺഗ്രസ്സ് വരുമെന്ന്. കോൺഗ്രസ്സുകാരുടെ ശത്രുക്കളാ കമ്മ്യൂണിസ്റ്റുകാരെന്ന്. അവരു കോൺഗ്രസ്സ് ഭരിക്കുമ്പം ഇതുപോലെ വഴക്കുണ്ടാകുമെന്ന് അപ്പഴ് ഇനീം കമ്മ്യൂണിസ്റ്റുകാര് ഭരി ക്കുമ്പം കോൺഗ്രസ്സുകാരുടെ കാലത്ത് കമ്മ്യൂണിസ്റ്റുകാരെ എതിർത്ത ഉദ്യോഗ സ്ഥൻമാരെ ഒക്കെ പിരിച്ചയക്കണമല്ലോ അങ്ങനാണോ?"[52].

കാർത്ത്യായനിയമ്മയുടെ ഈ വാദമുഖം കേശവപിള്ളയിൽ പുതിയൊരു അങ്കത്തിനുള്ള കളമൊരുക്കുകയാണ് ഉണ്ടായത്. കുട്ടനാട്ടുകാരിയിൽ വളർന്നു വന്ന രാഷ്ട്രീയ അവബോധവും അത് മൂലമുള്ള ജീവിത അവബോധവും പുതിയ പ്രത്യയ ശാസ്ത്രത്തിലേയ്ക്ക് നോവലിനെ ഉയർത്തുകയാണ്.

ചരിത്രത്തിന്റെ മേഖലകളെ സ്പർശിച്ചുകൊണ്ട് രാഷ്ട്രീയ ചുറ്റുപാടുക ളെയും അതിന്റെ കരുനീക്കങ്ങളേയും അവതരിപ്പിക്കുന്നു ഏണിപ്പടികൾ എന്ന നോവൽ. ഈ നോവലിലെ പ്രധാന കഥാപാത്രമായ കേശവപ്പിള്ളയുടെ ധർമ്മപ ത്നിയിലുണ്ടാകുന്ന നിലനില്പ്പിന്റെ രാഷ്ട്രീയവബോധം എല്ലാകാലത്തും എല്ലാവ

രിലും ഉയർന്നു വരുന്ന ചിന്തകൾ തന്നെയാണ്. എന്നാൽ കേശവപിള്ളയുമായുള്ള ജീവിതത്തിൽ കാർത്ത്യായനിക്കു ലഭിച്ച നേട്ടം അവസരവാദപരമായ രാഷ്ട്രീയ നീക്കങ്ങളെക്കുറിച്ച് അറിവ് ലഭിച്ചു എന്നുള്ളതാണ്. അടുക്കളയിലെ കരിയിലും മെഴുക്കിലും ആണ്ടുകിടന്നിരുന്ന കാർത്ത്യായനിയുടെ ജീവിതത്തിന് പുതിയൊരുഅവബോധം സൃഷ്ടിക്കാൻ കേശവപിള്ളയുടെ ജീവിതത്തെക്കൊണ്ട് സാധിച്ചു.

**കഥാപാത്ര നിരൂപണം**

സോഷ്യലിസത്തിന്റെ പണിപ്പുരയിൽ നിന്നുകൊണ്ട് ജീവൽപ്രസ്ഥാനത്തിന്റെ ചേരുവ ചേർത്തെഴുതിയ തകഴിയുടെ കൃതികൾ കാലഘട്ടത്തിന്റെ സവിശേഷത വിളംബരം ചെയ്യുന്നതായിരുന്നു. തകഴിയുടെ ഓരോ നോവൽ പിറവിയുടെയും ലക്ഷ്യം കാലഘട്ടം വിളിച്ചോതിയ ദുഷ്പ്രവൃത്തികൾക്കെതിരെ ശുദ്ധികലശം നടത്തുക എന്നതാണ്. സമൂഹത്തിൽ നില നിന്നിരുന്ന വിധ്വംസക പ്രവർത്തനങ്ങളെയും അനാരോഗ്യകരമായ പ്രവണതകളെയും എതിർക്കുവാൻ തകഴി തന്റെ കൃതികളെ ആയുധമാക്കി. നിന്ദിതരുടെയും, പീഡിതരുടെയും, തോട്ടിയുടെയും, വേശ്യകളുടെയും, അധസ്ഥിതരുടെയും ജീവരക്തംപുരണ്ട ഈ അനുഭവങ്ങൾ കാലത്തിനു മായ്ച്ചുകളയാൻ സാധിക്കാത്തത് ഈ ദുർബല വിഭാഗം സമൂഹത്തിൽ ഇന്നും നിലനിൽക്കുന്നു എന്നുള്ളതു കൊണ്ടാണ്. പത്തൊൻപതാം നൂറ്റാണ്ടിലെയും ഇരുപതാം നൂറ്റാണ്ടിലെയും പ്രശ്നങ്ങൾ പുതിയ രൂപത്തിലും ഭാവത്തിലും സമൂഹത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ കഴിഞ്ഞ കാലഘട്ടത്തിൽ ഇതേ പ്രശ്നങ്ങളെ മറ്റൊരു തലത്തിൽ തകഴി അടക്കമുള്ള നവോത്ഥാനനോവലിസ്റ്റുകൾ എങ്ങനെ സമീപിച്ചിരുന്നു എന്നുള്ളതിന്റെ നേർകാഴ്ച്ചയാണ് തകഴിയുടെ കൃതികൾ.

അധസ്ഥിത പക്ഷത്തോടുള്ള തകഴിയുടെ ചായ്വ് അദ്ദേഹം രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്.

"നല്ലപോലെ അലങ്കരിച്ച ഒരു ഡ്രോയിങ്റൂം ഞാൻ ഇതുവരെ ചിത്രീകരിച്ചിട്ടില്ല. എനിക്ക് പരിചയം ഇല്ലെന്നല്ല അതുമായുള്ള അടുപ്പം പോരാ എന്നതും ആകാം. അതെന്റെ കുറവാണ് എന്ന് ഞാൻ കരുതുന്നു. ബുദ്ധിപരമായി അടുപ്പമുള്ള കാര്യങ്ങൾ ചിത്രീകരിക്കുമ്പോൾ മാത്രമേ ഞാൻ വിജയിക്കുകയുള്ളു"[53] (1970:36).

ബുദ്ധിപരമായ ഈ അടുപ്പമാണ് രണ്ടിടങ്ങഴിയും എണിപ്പടികൾ, തോട്ടിയുടെ മകൻ, കയർ തുടങ്ങിയ കൃതികളെല്ലാം ലോകത്തിന് സമ്മാനിച്ചത്.

**തങ്കമ്മ**

ഏണിപ്പടികൾ എന്ന നോവലിന്റെ കഥാഭൂമി തിരുവനന്തപുരമാണ്. ഭരണ സിരാകേന്ദ്രവും, അതുമായി ബന്ധപ്പെട്ട ജീവിതങ്ങളുടെ പകർന്നാട്ടവും, തകഴി ഈ കൃതിയിൽ ചിത്രീകരിക്കുമ്പോൾ പ്രകാശിതവും അപ്രകാശിതവുമായ നിരവധി സ്ത്രീ-പുരുഷ കഥാപാത്രങ്ങളുടെ ക്യാൻവാസായി ഏണിപ്പടികൾ എന്ന നോവൽ മാറുന്നു. ഈ ക്യാൻവാസിൽ കടും നിറമുള്ള ചായക്കൂട്ടുകളാൽ അലംകൃതമായ സ്ത്രീ കഥാപാത്രമാണ് തങ്കമ്മ. ഭോഗാസക്തിയുടെ കടും നിറങ്ങൾ ചാലിച്ചെഴുതിയ ഈ കഥാപാത്രത്തിന്റെ ചെയ്തികൾ നോവലിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് നിർണായക പങ്കു വഹിക്കുന്നു. ഭഗീരഥി അമ്മയുടേയും ശേഖരപിള്ളയുടേയും മകളായ തങ്കമ്മയ്ക്ക് പേഷ്കാർ വടിവേലുപിള്ള വഴിയാണ് സെക്രട്ടേറിയേറ്റിൽ ജോലി ലഭിക്കുന്നത്. ഈ സെക്ഷനിൽ ജോലിക്ക് കേശവപിള്ള എത്തുമ്പോൾ നോവലിന്റെ ചേരുവ പൂർത്തിയാവുന്നു.

ചീഫ്സെക്രട്ടറിയുടെ പേഴ്സണൽസ്റ്റാഫിൽ പുതിയ നിയമനം നടത്തുന്നു എന്നുള്ള വാർത്ത ഓഫീസിനുള്ളിൽ അവതരിപ്പിക്കുന്നത് മാതേവൻ പിള്ളയാണ്. കേശവപിള്ളയ്ക്ക് ഈ ചിന്തപകർന്നുനൽകിയതും തങ്കമ്മയെന്ന തുറുപ്പു ചീട്ടിനെ അതിനുവേണ്ടി ഇറക്കാൻ പറഞ്ഞതും അയാൾ തന്നെ. ഇവിടെയാണ് കേശവപിള്ള ഉദ്യോഗപർവ്വത്തിലെ ഏണിപടികൾ കയറി തുടങ്ങുന്നത്. ഭരണസിരാകേന്ദ്രങ്ങളിൽ ഉന്നത പിടിപാടുകളാണ് തങ്കമ്മയ്ക്ക്. ആ ബന്ധുബലം ഇതിനായി പ്രയോജനപ്പെടുത്താൻ തങ്കമ്മതീരുമാനിച്ചു. തങ്കമ്മയുടെ അച്ഛന്റെ അനുജനാണ് ഗവൺമെന്റ് സെക്രട്ടറി കൃഷ്ണൻനായർ. ഇവിടെ തങ്കമ്മ മറ്റൊരാൾക്ക് ഏണിയായിപ്രവർത്തിക്കുന്നു. സെക്രട്ടേറിയേറ്റിൽ പാർക്ക്വ്യൂവിൽ പേഴ്സണൽ സെക്രട്ടറിയുടെ ഒഴിവു വന്നപ്പോൾ തന്റെ പ്രേമഭാജനം ആയ കേശവപിള്ളയെ ആ ഒഴിവിലേക്ക് കയറ്റാം എന്ന് തങ്കമ്മ ഉറപ്പു കൊടുത്തു.

“ആര് വേണമെങ്കിലും ശ്രമിക്കട്ടെ നമുക്ക് നോക്കാം ഒന്നും വിഷമിക്കേണ്ട” [54].

എന്ന് പറഞ്ഞുകൊണ്ട് അയാൾക്ക് ആ ഉദ്യോഗത്തിൽ ഉറപ്പു നൽകുകയാണ് തങ്കമ്മ. ഗുമസ്തനിൽ നിന്ന് ചീഫ് സെക്രട്ടറി ആയി വളർന്ന കേശവപിള്ളയുടെ വളർച്ചയ്ക്ക് പലരും സഹായികളായി വർത്തിച്ചു. ഇതിൽ ആദ്യത്തെ കണ്ണിയാണ് തങ്കമ്മ എന്ന കഥാപാത്രം. തകഴിയുടെ മറ്റു നോവലുകളിൽ എന്നപോലെ ഏണിപ്പടികളിലും സ്ത്രീയെ ഒരു ലൈംഗികാസക്തിയുടെ പ്രതീകമായി മാറ്റുകയാണ് ഇവിടെ. കേശവപിള്ളയോട് മുറയും മറയുമില്ലാതെ അടുപ്പം സ്ഥാപിക്കുന്ന തങ്കമ്മ ഒരിക്കൽപോലും സുസ്ഥാപതിമായ കുടുംബജീവിതത്തിന്റെ ആവ

ശ്യകതയെ കുറിച്ച് അയാളുമായി ഭാവി കാര്യങ്ങൾ ചർച്ചചെയ്യുന്നില്ല. തങ്കമ്മയുടെ വീട്ടിലെ സ്ഥിരം സന്ദർശകനായ കേശവപിള്ളയെ ഒരിക്കൽപോലും ഈ സന്ദർശനത്തിൽ നിന്നും വിലക്കുന്നതായി നോവലിൽ ഒരു ഭാഗത്തും കാണുന്നില്ല. ദിവസങ്ങൾ കഴിയുന്തോറും ഭോഗാസക്തി കൂടിവരുന്ന സ്ത്രീ ആയിട്ടാണ് തകഴി തങ്കമ്മയെ ചിത്രീകരിക്കുന്നത്. ഉദ്യോഗപർവത്തിലെ ഏണിപ്പടി തങ്കമ്മയുടെ ശ്രമഫലമായി കയറിയ കേശവപിള്ള, അവളുമായി സന്ധിക്കുമ്പോൾ കഴിഞ്ഞ നാളുകളിലെപോലെ കരുത്തനാകാത്തതിൽ അവൾ അതൃപ്തിപ്രകടിപ്പിക്കുന്നു. ഉയർന്ന ഉദ്യോഗത്തെ കുറിച്ചുള്ള ഭയമാണ് ഈ ശക്തിക്ഷയത്തിന് കാരണം എന്ന് പറഞ്ഞപ്പോൾ, തങ്കമ്മയുടെ മറുപടി ഇപ്രകാരമായിരുന്നു.

"എങ്കിൽ ഞാൻ എന്റെ പഴയ ക്ലർക്കിനെ ക്ലർക്കായി തന്നെ മടക്കി എടുക്കാം. പഴയ ക്ലർക്കിന് കരുത്തുണ്ടായിരുന്നു. എനിക്ക് എന്റെ പഴയ ക്ലർക്കിനെ മതി"[55].

കേശവപിള്ളയുടെ ചിന്തയിലൂടെ തങ്കമ്മയെ തകഴി ചിത്രീകരിക്കുന്നത് ഇപ്രകാരമാണ്.

"അവൾ സുന്ദരിയാണ് തർക്കമില്ല ഒറ്റനോട്ടത്തിൽ അടക്കവും ഒതുക്കവും ഉള്ള ഒരാളുടെ ശാലീനമായ സൗന്ദര്യം ആണ് അത്. കണ്ണുകൾക്കുള്ളിലെ തീയ് രണ്ടാമത്തെ നോട്ടത്തിൽ കണ്ടെത്തുകയുള്ളു. ഇത്രമേൽ ഉഗ്രമായ വികാരസർപ്പം ആ സുന്ദരമായ ആകാരത്തിൽ കുടിയിരിക്കും എന്ന് അറിഞ്ഞിരുന്നില്ല. കഴിഞ്ഞ ഏതാനും ദിവസമായി അവളെ ചൊൽപ്പടിയിൽ നിർത്താൻ തനിക്ക് കഴിഞ്ഞതിൽ അയാൾ അത്ഭുതപ്പെട്ടു"[56].

ഫ്രോയിഡിയൻ മനഃശാസ്ത്രത്തിലെ പുനർനവീകരണമാണ് തങ്കമ്മയുടെ സൃഷ്ടിയിൽ തകഴി സ്വീകരിച്ചിരിക്കുന്നത്. പെൺശരീരത്തെ കാമനയുടെ വിഷയമാക്കി ചിത്രീകരിക്കുന്ന നോവലിസ്റ്റാണ് തകഴി ശിവശങ്കരപിള്ള. ഏണിപ്പടികൾ എന്ന നോവലിൽ നിറഞ്ഞു നിൽക്കുന്ന തങ്കമ്മ എന്ന കഥാപാത്രം മേൽപറഞ്ഞ വിശേഷണത്തിന് തീർത്തും യോഗ്യയാണ്. നോവലിൽ തങ്കമ്മയുടെ സ്ഥാനം നിർണയിക്കുന്ന വായനക്കാരൻ ഭോഗാസക്തിയുടെ നിലയ്ക്കാത്ത പ്രവാഹം ആയിട്ടാണ്അവരെ വായിച്ചെടുക്കുക. പുതുതായി ചാർജെടുത്ത സൂപ്രണ്ട് രാമചന്ദ്രൻനായരുമായി തങ്കമ്മ ബന്ധം സ്ഥാപിച്ചിരിക്കുകയാണ്. കേശവപിള്ളയുടെ സുഹൃത്ത് ഗോവിന്ദപിള്ള അയാളെ കാണാൻ എത്തി. സംസാരത്തിനിടയിൽ ഗോവിന്ദപിള്ള പറയുന്നത് കേശവപിള്ള തങ്കമ്മയെ പറ്റിക്കുകയായിരുന്നു

എന്നാണ്. ഇതിനുള്ള മറുപടിയായി കേശവപിള്ള ഒരു ചിരിയോടെ ഒരു ഭീഷണി സ്വരത്തിൽ പറയുന്നു.

“ചേട്ടന് വണ്ടൻമേട്ടിലേയ്ക്ക് സ്ഥലംമാറ്റത്തിന് സമയം ആയിപോയി”

ബ്യൂറോക്രാറ്റിന്റെ ശബ്ദമാണ് കേശവപിള്ളയുടെ ഈ വാക്കുകളിൽ നിഴലിക്കുന്നത് ഉദ്യോഗത്തിൽ കയറിയ ഉടനെ ഉദ്യോഗ ദുഷ്പ്രഭുത്വത്തിന്റെ ആളായി മാറുകയാണ് കേശവപിള്ള. തങ്കമ്മയുമൊത്തുള്ള സ്വൈര്യവിഹാരദിനങ്ങൾ കേശവപിള്ളയ്ക്ക് ഇപ്പോൾ അടഞ്ഞ അധ്യായമാണ്. ആ നാളുകളെ കുറിച്ച് ആരെങ്കിലും അയാളെ ഓർമിപ്പിച്ചാൽ അയാൾ ഉദ്യോഗരംഗത്തെ സ്വാധീനത്തിൽ ഭീഷണി മുഴക്കുകയാണ് ചെയ്യുന്നത്. സ്ത്രീവിരുദ്ധ പ്രയോഗങ്ങളും, സന്ദേശങ്ങളും സ്ത്രീ കഥാപാത്ര നിർമ്മിതിക്കായി തന്റെ കൃതികളിൽ കരുതി വയ്ക്കുന്ന തകഴി പുരുഷകഥാപാത്രങ്ങളുടെ നിർമ്മിതിയിൽ വരുമ്പോൾ അവരെ മഹത്വവത്കരിക്കാനോ, അല്ലെങ്കിൽ മറ്റുചതുരപ്രയോഗങ്ങളാൽ അവന്റെ നില ഭദ്രമാക്കാനോ ശ്രമിക്കുന്നതായി കാണാം.

തങ്കമ്മക്ക് സാത്വികവേഷം നൽകി ശേഖരപിള്ള, കേശവപിള്ളയുടെ മുന്നിൽ അവതരിപ്പിക്കുന്ന സന്ദർഭം നോക്കുക.

“തങ്കമ്മയും അശ്രീകരമായി ഒന്നും ചെയ്യുകയില്ല. അങ്ങനെയാണ് അവളെ വളർത്തിയിട്ടുള്ളത്. ഈ തിരുവനന്തപുരത്തെ വളർത്തൽ ഇവിടെ ശുദ്ധിയും വൃത്തിയും എന്നൊന്നില്ല. പരിഷ്കാരമല്ലേ, മാസം മാറി ഇരിക്കുക ഒക്കെ വളരെ നിഷ്കർഷയാണവൾക്ക്. അവൾക്കും തള്ളയ്ക്കും നിങ്ങൾ വടക്കരുടെ ചിട്ടയാണ്. എച്ചിലും മറ്റു ശുദ്ധിയും വൃത്തിയും എല്ലാമായാണ് പഠിപ്പിച്ചത്. ഈ നാട്ടിലെ പെൺകുഞ്ഞുങ്ങളുടെ മട്ടല്ല”[57].

ശേഖരപിള്ള ഏറെ അഭിമാനത്തോടെ തന്റെ മകളെ അവതരിപ്പിക്കുമ്പോൾ കേശവപിള്ളയുടെ മനസ്സിലൂടെ കടന്നുപോകുന്നത് ഇപ്രകാരമാണ്. അച്ഛന് മകളെ കുറിച്ച് വല്ലതും അറിയാൻ ഒക്കുമോ?

നവോത്ഥാനസാഹിത്യം സ്ത്രീകളെ അടയാളപ്പെടുത്തുന്ന രീതിയ്ക്കുദാഹരണമാണ് താഴെ പറയുന്ന ഭാഗം. ശേഖരപിള്ള അനുജനെയും ഭാര്യയെയും കാണാൻ വന്നപ്പോൾ പകൽസമയത്ത് ഉറങ്ങുന്ന പെണ്ണുങ്ങളെകുറിച്ചുള്ള പരാമർശം ഇപ്രകാരമാണ് നടത്തുന്നത്.

“പകൽ സ്ത്രീകൾ ഉറങ്ങാൻ പാടില്ല”[58].

പുരുഷൻ ഉറങ്ങാമോ? എന്നൊരു ചോദ്യം വായനക്കാരുടെ മനസ്സിലേയ്ക്ക് കടന്നു വരുന്നു. കാരണം ഇത് ലിംഗസമത്വത്തിന് വേണ്ടി, സ്ത്രീ പുരുഷ തുല്യത യ്ക്കുവേണ്ടി സമര മുഖത്ത് എത്താൻ വെമ്പുന്ന സ്ത്രീ ജനതയുടെ കാലമാണ്. ഏകശാസന അധികാര ചിഹ്നമായ പുരുഷ വർഗത്തിന്റെ ഭാഷയാണ് ഏണിപ്പടി കൾ എന്ന ക്യാൻവാസിലെ പ്രധാന ചായകൂട്ട്. നെഞ്ചുപൊട്ടുന്ന സങ്കടത്തോടെ യാണ് തങ്കമ്മയുടെ അച്ഛൻ ശേഖരപിള്ള തന്റെ മകളുടെ ദുർനടപ്പിനെക്കുറിച്ച് ഭാവി മരുമകൻ എന്നു കരുതിയിരുന്ന കേശവപിള്ളയോട് സംസാരിക്കുന്നത്.
രാത്രിയിൽ കൊട്ടിയമ്പലത്തിന്റെ സമീപത്തുവച്ച് രാമചന്ദ്രൻനായരെയും തങ്കമ്മ യേയും ശേഖരപിള്ള കൈയോടെ പിടികൂടുന്നു. ദേഷ്യം മൂത്ത് തലങ്ങും വിലങ്ങും അടിക്കുന്നു. എന്നാൽ ഒരടി പോലും അയാളുടെ ദേഹത്ത് ഏൽക്കാതെ അടി മുഴു വൻ തങ്കമ്മ ഏറ്റുവാങ്ങുന്നു. കുറേ കഴിഞ്ഞപ്പോൾ അവൾ അലറുന്നത്പോലെ പറ യുന്നു.

"ഇനിയും അടിക്കരുത് ഒരടി അദ്ദേഹത്തിന്റെ ശരീരത്തിൽ കൊണ്ടാൽ".

"നീ എന്ത് ചെയ്യുമടീ".

"ഞാനും അടിക്കും അച്ഛൻ ആണെന്നൊന്നും ഞാൻ കണക്കാക്കില്ല"[59].

അച്ഛനെ തല്ലാൻ ഓങ്ങിയ തങ്കമ്മ എന്ന കഥാപാത്രത്തെ എങ്ങനെ വ്യാ ഖ്യാനിച്ചാലും അവൾ എടുത്ത നിലപാടിന്റെ താൻപോരിമ ഒന്ന് വേറെതന്നെ യാണ്. തകഴിയുടെ നോവൽസാഹിത്യം മുഴുവൻ പരിശോധിച്ചാലും തങ്കമ്മയെ പോലുള്ള സ്ത്രീകൾ ആ കഥാപ്രപഞ്ചത്തിൽ കുറവാണ്. ഒന്നുകിൽ പുരുഷന്റെ കീഴിൽ നിന്ന് കരച്ചിലും കണ്ണീരുമായി കഴിയുന്നവൾ. അല്ലെങ്കിൽ പുരുഷനുമായി സമരസപ്പെട്ട് പോകുന്നവൾ. ഇത്തരത്തിലുള്ള കഥാപാത്രങ്ങളിൽ നിന്ന് വ്യത്യ സ്തയാണ് ഏണിപ്പടികളിലെ തങ്കമ്മ എന്ന കഥാപാത്രം. തന്റേടി എന്ന് അവളെ വിളിക്കാമെങ്കിൽ അതിന് നൽകാവുന്ന ന്യായീകരണം തന്റെ ഇടത്തെക്കുറിച്ചുള്ള അവളുടെ വേവലാതികളുടെ ബഹിർസ്ഫുരണം ആയിരുന്നു അവളുടെ തന്റേടം എന്നുള്ളതാണ്. ആ തന്റേടത്തിന് അതിരു കടന്ന കാമനയുടെ അതിപ്രസരം ഉണ്ടെന്നുള്ളത് ശരി തന്നെ.

രാമചന്ദ്രൻനായരുമൊത്തുള്ള തങ്കമ്മയുടെ ജീവിതത്തിന്റെ നാളുകളും അവസാനിച്ചു. രാമചന്ദ്രൻനായർ കൊച്ചി രാജ്യത്തു നിന്നെവിടേയോ നിന്ന് ഒരു കല്ല്യാണം കഴിച്ചു. ആട്ടവും പാട്ടും അറിയാവുന്ന ഒരു സുന്ദരി. അവൾ പണക്കാരി ആയിരുന്നു. തന്നെ വിവാഹം ചെയ്യണമെന്ന് തങ്കമ്മ പറഞ്ഞിട്ടില്ലെന്നാണ് രാമച

ന്ദ്രൻ പറയുന്നത്. അവളെ സ്നേഹിച്ചാൽ മാത്രം മതിയായിരുന്നുവെത്രേ. ആ നിലയ്ക്ക് അച്ഛൻ നിർബന്ധിച്ചപ്പോൾ അയാൾ വിവാഹം ചെയ്തു. തങ്കമ്മ പറഞ്ഞിരുന്നെങ്കിൽ അയാൾ, എന്തോ, അത് എത്ര മാത്രം ശരിയാണാവോ. ഏതായാലും അടുത്ത സ്നേഹിതൻമാരോട് രാമചന്ദ്രൻനായർ പറഞ്ഞിട്ടുള്ളത്അവളെ അയാൾ ഇപ്പോഴും സ്നേഹിക്കുന്നുണ്ട് എന്നാണ്. അവളെ സ്നേഹിക്കാതിരിക്കാൻ കഴിയുകയില്ല പോലും.

കേശവപിള്ളയിൽ പിടിച്ചു കയറിയ തങ്കമ്മയുടെ ജീവിത വല്ലി ആ വൃക്ഷത്തിന്റെ ബലഹീനത മൂലം മറ്റൊന്നിലേയ്ക്ക് രാമചന്ദ്രൻനായരിലേയ്ക്ക് പടർന്നു കയറുകയായിരുന്നു. ഇപ്പോൾ അതും നിലച്ചിരിക്കുന്നു. വീണ്ടും തന്നിലേക്ക് പടർന്നു കയറാനായി കേശവപിള്ള അവളുടെ വീട്ടിൽ എത്തിയിരിക്കുകയാണ്. അതിന് കാരണമായത് തങ്കമ്മയുടെ അച്ഛന്റെ മരണമാണ്. പരിഭവങ്ങൾ പറഞ്ഞു തീർത്ത് കാർത്ത്യായനിയമ്മയുടെ ഭർത്താവായ കേശവപിള്ള തങ്കമ്മയുടെ വീട്ടിൽ എത്തിയിരിക്കുകയാണ്. കേശവപിള്ളയുമായി തങ്കമ്മ വീണ്ടും അടുക്കുന്നു. തങ്കമ്മ പറയുന്നത് :

"എനിക്ക് എന്നും സ്നേഹിക്കാൻ കഴിയും പക്ഷേ എന്റെ സ്നേഹത്തിന് വിലയില്ല. അതിന്റെ വില തിരിച്ചു കിട്ടുകയുമില്ല"[60].

സ്നേഹം എന്നാൽ ശരീരം പങ്കുവെയ്ക്കുന്നത് അല്ലെങ്കിൽ ഭോഗാസക്തി എന്ന നിലയ്ക്കാണ് തങ്കമ്മയെ നോവലിന്റെ ഓരോ പരിസരപ്രദേശങ്ങളിലും തകഴി പരിചയപ്പെടുത്തുന്നു. തങ്കമ്മയെന്ന ഉൽപ്പന്നത്തിന്റെ രുചി മനസ്സിലാക്കിയ നല്ലൊരു ഉപഭോക്താവാണ് കേശവപിള്ള. ഉൽപ്പന്നം കൈമാറി പോയിട്ടും ആദ്യ ഉപഭോക്താവിന്റെ കയ്യിൽ വീണ്ടും തിരിച്ചെത്തുന്നു. കേശവപിള്ളയുമായുള്ള തങ്കമ്മയുടെ ബന്ധം നിർബാധം തുടരുകയാണ്. തങ്കമ്മയ്ക്ക് വേണ്ടി പുതിയൊരു കെട്ടിടം തന്നെ കേശവപിള്ള വച്ചു കൊടുത്തു. ഡെവലപ്മെന്റ് ഓഫിസർ സ്ഥാനം കിട്ടിയ സന്തോഷവാർത്തയുമായി തങ്കമ്മയുടെ അടുത്തെത്തിയ കേശവപിള്ള കണ്ടത്, തങ്കമ്മയുടെ പുതിയ സേവക്കാരനെയാണ്. ഒരക്ഷരം മിണ്ടാതെ കേശവപിള്ള ഇറങ്ങിപോയി. ഇതിനെ ചൊല്ലി തങ്കമ്മയും അവളുടെ അമ്മയും തമ്മിൽ പിണങ്ങുന്നു.

"മാനംമര്യാദയായി കഴിയാനെ കൊണ്ട് നിനക്ക് അിറഞ്ഞുകൂടാ, അതു തന്നെ. ഈ പയ്യൻ ഇവിടെ വന്നു തുടങ്ങിയപ്പോഴെ ഞാൻ പറഞ്ഞില്ലെ, ഇതു കൊള്ളൂല്ലെന്ന് പൊല്ലാപ്പാവുമെന്ന്, ഇപ്പം കണ്ടോ? കഷ്ടം! നാണോം മാനോം

ഇല്ലാതായി പോയല്ലോടി നിനക്ക്. എനിക്ക് ഇതൊന്നും കാണാനും കേൾക്കാനും വയ്യ ഞാൻ പോവാണ്"[61].

ഭഗീരഥിയമ്മ പോയപ്പോൾ ആ ചെറുപ്പകാരൻ പ്രത്യക്ഷപ്പെട്ടു അയാൾ പരി ഭ്രമിച്ചിരുന്നു. പ്രകാശമുള്ള ഒരു മന്ദഹാസത്തോടെ അയാളുടെ അടുത്തേക്ക് നടന്നു ചെന്ന് തങ്കമ്മ പറയുന്നത് നോക്കുക.

"സൊല്ലകൾ ഒഴിഞ്ഞു"[62].

തങ്കമ്മ എന്ന കഥാപാത്രത്തിന്റെ നിർമ്മിതിയിൽ തകഴി പുലർത്തുന്ന ശൈലിസവിശേഷത ഒന്നു കൊണ്ടുമാത്രം ഈ കഥാപാത്രം അതിന്റെ ചിര സ്ഥായിത്വം പുലർത്തുന്നു. തന്റെ വഴി താൻ തന്നെ വെട്ടുക എന്ന പക്ഷക്കാരി യാണ് തങ്കമ്മ. ആ വഴിയിൽ ആരു തന്നെ തടസ്സം ഉണ്ടാക്കിയാലും അവരെ തള്ളി ക്കളയാനോ പുറത്താക്കാനോ മടിയില്ലാത്തവൾ. തകഴി സാഹിത്യത്തിൽ ഇത്തര ത്തിലുള്ള നിരവധി സ്ത്രീകഥാപാത്രങ്ങളെ കാണാം. കുട്ടനാടൻ മണ്ണിന്റെ ഗന്ധം പേറുന്ന സ്ത്രീകൾ, താൻപോരിമയുള്ള സ്ത്രീകൾ, പവറും പത്രാസും പുലർത്തുന്നവർ ഇത്തരത്തിലുള്ള നിരവധി സ്ത്രീകളുടെ രംഗവേദിയാണ് തകഴി സാഹിത്യം. എന്നാൽ നവോത്ഥാന കാലത്തിന് അപരിചിതമായിരുന്ന ഒരു രചനാ രീതിയാണ് തങ്കമ്മയുടെ സൃഷ്ടിയിൽ തകഴി നടത്തിയത്.

ചീഫ് സെക്രട്ടറി സ്ഥാനം ഏറ്റെടുത്ത കേശവപിള്ളയുടെ മുന്നിൽ ആദ്യമെ ത്തിയത് തങ്കമ്മയുടെ രാജിക്കാര്യം അടങ്ങിയ ഫയൽ ആയിരുന്നു. തങ്കമ്മ രാജി വെച്ച് സന്യസിക്കാൻ പോകുന്നു. പുതിയതായി കെട്ടിയ വീട് ആശ്രമം ആക്കാൻ പോകുന്നു. ഇതൊക്കെയാണ് തങ്കമ്മയുടെ പുതിയ പരിഷ്കാരങ്ങൾ. സന്യാസി യായ തങ്കമ്മയുടെ പുതിയ നാമം നോക്കുക. സന്യാസത്തിന്റെ ശ്രേഷ്ഠത പ്രകടി പ്പിക്കാനായി തകഴി എന്ന പുരോഗമന സാഹിത്യകാരൻ തങ്കമ്മയ്ക്ക് പരിഹാസ പൂർവ്വം നൽകിയ പേര് 'ദേവി ജ്യോതിർമയി മാതാ'. ഈ പുതിയ പേര് സ്വീകരിച്ച് വിസിറ്റിംഗ് കാർഡുമായി ചീഫ് സെക്രട്ടറി കേശവപിള്ളയുടെ ഓഫിസിൽ എത്തി. നീണ്ട വാഗ്വാദങ്ങൾ അവർ തമ്മിൽ നടന്നു. തന്റെ ജീവിതം ഇത്തരത്തിൽ ആയ തിൽ കേശവപിള്ളയെ തങ്കമ്മ കുറ്റപ്പെടുത്തുന്ന സന്ദർഭം നോക്കുക.

"നിങ്ങൾ എന്നെ നശിപ്പിച്ചു എന്നെ ഒരിക്കലും നിങ്ങൾ ശാസിച്ചിരുന്നില്ല. എന്നെ ഒരിക്കലും നിങ്ങൾ നിയന്ത്രിച്ചിരുന്നില്ല. അങ്ങേക്ക് ഞാൻ കീഴ്പ്പെട്ടു. പക്ഷേ എന്നെ ശാസിച്ചോ ശിക്ഷിച്ചോ അങ്ങയുടെ കീഴിൽ സംരക്ഷണം എടു ത്തില്ല, എനിക്ക് അതായിരുന്നു ആവശ്യം. എനിക്ക് ഒരാളുടെ സംരക്ഷണയിൽ

ജീവിക്കണമായിരുന്നു. അതായത് നിങ്ങൾ ആരും എന്നോട് സഹതപിക്കുകയോ എന്നെ സ്നേഹിക്കുകയോ ചെയ്തില്ല. ഉവോ? ഓർത്തു നോക്കണം അങ്ങനെ ആയിരുന്നെങ്കിൽ ഇവിടെയെങ്ങും ഞാൻ എത്തുകയില്ല. എനിക്ക് വേണ്ടിയിരുന്നത് ഒരേ ഒരു യജമാനനെയാണ്. ശിക്ഷിക്കുന്ന ഒരു യജമാനനെ ഒരിക്കലെങ്കിലും അങ്ങ് എന്നോട് ദേഷ്യപ്പെട്ടിട്ടുണ്ടോ? എന്നെ നിയന്ത്രിച്ചിട്ടുണ്ടോ ഒന്ന് ഓർത്ത് നോക്കണം ഞാൻ പാവമല്ലേ, എന്നെ സ്നേഹിച്ചില്ല. സ്നേഹത്തിനു വേണ്ടി ഞാൻ യാചിച്ചു. അങ്ങു മുമ്പ് പറഞ്ഞതുപോലെ സ്നേഹം തേടി ഞാൻ പോയി. എന്നെ ഭരിക്കാൻ മനസ്സ് ഉള്ള ഒരാളെ തേടി"[63].

തങ്കമ്മ എന്ന കഥാപാത്രത്തിന്റെ തുറന്നുപറച്ചിൽ ഈ നോവലിലെ ഏറ്റവും ഹൃദ്യമായ ഭാഗമാണെന്ന് പറയാം. സ്ത്രീ എന്നും സംരക്ഷണം ആഗ്രഹിക്കുന്നവളാണ്. അത് അച്ഛനിൽ നിന്നോ ഭർത്താവിൽ നിന്നോ, മകനിൽ നിന്നോ മകളിൽ നിന്നോ ആകാം. അല്ലെങ്കിൽ തന്നെ മനസ്സിലാക്കിയവരിൽ നിന്നോ. കേശവപിള്ളയാണ് തങ്കമ്മയുടെ ജീവിതത്തിലെ ആദ്യ പുരുഷൻ. തങ്കമ്മയുടെ മനസിലെ കാമനകളെ വളർത്തിയത് കേശവപിള്ളയാണ്. അധികാരത്തോട് കൂടിയുള്ള ഒരു ശാസന ഈ പുരുഷ സ്നേഹത്തിനു മുന്നിൽ അവർ പ്രതീക്ഷിച്ചു. ആ പ്രതീക്ഷ നൽകാൻ അവളെ സമീപിച്ച ഒരു പുരുഷനും കഴിഞ്ഞില്ല. എന്ന നിലയ്ക്കാണ് തങ്കമ്മയെ നോവലിസ്റ്റ് ചിത്രീകരിക്കുന്നത്. വർത്തമാനകാല സമൂഹത്തിനും സ്ത്രീ ഒരു ഉപഭോഗവസ്തുവാണ്. ഏതു തലത്തിൽ നിന്ന് നോക്കിയാലും ഉപഭോഗത്തിനുള്ള ഉൽപ്പന്നമായി സ്ത്രീ മാറിയിരിക്കുന്നു. കേവലം ശാരീരിക ഉൽപ്പന്നം എന്നതിലുമപ്പുറം മാനസികമായ അവഗണനയും അവൾ അനുഭവിക്കുന്നു. ഒരു സ്ത്രീ കുടുംബാംഗങ്ങൾക്കു വേണ്ടി ചെലവിടുന്ന സമയത്തേക്കാളും പണത്തേക്കാളും എത്രയോ വലുതാണ് അവളനുഭവിക്കുന്ന മാനസികസംഘട്ടനങ്ങൾ.

തങ്കമ്മയുടെ ജീവിതത്തിന്റെ രണ്ടാംഘട്ടം ആരംഭിക്കുന്നത് സന്യാസി വേഷത്തിലാണ്. 'ജ്യോതിർമയി ദേവി' എന്നപേര് സ്വീകരിച്ച അവർ സന്യാസ മഠത്തിന്റെ അധിപതിയായി. സന്യാസ ജീവിതത്തോടും തങ്കമ്മക്ക് പൊരുത്തപ്പെടാൻ സാധിക്കുന്നില്ല. മറ്റു സന്യാസിമാരുമായുള്ള പൊരുത്തക്കേടുകൾ തങ്കമ്മയുടെ സ്വഭാവ വൈകൃതത്തെ സൂചിപ്പിക്കുന്നു. ഈ കാലഘട്ടത്തിലെ സന്യാസിമഠങ്ങളിലേക്ക് കൂടി വിരൽ ചൂണ്ടുന്ന ചിന്തകളാണ് ഈ ഭാഗത്ത് തകഴി അവതരിപ്പിക്കുന്നത്. പ്രഭാവതി ദേവി, നിത്യാനന്ദ മയി, തേജോ രൂപിണി, തുടങ്ങിയവർ അന്തേവാസികളായ ആശ്രമത്തിൽ കീർത്തനങ്ങളും ഭജനകളും അരങ്ങു തകർക്കുകയാണ്. 'ദേവി നിത്യാനന്ദമയിക്ക് കരയുന്ന അമ്മ' എന്ന പേരു കൂടിയുണ്ട്. കീർത്തനം

തുടങ്ങുമ്പോൾ അവരുടെ കണ്ണിലൂടെ ധാരമുറിയാതെ കണ്ണുനീരൊഴുകും ഒരിക്കൽ നിത്യാനന്ദമയി തേജോരൂപിണിയോട് ചോദിക്കുന്നു.

"ഭാര്യക്കും ഭർത്താവിനും സന്യാസിമാരായി ഒരുമിച്ചു കഴിഞ്ഞാലെന്ത്. സന്യാസിമാരായി തന്നെ പരസ്പരം സ്നേഹിച്ച് ഭാര്യ ഭർത്താവിന്റെ പാദശുശ്രൂഷ ചെയ്ത വികാരങ്ങൾക്ക് അടിമപ്പെടാതെ".

തേജസ്വരൂപിണി അതിന് പറയുന്ന മറുപടി ഇപ്രകാരമാണ്.

"ആകാം ശ്രീരാമകൃഷ്ണപരമഹംസരുടെ ഭാര്യ ശാരദാമണി ദേവിയും അങ്ങനെയായിരുന്നു".

നിത്യാനന്ദമയിയുടെ ആത്മാവ് ഒന്ന് കുളിർത്തു.

"അതാകാം അവർ പറഞ്ഞു. ഞാൻ അതിനുവേണ്ടി പ്രാർത്ഥിക്കുകയാണ് ഞാൻ ഒരിക്കലും സന്യാസം ലംഘിക്കുകയില്ല"[64].

സംതൃപ്തിയടയാത്ത ഭാര്യാ-ഭർതൃബന്ധത്തെക്കുറിച്ച് സങ്കടപ്പെടുന്ന സന്യാസിനിയെയാണ് ഇവിടെ കാണുന്നത്. അടിച്ചമർത്തപ്പെട്ട വികാരങ്ങളുമായി സന്യാസഭവനത്തിന്റെ നാല് ചുവരുകൾക്കുള്ളിൽ കഴിയുന്ന സ്ത്രീകളെക്കുറിച്ചുള്ള പരാമർശമായി നോവലിലെ ഈ ഭാഗത്തെ വായിച്ചെടുക്കാം. ലൈംഗികവും ലൗകീകവുമായ ചിത്തവികാരങ്ങളെ മാറ്റിവെക്കാൻ ആധ്യാത്മികതയുടെ ദർശനമുള്ളവർക്കേ കഴിയൂ എന്നും, ആർക്കുച്ചെന്നും സൗകര്യംപോലെ എടുത്തണിയാനുള്ള ഒന്നല്ല സന്യാസവൃത്തി എന്നുള്ള വായനകൂടി ഈ ഭാഗത്ത് നോവലിസ്റ്റ് നടത്തുന്നു.

ലൗകീകജീവിതത്തിന്റേയും ലൈംഗികജീവിതത്തിന്റേയും കെട്ട്വിടാത്ത തങ്കമ്മയെ സന്യാസ ജീവിതത്തിന്റെ മൂടുപടം അണിയിച്ച തകഴി, സന്യാസഭവനങ്ങളിൽ എക്കാലവും അരങ്ങേറിയിരുന്ന ചീത്തത്തങ്ങളെ തുറന്നു കാട്ടുകയായിരുന്നു. ലൗകികതയുടെ പരകോടിയിൽ വസിക്കുന്നവർ അമ്മ ദൈവങ്ങളിലേയ്ക്ക് പരകായപ്രവേശം നടത്തിയാൽ സംഭവിക്കുന്ന കാര്യങ്ങളാണ് ജ്യോതിർമയിദേവി എന്ന തങ്കമ്മയുടെ സന്യാസം നമുക്ക് കാട്ടിതരുന്നത്. ഭർത്താവുമൊത്ത് മഠത്തിൽ കഴിയാൻ ആഗ്രഹിക്കുന്നവർ. ഭർതൃസാമിപ്യം ലഭിക്കാത്തതാണ് ഇത്തരം കണ്ണുനീർ പ്രവാഹത്തിന്റെ കാരണം. പ്രാർത്ഥനാ വേളകളിൽ ഒഴുക്കുന്ന കണ്ണുനീർ പ്രവാഹം, ആത്മീയതയുടെ കണ്ണുനീർപ്രവാഹമല്ല, ശാശ്വതമായ ഭക്തിയുടെ ഭാവ

വുമല്ല എന്നുള്ള ചിന്തകൂടി നോവൽ വായനയിലൂടെ വ്യക്തമാകുന്നു. നമ്മുടെ സന്യാസ ഭവനങ്ങളിലെ കള്ളപ്രവാചകന്മാരെ വെളിച്ചത്തു കൊണ്ടുവരിക എന്നതു കൂടി ഈ നോവലിന്റെ ലക്ഷ്യമായി കരുതാം.

ആശ്രമം മഠാധിപതിയായ തങ്കമ്മ തന്റെ ആശ്രമത്തിലേക്ക് അന്തേവാസിയായി സാവിത്രി എന്ന ഭിക്ഷക്കാരിയെ കൊണ്ടു വരുന്നു. തെണ്ടി നടന്നിരുന്ന അവളെ കുളിപ്പിച്ച് വൃത്തിയാക്കി ഭക്ഷണവും നൽകി കഴിഞ്ഞപ്പോൾ സാവിത്രി ആളു മാറി, അവളുടെ ജീവിതകഥയും തന്റെ ജീവിതത്തിനോട് സമമാണെന്ന് ജ്യോതിർമയി ഓർക്കുന്നു. മനസ്സിൽ ആദ്യം എത്തിയ ആണൊരുത്തനെ അവിടെ തന്നെ പ്രതിഷ്ഠിക്കാൻ തനിക്ക് സാധിച്ചില്ല. പല പ്രതീക്ഷകളിലെയ്ക്കും തന്റെ മനസ്സും ശരീരവും സഞ്ചരിച്ചു. തന്റെ പൂർവ്വജീവിതവും സാവിത്രിയുടെ ജീവിതവും തമ്മിൽ സാദൃശ്യങ്ങൾ കണ്ടെത്തെകുയാണ് തങ്കമ്മ. തന്റെ പക്ഷത്ത് ചേരാനായി തെരുവിൽ കണ്ടവരെയെല്ലാം വിളിച്ചു കയറ്റുന്നു. ഇത് മറ്റു സന്യാസിമാർക്ക് അസ്വസ്ഥത ഉണ്ടാക്കി. പ്രഭാവതി ദേവി ഒരിക്കൽ പറഞ്ഞു ഞാൻ അവരെ ഇവിടെ നിന്നും അടിച്ചിറക്കും അതിന് തങ്കമ്മ പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു.

"ഇവിടെ നിന്നോ ഞാൻ കയറ്റി താമസിച്ചവരേയോ, എങ്കിൽ ഭവാനിയമ്മ അവരോട് പറയണം ഇത് എന്റെ വീട് ആണെന്നും എനിക്ക് ഇഷ്ടമുള്ളവരെ പാർപ്പിക്കും"[65].

ഇതറിഞ്ഞപ്പോൾ പ്രഭാവതി പ്രതികരിച്ചത് ഇങ്ങനെയാണ്.

"വീടിന്റെ അവകാശം പണ്ടായിരുന്നു. ഇപ്പോൾ ഇതൊരു പൊതുസ്ഥാപനം ആണ്. ഞാനും ഇവിടെ വെറുതെ വന്നു കയറിയവളല്ല. എന്റെ പ്രയത്നം കൊണ്ട് ഉണ്ടാക്കിയ പന്തീരായിരം രൂപ ഇവിടെയുണ്ട്. അങ്ങനെയങ്ങ് ആരും അധികാരം ഭരിക്കേണ്ട എങ്കിൽ അതൊന്ന് കാണാം"[66].

ആധ്യാത്മികതയായാലും, ഭൗതികതയായാലും അടിസ്ഥാനം പണമാണ് എന്ന വിശ്വാസത്തെ ഊട്ടിയുറപ്പിക്കുന്നതാണ് പ്രഭാവതിയുടെ വാക്കുകൾ. ഭൗതിക മോഹങ്ങളെ വിട്ടെറിഞ്ഞ പ്രഭാവതി 'ബ്രഹ്മത്തിനോട് ചാരാൻ' പ്രവേശനഫീസായി നൽകിയത് പതിനായിരം രൂപയാണ്. രാഷ്ട്രീയരംഗത്തെ ശുചീകരണത്തോടൊപ്പം ആധ്യാത്മിക രംഗത്തെ ശുചീകരണവും ഏണിപ്പടികൾ എന്ന നോവലിന്റെ ലക്ഷ്യമായിരുന്നു എന്ന് ഈ ഭാഗം തെളിയിക്കുന്നു.

ആശ്രമത്തിലെ സന്യാസിമാർ തമ്മിലുള്ള തർക്കങ്ങൾ അവസാനിപ്പിക്കാൻ നിത്യാനന്ദ സ്വാമികൾ തന്നെ ആശ്രമത്തിൽ വന്നു. അദ്ദേഹം അവതരിപ്പിച്ച പരി ഹാരമാർഗം ഇപ്രകാരമായിരുന്നു.

"സന്യാസം എന്നാൽ ഒന്നും ചെയ്യാതിരിക്കുക എന്നല്ല. അത് വിശ്രമ ജീവിതവുമല്ല. സന്യാസിക്ക് ഈ ലോകത്തിൽ തന്നെ വളരെയേറെ കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ട്. വാസനയും കഴിവും അനുസരിച്ച് സമൂഹത്തിനുവേണ്ടി ഓരോ ജോലിയും ഓരോ സന്യാസിനിയും തിരഞ്ഞെടുക്കേണ്ടതായുണ്ട്. ആശ്രമ ത്തിൽ പ്രാർത്ഥനാ നിരതരായി വേദാന്ത ചിന്തയോടെ കഴിയുന്ന സന്യാസിനിക്ക് അതിനുള്ള സൗകര്യം ഉണ്ടായിരിക്കണം അതും സമൂഹത്തിനു വേണ്ടിയുള്ള സേവനമാണ്. ഒരു ആശ്രമം അനാഥമന്ദിരം ആകുന്നതിനുള്ള എതിർപ്പ് ഈ അടി സ്ഥാനത്തിൽ മനസ്സിലാക്കേണ്ടതാണ്"[67].

അനാഥസംരക്ഷണം ജീവിതവ്രതമായി സ്വീകരിച്ച സന്യാസിക്കും അതിനു ള്ള സംരക്ഷണം ഉണ്ടാക്കി കൊടുക്കണം. അത് നിരുത്സാഹപെടുത്താവുന്നതല്ല എന്നുകൂടി അദ്ദേഹം കൂട്ടിച്ചേർക്കുന്നു. മഠങ്ങളുടെ ഭരണത്തിനും സാമ്പത്തികമായ ആധിപത്യങ്ങൾക്കു വേണ്ടി ഏതു വഴിവിട്ടപ്രവൃത്തികളും സ്വീകരിക്കുന്ന ഇന്നത്തെ സന്യാസിനി മഠത്തിലേയും, ആത്മീയ മന്ദിരങ്ങളിലേയും മറ്റൊരു രൂപ മാണ് ഏണിപ്പടികൾ എന്ന നോവലിൽ കാലങ്ങൾക്കു മുമ്പേ തകഴി ആവിഷ്കരി ച്ചത്. അദ്ധ്യാത്മികവും സാമ്പത്തികവും ഒരിക്കലും പൊരുത്തപ്പെടാത്ത മേഖല യായി മാറുമ്പോൾ ഇതുപോലുള്ള പല അവിശുദ്ധ കൂട്ടുകെട്ടുകളും ഉണ്ടാകും. എ ന്നുള്ളതിന്റെ സൂചനയാണ് ഈ നോവൽ നമ്മോട് പങ്കുവെയ്ക്കുന്നത്.

നിത്യാനന്ദ സ്വാമികളുടെ തീരുമാനത്തെ തുടർന്ന് ജ്യോതിർമയി ദേവി യുടെ ആശ്രമത്തിലെ ജീവിതം തീർത്തും കലുഷിതമായി. അവൾ അനാഥാലയ ത്തിന്റെ നിർമ്മിതിക്കായി കേശവപിള്ളയെ തേടിയെത്തുന്നു. ഔദ്യോഗിക കൃത്യ നിർവഹണത്തിന്റെ ഭാഗമായി കന്യാകുമാരിയിലേക്ക് പോയ കേശവപിള്ളയുടെ ഒപ്പം തങ്കമ്മയും ചേരുന്നു. വറ്റി വരണ്ട നദിയിൽ പെട്ടെന്നുണ്ടായ ജലപ്രവാഹം എന്നതുപോലെ ഇവർ പരസ്പരം ലയിക്കുന്നു. പരപ്സര കുറ്റപ്പെടുത്തലിനും പര സ്പര കുറ്റസമ്മതത്തിനും ശേഷം ഇരുവരു ഒന്നാകുന്നു. കേശവപിള്ളയുമായി അകലാനുള്ള കാരണങ്ങൾ തങ്കമ്മ നിരത്തുന്നത് നോക്കുക.

"തന്നെ നിയന്ത്രിക്കാൻ ആരുമുണ്ടായില്ല എന്നതാണ് എന്നോട് അശേഷം സ്നേഹമില്ലായിരുന്നു. ഞാൻ അങ്ങനെ പോയാൽ എന്താണെന്ന് വച്ചു വഴി

പിഴച്ചു പോകുന്നത് നോക്കി നിന്നു. നില്ലടി അവിടെ എന്ന് പറഞ്ഞില്ല. എന്നെ പിടിച്ചു നിർത്തിയില്ല. ഞാനങ്ങ് പോയി നശിച്ചു''[68].

രാമചന്ദ്രൻനായരുമായുള്ള ബന്ധത്തെകുറിച്ചും ജ്യോതിർമയിദേവിക്ക് പറ യാനുള്ളത് ഇപ്രകാരമാണ്.

''എല്ലാം ശരിയായിരുന്നു ആ മനുഷ്യന്റെയും ഒരു ഉപകരണമായിരുന്നു ഞാൻ. എന്നെ അയാളും സ്നേഹിച്ചില്ല. അവിടുന്ന് ഇളക്കിവിട്ട ഭ്രാന്ത് സത്യത്തിൽ എന്റെ ജീവിതത്തെ നശിപ്പിച്ചു. ആരും സ്നേഹിച്ചില്ല. ഞാൻ നിർബന്ധമായും കല്ല്യാണത്തെക്കുറിച്ച് പറഞ്ഞപ്പോൾ ആ ബന്ധം അവസാനിച്ചു. അയാൾ ആട്ടവും പാട്ടും ഉള്ള ഒരു പെണ്ണിനെ കല്ല്യാണം കഴിച്ചു''[69].

എല്ലാ കാലത്തെയും മികച്ചൊരു കച്ചവടചരക്കാണ് ആത്മീയത. എളുപ്പം വിറ്റഴിയുന്ന ഈ ആത്മീയ വിപണിയ്ക്ക് എല്ലാകാലത്തും സാധ്യതയുണ്ടെന്നുള്ള ചിന്ത തങ്കമ്മയിലൂടെ മാത്രമല്ല, മറ്റെല്ലാ വർത്തമാന സംഭവങ്ങളിലൂടെയും വായന ക്കാർ തിരിച്ചറിയുന്നു. സ്ത്രീമനസ്സിന്റെ ചാപല്യങ്ങളെ സസൂക്ഷ്മം വിശകലനം ചെയ്യാൻ തങ്കമ്മ എന്ന കഥാപാത്രത്തെ നിരീക്ഷിച്ചാൽ മതിയാകും. ഈ ചാപല്യ ങ്ങളെ മുതലെടുക്കാൻ വരുന്ന പുരുഷ വർഗം നീതീകരിക്കപ്പെടുകയും സ്ത്രീ ഒരു മ്പെട്ടവൾ എന്ന പദവിയിലേയ്ക്ക് എത്തുകയും ചെയ്യുന്ന കാഴ്ച്ചയാണ് ഈ നോവ ലിന്റെ വായനയിൽ നാം കാണുന്നത്. തകഴി സാഹിത്യത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് പാർശ്വവത്കരിക്കപ്പെട്ട സ്ത്രീജീവിതങ്ങളെയാണ്. ഏണിപ്പടികൾ പോലുള്ള അപൂർവ്വം നോവലുകളിൽ മാത്രമേ മധ്യവർഗ വിഭാഗത്തിന്റെ പ്രതീക മായ തങ്കമ്മയെ പോലുള്ള ഉദ്യോഗസ്ഥ വനിതകൾ വരുന്നുള്ളു. മധ്യവർഗ്ഗ ത്തിൽപെട്ട ഈ സ്ത്രീ കഥാപാത്രങ്ങൾ ആരും തന്നെ നേരായ വഴിക്ക് ജീവിതം ജീവിച്ചു തീർക്കുന്നവർ ആണെന്ന് തകഴി പറയുന്നില്ല. സന്യാസി മഠത്തിൽ കഴി യുന്ന പ്രഭാവതിയെ പോലുള്ളവർ തുടങ്ങി വഴിവിട്ട ബന്ധത്തിൽ സന്തോഷം കണ്ടെത്തുന്ന നിരവധി സ്ത്രീ കഥാപാത്രങ്ങളെ തകഴിയുടെ നോവൽ പരിസരങ്ങ ളിൽ കാണാം. അതിന് ഗ്രാമത്തിലെ സ്ത്രീകൾ എന്നോ പട്ടണത്തിലെ സ്ത്രീകൾ എന്നോ വ്യത്യാസം തകഴി നൽകുന്നില്ല.

തങ്കമ്മയും കേശവപിള്ളയുമായുള്ള ബന്ധം പല സങ്കേതങ്ങളിലും വച്ച് തുടരുകയാണ്. ഭാവിയെപ്പറ്റി തങ്കമ്മയ്ക്ക് ആശങ്കകളുണ്ട്. തങ്കമ്മയുമായുള്ള ബന്ധത്തെപ്പറ്റി കേശവപിള്ള പറയുന്നത് നോക്കുക.

"പ്രായവും പക്വതയും വന്നു കഴിയുമ്പോൾ വിലക്കപ്പെട്ട കനിക്കു ചുരുങ്ങിയ ആയുസ്സുള്ളു എന്നാണ്". അത്യുൽകടമായ വികാര ആവേശത്തോടെ തങ്കമ്മ പറയുന്ന സന്ദർഭം നോക്കുക.

"ഓ എന്റെ ദൈവമേ അങ്ങയെ എന്നിലേക്ക് തന്നെ വരിഞ്ഞു കെട്ടാൻ ഒരു ചരട് ഉണ്ടായിരുന്നെങ്കിൽ" "ചരടോ" വേദനയോടെ തങ്കമ്മ പറഞ്ഞു,

"അതെ എനിക്കും ഒരു കുഞ്ഞുണ്ടായിരുന്നെങ്കിൽ"[70].

സ്ത്രീപുരുഷബന്ധങ്ങളെ കൂട്ടിയിണക്കുന്ന ശക്തിയേറിയ കണ്ണിയാണ് ആ ബന്ധത്തിലുണ്ടകുന്ന കുഞ്ഞ്. തങ്കമ്മ ആഗ്രഹിച്ചത് കേശവപിള്ളയിൽ നിന്ന് ഒരു കുഞ്ഞ് തനിക്ക് ജനിച്ചിരുന്നെങ്കിൽ ഈ ബന്ധം തുടർന്നു പോകുമെന്നാണ്. തങ്കമ്മ എന്ന കഥാപത്രത്തിന്റെ സ്വഭാവത്തെ നിരൂപണം ചെയ്യുമ്പോൾ ഒരു കുഞ്ഞുണ്ടാവുക എന്നതിനുമപ്പുറം ആഗ്രഹസഫലീകരണത്തിന് ആ കുഞ്ഞിനെ ഒരു കണ്ണിയാക്കുക എന്നതാണ്. വർത്തമാന കാല ജീവിതങ്ങൾ ഇത്തരം ബന്ധങ്ങളിലൂടെ ഉണ്ടായ കുഞ്ഞുങ്ങളെ ഏതെങ്കിലും വിധത്തിൽ ഉപേക്ഷിക്കുകയോ ഇല്ലായ്മ ചെയ്യുകയോ ചെയ്യുമ്പോൾ കഴിഞ്ഞ കാലഘട്ടം ആഗ്രഹിക്കുന്നത് ബന്ധങ്ങളെ പിടിച്ചു നിർത്താനും വിലപേശാനുമുള്ള കണ്ണികളാണ് കുഞ്ഞുങ്ങൾ എന്നുള്ളതാണ്.

തങ്കമ്മ ആഗ്രഹിച്ചതുപോലെ കേശവപിള്ളയുമായി ബന്ധിക്കാനുള്ള ചരട് അവളുടെ വയറ്റിൽ വളരുകയാണ്. ഇത് ആശ്രമത്തിൽ കുറേയേറെ പ്രശ്നങ്ങൾ സൃഷ്ടിച്ചു. ആശുപത്രിയിലെ പേവാർഡിൽ ജ്യോതിർമയി ദേവിയെ പ്രസവത്തിനായി പ്രവേശിപ്പിച്ചിരിക്കുകയാണ്. ഭാവിയെ കുറിച്ച് യാതൊരുആകുലതയും ഇല്ലാതെ കിടക്കുന്ന അവളോട് സാവിത്രി ചോദിക്കുന്നു.

"പ്രസവം കഴിഞ്ഞ് അമ്മ എന്ത് ചെയ്യും".

"ഞാനോ ? എന്റെ കാര്യത്തെ കുറിച്ച് നീ ക്ലേശിക്കണ്ട".

"അതെന്ത് അദ്ദേഹം അമ്മയെ സ്വീകരിക്കുമോ".

"എന്നെ അദ്ദേഹം സ്വീകരിക്കേണ്ട".

"പിന്നെ"

"നീ ഒന്നുംഅറിയേണ്ട ഇത്രയും ചെയ്താൽ മതി. ആ കുഞ്ഞിനെ അദ്ദേഹത്തിന്റെ മുമ്പിൽ കൊണ്ടു വന്നു വെക്കണം. എന്നിട്ട് തിരിഞ്ഞു നടന്നു പോരണം. കുഞ്ഞു മരിച്ചു പോകുന്നെങ്കിൽ അതിന്റെ അച്ഛനാരെന്ന കാര്യം ഇന്നത്തെ പോലെ രഹസ്യമായി വെച്ചേക്കണം. ഒരൊറ്റ ആളോട് പോലും പറയരുത്".

"എന്നിട്ട് നീ മുമ്പിലത്തെപോലെ പെരുവഴിയിൽ കൂടി അങ്ങ് നടന്നു നടന്നു പോകണം"

"അപ്പോൾ അമ്മ"

"ഓ എന്റെ കാര്യം നീ ആലോചിക്കണ്ട, ആരും ആലോചിക്കണ്ട"[71].

"ഞാൻ പറഞ്ഞതുപോലെ നീ ചെയ്താൽമതി നിനക്കൊരു ജോലിയേ ഉള്ളു. നിന്റെ ഭാരം ഒഴിവാക്കാൻ വേണ്ടി കൂടിയാണ്, ആ കുഞ്ഞിനെ കയ്യിലെടുത്ത് പാർക്ക് വ്യൂവിൽ അകത്തു കടന്നു കൂടണം എന്നിട്ട് അദ്ദേഹത്തിന്റെ പാദത്തിൽ കാണിക്ക പോലെ വച്ചിട്ട് തിരിഞ്ഞു നടക്കണം അത്രമാത്രം"[72].

രണ്ടു പ്രതിജ്ഞകൾകൂടി ജ്യോതിർമയിദേവി സാവിത്രിയെ കൊണ്ട് എടുപ്പിക്കുന്നു. ഒന്നാമത്തെ കാര്യത്തിൽ സാവിത്രി ആ കുഞ്ഞിന്റെ അച്ഛൻ ആരാണെന്ന് ലോകത്തോട് പറയില്ലെന്ന്. മറ്റൊന്ന് ആ കുഞ്ഞിനെ പിന്നീടൊരിക്കലും സാവിത്രി കാണില്ലെന്നും. ഒന്നാമത്തെ കാര്യത്തിൽ ഒരു ഭേദഗതി ഒപ്പിച്ചെടുത്തു സാവിത്രി. അത് കുഞ്ഞിന്റെ അച്ഛൻ കേശവപിള്ള ആണെന്ന് അയാളോട് പറയണം എന്നുള്ളതായിരുന്നു. ജ്യോതിർമയി ദേവിയുടെ ആഗ്രഹംപോലെ അവൾ പ്രസവിച്ച കുഞ്ഞിനെ സാവിത്രി കേശവപിള്ളയുടെ കാൽക്കൽ വച്ച് മടങ്ങുന്നു. ഏണിപ്പടികൾ എന്ന നോവിലിലെ ഒരു ജീവിതം ഇവിടെ അവസാനിക്കുകയാണ്. തങ്കമ്മ തന്റെ ജീവിതത്തിലേയ്ക്ക് വലിച്ചിട്ടത് നിരവധിപേരെയാണ്. തീരങ്ങളെ തട്ടിയുണർത്തിയും വൻമരങ്ങളെ തന്നിലേയ്ക്ക് അടുപ്പിച്ചും കലങ്ങിമറിഞ്ഞ് ഒഴുകുന്ന പുഴയുടെ ഭാവമായിരുന്നു തങ്കമ്മയുടേത്. അല്ലെങ്കിൽ മനസ്സുറപ്പില്ലാതെ ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് ചാഞ്ചാട്ടം നടത്തിയും വീണ്ടും ആദ്യത്തിലേക്കു തന്നെ തിരിച്ചെത്തുന്ന വികലമനസ്സിന്റെ ഉടമ. തങ്കമ്മയുടെ സ്വഭാവത്തിന്റെ വ്യത്യസ്ഥത വിശകലന വിധേയമാക്കുമ്പോൾ സ്ത്രീമനസ്സിന്റെ വൈവിധ്യഭാവങ്ങളെയാണ് തകഴി അവതരിപ്പിക്കുന്നത്.

തങ്കമ്മയെ പോലുള്ള സ്ത്രീകളെ നോവൽ അതിന്റെ വളർച്ചയുടെ പ്രധാന ഘട്ടങ്ങളിൽ കേന്ദ്രപ്രമേയമായി ആവിഷ്കരിച്ചിരിക്കുന്നു. ഇതിനു കാരണം സ്ത്രീകളുടെ അധികാരതാല്പര്യവും, വ്യക്തിത്വവും, അപരവ്യക്തിത്വവും ആവിഷ്കരിക്കാൻ സമൂഹത്തിലെ ചില കഥാപാത്രങ്ങൾ സ്വീകരിക്കുന്ന മാർഗം ഇത് ആവാം എന്നാണ് തകഴി ഈ കഥാപാത്രത്തിലൂടെ തെളിയിക്കുന്നത്. അധികാരം, സ്ഥാനമാനം, ഉയർച്ച, സമ്പത്ത് തുടങ്ങിയവ പുരുഷ കേന്ദ്രീകൃതമാണ് എന്ന വീക്ഷണത്തിന് പരോക്ഷമായ പിന്തുണ നൽകുവാനും നോവൽ ശ്രമിക്കുന്നുണ്ട്. കുലസ്ത്രീ ബോധം, കുടുംബത്തിലെ നിശബ്ദയായ ഗൃഹനാഥ തുടങ്ങിയവ പരമ്പരാഗത സ്ത്രീസങ്കല്പങ്ങൾക്ക് വേണ്ടതാണെന്ന ബോധ്യപ്പെടുത്തൽ ഈ നോവലിൽ ഉണ്ട്. കൂടാതെ വ്യവസ്ഥാപിത സ്ത്രീ സങ്കല്പത്തെ അട്ടിമറിക്കുന്ന ഒരു സ്ത്രീ കഥാപാത്രമായി തങ്കമ്മയെന്ന കഥാപാത്രം മാറുന്നു. ഒരു വശത്ത് പൊതുവായി സ്ത്രീസ്വഭാവത്തിന് വിരുദ്ധമായ ചില ഘടകങ്ങൾ തങ്കമ്മയ്ക്ക് നൽകുകയും മറുവശത്ത് തങ്കമ്മയിലൂടെ സ്വതന്ത്രരായ സ്ത്രീ കഥാപാത്രത്തെ സൃഷ്ടിക്കാനുള്ള ചിലശ്രമങ്ങളും തകഴിനടത്തുന്നു. എന്നാൽ ഇതിൽ പൂർണ്ണമായും ശ്രദ്ധകേന്ദ്രീകരിക്കാൻ തകഴിക്ക് കഴിയുന്നില്ല.

നവോത്ഥാനമലയാളസാഹിത്യത്തിന്റെ ചട്ടക്കൂടിൽ ഉത്തമരും, അധമരും, നിസ്വരും നിസ്സഹായരുമായ നിരവധി സ്ത്രീ കഥാപാത്രങ്ങളെ കാണാം. കാരിരുമ്പിൻ കരുത്തുള്ള നിരവധി പെണ്ണുങ്ങൾ കഥാപാത്രങ്ങളായി തകഴിയുടെ നോവലിൽ രൂപപ്പെട്ടിട്ടുണ്ട്. തങ്കമ്മ എന്ന കഥാപാത്രത്തെ വിലയിരുത്തുമ്പോൾ അവർ പറയുന്നത് പോലെതന്നെ തിരുത്താനോ കാർക്കശ്യത്തോടെ, തെറ്റുകൾക്ക് ശിക്ഷ നൽകാനോ ആരും ഉണ്ടായില്ല എന്നതാണ്. ഒരുപക്ഷേ വികാരത്തള്ളിച്ചയിൽ മതാപിതാക്കളുടെ വാക്കുകൾക്ക് വില കൊടുക്കാതെയും വന്നിട്ടുണ്ട്. ഒരു സ്ത്രീയുടെ മനസ്സിൽ ആദ്യം കയറി പറ്റുന്ന മനുഷ്യൻ മരണംവരെ അവളുടെ ജീവിതത്തിൽ ഉണ്ടായിരിക്കും. തങ്കമ്മയുടെ കാര്യത്തിലും അതു തന്നെയാണ് സംഭവിച്ചത്. അവസാനം കേശവപിള്ളയിൽ തന്നെ വീണ്ടും അഭയം തേടുന്ന തങ്കമ്മയെയാണ് നോവലിന്റെ രണ്ടാം ഭാഗത്തു കാണുന്നത്.

തങ്കമ്മ എന്ന സ്ത്രീ കഥാപാത്രത്തിന്റെ സൃഷ്ടിയിൽ തകഴി പുലർത്തിയ പുരുഷമേധാവിത്വം മൂലം രാഷ്ട്രീയ കരുനീക്കങ്ങളുടേയും ചരട് വലിയുടേയും ഇരയായിസൃഷ്ടിച്ചെടുത്ത സ്ത്രീകഥാപാത്രങ്ങൾ സങ്കടക്കാഴ്ച്ചയായി നോവലിൽ നിലകൊള്ളുന്നു. നോവലിന്റെ അവസാന ഭാഗത്ത് തങ്കമ്മയുടെ മരണം ചിത്രീകരിക്കുന്നതിലൂടെ കേശവപിള്ളയുടെ കുടുംബത്തെ ഭദ്രമായ സ്ഥാനത്ത് നിർത്തുകയാണ് തകഴി ചെയ്യുന്നത്. തങ്കമ്മക്ക് കേശവപിള്ളയുമായി ബന്ധിപ്പിച്ചു നിർത്താൻ

ഒരു ചരട് വേണമായിരുന്നു. അതാണ് അവൾ പ്രസവിച്ച കുഞ്ഞ്. കുഞ്ഞ് ജനിച്ച ശേഷം തങ്കമ്മ ഉണ്ടായിരുന്നെങ്കിൽ അവർ തമ്മിലുള്ള ബന്ധം ഒളിച്ചും പാത്തും നിർബാധം തുടർന്നു പോകുമായിരുന്നു. തകഴിയിലെ യഥാതഥാവാദി അതിനനുവദിക്കാതെ പ്രസവത്തോടെ തങ്കമ്മയുടെ ജീവിതത്തിന് തിരശ്ശീല ഇടുകയാണ്.

തങ്കമ്മ എന്ന കഥാപാത്രത്തിന്റെ നിർമ്മിതിയിൽ തകഴി അനുവർത്തിച്ചിരിക്കുന്ന രീതി അന്നത്തെ സമൂഹത്തിൽ അങ്ങിങ്ങ് കാണപ്പെട്ട ചില സ്ത്രീകഥാപാത്രങ്ങളുടെ പ്രതിഫലനമാണ്. സ്ത്രീ കുടുംബസ്ഥയും, യോഗിനിയും, സ്വതന്ത്രജീവിയും ആകുമ്പോഴും അവരിൽ പ്രണയം, ഭർതൃ സ്നേഹം, അമ്മയാകാനുള്ള താല്പര്യം എന്നിവ നിശബ്ദമായി സഹയാത്രചെയ്യുന്നതായി നോവലിസ്റ്റ് ആവിഷ്കരിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ തനിക്ക് മാതൃകയാക്കാനും തന്നെ ശാസിക്കാനും തന്റെ കുഞ്ഞിന് പിതാവ് ആകാനും ഒരു പുരുഷൻ ആവശ്യമാണെന്ന് തങ്കമ്മ എന്ന കഥാപാത്രം ആഗ്രഹിക്കുന്നതായി നോവൽ വ്യക്തമാക്കുന്നു. വിപ്ലവകരമായ നിരവധി വഴികളിലൂടെ സഞ്ചരിക്കുമ്പോഴും പുരുഷ സ്നേഹത്തെ കയ്യൊഴിയാതെ ജീവിക്കുകയാണ് ഈ കഥാപാത്രം. സമൂല വിപ്ലവമല്ല (റാഡിക്കൽ റവല്യൂഷൻ) മറിച്ച് യഥാർത്ഥ കാഴ്ച്ചപ്പാടാണ് (റിയലിസം) തകഴിയിൽ വേരോടിയിരുന്നത് എന്നതിന് തങ്കമ്മയെന്ന കഥാപാത്രം ഉദാഹരണമാണ്. അതിനാൽ ശക്തമായ സ്ത്രീ കഥാപാത്രമായി തങ്കമ്മയെന്ന കഥാപാത്രം ആവിഷ്കരിക്കപ്പെടുമ്പോഴും, പുരുഷാധിപത്യത്തെ പൂർണമായി തള്ളികളയുകയോ ബഹിഷ്കരിക്കുകയോ ചെയ്യുന്നില്ല ഇതിലെ കഥാപാത്രങ്ങൾ എന്ന് കാണാം. കേസരി ബാലകൃഷ്ണപിള്ളയുടെ കൂട്ടുകെട്ടിലൂടെ ജീവൽ സാഹിത്യത്തിന്റെ വക്താവായി തീർന്ന തകഴി ഇരുപതാം നൂറ്റാണ്ടിലൂടെ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേയ്ക്ക് ഈ നോവലിനെ പുനർവായനയുടെ തലങ്ങളിലേക്ക് എത്തിക്കുന്നു. ആയതിനാൽ കാലമാകുന്നകണ്ണാടിയിൽ ഈ നോവലിലെ സ്ത്രീകഥാപാത്രങ്ങൾ ചെലുത്തിയ സ്വാധീനം ഏതൊക്കെ തരത്തിൽ ആണെന്ന് നോവൽ വായനയിലൂടെയും, കഥാപാത്രനിരൂപണത്തിലൂടെയും കണ്ടെത്താൻ സാധിക്കുന്നു.

**കാർത്ത്യായനി**

രചനയുടേതായ സംസ്കാരവും സ്വാതന്ത്രബോധവും കൃതികളിൽ ആവാഹിച്ച് അതിലേയ്ക്ക് കാലഘട്ടത്തിന്റെ പ്രത്യേകതകളെ വിളക്കിചേർക്കുകയാണ് ഒരോ സാഹിത്യകാരനും ചെയ്യുന്നത്. ഈ നിർമ്മാണപ്രക്രിയക്കിടയിൽ ഏതെങ്കിലും തരത്തിലുള്ള ഒടിവുകളോചതവുകളോ നോവൽ ശരീരത്തിന് ഉണ്ടായേക്കാം. എങ്കിലും നോവലിന്റെ പ്രതിരൂപം സമൂഹ നന്മയ്ക്ക് ഉപകരിക്കുന്നുണ്ടെങ്കിൽ അവ കാലഘട്ടത്തിന്റെ കണ്ണാടികളായി മാറിയിട്ടുണ്ടെങ്കിൽ അതാണ് ഒരു

സാഹിത്യകാരന് ലോകത്തോട് ചെയ്യാനുള്ള ഏറ്റവും വലിയ കടമ. അകത്തളങ്ങളിലും അടുക്കളയിലും മാത്രം ജീവിക്കാൻ വിധിക്കപ്പെട്ട കരിപുരണ്ട ജീവിത കഥകളെ നവോത്ഥാന കാലഘട്ടം തങ്ങളുടെ നോവലുകളിലും കഥകളിലും ആവിഷ്കരിച്ചു.

'പെണ്ണായാൽ ചോറും കറിയും വെയ്ക്കാൻ അറിയണം പെറണം'[73].

എന്ന കാലഘട്ടത്തിൽ നിന്നും നമ്മുടെ നാട് കുറേയൊക്കെ മുന്നോട്ട് പോയിട്ടുണ്ടെങ്കിലും 'അവൾ പെണ്ണല്ലയോ' എന്ന അധിക്ഷേപ അപഹാസ്യധ്വനികൾ ഉയരുന്ന കാലഘട്ടം കൂടിയാണിത്. പല നോവലുകളിലും സ്ത്രീ വിരുദ്ധ സമീപനങ്ങളാണ് നവോത്ഥാന സാഹിത്യകാരന്മാർ പുലർത്തിയിട്ടുള്ളത്. ഈ വൈരുദ്ധ്യ സ്വഭാവം പുലർത്തുന്ന കഥാപാത്ര ചത്രീകരണത്തിനിടയിലും ഒളിമങ്ങാത്ത ജീവിതമൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്ന സ്ത്രീകഥാപാത്രങ്ങളെയും കാണാം.

വായനക്കാരന്റെ മനസ്സിൽ ഇടംനേടുന്ന സാത്വികഗണത്തിൽപ്പെട്ട സ്ത്രീ കഥാപാത്രമാണ് ഏണിപ്പടികളിലെ കാർത്ത്യായനിയമ്മ. കേശവപിള്ളയുടെ ഭാര്യയായി വരുന്ന ഭാഗ്യജാതകക്കാരി, നോവൽഗാത്രത്തിൽ ഒഴിച്ചുകൂടാനാവാത്തവണ്ണം ഇഴപിരിച്ചു ചേർത്ത സഹന വ്യക്തിത്വത്തിന്റെ ഉടമയാണ് അവർ. കേശവപ്പിള്ളയുടെ അമ്മ ആഗ്രഹിച്ചതുപോലെ അച്ഛനെയും അമ്മയെയും പരിചരിക്കാൻ അറിയുന്ന, മറുത്തു പറയാത്ത, രാവും പകലും അടുക്കള സാഹിത്യം മാത്രം വച്ചു വിളമ്പുന്ന കാർത്ത്യായനി. നോവലിന്റെ ഒന്നാം ഭാഗത്തു നാം വായിച്ചെടുക്കുന്ന കാർത്ത്യായനി അല്ല രണ്ടാം ഭാഗത്തേക്കായി തകഴി ഒരുക്കുന്നത്. ഭർത്തൃവീട്ടിൽ ഭർത്താവിന്റെ അവഗണനയുടെ, ഒറ്റപ്പെടലിന്റെ തീച്ചൂളയിൽ വളർന്ന കാർത്ത്യായിനി രണ്ടാം ഭാഗത്തെത്തുമ്പോൾ കൊള്ളാനും കൊടുക്കാനും വിധത്തിൽ വളരുന്നു. മാറ്റകല്ല്യാണത്തിന്റെ ഇരയാണ് കാർത്ത്യായനിയമ്മ. കേശവപിള്ളയുടെ അളിയന്റെ സഹോദരിയാണ് ഇവർ. സെക്രട്ടേറിയേറ്റിൽ ഗുമസ്ഥനായ കേശവപിള്ളയെ നിർബന്ധിച്ച് വിവാഹം കഴിപ്പിക്കുകയായിരുന്നു രക്ഷിതാക്കളായ കുട്ടിയമ്മയും പപ്പുപിള്ളയും. ഉദ്യോഗം കിട്ടിയ ഉടൻതന്നെ ജോലിസ്ഥലത്ത് സ്ത്രീ സൗഹൃദം സ്ഥാപിച്ചെടുത്ത കേശവപിള്ളയ്ക്ക് കാർത്ത്യായനിയമ്മയുമായുള്ള ബന്ധത്തിന് തീർത്തും താല്പര്യമില്ലായിരുന്നു. അച്ഛനമ്മമാരെ ധിക്കരിക്കാനുള്ള ധൈര്യം ഇല്ലാത്തതുകൊണ്ടു മാത്രം നടന്ന കല്ല്യാണമായിരുന്നു കേശവപിള്ളയുടേത്. ആയതുകൊണ്ടു തന്നെ കല്ല്യാണം കഴിഞ്ഞ അന്നുതന്നെ കേശവപിള്ള ഉദ്യോഗ സ്ഥലത്തേയ്ക്ക് മടങ്ങുന്നു. അയാളെപ്പറ്റി പല കഥകളും കാർത്ത്യാനി

യുടെ ചെവിയിൽ എത്തുന്നു. കേശവപിള്ളയ്ക്ക് അവിടെയൊരു പെൺസുഹൃത്ത് ഉണ്ടത്രേ. ഈ വിവരത്തിന്റെ സത്യാവസ്ഥ അറിയാൻ അവളുടെ കൂട്ടുകാരി ഒരു നിർദേശം വച്ചു. അവളുടെ ഭർത്താവിന്റെ കൂട്ടുകാരൻ തിരുവനന്തപുരത്താണ്. അയാൾ വഴി ഈ കാര്യം ചോദിച്ചറിയാം ഇതറിഞ്ഞപ്പോൾ കാർത്ത്യാനി പറയുന്നത് നോക്കുക.

"വേണ്ട ആ കാര്യം അന്വേഷിക്കാൻ ആരും പോകണ്ട"[74].

വിവാഹം കഴിഞ്ഞ് കാലങ്ങൾക്കുശേഷം കേശവപിള്ള ഭാര്യയുടെ അടുത്ത് എത്തുകയാണ്. സമ്മാന പൊതികളുമായി എത്തിയ ഭർത്താവിനെ സ്വീകരിക്കാൻ നിൽക്കാതെ പതിവുപോലെ കരിയിലും ചെളിയിലും നിറഞ്ഞ് അടുക്കളയിൽ തിരക്കിലാണ് അവൾ. ഈ അവസരത്തിൽ കാർത്ത്യാനിയമ്മയെകുറിച്ച് അമ്മ കുട്ടിയമ്മ പറയുന്ന സന്ദർഭം നോക്കുക.

"അത് അടുക്കളയിൽ നിന്ന് വെളീലെറങ്ങത്തില്ല കുളിയില്ലനനേമില്ല അങ്ങിനെ പേപിടിച്ച് അടുക്കളേടെ മൂലയിലിരുപ്പാ. ഇങ്ങനെയൊണ്ടോ പെങ്കൊച്ചുങ്ങള്"[75].

തകഴി എന്ന നോവലിസ്റ്റ് തന്റെ ചുറ്റിലുമായി കണ്ട ജീവിതത്തിന്റെ നേരറിവുകളെ തന്റെ കഥാപാത്രങ്ങളിലേയ്ക്ക് പകർന്നാട്ടം നടത്തിയിട്ടുള്ള നിരവധി കഥാ സന്ദർഭങ്ങളിൽ ഒന്നാണിത്. കേശവപ്പിള്ളയ്ക്ക് ചോറു വിളമ്പി കൊടുത്തിനു ശേഷം ആ എച്ചിൽപാത്രത്തിൽ തന്നെ ഭക്ഷണം കഴിക്കുന്ന കാർത്ത്യായനിയോട് കേശവപിള്ള ചോദിക്കുന്ന സന്ദർഭം നോക്കുക.

"എന്തിന് എച്ചിൽപാത്രത്തിൽ ഉണ്ണുന്നു? ആ പാത്രമൊന്നു കഴുകി നിനക്ക് ചോറുണ്ണരുതോ?"

ഇതിനു മറുപടിയായി കാർത്ത്യായനി പറയുന്നു.

"അമ്മ അച്ഛൻ ഊണു കഴിക്കുന്ന പാത്രത്തിൽ നിന്നാണ് ഉണ്ണുന്നത്"[76].

സുദൃഢമായ ദാമ്പത്യത്തിന്റെ കെട്ടുറപ്പ് ഭർത്താവിന്റെ എച്ചിൽ പാത്രത്തിൽ നിന്ന് ഭക്ഷണം കഴിക്കുന്നതിലൂടെയാണെന്ന് വിശ്വസിച്ചിരുന്ന കാലഘട്ടത്തിന്റെ പ്രതിനിധിയാണ് കാർത്ത്യായനിയമ്മ. ഈ കഥാപാത്രത്തെ അവതരിപ്പിക്കുന്നതിലൂടെ തകഴി നിലകൊള്ളുന്ന നവോത്ഥാന ചിന്തകളുടെ പ്രസക്തി ചോദ്യം ചെയ്യപ്പെടുകയാണ്. ഇതിലൂടെ പരമ്പരാഗത ധാരണകളുടെ തുടർച്ച ബലപ്പെടുത്തുക

കൂടിയാണ് കഥാകൃത്ത് ചെയ്യുന്നത്. തന്റെ ഭർത്താവിൽ നിന്നും പ്രതീക്ഷിക്കാത്തത് സംഭവിക്കുന്നു എന്നറിയുമ്പോൾ സ്വയം ചുരുങ്ങി പോകുന്ന ഈ കഥാ പാത്രം ഒരർത്ഥത്തിൽ സ്വയം പ്രതിഷേധിക്കാൻ തന്നിലേക്ക് തന്നെ ഒതുങ്ങുകയാണ്. നോവലിന്റെ ഒന്നാം ഘട്ടത്തിൽ നിശബ്ദയായി തന്നിലേയ്ക്ക് ചുരുങ്ങി പോയ കാർത്ത്യായനിയമ്മയെ വ്യക്തിത്വമുള്ള ഒരു കഥാപാത്രമായി നോവലിന്റെ രണ്ടാം ഘട്ടത്തിൽ വളർത്തിയെടുക്കുകയാണ് തകഴി. തന്നോടും സമൂഹത്തോടുമുള്ള വിമർശനത്തിന്റെ ചോദ്യങ്ങൾ ഉന്നയിക്കുന്ന ഈ കഥാപാത്രം നോവലിന്റെ തുടക്കത്തിൽ നിന്നും വ്യത്യസ്തമായി തിരിച്ചറിവും ആത്മബോധവുമുള്ള ഒരാളായി മാറുന്നു. കേശവപ്പിള്ളയെ വിമർശിക്കുന്ന ശക്തമായ കഥാപാത്രമായി, നോവലിനെ കരുത്തുറ്റതാക്കുന്ന ഒരു ഘടകമായി കാർത്ത്യായനി മാറുന്നു. നിശബ്ദതയിൽ തളച്ചിടാതെ ചിന്താശേഷിയുള്ള ഒരു വ്യക്തിത്വമായി മാറുന്ന ഈ കഥാപാത്രം ശക്തമായ സ്ത്രീ സാന്നിധ്യമായി നോവലിൽ സ്ഥാനപ്പെടുന്നു. കേശവപിള്ളയുടെ തിരുവനന്തപുരം ജീവിതത്തിന്റെ വഴിവിട്ട ബന്ധങ്ങളെ കുറിച്ച് അച്ഛനും അമ്മയും ചോദിച്ചപ്പോൾ കേശവപിള്ള അവരുമായി ഏറ്റുമുട്ടുന്നു. ഇതറിഞ്ഞ കാർത്ത്യായനി അയാളോടു പറയുന്ന സന്ദർഭം നോക്കുക.

"ഈ കൊച്ചു വളർന്നു വരുമ്പോൾ ഇങ്ങനെ നമ്മളോടു പറഞ്ഞാൽ നമുക്ക് എന്ത് വേദനയുണ്ടാകും? അതെന്താ ആലോചിക്കാത്തത്"[77].

മക്കൾ മാതാപിതാക്കളെ കണ്ടാണ് പഠിക്കുന്നത് എന്ന തത്ത്വമാണ് കാർത്ത്യായനി ഇതിലൂടെ കേശവപിള്ളയെ അറിയിക്കുന്നത്.

വിതച്ചതേ കൊയ്യൂ എന്ന് ഉറപ്പായി വിശ്വസിച്ചിരുന്ന കാർത്ത്യായിനി തന്റെ ജീവിത്തിൽ ഉടനീളം സത്യത്തിനും നീതിക്കും പ്രാധാന്യം കൊടുക്കുന്ന കഥാപാത്രമാണ്. നിസ്സഹായതയുടെ പടുകുഴിയിൽ നിന്ന് ഉയർത്തെണീറ്റ കാർത്ത്യായിനി കേശവപിള്ളയോട് നേർക്കുനേർനിന്ന് ചോദ്യങ്ങൾ ചോദിക്കാനും കാര്യങ്ങൾ അറിയിക്കാനുമുള്ള തലത്തിലേയ്ക്ക് വളരുന്നു. കേശവപിള്ളയുടെ അവിഹിതബന്ധത്തെപ്പറ്റി അറിഞ്ഞ കാർത്ത്യായനി, ഈ വിഷയത്തെക്കുറിച്ച് അയാളോട് സംസാരിക്കുന്നത് നോക്കുക.

"ആകട്ടെ പെണങ്ങരുത്, ഞാനൊന്ന് ചോദിക്കട്ടെ ദേഷ്യപ്പെടരുത്. തിരുവനന്തോരത്ത് വല്ലപെണ്ണുങ്ങളുമുണ്ടോ. ഈ പെണ്ണുങ്ങളും പത്രക്കാരും പറയുന്നതുപോലെ" [78].

മുഖവുരയോടെ ക്ഷമാപണത്തോടെ ഭർത്താവിനോട് ചോദ്യം ചോദിക്കുന്ന കാർത്ത്യായനി ഇന്നത്തെ തലമുറക്ക് അന്യമായചിത്രമാണ്. ഭർത്താവിനോട് ചോദ്യങ്ങൾ ചോദിക്കുമ്പോൾ വിനയം കൈവെടിയരുത് എന്ന യാഥാസ്ഥിതിക ചിന്താരീതിയാണ് ഇവിടെയെല്ലാം നോവലിസ്റ്റ് പുലർത്തുന്നത്.

പപ്പുപിള്ളയുടെ കൊലപാതകത്തെ തുടർന്ന് നാട്ടുകാരെ മുഴുവൻ പോലിസ് തല്ലി ചതയ്ക്കുകയാണ്. ഇതിനെതിരെ കാർത്ത്യായനി കേശവപിള്ള യോട് പ്രതിഷേധിക്കുന്നത് ഇപ്രകാരമാണ്.

"ഞാനൊന്നു ചോദിക്കട്ടെ ഈ പാവപ്പെട്ട മനുഷ്യരെ ദ്രോഹിക്കുന്നതെന്തി നാണെന്ന്? അച്ഛനോ പോയി ഇനി നാട്ടുകാരേം ശത്രുക്കളാക്കണോന്ന്?"

കാർത്ത്യായനി തുടർന്നു പറയുന്നു.

"എന്തുഭാവിച്ച ഇത്".

"പാവപ്പെട്ട മനുഷ്യരെയൊക്കെ ഇങ്ങനെയൊക്കെ തല്ലി കൊല്ലിച്ചാൽ ദൈവം ചോദിക്കും. കുടുംബത്തിനു വെച്ചു കെട്ടാത്. എല്ലാവരും അനുഭവിക്ക ണം. അതുകൊണ്ട് അതെന്റെ കാര്യംകൂടാ"[79].

കേശവപിള്ളയുമായി കലഹിച്ച കാർത്ത്യായിനിയിൽ നിന്നും ഒരു ചോദ്യം പുറത്തു ചാടി എല്ലാ കാലത്തും പ്രസക്തമായ ചോദ്യം.

"ഈ നെല്ലുംപണവും അധീകാരോം എന്തിനാ"

"അച്ഛനിവിടെ എപ്പഴും പറയുമായിരുന്നു. ഇതെല്ലാം മനുഷ്യഗുണത്തിനാ ണെന്ന്"[80].

നോവലിന്റെ ആരംഭത്തിൽ കണ്ട കാർത്ത്യായനി അല്ല ഇവിടെ സംസാരി ക്കുന്നത്. കേശവപിള്ളയുടെ ജീവിതത്തിന്റെ കളവും പൊരുളും മനസ്സിലാക്കിയ കാർത്ത്യായനിയെയാണ് ഇവിടെ കാണുന്നത്. നേർക്കുനേർ നിന്ന് എതിർക്കാൻ പ്രാപ്തയായ ഈ കഥാപാത്രത്തിന്റെ സൃഷ്ടിയിൽ തകഴി മികച്ചൊരു സ്ത്രീപക്ഷ വാദിയായി മാറുന്നു.

കേശവപിള്ള ചീഫ് സെക്രട്ടറിയായി ചാർജെടുത്ത ദിവസം തന്നെ തങ്കമ്മ യുടെ അമ്മ ഭഗീരഥി കുടുംബ കലഹത്തെ തുടർന്ന് കേശവപിള്ളയോടൊപ്പം താമ

സിക്കാൻ എത്തുന്നു ഈ സന്ദർഭത്തെ കാർത്ത്യായിനി എങ്ങിനെ നേരിടുമെന്ന് ആകുലപെട്ടിരുന്ന കേശവപിള്ളയുടെ മുന്നിലേയ്ക്ക് കരുത്തോടെ കരുതലോടെ നിന്ന് അവൾ പറഞ്ഞ മറുപടി ഇതായിരുന്നു.

"നമ്മുടെ ഈ നിലയ്ക്കെല്ലാം കാരണം നമ്മളോർക്കണ്ടേ മൂടു മറക്കാമോ? ദൈവ ചോദ്യമുണ്ടാകും".

ഇതിന് കേശവപിള്ളയുടെ മറുപടി ഇപ്രകാരമായിരുന്നു.

"ഇന്ന് നിനക്ക് ആ തള്ളയോട് പെട്ടെന്ന് തോന്നിയ ദയ നാളയോ, ഇന്നു തന്നെയോ ഇല്ലാതായാൽ"

ആ വാചകം കാർത്ത്യായിനി പൂരിപ്പുക്കുന്നത് ഇപ്രകാരമാണ്.

"ഞാൻ അടിച്ചുവെളിയിലിറക്കുകയില്ല. ഉണ്ണുന്ന ചോറിന്റെ നന്ദി മാത്രമാ ഞാനെല്ലാമറിഞ്ഞതാ അന്ന് ആളുകൾ പറഞ്ഞതെല്ലാം ശരിയാണെന്നുമ റിഞ്ഞു" [81].

അനുനിമിഷം വളർന്നു വലുതാകുന്ന കുടുംബവൃക്ഷത്തിന്റെ തായ്വേരാണ് കാർത്ത്യായനി. കേശവപിള്ളയുടെ ചിന്തകളാകുന്ന ശാഖകൾ തോന്നിയപാട് പലയിടങ്ങളിലേയ്ക്കു വളരുമ്പോൾ, ആ കൊമ്പുകളെ കോതി മുറി ക്കുന്ന കാഴ്ച്ചയാണ് നോവലിൽ കാണുന്നത്. കേശവപിള്ളയുടെ ഒദ്യോഗിക - അനൗദ്യോഗിക കാര്യങ്ങളിൽ കൃത്യമായ ഇടപെടലുകൾ നടത്തുന്ന കാർത്ത്യാ യനിയ്ക്ക് യാഥാസ്ഥിതിക സമൂഹം നൽകുന്ന വിശേഷണം ഉത്തമകുടുംബിനി എന്നാണ്, ഇതവർക്കും തീർത്തും യോജിക്കുന്നതാണ്. സ്വകാര്യ ജീവിതത്തിലെ പാളിച്ചകൾ ഭാര്യയ്ക്കു മുന്നിൽ ഏറ്റു പറയുന്ന കേശവപിള്ളയെ സർവ്വം പൊറുത്ത് അവൾ സ്നേഹിച്ചു തുടങ്ങുന്നു. കേശവപിള്ളയും കാർത്ത്യായനിയും തമ്മിലുള്ള പ്രണയഭാവങ്ങളെ നോവലിസ്റ്റ് ആവഷികരിക്കുന്ന സന്ദർഭം നോക്കുക.

"എല്ലാം എന്റെ ഓമനയോട് പറഞ്ഞാൽ കൊള്ളാമെന്നുണ്ട്".

ഇതിനു മറുപടിയായി കാർത്ത്യായനി പറയുന്നു.

"പിന്നെന്താ പറയാത്തത്? എന്നോടല്ലാതെ ആരോടാ പറയാനുള്ളത്"[82].

തെറ്റുപറ്റാത്ത മനുഷ്യരില്ല, അതേറ്റുപറയുമ്പോൾ ഏതു ബന്ധവും പവിത്രീ കരിക്കപ്പെടും എന്ന ചിന്തയാണ് നോവലിസ്റ്റ് ഇവിടെ നൽകുന്നത്.

എന്നാൽ തങ്കമ്മയെന്ന കാർമേഘം കേശവപിള്ളയുടെയും കാർത്ത്യായനി യുടെയും കുടുംബത്തിൽനിന്ന് ഒഴിയുന്നില്ല. ഔദ്യോഗിക ജീവിതത്തിന്റെ മറപറ്റി കേശവപിള്ള തങ്കമ്മയേയും കൊണ്ട് പലയിടങ്ങളിലും ചെന്ന് താമസിക്കുന്നു. കാർത്ത്യായിനിയുടെ കുടുംബത്തിന്റെ താളം തെറ്റിച്ച ഈ പ്രവർത്തിയെക്കുറിച്ചു അവൾ പറയുന്നത് ഇങ്ങനെയാണ്.

"എന്നോട് പണ്ട് എല്ലാം പറഞ്ഞു ഞാൻ എല്ലാം സഹിച്ചു ഇനീം ഒന്നും ഉണ്ടാകത്തില്ലെന്ന് വിശ്വസിച്ചു അതെല്ലാം പറഞ്ഞു കഴിഞ്ഞപ്പോൾ നമ്മള് എന്തു സന്തോഷമായിട്ടാ കഴിഞ്ഞത്. ആ സന്തോഷവും സുഖവും എല്ലാം പോയില്ല്യോ? ഒന്നോർത്ത് നോക്കിയേ?"[83].

ഓരോ കുമ്പസാരത്തിനു ശേഷവും വിശുദ്ധികൈക്കൊണ്ട് നീതിമാനാ ണെന്ന് ഭാവിക്കുന്ന കേശവപിള്ളയെ വേണ്ടിടത്ത് വേണ്ടപോലെ ശകാരിക്കാനായി കാർത്ത്യായനിഅമ്മയ്ക്ക് കഴിയുന്നുണ്ട്. ഒരുകുഞ്ഞ് എപ്പോൾ വേണമെന്ന് തീരു മാനിക്കേണ്ടത് ഭാര്യയും ഭർത്താവുമാണ്. അങ്ങിനെ തീരുമാനിക്കണമെങ്കിൽ അവർതമ്മിൽ യോജിപ്പുണ്ടാകണം. കാർത്ത്യായിനിയമ്മയുടെ ഈ വലിയ അഭി പ്രായം എല്ലാകാലത്തും തീർത്തും യോജ്യമായ വസ്തുതയാണ്. കാർത്ത്യായിനി യമ്മ പറയുന്നത് നോക്കുക

"ആദ്യമായിട്ട് ഭാര്യയോട് ഇഷ്ടം വേണം. അങ്ങനെ ഇഷ്ടമായിരുക്കുമ്പം എനിക്കൊരു കുഞ്ഞു വേണമെന്ന് തോന്നും അതൊരാശയാ. അങ്ങിനെ കുഞ്ഞു ജനിക്കുമ്പം ആ കുഞ്ഞു പെണ്ണാണേല് ആ പെൺകുഞ്ഞിന്റെ ചെറു ക്കനെങ്ങിനെയിരിക്കുമെന്ന് കാണാം. അങ്ങിനെയുള്ള തന്തയ്ക്കേ കാണാനൊ ക്കൂ" [84].

പിതൃത്വം എന്നത് ഏതൊക്കെ കടമയിൽ അധിഷ്ഠിതമാണ് എന്ന് വ്യക്ത മാക്കുന്നതാണ് കാർത്ത്യായനിയുടെ വാക്കുകൾ. ഭാര്യയോടുള്ള ഇഷ്ടമാണ് കുടുംബജീവിതത്തിന്റേയും മക്കളോടുള്ള ഇഷ്ടത്തിന്റേയും അടിസ്ഥാനം എന്ന് വിവരിക്കുകയാണ് കാർത്ത്യായനി. കുടുംബ ബഡ്ജറ്റിന്റെ അധിപൻ പുരുഷനാണ് എന്ന വ്യവസ്ഥാപിത നയത്തെ അരക്കിട്ടുറപ്പിക്കുകയാണ് കാർത്ത്യയനിയിലൂടെ. കുടുംബഭദ്രതയ്ക്ക് പുരുഷൻ തന്നെവേണം ഈ ചിന്താഗതിയ്ക്ക് ഇളക്കം തട്ടാതെ സൂക്ഷിക്കുന്ന കാർത്ത്യായിനിയെയാണ് തകഴി നോവലിൽ ചിത്രീകരിക്കു

ന്നത്. ധനം വിനിമയം ചെയാൻ പുരുഷനേകഴിയൂ എന്നുള്ളതും സ്ത്രീ വിരുദ്ധ നിലപാടായി നോവലിൽ നിന്നും വായിച്ചെടുക്കാം. പുതിയ ആശ്രമത്തിന്റെ ഫണ്ടു പിരിവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ ഭാര്യമാർ എത്തിയപ്പോൾ പരിവ് നൽകാൻ മടിച്ചതിനു കാരണം കാർത്ത്യായനി പറയുന്നത് ഇപ്രകാരമാണ്.

"ഞാൻ ഇന്നു വരെ അങ്ങിനെ കാശെടുത്തിട്ടില്ല. വീട്ടിൽ വെച്ചും എല്ലാ കാശും ചക്രവും അച്ഛനാ കൈകാര്യം ചെയ്തോണ്ടിരുന്നത്. അമ്മ പോലും കാശ് തൊട്ടിട്ടില്ല. എനിക്കങ്ങനേ അറിയാവു പെണ്ണുങ്ങളാണോ പണവും നെല്ലുംകൊടുക്കകേം, വാങ്ങുകേം ചെയ്യുന്നത്? എനിക്കത് അറിയാൻ മേല. ഞാൻ ചെയ്തിട്ടില്ല. ഇനി ഒട്ടു ചെയ്യുകേയില്ല. അതൊക്കെ ആണുങ്ങളു ചെയ്യേണ്ടതാ"[85].

ജീവിതത്തിന്റെ ഓരോ ഏടുകളിലും സ്ത്രീക്ക് പുരുഷസാന്നിധ്യം കൂടിയേ കഴിയൂ എന്ന് ഉറച്ചുവിശ്വസിച്ചിരുന്ന ഒരു തലമുറയുടെ വക്താവായ തകഴിയുടെ ഈ കഥാപാത്രവും മറ്റൊരു തരത്തിൽ ചിന്തിക്കാൻ വഴിയില്ലല്ലോ. കാർത്ത്യായനി എന്ന കഥാപാത്രം എല്ലാം അറിഞ്ഞുകൊണ്ട് നിശബ്ദയായി ജീവിക്കുന്നു. തനിക്ക് അധികാരവും സ്ഥാനവും കൈക്കലാക്കാം എന്ന ബോധ്യമുണ്ടായിട്ടും അതിൽനിന്നും ഒഴിഞ്ഞുനിൽക്കുന്നു. പുരുഷാധിപത്യമെന്ന പരമ്പരാഗത ഘടന തകർക്കാൻ അവർ ആഗ്രഹിക്കുന്നില്ല. കുടുംബത്തിൽ പുരുഷാധികാരരൂപങ്ങളെ നിലനിർത്തുന്നതിന് അവർ അറിഞ്ഞുകൊണ്ട് തന്നെ ശ്രമിക്കുന്നു. ധനവിനിയോഗം, തീരുമാനമെടുക്കൽ തുടങ്ങിയവ ഭർത്താവിനു വിട്ടുകൊടുത്തു കൊണ്ട് കുടുംബത്തിന്റെ സംവിധാനത്തെ മുന്നോട്ടു കൊണ്ടുപോകാൻ അവർ ശ്രമിക്കുന്നു. സ്വയം ഒഴിഞ്ഞുനിന്ന് ഒരു നിസ്വാർത്ഥയെപോലെ ജീവിക്കുന്നു. എങ്കിലും കാർത്ത്യായനിക്കു മുന്നിൽ ഭർത്താവിന്റെ ധൂർത്തും ദുർനടപ്പും അധികാര താല്പ്പര്യവും വേദനയുടെ നിമിഷങ്ങളാകുന്നു.

ഏണിപ്പടികളിലെ കാർത്ത്യായനി എന്ന കഥാപാത്രം തകഴിയെ സംബന്ധിച്ച് രണ്ടു നിരീക്ഷണങ്ങൾക്ക് അവസരം ഒരുക്കുന്നുണ്ട്. ഒന്ന് നിലനിൽക്കുന്ന പുരുഷാധികാരരൂപങ്ങളെ അപ്പടി സ്ഥാപിക്കുവാൻ ഈ കഥാപാത്രത്തെ കൊണ്ട് തകഴി ശ്രമിക്കുന്നു എന്നതാണ്. രണ്ടാമത്തേതാകട്ടെ തിരിച്ചറിഞ്ഞിട്ടും പൊട്ടിതെറിക്കാതെ സ്വയം നീറിജീവിക്കുകയോ നിശബ്ദയാവുകയോ ചെയ്യുന്ന സ്ത്രീ സമൂഹത്തെ ആവിഷ്കരിക്കുന്നു എന്നുള്ളതാണ്. ഇവിടെ പ്രധാനമായും ധ്വനിപ്പിക്കുന്ന വസ്തുത കുടുംബഘടനയെ ലംഘിക്കാത്തതും വ്യവസ്ഥാപിതവും, പരമ്പരാഗതവുമായ സ്ത്രീബോധത്തെ ആവിഷ്കരിക്കുന്നതുമായ ഒരു കഥാപാത്രമായി

കാർത്ത്യായനി സ്ഥാനപ്പെടുന്നു എന്നുള്ളതാണ്. ഏറെ സങ്കീർണതകൾ ഉള്ള ഒരു കഥാപാത്രമാണ് ഏണിപ്പടികൾ എന്ന നോവലിലെ കാർത്ത്യായനി.

**കുട്ടിയമ്മ**

കൃതി രചിക്കുന്ന കാലവും വായിക്കപ്പെടുന്ന കാലവും സാഹിത്യ കൃതികളുടെ മൂല്യം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാം പല കൃതികളും മൂല്യവത്താകുന്നത് കാലാനുസൃതമായി ചേരുവകൾ ചേർന്ന് ആ കൃതി വായിക്കപ്പെടുന്നത് കൊണ്ടാണ്. ഇത്തരം വായനയിലാണ് എക്കാലത്തും സമൂഹത്തിൽ സ്ഥാനം പിടിക്കുന്ന ചില കഥാപാത്രങ്ങളുടെ പ്രാധാന്യം നാം മനസ്സിലാക്കുന്നത്. നോവൽ എഴുതിയ കാലഘട്ടത്തിൽ വായിച്ചെടുക്കുന്നത് പോലെയാവില്ല നോവലിലെ കഥാപാത്രങ്ങളെ അടുത്ത തലമുറ വായിച്ചെടുക്കുക. ഒരു പക്ഷേ നിഷ്ക്രിയം എന്ന് തോന്നിപ്പിക്കുന്ന ചില കഥാപാത്രങ്ങൾക്ക് ഉണർവും ഉന്മേഷവും ലഭിക്കുന്നത് അടുത്ത തലമുറ ആ കഥാപാത്രങ്ങളെ വായിച്ചെടുക്കുമ്പോൾ ആയിരിക്കും. നവോത്ഥാന കാലഘട്ടത്തിൽ പിറവിയെടുത്ത നോവലുകളെല്ലാം വായനയ്ക്കും, വായനാനന്തര വിജയത്തിനും കാരണമാകുന്നത് ആകൃതികളിലെ കഥാപാത്രങ്ങളും പ്രമേയവും എല്ലാകാലത്തേയും സാമൂഹ്യപ്രശ്നങ്ങളിൽ പുതിയ രൂപത്തിലും ഭാവത്തിലും പരാമർശിതമാകുന്നത് കൊണ്ടാണ്.

ഏണിപ്പടികൾ എന്ന നോവലിന്റെ ആരംഭം മുതൽ രാഷ്ട്രീയ സംഘർഷങ്ങൾക്ക് ചൂട്ട് കാട്ടുകയും അതിലൂടെ ഓരോ സ്ഥാനമാനങ്ങൾ നേടുകയും ചെയ്യുന്ന കഥാപാത്രമാണ് കേശവപിള്ള. അയാളുടെ അമ്മയായ കുട്ടിയമ്മ നാടിന്റെ തനിമ കാത്തുസൂക്ഷിക്കുന്ന കഥാപാത്രമാണ്. മനസ്സിൽതോന്നുന്നത് വെട്ടിത്തുറന്നുപറയുന്ന പ്രകൃതം. ഭർത്താവിനോടായാലും മരുമകളോടായാലും ചെത്തി മിനുക്കാത്ത ഭാഷ ഉപയോഗിക്കുന്ന ഗ്രാമീണ സ്ത്രീ, മനസ്സിൽ നന്മ കാത്തു സൂക്ഷിക്കുന്നവൾ. നാട്ടിൽ ഒരു മരണമുണ്ടായാൽ മരിച്ച ആളെ ചിത വിഴുങ്ങുന്നതുവരെ കുട്ടിയമ്മ അവിടെ കാണും. അതിന് അവർ പറയുന്ന ന്യായീകരണമാണ് താഴെ കൊടുക്കുന്നത്.

"ഞാൻ ചത്തു കിടന്നാൽ എന്നെ എടുത്തു കൊണ്ടു പോയി കുളിപ്പിക്കുകയും ചന്ദനവും ഭസ്മവും തെടുവിക്കുകയും പുടവ ഉടുപ്പിക്കുകയും, മുലക്കച്ച കെട്ടിക്കുകയും ചെയ്യാൻ എന്റെ കരക്കാര് പെണ്ണുങ്ങള് വേണം. പട്ടട വെട്ടാനും, വിറക് അടുക്കാനും ശവദാഹം നടത്താനും കരക്കാര് ആണുങ്ങളും അതിന്

നീയോ നിന്റെ ആങ്ങളയുടെ അച്ചിയോ വിചാരിച്ചാലിത് നടക്കുമോ?[786].

ഇതാണ് സഹജീവി ബന്ധം അകലെയുള്ള ബന്ധുവിനേക്കാൾ അടുത്തുള്ള ശത്രുവാണ് ഉപകാരത്തിനുണ്ടാവുകയുള്ളൂ എന്ന് കുട്ടിയമ്മ വിശ്വസിച്ചു.

സ്ത്രീ പുരുഷന്റെ അടിമയാണെന്ന ബോധം കാത്തു സൂക്ഷിക്കുന്ന എന്നത്തേയും തലമുറയുടെയും ചിന്താഗതിയാണ് കുട്ടിയമ്മയുടെ ചിത്രീകരണത്തിൽ തകഴി സ്വീകരിച്ചിട്ടുള്ളത്. കേശവപിള്ളയുടെ വിവാഹാലോചനയാണ് നോവലിന്റെ തുടക്കം. മകന്റെ തീരുമാനം അിറയാതെ വിവാഹം ഉറപ്പിച്ചതിനെചൊല്ലി കുട്ടിഅമ്മയും പപ്പുപ്പിള്ളയും വഴക്ക് കൂടുമ്പോൾ എല്ലാ പഴിയും സ്ത്രീകളുടെ തലയിൽ കെട്ടിവെക്കുന്ന പരമ്പരാഗത മാമൂലുകളിൽ നിന്ന് തകഴിയും ഒഴിവാകുന്നില്ല. ഭർത്താവിന്റെ സഹജരീതികളോട് പൊരുത്തപ്പെട്ട് പോകുന്ന കുട്ടിയമ്മ ചിലപ്പോഴൊക്കെ പൊട്ടിത്തെറിക്കുന്നു. കേശവപിള്ളയെ കമ്പിയടിച്ച് അറിയിച്ച് വിവാഹകാര്യം അവതരിപ്പിക്കുന്ന ഭാഗത്ത് കുട്ടിയമ്മ എന്ന കഥാപാത്രത്തിന്റെ കുടുംബകാര്യങ്ങളിലുള്ള നിപുണതയും അത് അവതരിപ്പിക്കുന്ന രീതിയും തകഴി കണ്ടുശീലിച്ച കുട്ടനാടൻ ശൈലിയിലാണ് ആവിഷ്കരിക്കുന്നത്. തന്നോട് ചോദിക്കാതെ, മകനെ കമ്പിയടിച്ച് വിവരങ്ങൾ അറിയിച്ചതിനെച്ചൊല്ലി കലഹിക്കുകയാണ് കുട്ടിയമ്മ. ഉത്തരം മുട്ടിയ പപ്പുപിള്ള അലറി.

"എനിക്ക് മനസ്സില്ലായിരുന്നു, ആരാ ചോദിക്കാൻ".

"എന്നാൽ അനുഭവിച്ചോ".

"ഗുണം പിടിക്കാത്തവക നിന്റെ കുടുംബം അതല്യോ?".

"എന്റെ കുടുംബത്തെ പറയല്ലെന്ന് ഞാൻ ഇന്നല്ല പറയുന്നു"[87].

കുടുംബത്തിലുണ്ടാകുന്ന പൊട്ടലുകളും ചീറ്റലുകളും തന്മയത്വത്തോടെ അവതരിപ്പിക്കുകയാണ് ഇവിടെ. കുടുംബത്തിൽ ഒരു പ്രശ്നമുണ്ടായാൽ അത് സ്ത്രീകളുടെ തലയിൽ കെട്ടിവെയ്ക്കുന്ന സ്ത്രീവിരുദ്ധ പ്രവണത തകഴി, പപ്പുപിള്ളയുടെ വാക്കുകളിലൂടെ ആവർത്തിക്കുന്നു. എന്നത്തേയുംപോലെ അതിനെ എതിർക്കുന്ന കുട്ടിയമ്മ ഒരു ഗ്രാമീണകുടുംബിനിയുടെ നേർകാഴ്ച്ചയായി മാറുന്നു. കേശവപിള്ളയുടെ വിവാഹശേഷം ഒരുദിവസം പോലും ഒന്നിച്ചുകഴിയാത്ത കാർത്ത്യായനിയെ നോക്കി അയൽക്കാർ പരദൂഷണം പറയുകയാണ്. ഇതിനെല്ലാം ചുട്ടമറുപടികൊടുത്ത് കുട്ടിയമ്മ നോവലിൽ ജീവിക്കുന്നു. തനി കുട്ടനാട്ടുകാരിയെപോലെ. മകന്റെ വഴി വിട്ട ജീവിതത്തെ കുറിച്ചും ഉദ്യോഗത്തിലെ ദുഷ്പ്ര

വണതകളെക്കുറിച്ചും അവസ്ഥയെ കുറിച്ചും ആകുലപ്പെടുന്ന കുട്ടിയമ്മ അയാ ളോട് ധർമോപദേശം ചെയ്യുന്നുണ്ട്.

“മോനെ, സത്യോം, ധർമോം, നീതിം ഇല്ലാതിരുന്നാൽ ഗുണം പിടിക്കത്തി ല്ല. ”

ഏണിപ്പടികൾ എന്ന നോവലിന്റെ മുഖപ്രസാദം ആണ് കുട്ടിയമ്മയുടെ ഈ വാക്കുകൾ. ബി എ കാരനായ മകനെക്കുറിച്ച് ഏറെ പ്രതീക്ഷകൾ പുലർത്തിയാണ് കുട്ടിയമ്മ ജീവിക്കുന്നത്. മകന്റെ ശത്രുക്കളുടെ കുത്തേറ്റ് പപ്പുപിള്ള മരണപ്പെടു ന്നു. ഭർത്താവിന്റെ വേർപാടറിഞ്ഞ കുട്ടിയമ്മ അയാളെ ചിതയിലേയ്ക്ക് എടുക്കും മുമ്പേ അയാളോടൊപ്പം പരലോകം പ്രാപിക്കുന്നു.

എന്തിനും ഏതിനും ആ നാടിന്റെയും കുടുംബത്തിന്റെയും ജീവതാളമായി രുന്നു കുട്ടിയമ്മ. വായനിറയെ ശകാരവർഷങ്ങൾ പൊഴിയുമ്പോഴും മനസ്സുനിറ യെ മരുമകളോടുള്ള സ്നേഹം കാത്തുസൂക്ഷിച്ച നാട്ടിൻപുറത്തുകാരി. ഏണിപ്പടി കൾ എന്ന രാഷ്ട്രീയനോവലിന്റെ പണിപ്പുരയിൽ വീറും വീര്യവുമുള്ള നിരവധി കഥാപാത്രങ്ങളെ സൃഷ്ടിച്ച തകഴി തന്റെ സൃഷ്ടികർമ്മത്തിലെ ഏറ്റവും മികച്ച സ്ത്രീകഥാപാത്രങ്ങളിൽ ഒരാളായി കുട്ടിയമ്മയെ രൂപപ്പെടുത്തിയിരിക്കുന്നു. ആൺമക്കൾക്ക് വേണ്ടി ജീവിതംഹോമിക്കുന്ന നിരവധി അമ്മമാർ നമ്മുടെ സമൂഹ ത്തിൽ ഉള്ളതുകൊണ്ടാണ് കുട്ടിയമ്മ ഇന്നും ജീവിക്കുന്നത്. തൊട്ടതിനുംപിടിച്ച തിനും വഴക്കുകൂടുകയും മാത്രകൾക്ക്ശേഷം ലോഹ്യമാവുകയും ചെയ്യുന്ന നിര വധി ദമ്പതികളെ തകഴിസാഹിത്യത്തിൽ നാം കണ്ടുമുട്ടുന്നു. നാടിന്റെ സ്പന്ദനങ്ങ ളായിരുന്നു ഇത്തരം സ്ത്രീകൾ. എരുവും, പുളിയും, കയ്പും, ചവർപ്പും, മധുരവും എല്ലാം അടങ്ങുന്ന ഇവരുടെ സംഭാഷണങ്ങൾ തകഴി കൃതികളുടെ രുചിഭേദ ങ്ങൾക്ക് കാരണമായിട്ടുണ്ട്. വായനക്കാരന്റെ രസനയേയും മനസ്സിനേയും തൃപ്തി യാക്കാൻ തരത്തിലുള്ള ഈ കഥാപാത്രങ്ങൾ കുട്ടനാടിന്റെ പഴമയും പാരമ്പര്യ വുമാണ് എടുത്ത് കാട്ടുന്നത്.

**ഭഗീരഥി**

ശസ്ത്രവും, ശാസ്ത്രവുമായി കൂട്ടുചേർന്ന മനുഷ്യൻ പുരോഗതിയുടെ വഴി കളിലൂടെ സഞ്ചരിച്ച് ആധുനിക സമൂഹത്തിന്റെ മുഖഛായയിലേയ്ക്ക് കടന്നു വന്ന നാളുകളിൽ അവന്റെ മാനസിക ഉല്ലാസത്തിനും സർഗവൈഭവത്തിനും വേദി യായി കലകളും സാഹിത്യവും കടന്നു വരാൻ തുടങ്ങി. അവന്റെ ചിന്തകൾ പ്രകൃ തിയിലെയും തന്റെ സഹചരുടെയും സവിശേഷതകളെ ഒപ്പി എടുക്കുന്നതായിരു

ന്നു. ഇത്തരം ചിന്തകളിൽ ചിലത് വരകളായും വാക്കുകകളായും അക്കാലഘട്ട ത്തിൽ രേഖപ്പെടുത്തപ്പെട്ടു. ചില നവോത്ഥാന ചിന്തകളെ കാലോചിതമായ പരി ഷ്കാരത്തോടെ പ്രവാചക ധർമ്മത്തോടെ ആവിഷ്കരിച്ച ആഖ്യായികകാരനാണ് തകഴി. അദ്ദേഹത്തിന്റെ എണ്ണം പറഞ്ഞ നോവലുകളിൽ ഒന്നായ ഏണിപ്പടികൾ ഭരണതലത്തിലെ ദുഷ്പ്രഭുത്വത്തെ ചൂണ്ടി കാണിക്കുന്നതോടൊപ്പം സമൂഹ ത്തിലെ മുൻനിരക്കാരും പിൻനിരക്കാരുമായ ചില സ്ത്രീ കഥാപാത്രങ്ങളിലെ സ്വഭാവ സവിശേഷതയിലേയ്ക്കു കൂടി വിരൽ ചൂണ്ടുന്നു.

ഭഗീരഥിയമ്മ എന്ന കഥാപാത്രം ഏണിപ്പടികൾ എന്ന നോവലിൽ തങ്കമ്മ യുടെ അമ്മയെന്ന സ്ഥാനത്തോടൊപ്പം സഹനത്തിന്റെ അമ്മ എന്ന പദവിയ്ക്കും യോജിച്ച ആളാണ്. ഏതൊരു അമ്മയെയുംപോലെ മകളെക്കുറിച്ച് ആകുലതയും വ്യാകുലതയും പുലർത്തുന്നവൾ. ആചാരാനുഷ്ടാനങ്ങൾ കടുകിടതെറ്റിയ്ക്കാത്ത സാധുസ്ത്രീ. കേശവപ്പിള്ള ജോലികയറ്റത്തിനുള്ള ശുപാർശയുമായി തങ്കമ്മയുടെ വീട്ടിലേയ്ക്ക് ആദ്യമായി കടന്നുചെന്നപ്പോൾ കുലമഹിമയുടെ അടയാളമായി വാതിലിനുപിന്നിൽ മറഞ്ഞുനില്ക്കുന്ന തന്റെ ഭാര്യയെനോക്കി ശേഖരപിള്ള പറ യുകയാണ് :

“ഞങ്ങൾ തനി തിരുവനന്തപുരത്തുകാരാണ് ഇവിടെ ഒരു ഞായം ഉണ്ട്. അമ്മാ വിയും മരുമകനും തമ്മിൽ മുഖത്തോടു മുഖം കണ്ടു കൂടാ അതാണവൾ മറഞ്ഞ് നിക്കണത്”[88].

ഇതുകേട്ട ഭഗീരഥിയമ്മ അകത്തു നിന്നു പറഞ്ഞു.

“ഞാൻ ആ മുറ തെറ്റിക്കണില്ല”[89].

തന്റെ കൃതികളിലെ സ്ത്രീകഥാപാത്രങ്ങൾക്കൊക്കെയും താൻ പുലർത്തി പോന്നിരുന്ന വിശ്വാസങ്ങളും കീഴ്വഴക്കങ്ങളും ചാർത്തി കൊടുത്ത കഥാകൃ ത്താണ് തകഴി. അതോടൊപ്പം ഈ ആചാരങ്ങളും വിശ്വാസങ്ങളെയും തെറ്റിനട ക്കുന്നവരെയും തകഴിയുടെ കഥാസാമ്രാജ്യത്തിൽ കാണാൻ കഴിയും. കുടുംബം എന്ന മഹാസാമ്രാജ്യത്തിന്റെ ഓരത്തോ ചാരത്തോ പ്രത്യക്ഷപ്പെട്ട് കുടുംബത്തിനു വേണ്ടി എരിഞ്ഞുതീരുന്ന നൂറുകണക്കിന് സ്ത്രീകഥാപാത്രത്തിന്റെ പ്രതിനിധി യാണ് ഭഗീരഥിയമ്മ. ശേഖരപിള്ളയും ഭഗീരഥിയമ്മയും തങ്ങളുടെ മൂന്ന് മക്കളിൽ തങ്കമ്മയെമാത്രം പലപ്പോഴും മിടുക്കിന്റെ പ്രതീകമായി വ്യാഖ്യാനിച്ചിരിക്കുന്നു. രണ്ടാൺമക്കളേയും തഴഞ്ഞ്, പെൺമകളായ തങ്കമ്മയ്ക്ക് വേണ്ടി ജീവിച്ചവരാണ് ശേഖരപിള്ളയും ഭഗീരഥിയും. തകഴിയുടെ ഉള്ളിൽ ഉറങ്ങി കിടന്നിരുന്ന മരുമക്ക

ത്തായത്തിന്റെ ചിന്തകളാണ് ഈ കഥാപാത്രങ്ങളുടെ നിർമ്മിതിയിലൂടെ പുറത്തുവരുന്നത്. കേശവപിള്ളയുമായുള്ള ബന്ധത്തിൽ നിന്ന് പിൻമാറി രാമചന്ദ്രൻനായരുമായി തങ്കമ്മ അടുത്തു എന്നു കേട്ടപ്പോൾ ഭഗീരഥിയമ്മ മകളെ ഉപദേശിക്കുന്നത് സന്ദർഭം നോക്കുക :

"അഴകുള്ളവനെ കണ്ട് അപ്പാ എന്നു വിളിക്കുന്ന മുറ നമ്മുടെ കുടുംബത്തിനില്ല. ഒരുത്തനെ നിശ്ചയിച്ചാല് അയാളാണ് നായര്. അതാണ് നമ്മുടെ കുടുംബത്തിന്റെ മുറ. നമ്മുടെ കുടുംബത്തിലെ ഒരു പെണ്ണുങ്ങളും രണ്ടാമതൊരു കല്ല്യാണം പോലും കഴിച്ചിട്ടില്ല എന്റെ മോൾ അത് ഓർക്കരുതേ"[90].

കേശവപിള്ളയുമായി പിണങ്ങുകയും, സന്ധിചേരുകയും ചെയ്യുന്ന കഥാപാത്രമായ തങ്കമ്മയെ മുൻനിർത്തിക്കൊണ്ട് തകഴി ആവിഷ്കരിക്കുന്ന ഈ നോവലിൽ, തങ്കമ്മയോടൊപ്പം ഭഗീരഥിയമ്മയും വായനക്കാരുടെ മനസ്സിൽ അടയാളങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വഴിവിട്ട ബന്ധങ്ങൾ അവസാനിപ്പിക്കാത്ത തങ്കമ്മ ഭഗീരഥിയമ്മയുമായി പലപ്പോഴും കലഹിക്കുന്നു. ഭജന, സന്യാസം തുടങ്ങിയവയുടെ പേരിൽ തങ്കമ്മയുടെ വീട്ടിൽ പറ്റികൂടിയ പയ്യനെ കണ്ട് ഭഗീരഥിയമ്മ പറയുന്നത് നോക്കുക :

"അവൻ ഭജനയും പാട്ടും പൂജയുമായി നടക്കുകയാണ്"[91] .

നാണോം, മാനോം ഇല്ലാതെ തോന്നുംപടി ജീവിക്കുന്ന തങ്കമ്മയെ ഒറ്റയ്ക്ക്വിട്ട് കേശവപിള്ളയുടെ വീട്ടിൽ അഭയം തേടുകയാണ് ഭഗീരഥിയമ്മ. അവിടെ ദീർഘകാലം പാർക്കാനായി ഭഗീരഥിയമ്മയ്ക്കു കഴിഞ്ഞില്ല. ഒരു തലകറക്കത്തിന്റെ രൂപത്തിൽ പരലോകപ്രാപ്തിയിലേയ്ക്ക് എത്തുകയാണ് ഭഗീരഥിയമ്മ. ഗതികേടുകൊണ്ട് കേശവപിള്ളയുടെ വീട്ടിൽ അഭയം തേടിയ ഭഗീരഥയമ്മയ്ക്കു അന്ത്യകാലത്തു സഹായിയായത് കാർത്ത്യായനിയമ്മയായിരുന്നു. മകൾക്കുവേണ്ടി എരിഞ്ഞു തീരുന്ന ജീവിതത്തിന്റെ പ്രതീകമായി ഭഗീരഥിയമ്മ നോവലിൽ ജീവിക്കുന്നു.

ഭൂമി എത്ര കറങ്ങിയാലും, കാലം എത്ര പുരോഗമിച്ചാലും ഭഗീരഥിയെപോലുള്ള കഥാപാത്രങ്ങൾ ഇന്നും നമ്മുടെ ഇടയിൽ ജീവിക്കുന്നുണ്ട്. സ്വന്തം വീടുകളിൽ നിന്ന് പുറംപോക്കാവുന്ന അമ്മമാർ ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ് ആത്മാഭിമാനം തീറെഴുതേണ്ടി വരുമ്പോൾ അവർ വീടുവിട്ട് പുറത്ത് ഇറങ്ങുന്നു. കേശവപിള്ളയെപോലുള്ള ഏതെങ്കിലും അത്താണിയിൽ ആശ്രയം കണ്ടെത്തുന്നു. മക്കളെ തുല്യരായി കാണാതെ മരുമക്കത്തായത്തിന്റെ പിൻതുടർച്ചക്കാരായി കഴി

യാൻ ആഗ്രഹിച്ച ഭഗീരഥയമ്മയും, ഭാവിജീവിതം മകളുടെ തണലിൽ ആയിരിക്കു മെന്നു സ്വപ്നം കാണുന്നു. തങ്കമ്മ സുഖങ്ങൾക്കു പിറകേ സുഖം തേടി അലഞ്ഞ പ്പോൾ ഭഗീരഥിയമ്മ വിഷമസന്ധിയിൽ ജീവിക്കുന്ന അമ്മയായി മാറുകയാണ്. ഇതുപോലുള്ള സ്ത്രീകഥാപാത്രങ്ങളെ തകഴി കൃതികളിൽ ഏറെ കാണാനാകും.

**ഭഗവതിക്കുട്ടി**

ഏണിപ്പടികൾ എന്ന നോവലിൽ കാണുന്ന ഭഗവതിക്കുട്ടി എന്ന കഥാ പാത്രം അന്നത്തെ ഭരണസിരാകേന്ദ്രത്തിലേയ്ക്കുള്ള ശക്തമായ പിന്നാമ്പുറ വാതിലാണ്. ഭഗവതിക്കുട്ടിയുടെ ഭർത്താവ് കൃഷ്ണൻനായർക്ക് ആ സ്ഥാനം ലഭി ച്ചത് ഭഗവതിക്കുട്ടിയുടെ സ്വാധീനഫലമായാണ്. ഉന്നതസ്ഥാനമായ ചീഫ്സെക്രട്ട റിയുടെ ജോലി കൃത്യമായിചെയ്യാൻ സാധിക്കാതെ വരുമ്പോൾ അയാൾ, അർഹി ക്കാത്ത ഈ പദവിയിലേയ്ക്ക് തന്നെ തള്ളിവിട്ട ഭാര്യയെ കുറ്റപ്പെടുത്തുന്നു. ചീഫ്സെക്രട്ടറി സ്ഥാനം ഭർത്താവിന് നേടിക്കൊടുത്ത വഴികളെക്കുറിച്ച് ഭഗവതി ഓർക്കുന്ന സന്ദർഭം നോക്കുക.

“അന്നോളം ജീവിതത്തിൽ സമ്പാദിച്ചെതെല്ലാം കൃഷ്ണൻ നായരദ്ദേഹം പറഞ്ഞതുപോലെ, നേർച്ച വെച്ചു കഴിഞ്ഞു. പണവും പൊന്നും മാത്രമേ കാഴ്ച്ച വച്ചിട്ടുള്ളോ? ഭഗവതികുട്ടിയമ്മ ഓർത്തു”.

അത്ര ഇഷ്ടപ്പെട്ടല്ല എങ്കിലും അതിനുമപ്പുറം ചിലതും നേർച്ചവച്ചു. അതേ ക്കുറിച്ച് തെല്ലൊരു അറപ്പോടു കൂടി മാത്രമേ ഭഗവതിക്കുട്ടിയ്ക്ക് ഓർക്കാൻ കഴി ഞ്ഞുള്ളൂ ആ തമിഴൻ ഒരു മൃഗമാണ്. അയാളുടെ ഗന്ധം പോലും അവൾക്ക് ഇഷ്ട മല്ല”.

അയാൾക്ക് സ്ഥലവും കാലവും നോട്ടമില്ല. ഒരു സ്ത്രീയെ സ്നേഹിക്കാൻ, അവളെ ലാളിക്കാൻ പോലും കഴിയുമോ അയാൾക്ക് എന്ന് സംശയമാണ്”.

“ഏതാനാലും നീയ് ഒരു മലയാളി പൊമ്പുളതാനല്ലോ”[92].

എന്നാണ് ഭഗവതികുട്ടിയെ നോക്കി തമിഴൻ പറയുന്നത്. ഇദ്ദേഹത്തിന്റെ സഹായത്തോടെയാണ് കൃഷ്ണൻ നായർ ഔദ്യോഗിക പദവികൾ പലതും നേടി യെടുത്തത്.

എന്നാൽ ഉദ്യോഗത്തിലെ ഉത്തരവാദിത്ത്വങ്ങൾ നിറവേറ്റാനാകാതെ തല കുമ്പിട്ടിരിക്കുന്ന ചീഫ് സെക്രട്ടറി കൃഷ്ണൻ നായരെ നോക്കി പിന്നിട്ട ജീവിതത്തിന്റെ ഏടുകൾ മറയ്ക്കുകയാണ് ഭഗവതിക്കുട്ടി.

"ഒരു പക്ഷേ ജീവിതത്തിൽ ആദ്യമായിട്ടായിരിക്കാം ഭഗവതിക്കുട്ടി ജീവിതത്തെ അന്ന് വിലയിരുത്തുന്നത്. ഇങ്ങനെ ഒരു ഗൗരവമുള്ള ഘട്ടം ഒരിക്കലും ഉണ്ടായിട്ടില്ല. ഇതിനുമുമ്പും ജീവിതം അതിവേഗതയിൽ പോവുകയായിരുന്നു. ഇന്ന് അദ്ദേഹം മാത്രമല്ല ഭഗവതി കുട്ടിയമ്മയും തളർന്നു പോയി. ആ തളർച്ചയിൽ നിന്നാവാം ഒരാത്മപരിശോധനയിലേയ്ക്ക് അവർ വഴുതിപോയി. ജീവിച്ച ജീവിതം ശരിയായിരുന്നോ? ഒരു സ്ത്രീക്കു നിരക്കുന്നതായിരുന്നോ വഴി തെറ്റി വീണ സംഭവങ്ങൾ ഓർത്തു പോയി ഈ ഓർമ്മ മുമ്പെങ്ങാനും ഉണ്ടായിരുന്നെങ്കിൽ അവർ ആശിച്ചു. ഭർത്താവ് പാവമാണ് മേശമേൽ തലവെച്ച് അദ്ദേഹം കുമ്പിട്ടിരിക്കുന്നു വലിച്ചിഴെച്ച് പാഞ്ഞു തളർന്നു പോയി. ഈ വഴി താണ്ടുവാൻ അദ്ദേഹത്തിന് കരുത്തില്ല. ഒരിക്കലും ആ പുരുഷൻ ഭാര്യയെ സൂക്ഷിച്ചിട്ടില്ല. ഒരു കാര്യത്തിലും വിലക്കിയിട്ടില്ല. ഭാര്യയുടെ നടപടി സൂക്ഷിച്ചിട്ടില്ല. സൂക്ഷിക്കുമെന്ന് ഭാര്യയ്ക്ക് സംശയം പോലും ജനിപ്പിച്ചിട്ടില്ല. ആ മുനുഷ്യനെ പേടിക്കണ്ട കാര്യം ഉണ്ടായിട്ടില്ല. അങ്ങിനെയുള്ള സന്ദർഭങ്ങൾ ഉണ്ടായിട്ടും ഒരു പക്ഷേ രണ്ടും ചെവിയും അടച്ച് അദ്ദേഹം കഴിയുകയായിരുന്നു അല്ലെങ്കിൽ എല്ലാം അറിഞ്ഞിട്ട് അിറഞ്ഞ ഭാവം നടിക്കാതെ കഴിയുകയായിരുന്നു? ഭഗവതി കുട്ടിയമ്മ, കൃഷ്ണൻനായർ അദ്ദേഹത്തെ സൂക്ഷിച്ചു നോക്കിയിരുന്നു പോയി."[93]

ചുവപ്പുനാടകളുടെ നൂലാമാലകൾ കൃഷ്ണൻനായരെ ശ്വാസംമുട്ടിക്കുമ്പോൾ ദിവാൻജിഭരണം ഇല്ലാതാവണമെന്നും കോൺഗ്രസ്ഭരണം വരണമെന്നും ഭഗവതിക്കുട്ടി ആഗ്രഹിക്കുന്നു അങ്ങനെയെങ്കിൽ ആ തമിഴന് കീഴടങ്ങാതെ ജീവിക്കാം എന്നാണ് അവർ ചിന്തിക്കുന്നത്. വിവിധ അടയാളപ്പെടുത്തലുകളോടെ കാലത്തിന്റെ ദിശാസൂചകങ്ങളിൽ ജീവിക്കുന്ന ഇത്തരത്തിലുള്ള സ്ത്രീകഥാപാത്രങ്ങളെ നവോത്ഥാനനോവലുകളിൽ ധാരാളം കാണാൻ കഴിയും.

കൃഷ്ണൻനായർ എന്ന ഉദ്യോഗസ്ഥന്റെ ഉയർച്ചയുടെ പിന്നിൽ സ്ഥാനമോഹം പ്രധാനഘടകമാണ്. അതേ സമയം പ്രവർത്തനമികവോ കഴിവോ ഇല്ലാത്ത ഉദ്യോഗസ്ഥർ നടത്തിവരുന്ന തെറ്റായ ഇടപാടുകളെയും തകഴി ഇവിടെ വരച്ചുകാട്ടുന്നു. കൃഷ്ണൻ നായരുടെ സ്ഥാനകയറ്റങ്ങൾക്ക് ബലിയാടാവുന്നത് ഭഗവതിക്കുട്ടിയാണ്. മുകളിൽ പരാമർശിച്ചതുപോലെ അവരുടെ പൊന്നുംപണവും

മാത്രമല്ല, തമിഴന്റെ വെറുപ്പിക്കുന്നചൂരും മനംമടുപ്പോടെ അവർക്ക് ഓർക്കേണ്ടി വരുന്നു.

സ്ഥാനമോഹികൾക്ക് ചവിട്ടി കടന്നുപോകാനുള്ള ചവിട്ടുപടികൾ ആയി സ്ത്രീ ജീവിതങ്ങൾ മാറുന്നതിനെ കുറിച്ച് തകഴി തങ്കമ്മയിലൂടെ ആവിഷ്കരിച്ചിട്ടുണ്ടല്ലോ, എന്നാൽ തങ്കമ്മയിൽനിന്ന് വ്യത്യസ്തമായ ഒരു കഥാപാത്രമായി ഭഗവതിക്കുട്ടി ആവിഷ്കരിക്കപ്പെടുന്നു. ഇവിടെയാണ് നോവലിസ്റ്റിന്റെ പാത്രരചനാ സവിശേഷത ശ്രദ്ധേയമാകുന്നത്. കൃഷ്ണൻ നായരുടെ സ്ഥാനാരോഹണങ്ങൾക്ക് സ്വയം തിരഞ്ഞെടുക്കുന്ന ചവിട്ടുപടിയായി ഭഗവതിക്കുട്ടി മാറി തീരുന്നു. അതുകൊണ്ട് തന്നെ മറ്റൊരു വായന ഈ കഥാപാത്രത്തിന് വീണു കിട്ടുന്നു. സ്വയം സന്നദ്ധയാകുന്ന ഈ കഥാപാത്രം ഉയർച്ചയ്ക്കു വേണ്ടി അഥവാ ഭർത്താവിന്റെയും തന്റെയും, വിലയും നിലയും ഉയർത്തുമെന്ന് മനസ്സിലാക്കി അതിനായി സ്വയം ഹോമിക്കാൻ തയ്യാറാകുന്നു. ഇത് അസാധാരണമായ മനോവ്യാപാരത്തിന് ഉദാഹരണമാണ്. മനുഷ്യരുടെ സ്വഭാവും താൽപര്യവും നാം ചിന്തിക്കുന്നതിനും അപ്പുറത്താണെന്ന് വ്യക്തമാക്കിത്തരുകയാണ് നോവലിസ്റ്റ് ഈ കഥാപാത്രത്തിലൂടെ.

"ഒരു തലസ്ഥാനം എന്ന നിലയിൽ തിരുവന്തപുരത്തിന് സഹജമായ സ്വാർത്ഥതകളാണ് ഏണിപ്പടികളിലൂടെ തകഴി ചിത്രീകരിച്ചത്. വിദഗ്ദ്ധനായ ഒരു സാമൂഹിക ചരിത്രകാരനെപോലെ മുഖ്യ കഥാപാത്രമായി കേശവപിള്ളയെ അല്ല നാൽപതുകളിലേയും അൻപതുകളിലേയും തിരുവനന്തപുരത്തേയാണ് കാണുന്നത്"[94] (2016: 49).

കാലമേറെകടന്നിട്ടും ഭഗവതിക്കുട്ടിയെപ്പോലുള്ള സ്ത്രീകളെ ഇന്നും സമൂഹത്തിന്റെ പല മണ്ഡലങ്ങളിലും കാണാം എന്നുള്ളതാണ് റിയലിസ്റ്റിക് നോവലിസ്റ്റായ തകഴി ശിവശങ്കരപിള്ളയുടെ, മാജിക്കൽ റിയലിസത്തിന്റെ പ്രസക്തി.

**ഉപസംഹാരം**

സാധാരണക്കാരായ കുറെ മനുഷ്യരെ അവതരിപ്പിച്ചുകൊണ്ട്, അതിലെ ചില വ്യക്തികളുടെ അസാമാന്യമായ വളർച്ചയെയും അതിന്റെ പടവുകളെയും അവതരിപ്പിക്കുന്ന നോവലാണ് ഏണിപ്പടികൾ. ഈ പടവുകൾ ഭരണമുള്ളിടത്തോളം കാലം ലോകത്തു നിലനിൽക്കുമെന്ന ഉൾക്കാഴ്ചയിലേക്ക് വായനക്കാരൻ എത്തുന്നു. ചരിത്രത്തിന്റെ വിശകലനത്തെ മനുഷ്യന്റെ നിലനിൽപ്പിന്റെ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി ആഖ്യാനം ചെയ്യുന്ന രീതിയാണ് തകഴി ഇവിടെ സ്വീകരിച്ചത്. ചരിത്രത്തിന്റെ മേഖലയെ മുഴുവനായി ഉൾക്കൊള്ളുന്ന കലാപ്രതിഭയായി

രുന്നു തകഴിയുടെത്. ചരിത്രപരവും രാഷ്ട്രീയവുമായ നിരീക്ഷണങ്ങളിലൂടെ യാണ് തകഴി തന്റെ കലയെ നിലനിർത്തിയത്. മുൻവിധിയില്ലാതെ ചരിത്രത്തെ നിരീക്ഷിച്ച സാഹിത്യകാരനായിരുന്നു തകഴി.

ഈ ചരിത്രനിരീക്ഷണത്തിലൂടെ അദ്ദേഹം കണ്ടെത്തിയത് ദേശീയതയും, തിരുവിതാംകൂറിന്റെ സമ്പദ്ഘടനയും, കമ്മ്യൂണിസ്റ്റ് പാർട്ടിയും, കോൺഗ്രസ്സും, തീവ്രവാദവും, സാമൂഹ്യജനാധിപത്യവും, ദാരിദ്ര്യവും, ധർമ്മനീതിയും ഉൾച്ചേർന്ന സമൂഹത്തെയാണ്. ഈ സമൂഹത്തിലെ അടിസ്ഥാനഘടകമായ കുറെ കുടുംബങ്ങ ളുടെ ചിത്രംകൂടി നോവലിൽ നിബന്ധിച്ചതോടെ സമൂഹത്തിലെ എല്ലാ തലങ്ങ ളെയും പ്രതിബിംബിപ്പിക്കുന്ന ദർപ്പണമായി ഏണിപ്പടികൾ എന്ന നോവൽ മാറി. ചുരുക്കത്തിൽ വിശകലനത്തിനും, വിമർശനത്തിനും, നവീകരണത്തിനും ഉതകുന്ന ഉത്തമസാഹിത്യകൃതിയായി ഏണിപ്പടികൾ എന്ന നോവലിനെ ഇന്നും പരിഗണി ക്കുന്നു.

## കുറിപ്പുകൾ

1. സുധീർ, കിടങ്ങൂർ. 2005, *അന്തസംഘർഷവും കഥാപാത്രസങ്കലനവും ഏണിപ്പടികളിൽ.* കറന്റ് ബുക്സ്. കോട്ടയം.
2. അതേ പുസ്തകം.
3. *ഏണിപ്പടികൾ*, പുറം 9.
4. അതേപുസ്തകം, പുറം 9.
5. അതേപുസ്തകം, പുറം 60.
6. സുധീർ കിടങ്ങൂർ, 2005, *അന്തസംഘർഷവും കഥാപാത്രസങ്കലനവും ഏണിപ്പടികളിൽ.* കറന്റ് ബുക്സ്. കോട്ടയം.
7. *ഏണിപ്പടികൾ,* പുറം 101.
8. കുര്യാസ്, കുമ്പളക്കുഴി. (ഡോ.), 2016, *ഏണിപ്പടികൾ അധികാരത്തിലേയ്ക്കും അഴിമതിയിലേയ്ക്കും,* തകഴി പഠനങ്ങൾ (എഡി.), പന്മന രാമചന്ദ്രൻ നായർ (പ്രൊഫ.), കറന്റ് ബുക്സ്, കോട്ടയം.
9. അപ്പൻ, കെ. പി. 2000, *ഇന്നലെകളിലെ അന്വേഷണ പരിശോധനകൾ*, ഡി. സി. ബുക്സ്, കോട്ടയം.
10. തരകൻ, കെ. എം. 2003. *നോവൽ ദർശനം*, സാഹിത്യ അക്കാദമി, തൃശ്ശൂർ.
11. ശിവശങ്കപ്പിള്ള, തകഴി. 1985, *ഓർമ്മയുടെ തീരങ്ങളിൽ*, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.
12. ശിവശങ്കപ്പിള്ള, തകഴി. 1999, *എന്റെ ജീവിതം കല,* ഭാഷാപോഷിണി.
13. ശിവശങ്കപ്പിള്ള, തകഴി. 1999, *എന്റെ ജീവിതം കല,* ഭാഷാപോഷിണി.
14. രവികുമാർ, കെ. എസ്. 1999, *ജീവിതപരിണാമത്തിന്റെ ഇതിഹാസം*, മാതൃഭൂമി ആഴ്ചപ്പതിപ്പ്.
15. *ഏണിപ്പടികൾ*, പുറം 10.
16. രവികുമാർ, കെ. എസ്. 1999, *ജീവിതപരിണാമത്തിന്റെ ഇതിഹാസം*, മാതൃഭൂമി ആഴ്ചപ്പതിപ്പ്.
17. *ഏണിപ്പടികൾ*, പുറം 63.
18. അതേ പുസ്തകം, പുറം 10.
19. അതേ പുസ്തകം, പുറം 87.
20. അതേ പുസ്തകം, പുറം 138.
21. അതേ പുസ്തകം, പുറം 139.
22. അതേ പുസ്തകം, പുറം 140.
23. അതേ പുസ്തകം, പുറം 171.
24. അതേ പുസ്തകം, പുറം 173.
25. അതേ പുസ്തകം, പുറം 57.
26. അതേ പുസ്തകം, പുറം 57.
27. അപ്പൻ, കെ. പി, 2000, *ഇന്നലെകളിലെ അന്വേഷണ പരിശോധനകൾ*, ഡി. സി. ബുക്സ്, കോട്ടയം.
28. *ഏണിപ്പടികൾ*, പുറം 80.
29. അതേ പുസ്തകം, പുറം 81.

30. അപ്പൻ, കെ. പി, 2000, *ഇന്നലെകളിലെ അന്വേഷണ പരിശോധനകൾ,* ഡി. സി. ബുക്സ്, കോട്ടയം.

31. *ഏണിപ്പടികൾ*, പുറം 48.

32. അതേ പുസ്തകം, പുറം 48.

33. അതേ പുസ്തകം, പുറം 74.

34. അതേ പുസ്തകം, പുറം 85.

35. അതേ പുസ്തകം, പുറം 106.

36. അതേ പുസ്തകം, പുറം 107.

37. അപ്പൻ, കെ. പി. 2000, *ഇന്നലെകളിലെ അന്വേഷണ പരിശോധനകൾ,* ഡി. സി. ബുക്സ്, കോട്ടയം.

38. അതേ പുസ്തകം, പുറം 92.

39. അതേ പുസ്തകം, പുറം 218.

40. അതേ പുസ്തകം, പുറം 10.

41. അതേ പുസ്തകം, പുറം 11

42. അതേ പുസ്തകം, പുറം 50

43. പോൾ, സി മണലിൽ. 1976, (വിവ.) അർണോൾഡ് ഹൈൻമാൻ, ന്യൂഡൽഹി.

44. ശിവശങ്കപ്പിള്ള, തകഴി. 1985, *ഓർമ്മയുടെ തീരങ്ങളിൽ,* നാഷണൽ ബുക്സ് സ്റ്റാൾ, കോട്ടയം.

45. തരകൻ, കെ. എം, 2003, *മലയാളനോവൽ സാഹിത്യ ചരിത്രം*, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.

46. *ഏണിപ്പടികൾ*, പുറം 210.

47. അതേ പുസ്തകം, പുറം 233-234

48. അതേ പുസ്തകം, പുറം 237

49. അതേ പുസ്തകം, പുറം 209.

50. അതേ പുസ്തകം, പുറം 210.

51. അതേ പുസ്തകം, പുറം 233-234.

52. അതേ പുസ്തകം, പുറം 237.

53. ജയചന്ദ്രൻ, ടി. എൻ. 2008, *നോവലിസ്റ്റിന്റെ ശില്പശാല,* ഡി. സി. ബുക്സ്, കോട്ടയം.

54. *ഏണിപ്പടികൾ,* പുറം 52.

55. അതേ പുസ്തകം, പുറം 70.

56. അതേ പുസ്തകം, പുറം 71.

57. അതേ പുസ്തകം, പുറം 81.

58. അതേ പുസ്തകം, പുറം 80.

59. അതേ പുസ്തകം, പുറം 101.

60. അതേ പുസ്തകം, പുറം 135.

61. അതേ പുസ്തകം, പുറം 140.

62. അതേ പുസ്തകം, പുറം 143.

63. അതേ പുസ്തകം, പുറം 146.

64. അതേ പുസ്തകം, പുറം 195.

65. അതേ പുസ്തകം, പുറം 196.
66. അതേ പുസ്തകം, പുറം 197
67. അതേ പുസ്തകം, പുറം 198
68. അതേ പുസ്തകം, പുറം 201
69. അതേ പുസ്തകം, പുറം 202
70. അതേ പുസ്തകം, പുറം 205
71. അതേ പുസ്തകം, പുറം 405
72. അതേ പുസ്തകം, പുറം 405
73. മീര കെ. ആർ. *ഓർമ്മയുടെ ഞരമ്പ്.*
74. ഏണിപ്പടികൾ, പുറം 65
75. അതേ പുസ്തകം, പുറം 87
76. അതേ പുസ്തകം, പുറം 93
77. അതേ പുസ്തകം, പുറം 141
78. അതേ പുസ്തകം, പുറം 142
79. അതേ പുസ്തകം, പുറം 176
80. അതേ പുസ്തകം, പുറം 177
81. അതേ പുസ്തകം, പുറം 190
82. അതേ പുസ്തകം, പുറം 196
83. അതേ പുസ്തകം, പുറം 201
84. അതേ പുസ്തകം, പുറം 229
85. അതേ പുസ്തകം, പുറം 218
86. അതേ പുസ്തകം, പുറം 172
87. അതേ പുസ്തകം, പുറം 10
88. അതേ പുസ്തകം, പുറം 56
89. അതേ പുസ്തകം, പുറം 56
90. അതേ പുസ്തകം, പുറം 100
91. അതേ പുസ്തകം, പുറം 151
92. അതേ പുസ്തകം, പുറം 109
93. അതേ പുസ്തകം, പുറം 10
94. ശശിഭൂഷൺ എം. ജി., *ചരിത്രവും തകഴിയും,* 2000 : തകഴി പഠനങ്ങൾ (എഡി.) പന്മന രാമചന്ദ്രൻ നായർ, കറന്റ് ബുക്സ്, കോട്ടയം.

# അധ്യായം 6

# തുടർപഠനസാധ്യതകളും പഠനപരിമിതിയും

മലയളസാഹിത്യം നവോത്ഥാനകാലഘട്ടത്തിൽ പൂർത്തീകരിച്ചത് സമൂഹത്തിൽനിലനിന്നിരുന്ന പല ദുരാചാരങ്ങളെയും അസഹിഷ്ണുതകളെയും നിർമാർജ്ജനംചെയ്യുക എന്ന മഹത്തായ പദ്ധതിയായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ ആരംഭിച്ച നവോത്ഥാനപ്രസ്ഥാനം സാഹിത്യത്തിന്റെ പല രൂപഭാവങ്ങളിലൂടെ കടന്ന് ഉത്തരാധുനികകാലഘട്ടവും കടന്ന് പുതിയ രൂപത്തിലും ഭാവത്തിലുമുള്ള നിരവധികൃതികൾക്ക് രൂപംനൽകി. സാഹിത്യവും കലകളും മനുഷ്യജീവിതത്തെ എപ്രകാരം സ്വാധീനിക്കുന്നുവെന്ന് ഈ കൃതികൾ വ്യക്തമാക്കി തരുന്നു. ഇതിനുത്തമോദാഹരണമാണ് 1930 കൾക്കുശേഷം മലയാളസാഹിത്യത്തിൽ പ്രതിഷ്ഠിതമായതും ഇന്നും വായിക്കപ്പെടുന്നതുമായ റിയലിസ്റ്റിക് നോവലുകൾ.

റിയലിസ്റ്റിക് നോവലിസ്റ്റുകളിൽ പ്രധാനിയായ തകഴി ശിവശങ്കരപ്പിള്ളയുടെ മൂന്നുനോവലുകളിലെ സ്ത്രീകഥാപാത്രങ്ങളെയാണ് പ്രബന്ധത്തിൽ പഠനവിധേയമാക്കിയത്. വർഗ്ഗവ്യവസ്ഥയിലും, വർണ്ണവ്യവസ്ഥയിലും, കൂലിവ്യവസ്ഥയിലും ചൂഷണം ചെയ്യപ്പെടുന്ന സ്ത്രീതൊഴിലാളികളുടെ അതിജീവനമാണ് രണ്ടിടങ്ങഴി എന്ന നോവലിൽ പ്രതിപാദിക്കുന്നതെങ്കിലും, പുരുഷമേൽക്കോയ്മയിൽ അത് കാണാതെ പോകുന്നു. ഏട്ട് മണിക്കാർ ജോലിസമയവും, മറ്റു അവകാശങ്ങളും അനുഭവിക്കുന്നവരാണ് ഇന്നത്തെ തൊഴിലാളി സമൂഹം. ഈ സമൂഹത്തിന് യന്ത്രവത്കൃതമല്ലാത്ത കൃഷിതൊഴിലിനെക്കുറിച്ചും അന്യംനിന്നുപോയ കൃഷിരീതികളെക്കുറിച്ചും ജൈവകൃഷിസമ്പ്രദായങ്ങളെക്കുറിച്ചുമുള്ള തുടർ പഠനമേഖല ഈ നോവലിലൂടെ സാധ്യമാണ്. കൂടാതെ പണ്ട് നിലനിന്നിരുന്ന കൂലി വ്യവസ്ഥകളെ കുറിച്ചും ഇതിൽ പരാമർശമുണ്ട്. കഴിഞ്ഞ കാലങ്ങളിലെ വേതനസമ്പ്രദായങ്ങളെക്കുറിച്ചുള്ള പഠനമേഖലയും ഈ നോവലിൽ നിന്ന് പ്രയോജനപ്പെടുത്താവുന്നതാണ്. കാർഷികപരമായ പദങ്ങളെക്കുറിച്ചുള്ള ഒരു കാർഷിക നിഘണ്ടു തയ്യാറാക്കാനും രണ്ടിടങ്ങഴി എന്ന നോവലിലൂടെ സാധിക്കും. അന്ധവിശ്വാസവും, വിശ്വാസലംഘനവും, ആസ്തികവും, നാസ്തികവുമായ ചിന്താഗതികൾ നിറഞ്ഞുനിൽക്കുന്ന ഈ കാലഘട്ടത്തിൽ, ഒരു സമുദായവിഭാഗത്തെ പ്രമേയമാക്കിരചിക്കപ്പെട്ട നോവലാണ് ചെമ്മീൻ. ഈ സമുദായത്തിൽ നിലനിന്നിരുന്നു എന്ന് പറയപ്പെടുന്ന വിശ്വാസത്തെ ആധാരമാക്കി ചിത്രീകരിച്ച ഈ നോവലിൽ, അന്ധവിശ്വാസ

ങ്ങളെ മുറുകെപ്പിടിക്കുന്ന ഒരു സമൂഹത്തെയാണ് കാണുന്നത്. അന്ധവിശ്വാസങ്ങളെ തമസ്ക്കരിക്കണമെന്ന് ആധുനികസമൂഹം പഠിപ്പിക്കുമ്പോൾ ഇത്തരം വിശ്വാസങ്ങളെ മുറുകെപ്പിടിക്കുന്നവർക്ക് ഒരു ഉൾക്കാഴ്ച്ച നൽകാൻ ഈ നോവലിന്റെ തുടർ പഠനത്തിലൂടെ സാധിക്കും.

ഭരണകൂടവും ഭരണീയരും പാലിക്കപ്പെടേണ്ട കടമകളെ ഓർമ്മപ്പെടുത്തുന്ന നോവലാണ് ഏണിപ്പടികൾ. ചില കാലങ്ങൾ എല്ലാകാലത്തേക്കുമായി ചില നേരറിവുകൾക്കായി ചില കൃതികളെ സൃഷ്ടിക്കുന്നു. ഈ ഗണത്തിൽപ്പെടുത്താവുന്ന നോവലാണ് 1964 ൽ എഴുതിയ ഏണിപ്പടികൾ. അഴിമതി, ഭരണരംഗത്ത് പുതിയ രൂപത്തിലും ഭാവത്തിലും നടക്കുമ്പോൾ, ഭരണാധികാരികൾ കൈക്കൊള്ളേണ്ട കറപുരളാത്ത രാഷ്ട്രീയജീവിതത്തെക്കുറിച്ചുള്ള ധാരണയ്ക്കും തുടർപഠന സാധ്യതയ്ക്കും ഏണിപ്പടികൾ എന്ന നോവൽ പ്രയോജനപ്പെടുത്താവുന്നതാണ്. നിലനില്പ് രാഷ്ട്രീയത്തിന്റെ വക്താവായ കേശവപിള്ളയുടെ ജീവിതം നിരവധി തുടർപഠനങ്ങൾക്കും നിരീക്ഷണങ്ങൾക്കും സാധ്യത നൽകുന്നതാണ്.

ഈ പ്രബന്ധത്തിൽ പരാമർശിതമായ മൂന്ന് നോവലുകളുടെ കാലഘട്ടവും സമകാലഘട്ടവും താരതമ്യപഠനം നടത്തുന്നത് തുടർപഠനസാധ്യതയ്ക്ക് വഴിയൊരുക്കുന്ന ഒന്നാണ്. ഈ താരതമ്യപഠനത്തിലൂടെ കാലഘട്ടങ്ങൾ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാവുന്നതാണ്. കൂടാതെ ഈ മൂന്നുനോവൽരചനകളും പിറവിയെടുത്ത ദേശങ്ങളുടെ പരിണാമങ്ങളും തുടർപഠനത്തിനുള്ള സാധ്യതയൊരുക്കുന്നു.

നവോത്ഥാനകാലഘട്ടത്തിൽ രൂപപ്പെട്ട ഈ മൂന്ന് നോവലുകളുടെ പഠനസാധ്യതകൾക്കുള്ള പരിമിതി, കാലം അതിവേഗം യന്ത്രസംസ്ക്കാരത്തിലേക്കും അതിനൂതനസാങ്കേതിക രീതിയിലേക്കും കടക്കുമ്പോൾ ദീർഘവായനയിലൂടെ ഉരുത്തിരിഞ്ഞുവരുന്ന ആശയത്തെയും അതിലൂടെ വർത്തമാനകാലസമൂഹത്തിന് ലഭിക്കുന്ന ഗുണപാഠത്തെയും സ്വാശീകരിക്കാൻ പുതിയ തലമുറ മടിക്കുന്നു. അതിനാൽ നവോത്ഥാനനോവലുകളുടെ നവോത്ഥാനപരമായ ആശയങ്ങൾ വരുംതലമുറയ്ക്ക് കൈമാറാനാകാതെ അന്യം നിന്നുപോകുന്നു.

# അധ്യായം 7

# വിലയിരുത്തലുകളും കണ്ടെത്തലുകളും

തകഴി ശിവശങ്കരപ്പിള്ളയുടെ നോവലുകളിൽനിന്നും തിരഞ്ഞെടുത്ത മൂന്ന് നോവലുകളെക്കുറിച്ചുള്ള കണ്ടെത്തലുകളും പുതുവായനയുമാണ് അഞ്ച് അധ്യായങ്ങളിൽ വിശദീകരിച്ചത്. ലോകസാഹിത്യത്തിലേയ്ക്ക് മൊഴിമാറ്റം നടത്തിയ ഈ മൂന്ന് നോവലുകളിലെയും സ്ത്രീകഥാപാത്രങ്ങൾക്ക് തകഴി എന്ന സാഹിത്യകാരൻ നൽകിയ പദവിയെ വിലയിരുത്തുകയാണ് ഏഴാമധ്യായത്തിൽ. ഈ വിശകലനത്തിലൂടെ തിരഞ്ഞെടുത്ത നോവലുകളിൽ നിന്നും കണ്ടെത്തിയ സ്ത്രീത്വഭാവങ്ങളെക്കുറിച്ച് പൊതുവായി പരാമർശിക്കുന്നു.

**സ്ത്രീത്വം തകഴിയുടെ കൃതികളിൽ**

കാലത്തിന്റെയോ, ദേശത്തിന്റെയോ അതിർവരമ്പുകളിൽ ഒതുങ്ങുന്നതല്ല തകഴിയുടെ നോവലുകൾ നല്കുന്ന സ്ത്രീത്വപാഠം. സ്ത്രീയെ അടിമത്വത്തിലേയ്ക്ക് നയിക്കുന്ന പുരുഷാധിപത്യമോ, സാമ്പത്തിക പരാധീനതയോ തകഴി കൃതികളിലെ സ്ത്രീകൾക്ക് ഇല്ല. കാരണം അധ്വാനത്തിലൂടെ ഉപജീവനമാർഗം നോടാൻ കരുത്തുള്ളവരാണവർ. എന്നാൽ അമ്മയായും, ഭാര്യയായും, കാമുകിയായും, വേശ്യയായും ജിവിതത്തിലെ വേഷങ്ങൾ കെട്ടിയാടുമ്പോൾ അവർ നിരവധി പ്രശ്നങ്ങളെ തരണം ചെയ്യുന്നു. പ്രധാനമായും രണ്ട് രീതിയിലാണ് തകഴിയുടെ സ്ത്രീ കഥാപാത്രങ്ങൾ ശ്രദ്ധേയരാവുന്നത്.

1. തികച്ചും സാധാരണക്കാരായ മനുഷ്യ വ്യക്തികൾ എന്ന നിലയ്ക്ക്.
2. സ്ത്രീത്വത്തിന്റെ സവിശേഷ ഉത്തരവാദിത്വങ്ങൾ സ്വതന്ത്രമായി നിറവേറ്റിയ വ്യക്തികൾ എന്ന നിലയ്ക്ക്.

ജീവിക്കുക എന്നതൊഴികെ മറ്റൊരു സ്ഥാപിത താല്പര്യവുംഇല്ലാത്തവരാണ് തന്റെ കഥാപാത്രങ്ങളെന്ന് തകഴി വ്യക്തമാക്കിയിട്ടുണ്ട്.

“ജനിച്ചു, ജീവിക്കണം ആ മരണത്തോളം യാത്ര തുടർന്നേ ഒക്കുകയുള്ളു. ജീവിതത്തിന് അവരെ സംബന്ധിച്ചെടുത്തോളം മറ്റൊരു ലക്ഷ്യവുമില്ല”. (ധർമ്മനീതിയോ അല്ല ജിവിതം, പുറം 33).

തകഴിയുടെ പുരുഷകഥാപാത്രങ്ങൾ ആദർശധീരരും ഉയരങ്ങളെ കീഴടക്കുന്നവരുമാകുമ്പോൾ, സ്ത്രീകൾ മുൻവിധിയൊന്നും കൂടാതെ ജീവിതത്തെ സമീപിക്കാനും യഥാർത്ഥ്യബോധത്തോടെയും പ്രയോഗികബുദ്ധി ഉപയോഗിച്ചും ജീവിതം മുന്നോട്ടു കൊണ്ടുപോകാനും ശ്രമിക്കുന്നു. ദാരിദ്ര്യം എന്ന മഹാപ്രശ്നം തകഴിയുടെ പലനോവലുകളിലും സ്ത്രീകൾ അനുഭവിക്കുന്ന ഒന്നാണ്. ഭാര്യാപദവിയൊ വേശ്യാപദവിയൊ ഇല്ലാത്ത സ്ത്രീകഥാപാത്രങ്ങൾ തകഴിയുടെ നോവലുകളിൽ ചുരുക്കമായിരിക്കും. സ്ത്രീ പുരുഷബന്ധം വഴി മാത്രം സംജാതമാകുന്ന ഭാര്യാത്വത്തിനും വേശ്യാത്വത്തിനും തകഴി അമിത പ്രധാന്യം നൽകിയിരിക്കുന്നു. ഇതിനു കാരണം മനുഷ്യബന്ധങ്ങളിൽ അടിസ്ഥാനപരമായ ഒന്നാണ് സ്ത്രീപുരുഷബന്ധം. അതിലെ ലൈംഗികത സങ്കീർണവും പ്രശ്നജടിലവുമാണ്. പുരുഷന്റെ പങ്കാളി എന്ന പദവി ഭാര്യ വഹിക്കുമ്പോൾ, ഇര എന്ന തലമാണ് വേശ്യക്കുള്ളത്. അതുകൊണ്ടാണ് തകഴിയുടെ കൃതികളിൽ ഭാര്യ, വേശ്യ എന്നീ സ്ത്രീത്വതലങ്ങൾ കൂടുതൽ ചർച്ചയ്ക്കു വിധേയമാകുന്നത്.

പുരുഷന്റെ തണലിൽ ജീവിക്കുന്ന സ്ത്രീസ്വഭാവത്തെ ആദരിക്കുന്നതാണ് തകഴിയുടെ രീതി. തന്നേക്കാൾ കരുത്തുള്ള ആരെയെങ്കിലും രക്ഷകർത്താവായി ആഗ്രഹിക്കുന്നവരാണ് സ്ത്രീകൾ. ഈ താങ്ങിനുവേണ്ടി അവർ പുരുഷനിലേയ്ക്ക് ചായുന്നു എന്നാണ് ഭാര്യ-ഭർതൃ ബന്ധത്തെ കുറിച്ചുള്ള തകഴിയുടെ നിരീക്ഷണം. പുരുഷന്റെ സംരക്ഷണം സ്ത്രീക്ക് ആവശ്യമില്ലെങ്കിലും സഹകരണം ആവശ്യമാണെന്ന് തന്റെ കൃതികളിലൂടെ തകഴി തെളിയിക്കുന്നു. സ്ത്രീസഹജമായ വികാരങ്ങളുടെ പൂർത്തികരണത്തിന് അവൾക്ക് അവനെ ആവശ്യമുണ്ട്. ഏണിപ്പടികളിലെ തങ്കമ്മയെപോലെ ഏറ്റവും അടുത്തു നില്ക്കുന്ന പുരുഷനെ ലൈംഗീക പങ്കാളിയാക്കുന്നു. പല പുരുഷൻമാരെ പ്രാപിക്കുന്നു. തകഴിയുടെ സ്ത്രീ കഥാപാത്രങ്ങൾ പുരുഷന് ഉടമസ്ഥാവകാശമുള്ള അടിയാളല്ല സ്വതന്ത്ര്യവ്യക്തിത്വമാണ്.

ഭാര്യയാവുക എന്ന പദവി കാംക്ഷിക്കുന്നവരാണ് തകഴിയുടെ സ്ത്രീകഥാപാത്രങ്ങളിൽ ഭൂരിഭാഗവും. അത് ലഭിക്കാതെ വരുമ്പോൾ മാത്രമാണ് അവൾ പരപുരുഷനെ തേടുന്നത്. ഭർത്താവിന്റെ സുഖ ദുഃഖങ്ങളിലും അധ്വാനത്തിലും പങ്കുചേരുന്നവരാണ് ചക്കി, കാർത്യായനി തുടങ്ങിയ കഥാപാത്രങ്ങൾ. അധ്വാനഭാരം പങ്കിടുന്നതിനോടൊപ്പം അവർക്ക് ആത്മധൈര്യം നല്കുകയും സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ ആവുംമട്ട് സഹായിക്കുകയും ചെയ്യുന്നു. ജീവിത പ്രതിസന്ധികളിൽ തളർന്നു പോകുന്ന ഭർത്താക്കന്മാരെ കൂടെനിന്നു പിന്തുണയ്ക്കുന്ന ഭാര്യമാരാണവർ. സങ്കീർണമായ ഔദ്യോഗിക പ്രശ്നങ്ങൾ അലട്ടുന്ന കേശവപിള്ളയെ ആശ്വ

സിപ്പിക്കുന്ന കഥാപാത്രമാണ് കാർത്ത്യായനി. അമ്മയുടെ കൈയ്ക്ക് താഴെ ശയിക്കുന്ന കുഞ്ഞിനെപോലെ കേശവപിള്ളയെ ശാന്തനാക്കി മാറ്റാൻ കാർത്ത്യായനിക്ക് കഴിയുന്നു. ചെമ്പൻകുഞ്ഞിന്റെ സർവ്വ ഐശ്വര്യത്തിലും പങ്കാളിയായിരുന്നു ചക്കി. ചക്കിയുടെ മരണം ചെമ്പൻകുഞ്ഞിനെ ഏൽപ്പിച്ച ആഘാതം വളരെ വലുതായിരുന്നു. രണ്ടാം ഭാര്യയായി വരുന്ന പാപ്പികുഞ്ഞിന് ആ കടമ നിറവേറ്റാൻ ആകുന്നില്ല എന്നതും ചെമ്പൻകുഞ്ഞിന്റെ പതനത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നു.

അധികാരം തലയ്ക്കുപിടിച്ച കേശവപിള്ളയുടെ മുന്നിൽ കാർത്ത്യായനിയും, പണക്കാരനായപ്പോൾ ബന്ധങ്ങളെ മറന്ന് അഹങ്കരിക്കുന്ന ചെമ്പൻകുഞ്ഞിന്റെ മുന്നിൽ ചക്കിയും അധികാരഭാവ കൈയ്യാളുന്നത് കാണാം. ഭർത്താവിനെ ഭരിക്കുകയല്ല അവർ ചെയ്യുന്നത്. മനുഷ്യത്വഹീനമായി പെരുമാറുമ്പോൾ മനുഷ്യധർമ്മം ഓർമ്മിപ്പിക്കുകയാണവർ. ഭാര്യയുടെ വാക്കുകൾക്ക് ആദ്യം ചെവികൊടുക്കാതിരുന്ന പുരുഷ കഥാപാത്രങ്ങൾ ജീവിതത്തിൽ പരാജയങ്ങൾ ഏറ്റ് വാങ്ങി തളർന്നപ്പോൾ ഭാര്യമാരിൽ ആശ്വാസംകണ്ടെത്തുന്നു. തകഴിയുടെ സ്ത്രീകഥാപാത്രങ്ങൾ ഭാര്യാധർമ്മം മാത്രമല്ല സ്ത്രീധർമ്മം കൂടി നിറവേറ്റുന്നവരാണ്. മനുഷ്യ പുരോഗതിയ്ക്കായി യത്നിക്കുക എന്ന സ്ത്രീ ധർമ്മം നിറവേറ്റുന്നവരാണ് തകഴിയുടെ സ്ത്രീ കഥാപാത്രങ്ങൾ. ഉദാഹരണം ഏണിപ്പടികളിൽ ഭഗീരഥിയമ്മയെ ഏറ്റെടുക്കുന്ന കാർത്ത്യായനി. ആദർശ ഭാര്യ എന്ന സങ്കല്പത്തെ നിറവേറ്റുന്ന കഥാസന്ദർഭങ്ങളും തകഴിയുടെ നോവലിൽ കാണാം. രണ്ടിടങ്ങഴിയിലെ ചിരുത ഉദാഹരണം. ഭർത്താവ് സമരരംഗത്തേയ്ക്ക് പോകുമ്പോൾ വാരികുന്തം കൈയിൽ ഏൽപ്പിച്ചു കൊണ്ട്

"ചാവുന്നെങ്കിൽ നെഞ്ചെത്തുവെടിയേറ്റു ചാവണം"

എന്ന നിർദേശം നല്കി ഭർത്താവിനെ യാത്രയാക്കുന്ന "പുന്നപ്ര വയലാറിനു ശേഷം" എന്ന നോവലിലെ ചിരുതയും ആദർശ ഭാര്യ സങ്കല്പത്തിന് ചേരുന്നതാണ്. ഏറ്റു പറച്ചിലിനു ശേഷം തങ്കമ്മയുമൊത്ത് പലസ്ഥലങ്ങളിലും വസിച്ചു വരുന്ന കേശവപിള്ളയ്ക്ക് മാപ്പു കൊടുക്കുന്ന കാർത്ത്യായനിയിലും ക്ഷമാസ്വരൂപിണിയായ ഭാര്യയുടെ മുഖം ദർശിക്കാം. ഇത്തരത്തിൽ നിരവധി തലങ്ങളിൽ പ്രകാശിതമാകുന്ന സ്ത്രീകഥാപാത്രങ്ങളെ തകഴിയുടെ നോവലുകളിൽ നിന്നും വായിച്ചെടുക്കാം.

**കാമാസക്തിയുടെ സ്ത്രീരൂപങ്ങൾ**

അടക്കാനാവാത്ത കാമാസക്തിയുടെ പ്രതിരൂപങ്ങളെ തകഴിയുടെ കൃതികളിൽ കാണാം. ഈ കൃതികളിൽ ഒന്നാം സ്ഥാനം ഏണിപ്പടികളിലെ തങ്കമ്മ എന്ന കഥാപാത്രത്തിനാണ്. തങ്കമ്മ കേശവപ്പിള്ളയോട് പറയുന്നതുപോലെ, അവളെ അടക്കി നിർത്താനും തൃപ്തിപ്പെടുത്താനും കഴിവുള്ള ഒരു പുരുഷനെ അവൾക്കു കിട്ടിയിരുന്നെങ്കിൽ പരപുരുഷനിൽ ആസക്തിയില്ലാത്തവളായി ജീവിക്കുമായിരുന്നു. കേശവപിള്ളയിൽ നിന്ന് സംതൃപ്തിയടങ്ങാതെ പലരേയും തേടിപോയി ഒടുവിൽ യോഗിനി ആയിരിക്കുമ്പോൾ തന്നെ വീണ്ടും കേശവപിള്ളയിൽ എത്തുന്ന കഥാപാത്രമാണ് തങ്കമ്മ. ചുക്ക് എന്ന നോവലിലെ മോളി എന്ന കഥാപാത്രവും ഔസേപ്പിന്റെ മക്കളിലെ ക്ലാരമ്മയും ഈ കാമാസക്തിയുടെ ഉറവിടങ്ങളാണ്. അവരിലെ കാമ ഭാവം പ്രേമഭാവത്തെ കവച്ചുവയ്ക്കുന്നു. വേശ്യാത്വം സ്ത്രീകളിൽ ചിരസ്ഥായി ആണെന്ന് തകഴി തന്നെ പറയുന്നുണ്ട്. എന്നാൽ അത് അമർത്തി വച്ചിരിക്കുകയാണ്. ബലൂണുകൾ എന്ന നോവലിൽ ഈ പ്രസ്ഥാവനയെ സാധൂകരിക്കുന്ന ഭാഗമുണ്ട്.

"എല്ലാ സ്ത്രീയിലും വേശ്യയുണ്ട്. എല്ലാ വേശ്യയിലും സ്ത്രീയുണ്ട്. സ്ത്രീയിലെ വേശ്യയെ സമുദായം അടിച്ചമർത്തി വച്ചിരിക്കുകയാണ്. വേശ്യത്വം ഇല്ലാത്ത സ്ത്രീ വിരസയാണ്" (പുറം 3). സ്ത്രീത്വത്തിന്റെ അടിസ്ഥാനഭാവങ്ങളിൽ ഒന്നായി ലൈംഗീകാസക്തിയെ കണക്കാക്കുന്നതിന്റെ സൂചനയാണ് മേൽ പരാമർശിക്കുന്നത്. അദ്ദേഹത്തിന്റെ കൃതികളിലെ പലപരാമർശങ്ങളും കഥാപാത്രങ്ങളും കാമാസക്തിയുടെ നേർരൂപങ്ങളാണ്.

പരസ്പര പൂരകങ്ങളായ ശക്തികളാണ് സ്ത്രീയും പുരുഷനും ഒന്ന് മറ്റൊന്നിന് താങ്ങായി വർത്തിക്കണം എന്ന് തകഴി ഉറച്ചുവിശ്വസിക്കുന്നു. കാത്തയുമായുള്ള ജീവിതത്തിന്റെ വിശ്വാസപ്രമാണം തന്റെ നോവലുകളിലും തകഴി പിൻതുടരുന്നു. പുരുഷൻ തളരുമ്പോൾ വളരുന്ന സ്ത്രീയെയാണ് ഏണിപ്പടികളിൽ നാം കാണുന്നത് (കേശവപിള്ള കാർത്ത്യായനി). കോരനെന്ന വിപ്ലവകാരിയുടെ ജനനത്തിന് കാരണമായതും ചിരുതയുമൊത്തുള്ള ജീവിതംതന്നെ. ആഗ്രഹിച്ച പുരുഷനോടൊപ്പം ജീവിക്കാൻ കഴിയാതെ കിട്ടിയപരുഷനോടൊപ്പം ജീവിക്കുകയും ആഗ്രഹിച്ച പുരുഷനോടൊപ്പം മരണത്തെ പുൽകുകയും ചെയ്ത കറുത്തമ്മയും പരീക്കുട്ടിയും പരസ്പരപൂരകങ്ങളായ ശക്തികൾ തന്നെ.

"സ്ത്രീപുരുഷ ബന്ധങ്ങളിലെ സങ്കീർണ്ണതമാത്രമല്ല സ്ത്രീത്വത്തിന്റെ വൈവിധ്യചിത്രങ്ങളും തകഴിയുടെ നോവലുകളിൽ കാണാം. തകഴി പരിചയിച്ച

സാഹിത്യകൃതികളിലെ സ്ത്രീസങ്കല്പങ്ങളുടെ സ്വാധീനമായിരിക്കാം തകഴിയെ ക്കൊണ്ട് ഇത്തരത്തിൽ എഴുതിച്ചത്." (തകഴിയും മലയാള നോവലും, എം. ലീലാ കുമാരി, p. 67), കേരളസർവ്വകലാശാല, തിരുവനന്തപുരം.

സ്ത്രീ പുരുഷനു കീഴ്പ്പെട്ട് ജീവിക്കണമെന്ന് തകഴി ആഗ്രഹിക്കുന്നു. അങ്ങനെ കീഴപ്പെടുന്ന സ്ത്രീയ്ക്ക് പുരുഷനെക്കാൾ ശക്തിയുണ്ടെന്ന് തകഴി വിശ്വസിക്കുന്നു. (തകഴിയുടെ കൃതികളുടെ ആദ്യവായനക്കാരിയും നിരൂപകയും കാത്ത മാത്രമാണെന്ന തകഴിയുടെ വാക്കുകൾ ഇവിടെ സ്മരിക്കുന്നു. കാത്തയെ മാത്രമാണ് തകഴി തന്റെ കൃതികൾ പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് കാണിച്ചിരു ന്നത്. ഓർമ്മയുടെ തീരങ്ങളിൽ എന്ന ആത്മകഥയിൽനിന്ന്). ഇത്തരത്തിൽ ഭാര തീയ സംസ്കാരത്തിലൂന്നിയ സ്ത്രീവിമോചനസിദ്ധാന്തത്തെയാണ് തകഴി തന്റെ നോവലുകളിലൂടെ പ്രചരിപ്പിച്ചത്.

പ്രബന്ധത്തിൽ നിന്നും സ്വാംശീകരിച്ച ആശയങ്ങളെ താഴെ അക്കമിട്ടവതരിപ്പി ക്കുന്നു.

1. പ്രകൃതിയെ ബഹുമാനിക്കണമെന്നും ഭയക്കണമെന്നുള്ള പക്ഷക്കാരനാണ് തകഴി ശിവശങ്കരപ്പിള്ള. രണ്ടിടങ്ങഴിയിൽ മടവീഴാൻ കാരണം കോരനും ചിരുതയും തമ്മിൽ ശയിച്ചതിനുശേഷം ശുദ്ധിയില്ലാതെ പുഞ്ചപ്പാടത്ത് വന്ന താണെന്ന പരാമർശം ശ്രദ്ധേയമാണ്. ശാസ്ത്രീയമായ വീക്ഷണത്തിൽ ജല നിരപ്പിൽനിന്നും താഴ്ന്നുകിടക്കുന്ന പാടങ്ങളിൽ ഏത് നിമിഷവും മടവീഴ്ച ഉണ്ടാകാമെന്നുള്ള വസ്തുത നിലനിൽക്കേ ഇത്തരത്തിലുള്ള പരാമർശം കൃഷിയെന്ന തൊഴിലിനെ പൂജനീയകർമ്മമാക്കി മാറ്റുന്നു.

2. കുടിയാനിൽ അടിമത്തത്തിന്റെ നുകം ഉറപ്പിക്കുന്ന ഒന്നാണ് ഓണപ്പണി. ഓണപ്പണിക്കാരൻ മറ്റൊരു ജന്മിക്കുവേണ്ടി പണിയെടുക്കാൻ പാടില്ല. മറ്റ് പണിക്കാർക്ക് കിട്ടുന്ന വിശേഷാൽ കൂലി ഓണപ്പണിക്കാരനു ലഭിക്കില്ല (ഓ ണത്തിനും, കറുത്തവാവിനും) കോരൻ ഒരു വിപ്ലവകാരിയായി മാറാനുള്ള സാഹചര്യം ഒരുക്കിയത് പുഷ്പവേലിൽ ഔസേപ്പിന്റെ ഓണപ്പണിക്കാരനാ യതുകൊണ്ടാണ്. നിശ്ചിതതുക കടമായി ആദ്യമേ ലഭിക്കും എന്നതുമാത്ര മാണ് ഓണപ്പണിയുടെ സവിശേഷത.

3. സ്ത്രീധനനിരോധനത്തിന്റെ ആദ്യ തുടർച്ചക്കാരൻ തകഴി ശിവശങ്കരപ്പിള്ള യാണെന്ന് പറയാം. പ്രസിദ്ധമായ രണ്ട് കൃതികളിലും (രണ്ടിടങ്ങഴി, ചെമ്മീൻ) പെൺപണത്തെ പ്രോത്സാഹിപ്പിക്കുന്ന തകഴിയെയാണ് കാണുന്ന

ത്. ചിരുതയുടെ ഓരോ വിവാഹകാര്യങ്ങളും കാളിപ്പറയൻ തീരുമാനിക്കുന്ന വൻതുകയായ പെൺപണത്തെച്ചൊല്ലിയാണ് ഒഴിവാകുന്നത്.

4. ഗ്രാമീണ ജീവിതത്തിന്റെ മഹാത്മ്യം ഉദ്ഘോഷിക്കുന്നതാണ് തകഴിക്കൃതികൾ തങ്കമ്മയെക്കാൾ കാർത്ത്യായനി വായനക്കാരിൽ പ്രതിഷ്ഠനേടുന്നതും അതുകൊണ്ടാണ് താനൊരു ഗ്രാമീണനാണെന്ന് തകഴി പല സന്ദർഭങ്ങളിലും തുറന്ന് പറയുന്നു. ''ഗ്രാമീണൻ ചില സന്ദർഭങ്ങളിൽ ഒരു കോമാളിയെപ്പോലെ പ്രത്യക്ഷപ്പെട്ടേക്കാം. വിഡ്ഢിയായി കാണപ്പെട്ടേക്കാം. വിചിത്ര സ്വഭാവി ആയേക്കാം എന്നാൽ ഒരാൾക്കും അവന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യാനാവില്ല'' (തകഴി ശിവശങ്കരപ്പിള്ള, ഞാൻ ഒരു ഗ്രാമീണൻ, സാഹിത്യലോകം, പുസ്തകം 10).

5. തകഴി സംഭാഷണത്തിൽ വൈവിധ്യം പുലർത്തുന്നത് ജാതി, പ്രദേശം സമൂഹത്തിലുള്ള സ്ഥാനം എന്നിവയെ അടിസ്ഥാനമാക്കിയാണ്. പറയരുടെ, മുക്കുവരുടെ, തനി ഗ്രാമീണരുടെ ശൈലിയാണ് തകഴി ഉപയോഗിക്കുന്നത്.

6. പ്രാദേശികതയുടെ അടയാളങ്ങൾ നോവലിൽ സ്വീകരിച്ച സാഹിത്യകാരനാണ് തകഴി ശിവശങ്കരപ്പിള്ള. കഥാപാത്രങ്ങൾ സംസാരിക്കുമ്പോൾ അവരുടെ സ്വത്വ മുദ്രകൾ വാക്കുകളിലൂടെ കടന്നുവരുന്നു.

7. ഭാഷയെ ഇന്ദ്രിയക്ഷമമാക്കാൻ കഴിവുള്ള സാഹിത്യകാരനാണ് തകഴി ശിവശങ്കരപ്പിള്ള. ആഖ്യാനസംഭവങ്ങൾ കൺമുന്നിൽ നടക്കുന്നതുപോലെ ആവിഷ്കരിക്കാനുള്ള കഴിവ് തകഴിയുടെ ഭാഷയ്ക്കുണ്ട്.

8. ജീവിതം പറയുന്ന കഥകളാണ് തകഴി സാഹിത്യം വിനിമയം ചെയ്തത്. കാലങ്ങൾ പറഞ്ഞുകൊടുത്ത സത്യങ്ങൾക്ക് തകഴി തന്റെ നോവലുകളിൽ സ്ഥാനം ഒരുക്കി. ഈ സത്യങ്ങൾ ഇന്നും പുതുവായനയ്ക്കും ഗവേഷണങ്ങൾക്കും, നിരൂപണങ്ങൾക്കും അവസരമൊരുക്കുന്നു. തകഴി തന്നെ ഭാഷാപോഷിണിയിൽ അഭിമുഖത്തിൽ പറഞ്ഞത്പോലെ ''ഒരു നൂറ് വർഷത്തിനു ശേഷവും എന്റെ കൃതികൾ വായിക്കപ്പെടുമെങ്കിൽ ഞാൻ ചിലതൊക്കെ നേടി എന്നു പറയാൻ കഴിയും. ഒരു നൂറ്റാണ്ട് കഴിഞ്ഞ് എഴുതപ്പെടുന്ന സാഹിത്യചരിത്രത്തിൽ ഒരുവരി എങ്കിലും എനിക്കുവേണ്ടി ഉണ്ടാവും. ചിലപ്പോൾ ഒരു ഖണ്ഡികയും. (പുസ്തകം 22 ലക്കം 12 മെയ് 1999) തകഴിയുടെ തന്നെ ഈ വാക്കുകൾ അക്ഷരംപ്രതി ശരിയാണെന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു. കാലം പോകെ തകഴി കൃതികളെക്കുറിച്ച് ഇനിയുമിനിയും നിരവധി പഠനങ്ങൾ ഉണ്ടാവുകതന്നെ ചെയ്യും.

9. സ്ത്രീവാദ ആശയങ്ങളായ ഇക്കോഫെമിനസത്തിന്റെയും (പുഞ്ചപ്പാടത്തെ കുറിച്ചുള്ള പുലയരുടേയും പറയരുടേയും ആചാരാനുഷ്ഠാനങ്ങളും അവർ അത് പാലിക്കാൻ കാണിക്കുന്ന താല്പ്പര്യവും) നിലവിലുള്ള ആചാരങ്ങളെ എതിർക്കുന്ന പ്രവണതയായ സമൂലസ്ത്രീവാദചിന്തകളെയും (മകളുടെ ജീവിതംകൊണ്ട് തനിക്ക് സുഖിക്കണം എന്ന കാളിപ്പറയന്റെ ചിന്ത, പുഷ്പ വേലിൽ ഔസേപ്പിനെ ധിക്കരിക്കാനുള്ള കോരന്റെ വിപ്ലവചിന്ത) സ്വാധീനവും നോവലിൽകാണാം. സ്വത്തുടമകളായ മുതലാളിമാരും, നിർധനരായ തൊഴിലാളികളും വിരുദ്ധശക്തികളായി നിലകൊണ്ട് ലാഭത്തെയും കൂലിയേയും ആസ്പദമാക്കിയുള്ള ചേരിതിരിവിനെ മാർക്സിയൻ സിദ്ധാന്തങ്ങളിലൂടെ അവതരിപ്പിക്കുന്നു.

10. ചിരുത എന്ന സ്ത്രീ കഥാപാത്രം പ്രകടിപ്പിക്കുന്ന വർഗ്ഗബോധവും, (ഞങ്ങൾ മാർക്കം കൂടുന്നില്ല, ഞങ്ങ കാവും മാടനുമുള്ള കുടുംബക്കാരാ, ഞങ്ങ പെണ്ണുങ്ങക്കും കാര്യമുണ്ട്, ഞങ്ങൾ യൂണിയൻ ഉണ്ടാക്കും എന്നിങ്ങനെയുള്ള ചിരുതയുടെ പ്രഖ്യാപനം) സ്വാതന്ത്ര്യചിന്തയും നിരീക്ഷണങ്ങളിലൂടെയും, പഠനങ്ങളിലൂടെയും കണ്ടെത്തി അവതരിപ്പിക്കുന്നു.

11. കുഞ്ഞാളി-കാളിപ്പറയൻ, ചിരുത-കോരൻ എന്നീ കഥാപാത്രങ്ങളുടെ ദാമ്പത്യത്തിൽ കാലഘട്ടങ്ങൾ തമ്മിലുള്ള മാറ്റം പ്രകടമാണ്. ഒന്നിൽ നിറഞ്ഞ പുരുഷാധികാരപ്രവണത പ്രകടമാകുമ്പോൾ, മറ്റൊന്നിൽ പരസ്പരസഹകരണത്തോടെ ദാമ്പത്യം മുന്നോട്ടുപോകുന്നു.

12. പെണ്ണിനെയും മണ്ണിനെയും അളക്കാൻ ഒരളവുകോലിനും കഴിയുകയില്ല എന്ന തത്ത്വം രണ്ടിടങ്ങഴി എന്ന നോവലിൽ ഊട്ടിയുറപ്പിക്കുന്നു നോവലിസ്റ്റ്. മണ്ണിനോടും പെണ്ണിനോടും മുതലാളിമാർക്കുള്ള ആർത്തി ഈ നോവലിൽ പരാമർശിക്കപ്പെടുന്നതോടൊപ്പം, അത് വർത്തമാനകാല സമൂഹത്തിന്റെ പ്രവണത കൂടിയാണ് എന്ന ചിന്തകൂടി ഈ ഭാഗത്ത് കടന്നുവരുന്നു.

13. പെണ്ണിന്റെ കാഴ്ച്ചവട്ടങ്ങളുടെ വ്യാപ്തി ചിരുതയിലൂടെ ആവിഷ്കരിക്കുകയാണ് അടുത്തഭാഗത്ത്. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ ചിന്തകളിൽ അധിഷ്ഠിതമായ ആവേശത്തോടെയാണ് ഈ നോവലിൽ തകഴി ചിരുതയെ സൃഷ്ടിച്ചിരിക്കുന്നത്. ചൂഷണത്തിനെതിരെ അവൾ പ്രതികരിക്കുന്നു. സ്വന്തം അസ്തിത്വം നിർണ്ണയിക്കാനുള്ള അവകാശത്തിനുവേണ്ടി പൊരുതുന്ന ചിരുതയെ ഈ ഭാഗത്ത് കാണാം. വേറിട്ടൊരുത്തന് കൈമാറ്റം ചെയ്തു കൊടുക്കാമോ എന്നാണ് ചിരുതയുടെ ചോദ്യം. തന്റെ ശരീര

ത്തിന്റെ അവകാശി താൻ മാത്രമാണെന്ന സ്വാതന്ത്ര്യപ്രഖ്യാപനമാണ് ഇതിലൂടെ ചിരുത നടത്തുന്നത്.

14. സ്ത്രീ ഭോഗത്തിനുള്ള ഉപകരണം മാത്രമല്ല, പ്രണയിക്കാനും സൗഹൃദം പങ്കിടാനുമുള്ള സുഹൃത്ത് കൂടിയാണെന്ന നവോത്ഥാന ചിന്തയാണ് സൗഹൃദവും പ്രണയവും എന്ന ഭാഗത്ത് ആവിഷ്ക്കരിക്കുന്നത്. ചിരുതയും കോരനുമായുള്ള പ്രണയത്തിന്റെ രംഗം ചിത്രീകരിക്കുന്ന ഭാഗം നോവലിനെ കാല്പനികമായ തലത്തിലെത്തിക്കുന്നു.

15. മേലാളവിഭാഗത്തോടുള്ള അമർഷമാണ് തന്നെ ആക്രമിക്കാൻ വന്ന പുഷവേലിൽ ചാക്കോയെ എതിർക്കുന്നതിലൂടെ ചിരുത പ്രകടമാക്കുന്നത്. ജന്മിക്ക് കീഴ്പ്പെടേണ്ടവളാണ് അടിയാളപ്പെണ്ണ് എന്ന ചിന്തയെ എതിർക്കുന്ന ചിരുത പല്ലും നഖവും ഉപയോഗിച്ച് അയാളിൽ നിന്ന് രക്ഷപ്പെടുന്നു. ചിരുതയിൽ കുടികൊണ്ട മനോവിപ്ലവമാണ് അതിന് അവളെ ശാരീരികമായി സജ്ജമാക്കിയത്.

16. സാഹിത്യം വിളമ്പേണ്ടത് ഉന്നതജാതരുടെ വിജയഗാഥയാണ് എന്ന് വിശ്വസിച്ചിരുന്ന കാലഘട്ടത്തിലാണ്, നിസ്വവർഗ്ഗത്തിന്റെ വിപ്ലവജീവിതം പകുത്തുതന്നുകൊണ്ട് കാർഷിക വിപ്ലവത്തിലൂടെ ചിരുതയെയും കോരനെയും മലയാള സാഹിത്യത്തിൽ തകഴി പ്രതിഷ്ഠിച്ചത്. ഇത്തരത്തിലുള്ള ചിത്രീകരണത്തിലൂടെ ദളിത് ജീവിത പ്രമേയങ്ങളെ സാഹിത്യലോകത്ത് സ്വീകാര്യമാക്കുകയായിരുന്നു തകഴി.

17. മികച്ച ഒരു കാർഷിക നോവലായി രണ്ടിടങ്ങഴിയെയും, കർഷകസ്ത്രീയായി ചിരുതയെയും ഉയർത്തുകയായിരുന്നു നവോത്ഥാനസാഹിത്യകാരനായ തകഴിശിവശങ്കരപ്പിള്ള രണ്ടിടങ്ങഴിയിൽ എന്ന നോവലിന്റെ സൃഷ്ടിയിലൂടെ ചെയ്തത്. സർവ്വലക്ഷണങ്ങളും തികഞ്ഞ കൃഷിപ്പണിക്കാരിയായി ചിരുതയെ അവതരിപ്പിക്കുന്ന രംഗം രണ്ടിടങ്ങഴി എന്ന നോവലിനെ ഏറെ ആകർഷകമാക്കുന്നു.

18. ഒരു പ്രദേശത്തെ തലമുറ പരമ്പരാഗതമായി കൈമാറി പോന്ന വിശ്വാസത്തിന്റെ ആഖ്യായികയാണ് ചെമ്മീൻ എന്ന നോവൽ. ചില വിശ്വാസങ്ങൾ അന്ധങ്ങളാണെങ്കിലും ആ വിശ്വാസം പാലിക്കപ്പെടണം എന്ന് ആഗ്രഹിച്ച സാഹിത്യകാരനാണ് തകഴിശിവശങ്കരപ്പിള്ള. മിത്തിന്റെ ഉല്ലംഘനത്തിലൂടെ ചാരിത്ര വിശുദ്ധി നഷ്ടപ്പെടുത്തിയ കറുത്തമ്മ പളനിയെകൂടി മരണത്തിന്

വിട്ടുകൊടുത്ത് ഒരേസമയം മിത്തിനെ ഉറപ്പിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്നു.

19. കാലങ്ങളായി കേട്ടുവളർന്ന സദാചാരബോധകഥകൾ കറുത്തമ്മയിൽ ചാരിത്ര സംരക്ഷണത്തിന്റെ ഉരുക്കു കോട്ടപോലെ നിലകൊണ്ടിട്ടും പരീക്കുട്ടി വന്നു വിളിച്ച രാത്രിയിൽ ആദ്യമുത്തശ്ശിയുടെ കഥയ്ക്കും, പരമ്പര കേട്ടുവളർന്ന കഥകൾക്കും യാതൊരു സ്വാധീനവും കറുത്തമ്മയിൽ ചെലുത്താനായില്ല. പരീക്കുട്ടിയുടെ നീട്ടപ്പെട്ട കൈകളിലേക്ക് അവൾ ചേരുന്നതോടെ മിത്തിനോടുള്ള വെല്ലുവിളി കറുത്തമ്മ നടത്തുന്നു.

20. മാറിയ ജീവിത സാഹചര്യങ്ങളുമായി അതിവേഗം പൊരുത്തപ്പെടാനുള്ള കഴിവ് സ്ത്രീകൾക്കുണ്ട് എന്നതിനെ വ്യക്തമാക്കുന്നതാണ്, പളനിയുടെ ഭാര്യയായി നീർക്കുന്നത്ത് എത്തിയപ്പോൾ അവിടത്തെ സാഹചര്യങ്ങളുമായി പെട്ടെന്ന് പൊരുത്തപ്പെട്ട് പോകുന്നത്. കൊട്ടക്കച്ചവടത്തിന് പോയി പണം സമ്പാദിക്കാനും, മീൻ ഉണക്കി സൂക്ഷിച്ച് വില്പന നടത്താനും അവൾ കാണിക്കുന്ന താൽപര്യം ഉദാഹരണം.

21. ചെമ്മീൻ എന്ന നോവലിന്റെ അകക്കാമ്പാണ് കറുത്തമ്മയുടെ അമ്മ ചക്കി. നോവലിന്റെ പൂർവ്വഭാഗത്തെ അനശ്വരമാക്കുന്ന കഥാപാത്രം. പ്രായപൂർത്തിയായ മകളുടെ വിവാഹത്തെച്ചൊല്ലി ആകുലപ്പെടുന്നു ഈ കഥാപാത്രം. ചക്കി പ്രത്യക്ഷത്തിൽ ഭർത്താവിന്റെ ധനപരമായ വിനിമയങ്ങളെ വിമർശിക്കുമ്പോഴും പരോക്ഷത്തിൽ അതിനെ പിൻതാങ്ങുന്നു. ചില സന്ദർഭങ്ങളിൽ മകളുടെ വിവാഹക്കാര്യം ഭർത്താവിന്റെ താൽപര്യപ്രകാരം പല ആവശ്യങ്ങളുടെയും പിറകിലേക്ക് തള്ളാൻ ചക്കി നിർബന്ധിതയാകുന്നു.

22. കുട്ടിത്തത്തിന്റെ കുറുമ്പും, കാര്യഗൗരവത്തിന്റെ നിഴലാട്ടവുമായി നോവലിന്റെ ആരംഭം മുതൽ അവസാനം വരെ കാണപ്പെടുന്ന കഥാപാത്രമാണ് പഞ്ചമി. കറുത്തമ്മയുടെ പുരാവൃത്ത ലംഘനചരിതം കറുത്തമ്മയുടെ മകളോട് പങ്കിടാനായി നോവലിസ്റ്റ് ചെമ്പൻകുഞ്ഞിന്റെ കുടുംബത്തിൽ അവശേഷിപ്പിച്ച ഏക പിൻഗാമി. പഞ്ചമിയിലൂടെ ഈ പുരാവൃത്തം സംരക്ഷിക്കപ്പെടണം എന്ന് നവോത്ഥാന സാഹിത്യകാരനായ തകഴി ചിന്തിച്ചിരുന്നുവോ എന്ന ചിന്ത കൂടി ഈ ഭാഗത്ത് കടന്നു വരുന്നു.

23. തൊൽകാപ്പിയർ ഐന്തിണകളിൽ പരാമർശിക്കുന്ന നെയ്തൽ പ്രദേശത്തെ ചെമ്മീൻ എന്ന നോവലിലെ കടലോരപ്രദേശവുമായി സാമ്യപ്പെടുത്താൻ കഴിയും. ശിക്ഷിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന പ്രകൃതിയെയാണ് ഇവിടെ

കാണുന്നത്. അദ്ധ്യാത്മിക പരിസ്ഥിതിവാദത്തിന്റെ പരിധിയിലാണ് ചെമ്മീൻ എന്ന നോവലിലെ പരിസ്ഥിതി വാദം വരുന്നത്. കടലമ്മേ എന്ന വിളിയിലൂടെ കടലിനെ മാതൃദേവതയായി മുക്കുവ സമൂഹം കരുതുന്നു.

24. സമൂലസ്ത്രീവാദ ആശയത്തിന്റെ ഇരകളായി ചക്കിയേയും, കറുത്തമ്മ, പഞ്ചമി മുതലായ കഥാപാത്രങ്ങളെയും നോവലിൽ കാണാം. പലപ്പോഴും വീട്ടകങ്ങളിലെ സാമ്പത്തിക സ്രോതസുകളായിരിക്കുമ്പോഴും, തീരുമാന ങ്ങൾ എടുക്കുന്ന സന്ദർഭങ്ങളിൽ ഈ സ്ത്രീകൾ തഴയപ്പെടുന്നു. ഇവരുടെ വേദനിപ്പിക്കുന്ന ചിന്തകളെയും, അനുഭവങ്ങളെയും പ്രകാശിപ്പിക്കുന്നതി ലൂടെ തകഴി സ്ത്രീപക്ഷ നോവലിസ്റ്റായി മാറുന്നു.

25. ചൂഷണത്തിനു വിധേയമാകുന്ന നിരവധി സ്ത്രീ കഥാപാത്രങ്ങളുള്ള നോവ ലാണ് ചെമ്മീൻ. സ്ത്രീയെ ചൂഷണം ചെയ്യുന്ന വ്യവസ്ഥക്കെതിരായി രൂപ പ്പെട്ട് വന്ന സോഷ്യലിസ്റ്റ് ഫെമിനിസം ഈ നോവലിൽ പ്രയുക്തമാകുന്നു. വീട്ടകങ്ങളിൽ ചൂഷണത്തിനുവിധേയമാകുന്നവർക്കുവേണ്ടി നോവലിസ്റ്റ് സംസാരിക്കുന്നു. 'ചൂലേ' എന്ന പദം കൊണ്ട് സ്ത്രീകളെ ദൂഷണം പറയുന്ന ചെമ്പൻകുഞ്ഞിലാണ് സോഷ്യലിസ്റ്റ് സ്ത്രീ ആശയങ്ങളുടെ ആദ്യപ്രഹരം നോവലിസ്റ്റ് നൽകുന്നത്.

26. ബ്ലാക്ക്ഫെമിനിസത്തിന്റെ രാഷ്ട്രീയം ചെമ്മീൻ എന്ന നോവലിനകത്ത് പങ്കു വെക്കാൻ ശ്രമിക്കുന്നുണ്ട് നോവലിസ്റ്റ്. സമൂഹത്തിന്റെ നേർക്കാഴ്ച്ചയിൽ നിന്ന് മാറിനടന്നിരുന്ന മുക്കുവസ്ത്രീകളെ സംബന്ധിച്ച് കറുത്തവർഗം അനു ഭവിക്കുന്ന വേദനകളും ബുദ്ധിമുട്ടുകളും അവരും അനുഭവിച്ചിട്ടുണ്ട്. 'എല്ല രിച്ചു കറാത്ത ഇരിക്കണ ചക്കി' എന്ന പ്രയോഗത്തിൽ കറുപ്പ് വൈരൂപ്യ ത്തിന്റെ ലക്ഷണമായി ആ സമൂഹം വിശ്വസിക്കുന്നു.

27. ആഗോള വത്കരണത്തിന്റെ ഈ കാലഘട്ടത്തിൽ ചെമ്മീൻ എന്ന നോവ ലിനെ വായിക്കുമ്പോൾ പരീക്കുട്ടി എന്ന കച്ചവടക്കാരന്റെ മുന്നിൽ തെളിഞ്ഞ ഉല്പ്പന്നമായിരുന്നു കറുത്തമ്മ. താൻ ആഗ്രഹിച്ച ഉല്പന്നത്തെ നേടാൻ വേണ്ടി മാത്രമാണ് പരീക്കുട്ടി ചെമ്പൻകുഞ്ഞിന് പണം നൽകിയത്. അ ങ്ങനെ നോക്കുമ്പോൾ പ്രണയം നൽകി പാട്ടിലാക്കാനുള്ള പരീക്കുട്ടിയുടെ ശ്രമം പാഴിലായപ്പോഴാണ്, അയാൾ പണം നൽകി ചെമ്പൻകുഞ്ഞിനെ വശീ കരിച്ച് കറുത്തമ്മയെ കൈവശപ്പെടുത്താൻ ശ്രമിക്കുന്നത്.

28. നാലാം വേദക്കാരനെ പ്രണയിച്ച കറുത്തമ്മ മിത്തിന്റെ സംരക്ഷക ആകാതെ നിഷേധി ആവുകയാണ്. ജാതി വിട്ടിട്ടുള്ള ബന്ധം വിലക്കായി കരുതുന്നു നോവലിൽ പരാമർശിക്കപ്പെടുന്ന വിശ്വാസം. കാലം ഏറെ പുരോഗിച്ചിട്ടും അന്ധവിശ്വാസങ്ങളെ സംരക്ഷിക്കുന്ന ഒരു തലമുറയായി വർത്തമാന കാലം മാറുമ്പോൾ, ചെമ്മീൻ എന്ന നോവലിന്റെ ഓരോ വായനയും ഇത്തരത്തിലുള്ള ധാരണകളെ നീക്കം ചെയ്യാനുള്ളതായി മാറുന്നു.

29. കടലിനെ മാതൃദേവതയായി സങ്കല്പ്പിച്ചു കൊണ്ട് മുന്നേറുന്ന അരയസമുദായത്തിന്റെ ആചാരങ്ങളും അനുഷ്ഠാനങ്ങളും കടലുമായി ബന്ധപ്പെട്ട് മുന്നോട്ട് പോകുന്നു. ജനനം മുതൽ മരണം വരെയുള്ള ആചാരനുഷ്ഠാനങ്ങൾ കടലുമായി ബന്ധപ്പെട്ട് നയിക്കുന്ന സമുദായമാണ് അരയസമുദായം എന്നാൽ കടലുമായി ബന്ധപ്പെടുത്തി കൊണ്ടുള്ള ഉത്സവമോ, മറ്റ് ആഘോഷങ്ങളോ ഇവരുടെ ഇടയിൽ കാണുന്നില്ല. എല്ലാം തരുന്ന അമ്മയ്ക്കു വേണ്ടി ഉത്സവം ആഘോഷിക്കുന്ന ശീലങ്ങൾ അവർ വേണ്ടെന്ന് വയ്ക്കുന്നു.

30. സകലതിനേയും കശാപ്പ് ചെയ്യുന്ന കാലമായി ചെമ്മീനിൽ കടലെന്ന പ്രതീകം പ്രത്യക്ഷപ്പെടുന്നു. നോവലിലെ എല്ലാ കാലങ്ങളേയും പ്രതിനിധാനം ചെയ്തുകൊണ്ട് ജീവിക്കുന്ന പഞ്ചമി, കുഞ്ഞ് എന്നിവർ ഭാവി കാലത്തിന്റെ സംരക്ഷകയായിട്ട് നോവലിൽ പരിവർത്തിക്കപ്പെടുന്നു. നോവൽ അവസാനിക്കുമ്പോൾ കുഞ്ഞിനെ കൈളിലെടുത്ത് കടലിലേയ്ക്ക് നോക്കിനിന്ന് കരയുന്ന പഞ്ചമിയുടെ മുന്നിൽ സർവ്വകാലത്തിന്റെയും പ്രതിനിധിയായി കടൽ ആർത്തിരമ്പുന്നു.

31. ആൺനോട്ടത്തിലൂടെ പ്രകാശിതമാകുന്ന പ്രണയമാണ് ചെമ്മീനിലേത്. പരീക്കുട്ടി കറുത്തമ്മമാരുടെ പ്രണയത്തെ സൂചിപ്പിക്കുന്ന രംഗം ഉദാഹരണം. സ്ത്രീ ശരീരത്തിന്റെ അഴകളവുകളിലൂടെമാത്രം പരീക്കുട്ടിയിൽനാമ്പിടുന്ന ഈ പ്രണയത്തെ, ലൈംഗിക കാമനകളുടെ ആവിഷ്കാരം മാത്രമായി കണക്കാക്കാം. ശരീര കേന്ദ്രിതമായ പുരുഷനോട്ടങ്ങളിൽ നിന്ന് രക്ഷപ്പെടാൻ സമുദായം കല്പ്പിച്ചു കൊടുത്ത ആയുധമായി ഇവിടെ പുരാവൃത്തം മാറുന്നു. ഈ പുരാവൃത്തത്തെ സംരക്ഷിക്കാനാണ് സമുദായം നിർബന്ധിക്കുന്നത്. നോവലിന്റെ ആദ്യഭാഗത്ത് കറുത്തമ്മ കന്യകയായിരിക്കുമ്പോൾ പുരാവൃത്തത്തെ സംരക്ഷിക്കുന്നു. എന്നാൽ കറുത്തമ്മ പതിവ്രതയായപ്പോൾ പുരാവൃത്തത്തെ വെല്ലുവിളിക്കുന്നത് അന്ധവിശ്വാസത്തോടുള്ള നവോത്ഥന

നായകന്റെ വെല്ലുവിളിയായി വായിച്ചെടുക്കാം. ഈ വായനയാണ് ആധുനിക സമൂഹത്തിന് വേണ്ടതെന്ന ചിന്തയാണ് നോവലിലൂടെ പങ്ക് വെക്കുന്നത്.

32. പ്രായോഗിക രാഷ്ട്രീയത്തിന്റെ എല്ലാ വൈകൃതങ്ങളേയും പ്രകടിപ്പിക്കുന്ന നോവലാണ് 1964 ൽ തകഴി എഴുതിയ ഏണിപ്പടികൾ. ആദർശാത്മക രാഷ്ട്രീയത്തിൽ വെള്ളം ചേർത്ത് പ്രായോഗികരാഷ്ട്രീയത്തിൽ എങ്ങനെ വിജയം നേടാം എന്നുള്ള തത്വശാസ്ത്രമാണ് ഏണിപ്പടികളിലെ കഥാനായക നിലൂടെ തകഴി ആവിഷ്ക്കരിക്കുന്നത്.

33. നോവലിൽ ഓരോ രംഗങ്ങളിലെയും കയറ്റിറക്കങ്ങൾക്ക് സാക്ഷിയായിട്ടുള്ള സ്ത്രീകഥാപാത്രങ്ങളുടെ നിരൂപണത്തിൽ കുടുംബത്തിന്റെ, സമൂഹത്തിന്റെ, മതത്തിന്റെ, രാജ്യത്തിന്റെ രാഷ്ട്രീയം പറഞ്ഞുവെക്കുന്നു തകഴി. പലപ്പോഴും പുരുഷപക്ഷങ്ങളാൽ നിഹനിക്കപ്പെടുന്ന സ്ത്രീജീവിതങ്ങളെയാണ് ഏണിപ്പ ടികൾ എന്ന നോവൽ കാണിച്ചുതരുന്നത്.

34. സ്ത്രീവാദ ആശയങ്ങളെ പരാമർശിക്കുമ്പോൾ ബ്ലാക്ക്ഫെമിനിസത്തിന്റെയും റാഡിക്കൽഫെമിനിസത്തിന്റെയും ചിന്താധാരകൾ അതിൽ മിന്നിമറയുന്നു. കേശവപിള്ളയെയും കാർത്യായനിയമ്മയെയും നിരീക്ഷിക്കുന്ന ഘട്ടത്തിൽ ബ്ലാക്ക്ഫെമിനിസവും, കേശവപിള്ളയുടെ മാതാപിതാക്കളുടെ ജീവിതത്തെ ക്കുറിച്ച് പരാമർശിക്കുമ്പോൾ സമൂലസ്ത്രീവാദ ചിന്തകളുടെയും ദർശന ങ്ങൾ കാണാം.

35. കുടുംബ ജീവിതവീക്ഷണത്തെയും ദർശനങ്ങളെയും നിരീക്ഷിക്കുമ്പോൾ ഏണിപ്പടികൾ എന്ന നോവലിൽ ജീവിക്കുന്ന നാലുദാമ്പത്യങ്ങളെ നാം വായിച്ചെടുക്കുന്നു. ഈ ദാമ്പത്യങ്ങളിലെ സ്ത്രീജീവിതങ്ങൾ ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ കുടുംബം എന്ന സങ്കൽപ്പത്തിനുവേണ്ടി ത്യാഗങ്ങൾ സഹിച്ചവരാണെന്നു കാണാം. തകഴി എന്ന നവോത്ഥാന നായ കനിൽ വേരോടിയിരുന്ന പല കുടുംബസങ്കൽപ്പങ്ങളുടെയും നേർക്കാഴ്ച ഈ ദാമ്പത്യങ്ങളുടെ ചിത്രീകരണത്തിൽ കാണാൻ കഴിയും.

36. കേശവപിള്ള എന്ന പ്രാധാന കഥാപാത്രത്തെ ചുറ്റിപ്പറ്റിയുള്ള കാലമാണ് ഏണിപ്പടികൾ എന്ന നോവലിന്റേത്. കേശവപിള്ളയുടെ ഉദ്യോഗകാലത്തി ലൂടെ ആരംഭിച്ച് വിരമിക്കൽ കാലത്തിൽ അവസാനിക്കുന്ന നോവലിൽ, നിര വധി പ്രധാന കഥാപാത്രങ്ങൾ പ്രവേശിച്ച്, കേശവപിള്ളയുടെ വിരമിക്കൽ കാലത്തിനു മുൻപേ നോവലിൽ കെട്ടടങ്ങുന്നു. കേശവപിള്ളയെന്ന ഉദയസൂ ര്യന്റെ ഉദ്യോഗത്തണലിൽ പൊടിച്ചാർത്ത കഥാപാത്രങ്ങൾ പലരും കേശവ

പിള്ളയെന്ന മധ്യാഹ്നസൂര്യന്റെ കടും രശ്മികളേറ്റ് കരിഞ്ഞ് ഉണങ്ങുന്നു. കേശവപിള്ളയെന്ന അസ്തമയസൂര്യനോടൊപ്പം അതിജീവനത്തിന്റെ പാതകളിൽ മുന്നേറിയത് അഗ്നിസാക്ഷിയായി വിവാഹം ചെയ്ത കാർത്യായനി മാത്രമാണെന്നുള്ളത് വിവാഹജീവിതത്തിന്റെ പരിശുദ്ധിയെ വ്യക്തമാക്കുന്നു. സ്ത്രീപുരുഷജീവിതങ്ങളെ ബലപ്പെടുത്തുന്ന കണ്ണിയാണ് വിവാഹമെന്നും, അത് വിശേഷാൽ വഹിക്കുന്ന പദവിയാണ് എന്നുമുള്ള ചിന്തയാണ് കാർത്ത്യായനി കേശവപിള്ള ദാമ്പത്യത്തിലൂടെ തകഴി പകർന്നുതരുന്നത്.

37. പ്രായോഗിക രാഷ്ട്രീയത്തിന്റെ പൊരുത്തക്കേടുകളെ ചൂണ്ടിക്കാണിക്കുന്നു കേശവപിള്ളയുടെ ഭാര്യയായ കാർത്ത്യായനി. രാജ്യാധിപത്യത്തെ അനുകൂലിക്കുകയും, പിന്നീട് കോൺഗ്രസ്സിനോട് കൂട്ടുചേരുകയും, അവസാനം കമ്മ്യൂണിസത്തിൽ കാലുറപ്പിക്കാൻ ശ്രമിക്കുന്ന കേശവപിള്ളയുടെ നിലനിൽപ്പ് രാഷ്ട്രീയത്തിന്റെ പൊരുത്തക്കേടുകളെ കാർത്ത്യായനി വിമർശിക്കുന്നു. ഗ്രാമീണ പെൺകുട്ടിയായി കേശവപിള്ളയുടെ ജീവിതത്തിലേക്ക് കടന്നുവന്ന് ഉയർന്ന ജീവിതാവബോധം കൈവരിക്കുന്ന കഥാപാത്രമായി കാർത്ത്യായനി മാറുന്നു.

ജീവിതത്തിന്റെ ഏണിപ്പടികളിലൂടെ കയറിയിറങ്ങിയ നിരവധി സ്ത്രീജീവിതങ്ങളുടെ രസഭേദങ്ങളാണ് ഏണിപ്പടികൾ എന്ന രാഷ്ട്രീയനോവലിലൂടെ തകഴി പങ്കുവച്ചത്. ഈ രുചിഭേദങ്ങൾ കാലഘട്ടങ്ങൾ കഴിഞ്ഞിട്ടും വായനക്കാരിൽ പുത്തൻ രസഭേദങ്ങൾ ഉളവാക്കുന്നു. ഈ തലത്തിൽ വിശകലനം ചെയ്യുമ്പോൾ തകഴി എന്ന നവോത്ഥാന നോവലിസ്റ്റ് കാലാതീതനായി മാറുന്നു.

# ഗ്രന്ഥസൂചി


അച്യുതൻ, എം. 1983, *നോവൽപ്രശ്നങ്ങളും പഠനങ്ങളും,* കോട്ടയം, സാഹിത്യ പ്രവർത്തക സഹകരണസംഘം.

അച്യുതനുണ്ണി, ചാത്തനാത്ത്. 1983, *സാഹിത്യഗവേഷണം പ്രബന്ധരചനയുടെ തത്ത്വങ്ങൾ*, ശുകപുരം, വള്ളത്തോൾ വിദ്യാപീഠം.

അപ്പൻ, കെ. പി. 1988, *മാറുന്ന മലയാളനോവൽ,* ആലപ്പുഴ : ഗൗതമ പബ്ലിക്കേഷൻ ആന്റ് ഡിസ്ട്രിബ്യൂട്ടേഴ്സ്.

അപ്പൻ, കെ. പി. 1996, *സമയപ്രവാഹവും കാലപ്രവാഹവും,* ഡി. സി. ബുക്സ്.

അപ്പൻ, കെ. പി. 2000, *ഇന്നലെകളിലെ അന്വേഷണപരിശോധനകൾ*, കോട്ടയം : ഡി. സി. ബുക്സ്.

അശോകൻ, കെ. 1982, *നോവൽ മലയാളത്തിൽതകഴിമുതൽമുകുന്ദൻ വരെ*, കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണസംഘം.

അലോഷ്യസ്, ഡി ഫെർണ്ണാണ്ടസ്. (ഫാ.), 2006, *ഒരുഫെമിനിസ്റ്റാവുക*, പ്രഭാത് ബുക്ക്ഹൗസ്, തിരുവനന്തപുരം, 2006.

അയ്യപ്പപ്പണിക്കർ, കെ. 1992, തകഴിശിവശങ്കരപ്പിള്ള, കോട്ടയം : ഡി. സി. ബുക്സ്.

ആനന്ദി, ടി. കെ. 2006, *ജനകീയസമരങ്ങളിൽ മലബാറിന്റെ പെൺപാതകൾ*, കേരളശാസ്ത്രസാഹിത്യപരിഷത്ത്.

ഉൽപ്പത്തി (പഴയനിയമം) അധ്യായം 2.

കരീം, എം. എം. (ഡോ.), 1985. *പ്രേംചന്ദും തകഴിയും,*സാഹിത്യപ്രവർത്തക സഹകരണസംഘം.

കാവാലം ആനന്ദ് (ഡോ.) *തകഴിയുടെ നോവലുകളിലെ പരിസ്ഥിതിദർശനം*, തകഴിവഴി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

- --. *കേസരിയുടെസാഹിത്യവിമർശനങ്ങൾ*, 1984, കോട്ടയം, സാഹിത്യപ്രവർത്തക സഹകരണസംഘം.

കാവാലം ആനന്ദ് (ഡോ.) *തകഴിയുടെ നോവലുകളിലെ പരിസ്ഥിതിദർശനം*, തകഴിവഴി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

കുമാരപ്പിള്ള, ജി., ലക്ഷ്മി. എൻ. മേനോൻ. (എഡി.) 1999, *സ്വാമിവിവേകാനന്ദൻ*, പൂർണോദയ ബുക്സ്, കൊച്ചി.

കൃഷ്ണപ്പിള്ള, എൻ. *കൈരളിയുടെ കഥ,* 1980, കോട്ടയം : സാഹിത്യ പ്രവർത്തക സഹകരണസംഘം,

ഗോപാലകൃഷ്ണൻ, പി. കെ. 1987, *പുരോഗമന സാഹിത്യ പ്രസ്ഥാനവും നിഴലുംവെളിച്ചവും*, തൃശ്ശൂർ : കേരളസാഹിത്യഅക്കാദമി.

ഗീത, 2000, *സ്ത്രീവിമോചനമെന്നാൽ മനുഷ്യവിമോചനം*, ദേശാഭിമാനി ബുക്ക്ഹൗസ്.

ഗീത, 1998, *പ്രണയംലൈംഗികത അധികാരം,* കറന്റ് ബുക്സ്, തൃശ്ശൂർ.

ചന്ദ്രിക, സി. എസ്. 2008, *ആർത്തവമുള്ള സ്ത്രീകൾ*, ഫേബിയൻ ബുക്സ്, മാവേലിക്കര.

ജയലാൽ, ജെ. (എഡി.). 2011. *തകഴി ഓർമ്മകാലം പഠ*നം, പ്രിയത ബുക്സ്, ആലപ്പുഴ.

ജയചന്ദ്രൻ, ടി. എൻ. 1970, *നോവലിസ്റ്റിന്റെശില്പശാല*, കോട്ടയം, സാഹിത്യപ്രവർത്തക സഹകരണസംഘം.

ജാൻസി ജെയിംസ് (ഡോ.), 2000, *ഫെമിനിസം സിദ്ധാന്തവും പ്രയോഗവും*,കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ജോർജ്, കെ. എം. 1998, *ആധുനികമലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ,* ഡി. സി. ബുക്സ്, കോട്ടയം.

ജോർജ്ജ്, ഇരുമ്പയം. 2012, *തകഴി മുതൽ അഴീക്കോട്വരെ*, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

ജോർജ്ജ്, ഇരുമ്പയം. 1984, *മലയാളനോവൽ പത്തൊമ്പതാംനൂറ്റാണ്ടിന്റെകോട്ടയം*, നാഷണൽ ബുക്ക്സ്റ്റാൾ.

ജോർജ്ജ്, ഓണക്കൂർ. 1986. *നായകസങ്കല്പം മലയാളനോവലിൽ*, തിരുവനന്തപുരം, പ്രഭാത് ബുക്ക്ഹൗസ്.

തകഴി, 2007. *ആത്മകഥ,* ഗ്രീൻബുക്സ്.

തകഴി, ശിവശങ്കരപ്പിള്ള. 1996, *പതിത പങ്കജം*, പൂർണ്ണാപബ്ലിക്കേഷൻസ്, കോഴിക്കോട്.

തകഴി, ശിവശങ്കരപ്പിള്ള. 2004, *ഇരുപത്തി ഒന്നാം നൂറ്റാണ്ട്*, സമാഹരിക്കാത്ത പതിനാറുകഥകൾ, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ.

തകഴി, ശിവശങ്കരപ്പിള്ള. 2007, *നാലുപെണ്ണുങ്ങൾ,* റെയിൻബോ ബുക്സ്, ചെങ്ങന്നൂർ.

തകഴി, ശിവശങ്കരപ്പിള്ള. 2009, *തകഴിയുടെസമാഹരിക്കാത്ത കഥകൾ,*പ്രിയദർശിനി പബ്ലിക്കേഷൻസ് സൊസൈറ്റി, തിരുവനന്തപുരം.

തകഴി, ശിവകശങ്കരപ്പിള്ള. 1973, *എന്റെ ബാല്യകാലകഥ*, സാഹിത്യ പ്രവർത്തക സഹകരണസംഘം, തൃശ്ശൂർ.

തകഴി, ശിവശങ്കരപ്പിള്ള. 1984, *ഞാൻ ആരുടെയും സ്വാധീനത്തിലായിരുന്നില്ല.* കലാകൗമുദി.

തകഴി, ശിവശങ്കരപിള്ള, 1985, *ഓർമ്മയുടെ തീരങ്ങളിൽ,* നാഷണൽ ബുക്ക്സ്ററാൾ.

- -- - *ഏണിപ്പടികൾ*, 1997, ഡി. സി. ബുക്സ്.

- ---*ബലൂണുകൾ*, 1982, ഡി. സി. ബുക്സ്, കോട്ടയം

- --- *ചെമ്മീൻ,* ഡി. സി. ബുക്സ്, കോട്ടയം.

- ---*രണ്ടിടങ്ങഴി,* 1997, ഡി. സി. ബുക്സ്, കോട്ടയം.

തരകൻ, കെ. എം. 1980, *ആധുനിക നോവൽദർശനങ്ങൾ,* കോട്ടയം, ഡി. സി. ബുക്സ്,

തോമസ്, കെ. വി. (ഡോ.) 2004, *തകഴി,* രാധാണി പി. കെ. (ഡോ.) (എഡി.), ജ്ഞാനപീഠപുരസ്ക്കാര ജേതാക്കൾ, സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരളസർക്കാർ.

തോമസ്, തുമ്പമൺ. 1983, *മലയാള നോവലിന്റെവേരുകൾ*, കോട്ടയം, സാഹിത്യപ്രവർത്തക സഹകരണസംഘം.

ദേവിക, ജെ. 2013, *പുരിയുടെ നേട്ടങ്ങൾ, ഒലീവ് പബ്ലിക്കേഷൻ,*

പത്മകുമാർ, മൂർത്തിനാട് (എഡി.), 2015, *ഫെമിനിസത്തിന്റെ ബൈബിൾ* (The second sex), പാപ്പിറസ് ബുക്ക്.

പോൾഎം. പി. 1969, *നോവൽസാഹിത്യം,* കോട്ടയം, സാഹിത്യ പ്രവർത്തക സഹ കരണസംഘം.

പോൾ, സി മണലിൽ. 2005, *കാലത്തിന്റെ കണ്ണാടിച്ചില്ലുകൾ,* കോട്ടയം, കറന്റ് ബുക്സ്.

പൊറ്റെക്കാട്ട്, എസ്. കെ. 1999, *കഥകൾ,* നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

ഫാത്തിമ മെർനീസി, *ഇസ്ലാമും സ്ത്രീകളും,* ഒലീവ് പബ്ലിക്കേഷൻ, കോട്ടയം.

ഭാസ്കരനുണ്ണി, പി. *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം,* സാഹിത്യഅക്കാദമി, തൃശ്ശൂർ.

ബാലകൃഷ്ണപിള്ള, കേസരി. 1989, *നോവൽ സിദ്ധിയും സാധനയും,*സാഹിത്യപ്രവർത്തക സഹകരണസംഘം.

ബാലചന്ദ്രൻ, ജി, (പ്രൊഫ.) 2013, *തകഴിയുടെസർഗപഥങ്ങൾ,* കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.

മഹേഷ്, എം. ആർ. (ഡോ.) 2000, *മലയാള നോവലും ദേശീയതയും,*സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.

മാരാമുറ്റം, വി. ജി. 1998, *തകഴിയുടെ നോവലുകളിലെ നായികാസങ്കല്പം, സൂര്യ കാന്തി ബുക്സ്.*

രാമചന്ദ്രൻ നായർ പന്മന. (പ്രൊഫ.) 2016, *തകഴിപഠനങ്ങൾ* (എഡി.), കറന്റ് ബുക്സ്.

രാജേഷ്, ചിറപ്പാട്. (എഡി.) *2012, തകഴിവായനയും പുനർവായനയും,* ചിന്ത പബ്ലി ഷേഴ്സ്.

രാമകൃഷ്ണൻ, വി. 2007, *മലയാളത്തിന്റെ സുവർണ്ണകഥകൾ,* ഗ്രീൻ ബുക്സ്, തൃശ്ശൂർ.

രേണു (ഡോ.) 2020, *സ്ത്രീയും അധികാരവ്യവസ്ഥയും നോവൽ പ്രതിനിധാനങ്ങ ളിൽ*, സാഹിത്യ പ്രവർത്തക സഹകരണസംഘം.

ലളിതാംബിക അന്തർജ്ജനം. 1966, *പൂർണ്ണപബ്ലിക്കേഷൻസ്*,കോഴിക്കോട്.

ലീലാവതി, എം. 2008, *സ്ത്രീസ്വത്വാവിഷ്കാരം ആധുനിക മലയാളസാഹിത്യചരി ത്രത്തിൽ*,കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ.

ലീലാകുമാരി (ഡോ.), 2000, *സ്ത്രീ സങ്കല്പവും മലയാള നോവലും*, ഡി. സി. ബുക്സ്.

വത്സലൻ, വാതുശ്ശേരി. 2012, *പരീക്കുട്ടി എന്ന വാസ്കോഡഗാമ*, കൈരളീ ബുക്സ്.

വർക്കി, പൊൻകുന്നം. 2004, *കഥകൾ*, ഡി. സി. ബുക്സ്, കോട്ടയം.

വിജയൻ, എം. എൻ. 2013, *കേസരിയുടെചരിത്രഗവേഷണങ്ങൾ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

വേണുഗോപാലൻ പി. 1997, *തകഴിവഴി*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപു രം.

വേലായുധൻ പിള്ള പി. വി. 1981, *മലയാളസാഹിത്യവിമർശനം*, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

വേലായുധൻ, പണിക്കശ്ശേരി. *കേരളചരിത്ര പഠനങ്ങൾ*, കറന്റ് ബുക്സ്, കോട്ടയം.

ശർമ്മ, വി.എസ്. (സമ്പാ.) 1991, *തകഴിയും മലയാളനോവലും*, തിരുവനന്തപുരം, കേരളസർവ്വകലാശാല.

ശാരദമണി, കെ. 1999, *സ്ത്രീ, സ്ത്രീവാദം, സ്ത്രീവിമോചനം*, ഡി. സി. ബുക്സ്.

ശ്രീജൻ, വി. സി. 2003, *നോവൽവായനകൾ*, ഡി. സി. ബുക്സ്, കോട്ടയം.

ഷാജി, ജേക്കബ്. (എഡി.). 2012, *തകഴി കാലഭൂപടങ്ങൾ*, കൈരളി ബുക്സ്.

സച്ചിദാനന്ദൻ, *മുടിതെയ്യങ്ങൾ*, 1982, ഡി. സി. ബുക്സ്, കോട്ടയം.

സാറാജോസഫ്, *കണ്ണീരുംകിനാവും വിമോചനവും*. നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം (വാല്യം 2) കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ.

സാറാജോസഫ്, *ആത്മരോഷങ്ങളും ആകുലതകളും,* ഗ്രീൻ ബുക്സ്, തൃശ്ശൂർ.

സാറാജോസഫ്, 2006, *നമ്മുടെ അടുക്കള തിരിച്ചുപിടിക്കുക,* ഹരിതം ബുക്സ്, കോഴിക്കോട്.

സുകുമാരൻ വി, 2011. *സ്ത്രീ എഴുത്തുംവിമോചനവും - ഫെമിനിസ്റ്റ് സിദ്ധാന്ത ചരിത്രം, ചിന്താപബ്ലിഷേഴ്സ്.*

സുധാവാര്യർ, 2007, *ആഖ്യായികയിലെ ആഖ്യാനഭേദങ്ങൾ,* സെഡ് ലൈബ്രറി, തിരുവനന്തപുരം.

സോമൻ, പി. 1996, *അധികാരംഅശ്ലീലത,* സാഹിത്യം ലെഫ്റ്റ് ബുക്സ്.

**ആനുകാലികങ്ങൾ**

അപ്പൻ കെ. പി., ചരിത്ര നിരീക്ഷകനായ കലാകാരൻ, മാതൃഭൂമിആഴ്ച്ചപതിപ്പ്, പുസ്തകം 77, ലക്കം 9, 1999.

ഉഷാകുമാരി, ജി. ചുരിദാറിന്റെ വിപ്ലവ മാറ്റങ്ങൾ, മാതൃഭൂമിആഴ്ച്ചപ്പതിപ്പ്, പുസ്തകം 87, ലക്കം 47.

ഗോപകുമാർ, തകഴിയുടെ ലോകം, സാഹിത്യപോഷിണി, ഏപ്രിൽ 2010, പുറം 12.

മുഹമ്മദ് എൻ. പി., അത്ഭുതത്തിന് ഓപ്പമിടുമ്പോൾ, മാതൃഭൂമിആഴ്ചപതിപ്പ്, പുസ്തകം : 77, ലക്കം 9, 1999.

തകഴിയുടെ ബലൂണുകൾ, *ഭാഷാപോഷിണി,* പുസ്തകം 6, ലക്കം 3, ഒക്ടോബർ - നവംബർ 1982, കോട്ടയം.

തകഴി. ശിവശങ്കരപ്പിള്ള, *ജീവിതത്തിൽ നിന്നു ചില നിമിഷങ്ങൾ*, മാതൃഭൂമിആഴ്ച്ച പ്പതിപ്പ് (1985).

തകഴി, ശിവശങ്കരപ്പിള്ള, *കേസരി സദസ്സോർക്കുമ്പോൾ*, മാതൃഭൂമിആഴ്ച്ചപതിപ്പ്, പുസ്തകം 67, ലക്കം 6 (1989).

തകഴി, ശിവശങ്കരപ്പിള്ള, 'ഞാൻ ഒരു ഗ്രാമീൺ', സാഹിത്യലോകം, പുസ്തകം 10, ലക്കം 34, 1985, തൃശ്ശൂർ.

തകഴി, ശിവശങ്കരപ്പിള്ള, എന്റെ ജീവിതം കല, ഭാഷാപോഷിണി, പുസ്തകം, 22, ലക്കം 12, 1999.

തരകൻ, കെ. എം. *നവോത്ഥാന നോവലുകൾ,* ഭാഷാപോഷിണി, പുസ്തകം 1 ലക്കം 1 (1977)

ദേവിക, ജെ, 2009. സ്ത്രീകൾഇറങ്ങി നടക്കുമ്പോൾ, മാതൃഭൂമി പുസ്തകം : 87 : ലക്കം 5.

ദേവിക, ജെ, 2009, ജനങ്ങളില്ലാത്തിടത്ത് സ്ത്രീകൾമാത്രമെന്തിന്, മാതൃഭൂമി, പുസ്തകം : 87, ലക്കം 5.

ദേവിക, ജെ, 2009, സംഘടനകളും സ്ത്രീകളും, മാതൃഭൂമി, പുസ്തകം 87, ലക്കം 9.

നാരായണക്കുറുപ്പ്, പി. 'തകഴി, മാർക്സ്, ഫ്രോയ്ഡ്' ഭാഷാസാഹിതി, പുസ്തകം 11, ലക്കം 1, ജനുവരി - മാർച്ച് 1987, തിരുവനന്തപുരം.

ബഷീർ, എം. എം. *ബൃഹത്തായ ഒരു നോവൽ പക്ഷേ.* മാതൃഭൂമിആഴ്ചപ്പതിപ്പ്, പുസ്തകം 57 ലക്കം 4 (1979).

ബഷീർഎം. എം. (ഡോ.), ജീവിതത്തിന്റെ പൊരുൾതേടി, മാതൃഭമി ആഴ്ച്ചപതിപ്പ്, പുസ്തകം : 77, പാപ്പിറസ് 9, 1999.

മൂസ്സത്, എൻ. എൻ. 'തകഴിയുടെ ഭാഷ'. ഭാഷാസാഹിതി, പുസ്തകം 11, ലക്കം 2, ഏപ്രിൽ - ജൂൺ 1987, തിരുവനന്തപുരം.

വേലായുധൻപിള്ള, പി. വി. *തകഴിക്കൊരു പുതിയമുഖവുര*, ഭാഷാപോഷിണി, (1985).

രാജശേഖരൻ, എസ് 'ചെമ്മീൻ' ഭാഷാസാഹിതി പുസ്തകം 4, ലക്കം 1, ജനുവരി - മാർച്ച് 1980, തിരുവനന്തപുരം. പുറം 7.

രവികുമാർകെ. എസ്. തകഴി വരച്ച സെക്രട്ടറിയേറ്റ്, സെക്രട്ടറിയേറ്റ് സർവ്വീസസ്, (ഓണപ്പതിപ്പ്) സെപ്റ്റംബർ 2011, പുറം 190.

രാധാകൃഷ്ണൻ വി.എസ്, തകഴി വിശ്വസാഹിത്യത്തിലൂടെ സാഹിത്യപോഷിണി, സെപ്റ്റംബർ 2011, പുറം 7.

രവി കുറ്റിക്കാട്, മരണത്തെക്കുറിച്ച് പറയാൻ വരട്ടെ, ഗ്രന്ഥാലോകം, 69 ആഗസ്റ്റ്, 2011 പുറം 28.

രാജഗോപാലാചാരി - സ്വരാജ്യവാരിക.

രാധിക വി. നായർ, ഉടൽ രൂപങ്ങൾ, മലയാള കഥയിലെ സ്ത്രീ ചിത്രീകരണത്തെ പ്പറ്റി, സ്ത്രീവാദ സാഹിത്യപതിപ്പ്, സാഹിത്യലോകം ദ്വൈമാസിക, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ: 1995.

വസന്തൻ, എസ്. കെ. 'തകഴിയുടെ നോവലുകളിലെസമൂഹം' ഭാഷാസാഹിതി, പുസ്തകം 11, ലക്കം 1, ജനുവരി - മാർച്ച് 1987, തിരുവനന്തപുരം.

ശരത്ചന്ദ്രൻ, കെ. പി. 'തകഴിയുടെ കല നോവലുകളിലൂടെ' മാതൃഭൂമി ആഴ്ചപ്പതി പ്പ്, ലക്കം 35, നവംബർ 1970, കോഴിക്കോട്.

സുരേഷ്, എച്ച്, തകഴിയിൽ പതിരില്ല, മനോരമ, ഞായർ, 2010, ഫെബ്രുവരി 7.

സേതുനാഥൻ, പി. കുട്ടനാടിന്റെ മണവും ശബ്ദവും, സാഹിത്യകേരളം, ജൂൺ 2010, പുറം 20.

## ENGLISH BOOKS

Alyosius, G. *Nationalism withut a Nation in India.* New Delhi: Oxford University press, 1997.

Ambedkar, annihilation of the Caste. *BAWS* Vol.II. Bombay: Education Department, Govt. of Maharashtra, 1979.

Ambedkar, Babasaheb. *Who were the Sudras? How they can to be the fourth varna in the Indo-Aryan Society. BAWS.* Vol. VII. Bombay: Education Department, Govt. of Maharashtra, 1990.

Anupama Rao. *Gender and Caste*. New Delhi: Kali for Women, 2003.

Barry M. Dank (Ed.). *The Politics of Sexuality*. Vol.III. USA: Transaction Publishers, 1999.

Eleanor Zelliot. *From Untouchable to Dalit: Essays on the Ambedkar Movement*. New Delhi: Manohar Publishers, 1996.

Francis Buchanan. *A Journey from Madras through Mysore Canara and Malabar.* Vol. 2. New Delhi: AES, 1988.

Gopal Guru & Sundar Sarukkai. *Cracked Mirror: An Indian Debate on Experience and Theory*. New Delhi: Oxford University Press, 2012.

Gyanendra Pandey. *A History or Prejudice*: Race, *Caste and Differnece in India and united State*s. New Delhi: Cambridge University Press, 2013.

Kunjakkan, K.A. *Feminism and Indian Ralities*. New Delhi: Mittal Publications, 2002.

Madhavan K.S. 2012 Primary Producing Groups in Early and Early Medieval Kerala: Production Process and Historical Roots of Transition to Castes (300-1300 CE), Dept. of History, University of Calicut.

Simon De Beauvoir, *The Second Sex*. H.M. Parshley (Trans.) New York: The Modern Library, 1968.

Sivadasan P. 2006. *National Consciousness in Kerala: Role of the Theosophical Society (1880-1920),* Department of History, University College, Thiruvananthapuram.

Srevidhya V. 2006. *Women in Labour Process, Production Relations and Social Change: A study on North Malabar,* Department of History, University of Calicut.

Srinivas, M.N. (Ed.) *Castes*: *Its Twentieth Century Avatar.* Delhi: Penguin, 2000.

Woolf Virginia. *A Room of One's Own.* Cambridge: Cambridge University Press, 1998.